# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

2017 മാർച്ച് 7, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 - നമ്പർ 8

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

2017 മാർച്ച് 7, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

801/2019.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 71

**II അടിയന്തരപ്രമേയം**

വരൾച്ച

(അവതരണാനുമതി നിഷേധിച്ചു) .. 406

**III പ്രസ്താവന**

കേന്ദ്രസർക്കാരിന്റെ കേരളത്തോടുള്ള അവഗണന—

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) .. 428

**IV ശ്രദ്ധ ക്ഷണിക്കൽ**

1. തെരുവ് നായ്ക്കളുടെ ആക്രമണം—

ശ്രീ. എൻ. വിജയൻ പിള്ള .. 432

2. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ—

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് .. 434

**V സബ്മിഷൻ**

1. ആലപ്പുഴ ജില്ലയിലെ കൊലപാതകങ്ങൾ—

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .. 436

2. ക്ഷേത്രത്തിലെ അക്രമം—

ശ്രീ. എ. പി. അനിൽ കുമാർ .. 438

പേജ്

3. സ്റ്റാഫ് പാറ്റേൺ അനുവദിക്കൽ—

ശ്രീ. അൻവർ സാദത്ത് .. 439

4. മഞ്ഞള്ളൂർ പഞ്ചായത്തിനെ വില്ലേജിൽ ഉൾപ്പെടുത്തൽ—

ശ്രീ. എൽദോ എബ്രഹാം .. 441

5. പാറ്റൂർ, കുറത്തികാട് കുടിവെള്ള പദ്ധതികൾ—

ശ്രീ. ആർ. രാജേഷ് .. 442

6. കനാൽ, പമ്പ് ഹൗസ് തുടങ്ങിയവയുടെ പ്രയോജനം ലഭ്യമാക്കൽ—

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ .. 444

7. സ്റ്റാഫ് പാറ്റേണും അനുബന്ധ സൗകര്യങ്ങളും അനുവദിക്കൽ—

ശ്രീ. ടി. വി. ഇബ്രാഹിം .. 445

8. വിദ്യാലയങ്ങളിൽ കളരിപ്പയറ്റ് പരിശീലനം—

ശ്രീ. കെ. വി. അബ്ദുൾ ഖാദർ .. 447

9. തസ്തികകളുടെ അംഗീകാരം—

ശ്രീ. എ. പ്രദീപ്കുമാർ .. 447

**VI ധനകാര്യം**

2017-18 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച) .. 448

**VII അറിയിപ്പ്**

**ധനകാര്യം (തുടർച്ച)** .. 453

**അനുബന്ധം** .. 520

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

*2017 മാർച്ച് 7, ചൊവ്വ*


| വാല്യം 165] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 8 |
|---|---|---|


നിയമസഭ 2017 മാർച്ച് മാസം 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..................ഓർഡർ.............ചോദ്യം നമ്പർ *151

### അംഗപരിമിത സൗഹൃദ സംസ്ഥാനം

1(*151) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സാമൂഹ്യനീതി വകുപ്പ് പ്രഖ്യാപിച്ച അനുയാത്രാപദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ&ബി) സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ബൃഹത്തായിട്ടുള്ളൊരു ക്യാമ്പയിന് ഈ സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. 'അനുയാത്ര' എന്ന പേരിൽ അംഗപരിമിതരുടെ എല്ലാ ജീവിത

പ്രശ്നങ്ങളും പരിഹരിക്കാനുതകുന്ന വിധത്തിലുള്ള വളരെ വിപുലമായിട്ടുള്ള ക്യാമ്പയിനാണ് ആരംഭിച്ചിട്ടുള്ളത്. ഇതുവരെയുള്ള ഗവൺമെന്റുകൾ നടത്തിവരുന്ന പരിപാടികൾ തുടരുന്നതോടൊപ്പം പുതിയ ചില പദ്ധതികൾകൂടി ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിരിക്കുകയാണ്. അംഗപരിമിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി ഇടപെടുന്ന NISH, NIPMR, IMHANS, CDC, KSHPWC തുടങ്ങിയ സ്ഥാപനങ്ങൾ വഴിയാണ് ഇതിൽ ഭൂരിഭാഗം പ്രവർത്തനങ്ങളും നടപ്പിൽവരുത്തുന്നത്. 2016-ലെ പുതിയ PWD ആക്ടിന്റെ വെളിച്ചത്തിലുള്ള കാര്യങ്ങൾകൂടി പരിശോധിച്ചുകൊണ്ട് അംഗപരിമിതരായ ആളുകൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായാണ് പുതിയ 'അനുയാത്ര' പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. സംസ്ഥാനത്തെയാകെ ബാരിയർ ഫ്രീയാക്കുകയെന്നതാണ് ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്. നേരത്തെതന്നെ തുടക്കംകുറിച്ച പദ്ധതിയാണത്. കണ്ണൂർ ജില്ലയെ ഇതിനകംതന്നെ ബാരിയർ ഫ്രീ ഡിസ്ട്രിക്ടായി പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലയളവിൽ മറ്റെല്ലാ ജില്ലകളെയും ബാരിയർ ഫ്രീയായി പ്രഖ്യാപിച്ചുകൊണ്ട് അംഗപരിമിതർക്കുള്ള യാത്രാസൗകര്യങ്ങളും അവർക്ക് എത്തിച്ചേരാനുള്ള അവസരവുമെല്ലാം വിപുലമാക്കുകയെന്നുള്ളതാണ്. കൂടാതെ അംഗപരിമിതർക്ക് ഒരു സവിശേഷ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുവേണ്ടി തീരുമാനിക്കുകയുണ്ടായി. 793000-ത്തോളം അംഗപരിമിതരാണ് സംസ്ഥാനത്തുള്ളത്. അവർക്കെല്ലാവർക്കും ഒരു യൂണിക് ഐഡന്റിറ്റി കാർഡ് നൽകാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. രാജ്യത്തുടനീളം ഉപയോഗിക്കാൻ കഴിയുന്ന ഒരു ഐഡന്റിറ്റി കാർഡായതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ സോഫ്റ്റ്‌വെയറാണ് ഇതിന് ഉപയോഗപ്പെടുത്തേണ്ടത്. യൂണിക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. സംസ്ഥാന ഗവൺമെന്റ് ഇതിനുവേണ്ടി 5 കോടി രൂപ നീക്കിവയ്ക്കുകയും അതിനുള്ള ആപ്ലിക്കേഷൻ ഫോം വിതരണം ചെയ്തു തുടങ്ങിയിട്ടുമുണ്ട്.

കേന്ദ്രത്തിന്റെ സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് അംഗപരിമിതർക്ക് സമഗ്രമായൊരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഈ സ്കീമിനാവശ്യമായ പ്രീമിയം സംസ്ഥാന ഗവൺമെന്റ് അടയ്ക്കും; 3.57 കോടി രൂപ ഇതിനായി സർക്കാർ നീക്കിവച്ചിട്ടുണ്ട്.

അംഗപരിമിതരുടെ പ്രശ്നങ്ങൾ തുടക്കത്തിൽത്തന്നെ, കുഞ്ഞുനാൾ മുതൽതന്നെ കണ്ടുപിടിച്ച് അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കുഞ്ഞുനാൾ മുതൽതന്നെ കണ്ടുപിടിച്ചാൽ പല തരത്തിലുള്ള അംഗപരിമിതികൾ ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കും. ഇത്തരത്തിലുള്ള കാര്യങ്ങൾ ചെറുപ്പത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യും. ഗർഭാവസ്ഥയിൽത്തന്നെ ശിശുവിന്റെ ആരോഗ്യം പരിശോധിക്കുകയും

പ്രസവിച്ച ഉടൻതന്നെ ഈ പരിശോധന ഊർജ്ജിതമാക്കിക്കൊണ്ട് Early Detection Centre-കൾ സ്ഥാപിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഇപ്പോൾത്തന്നെ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്. ജില്ലാതലത്തിൽ അത്തരത്തിലുള്ള പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. എല്ലാ ജില്ലകളിലും ഇത് ആരംഭിക്കുമെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. നിലവിലുള്ള പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശക്തമാക്കുന്നതിന്റെകൂടെ അത്തരത്തിലുള്ള 28 പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യും.

25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളാണ് ഈ സർക്കാർ ആരംഭിക്കുന്നത്. അതിന്റെ ഉദ്ഘാടനം വളരെ അടുത്തുതന്നെ നടത്തുന്നതാണ്. അനുയാത്ര ക്യാമ്പയിന്റെ ഭാഗമായുള്ള ഏറ്റവും പ്രധാനപ്പെട്ട പരിപാടിയായിരിക്കും അത്. 6 വികസന ബ്ലോക്കുകൾക്ക് ഒരു മൊബൈൽ വാഹനം എന്ന നിലയിലാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രഖ്യാപിക്കുന്നത്. അതിൽ ഫിസിയോതെറാപ്പിസ്റ്റ് അടക്കമുള്ള ആളുകൾ ഉണ്ടായിരിക്കുകയും കുട്ടികളെ അവിടെ കൊണ്ടുവന്നാൽ ഫിസിയോതെറാപ്പി അടക്കം പരിശീലിപ്പിക്കാനും സാധിക്കും. റൊട്ടേഷനായി അവിടെ എത്തിച്ചേരുന്നതുകൊണ്ട് ഈ പരിശോധനകൾ വളരെ വിപുലമാക്കാനും തുടർ പരിശോധനയ്ക്കും സാധ്യമാകുന്നതാണ്. പരിശോധനാ കേന്ദ്രത്തിലേയ്ക്ക് വരാൻ കഴിയാത്ത ഡിസ്-ഏബിൾഡ് ആയ ആളുകളെ അവരുടെ വീട്ടിൽ പോയി പരിശോധിച്ച് ഫിസിയോതെറാപ്പിയടക്കം പഠിപ്പിക്കുന്നതിനും രക്ഷിതാക്കൾക്ക് നിർദ്ദേശം കൊടുക്കുന്നതിനും സാധിക്കുമെന്നതാണ് മൊബൈൽ യൂണിറ്റുകളുടെ പ്രത്യേകത. ഇപ്പോൾ അതിനുവേണ്ട വാഹനങ്ങളെല്ലാം റെഡിയായിട്ടുണ്ട്. അതിന്റെ ഉദ്ഘാടനം വളരെ അടുത്തുതന്നെ നടക്കും. 5 കോടി രൂപയാണ് സർക്കാർ ഇതിനായി നീക്കിവച്ചിട്ടുള്ളത്.

പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ ചില പ്രത്യേക മേഖലകളിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യുന്നതിനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യത്തെ യൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലാണ് ആരംഭിക്കുന്നത്. ഇതിനായി 19 ലക്ഷം രൂപ ചെലവ് വരും. അതിനാവശ്യമായ പണവും നീക്കിവച്ചിട്ടുണ്ട്.

സ്പെഷ്യൽ അംഗൻവാടികൾ ആരംഭിക്കുന്നതിനും ആലോചിക്കുന്നുണ്ട്. കോഴിക്കോട് അതിന്റെ മാതൃകയായി ഒരെണ്ണം പൈലറ്റ് പ്രോജക്ടായി ചെയ്തിട്ടുണ്ട്. ഡിസ്-ഏബിൾഡ് ആയ ഇത്തരം കുട്ടികളെ അംഗൻവാടികളിൽ കൊണ്ടുവരുമ്പോൾ അവർക്ക് പ്രത്യേകം ശ്രദ്ധകൊടുക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിശ്ചയിച്ചിട്ടുണ്ട്.

കോഴിക്കോട് വളരെ വിജയകരമായി ഇത് പ്രവർത്തിക്കുന്നുണ്ട്. അതുപോലെയുള്ള സ്ഥാപനങ്ങൾ മറ്റുപ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിക്കാൻ കഴിയുമോയെന്ന കാര്യവും ആലോചിക്കുന്നുണ്ട്.

പ്രോജക്ട് ഓട്ടിസം എന്നൊരു പരിപാടി അനുയാത്ര ക്യാമ്പയിന്റെ ഭാഗമായിട്ടുണ്ട്. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും അനുബന്ധസേവനങ്ങളും ലഭ്യമാക്കുന്ന പദ്ധതിയാണത്. സർക്കാർ മെഡിക്കൽ കോളേജുകളിലെല്ലാം ഇത്തരം ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതാണ്. ഇതിനുവേണ്ടി 2.5 കോടി രൂപ ചെലവ് വരും. ആ പണവും സാമൂഹ്യനീതി വകുപ്പ് നീക്കിവച്ചിട്ടുണ്ട്.

'കാതോരം' എന്നൊരു പ്രത്യേക പദ്ധതി അനുയാത്ര ക്യാമ്പയിന്റെ ഭാഗമായി ഭിന്നശേഷിക്കാർക്കുവേണ്ടി പ്രഖ്യാപിച്ചിട്ടുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷനടക്കം 'ശ്രുതിതരംഗം' പദ്ധതി വളരെ ഭംഗിയായി മുന്നോട്ടുപോകുന്നുണ്ട്. അതിന്റെ മുന്നോടിയായാണ് കാതോരം പദ്ധതി വയ്ക്കുന്നത്. ഒന്നാം മാസവും മൂന്നാം മാസവും ആറാം മാസവും പതിനെട്ടാം മാസവും പരിശോധിച്ചുകൊണ്ട് ആവശ്യമായ ചികിത്സയും കോക്ലിയർ ഇംപ്ലാന്റ് ആവശ്യമാണെങ്കിൽ അവസാന ഘട്ടത്തിൽ അതിന് നിർദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്. മൂന്നുവയസിനു താഴെ/ജനിച്ചയുടനെയുള്ള കുട്ടികൾക്കുവേണ്ടിയാണ് കാതോരം പദ്ധതി പ്രഖ്യാപിച്ചത്. അത് ശ്രുതിതരംഗം പദ്ധതിയുമായി യോജിപ്പിച്ച് തുടർ നടപടികളായിട്ട് നടത്തുന്നതാണ്.

മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ആലോചിച്ചിട്ടുണ്ട്. അത്തരത്തിലുള്ള എം.സി.ആർ.സി.-കൾ നടത്തിക്കുന്നതിന് ഒരു കേന്ദ്രത്തിന് 3.5 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. മോഡലായിട്ടുള്ള ഒരു സെന്റർ ഈ വർഷം തന്നെ തുടങ്ങുന്നതാണ്. അതിനുള്ള പണവും നീക്കിവച്ചിട്ടുണ്ട്.

അംഗപരിമിതർക്കായൊരു ഹെൽപ്പ് ഡെസ്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഓഫീസിൽ ആരംഭിക്കുകയാണ്. സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. 34 ലക്ഷം രൂപയാണ് ഇതിന് ചെലവ് വരുന്നത്. അതിൽ ലഭ്യമാകുന്ന സേവനങ്ങൾ, വിവിധ സ്ഥാപനങ്ങൾ മുതലായ എല്ലാ പദ്ധതികളെയുംകുറിച്ചുള്ള വിവരങ്ങൾ അംഗപരിമിതർക്ക് നൽകുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കുന്നതാണ്.

ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ടുകൊണ്ട് കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കും.

ചില കറക്ഷൻ സർജറികൾ ആവശ്യമായി വരുന്ന കേസുകളുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾക്ക് അതിനുള്ള പദ്ധതിയിട്ടിട്ടുണ്ട്.

സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് എന്ന പേരിൽ മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗപരിമിതരോട് ആർദ്രതാമനോഭാവം വളർത്തിയെടുക്കുന്നതിനും അവരുടെ ചികിത്സയിൽ ഇടപെടുന്നതിനുമുള്ള ബോധവൽക്കരണം നടത്തും.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും കൂടുതൽ പരിഷ്കരിക്കുന്നതാണ്. ആവശ്യമുള്ളിടത്ത് അത്തരം കേന്ദ്രങ്ങൾ കൂടുതൽ ആരംഭിക്കുന്നതാണ്.

വ്യക്തിഗത പരിപാലന പദ്ധതി (Individual Care Plan) എന്ന രീതിയിൽ പദ്ധതി ആവിഷ്കരിക്കുന്നുണ്ട്.

അംഗപരിമിതരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മറ്റു സംസ്ഥാന ങ്ങളിലെല്ലാം നടക്കുന്ന കാര്യങ്ങളുടെ വിവരം കൈമാറുന്നതിന് 2017 ആഗസ്റ്റ് മാസം ഒരു ദേശീയ ശിൽപ്പശാല നടത്താൻ ആലോചിക്കുന്നുണ്ട്.

അംഗപരിമിതരുടെ തൊഴിൽ പരിശീലനത്തിനും അവരുടെ പുനരധിവാസത്തിനും വേണ്ടി ഒരു വിദഗ്ദ്ധകേന്ദ്രം ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. അതും ഈ ഗവൺമെന്റിന്റെ കാലയളവിൽ WHO-യുടെ മാനദണ്ഡപ്രകാരമുള്ള നിർദ്ദേശ ങ്ങളനുസരിച്ചായിരിക്കും ആരംഭിക്കുന്നത്.

വിവര വിദ്യാഭ്യാസ വ്യാപന പദ്ധതികളിൽ നേരത്തെ തുടരുന്ന പദ്ധതികളുണ്ട്. അത്തരം പദ്ധതികൾ ഇനിയും കൂടുതൽ വ്യാപിപ്പിക്കും. ഐ.ഇ.സി. പദ്ധതികൾ വ്യാപിപ്പിക്കും, അതിനുള്ള പൈലറ്റ് പ്രോജക്ട് ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഓട്ടിസം ബാധിച്ച കുട്ടികളിൽ നിന്ന് സെലക്ട് ചെയ്ത കുട്ടികളുടെ ഒരു ഇന്ദ്രജാല ടീം മാജിക് അക്കാഡമിയുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്നതിനുള്ള പരിശീലനം നടന്നു കൊണ്ടിരിക്കുകയാണ്. ജൂൺ മാസത്തിൽ ആ പദ്ധതിയുടെ ഔപചാരികമായ അരങ്ങേറ്റം നടത്തും. വളരെ നല്ല പ്രകടനമാണ് ആ കുട്ടികൾ കാഴ്ചവയ്ക്കുന്നത്. കുട്ടികൾ ഭംഗിയായി അത് ചെയ്യുന്നുണ്ടെന്നാണ് പരിശീലന കേന്ദ്രത്തിൽ നിന്നും കിട്ടുന്ന അറിവ്. അത് ഏറ്റവും ആവേശകരമായി/ ആത്മവിശ്വാസം പകരുന്ന ഒരു കാര്യമായിരിക്കും. ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണ് ഉത്തരത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. അനുയാത്ര പദ്ധതിക്ക് എല്ലാവരുടെയും സഹകരണം കിട്ടുമ്പോൾ ഏറ്റവും നല്ല അനുഭവങ്ങൾ ഭിന്നശേഷിക്കാരായ നമ്മുടെ മക്കൾക്കും സഹോദരങ്ങൾക്കും ലഭ്യമാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: മന്ത്രി വളരെ ദീർഘവും വിശദവുമായി ഉത്തരം പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഉപചോദ്യങ്ങൾ ചുരുക്കി ചോദിക്കണം.

ശ്രീ. ഷാഫി പറമ്പിൽ: സർ, മേൽപ്പറഞ്ഞ വിപുലമായ പരിപാടികൾ വിജയകരമായി നടപ്പിലാക്കാൻ സർക്കാരിന് കഴിയട്ടെയെന്ന് ആശംസിക്കുന്നു. ഇത്തരം കാര്യങ്ങളിൽ എല്ലാവരുടെ ഭാഗത്തുനിന്നും പൂർണ്ണ പിന്തുണ ഉണ്ടായിരിക്കും. അംഗപരിമിതരോ ഓട്ടിസം ബാധിച്ചവരോ മാത്രമല്ല ഇതിന്റെ പ്രയാസം നേരിടേണ്ടി വരുന്നത്. ഓട്ടിസം ബാധിച്ച ഒരു കുട്ടിയുള്ള വീട്ടിൽ ജോലിക്കാരായ അമ്മയോ അച്ഛനോ ഉണ്ടെങ്കിൽ ഈ കുട്ടിയുടെ പ്രഭാതകൃത്യങ്ങൾപോലും നിർവ്വഹിച്ചു കൊടുത്തിട്ടുവേണം ജോലിക്ക് പോകാൻ. അവിടെ അഞ്ച് മിനിറ്റ് വൈകുമ്പോൾ അവരുടെ ലീവ് ഉൾപ്പെടെ പോകുകയാണ്. ട്രാൻസ്ഫറിന്റെ കാര്യം വരുമ്പോൾ ഓട്ടിസം ബാധിച്ച കുട്ടിയാണെന്ന സർട്ടിഫിക്കറ്റ് വീണ്ടും രക്ഷിതാവിന് ഹാജരാക്കേണ്ടി വരികയാണ്. സുഖമില്ലാത്ത കുട്ടിയാണെന്ന് ആവർത്തിച്ച് വ്യക്തമാക്കേണ്ടി വരുന്നത് അവരുടെ ജീവിതത്തിൽ ഒരുപാട് മാനസിക പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. ഇത്തരം പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ ജോലിചെയ്യുന്ന തൊഴിലിടങ്ങൾ സർക്കാരിന്റേതാണെങ്കിലും സ്വകാര്യ സ്ഥാപനമായാലും രണ്ടിടത്തും ഇവർക്ക് പ്രത്യേക പരിഗണനകൾ അനിവാര്യമാണ്. അതിനുവേണ്ട നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകുമോ;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അംഗപരിമിതിയുള്ള കുട്ടികളുടെ രക്ഷിതാക്കൾ അനുഭവിക്കുന്ന മനഃപ്രയാസങ്ങൾ നമ്മൾ നേരിട്ട് കാണുന്നതാണ്. നമ്മുടെയടുത്ത് അത്തരത്തിലുള്ള ആളുകൾ ട്രാൻസ്ഫറിന്റെ ആവശ്യവുമായി വരുമ്പോൾ നിയമപരമായ കാര്യങ്ങളെല്ലാം പാലിച്ചുകൊണ്ട് അനുകൂലമായ സമീപനമാണ് സ്വീകരിക്കാറുള്ളത്. മാത്രമല്ല, ഏതെങ്കിലും തരത്തിൽ ഇവരെ സഹായിക്കാൻ കൂടുതൽ ശ്രമിക്കേണ്ടതായിട്ടുണ്ടെങ്കിൽ അതും പരിഗണിക്കാമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഓട്ടിസം ബാധിച്ചതോ അംഗപരിമിതരോ ആയ കുട്ടികളെ സംബന്ധിച്ച വിവരങ്ങളുൾക്കൊള്ളുന്ന ഒരു ഡാറ്റാബാങ്കുണ്ടെങ്കിൽ ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗിന്റെ സമയത്ത് അതുകൂടി പരിശോധിച്ചതിനുശേഷം അവരെ പോസ്റ്റ് ചെയ്താൽ മതി. ഇല്ലെങ്കിൽ ഓരോ ട്രാൻസ്ഫറിന്റെയും സമയത്ത് "എന്റെ കുട്ടിക്ക് സുഖമില്ല" എന്നുപറഞ്ഞ് അവർ വരേണ്ട സ്ഥിതിയുണ്ടാകും. അത്തരം സാഹചര്യം ഒഴിവാക്കാൻ ഗവൺമെന്റ് ഇടപെടണം.

രണ്ടാമത്തെ ചോദ്യം, ഉമ്മൻ ചാണ്ടി സർക്കാർ അംഗപരിമിതർക്കുള്ള പെൻഷൻ 300 രൂപയിൽ നിന്ന് 1,100 രൂപയാക്കി വർദ്ധിപ്പിക്കുകയുണ്ടായി. 80 ശതമാനത്തിന് മുകളിൽ അംഗപരിമിതരായ ആളുകളുടെ പെൻഷൻ 2015-ൽ 1,100 രൂപയായി വർദ്ധിപ്പിച്ചു. 80 ശതമാനത്തിന് താഴെ അംഗപരിമിതിയുള്ളവരുടെ പെൻഷനും

വർദ്ധിപ്പിച്ച് 1,100 രൂപയാക്കി. എന്നാൽ ഗുരുതരമായ വൈകല്യമുള്ളവരുടെ പെൻഷൻ ഈ കാലയളവിൽ വർദ്ധിപ്പിച്ചിട്ടില്ല. സ്പൈനൽ കോഡ് ഇൻജ്വറി പോലുള്ള വൈകല്യങ്ങൾ ബാധിച്ച് കിടക്കുന്ന ആളുകളുടെ പെൻഷൻ അധികമായി വർദ്ധിപ്പിക്കുന്നതിന് നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? ഇതിനുള്ള മറുപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുകൂടി പറയണം.

ശ്രീമതി കെ. കെ.ശൈലജ ടീച്ചർ: സർ, സാമൂഹ്യക്ഷേമ പെൻഷനുകളിലെല്ലാം കൂടുതൽ വർദ്ധനവുണ്ടാക്കിയിട്ടുള്ളത് ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുന്ന സമയത്താണ്. എല്ലാ ഗവൺമെന്റും കുറേശ്ശെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ എന്തെങ്കിലും പ്രത്യേകതയുണ്ടെങ്കിൽ അത് പരിശോധിച്ച് പിന്നീട് പറയാം.

ശ്രീ. ഹൈബി ഈഡൻ: സർ, ഗവൺമെന്റിന്റെ അനുയാത്ര പദ്ധതിയെ ഞാൻ സ്വാഗതം ചെയ്യുന്നു. ഗർഭസ്ഥശിശുവിന്റെ വൈകല്യങ്ങൾ മനസ്സിലാക്കി ഗർഭപാത്രത്തിൽ നിന്നും ശിശുവിനെ പുറത്തെടുത്ത് അതിന്റെ കുറവുകൾ മനസ്സിലാക്കി സർജറി ചെയ്ത് തിരിച്ച് ഗർഭപാത്രത്തിലേക്ക് നിക്ഷേപിക്കുന്ന ഫീറ്റൽ സർജറിയടക്കമുള്ള സൗകര്യങ്ങൾ എറണാകുളംപോലുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിലെ ആശുപത്രികളിൽ ഇപ്പോൾ ലഭ്യമാണ്. അനുയാത്ര പദ്ധതിയിൽ അത്തരം വൈകല്യങ്ങൾ നേരത്തെ കണ്ടുപിടിച്ച് അതിനുവേണ്ട തുടർചികിത്സകൾക്ക് സൗകര്യമുണ്ടാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. സർക്കാർ ആശുപത്രികളിൽ അത്തരം സൗകര്യങ്ങൾ നിലവിലില്ല. സ്വകാര്യ ആശുപത്രികളുമായി സഹകരിച്ച് വൈകല്യങ്ങൾ നേരത്തെ കണ്ടുപിടിക്കാൻ സഹായിക്കുന്ന ആധുനികമായ ചികിത്സാ സമ്പ്രദായം പരിപൂർണ്ണമായി ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന രീതിയിലുള്ള പദ്ധതികൾ അനുയാത്ര പദ്ധതിയിൽ ഉൾപ്പെടുത്തുമോ; അതുപോലെ, മുൻ ഗവൺമെന്റിന്റെ കാലത്ത് ശ്രുതിതരംഗം പദ്ധതി വഴി 660 കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുകയും അവരുടെ കേൾവിശക്തി തിരികെ ലഭിക്കുകയും ചെയ്തിരുന്നു. പക്ഷേ വാറണ്ടി കഴിയാറായതും കഴിഞ്ഞതുമായ ആ ഉപകരണങ്ങളിൽ പലതും കേടായതിനാൽ അവ റീ-പ്ലേസ് ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകുമോ; കേൾവിശക്തി തിരികെ ലഭിച്ച കുട്ടികൾ വീണ്ടും അജ്ഞതയുടെ ലോകത്തേക്ക് പോകുന്ന സ്ഥിതിയാണ്. അവരെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എല്ലാ ജില്ലാ കേന്ദ്രങ്ങളിലും DEIC (ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ) ഏറ്റവും ആധുനികമായി സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഡി.ഇ.ഐ.സി. വഴി ഗർഭാവസ്ഥയിലുള്ള

പരിശോധനയും അതിനാവശ്യമായ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ സാധിക്കും. ശ്രുതിതരംഗം പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് നൽകിയിട്ടുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ വാറണ്ടി പിരീഡ് കഴിഞ്ഞതിന്റെ ബുദ്ധിമുട്ട് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ വാറണ്ടി പിരീഡ് അഞ്ചുവർഷം കൂടി ദീർഘിപ്പിക്കാൻ ഉത്തരവിട്ടിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, സംസ്ഥാന ജില്ലാ ബധിര-മൂക സ്പോർട്സ് കൗൺസിലുകൾക്ക് പലതിനും സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ ഈ കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നില്ലെന്ന ആക്ഷേപമുണ്ട്. അതുമാത്രമല്ല, ജില്ലാ-സംസ്ഥാന കായികമേളകളിൽ ഈ കുട്ടികൾക്ക് സാമ്പത്തിക സഹായവും ലഭിക്കുന്നില്ല. അതുകൊണ്ട് എത്ര നല്ല പെർഫോർമൻസ് കാഴ്ചവച്ചാലും ഗ്രേസ് മാർക്ക് ലഭിക്കാത്ത സാഹചര്യമുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ വിഷയത്തെക്കുറിച്ച് സ്പോർട്സ് വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. സണ്ണി ജോസഫ്: സർ, അംഗപരിമിതരുടെ പ്രധാന വിഷയം യാത്രാപ്രശ്നമാണ്. അവരുടെ യാത്രയ്ക്കാവശ്യമായ സീറ്റ് സംവരണത്തിനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. എം.എൽ.എ. ഫണ്ടോ മറ്റേതെങ്കിലും ഫണ്ടോ ഉപയോഗിച്ച് നൽകുന്ന വീൽചെയറോ മുച്ചക്രവാഹനമോ ലഭിക്കാൻ അപേക്ഷ സമർപ്പിച്ചാൽ അവ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുകയും അക്കാര്യം സംബന്ധിച്ച് ആവർത്തിച്ച് അന്വേഷിക്കേണ്ട സാഹചര്യം ഉണ്ടാകുകയുമാണ്. റോഡ് കണക്റ്റിവിറ്റിയാണ് മറ്റൊരുകാര്യം. ഞാനൊരു സ്കൂളിൽ ചെന്നപ്പോൾ അംഗവൈകല്യമുള്ള ഒരു കുട്ടിയുടെ മാതാവ് അവരുടെ വീട്ടിലേക്ക് റോഡ് വേണമെന്നുപറഞ്ഞു. കൊട്ടിയൂരുള്ള ഒരു പെൺകുട്ടിക്ക് മുച്ചക്രവാഹനം കൊടുത്തതിനുശേഷം വീട്ടിലേക്കുള്ള റോഡുസൗകര്യം കിട്ടിയാൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പോകുമെന്ന് പറഞ്ഞു. അങ്ങനെയുള്ള സ്ഥലങ്ങളിലേക്ക് റോഡ് കണക്റ്റിവിറ്റിക്ക് പ്രത്യേക പരിഗണന കൊടുക്കുകയും ഇവരുടെ യന്ത്രോപകരണങ്ങളുൾപ്പെടെ യാത്രാസൗകര്യങ്ങൾ കൂടുതലായി നൽകുന്നതിനും പ്രത്യേക നടപടി സ്വീകരിക്കുമോ;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഇവർക്ക് യാത്രയ്ക്കുവേണ്ടി കൊടുക്കുന്ന പ്രത്യേക യു.ഡി.ഐ.ഡി. കാർഡ് ഉപയോഗപ്പെടുത്തി യാത്രയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. ഇപ്പോൾ പൊതുവാഹനങ്ങളിൽ അംഗപരിമിതർക്കുള്ള സംവരണ സീറ്റുണ്ട്. എല്ലാവരും ആ

നിയമം അനുസരിക്കുന്നില്ലെന്നാണ് കാണുന്നത്. അത് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കാം. അംഗപരിമിതർക്ക് പ്രത്യേക സീറ്റ് സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വീൽചെയർ അടക്കം വലിയ രീതിയിലുള്ള ഉപകരണങ്ങൾ വിതരണം നടത്തുകയുണ്ടായി. കണ്ണൂർ ജില്ലയിൽ സെൻട്രൽ ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരു മെഗാ ക്യാമ്പ് നടത്തുകയും അതിൽ 75 ലക്ഷം രൂപ വിലവരുന്ന ഉപകരണങ്ങൾ ദേശീയതലത്തിലുള്ള പൊതു ഏജൻസിയായ ALIMCO (Artificial Limbs Manufacturing Corporation)-ഉമായി ബന്ധപ്പെട്ട് വിതരണം ചെയ്യുകയും വികലാംഗ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിരവധി ക്യാമ്പുകൾ നടത്തുകയും ഉപകരണവിതരണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരം ചുരുക്കണമെന്ന് പറഞ്ഞതുകൊണ്ടാണ് ഇത്തരത്തിൽ മറുപടി പറയുന്നത്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കാം.* എം.എൽ.എ. ഫണ്ടുപയോഗിച്ച് ഓർഡർ ചെയ്താൽ ഉപകരണങ്ങൾ കിട്ടാൻ താമസമാണെന്നാണ് പറയുന്നത്, അത് പരിഹരിക്കേണ്ട വിഷയമാണ്. ALIMCO-യുമായി ബന്ധപ്പെട്ടാണ് ഉപകരണങ്ങൾ വാങ്ങുന്നത്. കേരളത്തിൽ ഇത്തരം ഉപകരണങ്ങളുണ്ടാക്കുന്ന സംവിധാനത്തിന്റെ വിപുലീകരണവും അനുയാത്ര പദ്ധതി വഴി നടപ്പിലാക്കുന്നതാണ്. റോഡ് കണക്റ്റിവിറ്റി വേണമെന്ന തരത്തിലുള്ള അപേക്ഷകൾ വരുമ്പോൾ പഞ്ചായത്തുകളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും കളക്ടർമാരുമായും ബന്ധപ്പെട്ട് സാധിക്കാവുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് കഴിയും. പ്രത്യേക രീതിയിലുള്ള നിർദ്ദേശം കൊടുക്കണമെങ്കിൽ അതിനെക്കുറിച്ചും ആലോചിക്കാം.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, വികലാംഗർ എന്നുള്ള പദപ്രയോഗം മാറ്റി ഭിന്നശേഷിയുള്ളവർ/അംഗപരിമിതർ എന്ന് പ്രയോഗിക്കുന്നതുതന്നെ ഒരു സാമൂഹിക ഇടപെടലാണ്. ഏറ്റവും ദുഃഖകരമായ കാര്യം, പൊതുസ്ഥലങ്ങളിൽ ഇപ്പോഴും വികലാംഗർ എന്നുതന്നെ ഉപയോഗിക്കുന്നതായി കാണുന്നു. സർക്കാരിന്റെ പല കത്തിടപാടുകളിലും രേഖകളിലും വികലാംഗരെന്നാണ് ഉപയോഗിക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വികലാംഗരെന്നാണ് എഴുതിവച്ചിരിക്കുന്നത്. ഞാനൊരു വിദ്യാഭ്യാസ സ്ഥാപനത്തിൽ ചെന്നപ്പോൾ ഡിഫറന്റ്ലി ഏബിൾഡായ കുട്ടികൾക്കുവേണ്ടിയുള്ള ഒരു മുറിയിൽ എഴുതി വച്ചിരിക്കുന്നത് വികലാംഗരായ കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേകമുറി എന്നാണ്. കർശനമായ ഇടപെടലിലൂടെ ഈ പദപ്രയോഗം പൂർണ്ണമായി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. കൂടാതെ, ഭിന്നശേഷിക്കാരായ കുട്ടികളുടെ ട്രീറ്റ്മെന്റിനും മറ്റുമായി പലവിധ പരിപാടികളും ആവിഷ്കരിക്കുന്നുണ്ട്. പക്ഷേ ഏർലി ഡിറ്റക്ഷൻ നടത്തേണ്ടത് ക്ലാസ് മുറികളിലാണ്. ഹാൻഡ്റൈറ്റിംഗിലുള്ള ചെറിയ മാറ്റങ്ങൾ പോലും ഏതെങ്കിലും ഡിസ്ഓർഡറിന്റെ തെളിവാണ്. ഇത്തരം ഏർലി ഡിറ്റക്ഷന് ക്ലാസ് മുറികളിൽ സാഹചര്യമില്ലാതാകുന്ന അവസ്ഥ ഇപ്പോഴുണ്ട്. അതിലെന്ത് ഇടപെടൽ സാധ്യമാകും;

---

* അനുബന്ധമായി വച്ചിട്ടുണ്ട്

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പൊതുസ്ഥലങ്ങളിൽ വികലാംഗർ എന്ന് എഴുതി വയ്ക്കേണ്ടതില്ല, ഭിന്നശേഷിക്കാർ/അംഗപരിമിതർ എന്ന പദപ്രയോഗമാണ് നടത്തിവരുന്നത്. അങ്ങനെ എഴുതുന്നുണ്ടെങ്കിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിലടക്കം അത് പൂർണ്ണമായും മാറ്റാനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകാം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകളിലും മറ്റ് പൊതുബസ്സുകളിലും വികലാംഗർ എന്നത് മാറ്റി ഭിന്നശേഷിയുള്ളവർ എന്നാക്കി മാറ്റുന്നതിനുവേണ്ട നിർദ്ദേശം ഇന്നുതന്നെ നൽകാം.

ശ്രീ. കെ. എം. ഷാജി: സർ, അംഗപരിമിതർക്ക് ഇപ്പോൾ നമ്മൾ വീൽചെയറും മുച്ചക്രവാഹനവും കൊടുക്കുന്നുണ്ട്. അവർക്ക് ഉപയോഗിക്കാൻ കൂടുതൽ സൗകര്യം ജോയ്സ്റ്റിക്കാണ്. കേന്ദ്രഗവൺമെന്റ് ജോയ്സ്റ്റിക് കൊടുക്കുന്നുണ്ട്. നമ്മൾ ഇതുവരെ അത് കൊടുത്തു തുടങ്ങിയിട്ടില്ല. അതുസംബന്ധിച്ച് ഞാൻ അന്വേഷിച്ചപ്പോൾ ഒരു ജോയ്സ്റ്റിക്കിന് 50 രൂപ മുതൽ 60 രൂപ വരെ വില വരുമെന്നാണ് അറിയാൻ കഴിഞ്ഞത്. അത് അവർക്ക് ഉപകാരമുള്ളതാണ്. അതിനുവേണ്ടി ഓരോ എം.എൽ.എ.-മാരും 40-50 രൂപ നൽകാൻ തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഇപ്പോൾ നമ്മുടെ ആലോചനയിലുള്ള വിഷയമാണ്. ഏറ്റവും ആധുനികമായ ഉപകരണങ്ങൾ തന്നെ ഭിന്നശേഷിക്കാർക്ക് നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. നൗഷാദ്: സർ, ഭിന്നശേഷിക്കാർക്ക് റിസർവേഷൻ ഏർപ്പെടുത്തിയിട്ടുണ്ടെന്നും കുറെ കാര്യങ്ങൾ ചെയ്യുന്നതായും പറഞ്ഞു. റിസർവേഷൻ ഏർപ്പെടുത്തുമ്പോൾ അംഗപരിമിതർ/ഭിന്നശേഷിക്കാർ എന്ന് ഒരേ നിലവാരത്തിലാണ് കാണുന്നത്. ഓട്ടിസം ബാധിച്ച കുട്ടികളെയും അംഗപരിമിതരായ കുട്ടികളെയും ഒരേ നിലവാരത്തിൽ കാണാൻ കഴിയില്ല. അതുകൊണ്ട് ഓരോ ഐറ്റം തിരിച്ച് റിസർവേഷൻ ഏർപ്പെടുത്താൻ കഴിയുമോ; അംഗപരിമിതർക്ക് സർക്കാർ സർവ്വീസിൽ ട്രാൻസ്ഫറിനും മറ്റും സൗകര്യം കൊടുക്കുന്നുണ്ട്. സർക്കാർ ജോലിയില്ലാത്ത അംഗപരിമിതർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുറഞ്ഞ പലിശയ്ക്കോ പലിശ രഹിതമായോ ലോൺ നൽകുന്നതിന് പ്രത്യേക പാക്കേജ് തയ്യാറാക്കുമോ;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഏറ്റവും പ്രധാനപ്പെട്ടത് അംഗപരിമിതരുടെ റീഹാബിലിറ്റേഷനാണ്. 18 വയസ്സ് കഴിഞ്ഞാൽ എന്തുചെയ്യുമെന്നതാണ് പല രക്ഷിതാക്കളുടെയും ഉത്ക്കണ്ഠ. അതിനായി ഇവർക്ക് തൊഴിൽ പരിശീലനവും മറ്റ് സാങ്കേതിക സൗകര്യങ്ങളും നൽകുന്നതിനുള്ള പദ്ധതിയാണ് ഞാൻ നേരത്തെ പറഞ്ഞത്. അസിസ്റ്റീവ് ഡിവൈസ് അടക്കം ഉണ്ടാക്കുന്നതിനും

വായ്പകളടക്കം ലഭ്യമാക്കി തൊഴിൽ പരിശീലനം നൽകി അവരെ സ്വയംതൊഴിലിലേക്ക് ആനയിക്കുന്നതിനാവശ്യമായ പദ്ധതികളും അനുയാത്രാ പദ്ധതിയുടെ കൂടെയുണ്ട്. അംഗപരിമിതരായവർക്ക് എന്തൊക്കെ സൗകര്യം പ്രത്യേക രീതിയിൽ ചെയ്തു കൊടുക്കാമെന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, 2015-ലാണ് അംഗപരിമിതരായവരെക്കുറിച്ച് ഒരു സർവ്വേ നടത്തിയത്. 22 തരത്തിലുള്ള വൈകല്യങ്ങൾ അടിസ്ഥാനമാക്കിയാണ് സർവ്വേ നടത്തിയത്. അത് ഇന്ത്യയിലെതന്നെ ആദ്യത്തെ സംഭവമാണ്. 7,94,000-ത്തോളം അംഗപരിമിതരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. അത് ജനസംഖ്യയുടെ 2.32 ശതമാനം വരുന്നു. ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ അംഗപരിമിതരുള്ളതെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സർവ്വേ നടത്തിയതിന് നേതൃത്വം കൊടുത്തവരെ ഞാൻ അഭിനന്ദിക്കുകയാണ്. സർവ്വേ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് ഓരോ വാർഡിലും എത്ര അംഗപരിമിതരുണ്ടെന്ന് മനസ്സിലാക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അതിനനുസരിച്ച് പ്ലാനിംഗിനകത്ത് ഉൾപ്പെടുത്താനുള്ള സൗകര്യത്തിനുമായി സർവ്വേ റിപ്പോർട്ട് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് കൈമാറിയിട്ടുണ്ട്. ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ അംഗപരിമിതരുള്ളതെന്ന ചോദ്യത്തിന് പരിശോധിച്ച് മറുപടി പറയാം. മലപ്പുറത്താണെന്ന് തോന്നുന്നു. അതിന്റെ കണക്ക് വേണമെങ്കിൽ പ്രത്യേകം എഴുതി തയ്യാറാക്കി നൽകാം. അംഗപരിമിതരുടെ പുനരധിവാസത്തിനുള്ള സംരംഭങ്ങൾ 'പൂർണ്ണ' എന്ന പേരിൽ അനുയാത്ര പദ്ധതിയുടെ ഭാഗമായിത്തന്നെ ഉണ്ട്. കൊച്ചി മെട്രോ ഉൾപ്പടെയുള്ള എല്ലാ യാത്രാ സംവിധാനങ്ങളെയും അംഗപരിമിത സൗഹൃദമാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഈ പ്രശ്നവുമായി ബന്ധപ്പെട്ട ചികിത്സയും ചികിത്സയുടെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട മരുന്നും കിട്ടാൻ വളരെ പ്രയാസമുണ്ട്. പല മരുന്നുകളും വിദേശത്തുനിന്നാണ് വരുന്നത്. വളരെ പാവപ്പെട്ട വീട്ടിലുള്ള കുട്ടികളെ ഇത്തരത്തിലുള്ള ചികിത്സയ്ക്ക് കൊണ്ടുപോകാനുള്ള മാനസികാവസ്ഥതന്നെ ഇല്ലാതായിപ്പോകും. അത് ബഡ്ജറ്റിലുൾപ്പെടെ ഗവൺമെന്റ് അഡ്രസ് ചെയ്യുന്നുണ്ട്. അക്കാര്യത്തെക്കുറിച്ച് ശ്രദ്ധിക്കുമോ; കൂടാതെ അംഗപരിമിതരോട് പൊതുസമൂഹത്തിനുള്ള മനോഭാവവും ചില വീടുകളിലെ ബന്ധുക്കളുടെ മനോഭാവവും ശരിയല്ല. അവിടെയാണ് ബഡ്സ് സ്കൂളിന്റെ പ്രശ്നം വരുന്നത്. എന്റെ മണ്ഡലത്തിലെ കടയ്ക്കൽ ഒരു ബഡ്സ് സ്കൂളിന്റെ പ്രത്യേകതകൊണ്ട്, അവിടെ പഠിപ്പിക്കുന്നതിന്റെയും കുട്ടികളെ നോക്കുന്ന ആളുകളുടെയും പ്രത്യേകതകൊണ്ട് ആ മണ്ഡലത്തിലെ

മിക്കവാറും എല്ലാ പഞ്ചായത്തിലെയും കുട്ടികളെ ആ സ്കൂളിലേക്കാണ് കൊണ്ടുവരുന്നത്. അത് ഡോ. കെ. ടി. ജലീലിനറിയാം. അദ്ദേഹം ഒരു പരിപാടിക്ക് അവിടെ വന്നപ്പോൾ കണ്ടതാണ്. അത്തരം സ്ഥാപനങ്ങളെ സഹായിക്കുന്നതിനും അവിടെ സാമൂഹ്യക്ഷേമ വകുപ്പിന്റെ ചികിത്സയുൾപ്പെടെയുള്ള സംവിധാനമുണ്ടാക്കുന്നതിനും സെലക്ട് ചെയ്യുന്ന കുട്ടികളുടെ ചികിത്സ എത്ര ചെലവേറിയതാണെങ്കിലും അതിന്റെ ഉത്തരവാദിത്വം പൊതുസമൂഹത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുമോ;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഡ്സ് സ്കൂളിനെക്കുറിച്ച് ഒറ്റവാക്കിൽ ഞാൻ പറഞ്ഞിട്ടുണ്ട്. വിശദമായി ഉത്തരം പറയേണ്ടെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുകൊണ്ടാണ് പറയാത്തത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും അക്കാര്യത്തിൽ ഇടപെടുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ പെരിയയിൽ ചില സന്നദ്ധസംഘടനകളുടെയും മനോരമയുടെ പ്രത്യേക സഹായത്തോടുംകൂടി ഏറ്റവും ആധുനികമായ ബഡ്സ് സ്കൂൾ സജ്ജീകരിച്ച് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനാണ് കോളേജ് വിദ്യാർത്ഥികൾക്കടക്കം അംഗപരിമിതരെക്കുറിച്ചുള്ള ക്ലാസ്സുകൾ നൽകുകയും സമൂഹത്തിനാകമാനം അത്തരത്തിലുള്ള അവയർനെസ്സ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നത്. ബഡ്സ് സ്കൂളിൽ നല്ല പെരുമാറ്റം തന്നെയാണുള്ളത്. അത് മെച്ചപ്പെടുത്തുന്നതിന് ആദ്യവർഷംതന്നെ ചില ജില്ലകൾ ഏറ്റെടുത്തിട്ടുണ്ട്. ആ രീതിയിൽ ബഡ്സ് സ്കൂളുകളെ നവീകരിക്കുന്നതാണ്. തുടർചികിത്സയ്ക്കാവശ്യമായ മരുന്നിന്റെ കാര്യം പറഞ്ഞു, അനുയാത്ര പദ്ധതിയെന്നുപറയുന്നത് എല്ലാ തലങ്ങളെയും സ്പർശിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മരുന്നുകൾ ലഭ്യമാക്കുന്നതിനും അത് കൃത്യസമയത്തെത്തിക്കുന്നതിനുമുള്ള പദ്ധതി അനുയാത്രയുടെ ഭാഗമായിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ശ്രീ. അടൂർ പ്രകാശ് നേരത്തെ അംഗപരിമിതർ ഏറ്റവും കൂടുതലുള്ള ജില്ല ഏതാണെന്ന് ചോദിച്ചിരുന്നു, അത് മലപ്പുറമല്ല. വയനാട്, കാസർകോഡ് ജില്ലകളിലാണ് ഏറ്റവും കൂടുതൽ അംഗ പരിമിതരുള്ളതെന്നാണ് ഇപ്പോഴത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്.

**ഹരിതകേരളം മിഷൻ പദ്ധതി**

2(T*152) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകാമോ :

(എ) സംസ്ഥാനത്ത് ഹരിതകേരളം മിഷൻ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നടത്തിപ്പിന് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം എങ്ങനെ സാദ്ധ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിവരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഉണ്ട്. 2016 ഡിസംബർ 8-ന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിലും ഹരിതകേരളം മിഷൻ പദ്ധതിയുടെ തുടക്കംകുറിക്കുന്ന പരിപാടികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയിരുന്നു. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ വച്ച് സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി.

(ബി) ശുചിത്വം, മാലിന്യസംസ്കരണം, കൃഷിവികസനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള മിഷന്റെ പൊതു ലക്ഷ്യങ്ങൾ ചുവടെ പറയുംപ്രകാരമാണ് :

1. ഉറവിട മാലിന്യ സംസ്കരണത്തിൽ ഊന്നിനിന്നുകൊണ്ടുള്ള സുരക്ഷിത മാലിന്യ സംരക്ഷണം;
2. ജലസ്രോതസ്സുകളുടെ ശുചീകരണവും നവീകരണവും വഴി കുടിവെള്ള വിതരണത്തിനും ജലസേചനത്തിനും ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തൽ;
3. വീടുകൾതോറുമുള്ള കൃഷിസാധ്യത ഉപയോഗപ്പെടുത്തി പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും സ്വയംപര്യാപ്തത നേടൽ.

(സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഹരിതകേരളം മിഷനും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി എംപവേർഡ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ ഏകോപന നിർവ്വഹണം നടത്തുന്നു. ജില്ല, ബ്ലോക്ക്, നഗരസഭ, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ഒരു ഏകീകൃത മിഷൻ സംവിധാനവും ഓരോ തലത്തിലും ശുചിത്വം, കൃഷി, ജലവിഭവം എന്നീ മൂന്ന് മേഖലകളിലും കർമ്മസേനകളും ഫലപ്രദമായി പ്രവർത്തിച്ച് ഏകോപനം സാധ്യമാക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ശുചിത്വം, മാലിന്യസംസ്കരണം എന്നിവ ഹരിതകേരളം മിഷൻ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളാണ്. നഗരങ്ങളിൽ മാത്രമാണ് വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം നിലവിലുള്ളത്. ചുരുക്കം ചില നഗരസഭകളിലും

പഞ്ചായത്തുകളിലും മാത്രമാണ് ഈ സിസ്റ്റം നിലവിലില്ലാത്തത്. മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും മാലിന്യം ശേഖരിച്ച്, വേർതിരിച്ച് റീസൈക്കിൾ ചെയ്യുന്നതിനായി വേസ്റ്റ് മാനേജ്മെന്റ് പ്ലാൻ നടപ്പാക്കുമെന്ന് പറയുന്നു. ആയതിന്റെ വിശദാംശം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്തെ നഗരങ്ങളിലാണ് പ്രധാനമായും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടക്കുന്നതെങ്കിലും ഇപ്പോൾ ഗ്രാമപഞ്ചായത്തുകളിലും ഇത്തരം കാര്യങ്ങൾ നല്ല ശ്രദ്ധയോടെ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അത് പൂർണ്ണ വിജയത്തിലായെന്നുപറയാൻ സാധിക്കില്ല. എല്ലായിടങ്ങളിലും ശുചിത്വം പാലിക്കണം, മാലിന്യ നിർമ്മാർജ്ജനത്തിന് നല്ല ഗൗരവം കൊടുക്കുന്ന ഒരു സംസ്കാരം ഉയർന്നുവന്നിട്ടുണ്ട്. അതുകൊണ്ടാണ് സംസ്ഥാനത്തെ എല്ലാ വിഭാഗം ആളുകളും സഹകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഈ പരിപാടി നല്ല രീതിയിൽ നടന്നുവരുന്നത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ജലസ്രോതസ്സുകളുടെ ശുചീകരണവും നവീകരണവും ഹരിതകേരളം മിഷൻ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. നമ്മുടെ ജലസ്രോതസ്സുകളും കുളങ്ങളും മാലിന്യങ്ങളും മണ്ണുംകൊണ്ട് മലിനമായിക്കൊണ്ടിരിക്കുന്നു. നദികളിലെ മണൽവാരലും കുന്നിടിക്കലുംമൂലം ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിച്ചുകൊണ്ട് മഴവെള്ള സംഭരണംപോലുള്ള മാർഗ്ഗങ്ങൾ വ്യാപിപ്പിച്ച് ജലദൗർലഭ്യം നേരിടുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഹരിതകേരളം മിഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച ഈ പ്രശ്നം ഗൗരവമുള്ളതാണ്. നമ്മുടെ പല കുളങ്ങളും ഇപ്പോൾത്തന്നെ നശിച്ചു പോയിട്ടുണ്ട്. അത്തരം കുളങ്ങളും കൂടാതെ ജലസ്രോതസ്സുകളെല്ലാം ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി വീണ്ടെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള നടപടികൾ പല ജില്ലകളിലും ഫലപ്രദമായി നടന്നുവരികയാണ്. അതോടൊപ്പം കിണറുകൾ നല്ലതുപോലെ റീചാർജ്ജ് ചെയ്ത് ഉപയോഗിക്കേണ്ട അവസ്ഥ സൃഷ്ടിക്കേണ്ടതുണ്ട്. കേവലമായ ഒരു സർക്കാർ പരിപാടി എന്ന നിലയ്ക്കല്ല, നാടിന്റെയാകെ സഹകരണത്തോടെ, ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ജനങ്ങളുടെ അദ്ധ്വാനം അടക്കം സംഭാവന ചെയ്തുകൊണ്ട് ഇത്തരം കാര്യങ്ങൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ആ തരത്തിൽ ചില പരിപാടികൾ ഏറ്റെടുക്കേണ്ട നില വന്നിട്ടുണ്ട്. കേരളത്തിൽ നല്ല മാറ്റം സൃഷ്ടിക്കാനാകും എന്നുതന്നെയാണ് കരുതുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, ഹരിതകേരളം മിഷൻ പദ്ധതി ഏറ്റവും നല്ല പദ്ധതിയാണെന്ന കാര്യത്തിൽ സംശയമില്ല. വരുംതലമുറയ്ക്ക് ഒരു മുൻകരുതലെന്നുള്ള നിലയ്ക്ക് ഈ പദ്ധതിയെ നമുക്ക് നോക്കിക്കാണാം. ജനപ്രതിനിധികളെന്ന നിലയിൽ ഞങ്ങൾ എല്ലാ പ്രോത്സാഹനവും നൽകി അതിനോട് വളരെയധികം സഹകരിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, കർമ്മപരിപാടിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവർക്ക് ഹരിതകേരളം മിഷൻ പദ്ധതി കൂടുതൽ ഊർജ്ജിതമാക്കുന്നതിനും വിജയിപ്പിക്കുന്നതിനും ആവശ്യമായ ആധുനിക പരിശീലനം നൽകുവാൻ എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; കുളങ്ങൾ നവീകരിക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇപ്പോൾ ഓരോ മണ്ഡലത്തിലുമുള്ള എത്ര കുളങ്ങളിൽ നവീകരണം നടക്കുന്നുണ്ട്; എത്ര കുളങ്ങളാണ് നവീകരണം നടത്താനുദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഓരോ ദിവസവും എത്ര കുളങ്ങളിൽ നവീകരണം നടത്തുന്നുണ്ടെന്ന് റിക്കാർഡ് തയ്യാറാക്കി സൂക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുതകുന്ന തരത്തിൽ ജില്ലകളിൽ നിന്ന് റിപ്പോർട്ടുകൾ വാങ്ങുന്നുണ്ട്. നല്ല രീതിയിൽത്തന്നെ പല ജില്ലകളിലെയും കുളങ്ങൾ ശുദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ശുദ്ധീകരിച്ചശേഷം കയർ ഉപയോഗിച്ച് സൈഡ് കെട്ടുകയും കയർ ഉപയോഗിച്ച് ഭൂവസ്ത്ര പരിപാടി നടപ്പിലാക്കുകയും ചെയ്താൽ ഇത് നല്ല രീതിയിൽ സംരക്ഷിക്കാൻ കഴിയും. അത്തരത്തിലുള്ള ഒരു പരിപാടിയാണ് കുളം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകളിലെയും മറ്റും ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം. പഞ്ചായത്തംഗങ്ങൾക്ക് ഇപ്പോൾത്തന്നെ ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. തുടർന്നും ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. റോജി. എം. ജോൺ: സർ, ഹരിതകേരളം മിഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പക്ഷേ ഇതിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പല പദ്ധതികളും നിലവിൽ പഞ്ചായത്ത് വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവ തന്നെയാണ്. അത് പൊതുജന പങ്കാളിത്തത്തോടുകൂടി വലിയൊരു ക്യാമ്പയിനാക്കി വികസിപ്പിച്ചെടുക്കുന്നത് നല്ല കാര്യമാണ്. പഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ തനത് ഫണ്ടുപയോഗിച്ചാണ് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതെന്നുള്ളതാണ് ഇപ്പോഴുള്ള ഒരു പ്രശ്നം ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി, പ്രത്യേകിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വകയിരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? അങ്ങനെ വകയിരുത്തിയാൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ രണ്ട് ഭാഗങ്ങളാണുള്ളത്. ഒന്നാമത്തേത് ഫണ്ട് വേണമെന്നുള്ളത് തന്നെയാണ്. ആവശ്യത്തിനുള്ള ഫണ്ട് ലഭിക്കും. പക്ഷേ, കേവലം ഫണ്ട് കൊണ്ടുമാത്രം നിറവേറ്റേണ്ട ഒരു പരിപാടിയല്ല ഇത്. ഈ പരിപാടിയിൽ ജനങ്ങളുടെയാകെ പങ്കാളിത്തമാണ് ഏറ്റവും പ്രധാനം അതോടൊപ്പം ജനങ്ങൾക്ക് ഇതുസംബന്ധിച്ച് ഒരു ബോധവൽക്കരണ പരിപാടിയും സംഘടിപ്പിക്കണം. മാലിന്യം നമ്മുടെ നാട്ടിലെവിടെയും പാടില്ല എന്നതൊരു പൊതുബോധമായി ഉയർന്നുവരേണ്ടതായിട്ടുണ്ട്. ഓരോ ആളുകളെയും അതിനനുസൃതമായി മാറ്റുന്നതിനുതകുന്ന പരിപാടികളാണ് ഇവിടെ സംഘടിപ്പിക്കുന്നത്. ഇതിന് ഫണ്ടിന്റെ കുറവുണ്ടാകില്ല.

ശ്രീ. കെ. ആൻസലൻ : സർ, ഹരിതകേരളം മിഷൻ പദ്ധതി കേരളത്തിൽ വലിയ മാറ്റമുണ്ടാക്കുന്ന ഒന്നാണ്. സംസ്ഥാനത്ത് ലക്ഷക്കണക്കിന് കുളങ്ങളുള്ളതിൽ 80 ശതമാനവും വർഷങ്ങളായി ചെളിയും എക്കലും അടിഞ്ഞ് ഉപയോഗശൂന്യമാണ്. സാമൂഹ്യമായ ഇടപെടലിന്റെ ഭാഗമായി പഞ്ചായത്തുകളെ ചുമതലപ്പെടുത്തി ചെളിയും എക്കലും വില്പന നടത്തിയാൽത്തന്നെ കുളങ്ങളും അനുബന്ധ കനാലുകളും വൃത്തിയാക്കാൻ കഴിയും. അതിനാവശ്യമായ നിർദ്ദേശം കൊടുക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, കുളങ്ങൾ വൃത്തിയാക്കുന്നതിനായി ആദ്യം ചെയ്യുന്നത് അതിലടിഞ്ഞുകിടക്കുന്ന ചെളിയും എക്കലുമൊക്കെ നീക്കംചെയ്യുക എന്നുതന്നെയാണ്. ഒരു പദ്ധതിയായി ഇത് നടപ്പാക്കുമ്പോൾ പഞ്ചായത്തുകൾ അതിനാവശ്യമായ ഇടപെടൽ നടത്തേണ്ടതായിട്ടുണ്ട്. എന്നാൽ നാടിന്റെ ഒരു പൊതുബോധമായി വന്നാൽ അതതുപ്രദേശത്തുള്ള ആളുകൾ ചേർന്ന് ഇതെല്ലാം ചെയ്യാൻ തയ്യാറാകും. ആ പൊതുബോധം സൃഷ്ടിക്കാനാണ് നമ്മളെല്ലാവരും ശ്രദ്ധിക്കേണ്ടത്.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഹരിതകേരളം മിഷൻ പദ്ധതി വളരെ സന്തോഷകരമായ ഒരു പരിപാടിയാണ്. നേരത്തേ അങ്കമാലി അംഗം സൂചിപ്പിച്ചുവെങ്കിലും ഗണ്യമായ തുക ഇതിനായി മാറ്റിവയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഡ്ജറ്റിന് നാളെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയാണ്. ഒരു മണ്ഡലത്തിൽ കുറഞ്ഞത് 10 വലിയ കുളങ്ങളെങ്കിലും സംരക്ഷിക്കാൻ ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, കുളങ്ങളുടെ എണ്ണം പരിമിതപ്പെടുത്തേണ്ടതായിട്ടില്ല. കേരളത്തിൽ എത്ര കുളങ്ങളുണ്ടോ അത്രയും കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. ഫണ്ടിന്റെ കുറവ് ഉണ്ടാകില്ലെന്ന് ഞാൻ നേരത്തേ പറഞ്ഞതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഹരിതകേരളം മിഷൻ പദ്ധതി നവകേരള മിഷന്റെ ഏറ്റവും ശ്രദ്ധേയമായ ഒരു പദ്ധതിയാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എന്റെ മണ്ഡലത്തിലെ നാല് പഞ്ചായത്തുകളിൽക്കൂടി

പോകുന്ന പുലമൺ തോട് കട-കമ്പോളങ്ങളിലെ വേസ്റ്റ് കൊണ്ടിട്ട് മലിനമാക്കി യിരിക്കുകയാണ്. ഹരിതകേരളം മിഷൻ പദ്ധതിയിൽ അത് ഉൾപ്പെടുത്താൻ തീരുമാനിച്ചതിന്റെ ഫലമായി കുറേ മാറ്റങ്ങൾ, ജനകീയ പങ്കാളിത്തംകൂടി വന്നിട്ടുണ്ട്. ഐ.എം.ജി.-യും മറ്റ് വിവിധ വകുപ്പുകളുമൊക്കെ ചേർന്ന് ട്രെയിനിംഗൊക്കെ നടത്തി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആളുകളുടെ സപ്പോർട്ടുണ്ട് എന്നതാണ് ഇതിലേറ്റവും ശ്രദ്ധേയമായ കാര്യം. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരായി ഞങ്ങൾക്ക് ചെയ്യാൻ സാധിക്കാത്തതും ഔദ്യോഗികമായി ചെയ്യാൻ കഴിയുന്നതുമായ കാര്യങ്ങളിൽ ശക്തമായ നടപടിയെടുത്ത് ഈ പദ്ധതി വേഗത്തിലാക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, നാല് മിഷനുകൾ പ്രഖ്യാപിച്ചപ്പോൾ എവിടെനിന്നോ നവകേരള മിഷൻ എന്നൊരു ഭാഗം വന്നുകയറി. യഥാർത്ഥത്തിൽ അങ്ങനെയൊരു മിഷനില്ല. നവകേരള ആക്ഷൻ പ്ലാൻ/നവകേരള കർമ്മ പദ്ധതി എന്നുപറയാം. അതിന്റെ ഭാഗമായിട്ടുള്ള മിഷനുകളാണ് ഞങ്ങളിപ്പോൾ പറഞ്ഞിട്ടുള്ളത്. അതിന്റെ ഭാഗമായി നടപ്പാക്കുന്ന നവകേരള മിഷന്റെ പ്രായോഗിക രൂപം ബഹുമാന്യയായ അംഗം തന്നെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ പ്രശ്നത്തിൽ നാട്ടുകാരുടെ പങ്കാളിത്തംകൂടി ഉണ്ടായിട്ടുണ്ട്. പക്ഷേ അവിടെ മാലിന്യം വീണ്ടും കൊണ്ടിടുന്നുവെന്നതാണ് പ്രശ്നം അതിൽ നാട്ടുകാരുടെ ഭാഗത്തുനിന്നുതന്നെ ഫലപ്രദമായ ഇടപെടലുണ്ടാകണം. അതോടൊപ്പം അത്തരം നടപടികൾ കുറ്റകരമായി കാണുന്നതിനാവശ്യമായ കരുതൽ നടപടികളും സ്വീകരിക്കാം.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി പദ്ധതികളൊക്കെ ജില്ല/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ നടത്തുന്നത് സ്വാഗതാർഹമാണ്. പലപ്പോഴും താഴെത്തട്ടിൽ ഇതിന്റെ പ്രവർത്തനം നടത്തുവാനും അത് ഏകോപിപ്പിക്കാനും അതിനെക്കാളുപരി അതിന്റെ പ്രചരണത്തിനായി പല ആളുകളും സംഘടനകളും മുന്നോട്ടുവരുന്നതും എന്റെ മണ്ഡലത്തിൽ ഞാൻ കണ്ടിട്ടുണ്ട്. ഐ.ഇ.സി.-ക്ക് ഇതിനൊക്കെയുള്ള പ്രതിഫലവും കൊടുക്കുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. ഇങ്ങനെയുള്ള ആളുകളെയും സംഘടനകളെയും ഇതിന് നിയോഗിക്കുന്നതിൽ വ്യക്തമായ മാനദണ്ഡങ്ങളുണ്ടോ; അതനുസരിച്ചാണോ ഇതിന്റെ പ്രതിഫലം താഴെത്തട്ടിൽ/വാർഡ് തലത്തിൽ കൊടുക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള ആളുകളെയായിരിക്കും നിയോഗിക്കുന്നത്. ആ രംഗത്തുള്ള വിദഗ്ദ്ധരുടെ സേവനമാണ് ഉപയോഗിക്കുന്നത്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ഒരു പുതിയ കേരളം സൃഷ്ടിക്കുന്നതിനുള്ള നടപടിയാണ് ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഈ നാല് മിഷനുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ മാത്രമാണ് എം.എൽ.എ.-മാരുടെ കോൺട്രിബ്യൂഷനുള്ളത്. മറ്റ് മൂന്ന് മിഷനുകളിലും എം.എൽ.എ.-മാരുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നില്ലെന്ന് എല്ലാ മണ്ഡലങ്ങളിലും കാണാൻ കഴിയും. അതുകൊണ്ട് എം.എൽ.എ.-മാരുടെ സഹായത്തോടുകൂടി ഈ നാല് മിഷനുകളും മണ്ഡല തലങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, എല്ലാ കാര്യങ്ങളിലും എം.എൽ.എ.- മാരുടെയും എം.പി.-മാരുടെയും സേവനം ഉറപ്പാക്കുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണ്ഡലതലത്തിൽ ഒരു സംവിധാനമുണ്ട്. അതുകൊണ്ടാണ് എം.എൽ.എ.-യുടെ പങ്കാളിത്തം വരുന്നത്. മറ്റു കാര്യങ്ങളിൽ ഇത്തരം സംവിധാനമില്ല. യഥാർത്ഥത്തിൽ മിഷൻ നടപ്പിലാക്കുന്നതും നേതൃത്വം വഹിക്കുന്നതും പഞ്ചായത്ത് തലത്തിലാണ്. അതുകൊണ്ടുതന്നെ അതത് എം.എൽ.എ.-മാരുടെ മണ്ഡലത്തിലുള്ള പഞ്ചായത്തുകളിൽ നേതൃത്വപരമായ പങ്ക് അവർക്ക് വഹിക്കാവുന്നതാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഹരിതകേരളം പദ്ധതി ഉൾപ്പെടെയുള്ള പ്രകൃതി സംരക്ഷണ പരിപാടികൾ കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ പ്രതിപക്ഷം നല്ല രീതിയിൽ സഹകരിക്കുന്ന ഒരു പരിപാടിയാണ്. പ്രകൃതിസംരക്ഷണം നടത്തിയില്ലെങ്കിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റി ജനങ്ങൾക്കും ഇപ്പോൾ നല്ല അവബോധമുണ്ട്. കാലാവസ്ഥാ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഒരു മെസ്സേജ് ജനങ്ങൾക്കിടയിലുണ്ടായിട്ടുണ്ട്. അതുകൊണ്ട് മത-സാമൂഹിക-സാംസ്കാരിക സംഘടനകൾ ഇതു സംബന്ധിച്ച് പ്രചരണം നടത്തുന്നുണ്ട്. ഉദാഹരണത്തിന്, പള്ളികളിലും ദേവാലയങ്ങളിലും ക്ഷേത്രങ്ങളിലുമൊക്കെ ധാരാളം ആത്മീയ ഉപദേശങ്ങൾ നടക്കുന്നുണ്ട്. അതുപോലെതന്നെയാണ് ഇക്കാര്യവും കണക്കാക്കുന്നത്. അല്ലാതെ കുടിവെള്ളമില്ലാതെന്ത് ഉപദേശം. കാലാവസ്ഥാ മാറ്റത്തോടനുബന്ധിച്ച് ഒരു എമർജൻസി സിറ്റുവേഷൻ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന അവബോധം ജനങ്ങളിലുണ്ടായിട്ടുണ്ട്. സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ പ്രകൃതിയെ സംരക്ഷിക്കാനുള്ള ഭഗീരഥയത്നം നടത്തിയേ മതിയാവൂ. ഈ മിഷൻ അതുതന്നെയാണ് ഉദ്ദേശിക്കുന്നതെങ്കിലും ആ മൂവ്മെന്റിലേയ്ക്ക് ഇപ്പോഴും വന്നിട്ടില്ല. അടുത്ത കാലവർഷം കൂടി ഇല്ലാതായാൽ ഇവിടെ നിന്നും പലായനം ചെയ്യേണ്ട സ്ഥിതി വരും. ആ സ്ഥിതിയിലേക്ക് വരാതെ മിഷൻ മോഡൽ എന്നതിനപ്പുറം ഒരു ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാവുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എങ്ങനെ നേരിടണമെന്നത് സംബന്ധിച്ച് ബഹുമാന്യനായ അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ നാട്ടിലെ ആരാധനാലയങ്ങളും

സാംസ്കാരിക സംഘടനകളുമൊക്കെ ഇക്കാര്യത്തിൽ ഭാഗഭാക്കാകേണ്ടതുണ്ട്. എല്ലാ തലങ്ങളിലും ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനായി ഹരിതകേരളം മിഷന്റെ ഭാഗമായി നടത്തുന്ന പരിപാടികൾ വളരെയധികം ഫലപ്രദമാണ്. ജൂൺ 5-ന് പരിസ്ഥിതി ദിനത്തിൽ 3 കോടി വൃക്ഷത്തൈകൾ നടുക എന്ന ബഡ്ജറ്റ് നിർദ്ദേശം യഥാർത്ഥത്തിൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായാണ് നടപ്പിലാക്കുന്നത്. ഇത് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ സാധിച്ചാൽ വൻവിജയമാക്കാൻ കഴിയും. ഇങ്ങനെ ഓരോ കാര്യങ്ങളിലും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്ന നടപടികൾ സ്വീകരിക്കും.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഹരിതകേരളം പദ്ധതി പോലെതന്നെ മാലിന്യസംസ്കരണവും വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ സംസ്ഥാനത്തെ പാതയോരങ്ങളിലും വെളിയിടങ്ങളിലും മാലിന്യങ്ങൾ കുന്നുകൂടി ജനജീവിതം ദുസ്സഹമാകുന്ന രീതിയിൽ അസുഖങ്ങളും ആരോഗ്യപ്രശ്നങ്ങളും വളർന്നുവരികയാണ്. ഇത്തരത്തിൽ വർദ്ധിച്ചുവരുന്ന ഖരമാലിന്യങ്ങളെ കേന്ദ്രീകൃതമായി സംസ്കരിച്ച് ജൈവവളങ്ങളാക്കു ന്നതിനുള്ള ഫാക്ടറികൾ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, നിലവിലുള്ള മാലിന്യങ്ങൾ നല്ലരീതിയിൽ സംസ്കരിക്കാൻ കഴിയേണ്ടതായിട്ടുണ്ട്. ഉറവിട മാലിന്യസംസ്കരണം കൂടുതൽ ഫലപ്രദമാകണം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കലുള്ള പ്രത്യേക പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിയാൽ മാലിന്യപ്രശ്നം നല്ല രീതിയിൽ പരിഹരിക്കാൻ സാധിക്കും. ഏതെങ്കിലും പ്രദേശത്ത് മാലിന്യം കുമിഞ്ഞുകൂടുന്ന പ്രശ്നമുണ്ടെങ്കിൽ അതിന് പ്രത്യേകമായ പദ്ധതികളും ആവിഷ്കരിക്കാവുന്നതാണ്.

**പച്ചക്കറികളിലെ വിഷാംശം**

3 (*153) ശ്രീ. എസ്.ശർമ്മ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറികളിലെ വിഷാംശം കണ്ടെത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ സൂപ്പർ മാർക്കറ്റുകൾ, ജൈവ പച്ചക്കറി മാർക്കറ്റുകൾ എന്നിവയിൽ നിന്ന് ശേഖരിച്ച പച്ചക്കറി സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ മാരക കീടനാശിനി അടങ്ങിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ രാസപരിശോധന വ്യാപകമാക്കാൻ നടപടി എടുക്കുമോ;

(സി) ജൈവ പച്ചക്കറിയെന്ന് വിശ്വസിപ്പിച്ച് ജനങ്ങളെ കബളിപ്പിക്കുന്നവർക്കെതിരെയും ഇത്തരം വ്യാപാരികൾക്കെതിരെയും കർശന നടപടിയെടുക്കാൻ തയ്യാറാകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ,

(എ) കേരളത്തിലെ പച്ചക്കറി മാർക്കറ്റുകളിൽ നിന്നും ചെക്ക്പോസ്റ്റുകളിൽക്കൂടി കടന്നുവരുന്ന ലോറികളിൽ നിന്നും പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകളിൽ പരിശോധിച്ചുവരുന്നു. ഇതുകൂടാതെ സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധിക്കാറുണ്ട്. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന പരിധിയിൽ കൂടുതലായി കീടനാശിനികളുടെ അളവ് കണ്ടെത്തിയാൽ അവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ സൂപ്പർ മാർക്കറ്റുകൾ, ജൈവപച്ചക്കറി മാർക്കറ്റുകൾ എന്നിവയിൽ നിന്നുൾപ്പെടെ ശേഖരിച്ച പച്ചക്കറി സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ നടത്തിയ പരിശോധനയിൽ മാരക കീടനാശിനിസാന്നിദ്ധ്യം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭഷ്യസുരക്ഷാ വകുപ്പിലെ സുരക്ഷാ ഉദ്യോഗസ്ഥരുടെ സഹായത്താൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ അയച്ച് രാസപരിശോധന നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006, ജൈവപച്ചക്കറിക്ക് പ്രത്യേക ഗുണനിലവാര വ്യവസ്ഥകൾ നിർവ്വചിച്ചിട്ടില്ല. എന്നിരുന്നാലും ജൈവപച്ചക്കറികളിൽ കീടനാശിനികളുടെ അംശം കാണാൻ പാടില്ലെന്നതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ കബളിപ്പിക്കുന്ന ലേബലുകൾ (മിസ്ബ്രാൻഡ്) ഉപയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ്സുകൾ എടുക്കാൻ നിർദ്ദേശം നൽകിയിരുന്നു.

ശ്രീ. എസ്. ശർമ്മ: സർ, പ്രധാന ചോദ്യത്തിൽ 'ബി'-യ്ക്ക് ഉത്തരമായി ഭക്ഷ്യസുരക്ഷാ വകുപ്പിലെ സുരക്ഷാ ഉദ്യോഗസ്ഥരുടെ സഹായത്താൽ പച്ചക്കറികൾ ശേഖരിച്ച് പരിശോധിച്ച് കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തിയിരിക്കുന്നു എന്ന് വ്യക്തമാക്കിയിരുന്നു. ഈ പരിശോധനയ്ക്കുള്ള സംവിധാനം ഇപ്പോൾ കോഴിക്കോട്, തൃശ്ശൂർ, വെള്ളായണി, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ മാത്രമാണുള്ളത്. അത്യന്താധുനികമായ പരിശോധനാ സംവിധാനങ്ങളോടുകൂടിയ മൊബൈൽ ക്ലിനിക്കുകൾ രൂപപ്പെടുത്തി പ്രസ്തുത സ്ഥലത്ത് വച്ചുതന്നെ പരിശോധനയിലൂടെ വ്യക്തത വരുത്തി കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുമോ? അതിശക്തമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുന്നു എന്ന പ്രതീതി ജനിപ്പിച്ചാൽ തീർച്ചയായും ഇതിന്റെ വരവ് ഗണ്യമായ രീതിയിൽ കുറയും. അതോടൊപ്പം ജനങ്ങളുടെ സഹകരണംകൂടി ഉറപ്പുവരുത്തിയാൽ ഈ പ്രശ്നം ഒരു പരിധിവരെ കുറച്ചുകൊണ്ടുവരാൻ കഴിയും. അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ ഗവൺമെന്റ് രണ്ട് മൊബൈൽ ലബോറട്ടറികൾ ഇപ്പോൾ ആരംഭിച്ച് അതുപയോഗിച്ചുള്ള പരിശോധന കുറേക്കൂടി കർക്കശമാക്കിയിട്ടുണ്ട്. ലാബുകളുടെ പരിശോധനാ സൗകര്യം വിപുലപ്പെടുത്താനുള്ള ആലോചനയുണ്ട്. ഇപ്പോൾത്തന്നെ കർശനമായ നടപടികളുണ്ടാകുമെന്ന സന്ദേശം എത്തിക്കുന്നതിന് ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അത് കുറച്ചുകൂടി വിപുലമാക്കുകയും ഈ വിഷയത്തിൽ കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

ശ്രീ. എസ്. ശർമ്മ: സർ, ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് പച്ചക്കറികൾ കൂടുതലായി വരുന്നതെന്നാണ് വാർത്തകൾ. അതിർത്തിയിൽ ലോഡ് കയറ്റി വരുമ്പോൾ ടാക്സ് വെട്ടിപ്പുണ്ടോ എന്ന് പരിശോധിക്കുകയും സ്കാൻ ചെയ്യുകയും ചെയ്യുന്നു. ഇതെല്ലാം നല്ലതും അനിവാര്യവുമാണ്. അവ ഫലപ്രദമായി നടപ്പിലാക്കുന്നുമുണ്ട്. പച്ചക്കറികളുടെ കാര്യത്തിൽ അതിർത്തിയിൽ വച്ചുതന്നെ പരിശോധന നടത്താനുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മൊബൈൽ ലാബ് ആരംഭിച്ചതിനുശേഷം ചെക്ക്പോസ്റ്റിൽ വച്ചുതന്നെ പരിശോധന നടത്താനുള്ള സംവിധാനമുണ്ടാക്കുന്നുണ്ട്. ഇതോടൊപ്പം കൃഷി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് അവരുടെ ലബോറട്ടറികളിലും ഇത്തരം പരിശോധന നടത്താനുള്ള സംവിധാനമുണ്ടാക്കുന്നുണ്ട്. ചെക്ക്പോസ്റ്റിൽ വച്ചുതന്നെ പരിശോധന നടത്തുന്നതിലൂടെ ഇത്തരത്തിൽ വിഷാംശമുള്ള പച്ചക്കറികൾ വരുന്നത് ഒരു പരിധിവരെ തടയാൻ സഹായിക്കുമെന്നാണ് കരുതുന്നത്.

ശ്രീ. സി. കൃഷ്ണൻ: സർ, മാരകമായ വിഷാംശങ്ങൾ അടങ്ങിയിട്ടുള്ള ഭക്ഷ്യവസ്തുക്കൾ ധാരാളമായി മാർക്കറ്റിൽ വരുന്നതു സംബന്ധിച്ച് വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. തേയിലയിൽ എൻഡോസൾഫാൻ പോലുള്ള കീടനാശിനികളും

മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി അമോണിയം പോലുള്ള കീടനാശിനികളും ഉപയോഗിക്കുന്നു. ഇതെല്ലാം ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വിഷയങ്ങളാണ്. ഇത്തരം കീടനാശിനികൾ അല്ലെങ്കിൽ വിഷാംശങ്ങൾ കലർന്നിട്ടുള്ള സാധനങ്ങൾ ഉറവിടങ്ങളിലോ വിതരണം ചെയ്യുന്നിടത്തോ ഉപയോഗിക്കുന്നിടത്തോ തടയാൻ ഫലപ്രദമായ നടപടികളുണ്ടാകുമോ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ളത് വസ്തുതയാണ്. ഏതെല്ലാം ഭക്ഷ്യവസ്തുക്കളിലാണ് മായമെന്നുള്ളതാണ് നമ്മളിപ്പോൾ പരിശോധിക്കേണ്ടത്. ചായപ്പൊടിയിൽ മായം ഇല്ലെന്ന് നമുക്ക് തീർത്ത് പറയാൻ സാധിക്കില്ല. എല്ലാ ഭക്ഷ്യവസ്തുക്കളും പരിശോധിക്കുന്നതാണ്. മത്സ്യത്തിൽ Sodium benzoate, Formalin തുടങ്ങിയ രാസവസ്തുക്കൾ അമിതമായി അടങ്ങിയിട്ടുണ്ടെന്നുള്ള പരാതികൾ ലഭ്യമായതിനെത്തുടർന്ന് ഭക്ഷ്യ സുരക്ഷാവകുപ്പ് 'ഓപ്പറേഷൻ സാഗർറാണി' എന്ന പേരിൽ ഒരു പ്രത്യേക പദ്ധതിതന്നെ പ്രഖ്യാപിക്കുകയും മത്സ്യസാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ ചിലതിൽ ഈ രാസവസ്തുക്കളുടെ അംശം കണ്ടെത്തിയിട്ടുള്ളതിനാൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ചെയ്യാൻ ആലോചിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഫിഷറീസ്-ഭക്ഷ്യസുരക്ഷാ വകുപ്പുകളുടെ സംയുക്തയോഗം വിളിച്ചുചേർക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. രജിസ്റ്റർ ചെയ്യാത്ത മത്സ്യകച്ചവടക്കാരെ രജിസ്റ്റർ ചെയ്യിക്കാനുള്ള നടപടി ഫിഷറീസ് വകുപ്പും ലൈസൻസ് കൊടുക്കാനുള്ള നടപടി ഭക്ഷ്യസുരക്ഷാ വകുപ്പും സ്വീകരിക്കുന്നുണ്ട്. പരിശോധനകൾ കുറച്ചുകൂടി കർശനമാക്കാനുള്ള പ്രചരണ പരിപാടികൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കർശനമായ നടപടി സ്വീകരിക്കാൻ വകുപ്പ് തയ്യാറാകുന്നുണ്ട്.

ശ്രീ. ഒ. ആർ. കേളു: സർ, വയനാട്ടിലേയ്ക്കും മധ്യകേരളത്തിലേയ്ക്കും ഏറ്റവും കൂടുതൽ പച്ചക്കറി ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത് കർണ്ണാടകയിലെ മൈസൂരിൽ നിന്നാണ്. അത് കടന്നുവരുന്നത് സുൽത്താൻ ബത്തേരി- ഗുണ്ടൽപ്പേട്ട് വഴിയും തോൽപ്പെട്ടി-ബാവലി വഴിയുമാണ്. അങ്ങനെ വരുന്ന പച്ചക്കറികൾ യാതൊരു പരിശോധനയുമില്ലാതെ യഥേഷ്ടം കടത്തിവിടുന്ന രീതിയാണ് ചെക്ക്പോസ്റ്റുകളിൽ അവലംബിക്കുന്നത്. ഈ ചെക്ക്പോസ്റ്റുകളിൽ ഭാവിയിൽ ഒരു പരിശോധനാ കേന്ദ്രം തുറക്കുന്നതിനുള്ള സംവിധാനമുണ്ടാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ നേരത്തെ പറഞ്ഞ കാര്യമാണ്, കർണ്ണാടകയിൽ നിന്നും തമിഴ്നാട്ടിൽ നിന്നുമെല്ലാം വരുന്ന പച്ചക്കറികൾ ചെക്ക്പോസ്റ്റിൽ വച്ചുതന്നെ പരിശോധിക്കാനുള്ള സംവിധാനം മൊബൈൽ യൂണിറ്റുകൾ വഴി സജ്ജമാക്കുന്നതാണ്.

ശ്രീ. പി. ഉണ്ണി: സർ, സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന കുപ്പിവെള്ളത്തിന്റെ (മിനറൽ വാട്ടർ) ഗുണനിലവാരത്തെ സംബന്ധിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ; ആരാണ് ഈ പരിശോധന നടത്തുന്നത്; പലപ്പോഴും പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തെക്കുറിച്ച് നടക്കുന്ന ചർച്ചാവേദികളിലും സെമിനാറുകളിലുമൊക്കെ പ്ലാസ്റ്റിക് വിരുദ്ധമെന്ന് പ്രസംഗിക്കുകയും മേശപ്പുറത്ത് പ്ലാസ്റ്റിക്കിന്റെ കുപ്പിവെള്ളവുമാണ് കാണാറുള്ളത്. ഈ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രസക്തമാണ്. പക്ഷേ ഇപ്പോഴത്തെ വിഷയം പച്ചക്കറി സംബന്ധിച്ചാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കുടിവെള്ളത്തിന്റെ സാമ്പിളുകളും പരിശോധിക്കാവുന്നതാണ്. മുൻകാലങ്ങളിൽ നടത്തിയ പരിശോധനകളിൽ അപൂർവ്വം ചില സാമ്പിളുകളിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും അത്തരത്തിലുള്ള പരിശോധനകൾ നടത്താവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊക്കകോളയിലെ പെസ്റ്റിസൈഡ് റെസിഡ്യൂ പഠിക്കാനായി പാർലമെന്റിൽ ശ്രീ. ശരദ് പവാർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയിലെ അംഗമായിരുന്നു ഞാൻ. കാര്യങ്ങൾ പരിശോധിച്ചപ്പോൾ വളരെ ഞെട്ടിപ്പിക്കുന്ന വസ്തുതകളാണ് പുറത്തുവന്നത്. നമ്മൾ ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളിലും പെസ്റ്റിസൈഡ് റെസിഡ്യൂ വളരെ കൂടുതലാണ്. മൈസൂരിലും കൊൽക്കത്തയിലുമാണ് സെൻട്രൽ ലബോറട്ടറികൾ നിലവിലുള്ളത്. പച്ചക്കറിയുൾപ്പെടെയുള്ള ഏത് സാധനം ഉൽപ്പാദിപ്പിക്കുമ്പോഴാണെങ്കിലും പെസ്റ്റിസൈഡും രാസവളങ്ങളും ഉപയോഗിക്കേണ്ടിവരും. പക്ഷേ അതിന് ക്രമമുണ്ട്. ആ ക്രമം തെറ്റിച്ച് അമിതമായ ഉപയോഗംമൂലം ഹാർഡ് മെറ്റൽ ഇതിലുണ്ടാവുകയും ശരീരത്തിലേക്ക് പ്രവേശിക്കുകയും മാരകമായ അസുഖങ്ങളുണ്ടാവുകയും ചെയ്യുന്നു. അതുകൊണ്ട് കൃഷി വകുപ്പും ആരോഗ്യ വകുപ്പും ചേർന്ന് കർഷകരോട് മിതമായ നിരക്കിൽ പെസ്റ്റിസൈഡും രാസവളങ്ങളും ഉപയോഗിക്കണമെന്ന നിർദ്ദേശം നൽകണം. ഒറ്റയടിക്ക് ജൈവ വളത്തിലേക്ക് മാറാൻ കഴിയില്ല. ഫ്രാൻസുപോലും ഇത്തരത്തിൽ മുഴുവനായി മാറാൻ 20 വർഷമെടുത്തു. അപ്പോൾ ആരോഗ്യ വകുപ്പും കൃഷി വകുപ്പുംകൂടി ചേർന്ന് പെസ്റ്റിസൈഡ് റെസിഡ്യൂ ഭക്ഷണ പദാർത്ഥങ്ങളിൽ അല്ലെങ്കിൽ സസ്യങ്ങളിൽ കുറഞ്ഞ അളവിൽ വരത്തക്ക നിലയിലുള്ള ഒരു ബോധവൽക്കരണ പരിപാടിയും സംയുക്തമായ പ്രവർത്തനങ്ങളും നടത്തുമോ എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യം ശ്രദ്ധേയമാണ്. പെസ്റ്റിസൈഡ് റെസിഡ്യൂവിന്റെ അളവ് ഒരു നിശ്ചിത ശതമാനത്തിൽ കൂടുമ്പോഴാണ് അത് കുറ്റകരമായി വരുന്നത്. അത് പരിശോധിച്ച് കൂടുതലാകുമ്പോൾ നടപടിയെടുക്കണം. ഇതിൽ എഫ്.എസ്.എസ്.എ.ഐ. ആണ് അഖിലേന്ത്യാടിസ്ഥാനത്തിൽ ഇത്തരം സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നത്. അവിടെക്കൂടി ഇക്കാര്യത്തിൽ നിയന്ത്രണമുണ്ടായാൽ മാത്രമേ പൂർണ്ണമായി നമുക്ക് ഇക്കാര്യങ്ങൾ നിയന്ത്രിക്കാൻ സാധിക്കൂ. ഏതായാലും നമുക്കിത് കണ്ടുപിടിച്ചാൽ സെൻട്രൽ ഗവൺമെന്റുമായി ബന്ധപ്പെട്ട് വേണ്ട കാര്യങ്ങൾ ചെയ്യാൻ സാധിക്കു മെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കൃഷി വകുപ്പുകൂടി ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. 2015-16 ലെ കണക്കുപ്രകാരം കേരളത്തിൽ 1250 മെട്രിക് ടൺ പെസ്റ്റിസൈഡ്സാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ഇത്രയും പെസ്റ്റിസൈഡ്സ് ഉപയോഗിക്കേണ്ട കൃഷിയിടം നമുക്കില്ല. 1968-ലെ പെസ്റ്റിസൈഡ്സ് കൺട്രോൾ ഓർഡർ അനുസരിച്ചല്ല ഇവിടെ പെസ്റ്റിസൈഡ്സ് ഉപയോഗിക്കുന്നത്. ഇവിടെ കൺട്രോൾഡ് പെസ്റ്റിസൈഡ്സും നിരോധിച്ച പെസ്റ്റിസൈഡ്സുമെല്ലാം വ്യാപകമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യർക്ക് രോഗം വരുമ്പോൾ അതിന് ചികിത്സ നിശ്ചയിക്കുന്നത് ഡോക്ടർമാരാണ് എന്നതുപോലെ സസ്യജാലങ്ങൾക്കും കൃഷിയിടങ്ങളിലും രോഗങ്ങൾ വരുമ്പോൾ അത് നിശ്ചയിക്കേണ്ടത് കൃഷി ഓഫീസർമാരാണ്. എന്നാൽ അതിനുപകരം പെസ്റ്റിസൈഡ്സ് കമ്പനികൾ നേരിട്ട്, ഈ നിയമത്തിന് വിരുദ്ധമായി കൃഷിയിടങ്ങളിൽ പോയി ഡെമോൺസ്ട്രേഷൻ നടത്തി അളവിൽക്കൂടുതൽ ഇതുപയോഗിക്കാൻ കർഷകരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ആ സാഹചര്യത്തിൽ ശക്തമായ നിലയിൽ ഈ പ്രശ്നത്തിലിടപെടാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ യോഗം ചേരുകയും 20 നിർദ്ദേശങ്ങളടങ്ങിയ ഒരു സർക്കുലർ പുറപ്പെടുവിക്കുകയും ഒരു എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കൃഷിയിടങ്ങളിൽ പെസ്റ്റിസൈഡ്സ് കമ്പനികൾ നേരിട്ട് ഡെമോൺസ്ട്രേഷൻ നടത്തുന്നത് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. കൂടാതെ കൃഷി ആഫീസറുടെ പ്രിസ്ക്രിപ്ഷൻ ഉണ്ടെങ്കിൽ മാത്രമേ റീട്ടെയിൽ കമ്പനി ഷോപ്പുകളിൽനിന്നും പെസ്റ്റിസൈഡ്സ് കൊടുക്കാൻ പാടുള്ളൂ എന്ന നിർദ്ദേശവും കൊടുത്തിട്ടുണ്ട്. അവിടെയുള്ള സ്റ്റോക്ക് രജിസ്റ്റർ മാസത്തിൽ രണ്ട് തവണ പെസ്റ്റിസൈഡ്സ് ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ പരിശോധിച്ച് നിരോധിച്ച കീടനാശിനികളോ റെസ്ട്രിക്റ്റഡായിട്ടുള്ള കീടനാശിനികളോ ഉപയോഗിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കണം. അത് ഏത് കൃഷിക്കുവേണ്ടി ഉപയോഗിച്ചിരിക്കുന്നു,

എത്ര അളവിൽ ഉപയോഗിച്ചിരിക്കുന്നു തുടങ്ങിയ കാര്യങ്ങളെല്ലാം വിശദമായി റിപ്പോർട്ട് ചെയ്യാൻ വേണ്ട സംവിധാനങ്ങൾ അവിടെ ഒരുക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പെസ്റ്റിസൈഡ്സിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. കീടനാശിനിയിലെ വിഷാംശം പരിശോധിക്കാനും നടപടി സ്വീകരിക്കാനും കൃഷി വകുപ്പും ആരോഗ്യ വകുപ്പും സന്നദ്ധമാണ്.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, ജൈവകൃഷിയിലൂടെ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയും പലതും വിൽപ്പനയ്ക്ക് കൊടുക്കുകയും ചെയ്യുന്നുണ്ട്. എന്റെ മണ്ഡലത്തിൽ സർക്കാരിന്റേതായ ഒരു വിൽപ്പന കേന്ദ്രമുണ്ട്. അവിടെ ഏകദേശം 17,000 രൂപയുടെ കച്ചവടം നടക്കുന്നുണ്ട്. അവിടത്തെ കൃഷിക്കാർക്കും അത് വളരെയധികം സഹായം ചെയ്യുന്നുണ്ട്. അതുപോലെ വിഷലിപ്തമല്ലാത്ത പച്ചക്കറികൾക്ക് ഓരോ പഞ്ചായത്തിലും വിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ സാധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഏറ്റവും ഊന്നൽ കൊടുക്കുന്നൊരു വശം ഇതാണ്. ജൈവ പച്ചക്കറി ഉൽപ്പാദിപ്പിക്കുക മാത്രമല്ല അതിന്റെ വിപണന കേന്ദ്രങ്ങൾകൂടി ആരംഭിക്കാനുള്ള പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇപ്പോൾത്തന്നെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആ പ്രവർത്തനം നന്നായി നടന്നുവരുന്നുണ്ട്.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. സുനിൽ കുമാർ)</u>: സർ, 'ഓർഗാനിക് കേരള' എന്ന ബ്രാൻഡിൽ 2017 ഏപ്രിൽ മാസം മുതൽ കൃഷി വകുപ്പുതന്നെ 446 ക്ലസ്റ്ററുകളിലൂടെ Good Agriculture Practice-ന്റെ അടിസ്ഥാനത്തിലുണ്ടാക്കുന്ന ശുദ്ധമായ ജൈവ പച്ചക്കറി നേരിട്ട് കൃഷിക്കാരിൽ നിന്ന് സംഭരിച്ച് ബ്രാൻഡ് ചെയ്തു വിൽക്കുന്ന സംവിധാനം ഏർപ്പെടുത്താൻ പോവുകയാണ്. ആദ്യഘട്ടമെന്ന നിലയിൽ വിഷുക്കാലത്ത് 1086 ഔട്ട്ലെറ്റുകളിലൂടെ ഇതിന്റെ വിതരണം ആരംഭിക്കും. അതിൽ 500 ഔട്ട്ലെറ്റുകളെങ്കിലും സ്ഥിരമായി നിലനിർത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, പച്ചക്കറികളിൽ ധാരാളമായി വിഷാംശം അടങ്ങിയിട്ടുണ്ടെന്നും അതിൽ മായം ചേർക്കുന്നുണ്ടെന്നും എല്ലാവർക്കും അറിയാവുന്നതാണ്. ഈ വിഷയത്തിൽ ഇതുവരെ ഏതെങ്കിലും ആളുകളെ പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ടോ; അങ്ങനെ പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ടെങ്കിൽ ഏതെങ്കിലും കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ചില കേസ്സുകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. നടന്നുകൊണ്ടിരിക്കുന്നതിന് പ്രത്യേക ലിസ്റ്റ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിന് ഉത്തരമായിട്ടെടുക്കാം. ഇപ്പോൾ ചില കേസ്സുകൾ എടുത്തിട്ടുണ്ട്. അതുസംബന്ധിച്ച് വിശദാംശങ്ങൾ അറിയിക്കാം.

ശ്രീ. മുരളി പെരുനെല്ലി: സർ, ചെക്ക്പോസ്റ്റുവഴി കടന്നുവരുന്ന ലോഡുകളുടെ സാമ്പിൾ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് വരുമ്പോഴേയ്ക്കും ഇത്തരം ലോഡുകൾ വഴി വന്ന പച്ചക്കറി മനുഷ്യരുടെ ശരീരത്തിൽ എത്തിക്കഴിഞ്ഞിരിക്കും. ഇത്തരം ഉൽപ്പന്നങ്ങൾതന്നെ ജൈവ പച്ചക്കറി സ്റ്റാളുകളിൽ ജൈവ പച്ചക്കറി എന്ന പേരിൽ വിൽപ്പന നടത്തുന്നുണ്ട്. ഇത് വാങ്ങുന്നവർക്ക് സാമ്പത്തിക നഷ്ടവും ആരോഗ്യപരമായ നഷ്ടവും സംഭവിക്കുന്നുണ്ട്. അത്തരം സ്റ്റാളുകൾ കർക്കശമായി പരിശോധിച്ച് ജൈവ ഉൽപ്പന്നമാണെന്ന് ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പച്ചക്കറികൾ പരിശോധിക്കുമ്പോഴുള്ള മറ്റൊരു ബുദ്ധിമുട്ട് ഇവയുടെ റിസൾട്ട് കിട്ടാൻ മൂന്നുനാല് ദിവസമെങ്കിലും എടുക്കുമെന്നുള്ളതാണ്. പരിശോധനാവേളയിൽത്തന്നെ റിസൾട്ടുണ്ടാക്കാൻ കഴിയുന്ന സംവിധാനങ്ങളില്ല. എവിടെയെങ്കിലും അത്തരത്തിലുള്ള സംവിധാനങ്ങളുണ്ടോ എന്നുള്ള കാര്യം അന്വേഷിച്ചുവരികയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, Good Agriculture Practice (GAP) സർട്ടിഫിക്കേഷൻ സർക്കാർ ആരംഭിക്കാൻ പോകുകയാണ്. ജൈവ പച്ചക്കറി എന്ന പേരിൽ പലപ്പോഴും ജൈവമല്ലാത്ത പച്ചക്കറി വൻതോതിൽ വിറ്റഴിക്കുന്ന പ്രവണത വ്യാപകമായിരിക്കുകയാണ്. അക്കാര്യത്തിലൊരു നിയന്ത്രണം ഏർപ്പെടുത്താൻവേണ്ടി ജി.എ.പി. സർട്ടിഫിക്കേഷനില്ലാത്ത പച്ചക്കറികളൊന്നുംതന്നെ ജൈവ പച്ചക്കറിയാണെന്നു പറഞ്ഞ് വിൽപ്പന നടത്താൻ പറ്റാത്ത വിധത്തിലുള്ളൊരു ലൈസൻസിംഗ് സമ്പ്രദായം ജി.എ.പി. സർട്ടിഫിക്കേഷൻ സംവിധാനം കൃഷി വകുപ്പ് ഏർപ്പെടുത്താൻ പോവുകയാണ്.

മി. സ്പീക്കർ: ജൈവ കൃഷിയിലേയ്ക്ക് മാറാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യത്തിന് ജൈവവളം ലഭ്യമാണോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കുടുംബശ്രീ വഴി വികേന്ദ്രീകൃതമായ രീതിയിൽ ജൈവവളം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. അതുപോലെ ഹരിതകേരളത്തിന്റെ ഭാഗമായി വികേന്ദ്രീകൃതമായ നിലയിൽ ശാസ്ത്രീയമായ രീതിയിലുള്ള ജൈവ വളങ്ങളും ജൈവ കീടനാശിനികളും ഉൽപ്പാദിപ്പിക്കാൻ വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. മാത്രമല്ല, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളായ VFPCK, State Farming Corporation പോലുള്ള സ്ഥാപനങ്ങൾ, സർക്കാരിന്റെ കീഴിലുള്ള 60 ഫാമുകൾ, 14 കെ.വി.കെ.-കൾ എന്നിവയെല്ലാം ചേർന്നുകൊണ്ട് ജൈവ വളങ്ങളും ജൈവ കീടനാശിനികളും ശാസ്ത്രീയമായി ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്താനുള്ള നടപടികളാണ് ഹരിതകേരളത്തിന്റെ ഭാഗമായി കൃഷി വകുപ്പ് ചെയ്യാനുദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനം

4 (*154) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി മെഡിക്കൽ കോളേജിന്റെയും തൃശ്ശൂർ, ആലപ്പുഴ ദന്തൽ കോളേജുകളുടെയും അംഗീകാരം നഷ്ടപ്പെടാനിടയാക്കിയ സാഹചര്യം എന്തായിരുന്നു; അംഗീകാരം തിരികെ നേടിയെടുക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഈ സ്ഥാപനങ്ങളിൽ ഉൾപ്പെടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;വിശദാംശം വെളിപ്പെടുത്താമോ;

(സി) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ഈ സർക്കാർ ഭരണാനുമതി നൽകിയ പദ്ധതികളും അവയ്ക്കായി അനുവദിച്ച തുകയും അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് ഇടുക്കി മെഡിക്കൽ കോളേജിന്റെ 2016-17 അദ്ധ്യയന വർഷത്തെ അംഗീകാരം നഷ്ടപ്പെടാനിടയാക്കിയ സാഹചര്യം. മേൽ പരാമർശിച്ച അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം 2014-15, 2015-16 എന്നീ അദ്ധ്യയന വർഷങ്ങളിലായി ഇടുക്കി മെഡിക്കൽ കോളേജിൽ പ്രവേശനം ലഭിച്ച 100 വിദ്യാർത്ഥികളുടെ (50-50 വീതം) പഠനം മുടങ്ങാതിരിക്കാൻ ടി വിദ്യാർത്ഥികളെ 21-6-2016-ലെ സ.ഉ. (സാധാ)നമ്പർ 1713/2016 ആ.കു.വ., 28-10-2016-ലെ സ.ഉ. (സാധാ) നമ്പർ 2899/2016/ആ.കു.വ. എന്നിവ പ്രകാരം മറ്റ് അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റുകയുണ്ടായി. പ്രസ്തുത മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള

നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പരിഹരിച്ച ശേഷം ടി വിദ്യാർത്ഥികളെ തിരികെ ഇടുക്കി മെഡിക്കൽ കോളേജിലേക്ക് മാറ്റുന്നതാണ്. ഇടുക്കി മെഡിക്കൽ കോളേജിന് മതിയായ കിടക്കകളുള്ള ആശുപത്രി ഉണ്ടായിരുന്നില്ല. ആയതിന് തറക്കല്ലിട്ടു. കെട്ടിടം പണി തുടങ്ങി, അക്കാഡമിക് ബ്ലോക്കിന്റെ പണികൾ പൂർത്തിയായി വരുന്നു. ഹോസ്റ്റൽ, ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ, ആലപ്പുഴ ദന്തൽ കോളേജുകളുടെ 2016-17 അദ്ധ്യയന വർഷത്തെ അംഗീകാരം നഷ്ടപ്പെട്ടിട്ടില്ല. 2016-17 അദ്ധ്യയന വർഷത്തിൽ ടി ദന്തൽ കോളേജുകളിൽ ബി.ഡി.എസ്. കോഴ്സിൽ 50 വീതം സീറ്റുകൾ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. തൃശ്ശൂർ ദന്തൽ കോളേജിൽ 24 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പുതിയ മെഡിക്കൽ കോളേജുകൾക്കുവേണ്ടി മൊത്തം 536 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അവ സംബന്ധിച്ച വിശദാംശം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് ഭരണാനുമതി നൽകിയ പദ്ധതികളും അവയ്ക്കായി അനുവദിച്ച തുകയും അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

## ഗുണനിലവാരമില്ലാത്ത മരുന്നുകൾ

5 (*155) ശ്രീ. എം. നൗഷാദ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത മരുന്നുകൾ വ്യാപകമായി വിൽക്കുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം അവലോകനം ചെയ്തിരുന്നോ; വിശദാംശം അറിയിക്കുമോ;

(ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തുന്ന പരിമിതമായ പരിശോധനയിൽ അഞ്ച് ശതമാനത്തോളം മരുന്നുകൾ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ മരുന്നുകളുടെ നിർമ്മാതാക്കൾക്കും വിതരണക്കാർക്കുമെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പരിശോധനയ്ക്ക് എടുക്കുന്ന മരുന്നുകൾ വിലകൊടുത്തു വാങ്ങേണ്ടതുകൊണ്ട്, വിലകുറഞ്ഞ മരുന്നുകളുടെ സാമ്പിൾ എടുത്ത് എണ്ണം കൂട്ടി കാണിക്കുകയും വില കൂടിയ മരുന്നുകൾ പരിശോധിക്കപ്പെടാതെ പോകുകയും ചെയ്യുന്നുണ്ടെന്ന കാര്യം പരിശോധിച്ചിരുന്നോ; സാമ്പിൾ എടുക്കാനായി നീക്കിവച്ചിരിക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ;

(ഡി) നിലവാരം കുറഞ്ഞതായി പരിശോധനയിൽ കാണുന്ന ബാച്ച് മരുന്നുകൾ വിൽക്കപ്പെടുന്നില്ലെന്നും വിതരണക്കാരിൽ അവ തിരികെയെത്തുന്നുണ്ടോയെന്നും പരിശോധിക്കാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് എന്ത് സംവിധാനമാണ് ഉള്ളതെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) സംസ്ഥാനത്ത് മരുന്നുകളുടെ വിതരണവും ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ/കാര്യക്ഷമത നിരന്തരമായ അവലോകനങ്ങളിലൂടെ ഉറപ്പാക്കുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രധാനമായും എൻഫോഴ്സ്മെന്റ് വിഭാഗവും, പരിശോധനാ വിഭാഗവുമാണുള്ളത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ് മരുന്ന് നിർമ്മിച്ച് വിതരണം ചെയ്ത് വിൽക്കപ്പെടുന്നത് എന്നത് ഉറപ്പുവരുത്തുക, മരുന്ന് നിർമ്മാണ വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന, മരുന്നുകളുടെ സാമ്പിൾ ശേഖരണം, ചട്ടലംഘനങ്ങൾക്കെതിരെ വകുപ്പുതല/നിയമ നടപടികൾ സ്വീകരിക്കുക എന്നിവയാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. എൻഫോഴ്സ്മെന്റ് വിഭാഗം ചട്ടപ്രകാരം ശേഖരിക്കുന്ന സാമ്പിളുകൾ ഫാർമകോപ്പിയ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് റിപ്പോർട്ടുകൾ നൽകുക എന്നതാണ് പരിശോധനാ വിഭാഗത്തിന്റെ ചുമതല. സംസ്ഥാനത്തെ 6 മേഖലകളായി തിരിച്ച് ഓരോ മേഖലയിലേയും അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരാണ് ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ പ്രവർത്തനം അവലോകനം ചെയ്തുവരുന്നത്. കൂടാതെ ഓരോ മേഖലയിലും ഒരു ഇന്റലിജൻസ് ബ്രാഞ്ച് ഡ്രഗ്സ് ഇൻസ്പെക്ടർ മരുന്നുകളുടെ വിതരണം നിരീക്ഷിച്ചുവരുന്നു. വകുപ്പ് തലവനായ ഡ്രഗ്സ് കൺട്രോളർ ആണ് 6 മേഖലകളുടേയും, ഗുണനിലവാര പരിശോധനാ വിഭാഗത്തിന്റെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിരീക്ഷിച്ച് അവലോകനം നടത്തുന്നത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസ്, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ, ഡ്രഗ്സ് & മാജിക് റമഡീസ് ആക്ട് എന്നിവ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയാണ് എൻഫോഴ്സ്മെന്റ് വിഭാഗം ചെയ്യുന്നത്. മേൽ വിവരിച്ച

അവലോകനങ്ങൾ കൂടാതെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയും, അക്കൗണ്ടന്റ് ജനറലും നിരന്തരമായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുന്നുണ്ട്.

(ബി) ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുള്ള മരുന്നുകളെ സംബന്ധിച്ച തുടർ അന്വേഷണം നടത്തിയതിൽ 66 എണ്ണത്തിന് മാത്രമാണ് കേന്ദ്ര ഗവൺമെന്റ് ഇതു സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടുള്ളത്. ബാക്കിയുള്ളവയിൽ അപാകതകൾ പരിഹരിച്ചെടുക്കുന്നതിനുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പിൾ എടുത്ത ഉദ്യോഗസ്ഥൻ റിപ്പോർട്ട് കിട്ടിയ ഉടൻതന്നെ സാമ്പിൾ എടുത്ത സ്ഥലത്തെ മരുന്നുകളുടെ വിൽപ്പന നിർത്തിവെയ്പ്പിക്കുകയും അവയുടെ വിതരണ ശൃംഗല കണ്ടെത്തി ആയത് എവിടെനിന്നെല്ലാം വാങ്ങി എന്നതിനെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച്, ഈ മരുന്ന് ജനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിലേയ്ക്കായുള്ള തുടർ നടപടികൾ ആരംഭിക്കുന്നു.

(സി) വിലകുറഞ്ഞ മരുന്നു സാമ്പിളുകൾ എന്നതിലുപരി പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന അവശ്യ മരുന്നുകൾ റാൻഡം സാമ്പിളുകൾ എടുത്ത് പരിശോധിക്കുന്നതിനാണ് മുൻഗണന നല്കിവരുന്നത്. മരുന്നുകളുടെ ഗുണനിലവാരത്തിൽ സംശയം തോന്നുന്ന സാഹചര്യത്തിലും പരാതികൾ ലഭിക്കുന്ന സാഹചര്യത്തിലും സമയബന്ധിതമായി സാമ്പിളുകൾ ശേഖരിച്ച് സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലേക്ക് പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. ഗുണനിലവാര പരിശോധനയ്ക്ക് സാമ്പിളുകൾ ശേഖരിക്കുന്നതിനായി 4,22,000 രൂപയാണ് ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്നത്.

(ഡി) ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ അനലിറ്റിക്കൽ റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ അതാത് ഡ്രഗ്സ് ഇൻസ്പെക്ടർമാർക്ക് അയച്ചുകൊടുക്കുകയും മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ അധികാരികളെ അറിയിക്കുകയും ചെയ്യുന്നു. സാമ്പിൾ എടുത്ത ഉദ്യോഗസ്ഥൻ റിപ്പോർട്ട് കിട്ടിയ ഉടൻതന്നെ സാമ്പിൾ എടുത്ത സ്ഥലത്തെ മരുന്നുകളുടെ വിൽപ്പന നിർത്തിവെയ്പ്പിക്കുകയും ആയതിന്റെ വിതരണ ശൃംഖല കണ്ടെത്തി എവിടെനിന്നെല്ലാം വാങ്ങി എന്നതിനെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഈ മരുന്ന് ജനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിലേക്കായുള്ള തുടർ നടപടികൾ ആരംഭിക്കുന്നു. കൂടാതെ ഗുണനിലവാരം ഇല്ലാത്തതായുള്ള ടെസ്റ്റ് റിപ്പോർട്ട് കിട്ടിയാലുടൻതന്നെ ടി മരുന്നിന്റെ വിശദാംശങ്ങൾ എസ്.എം.എസ്. വഴി വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നഴ്സുമാർ എന്നിവർക്കും, ആശുപത്രികൾ, മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവർക്കും ലഭ്യമാക്കുന്നുണ്ട്.

ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളെ മേജർ/ മൈനർ ഡിഫെക്ട്സ് കാറ്റഗറിയാക്കി തരംതിരിച്ച് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ മേജർ ഡിഫെക്ട്സ് ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ വകുപ്പ് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മൈനർ ഡിഫെക്ട്സ് ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കളോട് വിശദീകരണം ആവശ്യപ്പെടുകയും തുടർ അന്വേഷണം നടത്തി ഇവർക്കെതിരെ ലൈസൻസ് സസ്പെൻഷൻ/ ക്യാൻസലേഷൻ ഉൾപ്പെടെയുള്ള വകുപ്പ് തല നടപടികളും ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ മേജർ ഡിഫക്ട്സിലും, മൈനർ ഡിഫക്ട്സിലും ഫാർമകോപ്പിയ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളിൽ നിശ്ചിത ഗുണനിലവാരം പുലർത്താതെ വരാനുണ്ടായ കാരണങ്ങൾ വിശദമായന്വേഷിച്ച് പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനും തുടർ ബാച്ചുകളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭിന്നശേഷി ജീവനക്കാരുടെ പ്രശ്നങ്ങൾ

6 (*156) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരിഭാഗം ഭിന്നശേഷി ജീവനക്കാർക്കും 10 വർഷത്തിൽ താഴെ സർവ്വീസും, തുച്ഛമായ പെൻഷനുമാണ് ലഭിക്കുന്നത് എന്ന വസ്തുത കണക്കിലെടുത്ത് ഇത്തരക്കാർക്ക് ചുരുങ്ങിയത് 10 വർഷമെങ്കിലും സർവീസ് ഉറപ്പുവരുത്തുന്നതിന് 1-4-2013-ന് മുമ്പ് നിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പത്താം ശമ്പള കമ്മീഷൻ ഭിന്നശേഷി ജീവനക്കാരുടെ കൺവേയൻസ് അലവൻസ് നിലവിലുള്ള 600 രൂപ നാമമാത്രമായി വർദ്ധിപ്പിച്ച് 800 രൂപയാക്കുക യാണുണ്ടായത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധാരണയായി കൺവേയൻസ് അലവൻസ് ഇരട്ടിയാക്കാറാണ് പതിവ് എന്നത് കണക്കിലെടുത്ത് ഈ ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(സി) 23-2-2016-ലെ സ.ഉ. (പി)1/16/സാ.നീതി.വ, 4-5-2016-ലെ സ.ഉ. (പി)6/16/സാ.നീതി.വ എന്നീ ഉത്തരവുകളിലെ ഭാഷാപ്രയോഗം പല ഉദ്യോഗസ്ഥരും തെറ്റായി വ്യാഖ്യാനിച്ച് വാർഷിക ഇൻക്രിമെന്റുകൾ നിഷേധിക്കുകയും, ചില വകുപ്പുകൾ നൽകിയ ഇൻക്രിമെന്റുകൾ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഭിന്നശേഷി ജീവനക്കാർ സൂപ്പർ ന്യൂമററി തസ്തികയിൽ തന്നെ പെൻഷൻ പറ്റുന്നതുവരെ തുടരണമെന്ന ഉത്തരവിൽ മാറ്റം വരുത്തി, പ്രൊബേഷൻ പൂർത്തീകരിച്ച് മറ്റ് ജീവനക്കാർക്കൊപ്പം തുല്യനീതി ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഭിന്നശേഷി ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച്, മലയോര ജില്ലകളിലടക്കം ബുദ്ധിമുട്ടില്ലാതെ വീടിനടുത്ത് തന്നെ നിയമനം നൽകുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള സർക്കാർ ഉത്തരവുകൾ വകുപ്പുതലവൻമാർ അവഗണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭിന്നശേഷി ജീവനക്കാരോട് ചെയ്യുന്ന ഇത്തരം പീഡനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) ലോക ഭിന്നശേഷി ദിനമായ ഡിസംബർ 3 നിയന്ത്രിത അവധിയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) 1-4-2013-ന് മുമ്പ് നിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി) പരിഗണനയിൽ ഇല്ല.

(സി) വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നതിലെ അവ്യക്തത സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. 18-5-2013-ലെ ജി.ഒ.(പി) 40/13/സാ.നീ.വ ഉത്തരവ് പ്രകാരം തസ്തികകൾ സൃഷ്ടിച്ച് അംഗപരിമിതർക്ക് പുനർനിയമനം നൽകിയിട്ടുള്ളത് പ്രസ്തുത ജീവനക്കാർ പെൻഷൻ ആയി പിരിഞ്ഞുപോകുമ്പോൾ പ്രസ്തുത സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാകുന്ന തരത്തിൽ, ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം പ്രയോഗിച്ച് ഒരു പ്രത്യേക കേസായിട്ടാണ്, അല്ലാതെ റഗുലർ തസ്തികകൾ ഉണ്ടാകുമ്പോൾ സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാകുമെന്ന വ്യവസ്ഥയിലല്ല. പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ടവർ വിരമിച്ച് പോകുമ്പോൾ പ്രസ്തുത തസ്തികകൾ ഇല്ലാതാകുമെന്ന തരത്തിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചാണ് ഇവർക്ക് പുനർനിയമനം നൽകിയിട്ടുള്ളത്. ആയതിനാൽ സർവ്വീസ് റഗുലറൈസേഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കാൻ സാധിക്കുന്നതല്ല. ആയതിനാൽ പ്രൊബേഷൻ പൂർത്തീകരിച്ച് നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

## സദാചാര പോലീസ്

7 (*157) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സദാചാര പോലീസ് എന്ന അപരനാമത്തിലറിയപ്പെടുന്ന ഗുണ്ടാ സംഘങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം ജനവിരുദ്ധ പ്രവർത്തനങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്ന മത സൗഹാർദ്ദ അന്തരീക്ഷം അട്ടിമറിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണോ എന്ന് പരിശോധിക്കുമോ;

(സി) വിദ്യാർത്ഥികൾക്കിടയിൽപ്പോലും ഈ പ്രവണത കടന്നുകൂടിയിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ നടപടി ഉണ്ടാവുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ - സി) സദാചാരം സംരക്ഷിക്കാൻ എന്ന പേരിൽ പൊതുസ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും വച്ച് ചില അക്രമപ്രവർത്തനങ്ങൾ ചെറുസംഘങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ഘട്ടങ്ങളിലെല്ലാം പോലീസ് നീതിപൂർവ്വമായ അന്വേഷണം നടത്തുകയും പ്രതികൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ സാധാരണ നടക്കാൻ സാധ്യതയുള്ള പൊതുസ്ഥലങ്ങളിൽ ഇത് തടയുന്നതിന് ഫീൽഡ് ലെവൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. പരാതിക്കാർക്ക് ആവശ്യമായ പരിരക്ഷ നല്കുന്നതിനും നീതി ഉറപ്പാക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. അതോടൊപ്പംതന്നെ ചെറുപ്പക്കാർക്കിടയിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് ഇത്തരം സംഭവങ്ങൾ സമൂഹത്തിൽ നിന്ന് ഒഴിവാക്കുവാൻ സർക്കാർ നടപടികൾ കൈക്കൊള്ളുന്നതാണ്.

**പുതിയ റേഷൻകാർഡ് തയ്യാറാക്കുന്നതിലെ കാലതാമസം**

8 (*158) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യഭദ്രതാ നിയമ പ്രകാരമുള്ള മുൻഗണനാ പട്ടിക തെറ്റുതിരുത്തി പ്രസിദ്ധപ്പെടുത്തുന്നതിൽ വരുന്ന കാലതാമസം, റേഷൻ കാർഡിന്റെ അച്ചടിയെയും വിതരണത്തെയും എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പുതുക്കിയ റേഷൻ കാർഡിന് അർഹതയുള്ള കുടുംബങ്ങൾ അതു ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ ഗൗരവപൂർവ്വം കാണുന്നുണ്ടോ;

(സി) എങ്കിൽ പുതുക്കിയതും കുറ്റമറ്റതുമായ റേഷൻ കാർഡുകൾ തയ്യാറാക്കുന്ന നടപടികൾ വേഗത്തിലാക്കി അത് വിതരണത്തിന് സജ്ജമാക്കാമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക 20-10-2016-ന് പ്രസിദ്ധീകരിക്കുകയും 20-10-2016 മുതൽ 5-11-2016 വരെ കരട് പട്ടികയിൻമേൽ ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ നൽകുവാൻ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി അധ്യക്ഷനായ വെരിഫിക്കേഷൻ കമ്മറ്റി മുമ്പാകെ ഹിയറിംഗിനായി വിളിക്കുകയും ടി കമ്മറ്റിയുടെ തീരുമാനത്തിൽ ആക്ഷേപമുണ്ടെങ്കിൽ ജില്ലാ കളക്ടർ അധ്യക്ഷനായ അപ്പീൽ കമ്മറ്റി മുമ്പാകെ സമർപ്പിക്കുവാൻ അവസരം ഒരുക്കുകയും പരാതികൾ പരിഹരിച്ച് 10-2-2017-ന് അന്തിമ പട്ടിക പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടിക അംഗീകാരത്തോടെ എത്രയുംവേഗം തിരികെ ലഭ്യമാക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. മാർച്ച് മാസം തന്നെ കാർഡുകൾ അച്ചടിച്ച് വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള റേഷൻകാർഡ് ക്യാൻസൽ ചെയ്തിട്ടില്ല. അതിനാൽ റേഷൻ വാങ്ങുന്നതിനും മറ്റെല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013, 1-11-2016 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. കരട് മുൻഗണനാ

പട്ടികയിൽ ഉൾപ്പെട്ട കാർഡിലെ അംഗങ്ങൾക്ക് 5 കിലോഗ്രാം ഭക്ഷ്യ ധാന്യവും എ.എ.വൈ. വിഭാഗത്തിന് കാർഡൊന്നിന് 35 കി.ഗ്രാം ഭക്ഷ്യ ധാന്യവും 1-11-2016 മുതൽ നൽകിവരുന്നു.

(സി) റേഷൻ കാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. 2017 മാർച്ച് മാസത്തോടുകൂടി വിതരണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ക്രമസമാധാനം ഉറപ്പാക്കാൻ നടപടി**

9 (*159) ശ്രീ. എം. സ്വരാജ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. മുകേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമാ നടിയെ ക്വട്ടേഷൻ സംഘം തട്ടിക്കൊണ്ടുപോയ സംഭവത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഗുണ്ടാ പ്രവർത്തനത്തിലും സാമൂഹ്യവിരുദ്ധ പ്രവർത്തനത്തിലും ഏർപ്പെടുന്നവരെ അമർച്ച ചെയ്യാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് വിഘാതമുണ്ടാക്കുന്ന സ്ഥിരം കുറ്റവാളികളെ നിരന്തരം നിരീക്ഷണ വിധേയമാക്കി ക്രമസമാധാനം ഉറപ്പാക്കാൻ നടപടിയെടുക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും, അവരിൽ സുരക്ഷാ അവബോധം സൃഷ്ടിക്കുന്നതിനും, സ്ത്രീകൾക്കും, കുട്ടികൾക്കും നിർഭയം സഞ്ചരിക്കുന്നതിനും പോലീസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് സ്ത്രീകളുടേയും, കുട്ടികളുടേയും സുരക്ഷയ്ക്കായും അവർക്കെതിരെ ഉണ്ടാകുന്ന പീഡനങ്ങൾ, ആക്രമണങ്ങൾ, ചൂഷണം എന്നിവ തടയുന്നതിനുമായി പിങ്ക് പോലീസ് പട്രോൾ, ഓപ്പറേഷൻ വാത്സല്യ, നിർഭയകേരളം, സുരക്ഷിത കേരളം എന്നീ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സ്ത്രീകളെയും, കുട്ടികളെയും ഭിക്ഷാടനത്തിനും വേശ്യാവൃത്തിയ്ക്കുമായി കടത്തിക്കൊണ്ടുപോകുന്നത് കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി Anti Human Trafficking Unit-കൾ (AHTU) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

Anti Human Trafficking Unit-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം സ്പെഷ്യൽ ഡ്രൈവുകൾ നടത്തിയും ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തിയും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നു. കൂടാതെ രാത്രികാല ചെക്കിംഗും ബസ്സ്റ്റാന്റുകൾ, റെയിൽവേസ്റ്റേഷനുകൾ, മറ്റ് തിരക്കുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി ജാഗ്രത പുലർത്തി വരുന്നു.

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ 1-11-2016-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 08/2016 പ്രകാരം ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ആന്റി ഗുണ്ടാ സ്ക്വാഡും (SAGS), എല്ലാ ജില്ലകളിലും ഗുണ്ടാ വിരുദ്ധ സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. ഗുണ്ടകളെക്കുറിച്ചുള്ള വിവരങ്ങൾ സ്റ്റേഷൻ റിക്കാർഡുകൾ പരിശോധിച്ചും ഗുണ്ടാ വിരുദ്ധ സ്ക്വാഡിനെക്കൊണ്ട് അന്വേഷിപ്പിച്ചും, വിശ്വസ്തരായ ആളുകളിൽ നിന്ന് നേരിട്ട് വിവരങ്ങൾ ശേഖരിച്ചും KAAPA നിയമത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ ടി നിയമപ്രകാരം കരുതൽ നടപടികൾ സ്വീകരിക്കുകയും ഇവർ ഉൾപ്പെട്ട കേസിൽ പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കൂടാതെ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, ഷാഡോ പോലീസ്, ലോക്കൽ പോലീസ്, രഹസ്യാന്വേഷണ വിഭാഗങ്ങൾ എന്നിവർക്ക് കർശന നിർദ്ദേശങ്ങൾ നൽകുകയും ആയതിന് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

(സി) നിരന്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുന്നവരെ സസൂക്ഷ്മമായി നിരീക്ഷിക്കുകയും അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തടയുന്നതിനായി ക്രമിനൽ നടപടി ക്രമത്തിലെയും, KAAPA നിയമത്തിന്റേയും പരിധിയിൽ വരുന്നതാണെങ്കിൽ ടി നിയമപ്രകാരവും കരുതൽ നടപടികൾ സ്വീകരിക്കുകയും ഇവർ ഉൾപ്പെട്ട കേസിൽ പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന ഗുണ്ടാ സംഘങ്ങൾക്കെതിരെയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. Circular No.24/2009 പ്രകാരം KAAPA Act നടപ്പിലാക്കുന്നതിന്റെ Nodel Officer ആയി സംസ്ഥാന രഹസ്യാന്വേഷണ വിഭാഗം മേധാവിയെ നിയമിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ KAAPA Act-ൽ സെക്ഷൻ 3 പ്രകാരം ജില്ലാ മജിസ്ട്രേറ്റിനും, സെക്ഷൻ 15 പ്രകാരം റേഞ്ച് ഐ.ജി മാർക്കും സംസ്ഥാന രഹസ്യാന്വേഷണ മേധാവി നിയമപരമായ എല്ലാ നടപടികളും താമസംവിനാ തീർപ്പുകൽപ്പിച്ച് ഉത്തരവിറക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 19-2-2017

മുതൽ 26-2-2017 വരെ ഗുണ്ടകൾക്കെതിരെ രഹസ്യാന്വേഷണ മേധാവിയുടെ നിർദ്ദേശാനുസരണം പുതുതായി 58 റൗഡികളുടേയും 151 CrPC പ്രകാരം 1006 പേരെയും, 107 CrPC പ്രകാരം 133 പേരെയും 110 (E) CrPC പ്രകാരം 2 പേരെയും KAAPA പ്രകാരം 7 ഗുണ്ടകൾക്ക് എതിരെയും നടപടികൾ എടുത്തിട്ടുള്ളതാണ്. തുടർന്നും ഗുണ്ടകൾക്കെതിരെ ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നു.

**ഹോട്ടൽ ഭക്ഷണത്തിന്റെ വിലനിയന്ത്രണം**

10 (*160) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള വർദ്ധനവിന്റെ മറവിൽ ഹോട്ടലുകൾ ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അമിത വില ഈടാക്കുന്ന ഹോട്ടലുകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അമിത വില ഈടാക്കുന്നത് തടയുവാൻ ഹോട്ടൽ വില ഏകീകരണത്തിനായി നിയമനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അമിതവില ഈടാക്കുന്ന ഹോട്ടലുകളിൽ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉപഭോക്താക്കൾ കാണത്തക്കവിധത്തിൽ വിലവിവര പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ, വിലവിവര പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of prices by catering establishment) order, 1980-ലെ Kerala essential commidities (Maintenance of account and display of price and stock) order എന്നിവ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നല്കിയ "2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഈ വിഷയത്തിൻമേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള മുൻഗണനാപ്പട്ടിക**

11 (*161) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള സംസ്ഥാനത്തിന്റെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ട ആളുകളുടെ എണ്ണം 1.54 കോടിയായി നിശ്ചയിച്ചത് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത മുൻഗണനാപ്പട്ടിക രൂപപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിന് ഏതെല്ലാം രേഖകളാണ് അടിസ്ഥാനമാക്കിയത് എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമ, നഗരം വേർതിരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായിട്ടുള്ള മാർഗ്ഗ നിർദ്ദേശം കേന്ദ്ര സർക്കാരാണ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ സംസ്ഥാനത്തിന്റേയും സാമൂഹിക സാമ്പത്തിക അവസ്ഥ കണക്കിലെടുത്താണ് ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ 2011-ലെ സെൻസസ് പ്രകാരമുള്ള 3.34 കോടി ജനങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള 52.63%-ഉം നഗരപ്രദേശങ്ങളിലെ 39.5%-ഉം ഉൾപ്പെടെ 1.54 കോടി ജനങ്ങളെയാണ് മുൻഗനണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) സിവിൽ സപ്ലൈസ് വകുപ്പാണ് മാനദണ്ഡങ്ങൾ തയ്യാറാക്കിയത്. സർക്കാരിന്റെ 14-1-2011-ലെ സ.ഉ. (കൈ) നമ്പർ16/2011/ത.സ്വ.ഭ.വ വകുപ്പിലെ റാങ്കിംഗ് മാനദണ്ഡങ്ങളും 27-4-2012-ലെ സ.ഉ (കൈ)നമ്പർ 112/2012/ത.സ്വ.ഭ.വ, 3-12-2015-ലെ സ.ഉ (സാധാ) 392/15/ഭ.സി.സ.വ 21-7-2015-ലെ 236750/ ബി3/15/ ഭ.സി.സ.വ കത്ത്, 13-10-2016-ലെ സ.ഉ (കൈ) നമ്പർ 16/2016 ഭ.പൊ.വി.വ എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കരട് മുൻഗണനാ പട്ടികയിലുള്ളവരെ കണ്ടെത്തിയിട്ടുള്ളത്.

(സി) റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള 14-1-2011-ലെ സ.ഉ (കൈ) നമ്പർ16/2011/ത.സ്വ.ഭ.വ വകുപ്പിലെ റാങ്കിംഗ് മാനദണ്ഡങ്ങളും 27-4-2012-ലെ സ.ഉ (കൈ) നമ്പർ 112/2012/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരവുമാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

## ആഹാരപദാർത്ഥങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം

12 (*162) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ദാസൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴം, പച്ചക്കറി, മത്സ്യം എന്നിവയിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവയ്ക്കുന്ന രാസവസ്തുക്കൾ വ്യാപകമായി ചേർക്കുന്നുണ്ടെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഇത് കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) ഇത്തരം ആഹാര പദാർത്ഥങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സജ്ജീകരണങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ;

(സി) രാസവസ്തുക്കൾ ചേർത്ത പഴം, പച്ചക്കറി, മത്സ്യം എന്നിവ വിൽക്കുന്നവർക്കും വിതരണക്കാർക്കുമെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഉണ്ട്. കീടനാശിനികൾ അമിതമായി തളിച്ച പച്ചക്കറികൾ പ്രധാനമായും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേയ്ക്ക് എത്തുന്നത്. കേരളത്തിലെ വിപണികളിൽ നിന്നും, ചെക്ക് പോസ്റ്റുകളിൽക്കൂടി വരുന്ന ലോറികളിൽ നിന്നും പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സുരക്ഷാ ലാബുകളിൽ അയച്ച് പരിശോധിച്ചു വരുന്നു. ഇതുകൂടാതെ പച്ചക്കറി സാമ്പിളുകൾ തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധിക്കാറുണ്ട്. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന പരിധിയിലും കൂടുതലായി കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യത്തിൽ മനുഷ്യശരീരത്തിന് ഹാനികരമായ സോഡിയം ബെൻസ്വയേറ്റ്, ഫോർമാലിൻ എന്നീ രാസവസ്തുക്കൾ ചേർക്കുന്നു എന്നുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ഫിഷറീസ് വകുപ്പ്, കേരള യൂണിവേഴ്സിറ്റിയുടെ ഫിഷറീസ് & ഓഷിയാനിക് സയൻസ് വകുപ്പ്, മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് അതോറിറ്റി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥൻമാരുടെ യോഗം ഭക്ഷ്യസുരക്ഷാ കമ്മീഷണർ വിളിച്ചു കൂട്ടുകയും മത്സ്യത്തിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടുകൂടി ഓപ്പറേഷൻ സാഗർ റാണി എന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ മത്സ്യം ലേലംചെയ്യുകയും വിപണനം നടത്തുകയും ചെയ്യുന്ന കേന്ദ്രങ്ങളിൽ നിന്ന് മത്സ്യവും, മത്സ്യത്തിൽ ചേർക്കുന്ന ഐസ്സും ഉൾപ്പെടെ 490 സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുകയുണ്ടായി. ഈ സാമ്പിളുകൾ കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ലാബുകളിലാണ് പരിശോധന നടത്തിയത്. ലഭിച്ച പരിശോധന ഫലങ്ങളിൽ 5 സാമ്പിളുകളിൽ സോഡിയംബെൻസ്വയേറ്റിന്റേയും 19 സാമ്പിളുകളിൽ ഫോർമാലിന്റേയും സാന്നിദ്ധ്യം കണ്ടെത്തുകയുണ്ടായി. 58 ഐസ്സ് സാമ്പിളുകൾ പരിശോധിച്ചതിൽ 11 എണ്ണത്തിൽ ഫോർമാലിന്റെ അംശം കണ്ടെത്തുകയുണ്ടായി.

ഇതേ തുടർന്ന് സാഗർ റാണിയുടെ രണ്ടാംഘട്ടത്തിൽ ഉപഭോക്താക്കളെയും, മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും പൂർണ്ണമായും ബോധവത്ക്കരിക്കുന്നതിനായി ഓരോ ജില്ലകളിലും മിനിമം 3 ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

ഇതുകൂടാതെ ബോധവത്ക്കരിക്കുന്നതിനായി ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു. മത്സ്യ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഫുഡ് സേഫ്റ്റി ലൈസൻസ്/രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് ഉദ്യോഗസ്ഥൻമാരുടെ പങ്കാളിത്തത്തോടുകൂടി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ഫുഡ് സേഫ്റ്റി ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടെത്തുന്നതിനും അവരെക്കൊണ്ട് അത് എടുപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) ഇത്തരം ആഹാര പദാർത്ഥങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ അത്യാധുനിക ഉപകരണമായ ഗ്യാസ് ക്രോമോറ്റോ ഗ്രാഫ് മാസ് സ്പെക്ട്രോഫോട്ടോ മീറ്റർ എന്ന ഉപകരണമാണ് ഉപയോഗിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ലാബിലും ഈ ഉപകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) പഴം, പച്ചക്കറി, എന്നിവയുടെ സാമ്പിളുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, ചെക്ക് പോസ്റ്റുകളിൽ കടന്നുപോകുന്ന വാഹനങ്ങളിൽ നിന്നും ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ലാബുകളിൽ അയച്ച് പരിശോധിച്ച് വരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ ഗുണനിലവാര നിയമം അനുശാസിക്കുന്ന അളവിനേക്കാൾ കൂടുതലായി കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യത്തിലെ രാസവസ്തുക്കൾ കണ്ടെത്തുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിവിധയിനം മത്സ്യത്തിന്റെയും ഐസിന്റെയും 490 സാമ്പിളുകൾ ശേഖരിച്ച് കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ സർക്കാർ അനലിറ്റിക്കൽ ലാബുകളിലും പരിശോധന നടത്തിയിട്ടുണ്ട്.

## മരുന്നുവില നിയന്ത്രിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ

13 (*163) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മരുന്നുവില നിയന്ത്രിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയാണ് ;

(ബി) കാരുണ്യ ഫാർമസികൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ സർക്കാർ എത്ര കാരുണ്യ ഫാർമസികൾ അനുവദിച്ചെന്നും നിലവിൽ ആകെ എത്രയെണ്ണം ഉണ്ടെന്നും അറിയിക്കാമോ;

(സി) ഇത്തരം ഫാർമസികളിൽ അവശ്യ മരുന്നുകൾ പലതും ലഭ്യമല്ലെന്ന പരാതി പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) കാരുണ്യയുടെ വിലവിവരപ്പട്ടിക പ്രകാരം വിലകൂടിയ വിവിധ മരുന്നുകൾക്ക് പരമാവധി വില്പനവിലയുടെ പത്ത് ശതമാനത്തിൽ താഴെ മാത്രമേ യഥാർത്ഥ വിലയുള്ളൂ എന്നിരിക്കെ യാതൊരു നീതികരണവുമില്ലാതെ വില പരമാവധി കൂട്ടി നിശ്ചയിച്ച് രോഗികളെ കൊള്ളയടിക്കുന്ന കമ്പനികൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സാധ്യമാണോ എന്നറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) കേന്ദ്ര അവശ്യവസ്തു നിയമത്തിന്റെ ( Essential Commodities Act) പരിധിയിൽ നിന്നുകൊണ്ട് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO 2013) പ്രകാരം കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിനു കീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) ആണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാരമില്ല. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വില്ക്കപ്പെടുന്നില്ലെന്നും ജീവൻ രക്ഷാ മരുന്നുകൾ സുലഭമായി ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. രാജ്യത്ത് ലഭ്യമാകുന്ന ഭൂരിഭാഗം മരുന്നുകളുടെയും വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന 348 മരുന്നുകളുൾപ്പെട്ട നാഷണൽ ലിസ്റ്റ് ഓഫ് എസെൻഷ്യൽ മെഡിസിൻസ് 2011 (NLEM 2011) ഭേദഗതി ചെയ്ത് 377 ഇനം മരുന്നുകൾ ദേശീയ അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത മരുന്നുകളുടേയും അവയുടെ വിവിധ ഫോർമുലേഷനുകളുടേയും വില, ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി വിവിധ ഗസറ്റ് വിജ്ഞാപന ങ്ങളിലൂടെ ഘട്ടംഘട്ടമായി നിശ്ചയിച്ചുറപ്പിച്ചു വരുന്നു. 2013 ജൂലൈ മുതൽ നാളിതുവരെ അവശ്യ മരുന്നുകളുടെ 880-ഓളം വ്യത്യസ്ത ഫോർമുലേഷനുകളുടെ വില നിശ്ചയിച്ചുറപ്പിച്ചു കഴിഞ്ഞു. ബാക്കിയുള്ള ഫോർമുലേഷനുകളുടെ വില നിയന്ത്ര ണത്തിനുള്ള നടപടികൾ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നടത്തി വരുന്നു. വില നിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ (De-controlled Formulations) വിലയിൽ വർഷം തോറും 10% വർദ്ധനവ് നടത്തുവാൻ നിർമ്മാതാക്കൾക്ക് ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ അനുവാദമുണ്ട്.

ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനകളിലും പരാതികളുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലും മരുന്നുവില പരിധി ലംഘിക്കുന്നതായി കാണുന്ന മരുന്ന് നിർമ്മാതാക്കളുടെ വിശദാംശങ്ങൾ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നുണ്ട്. 2016-ൽ ഇത്തരത്തിൽ പതിനഞ്ച് മരുന്നുകളുടെ വിശദാംശങ്ങൾ വകുപ്പ് അനന്തര നടപടികൾക്കായി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം നിയമലംഘനങ്ങളിൻമേൽ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നേരിട്ട് നിർമ്മാതാക്കൾക്ക് നോട്ടീസ് നൽകി, മരുന്ന് ബാച്ചുകളുടെ വിവരങ്ങൾ ശേഖരിച്ച് അമിതവില ഈടാക്കിയ തുക മുഴുവനും കേന്ദ്ര സർക്കാരിലേക്ക് അടപ്പിക്കുന്നതിനാവശ്യമായ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. വിലപരിധി നിയന്ത്രണം മറികടന്നുള്ള മരുന്നുവിൽപ്പന ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യവസ്തു നിയമം അനുശാസിക്കുന്ന പ്രകാരം വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ഔഷധവില നിയന്ത്രണ സമിതിയുടെ പ്രൈസ് മോണിറ്ററിംഗ് റിസോഴ്സ് യൂണിറ്റ് സംസ്ഥാനതലത്തിൽ പ്രാവർത്തികമാകുന്നതോടുകൂടി വകുപ്പിന് കൂടുതൽ ഫലപ്രദമായ രീതിയിൽ അവശ്യമരുന്നുകളുടെ ലഭ്യതയും വില നിയന്ത്രണവും ഉറപ്പാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 5 പുതിയ കാരുണ്യ ഫാർമസികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 11 കാരുണ്യ ഫാർമസികൾ കൂടി പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ട്. നിലവിൽ മണ്ഡലകാലത്ത് പ്രവർത്തിക്കുന്ന പമ്പ, സന്നിധാനം എന്നിവിടങ്ങളിലേതുൾപ്പെടെ 54 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നു.

(സി) ആവശ്യക്കാരേറെയുള്ള ചിലതരം മരുന്നുകൾക്കും ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്ക് ആവശ്യമായ ചില മരുന്നുകൾക്കും ആപേക്ഷികമായ രീതിയിലുള്ള ചില കുറവുകൾ കാരുണ്യ ഫാർമസികളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിലവിൽ സംഭരിക്കുന്ന മരുന്നുകളെ ആവശ്യക്കാരുടെ എണ്ണം കണക്കിലെടുത്ത്, ഏറ്റവും കൂടുതൽ/മിതമായ രീതിയിൽ/നേരിയ രീതിയിൽ എന്നിങ്ങനെ മൂന്നായി തരംതിരിച്ച്, അവസരോചിതമായ ഇടപെടലിലൂടെ കരുതൽ ശേഖരം ഉറപ്പാക്കി, തുടർച്ചയായ മരുന്ന് ലഭ്യത സാധ്യമാകുന്ന തരത്തിലാണ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ഇതുകൂടാതെ സർക്കാർ ആശുപത്രികൾവഴി നടപ്പിലാക്കുന്ന വിവിധതരം കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളായ ജനനി ശിശു സുരക്ഷാ കാര്യക്രമം (JSSK) രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (RSBY), കാരുണ്യ ബെനവലന്റ് ഫണ്ട് മുതലായവയുടെ ഉപഭോക്താക്കളായ രോഗികൾക്ക് നിർദ്ദേശിക്കപ്പെടുന്ന മരുന്നുകളുടെ പട്ടിക, ആശുപത്രികളിലെ ഡോക്ടർമാരിൽ നിന്നും ലഭ്യമാക്കി, അവ

പ്രത്യേകം വാങ്ങി സംഭരിച്ച് അനുസ്യൂതം വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. വിവിധ ജീവൻ രക്ഷാ മരുന്നുകളും ഈ രീതിയിൽ സംഭരിച്ച് വിതരണം ചെയ്തുവരുന്നു.

(ഡി) ഇടനിലക്കാരായ മൊത്തവിതരണക്കാരെ ഒഴിവാക്കി കോമ്പറ്റിറ്റീവ് ടെൻഡർ വഴി നിർമ്മാതാക്കളിൽ നിന്നും മരുന്നുകൾ നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്ന രിതിയാണ് കാരുണ്യ ഫാർമസികളിൽ നടന്നുവരുന്നത്. നീതി, കാരുണ്യ, മാവേലി എന്നീ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ മരുന്നുകളുടെ ലാഭ വിഹിതം കുറച്ചാണ് മരുന്നുകളുടെ പായ്ക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരമാവധി വിലയേക്കാളും കുറഞ്ഞവിലയ്ക്ക് രോഗികൾക്ക് മരുന്നുകൾ വിതരണം നടത്തുന്നത്. ഇത്തരം സ്ഥാപനങ്ങളിൽ മരുന്നുകളുടെ ഡിസ്കൗണ്ട് വില നിശ്ചയിക്കുന്നത് അതാത് പേരന്റ് സ്ഥാപനങ്ങളായ അംഗീകൃത സൊസൈറ്റി/ട്രസ്റ്റ്, കൺസ്യൂമർഫെഡ്, കെ.എം.എസ്.സി.എൽ. എന്നിവരുടെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ്. പൊതുവിപണിയിൽ ടി മരുന്നുകൾ എല്ലാംതന്നെ പായ്ക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരമാവധി ചില്ലറ വിൽപ്പന വിലയിലാണ് (എം.ആർ.പി.) വിതരണം ചെയ്യുന്നത്. മരുന്നിന്റെ യഥാർത്ഥ വിൽപ്പന വിലയേക്കാളും വളരെ വലിയ തോതിൽ എം.ആർ.പി. രേഖപ്പെടുത്തുന്ന രീതിയിൽ മാറ്റം വരുത്തുവാൻ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയ്ക്ക് മാത്രമേ അധികാരമുള്ളൂ. അടിസ്ഥാന അവശ്യ മരുന്നുകളിൽ ഭൂരിഭാഗത്തിന്റേയും വിലനിയന്ത്രണം പ്രാബല്യത്തിൽ വന്നുകഴിഞ്ഞെങ്കിലും സ്പെഷ്യാലിറ്റി മരുന്നുകൾക്ക് ദേശീയ ഔഷധവില നിയന്ത്രണ അതോറിറ്റി വില നിശ്ചയിച്ചുറപ്പിക്കേണ്ടതായുണ്ട്. സമീപ ഭാവിയിൽ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി ഇവയുടെ വിലനിയന്ത്രണവും പ്രാബല്യത്തിൽ വരുത്തുമെന്നാണ് പ്രതീക്ഷ. എന്നിരുന്നാലും വിലനിയന്ത്രണം നിലവിലില്ലാത്ത ഡീകൺട്രോൾഡ് മരുന്നുകൾക്ക് വർഷത്തിൽ 10% മാത്രമേ വിലവർദ്ധനവ് ഔഷധ വില നിയന്ത്രണ അതോറിറ്റി അനുവദിച്ചിട്ടുള്ളൂ. ആയതു കൊണ്ടുതന്നെ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ മുൻകൂർ അനുമതി ഇല്ലാതെയോ യാതൊരു നീതീകരണവുമില്ലാതെയോ മരുന്നുകൾക്ക് വില പരമാവധി കൂട്ടി നിശ്ചയിക്കാനുള്ള അധികാരം നിർമ്മാണ കമ്പനികൾക്കില്ല.

## ആരോഗ്യ സംരക്ഷണ പദ്ധതികൾ

14 (*164) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്തിന്റെ സമഗ്ര വികസനത്തിനായി ഈ സർക്കാർ ഇന്നേവരെ നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആരോഗ്യ സംരക്ഷണത്തിന് വാർഡ് തലത്തിൽ കർമ്മ സേന രൂപീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ എത്രത്തോളമായെന്ന് വിശദീകരിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നവകേരള മിഷന്റെ ഭാഗമായ ആർദ്രം മിഷൻ ഗവൺമെന്റ് ആശുപത്രികളെ രോഗീ സൗഹൃദമാക്കാനും ഗുണമേൻമയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാനും ലക്ഷ്യമിടുന്നു. വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ മാനദണ്ഡമനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

താഴെപ്പറയുന്നവയാണ് ഈ മിഷൻ വഴി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ :

1. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി (OP Transformation) രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ഉറപ്പുവരുത്തുക.
2. ജില്ലാ/താലൂക്ക് തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക.
4. ആരോഗ്യ നിർണ്ണയ ഘടകങ്ങളുടെ പരിഹാരത്തിനും ആരോഗ്യ രംഗത്തെ ഫലപ്രദമായ ഇടപെടലിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിനു കീഴിലെ വിവിധ സ്ഥാപനങ്ങളിൽ മെച്ചപ്പെട്ടതും ഗുണമേൻമയുള്ളതുമായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി 204 ലാബ് ടെക്നീഷ്യൻ, 47 ദന്തൽ അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകൾ ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ജി.ഒ (എംഎസ് ) നമ്പർ22/2017/ ആ.കു.വ തീയതി 9-2-2017 പ്രകാരം മലപ്പുറം ജില്ലാ പബ്ളിക് ഹെൽത്ത് ലാബിൽ 10 (പത്ത്) തസ്തികകൾ സൃഷ്ടിച്ചും പിന്നെ വിവിധ സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ 19 നഴ്സിംഗ് ട്യൂട്ടർമാരുടെ തസ്തികയും സ.ഉ. (എംഎസ്.) 198/2016 പ്രകാരം സൃഷ്ടിച്ചു.

(ബി) വാർഡ് തലത്തിൽ വാർഡ് മെമ്പർ/കൗൺസിലർമാർ ചെയർമാനും ആരോഗ്യ പ്രവർത്തകർ കൺവീനറുമായി വാർഡുതല ആരോഗ്യ ശുചിത്വപോഷണ സമിതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. വാർഡ് തലത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടുള്ള ആരോഗ്യ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിയന്ത്രണം, കൊതുകുനിയന്ത്രണം തുടങ്ങിയവ നടന്നുവരുന്നുണ്ട്. ഈ സമിതികൾക്ക് നാഷണൽ ഹെൽത്ത് മിഷൻ വഴിയും, ശുചിത്വമിഷൻ വഴിയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ഫണ്ട് നൽകുന്നുണ്ട്.

**ഭക്ഷ്യഭദ്രതാ നിയമത്തിലെ മാനദണ്ഡങ്ങൾ**

15 (*165) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഗണിച്ച് ഭക്ഷ്യഭദ്രതാ നിയമത്തിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) നിയമത്തിലെ ഏതൊക്കെ മാനദണ്ഡങ്ങളാണ് പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നത്; വിവരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങളോടുള്ള കേന്ദ്ര പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) ഉണ്ട്.

(ബി&സി) ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനെക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രത നിയമ പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യ ധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമാനദണ്ഡമനുസരിച്ചാണ് അധിക വിഹിതം തീരുമാനിച്ചിട്ടുള്ളത് എന്നതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ലായെന്ന് കേന്ദ്രം അറിയിച്ചു.

## സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റിക് ചേഞ്ച്

16 (T **166) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനത്തെയും പ്രത്യാഘാതങ്ങളേയും കുറിച്ച് പഠിക്കുന്നതിന് (എസ്.എ.പി.സി.സി.) സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റിക് ചേഞ്ച് എന്ന സമിതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സമിതിയുടെ കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഫണ്ടിന്റെ വിനിയോഗ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഇ) സംസ്ഥാനം ഈ ഫണ്ട് ചെലവഴിച്ച രീതി വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ-ഇ) സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റിക് ചേഞ്ച് എന്ന സമിതി നിലവിലില്ല. എന്നാൽ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ പ്രവർത്തന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും സമഗ്രമായ

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

അവലോകനം നടത്തുന്നതിനുമായി 1-7-2009-ൽ സ.ഉ. (സാധാ) നമ്പർ 52/09/പരി. പ്രകാരം ഒരു സമിതി രൂപീകരിക്കുകയുണ്ടായി. കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനും അതുമൂലമുണ്ടാകുന്ന നഷ്ടങ്ങൾ കുറയ്ക്കുന്നതിനുമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും, അനുബന്ധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പദ്ധതികളുടെ അവലോകനവും ഏകോപനവും നടത്തുന്നതിനുള്ള നോഡൽ ഏജൻസി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തയ്യാറാക്കിയ സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് 2014-ൽ കേന്ദ്ര പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാനിന്റെ പരിഷ്കരണവും ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിപ്പിച്ചുള്ള പ്രവർത്തനവും നടന്നുവരുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പട്ട നാഷണൽ/സ്റ്റേറ്റ് ആക്ഷൻ പ്ലാനുകൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ രൂപീകരിച്ച നാഷണൽ അഡോപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് (NAFCC)-യിൽനിന്നും സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള "അഡാക്'-ന് 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## സ്റ്റെന്റുകളുടെ വില നിയന്ത്രണം

17 (*167) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൃദയ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന സ്റ്റെന്റുകളുടെ വിലയിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയന്ത്രണം, സംസ്ഥാനത്തിന്റെ ചികിത്സാ മേഖലയിൽ ഉണ്ടാക്കുന്ന ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) വിലയിൽ കുറവ് വന്നതുമൂലം ലാഭത്തിലുണ്ടായ കുറവ് നികത്താനായി മറ്റ് ശസ്ത്രക്രിയ ചാർജ്ജുകളിൽ വർദ്ധന വരുത്താൻ ആശുപത്രികളുടെ ഭാഗത്തുനിന്നും നീക്കം നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ആവശ്യമായ ജാഗ്രത പുലർത്താൻ തയ്യാറാവുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഹൃദ്രോഗ ചികിത്സാരംഗത്ത് ചെലവേറിയ ഒന്നാണ് സ്റ്റെന്റുകളുപയോഗിച്ചുള്ള ചികിത്സാ രീതി. സ്റ്റെന്റുകളുടെ വ്യാപാര വിതരണ രീതികളിൽ നിലനിന്നിരുന്ന വില നിർണ്ണയ രീതിയും അമിത ലാഭം ഈടാക്കലും നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിലേക്കായി പ്രസ്തുത ഉല്പന്നങ്ങളെ ദേശീയ അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെടുത്തുകയും, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013-ന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി പൊതുജനാരോഗ്യ താൽപര്യാർത്ഥം, ദേശീയ ഔഷധ വില നിയന്ത്രണ സമിതി 13-3-2017-ൽ സ്റ്റെന്റുകൾക്ക് അടിസ്ഥാന വില നിശ്ചയിച്ചുറപ്പിച്ചുകൊണ്ടുള്ള അസാധാരണ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. ഹൃദയധമനികളിലെ തടസ്സം ഒഴിവാക്കുന്നതിനായി മരുന്നുകളോടുകൂടിയതും അല്ലാത്തതുമായ രണ്ടുതരം സ്റ്റെന്റുകളാണുള്ളത്. 30,000 മുതൽ 75,000 വരെ നിലവിൽ ഈടാക്കിയിരുന്ന മരുന്നുകളില്ലാത്ത ബെയർ മെറ്റൽ സ്റ്റെന്റുകളുടെ അടിസ്ഥാന വില (സീലിംഗ് പ്രൈസ്) 7,260 രൂപയും 1,98,000 രൂപ വരെ ഈടാക്കിയിരുന്ന മരുന്നുകളോടുകൂടിയ മെറ്റൽ സ്റ്റെന്റുകൾ, ബയോ റീസോർബബിൾ വാസ്കുലാർ സ്കാഫോൾഡ്, ബയോ ഡീഗ്രേഡബിൾ സ്റ്റെന്റ് എന്നിവയുടെ അടിസ്ഥാന വില 29,600 രൂപയായും നിജപ്പെടുത്തിയതോടുകൂടി ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ഹൃദ്രോഗ ചികിത്സാ ചെലവിൽ ഗണ്യമായ കുറവുണ്ടാകുന്നതാണ്. തദ്ദേശീയമായി നിർമ്മിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ എല്ലാ സ്റ്റെന്റ് ഉല്പന്നങ്ങൾക്കും വില നിയന്ത്രണം ബാധകമാണ്. കൂടാതെ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള അടിസ്ഥാന വിലയേക്കാളും കുറഞ്ഞ നിരക്കിൽ നിലവിൽ വിപണനം ചെയ്യുന്ന എല്ലാ നിർമ്മാതാക്കളും വിതരണക്കാരും ടി കുറഞ്ഞ നിരക്കിൽത്തന്നെ വിപണനം ചെയ്യേണ്ടതാണ്. നിലവിൽ കൂടിയ നിരക്കിൽ സ്റ്റെന്റുകൾ വിപണനം ചെയ്യുന്നവർ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയിലേയ്ക്ക് കുറയ്ക്കേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് ഔഷധങ്ങളെപ്പോലെ കൃത്യമായ വിതരണ-വ്യാപാര രീതികൾ സ്റ്റെന്റുകളുടെ കാര്യത്തിലില്ല. നിർമ്മാതാക്കളോ, വിതരണക്കാരോ ആശുപത്രികൾക്ക് ഇവ നേരിട്ട് എത്തിക്കുന്നതാണ് രീതി. നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള അടിസ്ഥാന വിലയ്ക്ക് പുറമേ വാറ്റ് അടക്കമുള്ള പ്രാദേശിക നികുതി (5%) കൂടി ഉൾപ്പെടുത്തി നിർമ്മാതാക്കൾക്ക് ടി ഉൽപ്പന്നങ്ങളുടെ പരമാവധി ചില്ലറ വിൽപ്പന വില (MRP) നിശ്ചയിക്കാവുന്നതാണ്. ഉയർന്ന വിപണി മൂല്യമുള്ള ടി ഉൽപ്പന്നങ്ങൾക്ക് 8% വിതരണ കമ്മീഷൻ ഉൾപ്പെടുത്തിയാണ് അടിസ്ഥാനവില നിശ്ചയിച്ചിരിക്കുന്നത്. ചികിത്സക്കാവശ്യമായ മറ്റ് ഘടകങ്ങളുടെ നിരക്ക് കൂട്ടി സ്റ്റെന്റിന്റെ വിലക്കുറവുമൂലം ലാഭത്തിലുണ്ടായ കുറവ് പരിഹരിക്കുവാൻ ചില ആശുപത്രികൾ ശ്രമിക്കുന്നതായി

ആരോപണമുയർന്ന സാഹചര്യത്തിൽ ആശുപ്രതികളിലെ സമീപകാലത്തെ ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ഹൃദ്രോഗ ചികിത്സാ നിരക്കുകൾ കൂടി പരിശോധിക്കുവാനും ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. സ്റ്റെന്റ് ഉപയോഗിച്ചുകൊണ്ടുള്ള ഹൃദയ ശസ്ത്രക്രിയാ രീതികൾ പിൻതുടരുന്ന ആശുപത്രികൾ/നഴ്സിംഗ് ഹോമുകൾ/ക്ലിനിക്കുകൾ എന്നിവർ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി സ്റ്റെന്റിന്റെ വില, ബ്രാൻഡ് നെയിം, ബാച്ച് നമ്പർ, നിർമ്മാതാവ്/ഇംപോർട്ടറുടെ പേര് എന്നീ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കൊറോണറി സ്റ്റെന്റിന്റെ വിലനിയന്ത്രണം പ്രാബല്യത്തിൽ വന്നുകഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത ഉൽപ്പന്നങ്ങളുടെ സുഗമമായ വിതരണ-ഉപഭോഗം ഉറപ്പു വരുത്തുന്നതിനും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയ്ക്ക് പ്രസ്തുത ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗം അതീവ ജാഗ്രത പുലർത്തി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വില നിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യ വസ്തു നിയമം (ESSENTIAL COMMODITIES ACT) അനുശാസിക്കുന്ന പ്രകാരം നടപടി എടുക്കുന്നതാണ്. കൂടാതെ വിലനിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നതാണ്. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ (www.nppaindia.in) ഫാർമജൻ സമാധാൻ എന്ന ലിങ്കിൽ സ്റ്റെന്റുകളുടെ വിലനിയന്ത്രണം സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**കേരള ജനറിക് സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി**

18 (*168) ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജനറിക് സ്റ്റോറുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ജൻ ഔഷധി പദ്ധതിക്ക് ബദലായിട്ടാണോ ഈ പദ്ധതി കൊണ്ടുവരുന്നത്;

(സി) പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകളും ആന്റിബയോട്ടിക്കുകളും കുറഞ്ഞനിരക്കിൽ കേരള ജനറിക് സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഉണ്ട്. സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ കേരള ജനറിക്സ് എന്ന സംരംഭം ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ആളോഹരി ചികിത്സാ ചെലവ് നാൾക്കുനാൾ വർദ്ധിച്ചുവരുന്ന നിലവിലെ സാഹചര്യത്തിൽ വിലകൂടിയ ബ്രാൻഡഡ് മരുന്നുകൾ ഉപയോഗിക്കുന്നത് വഴി വന്നുചേരുന്ന വൻ സാമ്പത്തിക ബാധ്യത നല്ലൊരു പരിധിവരെ കുറയ്ക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുക എന്നതാണ് പദ്ധതിയുടെ ഹ്രസ്വകാല ലക്ഷ്യം. പദ്ധതിയുടെ ആദ്യപടിയായി അഞ്ച് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും പ്രത്യേക കൗണ്ടർ സജ്ജീകരിച്ച് നൈപുണ്യമുള്ള ഫാർമസിസ്റ്റുമാരെ സേവനദാതാക്കളാക്കി പ്രവർത്തനമാരംഭിക്കുന്നതിനും സമീപഭാവിയിൽ മറ്റു കാരുണ്യ ഫാർമസികളിലേക്കും മേൽ സംരംഭം വ്യാപിപ്പിക്കുന്നതിനുമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്.

(ബി) അല്ല.

(സി) പ്രമേഹത്തിന്റെ തലസ്ഥാനമായി അറിയപ്പെടുന്ന കേരളത്തിൽ ജീവിതശൈലീ രോഗചികിത്സയ്ക്കും പകർച്ചവ്യാധികളുടെ ചികിത്സയ്ക്കും പരമാവധി സഹായകമാകുന്ന തരത്തിലാണ് കേരള ജനറിക്സ് എന്ന നൂതന സംരംഭത്തിലൂടെ ജനറിക് മരുന്നുകളുടെ സംഭരണ വിതരണ പ്രക്രിയ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏകോപിപ്പിക്കുന്നത്. മേൽ ചികിത്സാ മേഖലകൾക്ക് അനുസൃതം ആവശ്യമായി വരുന്ന 111-ഓളം മരുന്നുകളെ കണ്ടെത്തി അവയുടെ ഗുണനിലവാരത്തിന് ഒരു കുറവും വരാത്ത തരത്തിലുള്ള നിബന്ധനകൾ മുന്നോട്ടുവച്ച് കമ്പനികളെ തെരഞ്ഞെടുത്ത് മരുന്നുകൾ സംഭരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. വിതരണം ചെയ്യുന്ന ഓരോ ബാച്ച് മരുന്നും ഇന്ത്യൻ ക്വാളിറ്റി കൗൺസിൽ രൂപവൽക്കരിച്ച ദേശീയ ലാബുകളുടെ അംഗീകാര സമിതി (NABL-National Accreditation Board for Testing and Calibration Laboratories) അംഗീകരിച്ച ലാബുകളിൽ നിന്നുമുള്ള ഗുണനിലവാര പരിശോധന റിപ്പോർട്ട് സഹിതം മാത്രമേ സ്വീകരിക്കൂ എന്നുള്ള നിബന്ധന പാലിക്കുകവഴി ജനങ്ങളിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകളും പൊതുവായുള്ള ആന്റിബയോട്ടിക്കുകളും ഉൾപ്പെടെ 94 ഇനം ജനറിക് മരുന്നുകൾ ഗുണനിലവാരത്തോടെ കാരുണ്യ ജനറിക് വിഭാഗത്തിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് വിപണിയിൽ പൊതുവായി ലഭ്യമാകുന്ന മറ്റ് ജനറിക് മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കാവുന്നതാണ്.

## സദ്ഭരണ പരിശീലന പരിപാടി

19 (*169) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി സർവ്വീസിൽ കയറുന്ന എല്ലാ സർക്കാർ ജീവനക്കാർക്കും സദ്ഭരണ പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) വിജിലൻസ് വകുപ്പിന്റെ നേതൃത്വത്തിലാണോ പ്രസ്തുത പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്;

(സി) സർവ്വീസിലുള്ള ജീവനക്കാർക്കും പ്രസ്തുത പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സിവിൽ സർവ്വീസിനെ പൂർണ്ണമായും അഴിമതിമുക്തമാക്കുവാൻ ഇത്തരത്തിലുള്ള പരിശീലന പരിപാടി സഹായകമാകുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) പുതുതായി സർവ്വീസിൽ കയറുന്ന എല്ലാ സർക്കാർ ജീവനക്കാർക്കും സദ്ഭരണ പരിശീലന പരിപാടിയുടെ ഭാഗമായുള്ള പരിശീലനത്തിനായി ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഴിമതിമുക്തമായ ഉദ്യോഗസ്ഥവൃന്ദത്തെ വാർത്തെടുത്ത് സമൂഹത്തിന്റെ സർവ്വതോൻമുഖമായ വികസനവും പുരോഗതിയും ഉറപ്പുവരുത്തുന്ന കർമ്മ പരിപാടിയാണിത്.

(ബി) വിജിലൻസ് വകുപ്പും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പും സംയുക്തമായാണ് പരിശീലന പരിപാടി നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) പരിശീലനങ്ങളിലൂടേയും മാർഗ്ഗനിർദ്ദേശങ്ങളിലൂടേയും ഓരോ ഉദ്യോഗസ്ഥന്റെയും കാര്യക്ഷമതയും പ്രവർത്തന മികവും വർദ്ധിപ്പിക്കുന്നതിനും അപ്രകാരം മെച്ചപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്കും നാടിനും ലഭ്യമാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

## എസ്.ബി.ഐ.-എസ്.ബി.ടി. ലയനം

20 (*170) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.ബി.ടി.-യെ ഇല്ലായ്മ ചെയ്യാനുള്ള കേന്ദ്ര സർക്കാർ നീക്കം സംസ്ഥാനത്തിന്റെ വികസന താല്പര്യങ്ങളെ ഏതു വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന നിയമസഭ ഐകകണ്ഠേന ആവശ്യപ്പെട്ടിട്ടും കേന്ദ്രസർക്കാർ വിപരീത നിലപാട് സ്വീകരിക്കുന്നത് തിരുത്തിക്കാനായി എന്ത് ജനാധിപത്യ മാർഗ്ഗം അവലംബിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) നിലപാട് തിരുത്താൻ ആവശ്യപ്പെട്ടുകൊണ്ട് സർവകക്ഷി സംഘം കേന്ദ്ര സർക്കാരിനെ സമീപിക്കാൻ വേണ്ട നടപടി ഉണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) കർഷകർക്ക് കുറഞ്ഞ നിരക്കിലുള്ള വായ്പ നൽകിക്കൊണ്ട് സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ വളർച്ചയിൽ ഗണ്യമായ ഒരു പങ്കാണ് എസ്.ബി.ടി. വഹിക്കുന്നത്. എസ്.ബി.ടി. സംസ്ഥാന സർക്കാരുമായി സഹകരിച്ച് കാർഷിക, സഹകരണ, സ്വയംതൊഴിൽ തുടങ്ങിയ മേഖലകൾക്കുള്ള വായ്പകളിൻമേലുള്ള സബ്സിഡികൾ നൽകിവരുന്നു. കൂടാതെ വലിയൊരു വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതും എസ്.ബി.ടി. യാണ്. അതിലുപരി, മറ്റ് ബാങ്കുകളെ അപേക്ഷിച്ച് സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക് വായ്പകൾ നൽകുന്നത് പ്രധാനമായും എസ്.ബി.ടി. ആണ് ശ്രദ്ധേയമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, സ്കോളർഷിപ്പ് സ്കീം തുടങ്ങിയ സ്കീമുകളും DBT മുഖേനയുള്ള പ്രധാനപ്പെട്ട എല്ലാ സാമ്പത്തിക ഇടപാടുകളും സംസ്ഥാന സർക്കാർ എസ്.ബി.ടി. മുഖേനയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ എസ്.ബി.ഐ-എസ്.ബി.ടി. ലയനം ഇത്തരത്തിലുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക ഇടപാടുകളെ പ്രതികൂലമായി ബാധിക്കുന്നു. സംസ്ഥാനത്ത് ലഭിക്കുന്ന മൊത്തം നിക്ഷേപത്തിന്റെ 90 ശതമാനവും കാർഷിക, വ്യവസായ, വിദ്യാഭ്യാസ മേഖലകൾക്ക് വായ്പയായി നൽകുന്നതിനാൽ ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വികസനത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. പ്രാദേശികമായ വികസന താല്പര്യങ്ങൾക്ക് മുൻഗണന നൽകുന്ന

തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്ന എസ്.ബി.ടി. പോലുള്ള ബാങ്ക്, ദേശീയ താല്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന ഒരു ബാങ്കായി മാറുന്നത് സംസ്ഥാനത്തിന്റെ വികസന താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

(ബി&സി) കേരളത്തിലെ പൊതുജനങ്ങളുടെ വികാരവും സംസ്ഥാന സർക്കാരിന് ഇതേക്കുറിച്ചുള്ള ഉറച്ച അഭിപ്രായവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**നാഷണൽ മെഡിക്കൽ കമ്മീഷൻ**

21 (*171) ശ്രീ. കെ. രാജൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യം സംസ്ഥാന വിഷയമായിരിക്കേ, ആരോഗ്യ മേഖലയെ വരുതിയിൽ കൊണ്ടുവരുന്നതിനായി കേന്ദ്ര സർക്കാർ നടത്തുന്ന ശ്രമങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് (എം.സി.ഐ.) പകരം നാഷണൽ മെഡിക്കൽ കമ്മീഷനെ കൊണ്ടുവരുന്നതിനും അതിന്റെ ഘടനയിൽ കേന്ദ്ര സർക്കാരിന്റെ നോമിനികളെ കൂടുതലായി ഉൾപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങളെ എങ്ങനെയാണ് വീക്ഷിക്കുന്നത്;

(സി) സംസ്ഥാന മെഡിക്കൽ കൗൺസിലുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ ദേശീയ കമ്മിറ്റികളിൽ ഇനിയുണ്ടാകില്ല എന്ന സമീപനത്തിനെതിരെ കേന്ദ്രത്തെ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ - സി) 8-9-2016-ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന ദേശീയ മെഡിക്കൽ കമ്മീഷൻ രൂപീകരണത്തെ സംബന്ധിച്ച ചർച്ചയിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പങ്കെടുക്കുകയുണ്ടായി. ജനാധിപത്യ സംവിധാനം അട്ടിമറിച്ചുകൊണ്ട് നാമകരണം ചെയ്യപ്പെട്ട പ്രതിനിധികളെ വച്ച് നാഷണൽ മെഡിക്കൽ കമ്മീഷൻ രൂപീകരിക്കുന്നതിലുള്ള അപാകത സംസ്ഥാനം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

## വ്യവസായശാലകൾ പുറംതള്ളുന്ന മാലിന്യങ്ങൾ

22 (*172) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നദികളുടെ, വിശേഷിച്ച് പെരിയാർ നദിയുടെ തീരങ്ങളിൽ പ്രവർത്തിക്കുന്നതും നദീജലത്തെ ആശ്രയിക്കുന്നതുമായ പൊതുമേഖലയിലെയും സ്വകാര്യമേഖലയിലെയും വ്യവസായ സ്ഥാപനങ്ങൾ പരിധിയിൽ കൂടുതൽ മാലിന്യങ്ങൾ പുറത്ത് വിടുന്നുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) വ്യവസായശാലകൾ പുറംതള്ളുന്ന ജലത്തിലെ മാലിന്യങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡത്തേക്കാൾ കൂടുതലാണെന്ന് റിപ്പോർട്ടുണ്ടോ;

(ഡി) ഈ മേഖലയിലെ ചെറുകിട വ്യവസായശാലകൾക്കുവേണ്ടി ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിലുണ്ടോ;

(ഇ) ട്രീറ്റ് ചെയ്ത് പുറംതള്ളുന്ന ജലം സംബന്ധിച്ച് എന്തെല്ലാം നിബന്ധനകളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ&ബി) മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനകളിൽ വ്യവസായ സ്ഥാപനങ്ങൾ പുറത്തുവിടുന്ന ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ ഗുണനിലവാരം ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കുള്ളിൽ നിലനിർത്തിയാണ് പൊതുവെ നദിയിലേയ്ക്ക് പുറന്തള്ളുന്നത്. ചില അവസരങ്ങളിൽ മാലിന്യത്തിന്റെ തോത് അനുവദനീയമായ പരിധിയിൽ പുറത്തായി കാണാറുണ്ട്. ശുദ്ധീകരിച്ച പാഴ്ജലം നദിയിലേയ്ക്ക് പുറന്തള്ളുന്ന സ്ഥാപനങ്ങളെ ബോർഡ് നിരന്തരം നിരീക്ഷിക്കുകയും സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ പോരായ്മകൾ കാണുന്ന അവസരങ്ങളിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പോരായ്മകൾ തൃപ്തികരമായി പരിഹരിക്കാത്തപക്ഷം അടച്ചുപൂട്ടൽ ഉത്തരവ് നൽകിവരികയും ചെയ്യുന്നുണ്ട്.

(സി) ചില അവസരങ്ങളിൽ മാലിന്യത്തിന്റെ തോത് അനുവദനീയ പരിധിയ്ക്ക് പുറത്തായി കാണാറുണ്ട്.

(ഡി) നിലവിലില്ല.

(ഇ) വിവിധതരം വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ ഗുണനിലവാരം, പരിസ്ഥിതി (സംരക്ഷണം) നിയമം, 1986-ന്റെ കീഴിൽ വരുന്ന പരിസ്ഥിതി (സരക്ഷണം) ചട്ടങ്ങൾ, 1986-ൽ നിഷ്കർഷിക്കും പ്രകാരമായിരിക്കണം എന്നുള്ള നിബന്ധനകളാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതികളിൽ വ്യവസ്ഥ ചെയ്യുന്നത്.

**പ്രവാസി ക്ഷേമ പദ്ധതികൾ**

23 (*173) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) നോർക്കയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു തരത്തിലുള്ള സേവനങ്ങളാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രവാസി നിക്ഷേപ ബോർഡിന്റെ പ്രവർത്തനംകൊണ്ട് ലക്ഷ്യമാക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ;

(ഡി) ഒഡെപെകിനെ ശാക്തീകരിച്ച് വിദേശ തൊഴിൽ ലഭ്യമാക്കാനുള്ള അവസരം വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). കൂടാതെ ചെറുകിട സംരംഭങ്ങൾ തുടങ്ങാനോ, സ്വയം തൊഴിൽ കണ്ടെത്താനോ സജ്ജരാകുന്ന വിധത്തിൽ പ്രത്യേക മേഖലകളിൽ തൊഴിൽ വൈദഗ്ദ്ധ്യം നല്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

ഇതിന്റെ ഭാഗമായി നിലവിലുള്ള പദ്ധതികൾക്ക് പുറമേ താഴെ പറയുന്ന പുതിയ പദ്ധതികൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ് :

1. ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റം
2. ലോക കേരള സഭ
3. ഗ്ലോബൽ കേരള കൾച്ചറൽ ഫെസ്റ്റിവൽ
4. തിരികെയെത്തിയ പ്രവാസികളെക്കുറിച്ചുള്ള പ്രത്യേക പഠനം
5. വിമാനത്താവളത്തിലെ അത്യാഹിത ആംബുലൻസ് സേവനം

മുകളിൽ പറഞ്ഞ 5 പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) പ്രവാസി നിക്ഷേപ ബോർഡ് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമൊന്നും ആയിട്ടില്ല.

(ഡി) ഒഡെപെക് മുഖേന ഗൾഫ് രാജ്യങ്ങളിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതുകൂടാതെ അയർലന്റ്, യുണൈറ്റഡ് കിംഗ്ഡം തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലേക്കും റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. നഴ്സിംഗ് റിക്രൂട്ട്മെന്റ് കൂട്ടുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നതിനോടൊപ്പം മറ്റ് മേഖലകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റും ശ്രദ്ധിക്കുന്നതാണ്. ഒഡെപെകിന്റെ ജോബ് പോർട്ടൽ വികസിപ്പിക്കുന്നതിനായി കെൽട്രോണുമായുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു. തൊഴിലന്വേഷകരുടെ രജിസ്ട്രേഷൻ മുതൽ അവരുടെ ഇന്റർവ്യൂ, അറ്റസ്റ്റേഷൻ, വിസ സ്റ്റാമ്പിംഗ്, എമിഗ്രേഷൻ ക്ലിയറൻസ് എന്നിങ്ങനെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി വിദേശത്ത് തൊഴിലിൽ പ്രവേശിക്കുന്നതുവരെയുള്ള എല്ലാ നടപടികളും രേഖപ്പെടുത്തുന്നതിനും ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ളതാവും പുതിയ ജോബ് പോർട്ടൽ. തൊഴിൽ ദാതാവിന്റെ വിവരങ്ങളും കൂടി രേഖപ്പെടുത്താനുള്ള സൗകര്യം ജോബ് പോർട്ടലിൽ ഉൾപ്പെടുത്തുന്നുണ്ട്. ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ മാനവവിഭവശേഷി സംബന്ധിച്ചുള്ള വിവരങ്ങൾ വിദേശ രാജ്യങ്ങളിലെ തൊഴിൽ ദാതാക്കളെ അറിയിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനുമായി വിവിധ രാജ്യങ്ങളിലെ ആരോഗ്യ/തൊഴിൽ മന്ത്രിമാർ, എംബസ്സി ഉദ്യോഗസ്ഥർ, വിവിധ തൊഴിൽ ദാതാക്കൾ എന്നിവരുമായി കൂടിക്കാഴ്ചകൾ നടത്തുവാനും ഒഡെപെക് ആലോചിച്ചുവരുന്നു.

## ഭരണപരിഷ്ക്കാര കമ്മീഷൻ

24 (*174) ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭരണപരിഷ്ക്കാര കമ്മീഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഭരണസംവിധാനത്തിൽ കാതലായ മാറ്റം വരുത്തേണ്ട സന്ദർഭത്തിൽ ഭരണപരിഷ്ക്കാര കമ്മീഷന്റെ ഉപദേശം തേടാറുണ്ടോ;

(സി) എങ്കിൽ കെ.എ.എസ്. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഭരണപരിഷ്ക്കാര കമ്മീഷന്റെ ശിപാർശ ലഭിച്ചിരുന്നോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കേരളത്തിലെ സിവിൽ സർവ്വീസ് മേഖലയിൽ സമഗ്രവും വികസനോൻമുഖവുമായ പരിഷ്ക്കരണങ്ങൾ നടപ്പിലാക്കുന്നതിന് ശിപാർശകൾ സമർപ്പിക്കുന്നതിനായി 6-8-2016-ലെ സ.ഉ. (എംഎസ്.) നമ്പർ16/16. ഉ.ഭ.പ.വ. പ്രകാരം ശ്രീ. വി. എസ്. അച്യുതാനന്ദൻ ചെയർമാനും ശ്രീ. സി. പി. നായർ, ശ്രീമതി നീലാ ഗംഗാധരൻ എന്നിവർ അംഗങ്ങളായും 4-ാം ഭരണപരിഷ്ക്കാര കമ്മീഷൻ രൂപീകരിച്ചു (അനുബന്ധം 1). 30-8-2016-ലെ സ.ഉ. (എംഎസ്.) 21/16/ഉ.ഭ.പ.വ. പ്രകാരം (അനുബന്ധം 2) കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ ചുവടെ ചേർത്തിട്ടുള്ളവയാണ് :

- സംസ്ഥാനത്തെ ഭരണസംവിധാനത്തിന്റെ ഘടനയും പ്രവർത്തനവും വിലയിരുത്തി ആയതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.

- ഭരണനിർവ്വഹണത്തിലെ കാലതാമസം, അഴിമതി, സ്വജന പക്ഷപാതം എന്നിവ ഒഴിവാക്കി ഫലപ്രദമായ ഭരണം കാഴ്ചവയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

- കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമായ വിധത്തിൽ വിവരസാങ്കേതികവിദ്യയുടെ വ്യാപനവും നൂതനമായ ഭരണനിർവ്വഹണ രീതിയും ഉപാധികളും നിർദ്ദേശിക്കുക.

- വിവിധ വകുപ്പുകളുടെ ചുമതലകൾ സംബന്ധിച്ച് പുനർ വിശകലനം നടത്തുക.
- സർക്കാർ വകുപ്പുകളും ഇതര സ്ഥാപനങ്ങളും തമ്മിലുള്ള സംയോജിത പ്രവർത്തനത്തിന് ഉപയുക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക.
- കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് തൃപ്തികരമായ രീതിയിൽ അധികാര വികേന്ദ്രീകരണം നടത്തുന്നതിന് നടപടികൾ കൈക്കൊള്ളുക.
- ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് നിയമനം, സ്ഥാനക്കയറ്റം സംബന്ധിച്ച നയങ്ങളുടെ പുനരവലോകനവും സർക്കാർ ജീവനക്കാരുടെ പ്രകടനം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങളും നൽകുക.
- ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും സർക്കാരിന്റെ വിവിധ തട്ടുകൾ കൂടുതൽ ജനാധിപത്യപരമാക്കുവാൻ ഉള്ള നടപടികൾ ശിപാർശ ചെയ്യുക.
- പ്രധാനപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.
- സർക്കാർ സംവിധാനം കൂടുതൽ തുറന്നതും ഉത്തരവാദിത്വ മുള്ളതുമാക്കി തീർക്കുന്നതിനുള്ള പദ്ധതി സമർപ്പിക്കുക
- ജെൻഡർ ബജറ്റിംഗ്, ചൈൽഡ് ബജറ്റിംഗ് തുടങ്ങിയവ പ്രാവർത്തികമാക്കാനുള്ള നടപടികൾ ശിപാർശ ചെയ്യുക.
- സംസ്ഥാന സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ ഉതകുന്ന രീതിയിൽ പുതിയ സാമ്പത്തിക നയങ്ങളും സംവിധാനങ്ങളും ശിപാർശ ചെയ്യുക.
- സർക്കാരിന്റെ പ്രവർത്തനശേഷി വിലയിരുത്തുകയും ആയത് കൂടുതൽ ഫലപ്രദമാകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക.
- മേൽപ്പറഞ്ഞവ കൂടാതെ ഭരണ നവീകരണത്തിന് ആവശ്യമാണെന്ന് കമ്മീഷന് ബോധ്യപ്പെടുന്ന നിർദ്ദങ്ങൾ സമർപ്പിക്കുക.

(ബി) ഉണ്ട്.

(സി) ഇക്കാര്യത്തിൽ ഭരണ പരിഷ്കാര കമ്മീഷനുകൾ നല്കിയ ശിപാർശകൾ നിലവിലുണ്ട്.

## പോലീസ് ട്രെയിനിംഗ് പരിഷ്കരണം

25 (*175) ശ്രീ. മോൻസ് ജോസഫ് :

ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ പ്രവേശിക്കുന്നവർക്ക് ഇപ്പോൾ നൽകുന്ന പരിശീലനം എപ്രകാരമുള്ളതാണ്; പരിശീലന സിലബസിൽ അവസാനമായി പരിഷ്കരണം നടത്തിയത് എന്നാണ്; വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിഷയത്തിലാണ് പരിശീലനം നൽകിവരുന്നത്;

(സി) പോലീസിലുള്ള ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുന്ന വിധത്തിൽ പെരുമാറുന്നതിനുള്ള പരിശീലനം നൽകുന്ന തരത്തിൽ, നിലവിലുള്ള സിലബസിൽ പരിഷ്കരണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) പോലീസ് സേനയിൽ സബ് ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾ എന്നീ തസ്തികയിലൂടെയാണ് പ്രധാനമായും പ്രവേശനം നല്കുന്നത്. സബ് ഇൻസ്പെക്ടർമാർക്ക് 12 മാസം അടിസ്ഥാന പരിശീലനം കൂടാതെ 4 മാസം ജില്ലകളിൽ പ്രായോഗിക പരിശീലനവും നൽകി വരുന്നു. പോലീസ് കോൺസ്റ്റബിൾമാർക്ക് അടിസ്ഥാന പരിശീലനം 9 മാസമാണ്. പോലീസ് സബ് ഇൻസ്പെക്ടർമാർക്കുള്ള സിലബസ് 2013-ലും, പോലീസ് കോൺസ്റ്റബിൾമാരുടെ സിലബസ് 2004-ലുമാണ് പരിഷ്കരിച്ചിട്ടുള്ളത്.

(ബി) എസ്.ഐ.-മാരുടെ പരിശീലനത്തിനായി ഉൾപ്പെടുത്തിയിരിക്കുന്ന വിഷയങ്ങൾ (ജി.ഒ.(പി) നമ്പർ174/2013/ ആഭ്യ. തീയതി 5-7-2013) ഇതോടൊപ്പം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. പോലീസ് കോൺസ്റ്റബിൾമാരുടെ പരിശീലനത്തിന് ഉൾപ്പെടുത്തിയിരിക്കുന്ന വിഷയങ്ങൾ (ജി.ഒ.(പി)നമ്പർ 192/2004/ ആഭ്യ. തീയതി 19-5-2004) ഇതോടൊപ്പം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.

(സി) സ്വീകരിക്കുന്നതാണ്. പോലീസ് സബ് ഇൻസ്പെക്ടർമാരുടേയും പോലീസ് കോൺസ്റ്റബിൾമാരുടേയും സിലബസ് പരിഷ്കരിക്കുന്നതിനുവേണ്ടി സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഒരു കമ്മറ്റി രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

## വാതിൽപ്പടി വിതരണ സംവിധാനം

26 (*176) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള വാതിൽപ്പടി വിതരണ സംവിധാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വാതിൽപ്പടി വിതരണ സംവിധാനത്തിൽ സാധനങ്ങൾ എത്തിക്കുന്നതിനുള്ള ഗതാഗത കരാർ ആർക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) റേഷൻ കടകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) യന്ത്രങ്ങൾ സർക്കാർ നേരിട്ട് സ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എഫ്.സി.ഐ. ഗോഡൗൺ/സി.എം.ആർ. മില്ലുകൾ എന്നിവിടങ്ങളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഇതിനായി പ്രത്യേകമായി കണ്ടെത്തിയിട്ടുള്ള ഇന്റർ മീഡിയറി ഗോഡൗണുകളിൽ സംഭരിച്ച്, താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നു ലഭിക്കുന്ന ലിസ്റ്റനുസരിച്ച് ഓരോ റേഷൻ വ്യാപാരിയുടെയും വിഹിതം അവരുടെ റേഷൻ കടകളിൽ എത്തിച്ചുകൊടുക്കുന്നതാണ് വാതിൽപ്പടി വിതരണ സംവിധാനം വാതിൽപ്പടി വിതരണ സംവിധാനം മുഖേന റേഷൻ ഭക്ഷ്യധാന്യങ്ങൾ എല്ലാ റേഷൻ കടകളിലും നേരിട്ട് എത്തിക്കുന്നതാണ്. ഇതിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത് പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ (സപ്ലൈകോ)യാണ്.

(ബി) ട്രാൻസ്പോർട്ടിംഗ് രംഗത്തുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽ നിന്ന് ഇ-ടെൻഡർ മുഖാന്തിരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിക്ക്/ സ്ഥാപനത്തിന് കോൺട്രാക്ട് നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സർക്കാർ സിസ്റ്റം ഇന്റഗ്രേറ്റർ ആയി ചുമതലപ്പെടുത്തിയ സപ്ലൈകോ മുഖേനയാണ് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) സ്ഥാപിക്കുന്നത്.

## പൊതുജനാരോഗ്യ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

27 (*177) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പൊതുജനാരോഗ്യമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ ജനകീയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രതിസന്ധിയിലായ പൊതുമേഖലാ ഔഷധ കമ്പനിയായ കെ.എസ്.ഡി.പി.-യെ പുനരുദ്ധരിച്ച് ഉത്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വർദ്ധിച്ചു വരുന്ന പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, ക്യാൻസർ തുടങ്ങിയ പകർച്ചേതര രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരോഗ്യ വിദ്യാഭ്യാസ പരിപാടി ആരംഭിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി, ആരോഗ്യ കേന്ദ്രങ്ങളിൽ മാത്രം പ്രവർത്തിച്ചിരുന്ന എൻ.സി.ഡി. ക്ലിനിക്കുകൾ താലൂക്ക് ജില്ലാ ജനറൽ ആശുപത്രികളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ, പ്രധാന ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ യൂണിറ്റുകൾ (സ്ട്രോക്ക് യൂണിറ്റ്) ശ്വാസകോശ രോഗമായ സി.ഒ.പി.ഡി. (ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസ്സോർഡർ) ചികിത്സിക്കുന്നതിനും നിയന്ത്രിക്കുന്നതിനും "ശ്വാസ്" പദ്ധതി ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് സമഗ്ര പഠനം നടത്തുന്നതിനായി അച്യുതമേനോൻ സെന്ററുമായി സഹകരിച്ചുകൊണ്ട് എപ്പിഡമോളജിക്കൽ സർവ്വേ എന്നിവ ആരംഭിച്ചു. ഇവ പരിഹരിക്കുന്നതിനായി പൊതുമേഖലാ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള താഴെപ്പറയുന്ന ബഹുവിധ പരിപാടികൾക്ക് ആരോഗ്യവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട് :

1. ആർദ്രം മിഷൻ - നവകേരള മിഷന്റെ ഭാഗമായുട്ടുള്ള ആർദ്രം മിഷനിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ട് :

   (എ) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെയും ജില്ലാതല ആശുപത്രികളിലെയും ഒ.പി. വിഭാഗം രോഗീ സൗഹൃദ മാക്കാനുള്ള (OP) പ്രോഗ്രാം.

   (ബി) ജില്ലാതല താലൂക്ക്തല ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിച്ചും സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ചികിത്സാ സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡത്തോടെ ക്രമീകരിക്കുന്നതാണ്.

   (സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതാണ്. ഇതിനായി ആദ്യഘട്ടത്തിൽ സംസ്ഥാന വ്യാപകമായി 170 പി.എച്ച്.സി.-കളെ തെരെഞ്ഞെടുത്തിട്ടുണ്ട്.

   (ഡി) ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സാ മാർഗ്ഗരേഖകൾ അടിസ്ഥാനമാക്കി മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാനുള്ള നടപടികൾ.

2. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആരോഗ്യരംഗത്തെ ഇടപെടലുകൾ മെച്ചപ്പെടുത്താനും ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക നിർണ്ണയ ഘടകങ്ങൾ പരിഹരിക്കാനുള്ള പരിപാടികൾ.

3. യുണൈറ്റഡ് നാഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി കേരളം ആരോഗ്യ രംഗത്ത് 2020-ഓടെയും 2030-ഓടെയും ആർജ്ജിക്കേണ്ട വികസന ലക്ഷ്യങ്ങളും അതിനായി ചെയ്യേണ്ട പ്രവർത്തന പരിപാടികളും വിദഗ്ദ്ധ സമിതികളെ നിയോഗിച്ച് തയ്യാറാക്കുകയുണ്ടായി.

(ബി) കെ.എസ്.ഡി.പി.-യെ പുനരുജ്ജീവിപ്പിച്ച് കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എം.പി. നിലവാരമുള്ള ഒരു ഫാർമ കോംപ്ലക്സ് 5 വർഷത്തിനുള്ളിൽ നിലവിൽ വരുന്നതിന്റെ ആദ്യപടിയായി 22.52 കോടിയുടെ നോൺ ബീറ്റലാക്ടം പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള ശിപാർശയിൻമേൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ജീവിതശൈലീ രോഗ ബോധവത്കരണത്തിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, എക്സിബിഷനുകൾ, സ്കൂൾതല പ്രവർത്തനങ്ങൾ, മത്സരങ്ങൾ തുടങ്ങി നിരവധി ബോധവത്കരണ പരിപാടികൾ, പ്രമുഖ ചലച്ചിത്ര താരങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഭക്ഷണം, വ്യായാമം, ലഹരി എന്നീ വിഷയങ്ങൾ പ്രതിപാദിച്ചുകൊണ്ട് ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുകയും സ്കൂൾ കുട്ടികൾക്കും പൊതുജനങ്ങൾക്കും പ്രദർശിപ്പിക്കാവുന്ന രീതിയിൽ വിതരണം ചെയ്യാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനും ബോധവത്കരണ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഗർഭിണികളായുള്ള സ്ത്രീകളെ നേരത്തെ കണ്ടെത്തി രജിസ്റ്റർ ചെയ്ത് കൃത്യമായ ഇടവേളകളിൽ ഗർഭകാല പരിചരണം (ആരോഗ്യപരിശോധന, വിളർച്ച തടയുന്നതിന് അയൺ ഗുളിക നൽകൽ, റ്റി.റ്റി. കുത്തിവെയ്പ്പ് നൽകൽ) ഏറ്റവും കുറഞ്ഞത് 2 സ്കാനിംഗ് ഉറപ്പാക്കുക, പ്രസവം സുരക്ഷിതമായ സ്ഥലങ്ങളിൽ നടത്തുന്നതിനുള്ള അവസരം ഒരുക്കുക, ഗർഭകാലത്ത് ആരോഗ്യവിദ്യാഭ്യാസം വാർഡ്തലങ്ങളിൽ നൽകൽ, ആശാവർക്കർമാർ മുഖാന്തിരം നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നതിനോടൊപ്പം ആരോഗ്യ സ്ഥാപനങ്ങളിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസവം നടക്കുന്ന സ്ഥാപനങ്ങളിൽ പോരായ്മകൾ എന്തെങ്കിലും ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനുമായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ തുടക്കമെന്ന നിലയിൽ കെ.എഫ്.ഒ.ജി. വിവിധ ഏജൻസികളുടെ സഹകരണത്തോടെ 13 ക്വാളിറ്റി സ്റ്റാന്റേർഡ്സ് തയ്യാറാക്കി നടപ്പാക്കിവരുന്നു. ഇതുമായി ബന്ധപ്പെട്ട് തത്സ്ഥിതി പരിശോധിച്ച് വിടവ് നികത്തുന്നതിനായി ആശുപത്രി ഉപകരണങ്ങൾ, സ്ഥലസൗകര്യം ഒരുക്കൽ തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കിവരുന്നു. ഇതോടൊപ്പം ഡോക്ടർമാർ, നഴ്സ് തുടങ്ങി വിവിധ ഗണത്തിൽപ്പെട്ട ആശുപത്രി ജീവനക്കാർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും അതുമൂലം സേവനം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇതുപോലെതന്നെ കെ.എഫ്.ഒ.ജി.-യുടെ സഹകരണത്തോടെ മാതൃമരണവുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ സ്ഥിരമായി പരിശോധന നടത്തി വിവിധ കാരണങ്ങൾ മനസ്സിലാക്കി ഇവ മുൻകൂട്ടിക്കണ്ട് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശിശുമരണ നിരക്ക് കൂടുതലായി നടക്കുന്ന ദുർഘട മേഖലകളിൽ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗൃഹകേന്ദ്രീകൃത നവജാതശിശു പരിപാലനം തുടങ്ങി ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നവജാത ശിശുതീവ്രപരിചരണ വിഭാഗങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത്

ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. ഗൃഹകേന്ദ്രീകൃത നവജാത ശിശു പരിചരണം പദ്ധതിയിൽ പുതുതായി 250 ഹാംലറ്റ് ആശമാരെ തെരെഞ്ഞെടുത്ത് സുശക്തമായ പരിശീലന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. നവജാത ശിശു തീവ്ര പരിചണ വിഭാഗം നിലവിലില്ലാത്ത പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. നിലവിലെ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും പ്രത്യേക പരിശീലന പരിപാടി നടപ്പാക്കുന്നു. കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലേയും പ്രസവമുറിയിൽ ജോലി നോക്കുന്ന നഴ്സുമാർക്ക് നവജാത ശിശുപരിചരണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടി ഐ.എ.പി. യുമായി ചേർന്ന് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്, ഇൻഫന്റ് ഡെത്ത് ഓഡിറ്റ് നടപ്പിലാക്കി ഇതുവഴി ആശാവർക്കർമാർ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ തുടങ്ങിയവ വഴി ശേഖരിക്കുന്ന വിവരങ്ങൾ ജില്ലാതലങ്ങളിൽ ക്രോഡീകരിച്ച് വിദഗ്ധ സമിതി പരിശോധിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി അതനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ഭക്ഷ്യധാന്യത്തിന്റെ വാർഷിക വിഹിതം

28 (*178) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി.
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ നാലാം പട്ടിക അനുസരിച്ച് സംസ്ഥാനങ്ങൾക്കുള്ള ഭക്ഷ്യ ധാന്യത്തിന്റെ വാർഷിക വിഹിതം നിശ്ചയിച്ചപ്പോൾ കേരളത്തിന് ലഭിച്ചു കൊണ്ടിരുന്ന അരിവിഹിതത്തേക്കാൾ ശരാശരി 2 ലക്ഷം ടൺ ധാന്യത്തിന്റെ കുറവ് വന്നത് അന്നത്തെ യു.ഡി.എഫ്.സർക്കാരോ അന്നത്തെ കേരളീയരായ കേന്ദ്ര മന്ത്രിമാരോ കേന്ദ്ര ഭക്ഷ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) 2013-ൽ ഭക്ഷ്യ ഭദ്രതാ നിയമം ചർച്ച ചെയ്യുന്ന സമയത്തോ നടപ്പിലാക്കിയ അവസരത്തിലോ സംസ്ഥാനത്തിന്റെ ഉപഭോഗം കൂടുതലാണെന്ന് കാണിച്ച് നിയമത്തിന്റെ നാലാം പട്ടിക ഭേദഗതി ചെയ്യുന്നതിനും നിയമത്തിലെ സംസ്ഥാന വിരുദ്ധ നിലപാടുകൾ തിരുത്തുന്നതിനുമുള്ള അവസരം ഉപയോഗപ്പെടുത്താൻ മുൻ സർക്കാർ ശ്രമിച്ചിരുന്നോ ;

(സി) ഈ നിയമംമൂലം കേരളത്തിലെ റേഷൻ സംവിധാനത്തിൽ മിതമായ വിലയ്ക്ക് ധാന്യം ലഭിച്ചിരുന്ന എ.പി.എൽ. വിഭാഗത്തിന്റെ അവകാശങ്ങൾ ഏത് വിധത്തിലാണ് ഹനിക്കപ്പെട്ടത് എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ-സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ദേശീയ ഭക്ഷ്യ ഭദ്രത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ ആകെ ലഭ്യമാകുന്ന പ്രതിമാസ അലോട്ട്മെന്റ് 14.25 ലക്ഷം മെട്രിക് ടൺ ആണെന്ന് ഭക്ഷ്യ ഭദ്രതം നിയമത്തിന്റെ ഷെഡ്യൂൾ 4 പ്രകാരം ഉറപ്പ് നല്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി അലോട്ട്മെന്റ് 16.01 ലക്ഷം മെട്രിക് ടൺ ആണ്. എന്നാൽ ഭക്ഷ്യ ഭദ്രതാനിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് പ്രതിവർഷം 1.76 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യത്തിന്റെ കുറവ് വരുന്നുണ്ട്. ടി കുറവ് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിവരം അന്നത്തെ എം.പി.മാരുടെ യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുൻഗണനേതര വിഭഗങ്ങൾക്കുള്ള റേഷൻ വിതരണത്തെപ്പറ്റി ഭക്ഷ്യഭദ്രത നിയമത്തിൽ പ്രതിപാദിക്കുന്നില്ല. എങ്കിലും ഭക്ഷ്യ ഭദ്രത നിയമപ്രകാരം ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ മുൻഗണനേതര വിഭാഗങ്ങൾക്കാണ് നൽകിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2015-16) എ.പി.എൽ. വിഭാഗങ്ങൾക്ക് അഡ്ഹോക്ക് വിഹിതമുൾപ്പെടെ പ്രതിമാസം 68340 മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ ലഭിച്ച സ്ഥാനത്ത് 2016 നവംബർ മുതൽ ഭക്ഷ്യ ഭദ്രത നിയമപ്രകാരം ടൈഡ് ഓവർ വിഹിതമായി 33294.198 മെ.ടൺ ഭക്ഷ്യധാന്യം മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ടി വിഹിതം എ.പി.എൽ. വിഹിതം ലഭ്യമായിരുന്ന അതേ വിലയ്ക്കാണ് ലഭ്യമാകുന്നത്. തികച്ചും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഒരു ഭക്ഷ്യ കമ്മി സംസ്ഥാനമെന്ന നിലയിൽ ഭക്ഷ്യ ഭദ്രത നിയമ പ്രകാരമുള്ള ടൈഡ് ഓവർ വിഹിതത്തിന്റെ അളവ് കണക്കാക്കിയത് പുനഃപരിശോധിക്കണമെന്നുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിന് 14-8-2015-ലെ 1/Kerala/2015-NFSA നമ്പരിലുള്ള കേന്ദ്ര സർക്കാർ കത്തിൽ, 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ എ.പി.എൽ. വിഹിതത്തിലുള്ള കേരളത്തിന്റെ ഓഫ് ടേക്കിന്റെ വാർഷിക ശരാശരി കണക്കിലെടുത്താണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നത് എന്നതിനാൽ കേരളത്തിനു മാത്രമായി വ്യത്യാസം വരുത്താൻ കഴിയില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. കേരളത്തിനു കണക്കാക്കിയിട്ടുള്ള ടൈഡ് ഓവർ വിഹിതം സംസ്ഥാനത്തിന് പര്യാപ്തമാണെന്നും ടി കത്തിൽ പറഞ്ഞിട്ടുണ്ട്. 2016 ജൂൺ വരെ അഡ്ഹോക്ക് വിഹിതം ലഭ്യമായിരുന്നതിനാൽ എ.പി.എൽ. വിഭാഗത്തിന്റെ വിതരണത്തിന് ബുദ്ധിമുട്ട് നേരിട്ടിരുന്നില്ല. എന്നാൽ NFSA പ്രകാരമുള്ള അലോട്ട്മെന്റ് ലഭ്യമായതു മുതലാണ് എ.പി.എൽ. (മുൻഗണനേതര വിഭാഗങ്ങൾക്ക്)-ന്റെ വിഹിതത്തെ ദോഷകരമായി ബാധിച്ചത്. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും നേരിട്ടുള്ള ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി OMSS/ ഇക്കണോമിക് നിരക്കിൽ ഭക്ഷ്യധാന്യം അനുവദിക്കാമെന്ന് കേന്ദ്രം ഉറപ്പ് നൽകുകയുണ്ടായി.

## ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള ബോധവത്കരണം

29 (*179) ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. വി. ജോയി :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രണ വിധേയമാക്കുന്നതിനും അവ ഒഴിവാക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ;

(ബി) ഇതിനായി ലോകാരോഗ്യ സംഘടനാ വിദഗ്ദ്ധർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; സംഘടനയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(സി) ഇത്തരം അസുഖങ്ങളുടെ പ്രധാന കാരണവും അത് പരിഹരിക്കാനായുള്ള ഇടപെടൽ ഏതു തരത്തിലെന്നും അറിയിക്കാമോ;

(ഡി) മുതിർന്നവരിൽ ഉദ്ദേശം ഇരുപത് ശതമാനം ആളുകൾ പ്രമേഹ ബാധിതരാണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മരുന്നിനോടൊപ്പം ശരിയായ ജീവിതചര്യയുടെ ആവശ്യകതയെക്കുറിച്ച് വ്യാപകമായ ബോധവത്കരണത്തിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രണ വിധേയമാക്കുന്നതിനും അവ ഒഴിവാക്കുന്നതിനും ചുവടെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

- എൻ.സി.ഡി. കൺട്രോൾ പ്രോഗ്രാം എന്ന ദേശീയ ആരോഗ്യ പദ്ധതി.
- സംസ്ഥാന ആരോഗ്യ വകുപ്പിന്റെ അമൃതം ആരോഗ്യം പദ്ധതി.
- ഭാരതീയ ചികിത്സാ വകുപ്പിന്റെ ആയുഷ്യം പദ്ധതി.
- ഹോമിയോപ്പതി, ആയുർവേദം, യോഗ, നാച്ചുറോപ്പതി തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള ആയുഷ് ഹോളിസ്റ്റിക് സെന്റർ ഫോർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസ് എന്ന പദ്ധതി.

ജീവിതശൈലീ രോഗങ്ങൾക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങൾക്കു വേണ്ടി കേരള സംസ്ഥാന ആരോഗ്യവകുപ്പും ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയുടെ പൊതുജനാരോഗ്യ വിഭാഗമായ അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസസ് സ്റ്റഡീസും ചേർന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് കേരളത്തിലെ ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി. 2016 മേയ് മാസം മുതൽ കേരളത്തിലെ 14 ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ജീവിത ശൈലീ രോഗങ്ങളുടേയും അവയുടെ അപായഘടകങ്ങളുടേയും ഒരു പഠനവും അപായ ഘടകങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനായുള്ള ബോധവത്കരണ പരിപാടികളും ആണ് നടപ്പിലാക്കിവരുന്നത്. ബോധവത്കരണത്തിന്റെ ഭാഗമായി 14 ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട 2 മുതൽ 4 വരെ ബ്ലോക്ക് പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ (പ്രസിഡന്റ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ), 8 മുതൽ 12 വരെ ക്ലാസ്സുകളുള്ള തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ആരോഗ്യ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവർക്കായി പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു. ഇതുവരെ 177 ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള 282 പ്രതിനിധികൾ ഇത്തരം ക്ലാസ്സുകളിൽ പങ്കെടുക്കുകയുണ്ടായി. ഇതിനുപുറമേ 328 സ്കൂളുകളിൽ നിന്നുള്ള 751-അദ്ധ്യാപകരും 158000-ലധികം വിദ്യാർത്ഥികളും ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തുകഴിഞ്ഞു. 205 ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നായി 450 ആരോഗ്യ പ്രവർത്തകർക്കും പരിശീലനം ലഭിച്ചുകഴിഞ്ഞു. ഇപ്പോൾ ആശാ പ്രവർത്തകർക്കുള്ള ക്ലാസ്സുകൾ നടന്നുവരുന്നു. ഇവ കൂടാതെ വിദ്യാലയങ്ങളിൽ ജീവിതശൈലീ രോഗങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷണരീതിയിൽ ആരോഗ്യപരമായ മാറ്റം വരുത്തുന്നതിനും വ്യായാമം, യോഗ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും മദ്യം, പുകയില എന്നീ ദു:ശ്ശീലങ്ങൾ ഒഴിവാക്കുന്നതിനും LEAP (Life style Education and Awarness Programme) എന്ന പദ്ധതിയും പോലിസുകാർക്കായി ആഭ്യന്തര വകുപ്പുമായി ചേർന്നുകൊണ്ട് SHAPE (Systematic Health Assesssment of Police Personnel) എന്ന പദ്ധതിയും ഓഫീസുകൾ, തൊഴിൽശാലകൾ എന്നിവിടങ്ങളിൽ വർക്ക് പ്ലേസ് ഇന്റർവെൻഷൻ പരിപാടിയും നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതികൾ കൂടുതൽ സമഗ്രവും കാര്യക്ഷമവുമാക്കുക, പരിശീലന പരിപാടികളും അതിനോടനുബന്ധിച്ചുള്ള പാഠ്യപദ്ധതികളുടെയും ചികിത്സാ പ്രോട്ടോക്കോളുകളുടെയും നവീകരണം എന്നിവയ്ക്കാണ് ലോകാരോഗ്യ സംഘടനയുമായി സഹായത്തിന് ധാരണയായിരിക്കുന്നത്. മറ്റ് രാജ്യങ്ങളിൽ പ്രാവർത്തികമാക്കിയ അനുകരണീയ മാതൃകകൾ സംസ്ഥാനത്തിന് പരിചയപ്പെടുത്തുന്നതിനും ലോകാരോഗ്യ സംഘടനയുടെ സഹായം പ്രതീക്ഷിക്കുന്നുണ്ട്.

(സി) ആധുനികവത്കരണത്തിന്റെയും നഗരവത്കരണത്തിന്റെയും ഭാഗമായി ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റമാണ് ഈ രോഗങ്ങൾ വർദ്ധിക്കുന്നതിന് പ്രധാന കാരണമാകുന്നത്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, മദ്യം, പുകവലി തുടങ്ങിയ ലഹരി പദാർത്ഥങ്ങളോടുള്ള ആസക്തി എന്നിവയാണ് ഈ രോഗം വർദ്ധിക്കുന്നതിനുള്ള കാരണമായി കണക്കാക്കപ്പെടുന്നത്. രോഗങ്ങൾ മുൻകൂട്ടി നിർണ്ണയിക്കുന്നതിനുള്ള കാലതാമസവും സുസ്ഥിരമായ ചികിത്സ എടുക്കാതിരിക്കുന്നതും ഈ രോഗങ്ങൾ മൂർഛിക്കുന്നതിന് കാരണമായിത്തീരുന്നു. ഇവയുടെ നിയന്ത്രണത്തിനായി ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം പ്രതിരോധപരിപാടികളും അത്യാവശ്യമാണ്. ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നത് ഭാരിച്ച ചെലവുകൾക്കിടയാക്കുന്നതാണ്. എന്നാൽ പ്രതിരോധ പ്രവർത്തനങ്ങൾ താരതമ്യേന കുറഞ്ഞ ചെലവിൽ നടപ്പിലാക്കാൻ സാധിക്കും. അപകട സാദ്ധ്യതാ ഘടകങ്ങൾ നേരത്തെ കണ്ടുപിടിക്കുകയും ശരിയായ ചികിത്സയും പ്രതിരോധമാർഗ്ഗങ്ങളും സ്വീകരിക്കുകയും ചെയ്താൽ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ സാധിക്കും. ഇത് കേവലം ആരോഗ്യ വകുപ്പിന് മാത്രമായി ചെയ്യാവുന്ന കാര്യമല്ല. സർക്കാരിന്റെ വിവിധ വകുപ്പുകളുടേയും സർക്കാരിതര ഏജൻസികളുടേയും സന്നദ്ധ സംഘടനകളുടേയും കൂട്ടായ പ്രവർത്തനം അത്യാവശ്യമാണ്. എല്ലാവരെയും കൂട്ടിയിണക്കി സാമൂഹ്യ പ്രവർത്തകരുടേയും പൊതുജനങ്ങളുടേയും സഹായത്തോടുകൂടി സമൂഹത്തിൽ ജീവിത ശൈലീരോഗങ്ങൾക്ക് പ്രതികൂലമായൊരു സാഹചര്യം സൃഷ്ടിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ പങ്ക് വളരെ വലുതാണ്.

(ഡി) മുതിർന്ന പൗരൻമാരിൽ ജീവിതശൈലീ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്ന സാഹചര്യത്തിൽ മരുന്നിനും ചികിത്സയ്ക്കും ഒപ്പം ആരോഗ്യ ബോധവത്കരണവും അനിവാര്യമാണ്. ഇതിനായി ഡയറ്റീഷ്യനും കൗൺസിലർമാരും പ്രവർത്തിക്കുന്ന ജില്ലകളിൽ അവരിലൂടെ വയോജനങ്ങൾക്കായി പ്രത്യേക ബോധവത്കരണവും നടത്തിവരുന്നു. അല്ലാത്ത സ്ഥലങ്ങളിൽ സ്റ്റാഫ് നഴ്സിനേയും, ഫീൽഡ് തല ജീവനക്കാരെയും ഈ ദൗത്യം ഏൽപ്പിച്ചിട്ടുണ്ട്. ഇത് കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ആധുനിക ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നേരിടുന്നതിനും ജീവിതചര്യകൾ മാറ്റേണ്ടതിന്റെയും നല്ല ഭക്ഷണശീലം അനുവർത്തിക്കേണ്ടതിന്റെയും യോഗ തുടങ്ങിയ പരിശീലനത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് സെമിനാറുകളും ബോധവത്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

## റേഷൻ കടകളുടെ പ്രവർത്തനം

30 (*180) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ധാന്യ വിഭവങ്ങൾ തിരിമറി നടത്താത്ത റേഷൻ കടകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന പരാതി അന്വേഷിച്ചിരുന്നോ;

(ബി) തിരിമറി തടഞ്ഞുകൊണ്ട്, ഇവയെ ലാഭകരമായി നിലനിർത്താൻ ഉദ്ദേശിക്കുന്ന പദ്ധതി എന്താണ്; വാതിൽപ്പടി വിതരണം ആരംഭിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ അറിയിക്കാമോ;

(സി) റേഷൻ വ്യാപാരികൾക്ക് വില്പനയുടെ അടിസ്ഥാനത്തിലുള്ള കമ്മീഷന് പകരം വേതനം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റോറുകൾ വഴി വിൽക്കുന്ന സാധനങ്ങൾ കൂടി വില്ക്കാൻ അനുമതി നൽകി, റേഷൻകടകളെ പുതിയ രൂപത്തിലേക്ക് മാറ്റാൻ സാധിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) ഇത് സംബന്ധിച്ച് പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 വിഭാവനം ചെയ്യുന്ന വാതിൽപ്പടി വിതരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിനായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സപ്ലൈചെയിൻ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനാവശ്യമായ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ എൻ.ഐ.സി. തയ്യാറാക്കിവരുന്നു. ജി.പി.എസ്. ട്രാക്കിംഗ് വഴി റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും കമ്പ്യൂട്ടർവത്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലേക്കാവശ്യമായ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിന് സപ്ലൈകോയെ സുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ വിളിക്കുന്നതിനാവശ്യമായ RFP (Request for Proposal) ഡോക്യുമെന്റ് സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാക്കി സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്. 2017 മധ്യത്തോടുകൂടി റേഷൻ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്ത് നിലവിലുള്ള റേഷനിംഗ് സമ്പ്രദായം അനുസരിച്ചും, ദേശീയ ഭക്ഷ്യ ഭദ്രത നിയമപ്രകാരവും റേഷൻ കട ഉടമയ്ക്ക് കമ്മീഷൻ/മാർജിൻ എന്ന നിലയിൽ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണത്തെ അടിസ്ഥാനപ്പെടുത്തി പ്രതിഫലം നൽകുന്നതിനാണ് വ്യവസ്ഥയുള്ളത്. കേരളത്തിലെ റേഷൻ വിതരണത്തെ കുറ്റമറ്റ രീതിയിൽ ആക്കുന്നതിനെ പറ്റി പഠിക്കുവാൻ ശ്രീമതി നിവേദിത പി. ഹരൻ, ഐ.എ.എസ്.-നെ അദ്ധ്യക്ഷയാക്കി ഒരു കമ്മീഷനെ സർക്കാർ നിയമിച്ചിരുന്നു. ഈ കമ്മീഷന്റെ പഠന റിപ്പോർട്ടിൽ റേഷൻ വ്യാപാരികൾക്ക് നീതിപൂർവ്വമായ കമ്മീഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. രാജ്യത്തെ പൊതുവിതരണ സമ്പ്രദായം പരിഷ്കരിക്കുന്നതിനായി 2013-ൽ ഭാരത സർക്കാർ പാസ്സാക്കിയ ദേശീയ ഭക്ഷ്യ ഭദ്രത നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്കുള്ള പാക്കേജ് സംബന്ധിച്ച് പഠിക്കുവാൻ റേഷൻ വ്യാപാരി പ്രതിനിധികൾ, സിവിൽ സപ്ലൈസ് ഡയറക്ടർ, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻ, തൊഴിൽ വകുപ്പ് പ്രതിനിധി, ഡബ്ല്യു.എഫ്.പി. പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. സപ്ലൈകോ വഴി വിതരണം ചെയ്തുവരുന്ന അവശ്യ സാധനങ്ങൾ റേഷൻ കട വഴി ലഭ്യമാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ട്.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പി.എസ്.സി. മുഖേന അഡ്വൈസ് മെമ്മോ

1 (1807) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2017 ജനുവരി 31 വരെ പി.എസ്.സി മുഖേന എത്ര പേർക്ക് അഡ്വൈസ് മെമ്മോ കൊടുത്തു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2017 ജനുവരി 31 വരെ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചു ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 25-5-2016 മുതൽ 31-1-2017 വരെയുള്ള കാലയളവിൽ പി.എസ്.സി.മുഖേന 29,900 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

## പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരുടെ എണ്ണം

2 (1808) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ നിലവിൽ വന്നശേഷം പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന 25-5-2016 മുതൽ 31-1-2017 വരെ ആകെ 29,900 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

3 (1809) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒഴിവുകളുണ്ടായിരുന്നിട്ടും യഥാസമയം നിയമനം നടത്താതിരിക്കുന്ന കാലാകാലങ്ങളായുള്ള പ്രവണത ഇല്ലാതാക്കാനും വിവിധ തസ്തികകളിലെ ഒഴിവുകൾ കണ്ടെത്തി നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽനിന്നും നിയമനം നടത്തുവാനും ഈ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി.-യിൽ നിന്നും നിയമനത്തിനായി പ്രസിദ്ധീകരിച്ച എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെന്നും ഓരോന്നിൽനിന്നും എത്ര പേർക്ക് നാളിതുവരെ നിയമന ഉത്തരവുകൾ നൽകി എന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ പ്രസിദ്ധീകരിച്ചതും ഒഴിവുകൾ ഉണ്ടായിരുന്നിട്ടും യഥാസമയം നിയമനങ്ങൾ നടത്താത്തതുമായ എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഈ സർക്കാർ നീട്ടി നൽകി ; ഇപ്രകാരം കാലാവധി നീട്ടിയ റാങ്ക് ലിസ്റ്റിലെ, തസ്തികകളിലെ ഒഴിവുകൾ കണ്ടെത്തി നിയമനം ഉറപ്പുവരുത്താൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിജിലൻസ് സെൽ വിവിധ വകുപ്പുകളിൽ ദ്രുതപരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചു. ഇതിനു പുറമേ ഒഴിവുകൾ ഓൺലൈൻ ആയി റിപ്പോർട്ട് ചെയ്യുന്നതിന് VARAM എന്ന ഒരു സോഫ്റ്റ്‌വെയർ സംവിധാനം സർക്കാർ വികസിപ്പിച്ചിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) 31-12-2016 മുതൽ 29-6-2017 വരെയുള്ള കാലയളവിൽ 3 (മൂന്ന്) വർഷക്കാലാവധി പൂർത്തിയാക്കി കാലഹരണപ്പെടുന്നതും നാളിതുവരെ കാലാവധി നീട്ടി നൽകാത്തതുമായ റാങ്ക് പട്ടികകൾ വ്യവസ്ഥകൾക്ക് വിധേയമായി 30-6-2017-വരെ (പരമാവധി 6 മാസം) ദീർഘിപ്പിച്ചിട്ടുണ്ട്. വകുപ്പിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിവിധ വകുപ്പുകൾ സന്ദർശിച്ച് അവലോകനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**പി.എസ്.സി. മാനദണ്ഡങ്ങൾ**

4 (1810) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി, ബോർഡ്,കോർപ്പറേഷൻ എന്നിവയിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിന് പി.എസ്.സി. പാലിച്ചു പോരുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങൾ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് അവയുടെ മുൻകൂർ അനുമതി പി.എസ്.സി. തേടേണ്ടതുണ്ടോ;

(സി) നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി പൂർത്തിയായിക്കഴിഞ്ഞാൽ വീണ്ടും വിജ്ഞാപനം സ്വമേധയാ നടത്താൻ പി.എസ്.സി.-ക്ക് അധികാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സർക്കാർ ഉടമസ്ഥതയിൽ ഉള്ള പി.എസ്.സി.-യുടെ പരിധിയിൽ വരുന്ന കമ്പനി, ബോർഡ്, കോർപ്പറേഷനുകളിൽനിന്നും ഒഴിവുകൾ അറിയിച്ചു കൊണ്ടുള്ള അർത്ഥനാപത്രങ്ങൾ പി.എസ്.സി.-യ്ക്ക് ലഭിക്കുമ്പോൾ ആ കമ്പനിയുടെ സവിശേഷ ചട്ടങ്ങൾ (Special Rules) പരിശോധിച്ച് (നിയമന രീതി, വിദ്യാഭ്യാസ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

യോഗ്യത, വയസ്സ്, മറ്റാനുകൂല്യങ്ങൾ മുതലായവ) അതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ച് നിലവിലുള്ള സംവരണ തത്വങ്ങൾ പാലിച്ചാണ് നിയമന ശിപാർശ ചെയ്യുന്നത്.

(ബി) ഇല്ല. ഒഴിവ് അറിയിച്ചുകൊണ്ടുള്ള അർത്ഥനാപത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആണ് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(സി) നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി പൂർത്തിയായിക്കഴിഞ്ഞ് ടി തസ്തികയിൽ ഒഴിവ് നിലവിലുണ്ടെങ്കിൽ പി.എസ്.സി.-ക്ക് സ്വമേധയാ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്. ഒഴിവുകൾ നിയമനാധികാരി അറിയിക്കുന്ന മുറയ്ക്കാണ് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

**വാഹന പരിശോധന**

5 (1811) ശ്രീ. സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തോടുന്ന വാഹനങ്ങളെ തടഞ്ഞുനിർത്തി പരിശോധന നടത്താൻ അധികാരപ്പെട്ട സർക്കാർ വകുപ്പുകൾ ഏതെല്ലാം;

(ബി) പ്രസ്തുത വകുപ്പുകളുടെ വാഹനങ്ങൾ ട്രാഫിക് നിയമലംഘനം നടത്തുന്നതും അക്കാര്യം ഉദ്യോഗസ്ഥർ പരിശോധിക്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രാഫിക് നിയമങ്ങൾ സർക്കാർ വാഹനങ്ങൾക്കും ഉദ്യോഗസ്ഥരുടെ സ്വകാര്യവാഹനങ്ങളുൾപ്പെടെയുള്ള എല്ലാ വാഹനങ്ങൾക്കും ഒരുപോലെ ബാധകമാക്കി നടപ്പാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പോലീസ് ഡിപ്പാർട്ട്മെന്റിനും മോട്ടോർ വാഹന വകുപ്പിനും അധികാരമുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മോട്ടോർ വാഹനനിയമങ്ങളും ട്രാഫിക് നിയമങ്ങളും സർക്കാർ വാഹനങ്ങൾക്കും, മറ്റ് വാഹനങ്ങൾക്കും ഉദ്യോഗസ്ഥരുടെ സ്വകാര്യ വാഹനങ്ങൾക്കും സ്വകാര്യ വ്യക്തികളുടെ വാഹനങ്ങൾക്കും എല്ലാം ഒരു പോലെ ബാധകമാണ്. ഈ നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## എൽ.ഡി./യു.ഡി. ക്ലാർക്കുമാരുടെ അനുപാതം

6 (1812) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-3-1989 ലെ ജി.ഒ.(പി) 5/89 (5/89)/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും എൽ.ഡി.,യു.ഡി. ക്ലാർക്കുമാരുടെ അനുപാതം ഓഫീസുകളിൽ പ്രത്യേകമായി നിലനിർത്താതെ വകുപ്പ് ഒരു സിംഗിൾ യൂണിറ്റായി കണക്കാക്കി ക്ലാർക്ക് തസ്തിക ഒന്നായിക്കണ്ട് പ്രൊമോഷൻ ലഭിക്കുമ്പോൾ മറ്റ് ഓഫീസുകളിലേക്ക് ട്രാൻസ്ഫർ ചെയ്യാതെ നിയമനം നടത്തണമെന്ന് ഉത്തരവായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 19-3-1989-ലെ ഈ ഉത്തരവ് റവന്യൂ, സിവിൽ സപ്ലൈസ്, ട്രഷറി, ടാക്സസ് തുടങ്ങിയ പ്രധാനപ്പെട്ട വകുപ്പുകളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്ന കാര്യങ്ങൾ സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിന് വീണ്ടും നിർദ്ദേശം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രൊമോഷൻ സംസ്ഥാന തലത്തിൽ നടത്തുന്ന വകുപ്പുകളിൽ ബന്ധപ്പെട്ട വകുപ്പിനെ ഒറ്റ യൂണിറ്റായി കണക്കാക്കി എൽ.ഡി.ക്ലാർക്ക്, യു.ഡി. ക്ലാർക്ക് തസ്തികകളുടെ അനുപാതം അനുവദിക്കപ്പെട്ട തസ്തികകളുടെ അടിസ്ഥാനത്തിൽ നിലനിർത്തിക്കൊണ്ട് തന്നെ എൽ.ഡി.ക്ലാർക്കുമാരെയും യു.ഡി.ക്ലാർക്കുമാരെയും ഗ്രേഡ് കണക്കിലെടുക്കാതെ ക്ലാർക്ക് തസ്തികയിൽ സ്ഥലം മാറ്റം നടത്താവുന്നതാണെന്നും എൽ.ഡി. ക്ലാർക്ക്, യു.ഡി. ക്ലാർക്ക് തസ്തികകളിലേക്കുള്ള പ്രൊമോഷൻ ജില്ലാ തലത്തിൽ നടത്തുന്ന വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക്, യു.ഡി. ക്ലാർക്ക് തസ്തികകളുടെ അനുപാതം നിശ്ചയിക്കുന്നതിനായി ജില്ലയെ ഒറ്റ യൂണിറ്റായി കണക്കാക്കുന്നതാണെന്നും 16-3-1989-ലെ G.O.(P) No.5/89/P&ARD പ്രകാരം ഉത്തരവായിട്ടുണ്ട്. എല്ലാ വകുപ്പുകൾക്കും പ്രസ്തുത ഉത്തരവ് ബാധകമാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകൾ

7 (1813) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിരവധി തസ്തികകൾ ഒഴിവുണ്ടെങ്കിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താതെ ക്ലാസ്സുകൾ ഗസ്റ്റ് ലക്ചറർമാരെക്കൊണ്ട് കൈകാര്യം ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിവിധ സ്കൂളുകളിലെ ഒഴിവുകളുടെ വിവരം ലഭ്യമാക്കി നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റുകളിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നല്കി;

(ഡി) ഓരോ റാങ്ക് ലിസ്റ്റിന്റെയും കാലാവധി അവസാനിക്കുന്ന തീയതി അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-2015, 2015-2016 അദ്ധ്യയന വർഷങ്ങളിൽ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ/ബാച്ചുകളിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഉത്തരവായിരുന്നു.

(ബി) സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകളിലേക്ക് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതാണ്.

(സി&ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

## പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള ശിപാർശ

8 (1814) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഏതെങ്കിലും വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള ശിപാർശ സർക്കാർ മുമ്പാകെയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 25-5-2016 മുതൽ 31-1-2017 വരെ ആകെ 29,900 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*

(ബി) വിവരം ശേഖരിച്ചു വരുന്നു.

## വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

9 (1815) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-ൽ നിലവിൽ വന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും വിവിധ വകുപ്പുകളിൽ എത്ര പേർക്ക്നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും എത്ര പേർ ഇനിയും ജോലിയിൽ പ്രവേശിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; വകുപ്പുകൾ തിരിച്ച് വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കമ്പനി/ബോർഡ് അസിസ്റ്റന്റ് നിയമനം

10 (1816) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പനി/ബോർഡ് അസിസ്റ്റന്റ് (കെ.എസ്.എഫ്.ഇ, കെ.എസ്.ഇ.ബി. മുതലായവ) പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഈ ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; നാളിതുവരെയുള്ള ഓരോ കമ്പനി/ ബോർഡ് / കോർപ്പറേഷനുകളുടെ നിയമന വിവരങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ ലിസ്റ്റിൽനിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്തെ നിയമനങ്ങളുടെ വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) നിലവിലുണ്ട്.

(ബി) 22-9-2014-ലാണ് ഈ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. ഈ ലിസ്റ്റിൽനിന്നും വിവിധ കമ്പനി/കോർപ്പറേഷനുകളിലേയ്ക്ക് നടത്തിയ നിയമനങ്ങളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ് :

1. KSFE-2027
2. KSEB-199
3. Malabar Cements -83
4. KMML -21
5. KAMCO -18
6. Cashew Development Corporation -26
7. Kerala Land Developement Corporation -25
8. Kerala Handloom Development Corporation -2.

(സി) ഈ റാങ്ക് പട്ടികയിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ നിയമനം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 12-12-2014 (ആദ്യ നിയമന ശിപാർശ) | - | 1192 |
| 1-1-2015 മുതൽ 31-12-2015 വരെ | - | 392 |
| 1-1-2016 മുതൽ 25-5-2016 വരെ | - | 175 |

**ആശ്രിത നിയമനം**

11 (1817) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ആശ്രിത നിയമനങ്ങൾ നടന്നു; ഏതെല്ലാം വകുപ്പുകളിൽ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

നിയമനം നൽകിയത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് വരികയാണ്.

**ആശ്രിതനിയമനം**

12 (1818) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 മേയ് 1 മുതൽ 2017 ഫെബ്രുവരി 15 വരെ എത്ര പേർക്ക് സമാശ്വസ പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകിയിട്ടുണ്ട്;

(ബി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകർക്ക് ഇനി തൊഴിൽ നൽകാനുണ്ട്;

(സി) ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നത് സർക്കാർ താൽക്കാലികമായി നിർത്തി വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ച് വരികയാണ്.

(സി) ഇല്ല.

**ആശ്രിതനിയമനം**

13 (1819) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആശ്രിത നിയമനം വഴി നിയമനം നൽകിയവരുടെ വകുപ്പ് തിരിച്ചുള്ള കണക്ക് ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ ആശ്രിത നിയമനത്തിനായി എത്ര അപേക്ഷകൾ പെന്റിങ് ഉണ്ടായിരുന്നു ;

(സി) ആശ്രിത നിയമനത്തിനായി സമർപ്പിച്ച നിയമാനുസൃതമായ എല്ലാ അപേക്ഷകർക്കും സമയബന്ധിതമായി നിയമനം നൽകുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ച് വരികയാണ്.

(സി) സർക്കാർ സർവ്വീസിലിരിക്കെ മരണപ്പെടുന്ന ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് അടിയന്തരമായി ആശ്വാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 1970-ൽ തുടക്കമിട്ട സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള 25-5-1999-ലെ സ.ഉ. (പി) 12/99/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മാത്രമെ ആശ്രിതർക്ക് നിയമനം നൽകുവാൻ കഴിയുകയുള്ളൂ.

**വയനാട് ജില്ലയിൽ പി.എസ്.സി. നിയമനങ്ങൾ**

14 (1820) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ എത്ര പി.എസ്.സി. നിയമനങ്ങൾ നടന്നിട്ടുണ്ട്;

(ബി) വയനാട് ജില്ലയിൽ നടന്ന പ്രസ്തുത നിയമനങ്ങളുടെ കണക്ക് വകുപ്പു തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജില്ലയിൽ എത്ര നിയമനങ്ങൾ നടന്നു?

ഉത്തരം

(എ) 25-5-2016-ന് ശേഷം വയനാട് ജില്ലയിൽ വിവിധ വകുപ്പുകളിലേക്ക് ആകെ 559 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

**നോട്ട് റദ്ദാക്കൽ ആഘാത ദുരിതാശ്വാസനിധി**

15 (1821) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ട് പിൻവലിക്കൽ നടപടിയിലൂടെ സംസ്ഥാനത്തിന് ഉണ്ടായ ദുരിതത്തിന് പരിഹാരം കാണാൻ കേന്ദ്രസർക്കാർ നോട്ട് റദ്ദാക്കൽ ആഘാതദുരിതാശ്വാസനിധി രൂപീകരിക്കണമെന്ന് സംസ്ഥാന ആസൂത്രണബോർഡ് ശിപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ആസൂത്രണബോർഡിന്റെ റിപ്പോർട്ട് എന്നാണ് ലഭിച്ചത്;

(സി) നോട്ട് പ്രതിസന്ധിമൂലം പദ്ധതി ചെലവിൽ ഉണ്ടാകുന്ന കുറവ് നികത്തുന്നതിന് കേന്ദ്രം ഫണ്ട് അനുവദിക്കണമെന്ന ശിപാർശ പ്രസ്തുത റിപ്പോർട്ടിലുണ്ടോ;

(ഡി) ഇത്തരം ഒരാവശ്യം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമർപ്പിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ആസൂത്രണ ബോർഡ് നിയമിച്ച കമ്മിറ്റി 2016 ഡിസംബർ മാസത്തിൽ ഒരു ഇടക്കാല റിപ്പോർട്ടും 2017 ഫെബ്രുവരി മാസത്തിൽ അന്തിമ റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) സമർപ്പിച്ചിട്ടുണ്ട്

**ഗെയിൽ വാതക പൈപ്പ് ലൈൻ**

16 (1822) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ സംബന്ധിച്ച സർവ്വേ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) ജനവാസ കേന്ദ്രങ്ങളിൽ കൂടി പൈപ്പ് ലൈൻ കടന്നു പോകുന്നതിനെതിരെ ഉയർന്നു വന്ന ജനരോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പദ്ധതി ജനവാസകേന്ദ്രങ്ങളിൽനിന്ന് മാറ്റി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പദ്ധതിക്കായി നോട്ടിഫൈ ചെയ്തതും പദ്ധതി കടന്നു പോകുന്നതും അല്ലാത്തതുമായ പ്രദേശങ്ങളിലെ ഭൂവുടമകൾക്ക് ഭൂമി ക്രയവിക്രയം ചെയ്യാൻ സാധിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതുമൂലം ഒട്ടേറെ സാധാരണ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് എന്തൊക്കെ പരിഹാര നടപടികൾ കൊക്കൊള്ളും?

ഉത്തരം

(എ) സംസ്ഥാനത്തെ ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കലും നിർമ്മാണപ്രവർത്തനങ്ങളും അന്തിമ ഘട്ടത്തിലാണ്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. കോഴിക്കോട് ജില്ലയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ 75% പൂർത്തിയായി. മലപ്പുറം ജില്ലയിൽ സർവ്വെ നടപടികൾ ഉടൻ തന്നെ പുനരാരംഭിക്കുന്നതാണെന്ന് ഗെയിൽ അറിയിച്ചിട്ടുണ്ട്. ആകെയുള്ള 503

കി.മീറ്ററിൽ 431 കി.മീറ്റർ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. കേരളത്തിലൊട്ടാകെ 5 IP സ്റ്റേഷനുകൾക്കും 26 SV സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ 24 സ്റ്റേഷനുകൾക്കുള്ള നടപടി പൂർത്തിയായി. ബാക്കിയുള്ളവയുടെ ജോലികൾ പുരോഗതിയിലാണ്. മഹസർ തയ്യാറാക്കുന്ന ജോലികൾ നടന്നുവരുന്നു.

(ബി&സി) ഉണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾ തോറും ബോധവത്കരണം നടത്തുന്നുണ്ട്. ജനവാസ മേഖലയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ യാതൊരു സുരക്ഷാക്കുറവും സംഭവിക്കുന്നില്ല. ഈ പദ്ധതി നടപ്പിലായാൽ സംസ്ഥാനത്തിന് നേട്ടമാണ് ഉണ്ടാവുക. ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യവുമില്ലാത്തതിനാൽ നിലവിലുള്ള അലൈൻമെന്റിൽ മാറ്റം വരുത്തുകയില്ലെന്ന് ഗെയിൽ അധികൃതർ അറിയിച്ചിട്ടുണ്ട്.

(ഡി&ഇ) പദ്ധതിക്കായി ഭൂമിയുടെ ഉപയോഗാവകാശം മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഉടമസ്ഥാവകാശം ഭൂവുടമയിൽ തന്നെ നിക്ഷിപ്തമാണ് ഭൂമിയുടെ ക്രയവിക്രയത്തിന് യാതൊരു നിയന്ത്രണവും ഗെയിൽ ഏർപ്പെടുത്തിയിട്ടില്ല.

**ആലപ്പുഴ ജില്ലയിലെ മസ്ദൂർ നിയമനം**

17 (1823) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള പി.എസ്.സി.-യുടെ കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ നടത്തിയ നിയമനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ തസ്തികയിലേക്ക് പുതിയ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 276 ഉദ്യോഗാർത്ഥികൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകി. 246 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 66 ഒഴിവുകൾ പ്രൊവിഷണലായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പുതിയ അപേക്ഷ ക്ഷണിച്ചിട്ടില്ല.

## സിവിൽ സർവ്വീസിന്റെ സേവനം

18 (1824) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽ സർവ്വീസിന്റെ വിവിധ തലങ്ങളിലുള്ള സംവിധാനങ്ങളുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്താറുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ ഒമ്പത് മാസത്തെ പ്രവർത്തനത്തെ എപ്രകാരമാണ് വിലയിരുത്തുന്നത്;

(ബി) ഉയർന്ന ഉദ്യോഗസ്ഥർ തമ്മിലുള്ള കിടമത്സരവും, പരസ്പരം പരാതികളുന്നയിക്കുന്നതും, പരസ്പര വിശ്വാസരാഹിത്യവും ഭരണസംവിധാനങ്ങളെ ആകെ തകിടം മറിച്ചിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.എസ്. ഉദ്യോഗസ്ഥർ, തങ്ങളെ ഡി.ജി.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ പക പോക്കലിനായി കേസിൽപ്പെടുത്തുന്നുവെന്ന് രേഖാമൂലമോ, അല്ലാതെയോ പരാതി നൽകിയിട്ടുണ്ടോ;

(ഡി) ഇന്നത്തെ പരിതാപകരമായ നിലയിൽനിന്നും. സിവിൽ സർവ്വീസിനെ മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് സേവനം നൽകുന്ന ഒന്നാക്കി മാറ്റുവാൻ ഇതിനകം സ്വീകരിച്ച എന്തെങ്കിലും ശ്രമങ്ങൾ പരാജയപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

### ഉത്തരം

(എ) ഇത്തരം വിലയിരുത്തലൊന്നും പ്രത്യേകമായി നടത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) സിവിൽ സർവ്വീസിൽ പരിതാപകരമായ അവസ്ഥ നിലവിലില്ല.

## ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്

19 (1825) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലാസ്റ്റ് ഗ്രേഡ് (വിവിധം) റാങ്ക് ലിസ്റ്റ് ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ നിലവിലുള്ളത് ;

(ബി) യൂണിവേഴ്സിറ്റിയുടെ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് കൈമാറുന്നതു സംബന്ധിച്ച് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എടുത്ത തീരുമാനം സർക്കാർ ഉത്തരവായി പുറത്തിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള തടസ്സം എന്താണ്;

(സി) അടിയന്തരമായി തടസ്സംനീക്കി നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽനിന്നും യൂണിവേഴ്സിറ്റിയിലേക്ക് ലാസ്റ്റ് ഗ്രേഡ് നിയമനം നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) എല്ലാ ജില്ലകളിലും ലാസ്റ്റ് ഗ്രേഡ് (വിവിധം) തസ്തികയുടെ റാങ്ക് പട്ടിക നിലവിലുണ്ട്.

(ബി) വിവിധ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളുടെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമാക്കുന്നതുമായി ബന്ധപ്പെട്ട Kerala Public Service Commision (Additional functions as respects the service under Universities) Act 2015, 21-12-2015-ൽ നിലവിൽ വന്നു എങ്കിലും ഇതിനനുസൃതമായി Kerala Public Service Commission Consultation Regulation/ Rules രൂപീകൃതമായിട്ടില്ല.

(സി) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുത്തിട്ടുള്ളതും എന്നാൽ ഇതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും നിയമനം പി.എസ്.സി. വഴി നടത്തുന്നതിനാവശ്യമായ ചട്ടങ്ങൾ എത്രയും വേഗം രൂപീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സോഷ്യൽ മീഡിയയിൽ കൂടി അധിക്ഷേപിച്ചുവെന്ന് ആരോപിച്ച് ജീവനക്കാർക്കെതിരെ നടപടി

20 (1826) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയെയോ മന്ത്രിമാരെയോ സോഷ്യൽ മീഡിയയിൽ കൂടി അധിക്ഷേപിച്ചുവെന്ന് ആരോപിച്ച് എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചു; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

## താലൂക്ക്, ജില്ലാ തലങ്ങളിൽ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ

21 (1827) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക്, ജില്ലാ തലങ്ങളിൽ ആറ് മാസത്തിൽ ഒരിക്കൽ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) ജനങ്ങൾക്ക് വേഗത്തിൽ സർക്കാർ സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ 21-7-2016-ലെ പി.ഡി.എൽ.-2/എ.ആർ.14 (2) ഉ.ഭ.പ.ഒ. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ വില്ലേജ് തലം മുതൽ കളക്ടറേറ്റ് തലം വരെയുള്ള കാര്യാലയങ്ങളിൽ ഓരോ മാസവും നിശ്ചിത തീയതിയിൽ (എല്ലാ മാസവും 8-ാം തീയതി-താലൂക്ക്, 18-ാം തീയതി-ആർ.ഡി.ഒ, 28-ാം തീയതി കളക്ടറേറ്റ്, ഓരോ മാസത്തിലേയും ആദ്യ ശനിയാഴ്ച-മറ്റ് റവന്യൂ കാര്യാലയങ്ങൾ) ഫയൽ അദാലത്ത് നടത്തണമെന്ന് നിർദ്ദേശിച്ച് 30-8-2016-ൽ റവന്യൂ വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലേയ്ക്കും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽനിന്നും കത്ത് നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ടി കാര്യാലയങ്ങളിൽ ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ജനങ്ങൾക്ക് വേഗത്തിൽ സർക്കാർ സേവനം ലഭ്യമാക്കുന്നതിന് ഇ-ഡിസ്ട്രിക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനപരാതി പരിഹാര സെൽ കളക്ടറേറ്റുകളിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഫയൽ അദാലത്തുകൾ നടത്തുന്നുണ്ട്. ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാകുന്നതോടെ കൂടുതൽ വേഗത്തിൽ സേവനം നൽകാൻ സാധിക്കും

## പാർട്ട് ടൈം തസ്തികകളിലെ ഒഴിവുകൾ

22 (1828) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ നിലവിൽ പാർട്ട് ടൈം തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പാർട്ട് ടൈം തസ്തികയിൽനിന്നും തസ്തിക മാറ്റം മുഖേന ഫുൾ ടൈം തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് നിയമനം നൽകുന്നതിന് ജില്ലാ കളക്ടർമാർ തയ്യാറാക്കുന്ന പട്ടിക നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പാർട്ട് ടൈം തസ്തികയിൽ നിലവിൽ ഒഴിവുകൾ ഉണ്ടെങ്കിൽ കാലതാമസം കൂടാതെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പുമേധാവികൾക്കും, നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**റിട്ടയർ ചെയ്ത ജീവനക്കാർ**

23 (1829) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31-12-2016 വരെ എത്ര പേർ സർവ്വീസിൽനിന്നും പിരിഞ്ഞിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഏതൊക്കെ വകുപ്പുകളിൽ എത്ര വീതം തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്;

(സി) ഈ കാലയളവിൽ എത്ര ഒഴിവുകൾ വീതം ഒരോ വകുപ്പും പി. എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31-12-2016 വരെ 12,887 പേർ ഈ കാലയളവിൽ വിരമിച്ചിട്ടുണ്ട്. ധനകാര്യ സ്പാർക്ക് വിഭാഗത്തിൽ നിന്നും ലഭിച്ച കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി&സി) വിവരം ശേഖരിച്ച വരുന്നു

**വിവരാവകാശ നിയമം ശക്തിപ്പെടുത്തുന്നതിന് നടപടി**

24 (1830) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിവരാവകാശ കമ്മീഷനെയും സർക്കാർ സ്ഥാപനങ്ങളെയും ഓൺലൈൻമുഖേന ബന്ധിപ്പിക്കുന്നതിന് സംവിധാനമെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) അഴിമതി രഹിതവും സുതാര്യവുമായ ഭരണം ഉറപ്പുവരുത്തുന്ന തരത്തിലുള്ള വിവര കൈമാറ്റത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ മന്ത്രിസഭാ തീരുമാനം സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിന് തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അതിന് തയ്യാറാകാത്തത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിവരാവകാശനിയമം ശക്തിപ്പെടുത്തുന്നതിനും ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെയും ഭാഗമായി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഓഫീസിനെയും വിവിധ സർക്കാർ സ്ഥാപനങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന സോഫ്റ്റ് വെയർ തയ്യാറാക്കുന്നത് സംബന്ധിച്ച രൂപരേഖയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(സി) ഉണ്ട്. മന്ത്രിസഭാ തിരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കുന്നവർക്ക് നൽകുന്നതിൽ ഒരു തടസ്സവും നിലവിലില്ല. മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്ന തന്നെയാണ് ഈ സർക്കാരിന്റെ നയം. 20-7-2016-ലെ സ.ഉ. (സാധാ) 20/2016 പൊഭ. (എസ്.സി.) ഉത്തരവ് പ്രകാരം മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അത് പുറപ്പെടുവിച്ച ഉടൻ തന്നെ മന്ത്രിസഭായോഗത്തിന് സമർപ്പിച്ച കുറിപ്പുകൾ, തീരുമാനം എന്നിവ ഉൾപ്പെടെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം അവ Kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.

## പേഴ്സണൽ സ്റ്റാഫിന് പെൻഷൻ

25 (1831) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ (2011-2016) കാലഘട്ടത്തിൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്ന ജീവനക്കാരിൽ പെൻഷന് അപേക്ഷ നൽകിയവരെത്രയാണ്; ആയതിൽ എത്രപേർക്ക് ഇതുവരെ പെൻഷൻ അനുവദിക്കുകയുണ്ടായി;

(ബി) പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(സി) ശേഷിക്കുന്ന അപേക്ഷകൾ പെൻഷൻ അനുവദിക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് അടിയന്തരമായി അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2017 ഫെബ്രുവരി 28 വരെ 248 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 20 പേർക്ക് പെൻഷൻ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) പെൻഷൻ അപേക്ഷകൾക്കൊപ്പം സേവനപുസ്തകവും പൂർണ്ണമായ അപേക്ഷയും ലഭ്യമാകാത്ത സാഹചര്യത്തിൽ അത്തരം പെൻഷൻ അപേക്ഷകൾ തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്. പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായ രേഖകൾ ഉള്ള അപേക്ഷകളിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് അക്കൗണ്ടന്റ് ജനറൽ ഓഫീസുകളിലേക്ക് സമയബന്ധിതമായി അയച്ചു കൊടുക്കുന്നുണ്ട്.

## വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ

26 (1832) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി രഹിതവും സുതാര്യവുമായ ഭരണം കൂടുതൽ ജനങ്ങളിലേക്കെത്തിക്കാൻ വിവരാവകാശ കമ്മീഷനെ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ എപ്രകാരമെല്ലാം കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) വിവരാവകാശ നിയമം ഫലപ്രദമായി നടപ്പാക്കാൻ വിവരാവകാശ കമ്മീഷനെയും വിവിധ സർക്കാർ സ്ഥാപനങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന സോഫ്റ്റ് വെയർ തയ്യാറാക്കുന്നത് പരിഗണിച്ചിട്ടുണ്ടോ;

(ഡി) വിവരാവകാശ നിയമം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുവാൻ കമ്മീഷൻ ഓഫീസിനെയും വിവിധ സർക്കാർ സ്ഥാപനങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന സോഫ്റ്റ് വെയർ തയ്യാറാക്കുന്നത് സംബന്ധിച്ച രൂപരേഖയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ജനസാന്ത്വന ഫണ്ട്**

27 (1833) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ വികസനവും ക്ഷേമവും മെച്ചപ്പെടുത്തുന്നതിന് മുഖ്യമന്ത്രിയുടെ 'ജനസാന്ത്വന ഫണ്ട്' എന്ന പേരിൽ ധനസമാഹരണത്തിന് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടിലേക്ക് ഇതുവരെ എത്ര കോടി രൂപ സമാഹരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഫണ്ട് നൽകിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 31-10-2016-ലെ ജി.ഒ. (പി) 165/2016/ധന. പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 4-1-2017-ലെ ജി.ഒ (പി)1/2017 ധന. പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ വിശദീകരിച്ച് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.*)

(ബി) 2,25,47,360 (രണ്ട് കോടി ഇരുപത്തഞ്ച് ലക്ഷത്തി നാൽപ്പത്തേഴാ യിരത്തി മൂന്നൂറ്റി അറുപത് രൂപ)

(സി) 1. ചെയർമാൻ, സി.എച്ച്. മുഹമ്മദ്കോയ എഡ്യൂക്കേഷൻ ട്രസ്റ്റ്, ഗൾഫ് ലിങ്ക്സ് ഫസ്റ്റ് ഫ്ളോർ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം- 695034.

2. ഡോ.ബി.ആർ.ഷെട്ടി.

3. ശ്രീ. ബാലകൃഷ്ണരത്നഗിരി പാർത്ഥൻ, 46/1 HIMA, ജി ബ്ളോക്ക്, 13rd ക്രോസ്സ്, 5th മെയിൻ, സഹകാരി നഗർ, ബാംഗ്ലൂർ-560092.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോഴിക്കോട് ജില്ലയിൽ നിന്നുള്ള സർക്കാർ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം

28 (1834) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ നിയമനം ലഭിച്ച എത്ര സർക്കാർ ജീവനക്കാർ മറ്റ് ജില്ലകളിൽ ഡെപ്യൂട്ടേഷൻ/ജോലി ക്രമീകരണ വ്യവസ്ഥകളിൽ ജോലി ചെയ്യുന്നുണ്ട്;

(ബി) ഇതിൽ സാങ്കേതിക വിഭാഗം ജീവനക്കാർ എത്രയാണ്;

(സി) ഡെപ്യൂട്ടേഷനിലോ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലോ കോഴിക്കോട് ജില്ലയിൽനിന്നും മറ്റു ജില്ലകളിലേക്ക് മാറിപ്പോയവർക്ക് പകരം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ കോഴിക്കോട് ജില്ലയിൽ എത്രയാണ്എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## കോഴിക്കോട് ഗവൺമെന്റ് പ്രസ്സ്

29 (1835) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ എത്ര സ്ഥിരം തസ്തികകൾ ഉണ്ട്; അദർഡ്യൂട്ടി/പ്രവർത്തനക്രമീകരണം വഴി എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ബി) അദർഡ്യൂട്ടി/പ്രവർത്തനക്രമീകരണം നൽകുന്നതിൽ മാനദണ്ഡം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) നിലവിൽ അദർഡ്യൂട്ടി/പ്രവർത്തനക്രമീകരണം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രസ്തുത വ്യവസ്ഥയിലെ കാലാവധി വിശദമാക്കാമോ?

ഉത്തരം

(എ) 31 സ്ഥിരം തസ്തികകൾ ഉണ്ട്. അദർഡ്യൂട്ടി/പ്രവർത്തനക്രമീകരണം വഴി 12 പേർ ജോലി ചെയ്യുന്നു.

(ബി&സി) ഇതുസംബന്ധിച്ച് മാനദണ്ഡം നിലവിലില്ല. എന്നാൽ അടിയന്തരമായി പൂർത്തിയാക്കേണ്ട അച്ചടിജോലികൾ ഉണ്ടാകുമ്പോൾ കാര്യാലയത്തിൽ നിലവിലുള്ള ജീവനക്കാരെ കൊണ്ട് ടി ജോലികൾ സമയബന്ധിതമായി ചെയ്ത് തീർക്കുവാൻ കഴിയാത്ത സാഹചര്യങ്ങളിൽ അതിലേയ്ക്കായി ഡെപ്യൂട്ടി സൂപ്രണ്ട് ആവശ്യപ്പെടുന്ന തസ്തികകളിലെ ജീവനക്കാരുടെ സേവനം നൽകാറുണ്ട്.

## മന്ത്രിസഭാ തീരുമാനങ്ങൾ

30 (1836) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കിയാൽ പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കും എന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

ഇല്ല. മന്ത്രിസഭാ യോഗ തിരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കണം എന്നതന്നെയാണ് സർക്കാരിന്റെ നിലപാട്. 20-7-2016-ലെ സ.ഉ. (സാധാ) 20/2016 പൊ.ഭ.വ. നമ്പർ ഉത്തരവിലും 9-6-2016-ലെ 590/എസ്.സി1/2016 നമ്പർ സർക്കുലറിലും മന്ത്രിസഭായോഗ തീരുമാനങ്ങൾക്കനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചാൽ ഉടൻ തന്നെ മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കുന്ന കുറിപ്പുകളും നടപടിക്രമവും ഉൾപ്പെടെ സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട തസ്തികകൾ

31 (1837) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചോ; റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ; റാങ്ക് ലിസ്റ്റുകൾ ഇല്ലാത്തവയിൽ സ്പെഷ്യൽ റിക്രൂട്ടമെന്റ് നടത്തുമോ; ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## സർക്കാർ ഓഫീസുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ

32 (1838) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ & ബി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിരുന്നു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ് വെയർ VARAM (Vacancy Arising Reporting and Monitoring System) വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ 2017 ജനവരി മാസം മുതൽ ഹെഡ്ക്വാർട്ടേഴ്സിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് (പരീക്ഷണാടിസ്ഥാനത്തിൽ) നിർദ്ദേശം നൽകിയിരുന്നു. നിയമനങ്ങൾ ത്വരിത പെടുത്തുന്നതിനായി 28-2-2017-ന് മുമ്പ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേർന്ന് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്

33 (1839) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മേലധികാരികൾ നൽകുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ട് അവരുടെ പ്രവർത്തനങ്ങളുടേയും കാര്യക്ഷമതയുടേയും ആധികാരിക രേഖയാണോ;

(ബി) സെക്രട്ടേറിയറ്റിലെ ഭരണ വിഭാഗം തസ്തികയിലെ ഓഫീസർമാർക്ക് പ്രൊഫഷണലിസം ആവശ്യമുണ്ടോ; ഏതെങ്കിലും വകുപ്പുകളിലെ ഭരണവിഭാഗം ജീവനക്കാർക്ക് പ്രൊഫഷണലിസം ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അവരുടെ പ്രവർത്തനത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ഒരു സർക്കാർ ഉദ്യോഗസ്ഥന് തന്റെ ഉദ്യോഗത്തിൽ നിശ്ചയിച്ചിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കഴിവ് വസ്തുനിഷ്ഠമായി വിലയിരുത്തുക, കൂടുതൽ ഉത്തരവാദിത്വങ്ങളും വ്യത്യസ്തങ്ങളുമായ കാര്യങ്ങൾ/ജോലികൾ ഉദ്യോഗസ്ഥനെ ഭാവിയിൽ ഭാരമേൽപ്പിക്കുവാൻ നിർണ്ണയിക്കുക തുടങ്ങിയ കാര്യങ്ങൾ കണ്ടെത്തുക യെന്നതാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ആ നിലയ്ക്ക് പ്രസ്തുത റിപ്പോർട്ടുകൾ കാലാകാലങ്ങളിൽ പരിശോധിച്ചാണ് ഉദ്യോഗസ്ഥനെ വകുപ്പുതല പ്രൊമോഷനു പരിഗണിച്ചുവരുന്നത്.

(ബി &സി) സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ തൊഴിൽപരമായ സത്യസന്ധത, വിശ്വസ്തത, മറ്റ് പൊതുവായ ഖ്യാതി, നിലവിലെ ജോലിയിലെ പ്രവർത്തന ക്ഷമത, പരിശീലനത്തിന്റെ ആവശ്യം എന്നിവ സംബന്ധിച്ച് സെക്രട്ടേറിയറ്റിലെ ഓഫീസർമാർക്ക് നിശ്ചയിച്ചിട്ടുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ റിപ്പോർട്ടിംഗ് ഓഫീസർമാർ അഭിപ്രായം രേഖപ്പെടുത്തേണ്ടതുണ്ട്. പ്രസ്തുത അഭിപ്രായങ്ങൾ തുടർന്ന് വിവിധ തലത്തിൽ റിവ്യൂ ചെയ്യപ്പെടുന്നുമുണ്ട്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൾ അക്കാര്യവും പരിഗണിച്ചാണ് പ്രൊമോഷന് ശിപാർശ ചെയ്യുന്നത്. ജീവനക്കാരുടെ തൊഴിൽ രംഗത്തെ പെരുമാറ്റത്തെക്കുറിച്ച് പൊതുവെ വിരുദ്ധാഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള പരിശീലന പരിപാടികളിൽ തൊഴിൽ മേഖലയിൽ കൂടുതൽ സുതാര്യത, മെച്ചപ്പെട്ട പൊതുജന സമ്പർക്കം, സംവേദന ശേഷി വർദ്ധിപ്പിക്കൽ, ധാർമ്മിക മൂല്യങ്ങൾ, വർക്ക്-ലൈഫ് ബാലൻസ്, സ്ട്രെസ് മാനേജ്മെന്റ് എന്നീ വിഷയങ്ങൾ പ്രൊഫഷണലിസം വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് മാനദണ്ഡം**

34 (1840) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പൊതുമാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ആയതിന് സ്റ്റാറ്റ്യൂട്ടറി പ്രിവിലേജ് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ ;

(ബി) ഈ സർക്കാർ നടപ്പിലാക്കുന്ന പൊതുമാനദണ്ഡങ്ങളനുസരിച്ചുള്ള സ്ഥലംമാറ്റങ്ങൾക്ക് ഓരോ വർഷവും ഒരു ഷെഡ്യൂൾ നിശ്ചയിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(സി) നിലവിൽ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് സ്റ്റാറ്റ്യൂട്ടറി പ്രിവിലേജ് നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പരിഷ്കരിച്ചുകൊണ്ട് 25-2-2017-ലെ സ.ഉ. (പി)3/2017/ഉഭപവ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ ഖണ്ഡിക 1 (v)-ൽ പൊതുസ്ഥലം മാറ്റത്തിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി എല്ലാ വർഷവും ഒരു മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതാണെന്നും അടുത്ത പൊതുസ്ഥലം മാറ്റത്തിനായുള്ള പട്ടിക നിലവിൽ വരുന്നതുവരെ വകുപ്പിലെ എല്ലാ സ്ഥലംമാറ്റങ്ങളും ക്യൂ സമ്പ്രദായം പാലിച്ചുകൊണ്ടു ഈ പട്ടികയിൽനിന്നു മാത്രം നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 25-2-2017-ലെ സ.ഉ. (പി) 3/2017/ഉഭപവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**ഭരണപരിഷ്കാര കമ്മീഷൻ**

35 (1841) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണപരിഷ്കാര കമ്മീഷൻ എന്നാണ് കേരളത്തിൽ നിലവിൽ വന്നത്;

(ബി) ഈ സർക്കാർ വന്നശേഷം ഭരണ പരിഷ്കാര കമ്മീഷൻ എന്നാണ് നിലവിൽ വന്നത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) നിലവിലെ ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ ആരാണ്; എന്നാണ് സ്ഥാനം ഏറ്റെടുത്തത്;

(ഡി) ഈ ഭരണപരിഷ്കാര കമ്മീഷനിലെ മറ്റ് അംഗങ്ങൾ ആരൊക്കെയാണ്; ടി ചെയർമാന് നിലവിൽ എത്ര ഓഫീസ് സ്റ്റാഫുകൾ ഉണ്ട് ; ആരൊക്കെ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ചെയർമാന് ശമ്പള ഇനത്തിലും റ്റി.എ./ഡി.എ ഇനത്തിലും 24-2-2017 വരെ എത്ര രൂപ നൽകിയിട്ടുണ്ട്; മാസം തിരിച്ച് വിശദമാക്കുമോ;

(എഫ്) ചെയർമാന്റെ സ്റ്റാഫിന് ശമ്പളം/റ്റി.എ, ഡി.എ. ഇനത്തിൽ 24-2-2017 വരെ എത്ര രൂപ സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്;

(ജി) ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാന്റെ ആസ്ഥാനം എവിടെയാണ് ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 1957-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ അദ്ധ്യക്ഷതയിലാണ് ആദ്യത്തെ ഭരണപരിഷ്കാര കമ്മീഷൻ നിലവിൽ വന്നത്.

(ബി) 6-8-2016-ലാണ് നിലവിലെ ഭരണ പരിഷ്കാര കമ്മീഷൻ നിലവിൽ വന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിലെ ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ശ്രീ. വി.എസ്. അച്ചുതാനന്ദൻ MLA ആണ്. 18-8-2016-ലാണ് അദ്ദേഹം സ്ഥാനം ഏറ്റെടുത്തത്.

(ഡി) ശ്രീ. സി. പി. നായർ, ശ്രീമതി നീലാ ഗംഗാധരൻ (പാർട്ട് ടൈം മെമ്പർ) എന്നിവരാണ് മറ്റ് അംഗങ്ങൾ. കമ്മീഷന്റെ പേഴ്സണൽ സ്റ്റാഫിനെ നിയമിച്ചുകൊണ്ടുള്ള 28-9-2016-ലെ G.O. (Rt) No.377/2016/P&ARD, 26-11-2016-ലെ G.O. (Rt) No. 459/2016/P&ARD എന്നീ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(ഇ&എഫ്) കണക്കാക്കിയിട്ടില്ല.

(ജി) IMG-യുടെ മെയിൻ കാമ്പസാണ് കമ്മീഷന്റെ ആസ്ഥാനമായി നിശ്ചയിച്ചിട്ടുള്ളത്.

**ഡെപ്യൂട്ടേഷൻ വാങ്ങി പോയ ജീവനക്കാരുടെ എണ്ണം**

36 (1842) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസുകളിൽനിന്ന് മറ്റ് ജില്ലകളിലേക്ക് ഡെപ്യൂട്ടേഷൻ വാങ്ങി പോയവരുടെ എണ്ണം, വകുപ്പ് തിരിച്ച് നൽകാമോ;

(ബി) ഇപ്രകാരം ജീവനക്കാർ വ്യാപകമായി ഡെപ്യൂട്ടേഷനിൽ പോകുന്നത് പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഡെപ്യൂട്ടേഷൻ അപേക്ഷകൾ തീർപ്പാക്കാൻ നടപടി**

37 (1843) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുഭരണവകുപ്പിലെ എത്ര ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞും ഡെപ്യൂട്ടേഷൻ തസ്തികയിൽ തുടരുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഡെപ്യൂട്ടേഷൻ എക്സ്റ്റൻഷനും, ഡെപ്യൂട്ടേഷൻ അനുവദിക്കാനുമായി എത്ര അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുഭരണവകുപ്പിലെ 305 ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് തസ്തികയിൽ 2 ജീവനക്കാരും അണ്ടർ സെക്രട്ടറി കേഡറിൽ ഒരു ഓഫീസറും ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞും ഡെപ്യൂട്ടേഷൻ തസ്തികയിൽ തുടരുന്നു. മറ്റ് തസ്തികകളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) 166 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) 100 അപേക്ഷകൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

**ദിവസവേതനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി**

38 (1844) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ 6 വർഷക്കാലമായി സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരെ കേരളപ്പിറവിയുടെ 60-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

ഇതു സംബന്ധിച്ച തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

## ഭരണപരിഷ്കാരം കാര്യക്ഷമമാക്കാൻ നടപടി

39 (1845) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾ നൽകുന്ന അപേക്ഷകളിൻമേൽ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ഭരണതല തട്ടുകൾ ലഘൂകരിച്ച് പൊതുജനങ്ങൾക്ക് ഏറ്റവും വേഗം സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) സമഗ്ര ഭരണ പരിഷ്കാരം നടപ്പാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകളിൻമേൽ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിനായി 30-3-1985, 16-7-2015, 15-8-2015 എന്നീ തീയതികളിലെ സർക്കുലറുകൾ പ്രകാരം വിവിധ നിർദ്ദേശങ്ങളും നടപടികളും സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകൾ/പരാതികൾ/നിവേദനങ്ങൾ എന്നിവയ്ക്ക് ഒരാഴ്ചയ്ക്കകം കൈപ്പറ്റ് രസീത് നൽകുവാനും അപേക്ഷ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് മൂന്ന് മാസത്തിനുള്ളിലും അപേക്ഷകന് നൽകണമെന്നും നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അധ്യക്ഷൻമാർ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് തലവൻമാർക്കും ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചദിന ചട്ടം, സേവനാവകാശം, വിവരാവകാശം, ഇ-ഓഫീസ് സംവിധാനം, പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടേയും കർശനമായ പരിശോധന, ഫയലുകളുടെ പ്രതിമാസ പ്രവർത്തന അവലോകനം, ഓരോ വകുപ്പിലും സെക്ഷനുകളിലും സീറ്റുകളിലും ജോലിഭാരംമൂലം ഫയൽ കെട്ടിക്കിടക്കുന്നതിന് കാരണമുണ്ടെങ്കിൽ അക്കാര്യം ഉന്നത തലത്തിൽ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നിർദ്ദേശം എന്നിവയിലെല്ലാം സമയബന്ധിതമായി ഫയൽ തീർപ്പു കൽപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളാണ്. കൂടാതെ സെക്രട്ടേറിയറ്റിൽ മുഴുവൻ ഫയലുകളുടെ നീക്കവും ഇ-ഓഫീസ് മുഖാന്തിരം നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ ഫയൽ നീക്കത്തിലുണ്ടാകുന്ന കാലതാമസം ഗണ്യമായി കുറയ്ക്കുവാനും സാധിക്കുന്നുണ്ട്.

(ബി) 7-6-2016-ൽ ഇക്കാര്യം ചർച്ച ചെയ്യുകയും ഈ വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സർക്കാരിന്റെ സേവനങ്ങൾ കൂടുതൽ വേഗത്തിലും കൃത്യതയോടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് മുൻനിർത്തിയുള്ള ഭരണനവീകരണം സർക്കാർ ലക്ഷ്യമിടുന്നതിന്റെ ഭാഗമായി 4-ാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം തുടർന്നു വരുന്നു.

**കമ്പനികളിലെയും കോർപ്പറേഷനുകളിലെയും ഒഴിവുകൾ**

40 (1846) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി. തുടങ്ങിയ വിവിധ കമ്പനികളുടെയും കോർപ്പറേഷനുകളുടെയും ജൂനിയർ അസിസ്റ്റന്റ്, കാഷ്യർ, അസിസ്റ്റന്റ് ഗ്രേഡ്2 തുടങ്ങിയ തസ്തികകളിലേക്ക് പി. എസ്. സി. തയ്യാറാക്കിയ പട്ടിക എന്നാണ് നിലവിൽ വന്നത്;

(ബി) ഈ ലിസ്റ്റിൽ നിന്നും ഇതുവരെ പൊതുവിഭാഗത്തിൽ എത്ര പേർക്ക് നിയമനം നൽകി;

(സി) ഒഴിവുകൾ കമ്പനികളും കോർപ്പറേഷനുകളും പി.എസ്.സി.-യെ അറിയിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) ഒഴിവുള്ള തസ്തികകൾ കണ്ടെത്താൻ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും പരിശോധന നടത്തുവാൻ നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.എഫ്.ഇ./കെ.എസ്.ഇ.ബി. തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് ഗ്രേഡ് II/ജൂനിയർ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് പട്ടിക 22-9-2014-ൽ നിലവിൽ വന്നു.

(ബി) പൊതുവിഭാഗത്തിൽപ്പെട്ട 883 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്

(സി&ഡി) കമ്പനികളും കോർപ്പറേഷനുകളും ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നില്ലായെന്ന് ഉദ്യോഗാർത്ഥികളിൽനിന്ന് പരാതികൾ ലഭിക്കുന്നുണ്ട്. ഇത്തരം പരാതികളിൽ മുൻഗണനാക്രമം അനുസരിച്ച് ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് വിശദാംശങ്ങൾ ശേഖരിക്കുകയും ഒഴിവുകൾ നിലവിലുണ്ടെന്ന് ബോധ്യപ്പെട്ടാൽ ആയത് അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

## സ്ത്രീകൾക്കായി പുതിയ വകുപ്പ്

41 (1847) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കായി പ്രത്യേകം വകുപ്പ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം പദ്ധതികളും സ്കീമുകളും പ്രോഗ്രാമുകളും ആണ് പുതിയ വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നത്;

(സി) പുതിയ വകുപ്പിന്റെ ഭാഗമായി ഏതെല്ലാം തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ; വിശദാംശം നൽകുമോ?

### <u>ഉത്തരം</u>

(എ) സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി. എൻ. ജിതേന്ദ്രനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ സജീവമായി പരിശോധിച്ച് വരുന്നു.

(ബി) 1 സംയോജിത ശിശു വികസന സമിതി

2 കിശോരി ശക്തി യോജന

3 ഇന്ദിരാ ഗാന്ധി മാതൃത്വ സഹയോഗ് യോജന

4 ബേഠീ ബച്ചാവോ ബേഠീ പഠാവോ

5 സബല

6 സ്പെഷ്യൽ ന്യൂട്രീഷ്യൻ പ്രോഗ്രാം

| | |
|---|---|
| 7 | ജനനീ-ജാതക് |
| 8 | അങ്കണവാടി കേന്ദ്രങ്ങളുടെ നിർമ്മാണം |
| 9 | ലോകഭക്ഷ്യ പരിപാടി-ന്യൂട്രിമിക്സ് ഫൊർട്ടിഫിക്കേഷൻ |
| 10 | ജെൻഡർ ബഡ്ജറ്റിംഗ് |
| 11 | സ്കൂൾ കൗൺസിലേഴ്സ് സ്കീം |
| 12 | സൈക്കോ സോഷ്യൽ സ്കീം |
| 13 | സംയോജിത ശിശു സംരക്ഷണ പദ്ധതി |
| 14 | ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ |
| 15 | നിർഭയ |
| 16 | വൺ സ്റ്റോപ്പ് ക്രൈസിസ് സെന്റർ |
| 17 | ജാഗ്രതാ സമിതി |
| 18 | വകുപ്പിലേയ്ക്ക് മാറ്റപ്പെടുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പ് |
| 19 | ചൈൽഡ് ലൈൻ. |

(സി) വകുപ്പ് വിഭജനം സംബന്ധിച്ച പഠന റിപ്പോർട്ടിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട് :

| | |
|---|---|
| ഡയറക്ടർ | 1 |
| അണ്ടർസെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി കേഡറിലുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| ലോ ഓഫീസർ | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| ഡ്രൈവർ | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| ജില്ലാ ശിശു വികസന ഓഫീസർ | 14 |

## മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്

42 (1848) ശ്രീ. ജോർജ് എം. തോമസ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ബാബു :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത ഫണ്ട് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഫണ്ട് ലഭിക്കുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. 31-10-216-ലെ ജി.ഒ. (പി) 165/2016/ധന. പ്രകാരം മുഖമന്ത്രിയുടെ ജനസാന്ത്വനഫണ്ട് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 4-1-2017-ലെ ജി.ഒ.(പി) 1/2017/ധന. പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ വിശദീകരിച്ച് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം ചെയ്തിട്ടുണ്ട്).*

(ബി) പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ, സാമൂഹ്യ പ്രവർത്തനത്തിന് താൽപര്യമുള്ള സ്ഥാപനങ്ങൾ, ഉദാരമനസ്കരായ പ്രമുഖവ്യക്തികൾ എന്നിവരുടെ സഹകരണത്തോടെയാണ് ഫണ്ട് സ്വരൂപിക്കുന്നത്.

(സി) ജി.ഒ. (പി)1/2017 ധന. തീയതി 4-1-2017 ഉത്തരവിൽ 'വ്യാപ്തി' എന്ന തലക്കെട്ടിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാണ്. (ഉത്തരവ് ഇതോടൊപ്പം അനുബന്ധം ചെയ്തിട്ടുണ്ട്).

(ഡി) ജി.ഒ. (പി)1/2017 ധന. തീയതി 4-1-2017 ഉത്തരവിൽ 'സഹായത്തിനായി അപേക്ഷിക്കുന്ന വിധം' എന്ന തലക്കെട്ടിൽ വിശദാംശങ്ങൾ ലഭ്യമാണ്. (ഉത്തരവ് ഇതോടൊപ്പം അനുബന്ധം ചെയ്തിട്ടുണ്ട്).*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

43 (1849) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി; ഓപ്പൺ ക്വാട്ടയിൽ എത്രപേർക്ക് നിയമനം നൽകുകയുണ്ടായി;

(ബി) 2017 ഡിസംബർ വരെ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഈ ഒഴിവുകൾ ഇതിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ;

(ഡി) കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിലവിൽ അസിസ്റ്റന്റുമാരുടെ ഒഴിവുണ്ടോ; പി.എസ്.സി. യിൽ വിവിധ കാറ്റഗറിയിൽ പുതിയ തസ്തിക ഉണ്ടാക്കണമെന്ന പി.എസ്.സി.-യുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ; എന്നാണ് ശിപാർശ ലഭിച്ചത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) ജോലിഭാരം കൊണ്ട് ബുദ്ധിമുട്ടുന്ന പി.എസ്.സി.-ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

### ഉത്തരം

(എ) 135 പേർക്ക് നിയമന ശിപാർശ നൽകി. ഓപ്പൺ ക്വാട്ടയിൽ 95-ാം റാങ്ക് വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) 2017 ഡിസംബർ വരെയുള്ള 116 (നൂറ്റിപ്പതിനാറ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി&ഇ) നിലവിൽ അഡ്വൈസ് ചെയ്യുവാനായി പി.എസ്.സി.-യിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. പി.എസ്.സി.-യിൽ അധിക തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ സമർപ്പിച്ച നിവേദനം സംബന്ധിച്ച് പി.എസ്.സി. സെക്രട്ടറിയുടെ റിപ്പോർട്ട് 6-1-2016-ൽ സർക്കാരിൽ ലഭിച്ചിരുന്നു. തുടർന്ന് 25-11-2016-ൽ പി.എസ്.സി.-യിൽ 330 അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് പി.എസ്.സി. സെക്രട്ടറിയുടെ മറ്റൊരു പ്രൊപ്പോസലും ലഭിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലുകൾ ധനവകുപ്പ് പരിശോധിച്ച് വരികയാണ്.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

44 (1850) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; വകുപ്പുതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് 2017 വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിയമനം

45 (1851) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പ്, വിവിധ സർവ്വകലാശാലകൾ, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ റാങ്ക് ലിസ്റ്റ് ഉണ്ടായിട്ടും ആരെയും നിയമിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 'നിയമനം നടത്തുന്നതിന് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല' എന്ന് പി.എസ്.സി. നൽകുന്ന മറുപടിയിൽ സൂചിപ്പിക്കുന്ന തടസ്സങ്ങൾ ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ നിലവിലുള്ള പട്ടികയിൽ നിന്നും വിവിധ സർക്കാർ വകുപ്പുകളിൽനിന്നും എഴുതി അറിയിക്കുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകി വരുന്നു. സർവ്വകലാശാലകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ നിയമനത്തിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ബി) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുത്തിട്ടുള്ളതും എന്നാൽ ഇതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും നിയമനം പി.എസ്.സി. വഴി നടത്തുന്നതിനാവശ്യമായ ചട്ടങ്ങൾ എത്രയും വേഗം രൂപികരിക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**അടിയന്തരാവസ്ഥക്കാലത്തെ പീഡിതർ**

46 (1852) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടിയന്തരാവസ്ഥകാലത്തെ പീഡിതർക്ക് പ്രത്യേകമായ പരിഗണന നൽകുന്നത് ആലോചനയിലുണ്ടോ ;

(ബി) ഇവർക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അടിയന്തരാവസ്ഥക്കാലത്ത് ഒട്ടേറെ ശാരീരിക, മാനസിക പീഢനങ്ങൾക്ക് വിധേയരായവർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സിവിൽ സർവ്വീസ് തസ്തിക**

47 (1853) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഐ.എ.എസ്.,ഐ.പി.എസ്,ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവീസ് തസ്തികകളിൽ അനുവദനീയമായ എത്ര തസ്തികകളാണ് നിലവിലുള്ളത്;

(ബി) നിലവിൽ എത്ര സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ ഒഴിവുകളാണ് ഉള്ളത്;

(സി) ഇതിൽ എത്ര സിവിൽ സർവീസ് ഉദ്യോഗസ്ഥർ ഒന്നിലധികം വകുപ്പുകൾ കൈകാര്യം ചെയ്യുന്നുണ്ട്;

(ഡി) സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്താനാവാത്ത സാഹചര്യത്തിൽ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കേരളത്തിൽ ഐ.എ.എസ്., ഐ.എഫ്.എസ്., ഐ.പി.എസ്. എന്നീ സിവിൽ സർവ്വീസ് കേഡറുകളിൽ യഥാക്രമം 231,107,172 എണ്ണം അനുവദനീയ തസ്തികകളാണ് നിലവിലുള്ളത്.

(ബി) നിലവിൽ ഐ.എ.എസ്.-ൽ 86 ഉദ്യോഗസ്ഥരുടെയും, ഐ.എഫ്.എസ്.-ൽ 42 ഉദ്യോഗസ്ഥരുടെയും ഐ.പി.എസ്.-ൽ സീനിയർ ഡ്യൂട്ടി പോസ്റ്റിലെ 12 ഒഴിവുകളുൾപ്പെടെ 52 പേരുടെയും കുറവുണ്ട്.

(സി) ഐ.എ.എസ്.-ൽ 16 ഉദ്യോഗസ്ഥർ ഒന്നിലധികം വകുപ്പുകളുടെ ചുമതല വഹിക്കുന്നുണ്ട്.

(ഡി) നേരിട്ടുള്ള നിയമനത്തിൽ കൂടിയും ഉദ്യോഗക്കയറ്റം മുഖേനയും കൂടുതൽ ഉദ്യോഗസ്ഥരെ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. എന്നിവയിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി**

48 (1854) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം ശിക്ഷണ നടപടിയാണ് സ്വീകരിച്ചതെന്നും എന്തുകാരണത്താലാണ് ശിക്ഷണ നടപടി സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശ്രീമതി ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് ഐ.എ.എസ്. (കെ.എൽ.2010) ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ ശ്രീ. ഇന്ദർജിത്ത് സിംഗ് ഐ.എ.എസ്., ശ്രീ. ഡി. കെ. വർമ്മ ഐ.എഫ്.എസ്., ശ്രീ. ആർ. കമലാഹർ ഐ.എഫ്.എസ്., ശ്രീമതി റ്റി. ഉമ, ഐ.എഫ്.എസ്. എന്നീ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്.

(സി) ഈ കാലയളവിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതുമായി ബന്ധപ്പെട്ടും, കളമശ്ശേരി ഭൂമി ഇടപാടുമായി ബന്ധപ്പെട്ടും ശ്രീ.സൂരജ് ഐ.എ.എസ്. -നെതിരെയും കാസർഗോഡ് ജില്ലാ കളക്ടറായിരിക്കെ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ നിസ്സാര പിഴ ചുമത്തി വിട്ടയച്ചതുമായി ബന്ധപ്പെട്ട് ശ്രീ. മുഹമ്മദ് സാഗിർ ഐ.എ.എസ്.-നെതിരെയും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ പനമരം ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ യൂണിറ്റിനായി കെട്ടിടം നിർമ്മിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് ഐസക് ഐ.എ.എസ്. (റിട്ട) നെതിരെയും ബഹുമാനപ്പെട്ട കോഴിക്കോട് എം.പി. ശ്രീ. എം. കെ. രാഘവനെതിരെ മാധ്യമങ്ങളിലും മറ്റും ആരോപണങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ കോഴിക്കോട് ജില്ലാ കളക്ടർ ശ്രീ. എൻ. പ്രശാന്ത് ഐ.എ.എസ്.-നെതിരെയും അച്ചടക്ക നടപടി നിലവിലുണ്ട്. ശ്രീ. രാഹുൽ ആർ. നായർ, ഐ.പി.എസ്.-നെതിരെ ടിയാൻ പത്തനംതിട്ട ജില്ലാ പോലിസ് മേധാവിയായി ചുമതല വഹിക്കുന്ന സമയത്ത് ക്വാറി/മെറ്റൽ ക്രഷർ യൂണിറ്റുമായി ബന്ധപ്പെട്ട അഴിമതിയാരോപണങ്ങളിൻമേലുള്ള ശിക്ഷണ നടപടികൾ തുടർന്നു വരികയാണ്. ശ്രീ. ജി. ലക്ഷ്മൺ, ഐ.പി.എസ്. സപ്ലൈകോയുടെ സ്റ്റാഫ് ക്വാർട്ടേഴ്സിൽ അനധികൃതമായി താമസിക്കുന്നതിനെതിരെ ലഭിച്ച പരാതിയിൻമേൽ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരികയാണ്. മേൽസൂചിപ്പിച്ച അച്ചടക്ക നടപടികളിലൊന്നുംതന്നെ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കളക്ടർമാർക്ക് ഗ്രേഡിംഗ്

49 (1855) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കളക്ടർമാർക്ക് അവരുടെ പ്രവർത്തനമികവ് കണക്കിലെടുത്ത് ഗ്രേഡിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ലഭിക്കുന്ന ഗ്രേഡ് അവരുടെ സർവ്വീസിൽ എന്തൊക്കെ നേട്ടങ്ങൾക്ക് കാരണമാകുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രേഡിംഗ് നൽകുന്നതിനും ആയത് തീരുമാനിക്കുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്?

<u>ഉത്തരം</u>

(എ-സി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ 2007-ലെ ആൾ ഇൻഡ്യാ സർവ്വീസസ് (പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട്) റൂൾസ് പ്രകാരം ജില്ലാ കളക്ടർമാർ ഉൾപ്പെടെ എല്ലാ ആൾ ഇൻഡ്യാ സർവ്വീസ് ഉദ്യോഗസ്ഥരുടേയും പ്രവർത്തനം വിലയിരുത്തിക്കൊണ്ടുള്ള ഗ്രേഡിംഗ് നൽകി വരുന്നുണ്ട്. പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ടിലെ രേഖപ്പെടുത്തലുകളും ഗ്രേഡിംഗും ആണ് ആൾ ഇൻഡ്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ പ്രൊമോഷനും കേന്ദ്ര സർക്കാരിന് കീഴിലുള്ള വിവിധ നിയമനങ്ങൾക്കും പരിഗണിക്കുന്നത്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

50 (1856) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും അടുത്ത സാമ്പത്തികവർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) ഇതിൽ കേന്ദ്ര സർക്കാർ അനുവദിച്ച തുകയും സംസ്ഥാനം ചെലവഴിച്ച തുകയും ലാപ്സായ തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് കൂടുതൽ അറിയുവാനും കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളുമായി ആശയ വിനിമയം നടത്തുവാനും സംസ്ഥാനത്തിനായി ഡൽഹിയിൽ ഒരു സ്ഥിര സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ ഒരു സംവിധാനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നിശ്ചിത സമയത്ത് ആരംഭിക്കാത്തതും കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതുംമൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ഭൗതിക നഷ്ടങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുതിയ കേന്ദ്ര സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളെ യുക്തിസഹമാക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിമാരുടെ ഒരു സമിതി രൂപീകരിക്കുകയുണ്ടായി. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന

കേന്ദ്രാവിഷ്കൃത പദ്ധതികളെ 28 Umbrella Scheme കളായി തരം തിരിക്കുകയും, ഇവയെ Core of the core schemes, core schemes, optional schemes എന്നിങ്ങനെ മൂന്നായി തിരിക്കുകയും, ആറ് Umbrella Scheme കൾ ആദ്യത്തേതിലും 20 Umbrella Scheme കൾ രണ്ടാമത്തേതിലും, ബാക്കി രണ്ടെണ്ണം മൂന്നാമത്തേതിലും ഉൾപ്പെടുത്തുകയുമുണ്ടായി. സംസ്ഥാനത്തെ മൊത്തം കേന്ദ്രാവിഷ്കൃത പദ്ധതികൾ 189 എണ്ണമുള്ളത് മേൽപ്പറഞ്ഞ രീതിയിൽ തരം തിരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിവരം അനുബന്ധമായി ഇതോടൊപ്പം ചേർത്തിരിക്കുന്നു.* അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) ഇതിൽ കേന്ദ്ര സർക്കാർ അനുവദിച്ച തുകയും സംസ്ഥാനം ചെലവഴിച്ച തുകയും ലാപ്സായ തുകയും എത്രയെന്നുള്ള വിവരം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ചുവരുന്നു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് അറിയുവാനും കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളുമായി ആശയവിനിമയം നടത്തുവാനുമായി ഡൽഹിയിൽ കേരള ഹൗസ് ആസ്ഥാനമായി റസിഡന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സംവിധാനം നിലവിലുണ്ട്. കൂടാതെ 18-1-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന Plan Expenditure Review Committee തീരുമാനപ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്ന എല്ലാ വകുപ്പുകളും ഓരോ നോഡൽ ഓഫീസർമാരെ നിയമിക്കണമെന്നും അവർ കേന്ദ്രത്തിലെ വകുപ്പുകളുമായി നിരന്തരം സമ്പർക്കത്തിൽ ഏർപ്പെട്ട് സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട തുക വാങ്ങിച്ചെടുക്കേണ്ടതാണെന്നും തീരുമാനിച്ചു. കൂടാതെ സെക്രട്ടറിമാർ, വകുപ്പുതലവൻമാർ എന്നിവർ കേന്ദ്രത്തിലെ ബന്ധപ്പെട്ട വകുപ്പുകളുടെ ഉയർന്ന ഉദ്യോഗസ്ഥൻമാരുമായി നിരന്തരം ഇക്കാര്യത്തിൽ ബന്ധപ്പെടണമെന്നും തീരുമാനിച്ചു.

(ഡി) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്

51 (1857) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് എന്ന പേരിൽ ഒരു പുതിയ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ ഫണ്ടിലേക്കുള്ള ധനസമാഹരണം എപ്രകാരമാണ് നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) നിലവിൽ ഫണ്ടിൽ എന്ത് തുക നീക്കിയിരിപ്പുണ്ട്;

(ഡി) എത്രപേർക്ക് ഈ പദ്ധതിയിൽനിന്നും ധനസഹായം അനുവദിച്ചുവെന്നും, ആകെ എന്ത് തുക നൽകിയെന്നും വെളിപ്പെടുത്തുമോ;

(ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി നിലവിലുള്ളപ്പോൾ ഇത്തരമൊരു ഫണ്ട് രൂപീകരിച്ചതിന്റെ സാംഗത്യം എന്താണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 31-10-2016-ലെ ജി.ഒ.(പി)165/2016/ധന.പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 4-1-2017-ലെ ജി.ഒ.(പി)1/2017/ധന. പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ടിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ വിശദീകരിച്ച് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്)*

(ബി) പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ, സാമൂഹ്യ പ്രവർത്തനത്തിന് താൽപര്യമുള്ള സ്ഥാപനങ്ങൾ, ഉദാരമനസ്കരായ പ്രമുഖവ്യക്തികൾ, എന്നിവരുടെ സഹകരണത്തോടെയാണ് ഫണ്ട് സ്വരൂപിക്കുന്നത്

(സി) 2,25,47,360 (രണ്ട് കോടി ഇരുപത്തിയഞ്ചുലക്ഷത്തി നാൽപ്പത്തേഴാ യിരത്തി മൂന്നൂറ്റി അറുപത് രൂപ)

(ഡി) ധനസഹായം അനുവദിച്ച് തുടങ്ങിയിട്ടില്ല.

(ഇ) സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർഫണ്ട് അപര്യാപ്തമായതിനാൽ കൂടുതൽ ഫണ്ട് സമാഹരിക്കുന്നതിനും വികസനവും ക്ഷേമവും ഏകോപിപ്പിക്കുന്നതിനുമാണ് മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട് രൂപീകരിച്ചത്.

## സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തിക

52 (1858) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ ജില്ലയിലും എത്ര പേരുടെ കുറവുണ്ട്; വ്യക്തമാക്കുമോ; എം. എ. ഉമ്മൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിലവിൽ ഓരോ ജില്ലയിലുമുള്ള പ്രസ്തുത തസ്തികയുടെ എണ്ണം എത്രയാണെന്നും ഇവരുടെ ചുമതലകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; പ്രസ്തുത തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ എത്ര പേരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്; ഇവരുടെ ഓരോരുത്തരുടെയും പൂർണ്ണ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇവർ ഇപ്പോഴും സേവനം ചെയ്തു വരുന്നുണ്ടോ ;

(സി) ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും പ്ലാൻ മോണിട്ടർ ചെയ്യുന്നതിനും പദ്ധതികളുടെ നിർവഹണ അവലോകന സംവിധാനം കാര്യക്ഷമമാക്കുന്നതിനും എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽനിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ഉള്ള ആൾ പങ്കെടുക്കണമെന്ന് 4-2-2012-ലെ സർക്കാർ ഉത്തരവ് 23/2012/ LSGD മുഖേന നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എത്ര സ്റ്റാറ്റിസ്റ്റിക്കൽ അസിസ്സ്റ്റന്റ് മാരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) സർക്കാരിന്റെ ഭൂരിഭാഗം പദ്ധതികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിനാൽ പ്ലാൻ മോണിട്ടർ ചെയ്യുന്നതിനും പദ്ധതികളുടെ നിർവഹണ അവലോകന സംവിധാനം കാര്യക്ഷമമാക്കുന്നതിനും എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽനിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഒരു പഞ്ചായത്തിൽ ഒരാളെന്ന നിലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്സ്റ്റന്റ് തസ്തികയിൽ എം. എ. ഉമ്മൻ കമ്മിറ്റിയുടെ നിർദേശപ്രകാരം നിയമിക്കുന്നതിനും തദനുസരണമായ തസ്തിക അടിയന്തരമായി സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഡോ. എം.എ. ഉമ്മൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടില്ല.

(ബി) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II ജീവനക്കാരുടെ വിശദവിവരം ചുവടെ അനുബന്ധമായി ചേർക്കുന്നു.* ആലപ്പുഴ ജില്ലയിൽ 23-4-2015-ൽ നിലവിൽ വന്ന സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ന്റെ റാങ്ക് ലിസ്റ്റിൽ ഹിന്ദു നാടാർ സമുദായത്തിന് റിസർവ് ചെയ്തിരുന്ന ടേണിൽ ടി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ആളെ നിയമിക്കുന്നതിനായി പി.എസ്.സി. എൻ.ഒ.സി. ലഭ്യമായതിനെത്തുടർന്ന് മേൽ സമുദായത്തിൽപ്പെട്ട ഒരു ഉദ്യോഗാർത്ഥിയെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| പേര് | : | ദീപിക. എം |
| വിലാസം | : | നൈപ്പള്ളി, പറവൂർ, പുന്നപ്ര നോർത്ത് (പി.ഒ.) ആലപ്പുഴ |
| ഉത്തരവ് നമ്പരും തീയതിയും | : | ഉത്തരവ് നമ്പർ ഇ (2) 633/16/ ഡിഒഎ തീയതി 23-1-2017 ടിയാൻ ഇപ്പോഴും ജോലി ചെയ്തു വരുന്നു. |

(സി) ഇല്ല. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരേയും ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിയമിച്ചിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെയുള്ള അപേക്ഷകൾ**

53 (1859) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകൾക്ക് നമ്പർ ലഭിക്കുന്നതിനായി വൈപ്പിൻ നിയോജക മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിൽനിന്നും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ ഇതുവരെ സമർപ്പിച്ച അപേക്ഷകളിൽ ഇനിയും തീരുമാനമാകാത്തവ സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ മുൻഗണനാക്രമത്തിലാണോ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതിന് നിശ്ചിത സമയപരിധി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) അപേക്ഷകൾ മുൻഗണനാ ക്രമത്തിലാണ് പരിഗണിക്കുന്നത്.

(സി) ബാധകമല്ല.

(ഡി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം ഉണ്ടാകാതെ തീർപ്പു കൽപ്പിക്കുന്നതിന് അതോറിറ്റി നടപടി സ്വീകരിച്ചു വരികയാണ്.

**കർഷകരുടെ ആശങ്ക പരിഹരിക്കാൻ നടപടി**

54 (1860) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർഷരുടെ ആശങ്ക പരിഹരിക്കാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. കേന്ദ്ര പരിസ്ഥിതി വകുപ്പുസഹമന്ത്രി 23-6-2016-ൽ കേരളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലും ചർച്ചയിലും കർഷകരുടെ ആശങ്ക പരിഹരിക്കണമെന്നും, എത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്നും ആവശ്യപ്പെടുകയുണ്ടായി. കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.ഐ. മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽ നിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടേയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കണമെന്നും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23-2-2017-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**നിക്ഷേപകരെ ആകർഷിക്കുന്ന പരിസ്ഥിതി സൗഹൃദ പദ്ധതികൾ**

55 (1861) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ പദ്ധതികളിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്ന വിധത്തിൽ നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ നിയമങ്ങളിലും ചട്ടങ്ങളിലുമാണ് ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ& ബി) പരിസ്ഥിതി സൗഹൃദ പദ്ധതികൾക്ക് പ്രോത്സാഹനം നൽകിക്കൊണ്ട് രാജ്യത്തെ ആദ്യ 10 സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ ഉയർത്തുകയും, അതുവഴി സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി സൗഹൃദ പദ്ധതികളിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനായി ആവശ്യമെങ്കിൽ നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്താൻ സർക്കാർ ആലോചിക്കുന്നു. പുതിയ വ്യവസായ-വാണിജ്യ നയത്തിന്റെ കരട് പരിഗണനയിലാണ്.

## കസ്തൂരിരംഗൻ റിപ്പോർട്ട്

56 (T* 1862) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള അന്തിമവിധി മാർച്ച് മാസം ആദ്യം ഉണ്ടാകുമെന്നതിൽ എന്തെങ്കിലും മാറ്റമുള്ളതായി അറിവുണ്ടോ; വിവരിക്കുമോ;

(ബി) പരിസ്ഥിതിലോലമായി, കസ്തൂരിരംഗൻ കണ്ടെത്തിയ കേരളത്തിലെ നൂറ്റി ഇരുപത്തിമൂന്ന് ഗ്രാമങ്ങൾ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച് പഠനം നടത്തി, കാർഷികമേഖലയെയും ജനവാസ കേന്ദ്രങ്ങളെയും ഒഴിവാക്കിക്കൊണ്ട്, കേരളം കേന്ദ്രസർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കേരളത്തിലെ ജനങ്ങൾ ആശങ്കാകുലരാണെന്നത് കണക്കിലെടുത്ത് എന്തെല്ലാം അനുകൂലനടപടികൾ സ്വീകരിക്കാനാകും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 4-9-2015-ൽ ഇറക്കിയ കരട് വിജ്ഞാപനം 27-2-2017-ൽ Renotify ചെയ്യുകയാണ് ചെയ്തത്.

(ബി) 123 ഗ്രാമങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി 23-6-2016-ൽ കേരളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലും ചർച്ചയിലും കർഷകരുടെ ആശങ്ക പരിഹരിക്കണമെന്നും എത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്നും ആവശ്യപ്പെടുകയുണ്ടായി. കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.എ. മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽനിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടേയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കുകയും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23-2-2017-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**കസ്തൂരിരംഗൻ റിപ്പോർട്ടിൻമേൽ അന്തിമവിജ്ഞാപനം**

57 (1863) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നത് വൈകും എന്ന കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കരട് വിജ്ഞാപനത്തിൽപ്പെട്ട കേരളത്തിലെ 123 വില്ലേജുകളിൽ കഴിയുന്ന ജനങ്ങൾക്ക് ഇതുമൂലം ഉണ്ടായിട്ടുള്ള ആശങ്ക അകറ്റാൻ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്;

(സി) ജനവാസ-കൃഷി മേഖലകളെ E.S.A യിൽ നിന്ന് ഒഴിവാക്കി അന്തിമ വിജ്ഞാപനം ഉടൻ തന്നെ ഇറക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്. കസ്തൂരിരംഗൻ റിപ്പോർട്ടിൻമേൽ അന്തിമ വിജ്ഞാപനം പുറപ്പെടു വിക്കുന്നതിനു പകരം 4-9-2017-ൽ ഇറക്കിയ കരട് വിജ്ഞാപനം 27-2-2017-ൽ Renotify ചെയ്തിട്ടുണ്ട്.

(ബി&സി) കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി 23-6-2016-ൽ കേരളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലും ചർച്ചയിലും കർഷകരുടെ ആശങ്ക പരിഹരിക്കണമെന്നും എത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്നും ആവശ്യപ്പെടുകയുണ്ടായി. കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.എ. മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽനിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടേയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കുകയും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23-2-2017-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## കെ.എ.പി. നാലാം ബറ്റാലിയനിൽ നിയമനത്തിനുള്ള റാങ്ക് പട്ടിക

58 (1864) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി. നാലാം ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസറുടെ നിയമനത്തിലുള്ള റാങ്ക് പട്ടിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ റാങ്ക് പട്ടിക എപ്പോഴാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ റാങ്ക് പട്ടികയിൽനിന്നും ഇതുവരെ എത്ര പേർക്ക് പരിശീലനത്തിനായി അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ റാങ്ക് പട്ടികയിൽനിന്ന് ഇനി എത്ര പേരെ പരിശീലനത്തിനായി അഡ്വൈസ് ചെയ്യുമെന്ന് വ്യക്തമാക്കാമോ; ഇവർക്ക് എപ്പോൾ അഡ്വൈസ് മെമ്മോ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എ.പി. നാലാം ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസറുടെ നിയമനത്തിനുള്ള റാങ്ക് പട്ടിക 21-6-2016-ന് നിലവിൽ വന്നു. പ്രസ്തുത റാങ്ക് പട്ടിക ഇപ്പോൾ നിലവിലുണ്ട്.

(ബി) 2016 മുതൽ നാളിതുവരെ കെ.എ.പി. നാലാം ബറ്റാലിയനിലേക്ക് എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് പി.എസ്.സി. 200 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ നിയമപരമായി ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

59 (1865) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രതിഷേധിച്ച്, ഹാജർ രേഖപ്പെടുത്തിയശേഷം സീറ്റിൽ ഇരിക്കാതെയും ജോലി ചെയ്യാതെയുമുള്ള സമരമുറ കർശനമായി നേരിടുന്നതിനും ഫയലുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ എല്ലാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് 30-1-2017-ലും 6-2-2017-ലും കുറിപ്പുകൾ നൽകിയിട്ടുണ്ട്. വിശദമായ റിപ്പോർട്ടുകൾ കിട്ടുമ്പോൾ ആയത് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

**വിവിധ വകുപ്പുകളിലെ പുതിയ തസ്തികകൾ**

60 (1866) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ ഇതുവരെ വിവിധ വകുപ്പുകളിൽ എത്ര പുതിയ തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിൽ എത്ര പുതിയ തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഹെഡ്ക്വാർട്ടർ ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് സ്ഥലമാറ്റം**

61 (1867) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ്, എൽ.ഡി.ക്ലാർക്ക് തസ്തികകളിൽ ജില്ലകളിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഹെഡ്ക്വാർട്ടർ ഒഴിവുകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് അവരുടെ മാതൃ ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജില്ലാ ഓഫീസുകൾ മുഖാന്തിരം വകുപ്പുകളുടെ ഹെഡ്ക്വാർട്ടേഴ്സുകളിൽ നിയമിതരാകുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, എൽ.ഡി. ക്ലാർക്കുമാർക്കും അവർ ഓപ്റ്റ് ചെയ്ത ജില്ലയിലെ ഒഴിവിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് 5 വർഷ നിബന്ധന ബാധകമല്ല. കൂടാതെ, ജില്ലാതല ഓഫീസുകൾ ഇല്ലാത്ത വകുപ്പുകളുടെ ഹെഡ്ക്വാർട്ടേഴ്സിൽ നിയമിതരാകുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അവർ പി.എസ്.സി. നിയമനത്തിനായി ഓപ്റ്റ് ചെയ്ത ജില്ലയിലെ മറ്റ് ഓഫീസുകളിൽ Last Grade Servant തസ്തികയിൽ നിലവിലുള്ള/അടുത്തുണ്ടാകുന്ന പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകളിൽ ടിയാളുടെ അപേക്ഷപ്രകാരം അന്തർ വകുപ്പ് സ്ഥലംമാറ്റം നൽകാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ജില്ലാതല ഓഫീസുകൾ ഇല്ലാത്ത വകുപ്പുകളുടെ ഹെഡ്ക്വാർട്ടേഴ്സിൽ നിയമിതരാകുന്ന എൽ.ഡി. ക്ലാർക്കുമാർക്ക് അവർ പി.എസ്.സി. നിയമനത്തിനായി ഓപ്റ്റ് ചെയ്ത ജില്ലെയിലെ മറ്റ് വകുപ്പുകളിലെ ഒഴിവുകളിലേക്ക് വകുപ്പ് മേധാവികളുടെ സമ്മതത്തോടെ സ്ഥംമാറ്റം ലഭിക്കുന്നതിനും 5 വർഷം പൂർത്തിയാക്കേണ്ടതില്ല. കൂടാതെ, ഹെഡ്ക്വാർട്ടേഴ്സ്, ഒഴിവിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമിതനാകുന്ന ജീവനക്കാരന്, ടിയാൻ പി.എസ്.സി. നിയമനത്തിനായി ഓപ്റ്റ് ചെയ്ത ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകുന്നതിന് പ്രസ്തുത വകുപ്പിന്റെ ജില്ലാ ഓഫീസിൽ അഞ്ച് വർഷത്തേയ്ക്ക് ഒഴിവ്

ഉണ്ടാകാൻ സാധ്യതയില്ലെന്ന് ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുന്നപക്ഷം ടി ജില്ലയിലെ മറ്റ് വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവിൽ വകുപ്പുമേധാവികളുടെ സമ്മതത്തോടെ പ്രത്യേക കേസായി പരിഗണിച്ച് സ്ഥലംമാറ്റം അനുവദിക്കാനും വ്യവസ്ഥയുണ്ട്.

**അക്ഷയയ്ക്ക് ലഭിക്കാനുള്ള തുക**

62 (1868) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ 2011-2013 കാലഘട്ടത്തിൽ ചെയ്ത ആധാർ എൻറോൾമെന്റിന്റെ സംരംഭകർക്ക് (അക്ഷയ) ലഭിക്കുവാനുള്ള തുക ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ തുക ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്; ഇത് അടിയന്തരമായി 'അക്ഷയ' സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇല്ല. ഫെബ്രുവരി 2011 മുതൽ സെപ്റ്റംബർ 2016 വരെ അക്ഷയ സംരംഭകർക്ക് ലഭിക്കുവാനുള്ള തുക വിതരണം ചെയ്തിട്ടുണ്ട്.

**ഐ.റ്റി. നയം**

63 (1869) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഐ.റ്റി. നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഐ.റ്റി. വ്യവസായത്തിലെ പുതിയ ആവശ്യകതകൾക്ക് അനുസൃതമായി യുവതീയുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഐ.റ്റി. കയറ്റുമതിയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം എന്താണ്;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാനത്തെ മുൻപന്തിയിലെത്തിക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഇല്ല. സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.റ്റി. നയത്തിന്റെ കരട് രൂപരേഖ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.

(ബി) ഐ.റ്റി. വ്യവസായത്തിലെ പുതിയ ആവശ്യങ്ങൾക്ക് അനുസൃതമായി നൂതന ആശയങ്ങളിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനും അവയെ വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കേരളാ സ്റ്റാർട്ടപ്പ് മിഷൻ നടത്തി വരുന്നു. കൂടാതെ യുവാക്കളെയും, വിദ്യാർത്ഥികളെയും സ്റ്റാർട്ടപ്പ് സംരംഭകരാക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുവാൻ കഴിയും. ബിരുദധാരികൾക്ക് ആവശ്യമായ ശേഷിയും വിജ്ഞാനവും വർദ്ധിപ്പിക്കുന്നതിനായി വ്യാവസായിക മേഖലയുടെ സഹായത്തോടെ എല്ലാ സാങ്കേതിക ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളേയും ബന്ധിപ്പിക്കുന്ന ഒരു ടെലി ശൃംഖല സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. (തുടക്കമെന്ന നിലയിൽ കേരള സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എൻജിനീയറിംഗ് കോളേജുകൾ). ഐ.റ്റി/ഐ.റ്റി. അനുബന്ധ വ്യവസായങ്ങളിലെ പുതിയ ആവശ്യങ്ങൾക്ക് അനുസൃതമായി ഈ മേഖലയിൽ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടുള്ള ഐ.റ്റി. നയമായിരിക്കും ഈ സർക്കാർ ആവിഷ്കരിക്കുന്നത്.

(സി) രാജ്യത്തെ ഐ.റ്റി. വികസന രംഗത്തെ മൊത്തം കയറ്റുമതി സംബന്ധിച്ചുള്ള ആധികാരികമായ കണക്കുകൾ ലഭ്യമല്ല. നാസ്കോം റിപ്പോർട്ടുകൾ അനുസരിച്ച് ഐ.റ്റി. കയറ്റുമതിയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന് 4-ാം സ്ഥാനവും (1. കർണ്ണാടകം, 2.ആന്ധ്രാപ്രദേശ്, 3.തമിഴ്നാട്, 4.കേരളം) ഇന്ത്യയിൽ 7-ാം സ്ഥാനവുമാണുള്ളത്.

(ഡി) ഐ.റ്റി. മേഖലയിലെ വിപുലമായ വ്യവസായ സംരംഭങ്ങൾ, നിക്ഷേപ സാധ്യതകൾ പരമാവധി പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കാൻ കഴിയുന്ന തൊഴിലവസരങ്ങൾ തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി രൂപീകരിക്കുന്ന സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.റ്റി. നയത്തിൽ വിവിധ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. യുവസംരംഭകരെ ഐ.റ്റി/ഐ.റ്റി. അനുബന്ധ മേഖലയിലേക്ക് ആകർഷിക്കുന്നതിനും പ്രാപ്തരാക്കുന്നതിനും കേരള സ്റ്റാർട്ട്-അപ്പ് മിഷൻ, ഐ.സി.റ്റി. അക്കാഡമി തുടങ്ങിയ സ്ഥാപനങ്ങൾ നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടത്തി വരുന്നു. കൂടാതെ വിവരസാങ്കേതിക വിദ്യകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.റ്റി. രംഗത്തെ വളർച്ചയ്ക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പാർക്കുകൾ, പ്രൈവറ്റ് ഐ.റ്റി. പാർക്കുകൾ ഉൾപ്പെടെയുള്ള

ഐ.റ്റി. പാർക്കുകൾ തുടങ്ങിയ ഐ.റ്റി. സംരംഭങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നൽകുന്നതാണ്. ഐ.റ്റി. മേഖലയിലെ സാങ്കേതിക മാറ്റങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് അതിനനുസൃതമായിട്ടുള്ള വ്യവസായങ്ങളെ ആകർഷിക്കുന്നതിനുള്ള കാര്യപരിപാടികളും പ്രചാരണ പ്രവർത്തനങ്ങളും ആവിഷ്കരിച്ചുവരുന്നു. ഭൂമി നൽകിയ ഐ.റ്റി. കമ്പനികൾ അവരുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ, 19.73 ഏക്കർ ഭൂമിയിൽ ടോറസ് ഗ്രൂപ്പിന്റെ കൊമേഴ്സ്യൽ/ഐ.റ്റി. ഐ.റ്റി./അനുബന്ധ വ്യവസായ സംരംഭങ്ങൾ ഉൾപ്പെട്ട "ടോറസ് ഡൗൺ ടൗൺ" പദ്ധതി, ഏകദേശം 424 ഏക്കറിലുള്ള ടെക്നോസിറ്റി പദ്ധതിയിലെ കമ്പനികളായ TCS, Suntec, IIITM-K, KASE, Infosys എന്നീ സ്ഥാപനങ്ങളുടെ വ്യവസായ സംരംഭങ്ങൾ, തുടങ്ങിയവ വരുംവർഷങ്ങളിൽ ഐ.റ്റി. മേഖലയിലെ വൻ വികസനത്തിന് വഴിയൊരുക്കും. കൂടാതെ കൂടുതൽ ഐ.റ്റി. സംരംഭകരെ ഇവിടേയ്ക്ക് ആകർഷിക്കാനും ടെക്നോസിറ്റി കാമ്പസ് വേഗത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനും വേണ്ടി 2 ലക്ഷം ച:അടി വിസ്തീർണ്ണത്തിലുള്ള ഒരു ഐ.റ്റി. കെട്ടിട സമുച്ചയം ടെക്നോസിറ്റിയിൽ നിർമ്മിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്.

വിദേശ രാജ്യങ്ങളിലുൾപ്പെടെയുള്ള മേളകളിൽ കേരളത്തിലെ ഐ.റ്റി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പ്രചാരണ നടപടികൾ എടുത്തു വരുന്നുണ്ട്. മേൽ വിവരിച്ച വികസന പദ്ധതികളിലൂടെ നിലവിലുള്ള ഗവൺമെന്റ് പാർക്കുകൾ, സ്വകാര്യ പാർക്കുകൾ, വിവിധ ഐ.റ്റി./ഐ.റ്റി. അനുബന്ധ കമ്പനികൾ, അവയുടെ വികസന പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഇനിയും കൂടുതൽ ഐ.റ്റി. സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനും മുൻ വർഷങ്ങളേക്കാൾ കൂടുതൽ സോഫ്റ്റ് വെയർ കയറ്റുമതി വർദ്ധിപ്പിച്ച് സംസ്ഥാനത്തെ മുൻപന്തിയിൽ എത്തിക്കുന്നതിനായി സർക്കാർ കാര്യക്ഷമമായ നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

**അക്ഷയകേന്ദ്രങ്ങൾ**

64 (1870) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ ഉണ്ട്;

(ബി) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും അക്ഷയ കേന്ദ്രങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ പഞ്ചായത്തുകളിൽ; വിശദമാക്കാമോ;

(സി) നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നിബന്ധനകളും നടപടികളും എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ആകെ 2634 അക്ഷയ കേന്ദ്രങ്ങളുണ്ട്.

(ബി) രണ്ട് പഞ്ചായത്തുകൾ ഒഴികെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ട്. കൊല്ലം ജില്ലയിലെ തൃക്കരുവ പഞ്ചായത്തിൽ അക്ഷയ കേന്ദ്രങ്ങൾ ഇല്ല. എന്നാൽ ടി പഞ്ചായത്തിലെ കാഞ്ഞാവള്ളി ലൊക്കേഷനിൽ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പെരുമ്പളം പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന അക്ഷയ സെന്ററിന്റെ സംരംഭക മരണപ്പെട്ടശേഷം സഹോദരിയുടെ പേരിലേയ്ക്ക് പ്രസ്തുത അക്ഷയ സെന്റർ കൈമാറ്റം ചെയ്യപ്പെട്ടിരുന്നുവെങ്കിലും ഒരു വർഷത്തിന് ശേഷം അക്ഷയ സെന്റർ നടത്താൻ താല്പര്യം ഇല്ലെന്ന് അറിയിച്ചതിനെ തുടർന്ന് എഗ്രിമെന്റ് റദ്ദ് ചെയ്തതിനാൽ ഈ പഞ്ചായത്തിലും നിലവിൽ അക്ഷയ കേന്ദ്രമില്ല.

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങൾ പാസാക്കുന്ന പ്രമേയത്തിന്റേയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശയുടേയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് രണ്ട് കിലോമീറ്റർ ദൂരപരിധി ഉണ്ടായിരിക്കണമെന്ന നിബന്ധനയിൽ ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചുവരുന്നത്. എന്നാൽ കോർപ്പറേഷൻ പരിധിയിലെ അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ആവശ്യം പരഗണിച്ചാണ് നിശ്ചയിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നിലവിലെ നിബന്ധനകളും നടപടികളും സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന 31-7-2007-ലെ G.O. (MS) No.17/2007/ITD, 1-11-2014-ലെ G.O. (MS) No. 30/2014/ITD എന്നീ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്.

**അക്ഷയ കേന്ദ്രങ്ങൾ**

65 (1871) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ കേന്ദ്രങ്ങൾവഴി നടത്തുന്ന, സർക്കാരുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനോ ഓഡിറ്റ് ചെയ്യുന്നതിനോ നിലവിൽ സംവിധാനങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അക്ഷയ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന സർക്കാർ സേവനങ്ങൾക്ക് നിശ്ചിത നിരക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിരക്കുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) നിശ്ചിത നിരക്ക് ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ആയത് നിശ്ചയിക്കുമോ?

ഉത്തരം

(എ) അക്ഷയ കേന്ദ്രങ്ങൾവഴി സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിൽ പ്രോജക്ട് തല വിലയിരുത്തലുകൾ നടത്തപ്പെടുന്നുണ്ട്. എന്നാൽ ഓഡിറ്റ് ചെയ്യുന്നതിന് നിലവിൽ സംവിധാനമില്ല.

(ബി&സി) ഉണ്ട്. നിലവിലുള്ള നിരക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ദുരിതാശ്വാസത്തിനായി ഓൺലൈൻ അപേക്ഷ**

66 (1872) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് ഓൺലൈനായി മാത്രം അപേക്ഷിച്ചാൽ മതി എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) എം.എൽ.എ.-മാർ വഴി ദുരിതാശ്വാസ അപേക്ഷ നൽകുന്നതിന് വില്ലേജ്, താലൂക്ക് ഓഫീസുകളിൽനിന്ന് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപേക്ഷകൾ നേരിട്ട് സമർപ്പിക്കുന്നതിന് തടസ്സം ഉണ്ടോ;

(ഡി) ഏതു മാസം വരെ അപേക്ഷ സമർപ്പിച്ചവർക്ക് ദുരിതാശ്വാസ തുക ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓൺലൈനായി മാത്രം അപേക്ഷിച്ചാൽ മതി എന്ന് നിഷ്കർഷിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) നേരിട്ട് സമർപ്പിക്കാൻ തടസ്സമില്ല. എങ്കിലും ഓൺ ലൈൻ സംവിധാനം നിലവിൽ വന്നതിനാൽ ആ രീതിയാണ് പ്രോത്സാഹിപ്പിക്കപ്പെടുന്നത്.

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പരവൂർ പുറ്റിങ്ങൽ വെടിക്കെട്ട് അപകടം

67 (1873) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-4-2016-ൽ നടന്ന പരവൂർ പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തെത്തുടർന്ന്, ദുരന്തബാധിതർക്ക് ലുലു ഗ്രൂപ്പ് ഉടമ ധനസഹായം പ്രഖ്യാപിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലുലു ഗ്രൂപ്പ് ഉടമ നൽകിയ പ്രസ്തുത തുക ഏത് അക്കൗണ്ടിലാണ് ഇപ്പോൾ നിക്ഷേപിച്ചിട്ടുള്ളതെന്നും എത്ര രൂപയാണ് അക്കൗണ്ടിലുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക എത്രയും വേഗം പുറ്റിങ്ങൽ ദുരന്തബാധിതർക്ക് നൽകണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ഡി) ദുരന്തബാധിതർക്ക് ലുലു ഗ്രൂപ്പ് നൽകിയ തുക വിതരണം ചെയ്യാൻ എന്ത് തടസ്സമാണ് ഇനി അവശേഷിക്കുന്നത്; ദുരന്തവാർഷികത്തിന് മുൻപ് പ്രസ്തുത തുക വിതരണം ചെയ്യുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) Special Treasury Saving Bank അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. Account No. 799011400000012, 2,58,78,123 (രണ്ട് കോടി അൻപത്തെട്ട് ലക്ഷത്തി എഴുപത്തെണ്ണായിരത്തി നൂറ്റി ഇരുപത്തിമൂന്ന് രൂപ).

(സി) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് പുറ്റിങ്ങൽ ദുരന്തവുമായി ബന്ധപ്പെട്ട് ആവശ്യമായ തുക അടിയന്തര ധനസഹായമായി നൽകിയിട്ടുള്ളതിനാലും, ഈ ഇനത്തിൽ കൂടുതൽ തുക ജില്ലാകളക്ടർമാർ ആവശ്യപ്പെട്ടിട്ടില്ലാത്തതിനാലും, ഈ തുക വിനിയോഗിക്കേണ്ടതായി വന്നിട്ടില്ല.

## ചികിത്സാ ദുരിതാശ്വാസ പദ്ധതി

68 (1874) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് നിയോജക മണ്ഡലത്തിലെ എത്ര പേർക്ക് ചികിത്സാ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള തുക അനുവദിച്ചുവെന്നും അവരുടെ പേരുവിവരവും ലഭ്യമാക്കുമോ;

(ബി) ഇതിൽ ഒരു ലക്ഷം മുതൽ മൂന്ന് ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ച എല്ലാ ഗുണഭോക്താക്കൾക്കും തുക നൽകി കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ; അവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇതിൽ അൻപതിനായിരം രൂപയും അതിൽ താഴെയും ധന സഹായം അനുവദിക്കപ്പെട്ട എത്ര അപേക്ഷകൾ ഉണ്ടായിരുന്നു: എല്ലാ ഗുണഭോക്താക്കൾക്കും തുക നൽകി കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ഏറനാട് നിയോജക മണ്ഡലത്തിലെ എത്ര അപേക്ഷകൾ കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് ലഭിച്ചിട്ടുണ്ട്; അവയിൽ ഓരോന്നിലും അനുവദിച്ച എത്ര തുക ഈ സർക്കാരിന്റെ കാലത്ത് കൊടുത്തു തീർത്തുവെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ എപ്പോൾ കൊടുത്തു തീർക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ - ഡി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**ജനസാന്ത്വന ഫണ്ട്**

69(1875) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം ലഭിച്ചവർക്ക് ജനസാന്ത്വനഫണ്ടിലേക്ക് അപേക്ഷ സമർപ്പിക്കാൻ പറ്റുമോ?

ഉത്തരം

സമർപ്പിക്കാവുന്നതാണ്.

**ജനസാന്ത്വന ഫണ്ട്**

70 (1876) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കാരണങ്ങളാൽ സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെടുന്ന ആളുകളുടെ ഉന്നമനത്തിനായി മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗക്കാർക്കായാണ് ഇത് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആരുടെയൊക്കെ സഹകരണത്തോടെയാണ് ഇതിനുള്ള ഫണ്ട് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(ഇ) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണ്; സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഈ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 31-10-2016-ലെ ജി.ഒ.(പി) 165/2016/ധന. പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 4-1-2017-ലെ ജി.ഒ. (പി) 1/2017/ധന. പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ വിശദീകരിച്ച് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.)*

(ബി) ജി.ഒ. (പി) 1/2017/ധന. തീയതി 4-1-2017/ധന. ഉത്തരവിൽ 'വ്യാപ്തി' എന്ന തലക്കെട്ടിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാണ്.

(സി) പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ, സാമൂഹ്യപ്രവർത്തനത്തിന് താൽപ്പര്യമുള്ള സ്ഥാപനങ്ങൾ, ഉദാരമനസ്കരായ പ്രമുഖവ്യക്തികൾ എന്നിവരുടെ സഹകരണത്തോടെയാണ് ഫണ്ട് സ്വരൂപിക്കുന്നത്.

(ഡി) ജി.ഒ. (പി) 1/2017/ധന. തീയതി 4-1-2017/ധന. ഉത്തരവിൽ 'സഹായത്തിനായി അപേക്ഷിക്കുന്ന വിധം' എന്ന തലക്കെട്ടിൽ വിശദാംശങ്ങൾ ലഭ്യമാണ്. ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) റേഷൻകാർഡ്, ആധാർകാർഡ്, ബാങ്ക് പാസ്ബുക്കിന്റെ ആദ്യപുറം എന്നിവയുടെ പകർപ്പ് സഹിതമാണ് അപേക്ഷ നൽകേണ്ടത്. സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഈ ഫണ്ടിൽനിന്നും സഹായം അനുവദിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരം

71 (1877) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരം നൽകാൻ കോടതി നിർദ്ദേശം വന്നശേഷം എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എൻഡോസൾഫാൻ ഇരകൾക്ക് സഹായം ലഭ്യമാക്കാനും കുറ്റമറ്റ രീതിയിൽ സഹായധനം വിതരണം ചെയ്യാനും നാളിതുവരെ സഹായം ലഭിച്ചിട്ടില്ലാത്ത ഏറ്റവും അർഹതയുള്ളവർക്കുകൂടി സഹായം ലഭ്യമാക്കാനും നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ & ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിപ്രകാരം 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കേണ്ടിവരുമ്പോൾ 292.4 കോടി രൂപയാണ് വേണ്ടിവരുന്നത്. ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തതിൻ പ്രകാരം ഇതിനകം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. (2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നലകണമെന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടികയിൽ നിന്നും പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ഉള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് മൂന്നുലക്ഷം രൂപ വീതവും ഗഡുക്കളായി നൽകുന്നതിനും തീരുമാനിക്കുകയും ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 കോടി രൂപയും ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്). എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ചു കിട്ടിയിട്ടുണ്ട്. എൻഡോസൾഫാൻ പുനരധിവാസപ്രവർത്തനവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കിവരുന്നു. ആയതിലേക്കായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എംപാനൽ ചെയ്യപ്പെട്ടിട്ടുണ്ട്. ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതിൻ പ്രകാരം എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് പ്രധാനമന്ത്രിയ്ക്ക് കത്തയച്ചിട്ടുമുണ്ട്. ബന്ധപ്പെട്ട കമ്പനികളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും പരിഗണനയിലുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

72 (1878) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മലപ്പുറം ജില്ലയിൽ എത്ര തുക അനുവദിച്ചു; മണ്ഡലം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) മലപ്പുറം മണ്ഡലത്തിൽനിന്നും എം.എൽ.എ.-യുടെ ശിപാർശയോടൊപ്പം സമർപ്പിച്ച അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും എത്ര തുക അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) മുൻ സർക്കാരിന്റെ സമയത്ത് അനുവദിച്ച ധനസഹായങ്ങൾ ഏത് കാലയളവ് വരെയുള്ളവ വിതരണം ചെയ്തു; ബാക്കി തുകകൾ എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ ആകെ 7,03,00,000 രൂപ അനുവദിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(ബി) മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കാറില്ല. ലഭിച്ച അപേക്ഷകളിലെല്ലാം പരിശോധന നടത്തി അർഹമായവർക്കെല്ലാം ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് ധനസഹായത്തിന് അപേക്ഷിച്ചവരിൽ അർഹരായ എല്ലാവർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ചികിത്സാസഹായനിധി

73 (1879) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ 2017 ജനുവരി 31 -വരെ ലഭിച്ചിട്ടുണ്ട് ;

(ബി) ആയതിൽ എത്രപേർക്ക് നാളിതു വരെ ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട്

74 (1880) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(ബി) ജനസാന്ത്വന ഉത്തരവുകളിലെ അവ്യക്തതമൂലം ഉദ്യോഗസ്ഥരും പൊതുജനങ്ങളും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനസാന്ത്വനഫണ്ടിലേക്ക് എന്ന് മുതലാണ് അപേക്ഷ സ്വീകരിച്ചു തുടങ്ങിയത്; നാളിതുവരെ ഓരോ ജില്ലയിലും എത്ര അപേക്ഷകൾ ലഭിച്ചു; എത്ര തുക സഹായം അനുവദിച്ചു; ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ഡി) വില്ലേജ് വഴിയും താലൂക്ക് വഴിയും അപേക്ഷകൾ സ്വീകരിക്കുവാനും നടപടികൾ കൂടുതൽ ലഘൂകരിക്കാനും നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) 31-10-2016-ലെ ജി.ഒ. (പി) 165/2016/ധന പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 4-1-2017-ലെ ജി.ഒ.(പി)1/2017 ധനപ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ വിശദീകരിച്ച് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം ചെയ്തിട്ടുണ്ട്.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 6-2-2017-ന് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ വച്ച് കൂടിയ മീറ്റിംഗിൽ ഇക്കാര്യങ്ങൾ പരിഹരിക്കുവാനുള്ള നടപടി എടുക്കാൻ തീരുമാനിക്കുകയും ചെയ്തു. (മിനിട്ട്സിന്റെ പകർപ്പ് അനുബന്ധം ചെയ്യുന്നു).*

(സി) മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ച 31-10-2016 മുതൽ അപേക്ഷകൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള അപേക്ഷകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ് :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 478 |
| കൊല്ലം | 5399 |
| പത്തനംതിട്ട | 1325 |
| ആലപ്പുഴ | 2027 |
| കോട്ടയം | 887 |
| ഇടുക്കി | 92 |
| എറണാകുളം | 87 |
| തൃശ്ശൂർ | 93 |
| മലപ്പുറം | 46000 |
| പാലക്കാട് | 169 |
| കോഴിക്കോട് | 140 |
| കണ്ണൂർ | 95 |
| വയനാട് | 1545 |
| കാസർഗോഡ് | 51 |

ജില്ലാതലത്തിൽ നാളിതുവരെ ലഭിച്ച ആകെ അപേക്ഷകൾ 58388 (അൻപത്തെണ്ണായിരത്തി മൂന്നൂറ്റി എൺപത്തെട്ട് എണ്ണം) മുഖ്യമന്ത്രിയുടെ ജനസാന്ത്വന പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി വരികയാണ്. ധനസഹായം അനുവദിച്ച് തുടങ്ങിയിട്ടില്ല.

(ഡി) നിലവിൽ വില്ലേജ്, താലൂക്ക് ഓഫീസുകൾ വഴി അപേക്ഷ സ്വീകരിക്കുന്നതല്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് സഹായം

75 (1881) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നാളിതുവരെ ഓരോ ജില്ലയിലും ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 13,21,96,000 |
| കൊല്ലം | 10,67,56,000 |
| പത്തനംതിട്ട | 2,76,85,000 |
| ആലപ്പുഴ | 10,31,50,000 |
| കോട്ടയം | 5,13,56,500 |
| ഇടുക്കി | 4,38,50,000 |
| എറണാകുളം | 13,01,00,000 |
| തൃശ്ശൂർ | 5,00,40,500 |
| മലപ്പുറം | 7,03,00,000 |
| പാലക്കാട് | 1,72,00,000 |
| കോഴിക്കോട് | 5,20,00,000 |
| കണ്ണൂർ | 4,48,37,000 |
| വയനാട് | 1,08,82,000 |
| കാസർഗോഡ് | 2,68,00,000 |
| ആകെ | 86,71,53,000 |

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായം

76 (1882) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റവും കൂടുതൽ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ലഭിച്ച വ്യക്തി ആരായിരുന്നുവെന്നും തുക എത്രയായിരുന്നുവെന്നും ആരുടെ ശിപാർശയിന്മേലായിരുന്നു തുക അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ജനുവരി 31 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഏറ്റവും കൂടുതൽ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ലഭിച്ച വ്യക്തി ആരായിരുന്നുവെന്നും തുക എത്രയായിരുന്നുവെന്നും ആരുടെ ശിപാർശയിന്മേലായിരുന്നു തുക അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ വിതരണം ചെയ്യാത്തതുമായ എത്ര തുക എത്ര പേർക്ക് ഈ സർക്കാർ വന്നതിനുശേഷം നൽകിയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) കഴിഞ്ഞ സർക്കാർ അനുവദിച്ച എത്ര അപേക്ഷകളിന്മേൽ ഇനി എത്ര തുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(ബി) പരിശോധിച്ചുവരുന്നു.

(സി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(ഡി) പരിശോധിച്ചുവരുന്നു.

(ഇ&എഫ്) അർഹരായ എല്ലാ അപേക്ഷകർക്കും തുക വിതരണം ചെയ്തിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പദ്ധതികൾ

77 (1883) ശ്രീ. കെ. സി.ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണ ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഈ സർക്കാർ നിലവിൽ വന്ന ശേഷം ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്;

(ബി) വീടില്ലാത്തവർക്ക് വീട് നൽകുന്നതിനും പട്ടയമില്ലാത്തവർക്ക് പട്ടയം നൽകുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) 'ഓരോ ഫയലും ഒരോ ജീവിതമാണ്' എന്ന പ്രഖ്യാപനത്തിന് വിരുദ്ധമായി മുഖ്യമന്ത്രിയുടെ ഓഫീസിൽ ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ടോ; എങ്കിൽ ജനങ്ങൾക്ക് എപ്രകാരമാണ് ആശ്വാസമേകാൻ കഴിയുക എന്നറിയിക്കുമോ;

(ഡി) ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം ആവശ്യപ്പെടുന്നവർക്ക് ഇത് നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്ന പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി താഴെപ്പറയുന്ന നാല് ബൃഹത്തായ പദ്ധതികൾ അഞ്ചു വർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ ആസൂത്രണ സാമ്പത്തിക കാര്യ (ഡി) വകുപ്പിന്റെ 28-9-2016-ലെ സ.ഉ. (പി) നമ്പർ 41/2016/ആ.സാ.വ. നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ജനസൗഹൃദ സർക്കാർ ആശുപത്രികൾ സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി ശുചിത്വം - മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിതകേരളം പദ്ധതി. സാധാരണക്കാരുടേയും മുൻഗണനാ വിഭാഗങ്ങളുടേയും ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണിവ. ചിട്ടയോടെയുള്ള പ്രവർത്തനങ്ങളിലൂടെ ജനോപകാരപ്രദമായ ഗുണഫലങ്ങൾ ഉറപ്പാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശം.

(സി) ഫയലുകൾ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായത്തിന് അപേക്ഷിക്കുന്നവർക്ക് അത് കാലതാമസം കൂടാതെ നൽകുന്നതിലേയ്ക്ക് ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി ധനസഹായം വിതരണം ചെയ്യണമെന്ന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം വിമാനത്താവളം

78 (T* 1884) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം വിമാനത്താവളം നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരുമായി ചർച്ച നടത്തുകയോ ധാരണയുണ്ടാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) വിമാനത്താവളം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തുന്നതിന് എന്തെങ്കിലും ശ്രമം നടന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ - സി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21-2-2017-ലെ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാപഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തുകയോ വിമാനത്താവളം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുകയോ ചെയ്തിട്ടില്ല.

## പത്തനംതിട്ട വിമാനത്താവളം

79 (1885) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യം കണക്കിലെടുത്ത് പത്തനംതിട്ട ജില്ലയിൽ ഒരു വിമാനത്താവളം ആരംഭിക്കുന്നതിന് മന്ത്രിസഭ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) KSIDC അല്ലാതെ മറ്റ് ഏതെങ്കിലും ഏജൻസിയെ ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ഏജൻസികളെന്ന് വിശദീകരിക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഇ) അമേരിക്കയിലെ കൺസൾട്ടിംഗ് കമ്പനിയായ എയ്കോം എന്ന സ്ഥാപനത്തിന്റെ പഠന റിപ്പോർട്ട് ആരുടെ നിർദ്ദേശ പ്രകാരമാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(എഫ്) നാളിതുവരെ ആരെല്ലാമാണ് റിപ്പോർട്ടുകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. മന്ത്രിസഭാ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) 21-2-2017-ലെ സർക്കാർ ഉത്തരവിൻ പ്രകാരം ശബരിമലയിൽ ഒരു വിമാനത്താവളം നിർമ്മിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ & എഫ്) ആയതിലേക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിട്ടുമുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇക്കാര്യത്തിനായി വേറെ ഒരു കമ്പനിയേയും ചുമതലപ്പെടുത്തിയിട്ടില്ല.

**ലൈറ്റ് മെട്രോ പദ്ധതി**

80 (1886) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയിലുൾപ്പെടുത്തി തമ്പാനൂരിൽ മേൽപ്പാലം നിർമ്മിക്കാനുദ്ദേശമുണ്ടോ;

(ബി) ഇതിലേക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി തമ്പാനൂരിൽ ഒരു മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പഠനം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ രൂപരേഖയും അന്തിമറിപ്പോർട്ടും ഡി.എം.ആർ.സി. തയ്യാറാക്കി വരുന്നു. ഇതിനോടനുബന്ധിച്ച് നാറ്റ്പാക്കിന്റെ സേവനം ഉപയോഗപ്പെടുത്തി ട്രാഫിക് പഠനവും നടത്തിയിരുന്നു. രൂപരേഖയും, റിപ്പോർട്ടും, ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള തുടർ നടപടികൾ ആരംഭിക്കുന്നതാണ്.

(സി) രൂപരേഖയും റിപ്പോർട്ടും ലഭ്യമായ ശേഷം നിർമ്മാണത്തിനുള്ള സമയപരിധി ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പുരോഗതി

81 (1887) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആദ്യഘട്ടമായ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള നിർമ്മാണപ്രവർത്തനം 31-3-2017-ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടെ പരിശോധന നടത്തി അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അംഗീകാരം ലഭിച്ചശേഷം, സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി മെട്രോയുടെ ആദ്യഘട്ടം പ്രവർത്തനം ആരംഭിക്കാവുന്നതാണ്. ആലുവ മുതൽ പാലാരിവട്ടം വരെയുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി വയഡക്ട്, ട്രാക്ക്, വൈദ്യുതീകരണ ജോലികൾ പൂർത്തിയായിക്കഴിഞ്ഞു. ആകെയുള്ള പതിനൊന്ന് സ്റ്റേഷനുകളുടെ ആർ.സി.സി. സ്ട്രക്ചർ പൂർത്തിയായി കഴിഞ്ഞു. ബാക്കിയുള്ള അവസാന ഘട്ട പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അഞ്ചു ട്രെയിനുകൾ ഇപ്പോൾ മുട്ടത്തുള്ള മെട്രോ ഡിപ്പോയിൽ പരീക്ഷണ ഓട്ടത്തിലാണ്. ബാക്കിയുള്ള സിഗ്നലിംഗ്, ടെലികമ്മ്യൂണിക്കേഷൻ ജോലികൾ പുരോഗമിക്കുന്നു. സിഗ്നലിംഗ്, വിഭാഗത്തിന്റെ സുരക്ഷാ പരിശോധന ഏതാനും ആഴ്ചകൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മെട്രോ സുരക്ഷാ കമ്മീഷണറുടെ അനുമതിക്കായുള്ള ഒന്നാം ഘട്ട അപേക്ഷ സമർപ്പിക്കുകയും, രണ്ടാം ഘട്ട അപേക്ഷ സമർപ്പണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. സുരക്ഷാ പരിശോധനയ്ക്കുള്ള തയ്യാറെടുപ്പുകളും തുടങ്ങിക്കഴിഞ്ഞു.

## ലൈറ്റ് മെട്രോ പദ്ധതി

82 (1888) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് മുൻസർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) പദ്ധതികളുടെ തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട്, നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ.) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് ജി.ഒ. (എം.എസ്.) നമ്പർ74/2015 പൊ.മ.വ. തീയതി 11-9-2015 പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്തസംരംഭമായി കൊച്ചി-മെട്രോ മാതൃകയിൽ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ.-ഉം മറ്റു വിശദാംശങ്ങളും ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു Special Purpose Vehicle രൂപീകരിച്ചു. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചു കൊണ്ടുള്ള കരാർ 20-1-2016-ന് ഒപ്പുവയ്ക്കുകയും ചെയ്തു. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമിയും, സർക്കാർ ഉത്തരവ് പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഡി.എം.ആർ.സി.-യെ നിയമിച്ചിട്ടുണ്ട്.

(സി) 8-9-2016-ലെ ജി.ഒ. (എംഎസ്.) നമ്പർ67/2016 പൊ.മ.വ. പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കുവേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി. തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രൊ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. ജില്ലാ കളക്ടർമാർ മുഖേന സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ, തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭപ്രവർത്തനമായ കഴക്കൂട്ടം-കേശവദാസപുരം പാതവികസനത്തിനും 16-11-2017-ലെ സ.ഉ. (സാധാ) 79/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**ആളിയാറിൽനിന്നും കേരളത്തിന് ലഭിക്കാൻ അർഹതപ്പെട്ട ജലം**

83 (T* 1889) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ആളിയാറിൽ നിന്നും കേരളത്തിന് ലഭിക്കാൻ അർഹതപ്പെട്ട ജലത്തിന്റെ അളവ് എത്രയെന്നും 2004 മുതൽ ലഭിച്ച ജലവിഹിതം എത്രയെന്നുമുള്ള വിവരം വ്യക്തമാക്കുമോ?

ഉത്തരം

പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.യും (ഉപയോഗിക്കാനാവാത്ത പ്രളയ ജലം ഒഴികെ) കേരള ഷോളയാറിൽ 12300 എം.സി.എഫ്.ടി. യുമാണ് കേരളത്തിന്റെ ജല വിഹിതം. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവാണ് ഒരു ജലവർഷം. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാറിലെ തനതുനീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. (ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല). ഇതിനു പുറമേ പറമ്പിക്കുളം സിസ്റ്റം ഡാമുകളുടേയും ലോവർ നീരാർ ഡാമിന്റേയും തനതുനീരൊഴുക്ക് 16500 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടിപ്പുഴയിലേക്കും വിടേണ്ടതാണ്. പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി. )യിൽ നിന്ന് 2004-05 ജല വർഷം മുതൽ 2016-17 ഫെബ്രുവരി ഒന്നാം ദ്വൈവാരം (15-2-2017) വരെ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* ലോവർ നീരാർ ഡാമിന്റേയും പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ്, എന്നീ ഡാമുകളുടേയും വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16500 എം.സി.എഫ്.ടി. ജലം 2005-06 ജലവർഷത്തിലും 2500 എം.സി.എഫ്.ടി. ജലം 2007-08 ജലവർഷത്തിലും കേരളത്തിന് അർഹതപ്പെട്ടതായി. ഇത് തുടർന്നുള്ള ജല വർഷങ്ങളിൽ കേരളത്തിന് മണക്കടവ് വിയറിൽ നിന്നും ലഭ്യമായി. പ്രസ്തുത വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**പറമ്പിക്കുളം-ആളിയാർ കരാർ**

84 (1890) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ഇക്കഴിഞ്ഞ ഫെബ്രുവരി 1-ന് കേരളത്തിലെ ഷോളയാർ നിറയ്ക്കുന്നതിന് ആവശ്യമായത്ര വെള്ളം തമിഴ്നാട് വിട്ടു നൽകിയിട്ടുണ്ടോ ;

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇല്ലെങ്കിൽ, എത്ര അളവ് വെള്ളമാണ് കേരളത്തിന് വിട്ടു കിട്ടിയതെന്നും, എത്ര അളവ് കുറവ് ഉണ്ട് എന്നും അറിയിക്കാമോ;

(സി) കരാർ പ്രകാരം ലഭിക്കേണ്ട മുഴുവൻ വെള്ളവും യഥാസമയം കേരളത്തിന് ലഭ്യമാകും എന്ന ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കേരള ഷോളയാറിലെ ജലവിതാനം 2017, ഫെബ്രുവരി 1-ന് പൂർണ്ണ ജലനിരപ്പായ (ഫുൾ റിസർവോയർ ലെവൽ) 2663 അടിയിൽ നിലനിർത്താൻ വേണ്ടത് 5420 എം.സി.എഫ്.ടി. ജലമായിരുന്നു. എന്നാൽ 1-2-2017-ലെ ജല നിരപ്പ് 2643.7 അടിയായിരുന്നു. ആ സമയത്ത് കേരള ഷോളയാറിൽ 3722 എം.സി.എഫ്.ടി. ജലമേ ഉണ്ടായിരുന്നുള്ളൂ. കേരള ഷോളയാറിലെ ജല വിതാനം പൂർണ്ണ ജലനിരപ്പായ 2663 അടിയിൽ നിലനിർത്താൻ 1698 എം.സി.എഫ്.ടി. ജലത്തിന്റെ കുറവുണ്ടായിരുന്നു.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തിയ കരാർ വ്യവസ്ഥാലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2012-2013 ജല വർഷത്തിൽ, തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ 16-4-2013-ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും, ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്യുകയുണ്ടായി. ഈ ഹർജിയിൽ വൈദ്യുതോല്പാദന രംഗത്തും കാർഷിക മേഖലയിലുമായി കേരളത്തിനുണ്ടായ നഷ്ടം കണക്കാക്കി ആകെ 56,12,22,548 രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്കുള്ള ജല ദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2016 സെപ്റ്റംബറിൽ പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ 700 MCFT വെള്ളം തന്നെ നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി തമിഴ് നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കി വന്നത്. ഇതിനെ തുടർന്ന് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർ പ്രകാരമുള്ള ജലം (കുടിശ്ശിഖ ഉൾപ്പെടെ) നടപ്പ് ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ ലഭ്യമാക്കണമെന്നും, തമിഴ് നാട് ഷോളയാർ പവർ ഹൗസ് II പൂർണ്ണമായി പ്രവർത്തിപ്പിച്ച് കേരള ഷോളയാർ ജലനിരപ്പ് എത്രയും

പെട്ടെന്ന് പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എൽ.) എത്തിക്കണമെന്നും, തമിഴ്നാട് ഷോളയാർ പവർഹൗസ് I-ന്റെ പ്രവർത്തനവും പറമ്പിക്കുളത്തേയ്ക്ക് ജലം തിരിച്ച് വിടുന്നതു നിർത്തുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരളാ ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹുമാനപ്പെട്ട തമിഴ്നാട് പൊതുമരാമത്ത് മന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. കൂടാതെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കാരാർപ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹുമാനപ്പെട്ട കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി.

കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് തമിഴ്നാട് സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാവുകയുണ്ടായി. തുടർന്ന് സംയുക്ത ജലക്രമീകരണ ബോർഡിന്റെ (JWRB) 97-ാമത് യോഗം 26-10-2016-ന് പാലക്കാട് വച്ച് ചേർന്നു. ഈ യോഗത്തിൽ കേരളം കീഴ് നദീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർ പ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം ഏതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ് നാടിനോട് ആവശ്യപ്പെട്ടു. ഇതിന് ശേഷം 98-ാമത് JWRB യോഗം 13-12-2016-ന് തമിഴ് നാട്ടിലെ പൊള്ളാച്ചിയിൽ വച്ച് ചേരുകയുണ്ടായി. 13-12-2016 മുതൽ ഡിസംബർ അവസാന വാരം വരെ മണക്കടവിൽ 175 ക്യൂസെക്സ് എന്ന തോതിൽ മാത്രമേ ജലം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 98-ാമത് JWRB യോഗത്തിൽ തമിഴ്നാട് അറിയിക്കുകയും തുടർന്ന് മണക്കടവിലേക്കുള്ള ജലവിതരണ തോത് ഇരു ഗവൺമെന്റുകളുടേയും തീരുമാനപ്രകാരമാകാമെന്ന് ധാരണയുമായി. ഇതിന് പുറമേ തമിഴ്നാട് ഷോളയാറിലെ ജലസംഭരണ നില വച്ച് നോക്കുമ്പോൾ ഫെബ്രുവരി ഒന്നാം തീയതി കേരളാ ഷോളയാർ റിസർവോയർ പൂർണ്ണ ജലനിരപ്പിലാക്കുക അസാധ്യമായതിനാൽ തമിഴ്നാട് ഷോളയാറിലെ മുഴുവൻ ജലവും കേരള ഷോളയാറിലേക്ക് തമിഴ്നാട് ഷോളയാർ പവർഹൗസ് II വഴിയോ, By-pass വഴിയോ, കരാർപ്രകാരമുള്ള ജലവിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

7-1-2017-ൽ ജലവിഭവ വകുപ്പുമന്ത്രി വീണ്ടും ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചതിനെ തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്ത് വച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടക്കുകയും മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനം വരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കരാർപ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.-യിലെ ജല ദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ്നാട്ടുമായി സഹകരിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും എന്നാൽ കീഴ് നദീതട അവകാശപ്രകാരം കേരളത്തിന്

മുഴവൻ ജലവും ലഭിക്കേണ്ടതാണെന്ന ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യുസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്നത് തമിഴ്നാട് തത്വത്തിൽ അംഗീകരിച്ചു. 28-1-2017-ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017-മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യുസെക്സിലധികം ജലം ലഭിക്കുകയും തുടർന്ന് 16-2-2017-ൽ നടന്ന ഉദ്യോഗസ്ഥതല ചർച്ചയെത്തുടർന്ന് 28-2-2017 വരെ ആളിയാറിൽ നിന്ന് 250 ക്യുസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യുസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തു.

ഇതിന് പുറമേ കേരള ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും, കേരള സർക്കാരും, പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായി. പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജല ക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ തുടർന്നുവരുന്നു.

**പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കാൻ നടപടി**

85 (1891) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കിയിട്ട് 30 വർഷക്കാലത്തോളമായ സാഹചര്യത്തിൽ ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത കരാർ പുതുക്കി കേരളത്തിന് അർഹതപ്പെട്ടതും ആവശ്യമുള്ളതുമായ ജലം നേടിയെടുക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിലുള്ള വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തേയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1998-ൽ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിവധി ചർച്ചകൾ 1988-2011 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട

അധിക ജല ലഭ്യത പങ്ക് വയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാട്ടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യഥാർത്ഥ്യമായിട്ടില്ല. പല തലത്തിലുള്ള ചർച്ചകൾ നടന്നിട്ടും കരാർ പുതുക്കാൻ സാധിക്കാതെ വരികയും അതേസമയം തമിഴ്നാട് കരാർ ലംഘനം പതിവാക്കുകയും ചെയ്ത സാഹചര്യത്തിൽ നിയമ നടപടികളിലേയ്ക്ക് പോകാൻ കേരളം നിർബന്ധിതമായേക്കും. എന്നാൽ ചർച്ചകളിലൂടെ സമവായത്തിലെത്തുക എന്നതു തന്നെയാണ് ഇപ്പോഴും കേരളത്തിന്റെ മുഖ്യ അജണ്ട. കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർ ചർച്ചകൾ നടത്തുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരികയാണ്.

**പറമ്പിക്കുളം-ആളിയാർ പദ്ധതിപ്രകാരം ലഭിക്കുന്ന ജലം**

86 (T* 1892) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലുടനീളം പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരം ലഭിക്കേണ്ടുന്ന ജലം എത്രയെന്നും, നടപ്പുവർഷം ലഭിച്ച ജലം എത്രയെന്നുമുള്ള വിവരം വ്യക്തമാക്കുമോ ;

(ബി) ചിറ്റൂർ പുഴയിലേയ്ക്കുള്ള ആളിയാർവെള്ളം നടപ്പു വർഷം എത്ര അളവ് വെട്ടിക്കുറച്ചു എന്നും, ഇത് പരിഹരിക്കാനായി കേന്ദ്ര ഇടപെടൽ ജലവകുപ്പ് നടത്തിയോ എന്നും എന്തെല്ലാം തുടർ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കരാറുകൾ പ്രകാരം ജില്ലയിലെ കാർഷികമേഖലയ്ക്കു ലഭിക്കേണ്ട ജല ലഭ്യതക്കുറവു മൂലം കൃഷിനാശം ഉണ്ടാകുന്ന മേഖലകളിൽ, ജലലഭ്യത ഉറപ്പു വരുത്താൻ വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ കാലയളവിൽ പറമ്പിക്കുളം- ആളിയാർ സംയുക്ത ജലക്രമീകരണ ബോർഡ് എത്ര യോഗം ചേർന്നിരുന്നുവെന്നും സംസ്ഥാനത്തുനിന്നും പങ്കെടുത്ത ഉദ്യോഗസ്ഥർ ആരെല്ലാമെന്നും പാലക്കാട് ജില്ലയിലെ കർഷകർക്ക് വേണ്ടുന്ന ജലലഭ്യത ഉറപ്പുവരുത്താൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നുമുള്ള വകുപ്പു തല നടപടികൾ വ്യക്തമാക്കുമോ ?

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.യും (ഉപയോഗിക്കാനാവാത്ത പ്രളയ ജലം ഒഴികെ) കേരള ഷോളയാറിൽ 12300 എം.സി.എഫ്.ടി.-യുമാണ് കേരളത്തിന്റെ ജല വിഹിതം. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവാണ് ഒരു ജലവർഷം. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാറിലെ തനതുനീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. (ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല). ഇതിനു പുറമേ പറമ്പിക്കുളം സിസ്റ്റം ഡാമുകളുടേയും ലോവർ നീരാർ ഡാമിന്റേയും തനതുനീരൊഴുക്ക് 16500 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടിപ്പുഴയിലേക്കും വിടേണ്ടതാണ്. മേൽപ്പറഞ്ഞ ജല വിഹിതത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ പുഴ പദ്ധതി പ്രദേശത്ത് ഉപയോഗിക്കാവുന്നത് മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ട 7250 എം.സി.എഫ്.ടി. ജലവും, പറമ്പിക്കുളം സിസ്റ്റം ഡാമുകളുടേയും ലോവർ നീരാർ ഡാമിന്റേയും തനതു നീരൊഴുക്ക് 16500 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലവുമാണ്. നടപ്പ് ജലവർഷത്തിൽ (2016-17) ഫെബ്രുവരി ഒന്നാം ദ്വൈവാരം (15-2-2017) വരെ പി.എ.പി.-യിൽ നിന്ന് കേരളത്തിന് മണക്കടവ് വിയറിൽ 3155 എം.സി.എഫ്.ടി. ജലമാണ് ലഭിച്ചത്.

(ബി) ചിറ്റൂർപ്പുഴ പദ്ധതിപ്രദേശത്തെ ഉപയോഗത്തിനായി പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം മണക്കടവ് വിയറിൽ നടപ്പ് ജലവർഷത്തിൽ (2016-17) ഫെബ്രുവരി ഒന്നാം ദ്വൈവാരം (15-2-2017) വരെ ലഭിക്കേണ്ട ജലം 5770 എം.സി.എഫ്.ടി. ആണ്. എന്നാൽ 2615 എം.സി.എഫ്.ടി. കുറവ് ജലമാണ് ഈ കാലയളവിൽ ലഭിച്ചത്. ചിറ്റൂർപ്പുഴ പദ്ധതിപ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്കുള്ള ജല ദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി. ജലമാണ് ചിറ്റൂർപ്പുഴ പദ്ധതിപ്രദേശത്തേയ്ക്കായി ആവശ്യപ്പെട്ടിരുന്നതെങ്കിലും 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് തമിഴ്നാട് അറിയിച്ചിരുന്നത്. പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് 16-9-2016-ന് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി ഇതിന് പുറമേ 2016 ഒക്ടോബർ ഒന്നാം

ദ്വൈവാരത്തിൽ കരാർപ്രകാരം കേരളത്തിന് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്ക് ലഭ്യമാക്കേണ്ട 700 എം.സി.എഫ്.ടി. ജലം (540 ക്യുസെക്സ് എന്ന തോതിൽ) മണക്കടവ് വിയറിൽ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കി വന്നത്. ഇതിനെ തുടർന്ന് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർപ്രകാരമുള്ള ജലം (കുടിശ്ശിക ഉൾപ്പെടെ) നടപ്പ് ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ ലഭ്യമാക്കണമെന്നും തമിഴ്നാട് ഷോളയാർ പവർ ഹൗസ് II പൂർണ്ണമായി പ്രവർത്തിപ്പിച്ച് കേരള ഷോളയാർ ജലനിരപ്പ് എത്രയും പെട്ടെന്ന് പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എ.) എത്തിക്കണമെന്നും, തമിഴ്നാട് ഷോളയാർ പവർഹൗസ് I-ന്റെ പ്രവർത്തനവും പറമ്പിക്കുളത്തേക്ക് ജലം തിരിച്ച് വിടുന്നതും നിർത്തുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹുമാനപ്പെട്ട തമിഴ്നാട് പൊതുമരാമത്ത് മന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി കൂടാതെ പ്രശ്നത്തിൽ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർപ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹുമാനപ്പെട്ട കേന്ദ്രജലവിഭവ വകുപ്പ് മന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി.

കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് തമിഴ്നാട്, സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാവുകയും തുടർന്ന് സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (JWRB) 97-ാമത് യോഗം 26-10-2016-ന് പാലക്കാട് വച്ച് ചേർന്നു. ഈ യോഗത്തിൽ കേരളം, കീഴ് നദീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർപ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം ഏതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടു. ഇതിന് ശേഷം 98-ാമത് JWRB യോഗം 13-12-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വെച്ച് ചേരുകയുണ്ടായി. ഈ യോഗത്തിൽ പി.എ.പി. കരാർപ്രകാരമുള്ള ജലം നൽകണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടു. മണക്കടവ് വിയറിൽ 7.25 ടി.എം.സി.എഫും കേരള ഷോളയാറിൽ 12.3 ടി.എം.സി.എഫും കരാർപ്രകാരം കേരളത്തിന് ഉറപ്പാക്കിയിട്ടുള്ളതാണെന്നും ഇത് കേരളത്തിന് നൽകിയതിന് ശേഷമേ തമിഴ്നാടിന് പി.എ.പി.-യിൽ നിന്നും ജലം എടുക്കുവാൻ സാധിക്കുകയുള്ളൂവെന്നും കേരളം വാദിക്കുകയും ആയതിനാൽ കുടിവെള്ളത്തിന് വേണ്ടിയുള്ള ജലം മാത്രം എടുത്തശേഷം ബാക്കി ജലം മുഴുവൻ കേരളത്തിന് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടു. മാത്രമല്ല 97-ാമത് JWRB യോഗത്തിൽ സമ്മതിച്ചത് പോലെ തമിഴ്നാട് മണക്കടവ് വിയറിൽ നവംബർ II, ഡിസംബർ I എന്നീ ദ്വൈവാരങ്ങളിൽ ജലം നൽകിയിട്ടില്ല എന്ന കാര്യവും കേരളം ചൂണ്ടിക്കാട്ടി.

എന്നാൽ 13-12-2016 മുതൽ ഡിസംബർ അവസാന വാരം വരെ മണക്കടവിൽ 175 ക്യൂസെക്സ് എന്ന തോതിൽ മാത്രമേ ജലം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 98-ാമത് JWRB യോഗത്തിൽ തമിഴ്നാട് അറിയിക്കുകയും തുടർന്ന് മണക്കടവിലേയ്ക്കുള്ള ജലവിതരണ തോത് ഇരു ഗവൺമെന്റുകളുടേയും തീരുമാനപ്രകാരമാണെന്ന് ധാരണയുമായി. ഇതിന് പുറമേ തമിഴ്നാട് ഷോളയാറിലെ ജലസംഭരണ നില വച്ച് നോക്കുമ്പോൾ ഫെബ്രുവരി ഒന്നാംതീയതി കേരള ഷോളയാർ റിസർവോയർ പൂർണ്ണ ജലനിരപ്പിലാകെ അസാധ്യമായതിനാൽ തമിഴ്നാട് ഷോളയാറിലെ മുഴുവൻ ജലവും കേരള ഷോളയാറിലേക്ക് തമിഴ്നാട് ഷോളയാർ പവർഹൗസ് II വഴിയോ, By-pass വഴിയോ, കരാർപ്രകാരമുള്ള ജല വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

7-1-2017-ൽ ജലവിഭവ വകുപ്പുമന്ത്രി വീണ്ടും ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചതിനെത്തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടക്കുകയും മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനം വരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കരാർപ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.-യിലെ ജല ദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ്നാടുമായി സഹകരിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും എന്നാൽ കീഴ് നദീതട അവകാശപ്രകാരം കേരളത്തിന് മുഴുവൻ ജലവും ലഭിക്കേണ്ടതാണെന്ന ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യൂസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്നത് തമിഴ്നാട് തത്വത്തിൽ അംഗീകരിച്ചു. 28-1-2017-ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017 മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സിലധികം ജലം ലഭിക്കുകയും തുടർന്ന് 16-2-2017-ൽ നടന്ന ഉദ്യോഗസ്ഥതല ചർച്ചയെത്തുടർന്ന് 28-2-2017 വരെ ആളിയാറിൽ നിന്ന് 250 ക്യൂസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യൂസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തു. ഇതിന് പുറമേ കേരള ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും, കേരള സർക്കാരും, പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായി. പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ തുടർന്നുവരുന്നു.

(സി) കേരളത്തിന് പി.എ.പി. കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനുവേണ്ടി കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർ ചർച്ചകൾ നടത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങളാണ് സംസ്ഥാനം നടത്തിവരുന്നത്. 28-1-2017-ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017 മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യുസെക്സിലധികം ജലം ലഭിച്ചു. 16-2-2017 മുതൽ 28-2-2017 വരെ മണക്കടവിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി 16-2-2017-ന് ജോയിന്റ് ഡയറക്ടർ, ജെ.ഡബ്ല്യൂ.ആർ. ഡിവിഷൻ, പാലക്കാട് കോയമ്പത്തൂരിൽ വച്ച് നടന്ന ചർച്ചയെത്തുടർന്ന് 28-2-2017 വരെ ആളിയാറിൽ നിന്ന് 250 ക്യുസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യുസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിച്ചു. ഇത് പ്രകാരമുള്ള ജലം ഇപ്പോൾ മണക്കടവിൽ ലഭിച്ചു വരുന്നുണ്ട്. ഈ ജലം പ്രധാനമായും ചിറ്റൂർ പദ്ധതി പ്രദേശത്തെ കുടിവെള്ളാവശ്യത്തിനാണ് ഉപയോഗിക്കുന്നത്. ഇതിനുപുറമേ പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും, കേരള സർക്കാരും, തമിഴ്നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായിട്ടുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)-യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ കാലയളവിൽ സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (JWRB) യോഗം രണ്ട് തവണ ചേരുകയുണ്ടായി. ബോർഡിന്റെ 97-ാമത് യോഗം 26-10-2016-ന് പാലക്കാട് വച്ചും 26-10-2016-ന് പാലക്കാട് വെച്ചും 98-ാമത് ജെ.ഡബ്ല്യൂ.ആർ.ബി. യോഗം 13-12-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വച്ചും ചേരുകയുണ്ടായി. 97-ാമത് ജെ.ഡബ്ല്യൂ.ആർ. ബോർഡ് യോഗത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തത് താഴെപ്പറയുന്ന ഉദ്യോഗസ്ഥരാണ് :

1. ശ്രീ. വി. കെ. മഹാനുദേവൻ, അന്തർസംസ്ഥാന നദീജല ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം, (ജെ.ഡബ്ല്യൂ.ആർ. ബോർഡ് ചെയർമാൻ)

2. ശ്രീ. വർഗീസ് സാമുവൽ, കെ.എസ്.ഇ.ബി., സിവിൽ കൺസ്ട്രക്ഷൻ സൗത്ത്, തിരുവനന്തപുരം (ജെ.ഡബ്ല്യൂ.ആർ. ബോർഡ് അംഗം)

98-ാമത് ജെ.ഡബ്ല്യൂ.ആർ. ബോർഡ് യോഗത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തത് താഴെപ്പറയുന്ന ഉദ്യോഗസ്ഥരാണ് :

1. ശ്രീ. വി. കെ മഹാനദേവൻ, അന്തർസംസ്ഥാന നദീജല ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം, (ജെ.ഡബ്ല്യൂ.ആർ. ബോർഡ് ചെയർമാൻ)

2. ശ്രീമതി സുചിത്ര പി., കെ.എസ്.ഇ.ബി., സിവിൽ കൺസ്ട്രക്ഷൻ സൗത്ത്, തിരുവനന്തപുരം (ജെ.ഡബ്ല്യൂ.ആർ. ബോർഡ് അംഗം)

കൂടാതെ ഈ രണ്ട് യോഗങ്ങളിലും അന്തർസംസ്ഥാന നദീജല ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേയും കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേയും ഉദ്യോഗസ്ഥർ, പ്രോജക്ട് ചീഫ് എഞ്ചിനീയർമാർ, പ്രോജക്ടുകളിലെ അനുബന്ധ ഉദ്യോഗസ്ഥർ ജെ.ഡബ്ല്യൂ.ആർ. ഡിവിഷൻ പാലക്കാടിലെ ജോയിന്റ് ഡയറക്ടർ, അനുബന്ധ ഉദ്യോഗസ്ഥർ, എന്നിവർ പങ്കെടുത്തിട്ടുണ്ട്. കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് തമിഴ്നാട് സംയുക്ത ജല ക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാവുകയും തുടർന്ന് സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (JWRB) 97-ാമത് യോഗം 26-10-2016-ന് പാലക്കാട് വച്ച് ചേരുകയുമുണ്ടായി. ഈ യോഗത്തിൽ കേരളം, കീഴ്നദീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർ പ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം ഏതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ് നാടിനോടാവശ്യപ്പെട്ടു. ഇതിനുശേഷം 98-ാമത് ജെ.ഡബ്ല്യൂ.ആർ.ബി. യോഗം 13-12-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വച്ച് ചേരുകയുണ്ടായി. ഈ യോഗത്തിൽ പി.എ.പി. കരാർ പ്രകാരമുള്ള ജലം നൽകണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടു. യോഗത്തിൽ ഇരു കൂട്ടരും തമ്മിൽ ജലം പങ്കിടലിൽ ധാരണയിൽ ആകാത്തതിനാൽ ജെ.ഡബ്ല്യൂ.ആർ.ബി. ചെയർമാൻ എന്ന നിലയ്ക്ക് 17-12-2016-ന് ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ.വിന്റെ നിർദ്ദേശപ്രകാരം 17-1-2017-ന് കേരള ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തമിഴ്നാട് പൊതുമരാമത്ത് സെക്രട്ടറിക്ക് പി.എ.പി. യിലെ ജലം പങ്കുവയ്ക്കുന്ന വിഷയത്തിൽ ഒരു സമവായത്തിലെത്താൻ രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള സെക്രട്ടറി തലയോഗം നടത്തുന്നതിന് അനുയോജ്യമായ തീയതി അറിയിക്കാൻ ആവശ്യപ്പെടുകയും തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്ത് വച്ച് അന്തർസംസ്ഥാന സെക്രട്ടറി തല ചർച്ച നടക്കുകയും ചെയ്തു. മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനം വരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടു. പ്രസ്തുത ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017 മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സിലധികം ജലം ലഭിച്ചു. മണക്കടവിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി 16-2-2017-ന് ജോയിന്റ് ഡയറക്ടർ, ജെ.ഡബ്ല്യൂ.ആർ. ഡിവിഷൻ, പാലക്കാട് കോയമ്പത്തൂരിൽ വച്ച് നടത്തിയ ചർച്ചകൾക്കൊടുവിൽ 28-2-2017 വരെ ആളിയാറിൽ നിന്ന് 250 ക്യൂസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യൂസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിച്ചു. ഇതനുസരിച്ച് ജലം ഇപ്പോൾ മണക്കടവിൽ ലഭിക്കുന്നുണ്ട്.

## പത്രപ്രവർത്തക ആശ്രിത പെൻഷൻ

87 (1893) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീമതി എം.പി.പ്രേമലത, W/o രാമചന്ദ്രൻ കൊടാപ്പള്ളി എന്നയാളിൽ നിന്നും പത്ര പ്രവർത്തക ആശ്രിത പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പത്ര പ്രവർത്തക ആശ്രിത പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും, അനുബന്ധ രേഖകളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാമചന്ദ്രൻ കൊടാപ്പള്ളി 'പത്ര പ്രവർത്തകൻ' എന്ന നിർവ്വചനത്തിന്റെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ, ആശ്രിത പെൻഷൻ അനുവദിക്കാൻ നിർവ്വാഹമില്ല എന്ന വിവരം അപേക്ഷകയെ അറിയിച്ചിട്ടുണ്ട്.

(സി) പത്ര പ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കവെ മരിച്ചുപോയിട്ടുള്ളവരുടേയും, പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് മരണം സംഭവിക്കുന്നവരുടേയും കുടുംബത്തിന് 50% കുടുംബ പെൻഷന് അർഹതയുണ്ട്.

## തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികൾക്ക് സഹായം

88 (1894) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽനിന്നും ഗൾഫ് നാടുകളിലും മറ്റ് വിദേശ രാജ്യങ്ങളിലും പോയി തൊഴിൽ ചെയ്യുന്നവരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രവാസികളുടെ ക്ഷേമത്തിനായി വിദേശത്ത് തൊഴിൽ ചെയ്യുന്നവരിൽ നിന്നും മൂലധനം സ്വരൂപിച്ച് സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ഒരു കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടമായി തിരികെ നാട്ടിലെത്തുന്ന പ്രവാസികളെ പുനരധിവാസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) 1-7-2011 മുതൽ 31-12017 വരെയുള്ള കാലയളവിൽ എത്രപേർ തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പുനരധിവാസ സഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) Centre for Development Studies 2011-ൽ "കേരള മൈഗ്രേഷൻ സർവ്വേ" എന്ന പേരിൽ പ്രവാസി മലയാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇതുപ്രകാരം പ്രവാസി മലയാളികളുടെ എണ്ണം 34,30,889 ആണ്. സാമ്പത്തിക സ്ഥിതി വകുപ്പ് മുഖേന ഒരു സമഗ്ര പ്രവാസി മലയാളി സർവ്വെയും നടത്തിയിട്ടുണ്ട്. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 പ്രകാരം വിവിധ വിദേശ രാജ്യങ്ങളിലെ മലയാളികളുടെ എണ്ണം 16,25,653 എന്ന് കണക്കാക്കിയിട്ടുണ്ട്. പ്രവാസി മലയാളികളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്ക് വിവരം ലഭ്യമല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) വിദേശത്ത് നിന്നും പലകാരണങ്ങളാൽ തിരികെയെത്തിയ പ്രവാസി മലയാളികൾ സ്വന്തമായോ, കമ്പനി, ട്രസ്റ്റ് തുടങ്ങിയവ രൂപീകരിച്ചോ ആരംഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. സബ്സിഡി പദ്ധതി കൂടാതെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ (CMD) സഹകരണത്തോടെ തിരികെയെത്തിയ പ്രവാസികൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിലേയ്ക്കായി ഹ്രസ്വകാല പരിശീലന പരിപാടി നടത്തുന്നതിലേക്ക് വേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) NRK returnee രജിസ്ട്രേഷന്റെ ഡാറ്റാബേസ് പ്രകാരം 1-7-2011 മുതൽ 31-1-2017 വരെ 30049 പേരാണ് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയത്. 2013 ജൂലൈയിൽ കേരള സർക്കാർ വിഭാവനം ചെയ്ത നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി മുഖാന്തിരം 2200 ഓളം പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

## പ്രവാസി ക്ഷേമത്തിനായുള്ള പദ്ധതികൾ

89 (1895) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്ന ശേഷം പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) തൊഴിൽ നഷ്ടപ്പെട്ടവർക്ക് മറ്റൊരു തൊഴിൽ കിട്ടുന്നതുവരെ താൽക്കാലികമായി 'തൊഴിൽ നഷ്ട സുരക്ഷ' എന്ന പേരിൽ സഹായം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രവാസികൾക്കായി ജോബ് പോർട്ടൽ ആരംഭിക്കാൻ പദ്ധതിയുണ്ടോ;

(ഡി) റിക്രൂട്ട്മെന്റ് ഏജൻസികളെ നിരീക്ഷിച്ച് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പ്രവാസി ക്ഷേമത്തിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആവിഷ്കരിച്ച 5 പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റം.
2. ലോക കേരള സഭ
3. ഗ്ലോബൽ കേരള കൾച്ചർ ഫെസ്റ്റിവൽ
4. തിരികെയെത്തിയ പ്രവാസികളെക്കുറിച്ചുള്ള പ്രത്യേക പഠനം
5. വിമാനത്താവളത്തിലെ അത്യാഹിത ആംബുലൻസ് സേവനം

മുകളിൽ പറഞ്ഞ 5 പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച പദ്ധതികളൊന്നും നിലവിലില്ല.

(സി) പ്രവാസികൾക്കായി ജോബ് പോർട്ടൽ സംവിധാനം നിലവിലുണ്ട്.

(ഡി) റിക്രൂട്ടിംഗ് ഏജൻസികൾക്ക് അംഗീകാരം നല്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനായതിനാൽ, ഇക്കാര്യത്തിൽ കേരള സർക്കാരിന് നടപടി സ്വീകരിക്കാനാവില്ല.

(ഇ) പുതിയ നിയമ നിർമ്മാണം സംബന്ധിച്ച നിർദ്ദേശങ്ങൾ തൽക്കാലം നിലവിലില്ല. പരിശോധിക്കുന്നതാണ്.

**നിസാമുദ്ദീന് അടിയന്തര സഹായം അനുവദിക്കാൻ നടപടി**

90 (1896) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സൗദി അറേബ്യയിലെ അൽകോബാറിലെ സ്വകാര്യ ആശുപത്രിയിൽ അബോധാവസ്ഥയിൽ കഴിയുന്ന തലശ്ശേരി എറിഞ്ഞോളി സ്വദേശി നിസാമുദ്ദീനെ എയർ ആംബുലൻസിൽ നാട്ടിലെത്തിക്കുന്നതിന് സഹായം അഭ്യർത്ഥിച്ചുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര സഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. വിദേശത്ത് രോഗാവസ്ഥയിലാകുന്ന മലയാളികളെ എയർ ആംബുലൻസ് മുഖേന നാട്ടിൽ എത്തിക്കുന്ന പദ്ധതി നിലവിൽ ഇല്ല.

**പ്രവാസി ക്ഷേമം**

91 (1897) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികൾക്ക് ഇപ്പോൾ നൽകി വരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഗൾഫ് നാടുകളിലും മറ്റും പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രവാസികൾക്ക് സഹായം നൽകുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രവാസി മലയാളികൾക്ക് നൽകുന്ന ക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസി മലയാളികൾക്കും തിരികെയെത്തിയ പ്രവാസികൾക്കുമായി സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു :

- സാന്ത്വന പദ്ധതി.
- നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി.
- 24 മണിക്കൂർ കോൾ സെന്റർ
- സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം.
- പ്രീ- ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം.
- ജോബ് പോർട്ടൽ.
- നോർക്ക -റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ സ്ഥാപനം
- പ്രവാസി നിയമസഹായ സെൽ.
- എമർജൻസി റിപ്പാട്രിയേഷൻ സഹായക കേന്ദ്രം (NBFC)
- വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം.
- എൻ.ആർ.ഐ. കമ്മീഷൻ.
- കാരുണ്യം.
- പ്രാഗത്ഭ്യം തെളിയിച്ച വിദേശ കേരളീയരുടെ ഡാറ്റാ ബേസ് രൂപീകരിക്കൽ.

കേരള പ്രവാസി ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്ക് വേണ്ടി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ താഴെ ചേർക്കുന്നു :

- പെൻഷൻ.
- കുടുംബ പെൻഷൻ.
- അവശതാ പെൻഷൻ.
- മരണാനന്തര സഹായം.
- ചികിത്സാ സഹായം.

- വിവാഹധനസഹായം.
- പ്രസവാനുകൂല്യം.
- വിദ്യാഭ്യാസ ആനുകൂല്യം.

(ബി) സൗദി അറേബ്യയിലെ ജയിലുകളിൽ ശിക്ഷാ കാലാവധി പൂർത്തിയാക്കിയ മലയാളികൾക്ക് തിരികെ നാട്ടിലെത്തുന്നതിനാവശ്യമായ ടിക്കറ്റ് ലഭ്യമാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന സ്വപ്ന സാഫല്യം പദ്ധതി നിലവിലുണ്ട്. ടി പദ്ധതി മറ്റ് ഗൾഫ് രാജ്യങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിദേശത്ത് തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്നവർക്ക് അടിയന്തരമായി ആവശ്യമായ നിയമ സഹായം ലഭ്യമാക്കാൻ സർക്കാർ മുഖാന്തരം എംബസ്സികളോട് അഭ്യർത്ഥിച്ചുവരുന്നു. സാധ്യമായ എല്ലാ കേസുകളിലും എംബസ്സി ഇതിനാവശ്യമായ ഉപദേശം നല്കി വരുന്നുണ്ട്. കൂടാതെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് എന്ന പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് രൂപരേഖ പുനരാവിഷ്കരിക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്.

(സി) പ്രവാസികളുടെ നിക്ഷേപസാധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി ഒരു സംവിധാനം - നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (NBFC) സുസജ്ജമാക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രവാസികൾ സ്വന്തമായി തുടങ്ങാനുദ്ദേശിക്കുന്ന സംരംഭങ്ങൾക്ക് സാധ്യമായ സഹായങ്ങൾ ചെയ്യുന്നതിനും അവർക്ക് നിക്ഷേപസാധ്യതയുള്ള വ്യവസായ രംഗങ്ങൾ ചൂണ്ടികാണിക്കുന്നതിന് ലാഭകരമായും സുരക്ഷിതമായും നിക്ഷേപം നടത്തുന്നതിനുമുള്ള ഉപദേശങ്ങളും മറ്റ് സഹായങ്ങളും നല്കുകയും ചെയ്യുകയാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി വിപുലീകരിക്കുന്നതിനായി തീവ്രശ്രമങ്ങൾ നടത്തിവരുന്നു. പ്രവാസികളുടെ ചികിത്സാ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ഗവൺമെന്റിന്റെ ഇൻഷ്വറൻസ് പോളിസിക്ക്/RSBY സമാനമായ രീതിയിലോ ഏറ്റവും ഉചിതമായ മറ്റ് രീതിയിലോ മെഡിക്കൽ ഇൻഷ്വറൻസ് നടപ്പിലാക്കുന്ന വിഷയം നോർക്ക റൂട്ട്സിന്റെ പരിഗണനയിലുണ്ട്.

## സാന്ത്വനപദ്ധതി പ്രകാരം അനുവദിച്ച തുക വിതരണം ചെയ്യാൻ നടപടി

92 (1898) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്കായുള്ള സാന്ത്വന പദ്ധതിക്ക് ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം 2015-16, 2016-17 കാലയളവിൽ ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് തുക അനുവദിച്ചു; അനുവദിച്ച തുക എത്ര പേർക്ക് വിതരണം നടത്തിയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ഉണ്ട്; ഇവയിൽ അർഹതയുള്ളവയ്ക്ക് നടപടി പൂർത്തിയാക്കി എത്ര ദിവസത്തിനകം തുക വിതരണം നടത്താനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവാസികൾക്കായുള്ള സാന്ത്വന പദ്ധതിക്ക് ഈ സാമ്പത്തിക വർഷം (2016-17) 5 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇതു കൂടാതെ 8 കോടി രൂപ കൂടി അധിക ധനാനുമതി വഴി (അഡീഷണൽ ഓതറൈസേഷൻ) പദ്ധതിയിലേയ്ക്ക് വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ വിതരണം ചെയ്തു. 2017 ഫെബ്രുവരി മാസം അധിക ധനാനുമതി വഴി അനുവദിച്ച എട്ട് കോടി രൂപ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി& സി) 2015-16 വർഷം 2519 അപേക്ഷകൾ ലഭിച്ചു. 2016-17 വർഷം 2057 അപേക്ഷകൾ ലഭിച്ചു. ഇതിൽ 2015-16 വർഷം 1689 പേർക്ക് ആനുകൂല്യം വിതരണം ചെയ്തു. 2016-17 വർഷം തൻ വർഷം അനുവദിച്ച 754 പേർക്കും മുൻ വർഷം ആനുകൂല്യം അനുവദിച്ച 266 പേർക്കും ഉൾപ്പെടെ ആകെ 1020 പേർക്ക് ധനസഹായം വിതരണം ചെയ്തു. നടപ്പ് വർഷം വകയിരുത്തിയിരുന്ന 5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2017 ഫെബ്രുവരിമാസം അധിക ധനാനുമതി വഴി അനുവദിച്ച എട്ട് കോടി രൂപ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് ലഭിച്ചാലുടൻ അർഹരായവർക്ക് വിതരണം ചെയ്യുന്നതാണ്.

| വർഷം | ലഭിച്ച അപേക്ഷകളുടെ എണ്ണം | തുക അനുവദിച്ചവരുടെ എണ്ണം | ബഡ്ജറ്റ് വിഹിതമുപയോഗിച്ച് ധനസഹായം വിതരണം ചെയ്തവരുടെ എണ്ണം |
|---|---|---|---|
| 2015-16 | 2519 | 1689 | 2375 (2014-15-ലെ കുടിശ്ശികയുൾപ്പെടെ) |
| 2016-17 (27-2-2017 വരെ) | 2057 | 754 | 1020 (5 കോടി രൂപ ഉപയോഗിച്ച് 2015-16-ലെ കുടിശ്ശികയുൾപ്പെടെ) |

2015-16 വർഷവും 2016-17 വർഷവുമായി ലഭിച്ച തീർപ്പാക്കാനുണ്ടായിരുന്ന 2133 അപേക്ഷകളിൽ 2000 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. മറ്റുള്ളവ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ

93 (1899) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ എവിടെയെല്ലാമുണ്ട്; ഇതുവഴി ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തി നൽകുന്നത്;

(ബി) ഇതിനായി സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥർ ആരെല്ലാം; അവരുടെ തസ്തികയടക്കമുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) നോൺ അക്കാദമിക് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്താൻ നോർക്കയിൽ സംവിധാനം ഉണ്ടോ; ഇതിനായി അറ്റസ്റ്റേഷൻ നടത്തുന്നവരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്താൻ കാസർഗോഡുള്ളവരും തിരുവനന്തപുരത്ത് വരേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ഹോം അറ്റസ്റ്റേഷൻ സംവിധാനം നോർക്ക റൂട്ട്സിന്റെ മൂന്ന് മേഖലാ കേന്ദ്രങ്ങൾവഴി ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ; നിലവിലുള്ള സംവിധാനം ഉപയോഗിച്ച് തന്നെ ഉദ്യോഗസ്ഥ പുനർവിന്യാസംവഴി അധികച്ചെലവില്ലാതെ ഇക്കാര്യം പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നോർക്ക റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രവർത്തിക്കുന്നത്. ഇതുവഴി വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തി നൽകുന്നത്.

(ബി) ഇതിനായി സർക്കാർ നിയോഗിക്കുന്നത് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നും പൊതുഭരണ വകുപ്പിലെ ജോയിന്റ്/അഡീഷണൽ സെക്രട്ടറി റാങ്കിലെ ഉദ്യോഗസ്ഥരെയാണ്. നോർക്ക റൂട്ട്സിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓതന്റിക്കേഷൻ ഓഫീസർമാരുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ

| | | |
|---|---|---|
| തിരുവനന്തപുരം | : | ശ്രീ. ഐസക് ഇട്ടി, അഡീഷണൽ സെക്രട്ടറി. |
| എറണാകുളം | : | ശ്രീമതി വി.സി. മേരി കുഞ്ഞ്, അഡീഷണൽ സെക്രട്ടറി. |
| കോഴിക്കോട് | : | ശ്രീ. ടി. കെ. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി. |

(സി) നിലവിൽ നോർക്കയിൽ സംവിധാനമില്ല. ആഭ്യന്തര വകുപ്പിനു കീഴിൽ സെക്രട്ടേറിയറ്റിൽ ഇത്തരം സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്തു നൽകുന്നുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## പ്രവാസി ഭാരതീയ ദിവസ് - 2017

94 (1900) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ഭാരതീയ ദിവസ്-2017-ൽ മുഖ്യമന്ത്രി പങ്കെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ മറ്റാരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ;

(ബി) പ്രസ്തുത പരിപാടിയിൽ പ്രവാസി വ്യവസായപ്രതിനിധികൾ മുഖ്യമന്ത്രിയുമായോ മുഖ്യമന്ത്രിയുടെ പ്രതിനിധിയുമായോ ചർച്ചകൾ നടത്തിയിരുന്നോ; വിശദവിവരം നൽകുമോ;

(സി) പരിപാടിയിൽ സംസ്ഥാനത്ത് നിന്ന് എത്ര ഉദ്യോഗസ്ഥർ പങ്കെടുത്തു; പങ്കെടുത്തവരുടെ വകുപ്പും തസ്തികയടക്കമുള്ള വിശദവിവരവും നൽകുമോ;

(ഡി) പ്രവാസി ഭാരതീയ ദിവസ്-2017-ന് കേരള ഗവൺമെന്റ് എത്ര രൂപയുടെ ചെലവ് നടത്തി; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പരിപാടിയിൽ സാധാരണക്കാരായ പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാറില്ല എന്ന ആവലാതി ശ്രദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യം വിദേശമന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കുമോ;

(എഫ്) പ്രവാസി ഭാരതീയ ദിവസ്-2017ൽ പങ്കെടുത്ത പ്രവാസി മലയാളികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രി പങ്കെടുത്തിട്ടില്ല. പകരം കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫസർ. സി. രവീന്ദ്രനാഥിനെ ചുമതലപ്പെടുത്തുകയും അദ്ദേഹം പങ്കെടുക്കുകയും ചെയ്തു.

(ബി) മുഖ്യമന്ത്രിയ്ക്ക് പ്രസ്തുത പരിപാടിയിൽ പങ്കെടുക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ കേരള സംസ്ഥാനത്തിനായി ചർച്ചകൾക്ക് പ്രത്യേക സ്ഥലം (സി.എം.എസ്. ലോഞ്ച്) അനുവദിച്ചിരുന്നില്ല. ആയതിനാൽ പ്രവാസി വ്യവസായ പ്രതിനിധികളുമായുള്ള ഔദ്യോഗിക ചർച്ചകൾ നടന്നിട്ടില്ല.

(സി) 26 പേർ പങ്കെടുത്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) 18,53,782 രൂപ ചെലവായിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| 1. | ഭക്ഷണവും താമസസൗകര്യവും | - | 3,56,008 രൂപ. |
| 2. | യാത്രാസൗകര്യം ഒരുക്കിയ വകയിൽ | - | 1,10,686 രൂപ. |
| 3. | സാംസ്കാരിക പരിപാടി | - | 48,000 രൂപ. |
| 4. | പലവകയിനം | - | 16,348 രൂപ. |
| 5. | സ്റ്റാൾ വാടക, പരസ്യം, ഇലക്ട്രിസിറ്റി | - | 13,22,740 രൂപ. |

(ഇ) ഇത്തവണ പ്ലീനറി സെക്ഷനുകൾ പതിവിൽനിന്നും വ്യത്യസ്തമായാണ് ക്രമീകരിച്ചത്. മുൻകാലങ്ങളിൽ ഒരേസമയം സ്റ്റേറ്റ് സെഷൻസ് ഉണ്ടായിരുന്നെങ്കിലും ഇപ്രാവശ്യം അപ്രകാരം സ്റ്റേറ്റ് സെക്ഷനുകൾ ഉണ്ടായിരുന്നില്ല. എന്നിരുന്നാലും പ്ലീനറി സെക്ഷനിലെ വിഷയങ്ങളിൽ സാധാരണക്കാരായ പ്രവാസികളുടെ പ്രശ്നങ്ങളും ഉൾപ്പെട്ടിരുന്നു.

(എഫ്) പ്രവാസി ഭാരതീയ ദിവസിൽ പങ്കെടുത്ത പ്രവാസി മലയാളികളുടെ വിശദവിവരം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

**കാപ്പ പ്രകാരം കരുതൽ തടങ്കൽ**

95 (1901) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ 'കാപ്പ' നിയമപ്രകാരം എത്രപേരെ കരുതൽ തടങ്കലിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) 'കാപ്പ' ചുമത്തിയ എത്ര കുറ്റവാളികളെ പിടികിട്ടാനുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഗുണ്ടാ പ്രവർത്തനം തടയുന്നതിന്റെ ഭാഗമായി ഗുണ്ടകളെ 'കാപ്പ' ചുമത്തി ജയിലിൽ പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 26 പേരെ കരുതൽ തടങ്കലിൽ സൂക്ഷിച്ചിട്ടുണ്ട്.

(ബി) 24 കുറ്റവാളികളെ പിടികിട്ടാനുണ്ട്.

(സി) കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടികൾ സ്വീകരിച്ചു വരുന്നു.

### യു. എ. പി. എ. നിയമങ്ങൾ

96 (1902) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. എ. പി. എ. പോലുള്ള നിയമങ്ങൾ സംസ്ഥാന പോലീസ് നടപ്പാക്കുന്ന രീതിയോടുള്ള പ്രതിഷേധം വിവിധ മേഖലകളിൽനിന്നും ഉയർന്നു വരുന്ന കാര്യം ഗൗരവപൂർവ്വം കാണുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ പോലീസിന് മാർഗ്ഗനിർദ്ദേശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) നിയമാനുസൃത ചുമതലകൾ നിർവ്വഹിക്കുന്നതിൽനിന്നും ഒഴിഞ്ഞുമാറുകയും എന്നാൽ ജനരോഷത്തിനിടയാക്കും വിധം ജനങ്ങൾക്കെതിരെ നിയമ പീഡനത്തിന്റെ പരിധിയിൽപ്പെടുത്താവുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന പോലീസ് നടപടി നിയന്ത്രിക്കാൻ കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) യു.എ.പി.എ. കേസ്സുകൾ നിയമാനുസൃതമായി നടപ്പിലാക്കുവാൻ വേണ്ട നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

### കെ. ദേവകി കൊലചെയ്യപ്പെട്ട സംഭവം

97 (1903) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ജനുവരി മാസത്തിൽ കാസർകോഡ് ജില്ലയിൽ പെരിയാട്ടടുക്കത്തിനടുത്തുള്ള മുനിക്കൽ കാട്ടിയടുക്കത്തെ കെ. ദേവകി വീട്ടിനുള്ളിൽ കൊലചെയ്യപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേസ്സിൽ ആരെയെങ്കിലും ഇതുവരെ പിടികൂടിയിട്ടുണ്ടോ; ഇപ്പോൾ കേസ് അന്വേഷിക്കുന്നത് ആരാണ്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കേസ് മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെ. ദേവകി കൊലചെയ്യപ്പെട്ട സംഭവത്തിൽ ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 16/17 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. ടി കേസിന്റെ അന്വേഷണത്തിനിടയിൽ പോസ്റ്റ്മോർട്ടം ചെയ്ത സർജൻ ഉൾപ്പെടെ 55 ഓളം സാക്ഷികളെ കണ്ടുചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. സംശയിക്കുന്ന ആൾക്കാരുടെ മൊബൈൽ ഫോൺ ഹിസ്റ്ററി ശേഖരിച്ച് പരിശോധിച്ചിട്ടുള്ളതും തലമുടി, രക്തം, മുതലായവ പരിശോധനയ്ക്ക് അയച്ചിട്ടുള്ളതുമാണ്. പ്രസ്തുത കേസ് കാഞ്ഞങ്ങാട് ഡി.വൈ.എസ്.പി.-യുടെ മേൽനോട്ടത്തിൽ ബേക്കൽ പോലീസ് ഇൻസ്പെക്ടർക്ക് ചുമതല നൽകി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## യു.എ.പി.എ.

98 (1904) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.എ.പി.എ. ചുമത്തുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കാതെ ആർക്കെങ്കിലും എതിരെ കഴിഞ്ഞ 9 മാസത്തിനകം യു.എ.പി.എ. ചുമത്തിയിട്ടുണ്ടോ;

(ബി) യു.എ.പി.എ. ചുമത്തുമ്പോൾ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാനിടയായ സാഹചര്യം വിശദമാക്കുമോ;

(സി) യു.എ.പി.എ. പ്രകാരം എടുത്ത കേസുകളിൽ കുറ്റപത്രം സമർപ്പിക്കാത്ത എത്ര കേസ്സുകളുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) യു.എ.പി.എ. നിയമം ദുരുപയോഗം ചെയ്യാതിരിക്കുവാൻ വേണ്ടിയാണ് പ്രസ്തുത നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) 146.

## കെ.എ.പി. നാലാം ബറ്റാലിയനിലെ നിയമനം

99 (1905) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി.നാലാം ബറ്റാലിയനിലേക്ക് പുതിയ സർക്കാർ നിലവിൽ വന്നശേഷം എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) 2017-ലെ ആന്റിസിപ്പേറ്ററി (കെ.എ.പി.നാലാം ബറ്റാലിയൻ) വേക്കൻസി എത്രയെണ്ണമാണ്; ഈ വേക്കൻസി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പിണറായി, വയനാട് പോലീസ് സ്റ്റേഷനുകളിലേക്ക് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ തസ്തികയുടെ പേര്, എണ്ണം എന്നിവ നൽകുമോ;

(ഡി) 2017 ഫെബ്രുവരി ഒന്നാം തീയതി സംസ്ഥാനത്ത് എസ്.ഐ, എ.എസ്.ഐ. തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്?

ഉത്തരം

(എ) കെ.എ.പി. നാലാം ബറ്റാലിയനിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 28-2-2017 വരെ 241 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 2017 വർഷത്തിൽ കെ.എ.പി. നാലാം ബറ്റാലിയനിൽ നിന്നും നൽകേണ്ടുന്ന ജില്ലകളിൽ 144 പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ആയവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സൃഷ്ടിച്ചിട്ടില്ല.

(ഡി) 2017 ഫെബ്രുവരി ഒന്നാം തീയതിയിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ആംഡ് പോലീസ് ബറ്റാലിയനിൽ രണ്ട് എസ്.ഐ. (എ.പി.എസ്.ഐ.) മാരുടേയും 8 എ.എസ്.ഐ. (എ.പി.എ.എസ്.ഐ.) മാരുടേയും ഒഴിവുകളുണ്ട്.

## ഡിവൈ.എസ്.പി.റാങ്കിന് മുകളിലുള്ള ഉദ്യോഗസ്ഥർ

100 (1906) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ ഡിവൈ.എസ്.പി.റാങ്കിനു മുകളിലുള്ള എത്ര ഉദ്യോഗസ്ഥരുടെ പേരിൽ കേസ്സുകൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഓരോരുത്തരുടേയും പേരിലുള്ള കേസ്സുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇവർക്കെതിരെ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഡിവൈ.എസ്.പി. റാങ്കിനു മുകളിലുള്ള ആറ് ഉദ്യോഗസ്ഥരുടെ പേരിൽ കേസ്സുകൾ നിലവിലുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

**എം.എൽ.എ. ഹോസ്റ്റലിന് പിന്നിൽ നീന്തൽക്കുളം**

101 (1907) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. ഹോസ്റ്റലിന്റെ പുറകുവശത്തെ മതിലിനോട് ചേർന്ന് നീന്തൽക്കുളം പണിയുന്നതിന് ആഭ്യന്തരവകുപ്പിന് ഉദ്ദേശ്യമുണ്ടോ;

(ബി) പ്രസ്തുത നീന്തൽക്കുളത്തിന്റെ നിർമ്മാണത്തിന് എവിടെനിന്നെല്ലാം അനുമതി ആവശ്യമായിട്ടുണ്ട്; പ്രസ്തുത അനുമതി എല്ലാം ലഭിച്ചിരുന്നോ; എങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഹോസ്റ്റലിനോട് ചേർന്നുള്ള ഇത്തരമൊരു നീന്തൽക്കുളത്തിന് നിയമസഭ സെക്രട്ടേറിയറ്റിൽ നിന്ന് അനുമതി ആവശ്യമായിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമായിട്ടുണ്ടോ;

(ഡി) ഈ നിർമ്മാണത്തിന് ദുരന്തനിവാരണ സമിതിയുടെ പരിശോധനയോ അനുമതിയോ ആവശ്യമായിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമായിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇതിന്റെ നിർമ്മാണച്ചെലവ് എത്രയാണ്; നിർമ്മാണച്ചുമതല ആർക്കാണ്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഇതര സംസ്ഥാന തൊഴിലാളികൾ**

102 (1909) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാതൊരുവിധ രേഖകളുമില്ലാതെയാണ് ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിലേക്ക് എത്തുന്നത്എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ളവർ കേരളത്തിലേക്ക് എത്തുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തിരിച്ചറിയൽ രേഖകൾ ഇല്ലാത്തവരും കേരളത്തിൽ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭരണഘടനാപരമായി ഇന്ത്യാക്കാരായ എല്ലാവർക്കും ഇന്ത്യയിലെവിടെയും സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉള്ളതിനാൽ ക്രിമിനൽ കേസിൽ പ്രതികളായിട്ടുള്ളവരെ കണ്ടെത്തുന്നതിന്/തടയുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും ഇതര സംസ്ഥാന തൊഴിലാളികളെ ജോലിയ്ക്കായി കൊണ്ടുവരുന്ന ഏജന്റുമാരോ/കോൺട്രാക്ടർമാരോ അവരുടെ പേരും മേൽവിലാസവും ഫോട്ടോയും സഹിതമുള്ള വിശദവിവരങ്ങൾ, അതത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതാണെന്നും പ്രസ്തുത വിവരങ്ങൾ പോലീസ് സ്റ്റേഷനിലെ മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും എസ്.എച്ച്.ഒ.-മാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളും അവരുമായി ബന്ധപ്പെട്ട വ്യക്തികളെയും സസൂക്ഷ്മം നിരീക്ഷിച്ചും വരുന്നുണ്ട്.

**എഫ്.ഐ.ആർ. ഓൺലൈനിൽ ലഭ്യമാക്കൽ**

103 (1910) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് തയ്യാറാക്കുന്ന എഫ്.ഐ.ആർ. ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ ;

(ബി) ഏത് സംവിധാനം വഴിയാണ് എഫ്.ഐ.ആർ. പോലീസ് വെബ് സൈറ്റിൽ ലഭ്യമാകുന്നതെന്നും എന്ന് മുതലാണ് പ്രസ്തുത സംവിധാനം പ്രവർത്തിക മാകുന്നതെന്നും അറിയിക്കുമോ;

(സി) വെബ് സൈറ്റിൽ ലഭ്യമാകുന്ന എഫ്. ഐ. ആർ. ഡൗൺലോഡ് ചെയ്യുന്നതിന് സാധിക്കുമോയെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്.

(ബി) കേരളാ പോലീസിന്റെ വെബ് സൈറ്റ് (www.keralapolice.gov.in) മുഖേനയാണ് എഫ്.ഐ.ആർ. പ്രസിദ്ധീകരിക്കുന്നത്.

(സി) കേരളാ പോലീസിന്റെ വെബ് സൈറ്റിൽ ലഭ്യമാകുന്ന എഫ്.ഐ.ആർ.-കൾ ഡൗൺ ലോഡ് ചെയ്യാൻ സാധിക്കുന്നതാണ്.

**അമിത പലിശ നിരോധന നിയമപ്രകാരം എടുത്ത കേസുകൾ**

104 (1911) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം എടുത്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കുമോ;

(സി) ഇതിൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 76 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 95 പേർ പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഇതിൽ 58 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**കേസ്സന്വേഷണത്തിലെ പാളിച്ചകൾ**

105 (1912) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊലപാതകം ഉൾപ്പെടെയുള്ള കേസ്സുകളിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ അശ്രദ്ധയും ഒത്തുകളിയും കാരണം പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരപരാധികളായ ചിലരെ വ്യക്തിവൈരാഗ്യത്തിന്റെ പേരിലും രാഷ്ട്രീയ ശത്രുതയുടെ പേരിലും കേസ്സിൽ കുടുക്കുകയും പിന്നീട് കോടതി അവരെ നിരപരാധികൾ ആണെന്ന് പറഞ്ഞ് വിട്ടയക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ഡി) ഇത്തരം പാളിച്ചകൾക്ക് നടപടി എടുക്കുവാൻ ആവശ്യമായ നിയമങ്ങൾ നിലവിലുണ്ടോ;

(ഇ) ഇത് സംബന്ധിച്ച നിയമത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി&ഇ) ഇത്തരം പാളിച്ചകൾക്ക് നടപടി എടുക്കുവാൻ ആവശ്യമായ നിയമങ്ങൾ നിലവിലുണ്ട്. ഈ നിയമങ്ങളിൽ എന്തെങ്കിലും പോരായ്മ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വനിതാ പോലീസ് ബറ്റാലിയൻ

106 (1913) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി രൂപീകരിക്കപ്പെട്ട വനിതാ പോലീസ് ബറ്റാലിയന്റെ ആസ്ഥാനം തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കുമോ;

(ബി) ഇതിലേക്കുള്ള നിയമനം നിലവിലുള്ള പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടികയിൽ നിന്നും നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പുതുതായി രൂപീകരിക്കപ്പെട്ട വനിതാ പോലീസ് ബറ്റാലിയന്റെ ആസ്ഥാനം തിരുവനന്തപുരം പുളിങ്കുടിയിൽ സ്ഥാപിക്കണമെന്നും നിലവിലുള്ള വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും പുതിയ ബറ്റാലിയനിലേക്കുള്ള നിയമനം നടത്തണമെന്നും തീരുമാനിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കേരളാ സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ്**

107 (1914) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ പോലീസിലെയും ആംഡ് റിസർവ് വിഭാഗത്തിലെയും സിവിൽ പോലീസ് ഓഫീസർ മുതൽ സബ്ബ് ഇൻസ്പെക്ടർ വരെയുള്ള പദവികൾ ഏകോപിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആംഡ് റിസർവ്-ലോക്കൽ സംയോജനം നടപ്പിലാക്കി കേരളാ സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ് എന്ന പേരിൽ പുതിയ കേഡർ രൂപീകരിച്ചതിലൂടെ പോലീസ് സേനക്കുണ്ടാകുന്ന ഗുണപരമായ മാറ്റങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത സംയോജനം ഏതെങ്കിലും കമ്മീഷനുകളുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 10-12-2010-ലെ സ.ഉ.(പി) 268/2010/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ജില്ലാ സായുധ സേനാവിഭാഗവും ജനറൽ എക്സിക്യൂട്ടീവ് വിഭാഗവും സംയോജിപ്പിച്ച് കേരള സിവിൽ പോലീസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ (30-3-2010-ൽ) ജില്ലാ സായുധ സേനയിൽ പ്രവൃത്തിയെടുത്തുവരുന്ന പോലീസ് കോൺസ്റ്റബിൾ മുതൽ എസ്.ഐ. വരെയുള്ളവരിൽ നിന്നും കേരള സിവിൽ പോലീസിലേയ്ക്ക് വില്ലിംഗ് ഓപ്ഷൻ നൽകിയവരെ ഏകോപിച്ചിട്ടുണ്ട്.

(ബി) സിവിൽ പോലീസ് കേഡർ രൂപീകരിച്ചതുമൂലം പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും പൊതുജന സൗഹാർദ്ദപരവുമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) 1977-ൽ നിയമിച്ച നാഷണൽ പോലീസ് കമ്മീഷന്റേയും 2004-ൽ നിയമിച്ച ജസ്റ്റീസ് തോമസ് കമ്മിറ്റിയുടേയും ശിപാർശയെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത സംയോജനം നടപ്പിലാക്കിയത്.

**കാർ സ്റ്റിക്കർ**

108 (1915) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഭിഭാഷകർ, ഡോക്ടർ, പ്രസ്സ് എന്നിവരുടെ കാർ സ്റ്റിക്കർ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിൽ എത്ര കേസുകൾ കഴിഞ്ഞ ഒരു വർഷത്തിനകം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിലുള്ള സ്റ്റിക്കറുകൾ സർക്കാർ നിയന്ത്രണത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ച് മാത്രം നല്കി ദുരുപയോഗം തടയുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഈ സ്റ്റിക്കറുകൾക്ക് സർക്കാർ അനുമതി നിർബന്ധമാക്കിക്കൊണ്ട് സ്റ്റിക്കറുകളിൽ ഉപയോഗിക്കുന്നയാളിന്റെ പേരും ആധാർ നമ്പരും ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ;

(ഇ) എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അഭിഭാഷകർ, ഡോക്ടർ, പത്രപ്രവർത്തകർ എന്നിവരുടെ വാഹനങ്ങളിൽ തൊഴിലിന്റെ ഭാഗമായ സ്റ്റിക്കർ പതിപ്പിക്കുന്നത് ടി വ്യക്തികളുടെ സ്വന്തം ഉത്തരവാദിത്വത്തിലാണെന്ന് കാണുന്നു. ഇത് ഏതെങ്കിലും തരത്തിൽ ദുരുപയോഗ പെടുത്തുന്നതായ രേഖാമൂലമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 'എ ' യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(സി - ഇ) എൻറോൾ ചെയ്ത അഡ്വക്കേറ്റുമാരും മാധ്യമ പ്രവർത്തകരും ഡോക്ടർമാരും വാഹനത്തിൽ സ്റ്റിക്കർ ഉപയോഗിക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യത്തിൽ മോട്ടോർ വാഹന വകുപ്പുമായി കൂടിയാലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്.

**പൊതുനിരത്തുകളിലെ പ്രകടനം**

109 (1916) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പൊതു നിരത്തുകളിൽ പ്രകടനം നടത്തിയ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ട വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകരുടെ എണ്ണം വെവ്വേറെ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൊതു നിരത്തിൽ പ്രകടനം നടത്തിയതിന് 708 കേസ്സുകളിൽ നിന്ന് 53661 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്.*

(ബി) ഇത്തരം കേസ്സുകളിൽ 27504 രാഷ്ട്രീയ പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ട് വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**മുക്കം പോലീസ് സ്റ്റേഷന് കെട്ടിടം**

110 (1917) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശോച്യാവസ്ഥയിലായ മുക്കം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർദ്ദേശത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു വ്യക്തമാക്കുമോ;

(സി) കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ- സി) ഉണ്ട്. പുതിയ കെട്ടിടനിർമ്മാണം സംബന്ധിച്ച വിഷയം പരിഗണനയിലില്ല. എന്നാൽ ശോച്യാവസ്ഥയിലായ മുക്കം പോലീസ് സ്റ്റേഷൻ പരിശോധിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ ജില്ലാ പോലീസ് മേധാവി സ്വീകരിച്ചുവരുന്നു.

**അരൂർ പോലീസ് സ്റ്റേഷൻ**

111 (1918) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ പോലീസ് സ്റ്റേഷനിൽ ഇപ്പോൾ ആകെ എത്ര പോലീസ് ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു; ഇതിൽ എത്ര വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഉണ്ട്;

(ബി) അരൂർ പോലീസ് സ്റ്റേഷൻ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലോക്കപ്പ് സൗകര്യമോ വനിതാ പോലീസ് കോൺസ്റ്റബിൾമാർക്ക് വസ്ത്രം മാറുന്നതിനു പോലും സൗകര്യമോ ഇല്ലാതെ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) അരൂർ പഞ്ചായത്ത് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി പഞ്ചായത്ത് തീരുമാനം എടുത്ത് ഹോം ഡിപ്പാർട്ടുമെന്റിന് കൈമാറുന്നതിനായി വിട്ടു തന്ന ഭൂമി ഇതുവരേയും കൈമാറ്റം ചെയ്യാനാവാതെ അനിശ്ചിതത്വം തുടരുന്ന സാഹചര്യത്തിൽ അരൂർ സെന്റ് അഗസ്റ്റിൻ സ്കൂളിന്റെ തെക്ക് വശത്തുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് വക സ്ഥലം അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി അനുവദിപ്പിക്കുന്നതിനായി ദേവസ്വം ബോർഡ് അധികൃതരുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതിന് പോലീസ് വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുമോ; ഇതിനുള്ള നടപടിക്രമങ്ങൾ ഉടൻ ആരംഭിക്കുമോ?

ഉത്തരം

(എ) അരൂർ പോലീസ് സ്റ്റേഷനിൽ നിലവിൽ 39 പോലീസ് ഉദ്യോഗസ്ഥർ പ്രവൃത്തിയെടുത്തുവരുന്നു. ഇതിൽ 2 പേർ വനിതാ പോലീസ് കോൺസ്റ്റബിൾമാരാണ്.

(ബി) അരൂർ പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

**പോലീസ് സേനയുടെ അംഗബലം**

112 (1919) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ അംഗബലം ജനസംഖ്യാനുപാതികമായി കുറവാണ് എന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുവാൻ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പോലീസ് സേനയുടെ നവീകരണവും ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് കൂടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പോലീസ് സേനയുടെ നവീകരണവും ആധുനികവത്കരണവുമായി ബന്ധപ്പെട്ട് 4700 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷത്തിലേക്ക് നീക്കി വയ്ക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ നടപ്പിൽ വരുത്തുന്ന പദ്ധതികൾ കൂടാതെ താഴെപ്പറയുന്ന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട് :

1. ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കൽ.
2. ടെലികമ്മ്യൂണിക്കേഷൻ ശൃംഗലയുടെ വികസിപ്പിക്കൽ.
3. സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതികത വികസിപ്പിക്കൽ.
4. 3 ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കൽ.
5. പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറും ഫർണിച്ചറും വാങ്ങുന്നതിന്.
6. 100 പോലീസ് സ്റ്റേഷനുകളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിന്.
7. 4 ജില്ലകളിൽ ജില്ലാ കൺട്രോൾ റൂം നിർമ്മിക്കുന്നതിന്.
8. ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം.
9. 13 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂം സ്ഥാപിക്കൽ.

കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു :

(എ) ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാതകളിലും ദേശീയപാതകളിലുമായി 350 ഇടങ്ങളിൽ കൂടി ക്യാമറ സ്ഥാപിക്കുക.

(ബി) കേന്ദ്ര സഹായത്തോടുകൂടി സൈബർ ഇൻവെസ്റ്റിഗേഷൻ സെന്റർ അനുവദിക്കുക.

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി ഡയൽ 112 സെന്റർ സ്ഥാപിക്കുക.

(ഡി) എല്ലാ ജില്ലകളിലും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുക.

## പോലീസ് സേനയുടെ നവീകരണം

113 (1920) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിനെ നവീകരിക്കാനും ജനസൗഹൃദമാക്കാനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് സ്വഭാവദൂഷ്യം ആരോപിക്കപ്പെടുകയും ക്രിമിനൽ പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി മാതൃകാപരമായി നടപടി സ്വീകരിക്കുമോ ?

(സി) വ്യക്തിഹത്യ ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) പോലീസ് സേനയെ നവീകരിക്കുന്നതിനും ജനസൗഹൃദമാക്കാനും ജനമൈത്രി പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും, സ്ത്രീകൾക്കും കുട്ടികൾക്കും നിർഭയമായി പോലീസ് സ്റ്റേഷനുകളിൽ ചെന്ന് അവരുടെ ആവലാതികൾ ബോധിപ്പിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്കുകളും, മുതിർന്ന പൗരൻമാരേയും, ഒറ്റയ്ക്ക് താമസിക്കുന്നവരേയും സഹായിക്കുന്നതിനായി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകളും, പൊതു സ്ഥലങ്ങളിലും യാത്രക്കിടയിലും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും, സഹായം നൽകുന്നതിന് പിങ്ക് പട്രോളിംഗ്, വനിതാ ഹെൽപ്പ് ലൈൻ എന്നിവയും പ്രവർത്തിച്ചു വരുന്നു. ശാസ്ത്രീയമായ കേസന്വേഷണത്തിനായി മോഡേൺ ഇൻവെസ്റ്റിഗേഷൻ കിറ്റുകളും മറ്റും ലഭ്യമാക്കിയിട്ടുണ്ട്. പോലീസിനെ നവീകരിക്കുന്നതിന്റേയും ആധുനികവത്കരിക്കുന്നതിന്റേയും ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ FIR രജിസ്റ്റർ ചെയ്യുന്നതിനും കേസുകളുടെ അന്വേഷണത്തിനുമായി CCTNS പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തപാലുകൾ കൈകാര്യം ചെയ്യുന്നതിനായി iAPS പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കുറ്റക്കാരാണെന്നു കണ്ടവർക്കെതിരെ നിയമാനുസരണമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വ്യക്തിഹത്യ ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിലേക്കായി സൈബർ സെല്ലിന്റെ നേതൃത്വത്തിൽ സ്കൂൾ, കോളേജ് തലങ്ങൾ കേന്ദ്രീകരിച്ചും, പൊതുജനങ്ങൾക്കായി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയും, ഇത്തരം കുറ്റകൃത്യങ്ങളുടെ ഗൗരവത്തെപ്പറ്റിയും അവ ചെയ്യാലുള്ള ശിക്ഷകളെപ്പറ്റിയും ബോധവാൻമാരാക്കുകയും ചെയ്യുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിലേയ്ക്കായി സൈബർ സെല്ലിന്റെ സഹായത്തോടു കൂടി അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

**പോലീസ് സേനയുടെ നവീകരണം**

114 (1921) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസിന്റെ ആധുനീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) പോലീസ് നവീകരണത്തിനായി 2011 മുതൽ 2016 വരെ കേന്ദ്ര സർക്കാർ എത്രകോടി രൂപ അനുവദിച്ചു; വർഷം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തുക വക മാറ്റി ചെലവാക്കിയിട്ടുണ്ടോ; എങ്കിൽ ചെലവാക്കിയ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) വർഷം തിരിച്ച്, എന്ത് ആവശ്യത്തിന് ഉപയോഗിച്ചു എന്നുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസിന്റെ ആധുനീകരണത്തിന്റെ ഭാഗമായി ആയുധങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, പോലീസിന് വേണ്ടുന്ന മറ്റ് അത്യാവശ്യസാധനങ്ങൾ, വിവിധ ഓഫീസുകൾക്ക് വേണ്ട കെട്ടിട നിർമ്മാണം, ജീവനക്കാർക്ക് താമസത്തിന് വേണ്ട ക്വാർട്ടേഴ്സ് നിർമ്മാണം, ട്രാഫിക് ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി)2011 മുതൽ 2016 വരെ കേന്ദ്ര സർക്കാർ അനുവദിച്ച തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല.

(ഡി) ബാധകമല്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**സൈബർ കുറ്റകൃത്യങ്ങൾ തടയുവാൻ നടപടി**

115 (1922) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എ.ടി.എം കൗണ്ടറുകളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കൂടുന്ന സാഹചര്യത്തിൽ സൈബർ ക്രൈംസിന്റെ പ്രത്യേക വിഭാഗം തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ;

(ബി) സോഷ്യൽ മീഡിയയുടെയും മൊബൈൽ ഫോണിന്റെയും വ്യാപകമായ ദുരുപയോഗവും ക്രിമിനൽ പ്രവർത്തനങ്ങളും അന്വേഷിക്കുന്നതിനായി ജില്ലാതലങ്ങളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ വ്യാപകമാകുന്നതിനാൽ അത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) സൈബർ ക്രൈംസിന്റെ പ്രത്യേക വിഭാഗം തുടങ്ങുന്നതിനായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

(സി) ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ വ്യാപകമാകുന്നതിനാൽ അത് തടയുന്നതിനായി ശക്തമായ ബോധവത്കരണം പത്രമാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയകളിലൂടെയും ജനമൈത്രീ പദ്ധതികളിലൂടെയും നടത്തി വരുന്നു. കൂടാതെ ഇത്തരം തട്ടിപ്പുകൾ തടയുന്നതിനാവശ്യമായ സുരക്ഷാ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനായി ബാങ്കിംഗ് അധികാരികൾക്ക് വേണ്ട കർശനമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

**സ്ത്രീ സുരക്ഷാ പദ്ധതികൾ**

116 (1923) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള സ്ത്രീ സുരക്ഷാ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) നിലവിലുള്ള സ്ത്രീ സുരക്ഷാ പദ്ധതികളായ പിങ്ക് ബീറ്റ്, വനിതാ ഹെൽപ്പ് ലൈൻ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കുമോ;

(സി) അപകടഘട്ടത്തിൽ സ്ത്രീകൾക്ക് പോലിസ് കൺട്രോൾ റൂമുമായി ബന്ധപ്പെടാനുള്ള പദ്ധതി നിലവിലുണ്ടോ; ആയതിന് വ്യാപക പ്രചാരണം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കായും അവർക്കെതിരെ ഉണ്ടാകുന്ന പീഡനങ്ങൾ, ആക്രമണങ്ങൾ, ചൂഷണം, എന്നിവ തടയുന്നതിനുമായി നിരവധി കർമ്മ പദ്ധതികളാണ് കേരള പോലീസ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതിൽ ശ്രദ്ധേയമായ ചില പദ്ധതികൾ താഴെ വിവരിക്കുന്നു :

<u>പിങ്ക് പോലീസ് പട്രോൾ</u> - ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് പിങ്ക് പോലീസ് പട്രോൾ. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കണ്ടെത്തി തടയുന്നതിന് അത്യാധുനിക സാങ്കേതിക സംവിധാനങ്ങളുള്ള വാഹനങ്ങളിൽ പര്യാടനം നടത്തുന്ന കേരള പോലീസിന്റെ പിങ്ക് പട്രോളിംഗ് പ്രവർത്തനം വിവിധ ജില്ലകളിൽ വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഇതിന്റെ മേൽനോട്ടം ഡ്രൈവർ ഉൾപ്പെടെ വനിതാ പോലിസുദ്യോഗസ്ഥരാണ് നിർവ്വഹിച്ചു വരുന്നത്. ജി.ഐ.എസ്.-ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് കൃത്യമായി സ്ഥലം കണ്ടെത്തി വേഗത്തിൽ പോലീസ് സഹായം എത്തിക്കുന്നതിന് സാധിക്കുന്ന സോഫ്റ്റ്‌വെയറാണ് ടി വാഹനത്തിൽ ഉപയോഗിക്കുന്നത്. അത്യാവശ്യഘട്ടങ്ങളിൽ സ്ത്രീകൾക്ക് പിങ്ക് പട്രോൾ സഹായത്തിനും വിവരങ്ങൾ അറിയിക്കുന്നതിനും 1515 എന്ന നമ്പരിലേക്ക് ഏത് സമയത്തും വിളിക്കുന്നതിനും, ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിനുമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. പൊതുസ്ഥലങ്ങൾ, സ്കൂൾ, കോളേജ്, ഓഫീസുകൾ, ലേഡീസ് ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും പിങ്ക് പട്രോൾ സംഘം പട്രോളിംഗ് നടത്തി വരുന്നു. വിവിധ കേന്ദ്രങ്ങളിൽ വിന്യസിച്ചിരിക്കുന്ന പിങ്ക് ബീറ്റ് ഓഫീസർമാർക്ക് ആവശ്യമായ സഹായങ്ങളും പിങ്ക് പട്രോൾ സംഘം നൽകി വരുന്നു.

<u>ഓപ്പറേഷൻ വാത്സല്യ</u> - കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി നടപ്പിലാക്കിയ ഓപ്പറേഷൻ സ്മൈൽ എന്ന തീവ്രയജ്ഞ പരിപാടി വൻ വിജയമായി തീർന്നതിന്റേയും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി കേരള സംസ്ഥാന ആഭ്യന്തര വകുപ്പിന്റേയും സാമൂഹ്യ നീതി വകുപ്പിന്റേയും ജില്ലാ ഭരണകൂടത്തിന്റേയും സഹകരണത്തോടെ ഓപ്പറേഷൻ വാത്സല്യ എന്ന പേരിൽ ഒരു തീവ്രയജ്ഞ പരിപാടി ആരംഭിച്ചിട്ടുണ്ട്.

നിർഭയ കേരളം സുരക്ഷിത കേരളം - സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിർഭയ കേരളം സുരക്ഷിത കേരളം എന്ന പദ്ധതി സംസ്ഥാന പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ സ്കൂൾ കോളേജ് ക്യാമ്പസുകളിൽ പെൺകുട്ടികളെ ശക്തിപ്പെടുത്തുകയും കുറ്റകൃത്യങ്ങൾക്കെതിരെ പ്രതികരിയ്ക്കാനുള്ള പരിശീലനവും അവബോധവും നൽകുന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ആയതിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകളും വിമൺ സെൽഫ് ഡിഫൻസ് ടെക്നിക് (WSDT) പരിശീലനവും കൊടുത്തു വരുന്നു. സ്ത്രീകൾക്ക് ഏതു സമയത്തും നിർഭയമായും സുരക്ഷിതമായുമുള്ള യാത്ര ഉറപ്പാക്കുന്നതിനായി ഷീ ഓട്ടോ പദ്ധതി നടപ്പിലാക്കി വിജയകരമായി പ്രവർത്തിച്ചു വരുന്നു. സ്ത്രീകളെയും, കുട്ടികളെയും ഭിക്ഷാടനത്തിനും, വേശ്യാവൃത്തിക്കുമായി കടത്തി കൊണ്ടുപോകുന്നത് കണ്ടെത്തുന്നതിനും, നിയന്ത്രി ക്കുന്നതിനുമായി Anti Human Trafficking Unit-കൾ (AHTU) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. Anti Human Trafficking Unit-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം സ്പെഷ്യൽ ഡ്രൈവുകൾ നടത്തിയും ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തിയും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നു. കൂടാതെ രാത്രികാല ചെക്കിംഗും, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ മറ്റ് തിരക്കുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി ജാഗ്രത പുലർത്തി വരുന്നു.

സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്താൽ ഉടൻ തന്നെ കേസ് രജിസ്റ്റർ ചെയ്ത് സത്യസന്ധവും, നീതിയുക്തവുമായ അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു വരുന്നു. പ്രോസിക്യൂഷന്റെ സഹായത്തോടെ പരമാവധി ശിക്ഷ നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ നിർഭയമായും മടികൂടാതെയും പോലീസിന്റെ മുന്നിൽ റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ അവബോധം ഇവർക്ക് നൽകുന്നതിനുള്ള നടപടികൾ ഈ വകുപ്പിൽ നിന്നും വിവിധ സന്നദ്ധ സംഘടനകളുടേയും ജനമൈത്രീ പോലീസിന്റേയും, സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയിലൂടെയും സ്വീകരിച്ചു വരുന്നുണ്ട്. ഇതിനു പുറമേ ഏഴ് വനിതാപോലീസ് ഓഫീസർമാരെ സ്വതന്ത്ര ചുമതലയുള്ള എസ്.എച്ച്.ഒ. മാരാക്കി പോലീസ് സ്റ്റേഷനുകളിൽ നിയമിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. സംസ്ഥാന പോലീസ് സേനയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്തരത്തിൽ ഒരു നടപടി സ്വീകരിച്ചിട്ടുള്ളത്. ഇത് വനിതകളെ ശാക്തീകരിക്കുന്നതിനും, ആത്മവിശ്വാസത്തോടെ പോലീസ് സഹായം തേടുന്നതിന് കരുത്ത് പകരുന്നതുമാണ്.

(സി) നിലവിലുണ്ട്. അതിന് വ്യാപകമായ പ്രചാരണം നൽകി വരുന്നുണ്ട്.

## പോലീസ് മെഡലിന് തെരഞ്ഞെടുക്കപ്പെടുന്നതിന്റെ മാനദണ്ഡങ്ങൾ

117 (1924) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രപതിയുടെ പോലീസ് മെഡലിന് തെരഞ്ഞെടുക്കപ്പെടുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) 2016-17 കാലഘട്ടത്തിൽ എത്ര പേരുടെ പേര് പോലീസ് മെഡൽ പ്രഖ്യാപിക്കുന്നതിനു വേണ്ടി നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ നിർദ്ദേശിച്ചിട്ടുള്ള പേരുകൾ ഇ-മെയിൽ വഴിയാണോ അതോ കത്ത് മുഖേനയാണോ അയച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) 2016-17 കാലയളവിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതിയുടെ പോലീസ് മെഡൽ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ; ആർക്കും ലഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ ഉദ്യോഗസ്ഥരെ നിർദ്ദേശിക്കുന്നതിനു വേണ്ടിയുള്ള സംസ്ഥാന സർക്കാർതല കമ്മിറ്റിയിൽ ആരൊക്കെയാണ് ഉള്ളതെന്നും പ്രസ്തുതകമ്മിറ്റി 2016-17-ൽ എത്ര പ്രാവശ്യം കൂടിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) രാഷ്ട്രപതിയുടെ പോലീസ് മെഡൽ ആർക്കും ലഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; സർക്കാർ യഥാസമയം കത്ത് മുഖേന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അറിയിക്കാത്തതുകൊണ്ടാണ് രാഷ്ട്രപതിയുടെ പോലീസ് മെഡൽ ആർക്കും ലഭിക്കാത്തത് എന്ന ആരോപണം ശരിയാണോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജി) പോലീസ് മെഡലിന് അർഹതപ്പെട്ട ഉദ്യോഗസ്ഥരിൽ പലരും റിട്ടയർ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർക്ക് ലഭിക്കേണ്ട അർഹമായ ആനുകൂല്യം നിഷേധിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) കേന്ദ്ര ആഭ്യന്തര മന്ത്രാലയം കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് രാഷ്ട്രപതിയുടെ പോലീസ് മെഡലിന് ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നത്. പ്രസ്തുത മാനദണ്ഡം അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്യുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 51 (അൻപത്തിയൊന്ന്)

(സി ഇത്തരം നിർദ്ദേശങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ വെബ് പോർട്ടലിൽ കേരള സർക്കാരിന് അനുവദിച്ച ലോഗിൻ മുഖേന നേരിട്ടും കത്ത് മുഖേനയുമാണ് അയച്ചിട്ടുള്ളത്.

(ഡി) 2016-17 കാലയളവിൽ കേരള സർക്കാർ ശിപാർശ ചെയ്ത 11 പോലീസ് ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതിയുടെ പോലീസ് മെഡൽ ലഭിച്ചിട്ടുണ്ട്.

(ഇ) രാഷ്ട്രപതിയുടെ പോലീസ് മെഡലിന് ഉദ്യോഗസ്ഥരെ നിർദ്ദേശിക്കുന്നതിനു വേണ്ടിയുള്ള സംസ്ഥാന സർക്കാർതല കമ്മിറ്റിയിൽ (1) ചീഫ് സെക്രട്ടറി (2) പ്രിൻസിപ്പൽ സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും വകുപ്പ്) (3)സംസ്ഥാന പോലീസ് മേധാവി (4) സംസ്ഥാന വിജിലൻസ് മേധാവി എന്നീ അംഗങ്ങളാണ് ഉള്ളത്. പ്രസ്തുത കമ്മിറ്റി 2016-17 കാലയളവിൽ മൂന്ന് പ്രാവശ്യം കൂടിയിട്ടുണ്ട്.

(എഫ്) രാഷ്ട്രപതിയുടെ പോലീസ് മെഡൽ പ്രഖ്യാപിക്കുന്നത് അന്തിമമായി കേന്ദ്ര സർക്കാരാണ്. കേരള സർക്കാരിന്റെ ശിപാർശ യഥാസമയം സമർപ്പിച്ചിട്ടുണ്ട്. അതിനാൽ ആരോപണം ശരിയല്ല.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാഷ്ട്രപതിയുടെ പോലീസ് മെഡലിന്റെ അർഹത നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

## ഗുണ്ടാ സ്ക്വാഡ്

118 (1925) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ഗുണ്ടാ സ്ക്വാഡ് എന്ന പേരിൽ ഭീഷണിപ്പെടുത്തി പണം തട്ടിയെടുത്ത കേസിൽ ഇടുക്കി ജില്ലയിൽ മൂന്ന് പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെ പേര് പറഞ്ഞ് വ്യാപകമായി പണം തട്ടിയെടുക്കുന്നതായും, ഭീഷണിപ്പെടുത്തുന്നതുമായുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച പരാതികളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ഗുണ്ടാ സ്ക്വാഡ് എന്ന പേരിൽ ഭീക്ഷണിപ്പെടുത്തി പണം തട്ടിയെടുത്ത കേസിൽ ഇടുക്കി ജില്ലയിലെ SCPO2339 നൂർ സമീർ, CPO 3921 മുജീബ് റഹ്മാൻ, CPO 3860 സുനീഷ് എന്നീ പോലീസുകാർക്കെതിരെ

പാലക്കാട് ജില്ലയിലെ ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 117/17, U/s 342, 348, 392 r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിലെ മൂന്ന് പോലീസുദ്യോഗസ്ഥരെ ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ ഓർഡർ നമ്പർ H14585/2017/ID dated 26-1-2017 പ്രകാരം സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) ഇക്കാര്യത്തിന് പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല.

**പോലീസ് സേനയിലെ ഒഴിവുകൾ**

119 (1926) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പോലീസ് സേനയിൽ എത്ര തസ്തികകളിലാണ് ഒഴിവുകളുള്ളത്; ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

പോലീസ് സേനയിൽ വിവിധ തസ്തികകളിലായി 668 ഒഴിവുകൾ ഉണ്ട്. ഓരോ തസ്തികയിലെയും ഒഴിവുകളുടെ വിവരം അനുബന്ധം* ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**വിചാരണ നേരിടുന്ന പോലീസുകാർ**

120 (1927) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസിൽ വിചാരണ നേരിടുന്ന ഉദ്യോഗസ്ഥരുണ്ടോ; എങ്കിൽ അവരുടെ പേരുവിവരങ്ങളും വിശദാംശങ്ങളും ലഭ്യമാക്കാമോ; അവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാന പോലീസ് സേനയിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടോ; എങ്കിൽ അവരുടെ പേരു വിവരങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്. വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പോലീസ് വകുപ്പിലെ ഡ്രൈവർമാർ**

121 (1928) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിൽ എത്ര ഡ്രൈവർമാരുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) എത്രപേർ ലോക്കൽ സ്റ്റേഷനിലും എത്രപേർ ഹെഡ്ക്വാർട്ടേഴ്സിലും പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഡ്രൈവർമാരില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ; അടിയന്തരമായി ഈ സ്റ്റേഷനുകളിൽ ഡ്രൈവർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് വകുപ്പിൽ 2603 ഡ്രൈവർമാരുടെ തസ്തിക നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.* ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 400 പുതിയ ഡ്രൈവർ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമേ വനിതാ പോലീസ് ബറ്റാലിയൻ 5-ഉം തീരദേശ പോലീസ് സ്റ്റേഷനുകളിൽ 8 എണ്ണവും വിഴിഞ്ഞം ഡിറ്റാച്ച്മെന്റ് ക്യാമ്പ് രൂപീകരണവുമായി ബന്ധപ്പെട്ട് 4-ഉം ഡ്രൈവർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 1224 ഡ്രൈവർ പോലീസ് കോൺസ്റ്റബിൾമാർ ലോക്കൽ വിഭാഗത്തിൽ പ്രവർത്തിയെടുത്തു വരുന്നു. ഇതിൽ 335 ഡ്രൈവർമാർ ജില്ലാ ആസ്ഥാനങ്ങളിൽ ജോലിയെടുത്തുവരുന്നു.

(സി) ഡ്രൈവർമാരില്ലാത്ത 18 പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സൈബർ കുറ്റാന്വേഷണ വിഭാഗം

122 (1929) <u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിച്ചു കണ്ടെത്തുന്നതിന് സൈബർ കുറ്റാന്വേഷണ വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ 'സൈബർ ഡോം' നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സൈബർ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം വിശദമാക്കാമോ;

(ഡി) സൈബർ മേഖലയിലെ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പുതിയ തലമുറയിൽ അവബോധമുണ്ടാക്കാൻ പ്രസ്തുത വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ ?

<u>ഉത്തരം</u>

(എ) സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

(ബി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ കേരള പോലീസ് സൈബർ ഡോം തിരുവനന്തപുരം ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്നു. താഴെ പറയുന്ന കാര്യങ്ങളാണ് പ്രധാനമായും സൈബർ ഡോം നടത്തി വരുന്നത് :

1. സോഷ്യൽ മീഡിയയെ നിരീക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.
2. ഇന്റർനെറ്റിലൂടെയുള്ള ചൈൽഡ് പോണോഗ്രാഫി തടയുന്നതിനുള്ള പ്രവത്തനങ്ങൾ നടത്തിവരുന്നു.
3. RBI-യുമായി ചേർന്ന് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളെ ചെറുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ വെബ്സൈറ്റിന്റെ സുരക്ഷാ സംബന്ധമായ കാര്യങ്ങൾ സൈബർ ഡോം നടപ്പാക്കി വരുന്നു.

5. ഡാർക്ക് നെറ്റ് എന്ന ഇന്റർനെറ്റിലെ അധോലോകത്തിനെ നിരീക്ഷിക്കുന്നതിനും അവയിലൂടെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും വേണ്ടുന്ന നടപടികൾ നടന്നു വരുന്നു.

6. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളെ നശിപ്പിക്കുന്ന മാൽവെയർ പ്രോഗ്രാമുകളെക്കുറിച്ച് പഠിക്കുന്നതിനും അവയെ ചെറുക്കുന്നതിനും വേണ്ട നടപടികൾ എടുത്തുവരുന്നു.

7. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള സൈബർ ഡോമിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നതിലേക്കായി തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ഒരു റിസർച്ച് ആൻഡ് ഡെവലപ്മെന്റ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാകുന്നു.

(സി) തിരുവനന്തപുരം ട്രെയിനിംഗ് കോളേജിൽ പ്രവർത്തിക്കുന്ന ഒരു സൈബർ പോലീസ് സ്റ്റേഷൻ മാത്രമാണ് നിലവിലുള്ളത്. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണമാണ് സൈബർ പോലീസ് മുഖേന നടത്തിവരുന്നത്

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**മുട്ടം പോളിടെക്നിക്ക് കോളേജ്**

123 (1930) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി, മുട്ടം പോളി ടെക്നിക്ക് കോളേജിൽ എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ പോലീസുദ്യോഗസ്ഥരെ വളഞ്ഞിട്ട് മർദ്ദിക്കുകയും പോലീസ് ജീപ്പ് തല്ലിതകർക്കുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകളനുസരിച്ചാണ് കേസ് ചാർജ് ചെയ്തത്; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസുദ്യോഗസ്ഥരെ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളിൽപ്പെട്ട അംഗങ്ങൾ ആക്രമിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ആയതിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാതിരുന്നതാണ് മുട്ടം പോളിടെക്നിക്ക് കോളേജിൽ പോലീസുദ്യോഗസ്ഥരെ മർദ്ദിക്കുവാൻ ഇടയാക്കിയതെന്ന് കരുതുന്നുണ്ടോ;

(സി) പോലീസുദ്യോഗസ്ഥർക്ക് നേരെ ഇത്തരത്തിലുള്ള ആക്രമണം അവരുടെ ആത്മവീര്യം തകർക്കുമെന്നതിനാൽ കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ കർശന നടപടി കൈക്കൊള്ളുമോ ?

<u>ഉത്തരം</u>

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുട്ടം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 97/17 u/s 143, 147, 148, 324, 332, 353, 341 r/w 149 IPC & 3(2) (e) of PDP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ പ്രതികൾ ഒളിവിൽ ആയതിനാൽ ആരെയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

(ബി) കരുതുന്നില്ല. ഇക്കാര്യത്തിൽ 7 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതിന് അപ്പപ്പോൾ തന്നെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള ആക്രമണം ഉണ്ടായാൽ കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**പോലീസ് സ്റ്റേഷനുകളിലെ സ്റ്റാഫ് ഫിക്സേഷൻ**

124 (1931) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ ജീവനക്കാരുടെ എണ്ണം 1968-നു ശേഷം പരിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജനസംഖ്യാനുപാതികമായി പോലീസ് സ്റ്റേഷനുകളിലെ സ്റ്റാഫ് ഫിക്സേഷൻ മാറ്റം വരുത്തുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ കുറഞ്ഞ അംഗസംഖ്യ 5/3/1982 തീയതിയിലെ ജി.ഒ.(ആർറ്റി.) നമ്പർ617/82/ആഭ്യ. ഉത്തരവ് മുഖേന ചുവടെ പറയും പ്രകാരം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട് :

| | | |
|---|---|---|
| എസ്.ഐ. | - | 1 |
| എ.എസ്.ഐ. | - | 1 |
| എസ്.സി.പി.ഒ. | - | 5 |
| സി.പി.ഒ. | - | 25 |

(ബി) സർക്കാരിന്റെ പേഴ്സണൽ&അഡ്മിനിസ്ട്രേഷൻ റിഫോംസ് ഡിപ്പാർട്ട്മെന്റ് പോലീസ് സ്റ്റേഷനിലെ സ്റ്റാഫ് ഫിക്സേഷൻ മാറ്റംവരുത്തുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

## പോലീസ് സ്റ്റേഷനുകളിൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നുവെന്ന പരാതി

125 (1932) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരാതികളുമായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവർ പീഡിപ്പിക്കപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർഭയമായി പോലീസ് സ്റ്റേഷനുകളിൽ എത്താനും പരാതികൾ പറയാനും എല്ലാവർക്കും കഴിയുന്ന സ്ഥിതി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പരാതിക്കാരുടെ മൊബൈൽഫോൺ പിടിച്ചെടുക്കലും പോക്കറ്റിലെ പണം തട്ടലും സ്ത്രീകളെ ഫോണിൽ വിളിച്ച് അസഭ്യം പറയലും ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ പോലീസുകാരിൽ നിന്നുതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നതായ പരാതി പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പോലിസുകാർക്കെതിരെ ഉണ്ടാകുന്ന ഇത്തരത്തിലുള്ള പരാതികൾ പരിശോധിക്കാനും മേൽ നടപടി സ്വീകരിക്കാനും തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ് സ്റ്റേഷനിൽ നിർഭയമായി ഏതൊരാൾക്കും കടന്നുവന്ന് പരാതി നൽകുവാനും പോലീസ് നടപടികളുടെ ഭാഗമാകാനുമുള്ള സ്ഥിതി ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിനായി പോലീസ് സ്റ്റേഷനിൽ പരാതികളും മറ്റുമായി വരുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ സേവനം ഉറപ്പാക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പബ്ലിക് റിലേഷൻസ് ഓഫീസറെ നിയമിച്ചിട്ടുള്ളതും കൂടാതെ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

ഇതിനുപുറമേ പോലീസ് സ്റ്റേഷനിൽ നിർഭയമായി ചെന്ന് പരാതി നൽകുന്നതിനായി ജനമൈത്രി പോലീസ് സംവിധാനംവഴി ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി&ഡി) ഇത്തരത്തിൽ സംഭവങ്ങളോ പരാതികളോ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമനടപടികളും അച്ചടക്ക നടപടികളും സ്വീകരിക്കുന്നതാണ്.

## സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസ്സുകൾ

126 (1933) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ പോലീസ്, സംസ്ഥാനത്തെ ഹൈടെക് സെല്ലിന് അന്വേഷണം കൈമാറിയ എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവയിൽ കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജില്ലകളിൽ സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് 205 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത 148 കേസ്സുകളുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിനുപുറമേ, സംസ്ഥാനത്തെ സൈബർ പോലിസ് സ്റ്റേഷനുകളിൽ 27 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസ്സുകളിൽ ഭൂരിഭാഗവും ഇന്റർനെറ്റ് മുഖാന്തിരമുള്ള പരാതികളെ അടിസ്ഥാനമാക്കിയുള്ളതാണ്. കൂടാതെ സൈബർ കുറ്റകൃത്യമായി കണക്കാക്കാവുന്ന സിനിമാ പൈറസിയുമായി ബന്ധപ്പെട്ട ഒരു കേസ് ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചു വരുന്നു.

(സി) ഹൈടെക് ക്രൈം എൻക്വയറി സെല്ലിലേക്ക് കേസ്സുകളൊന്നും അന്വേഷണത്തിനായി കൈമാറില്ല. എന്നാൽ വിവര സാങ്കേതിക വിദ്യയുടെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളുടെ തെളിവു ശേഖരണാർത്ഥം ടി സെല്ലിലെ സാങ്കേതിക വിദഗ്ധരുടെ സഹായം തേടാറുണ്ട്. ഇത്തരത്തിൽ 178 കേസ്സുകളുടെ അന്വേഷണത്തിന് ഹൈടെക് ക്രൈം എൻക്വയറി സെൽ ഈ കാലയളവിൽ സാങ്കേതിക സഹായം നൽകിയിട്ടുണ്ട്.

(ഡി) ഇവയിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അഴിമതി കേസ്സുകളിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

127 (1934) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ അഴിമതി സമ്പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഴിമതി കേസ്സുകളിൽപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ; അവർ ഏതെല്ലാം റാങ്കിലുള്ളവരാണെന്ന് വിശദമാക്കുമോ;

(സി) ക്രിമിനൽ പശ്ചാത്തലമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ അഴിമതി ഇല്ലാതാക്കുന്നതിനായി എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ബോധവത്കരണം നൽകിയിട്ടുള്ളതാണ്. പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം രഹസ്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അഴിമതി നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ് ഉദ്യോഗസ്ഥർ അഴിമതി കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് ഉടൻ തന്നെ ആയത് അഴിമതി നിരോധന ബ്യൂറോയിൽ അറിയിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസ് ഓഫീസുകളിലും ടെലഫോൺ നമ്പരടങ്ങിയ ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഴിമതി കേസ്സുകളിൽപ്പെട്ട 12 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവർ ഏതെല്ലാം റാങ്കിലുള്ളവരാണെന്ന് അനുബന്ധമായി* കൊടുത്തിരിക്കുന്നു.

(സി) ക്രിമിനൽ പശ്ചാത്തലമുള്ള പോലീസുകാർ ആരുംതന്നെ ഇല്ല. എന്നാൽ ക്രൈം കേസിൽപ്പെട്ട പോലീസുകാർക്കെതിരെ നിയമപരമായും വകുപ്പുതലത്തിലും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ലൈംഗിക പീഡനക്കേസ്സുകളുടെ അന്വേഷണ പുരോഗതി**

128 (1935) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ രജിസ്റ്റർ ചെയ്ത ലൈംഗിക പീഡനക്കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര കേസ്സുകൾ കോടതിയിൽ എത്തിച്ച് വിചാരണ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ എത്ര; വെറുതെ വിട്ടവർ എത്ര; ഇനിയും പിടികൂടാനുള്ള പ്രതികളെത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുവരെ 4511 ലൈംഗിക പീഡനക്കേസ്സുകൾ (Rape, 354 IPC, 509 IPC) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 2821 കേസ്സുകളുടെ അന്വേഷണം പൂർത്തിയായി.

(സി) 4 കേസ്സുകളുടെ വിചാരണ പൂർത്തിയായി.

(ഡി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് 8 പേർ ശിക്ഷിക്കപ്പെടുകയും 3 പേരെ വെറുതെ വിടുകയും ചെയ്തിട്ടുണ്ട്. 1054 പ്രതികളെ ഇനി പിടികൂടാനുണ്ട്.

**സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട പോലീസുകാർ**

129 (1936) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൊട്ടാരക്കര റൂറൽ എസ്.പി.യുടെ അധികാര പരിധിയിൽ സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ പേരുവിവരം വെളിപ്പെടുത്താമോ; ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കൊല്ലം റൂറൽ ജില്ലയിൽ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ്സുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള ഒരു സന്ദേശം 12-10-2016-ൽ സോഷ്യൽ മീഡിയയായ വാട്ട്സ് ആപ്പിൽ ഷെയർ ചെയ്തതിന് കടയ്ക്കൽ പോലീസ് സ്റ്റേഷനിലെ ശ്രീ. സന്തോഷ് കുമാർ സി.പി.ഒ. 6388-നെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരികയാണ്.

**പോലീസ് ക്വാർട്ടേഴ്സുകൾ**

130 (1937) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന് കീഴിലുള്ള പോലീസ് ക്വാർട്ടേഴ്സുകൾ 2015 മുതൽ എത്ര പേർക്ക് അനുവദിച്ചിട്ടുണ്ട്; വർഷം തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) മിനിസ്റ്റീരിയൽ ജീവനക്കാർക്കും സേനാംഗങ്ങൾക്കും ക്വാർട്ടേഴ്സ് അനുവദിച്ചതിന്റെ വേർതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ക്വാർട്ടേഴ്സ് അനുവദിക്കുന്നതിൽ പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകം തയ്യാറാക്കാറുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ അനുപാതം വിശദമാക്കാമോ;

(ഇ) മിനിസ്റ്റീരിയൽ ജീവനക്കാർക്ക് എൻ.ജി.ഒ. ക്വാർട്ടേഴ്സ് അനുവദിക്കാറുണ്ടോ; ആയതിന് നിലവിലുള്ള ചട്ടങ്ങൾ/നിയമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ആഭ്യന്തര വകുപ്പിന് കീഴിലുള്ള പോലീസ് ക്വാർട്ടേഴ്സുകൾ 2015 മുതൽ 27-2-2017 വരെ 3896 പേർക്ക് അനുവദിച്ചിട്ടുണ്ട്. അനുവദിച്ച ക്വാർട്ടേഴ്സുകളുടെ വർഷം തിരിച്ചും ജില്ല തിരിച്ചും ഉള്ള കണക്ക് അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(ബി) മിനിസ്റ്റീരിയൽ ജീവനക്കാർക്കും സേനാംഗങ്ങൾക്കും ക്വാർട്ടേഴ്സുകൾ അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 'ബി'ആയി ചേർക്കുന്നു.*

(സി) പ്രത്യേകം തയ്യാറാക്കാറുണ്ട്.

(ഡി) നിലവിലുള്ള പോലീസ് ക്വാർട്ടേഴ്സുകളുടെ അഞ്ച് ശതമാനം മിനിസ്റ്റീരിയൽ ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്.

(ഇ) മിനിസ്റ്റീരിയൽ ജീവനക്കാർക്ക് എൻ.ജി.ഒ. ക്വാർട്ടേഴ്സ് അനുവദിക്കാറുണ്ട്. Rules for the Allotment and occupation of Government Servants Quarters in Kerala, 2006 റൂൾ 4 പ്രകാരം ക്വാർട്ടേഴ്സിന് അർഹതയുള്ള ജീവനക്കാർക്ക് റൂൾ 6/റൂൾ 32 (ഏതാണോ ബാധകം) പ്രകാരം ക്വാർട്ടേഴ്സ് അനുവദിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗുണ്ടാ-ക്വട്ടേഷൻ മാഫിയകൾക്കെതിരെ നടപടി

131 (1938) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണ്ടാ-ക്വട്ടേഷൻ മാഫിയകൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് സാധാരണ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും ജനങ്ങൾ ഭീതിയിലാവുന്ന സാഹചര്യം ഒഴിവാക്കുവാനും നടപടി സ്വീകരിക്കുമോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഓപ്പറേഷൻ സുരക്ഷ, ഓപ്പറേഷൻ കുബേര, ക്ലീൻ-ക്യാമ്പസ് സേഫ് ക്യാമ്പസ് തുടങ്ങിയ പദ്ധതികൾ തുടരുന്നുണ്ടോ; കൊച്ചിയിൽ ഒരു പ്രമുഖ നടിയെ ഓടിക്കൊണ്ടിരുന്ന വാഹനത്തിൽ വച്ച് ആക്രമിക്കുവാൻ മുതിർന്ന സാഹചര്യം കണക്കിലെടുത്ത് ഗുണ്ടകൾക്കെതിരെ സ്വീകരിച്ചിരുന്ന നടപടികൾ തുടരുമോ ;

(സി) സംസ്ഥാനത്ത് ഗുണ്ടാവിരുദ്ധ സ്ക്വാഡ് നിലവിലുണ്ടോ; എന്നാണ് അത് രൂപീകരിച്ചത്; പ്രസ്തുത സ്ക്വാഡ് എത്ര ഗുണ്ടകളെ അറസ്റ്റ് ചെയ്തു; എത്ര പേർക്കെതിരെ ഗുണ്ടാ ആക്ട് പ്രകാരം കാപ്പ ചുമത്തി നടപടി സ്വീകരിച്ചു;

(ഡി) ഗുണ്ടാവിരുദ്ധ സ്ക്വാഡിന്റെ തലവനായി ആദ്യമായി നിയമിതനായ ഓഫീസറെ എന്ത് കാരണത്താലാണ് ഉടൻ തന്നെ സ്ഥലം മാറ്റിയതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഗുണ്ടാ, മാഫിയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് പോലീസ് ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്. ഗുണ്ടാ പ്രവർത്തനങ്ങളിലേർപ്പെടുന്നവരെ നേരിട്ട് വിളിച്ചുവരുത്തി ചോദ്യം ചെയ്തും രഹസ്യാന്വേഷണ വിഭാഗത്തെക്കൊണ്ടും, ഗുണ്ടാ സ്ക്വാഡിനെക്കൊണ്ടും ടിയാൻമാരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചും, വിശ്വസ്തരായ ആളുകളിൽ നിന്നും ഇത്തരം പ്രവർത്തനത്തിൽ ഏർപ്പെടുന്നവരെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചും, കൂടാതെ സാമൂഹ്യവിരുദ്ധ പ്രവൃത്തികളിൽ നിരന്തരം ഏർപ്പെട്ടുവരുന്നവരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നത് തടയുന്നതിനായി ക്രിമിനൽ നടപടി നിയമത്തിലേയും, KAAPA നിയമത്തിലേയും വിവിധ വകുപ്പുകൾ പ്രകാരം കൂടുതൽ നടപടികൾ സ്വീകരിക്കുകയും ഇവർ ഉൾപ്പെട്ട കേസുകളിൽ പരമാവധി ശിക്ഷ ലഭിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ അപാകതകൾ പരിശോധിച്ച് പദ്ധതികൾ തുടർന്നുവരുന്നുണ്ട്. കൊച്ചിയിൽ നടന്ന സംഭവവുമായി ബന്ധപ്പെട്ട് പോലിസ് കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള കുറ്റകൃത്യം തടയുന്നതിന് പോലീസ് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഗുണ്ടാവിരുദ്ധ സ്ക്വാഡിന്റെ നോഡൽ ഓഫീസറായി നിയമിച്ച ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയിട്ടില്ല.

**ചെറുപുഴ പോലീസ് സ്റ്റേഷൻ**

132 (1939) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചെറുപുഴ പോലീസ് സ്റ്റേഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനിൽ കേസുകളും മറ്റും രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ അധികാരമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) ചെറുപുഴ പോലീസ് സ്റ്റേഷനിൽ ആവശ്യമായ ജീവനക്കാരെ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ചെറുപുഴ പോലീസ് സ്റ്റേഷന് പൂർണ്ണ അധികാരത്തോടെ എന്ന് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ633/2016/ആഭ്യന്തരം തീയതി 25-2-2016 എന്ന ഗസറ്റ് വിജ്ഞാപന പ്രകാരം ചെറുപുഴ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നിലവിൽ മറ്റ് സ്റ്റേഷനുകളിൽ നിന്നും പുനർ വിന്യാസം നടത്തി ചെറുപുഴ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. ഇവിടേയ്ക്ക് ജീവനക്കാരെ അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്.

(ഡി) ചെറുപുഴ പോലീസ് സ്റ്റേഷൻ പൂർണ്ണ അധികാരത്തോടുകൂടിയാണ് പ്രവർത്തിച്ചുവരുന്നത്.

## ചുവപ്പ് മുണ്ട് ഉടുത്തതിന്റെ പേരിൽ ആക്രമണം

133 (1940) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് പറക്കളായി ആയുർവേദ മെഡിക്കൽ കോളേജിലെത്തിയ സിനിമാ-നാടക പ്രവർത്തകരെ ചുവപ്പ് മുണ്ട് ഉടുത്തതിന്റെ പേരിൽ ആക്രമിച്ച് ഗുരുതരമായി പരുക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര പേരെ പിടികൂടാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 4-1-2017 തീയതി വൈകി 6.30 മണിയ്ക്ക് വേളൂർ ഗ്രാമത്തിൽ പറക്കളായി എന്ന സ്ഥലത്ത് ആയുർവ്വേദ കോളേജിന്റെ ലേഡീസ് ഹോസ്റ്റലിന് സമീപം വച്ച് ജെഫ്റിൻ ജെറാൾഡ് എന്ന പരാതിക്കാരനും മറ്റ് 4 സുഹൃത്തുക്കളും കൂടി ഹോസ്റ്റൽ വാർഡനായി ജോലി ചെയ്യുന്ന കൂടെയുള്ള സുഹൃത്തിന്റെ അമ്മയോട് സംസാരിച്ച് നിൽക്കേ കണ്ടാലറിയാവുന്ന 20 ഓളം പ്രതികൾ സംഘം ചേർന്ന് അന്യായക്കാരനെ തടഞ്ഞ് നിർത്തി മർദ്ദിച്ചത് സംബന്ധിച്ച് കാസർഗോഡ് അമ്പലത്തറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 5/17 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിൽ 6 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. 1. ശ്രീജിത്ത് S/o.രാമചന്ദ്രൻ, 2. ചന്ദ്രപ്രകാശ്, S/o.കെ.വി വിജയകുമാർ, 3. വിനു. കെ, S/o. കല്ലാലൻ, 4. രിജീഷ്. കെ., S/o. ഭാസ്കരൻ, 5. സുജിത്ത്, S/o. സുധാകരൻ, 6. ദിലീപ്. വി.കെ, S/o. നാരായണൻ. ടി കേസ് അന്വേഷണം പൂർത്തിയാക്കി 30-1-2017-ൽ കുറ്റപത്രം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പി ച്ചിട്ടുള്ളതാണ്.

**പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ചവർ**

134 (1941) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വിവിധ കേസുകളുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്രപേരെ പിന്നീട് ആത്മഹത്യ ചെയ്ത നിലയിലോ കൊലപ്പെടുത്തിയ നിലയിലോ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേരുവിവരവും ഇവരെ ചോദ്യം ചെയ്ത കേസുകൾ സംബന്ധിച്ച വിവരവും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പോലീസ് മാന്വൽ**

135 (1942) ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് മാന്വൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പരിഷ്കരണം ആവശ്യമാക്കിത്തീർത്ത ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് ആക്ടിന്റെ വ്യവസ്ഥകളിൽ മാറ്റം വേണമോ എന്ന കാര്യം പരിശോധിക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ പോലീസ് ആക്ടിനുള്ള പരിഷ്ക്കാര നിർദ്ദേശങ്ങളുടെ കൂടി വെളിച്ചത്തിൽ പോലീസ് മാന്വലിൽ സമഗ്രമായ കാലാനുസൃത മാറ്റം വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പോലീസിനുവേണ്ടി ഒരു ദേശീയ മാന്വൽ രൂപകൽപ്പന ചെയ്യുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡവലപ്മെന്റ് ഒരു മോഡൽ കരട് രൂപരേഖ തയ്യാറാക്കി

ഇന്ത്യയിലെ എല്ലാ സംസ്ഥാന മേധാവികൾക്കും നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കേരളാ പോലീസിൽ വന്ന മാറ്റങ്ങളെ ഉൾപ്പെടുത്തി പുതിയ കേരള പോലീസ് മാന്വൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ന്യൂഡൽഹിയിലെ ഇന്ത്യൻ ലോ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസറായ ഡോ. ശിവകുമാറിനെ ചെയർമാനാക്കിക്കൊണ്ട് ഒരു കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്.

## പോലീസ് ലാത്തിച്ചാർജ്ജ്

136 (1944) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്ജ്, ടിയർ ഗ്യാസ് ഷെൽ പ്രയോഗം, ജല പീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ പോലീസ്, ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട എത്ര കേസ്സുകളിൽ അന്വേഷണം സി.ബി.ഐ.-ക്ക് വിടുകയുണ്ടായി; വിശദമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനകീയ പ്രക്ഷോഭങ്ങൾക്കുനേരെ ലാത്തിച്ചാർജ്ജ്, ടിയർ ഗ്യാസ് ഷെൽ പ്രയോഗം, ജല പീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടില്ല. എന്നാൽ സമരങ്ങൾ അക്രമാസക്തമാകുകയും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയരുകയും ചെയ്യുന്ന സാഹചര്യത്തിൽ അക്രമികളെ പിരിച്ചയയ്ക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികളുടെ ഭാഗമായി രണ്ട് ലാത്തിച്ചാർജ്ജുകൾ, 8 ടിയർ ഗ്യാസ് ഷെൽ പ്രയോഗങ്ങൾ, 36 ജല പീരങ്കി പ്രയോഗങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

## പോലീസ് ഉദ്യോഗസ്ഥർക്ക് റിവാർഡ്

137 (1945) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവനടിയെ തട്ടികൊണ്ടുപോയി ഉപദ്രവിച്ച കേസ്സിലെ പ്രധാന പ്രതിയായ പൾസർ സുനിയെ വളരെ ശ്രമകരമായി അറസ്റ്റ് ചെയ്ത നടപടി അഭിനന്ദനാർഹമാണെന്ന് ആഭ്യന്തര വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) അറസ്റ്റ് ചെയ്യുന്നതിനും അന്വേഷണത്തിനും വിശ്രമമില്ലാതെ പ്രവർത്തിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് റിവാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രധാന പ്രതിയെ അറസ്റ്റ് ചെയ്ത പോലീസിന്റെ നടപടി അഭിനന്ദനാർഹമാണ്.

(ബി&സി) പ്രസ്തുത കേസ്സന്വേഷണത്തിൽ ശ്രദ്ധേയമായ രീതിയിൽ പങ്കുവഹിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് ഗുഡ് സർവ്വീസ് എൻട്രി, റിവാർഡ് എന്നിവ നൽകുന്നതിന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## തമ്പാനൂർ പോലീസ് സ്റ്റേഷൻ കെട്ടിടം

138 (1946) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം തമ്പാനൂരിലെ പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) 13-7-2017-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 194/2016/ ആഭ്യന്തരം പ്രകാരം തമ്പാനൂർ സ്മാർട്ട് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1,83,50,000 (ഒരു കോടി എൺപത്തി മൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപ ചെലവിൽ തമ്പാനൂർ സ്മാർട്ട് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട അനുമതി കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

## സ്ത്രീധന പീഡന കേസുകൾ

139 (1947) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീധനപീഡനം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ സ്ത്രീധന പീഡനത്തിന്റെ പേരിൽ ജീവൻ അപഹരിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്ത്രീധന പീഡനംമൂലം ഏറ്റവും കൂടുതൽ മരണം റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീധന പീഡനം സംബന്ധിച്ച് 2582 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്ത്രീധന പീഡനത്തിന്റെ (u/s 498 (A) IPC, 304 (B) IPC) പേരിൽ ജീവൻ നഷ്ടപ്പെട്ട 24 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) സ്ത്രീധന പീഡനംമൂലം ഏറ്റവും കൂടുതൽ മരണം റിപ്പോർട്ട് ചെയ്തിട്ടുള്ളത് തിരുവനന്തപുരം ജില്ലയിലാണ്.

## പാവറട്ടി മുൻ എസ്.ഐ.- ക്കെതിരെയുള്ള പരാതി

140 (1948) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പാവറട്ടി പോലീസ് മുൻ സബ് ഇൻസ്പെക്ടർക്കെതിരെ അന്വേഷണത്തിനായി ബഹു. മുഖ്യമന്ത്രിയുടെ 4-12-2016-ലെ 161202154/2016/സി.എം.ഒ. നമ്പർ കത്തിനോടൊപ്പം സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുള്ള പരാതിയിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന വിവരം അറിയിക്കുമോ?

ഉത്തരം

പരാതിയിൻമേൽ അന്വേഷണം നടത്തി സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## ജനമൈത്രി സുരക്ഷ പദ്ധതി

141 (1949) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി സുരക്ഷ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ പോലീസുകാരെ ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) പോലീസ് സ്റ്റേഷനുകളിലെ നിലവിലെ ജോലിഭാരവും പോലീസ് അംഗബലവും പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനമൈത്രി പോലീസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്റ്റേഷനുകൾക്ക് കൂടുതൽ ജീവനക്കാരെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?

ഉത്തരം

(എ-സി) ജനമൈത്രി സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി നിലവിലുള്ള സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും ഡ്യൂട്ടി ക്രമീകരിച്ചും ബീറ്റുകൾ കൃത്യമായി അയയ്ക്കുന്നതിനും ജനകീയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും ജില്ലാ പോലീസ് മേധാവിമാർക്കും ജില്ലാ നോഡൽ ഓഫീസർക്കും എസ്.എച്ച്.ഒ.-മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും നടക്കുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് പോലിസ് സ്റ്റേഷനിലെ മറ്റ് ഡ്യൂട്ടികൾ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജയിലിൽ മദ്യവും ലഹരിവസ്തുക്കളും

142 (1950) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ മദ്യവും ലഹരിവസ്തുക്കളും എത്തിച്ചു കൊടുക്കുന്നതായ മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജയിലുകൾ ദുർവിനിയോഗം ചെയ്യുന്ന തടവുകാർക്കും അവരെ സംരക്ഷിക്കുന്ന ചില ഉദ്യോഗസ്ഥർക്കുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയൊക്കെ പേരിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജയിൽ സുരക്ഷ ശക്തമാക്കുകയും സാധാരണയുള്ള പരിശോധനയ്ക്ക് പുറമേ പ്രത്യേക പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നുണ്ട്.

(ബി) ജയിലുകൾ ദുർവിനിയോഗം ചെയ്യുന്ന തടവുകാർക്കെതിരെ ജയിൽചട്ടങ്ങൾ അനുസരിച്ച് അച്ചടക്ക നടപടികൾ സ്വീകരിക്കുകയും പോലീസ് കേസ് എടുക്കേണ്ട സാഹചര്യമുണ്ടെങ്കിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകൾവഴി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്തിട്ടുള്ളതാണ്. അതുപോലെ കുറ്റക്കാരായ ഉദ്യോഗസ്ഥരെ ശിക്ഷാ നടപടിയുടെ ഭാഗമായി സ്ഥലം മാറ്റിയിട്ടുള്ളതുമാണ്. അപ്രകാരം നടപടികൾ സ്വീകരിച്ച തടവുകാരുടേയും ഉദ്യോഗസ്ഥരുടേയും പേര് വിവരം ചുവടെ ചേർക്കുന്നു :

| ഉദ്യോഗസ്ഥരുടെ പേര് | തടവുകാരുടെ പേര് | ജയിൽ |
|---|---|---|
| (1) | (2) | (3) |
| 1. ശ്രീ.ജോൺ മങ്ങാടൻ, പ്രിസൺ ഓഫീസർ | 1. മുഹമ്മദ് അബ്ദുൾ നൂർ,സി.ഡി, 5/16/S/o അബ്ദുള്ള മുസ്ലിയാർ | സെൻട്രൽജയിൽ& കറക്ഷണൽ ഹോം, കണ്ണൂർ |
| 2. ശ്രീ. അജയകുമാർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ | 2. ഷൈജു പി. കെ, സി.ഡി,4015 S/o കുഞ്ഞമ്പു | ” |
| | 3. അഷറഫ്, സി.നമ്പർ964/15 S/o.അബ്ദുൾ റൗഫ് | ” |
| | 4. ഉണ്ണി, സി.നമ്പർ1501 S/o.രാമചന്ദ്രൻ | ” |

| (1) | (2) | (3) |
|---|---|---|
| | 5. മുഹമ്മദ് ഇക്ബാൽ, സി.നമ്പർ1466 S/o.ഖാദർ | ,, |
| | 6. ഷാജഹാൻ, സി.നമ്പർ291 S/o.റസാഖ് | ,, |
| | 7. അബ്ദുൾറഹീം സി. നമ്പർ290, S/o.മുഹമ്മദ് കോയ | ,, |
| | 8. മുഹമ്മദ് ഇർഫാൻ, സി.നമ്പർ572/16 S/o.അബ്ദുൾ കരീം | ,, |
| | 9. ബെൻസൺ, സി.നമ്പർ3406 S/o.ലോനപ്പൻ | ,, |
| | 10. സാജു@പൂച്ച സാജു സി.നമ്പർ872/16 S/o.രാജു | ,, |
| | 11. സന്തോഷ്, സി.നമ്പർ2125 | ,, |
| | 12. ജോയി, സി.നമ്പർ1190 | ,, |

| (1) | (2) | (3) |
|---|---|---|
| | 13. സക്കറിയ, സി.നമ്പർ986/16 | ” |
| | 14. ജംഷീർ, സി.നമ്പർ2998 | ” |
| | 15. രാധാകൃഷ്ണൻ, സി.നമ്പർ1585 | ” |
| | 16. പ്രതീഷ്, സി.നമ്പർ2643. | ” |
| | 17. രാജു, സി.നമ്പർ3279 | ” |
| | 18. സുജിത്ത്@ വെളുമ്പൻ സുജിത്ത്, സി.നമ്പർ992 | സെൽട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം |
| | 19. ഷിബു എസ്.നായർ, യു.റ്റി. 6557 | ” |
| | 20. റിയാസ്. യു.റ്റി. നമ്പർ 6635 | ” |
| | 21. പൊടിമോൻ, യു.റ്റി. നമ്പർ 6831 | ” |
| | 22. സാബു ദാനിയേൽ, യു.റ്റി. നമ്പർ 6144 | ” |

| (1) | (2) | (3) |
|---|---|---|
| | 23. അനന്തു, സി.നമ്പർ 706 | ” |
| | 24. അനീഷ്, സി.നമ്പർ1319 | ” |
| | 25. സറഫുള്ളഖാൻ, ആർ.പി.1871 | ജില്ലാ ജയിൽ, തിരുവനന്തപുരം |
| | 26. ബ്രൂസിലി ബിജു. യു.റ്റി 12/17 | ” |
| 3. ശ്രീ.എസ്.ഷിബു, അസിസ്റ്റന്റ്പ്രിസൺ ഓഫീസർ | | സ്പെഷ്യൽസബ് ജയിൽ, മാവേലിക്കര |
| 4. ശ്രീ. പി.ജി. സന്തോഷ്, ഡെപ്യൂട്ടിപ്രിസൺ ഓഫീസർ | | സെൻട്രൽ ജയിൽ& കറക്ഷൻഹോം, വിയ്യൂർ. |
| 5. ശ്രീ. വിവേക്. പി. വി, അസിസ്റ്റന്റ്പ്രിസൺ ഓഫീസർ | | ” |

**ട്രാഫിക് നിയമലംഘന കേസുകൾ**

143 (1951) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ട്രാഫിക് നിയമലംഘനത്തെ തുടർന്ന് എത്ര പേർക്ക് പിഴ ചുമത്തിയെന്നും ഈ ഇനത്തിൽ ലഭിച്ച വരുമാനം എത്രയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 25-5-2016 മുതൽ 26-2-2017 വരെ 3,82,131 (മൂന്ന് ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഒരുനൂറ്റി മുപ്പത്തി ഒന്ന്) കേസുകൾ രജിസ്റ്റർ ചെയ്യുകയും 41,55,169 (നാൽപ്പത്തി ഒന്ന് ലക്ഷത്തി അമ്പത്തി അയ്യായിരത്തി ഒരുനൂറ്റി അറുപത്തിയൊൻപത് ) പെറ്റികേസുകളെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 42,73,120 (നാൽപ്പത്തി രണ്ട് ലക്ഷത്തി എഴുപത്തിമൂവായിരത്തി ഒരുനൂറ്റി ഇരുപത്) പേർക്ക് പിഴ ചുമത്തുകയും ഈ ഇനത്തിൽ 63,06,97,200 (അറുപത്തി മൂന്ന് കോടി ആറ് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി ഇരുനൂറ്) രൂപ വരുമാനവും ലഭിച്ചിട്ടുണ്ട്.

**യുവനടിയെ ആക്രമിച്ച കേസ്**

144 (1952) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവനടിയെ ആക്രമിച്ച കേസിൽ ഇതുവരെ പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ; ഇവരുടെ പേരിൽ മറ്റേതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ; എങ്കിൽ ഈ കേസ്സുകളും കേസ്സുകൾ എവിടെയെല്ലാമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കേസിനു പിന്നിൽ ഏതെങ്കിലും ഗൂഢാലോചന നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒരു മാസത്തോളം നീണ്ട ആസൂത്രണത്തിന് ശേഷമാണ് പദ്ധതി നടപ്പിലാക്കിയതെന്ന വാർത്തയെപ്പറ്റി അന്വേഷണം നടത്തുമോ;

(ഇ) പ്രസ്തുത കേസന്വേഷണത്തിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത കേസിന്റെ അന്വേഷണം സംബന്ധിച്ച് കേരള മെഡിക്കോ ലീഗൽ പ്രോട്ടോക്കോൾ ഫോർ എക്സാമിനേഷൻ ഓഫ് സർവൈവേഴ്സ് ഓഫ് സെക്ഷ്വൽ ഒഫൻസ്-2015 നിബന്ധന പാലിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) യുവനടിയെ ആക്രമിച്ച കേസുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 297/17 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ആലുവ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു.

(ബി) മേൽ പറയുന്ന കേസിൽ ആകെ 7 പ്രതികളുണ്ട്. 7 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളുടെ പേരുവിവരവും അവർ ഉൾപ്പെട്ടിട്ടുള്ള മറ്റ് കേസുകളുടെ വിവരവും അനുബന്ധമായി* ചേർക്കുന്നു.

(സി) ഗൂഢാലോചന ഉണ്ടോ എന്നതിനെപ്പറ്റിയും അന്വേഷണം നടന്നുവരുന്നു.

(ഡി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിൻമേലും സമഗ്രമായ അന്വേഷണം നടന്നുവരികയാണ്.

(ഇ) ഈ കേസിന്റെ പ്രാധാന്യം പരിഗണിച്ച് 18-2-2017 തീയതി സംസ്ഥാന പോലീസ് മേധാവി ഉത്തരവ് നമ്പർ ഡി3/26920/2017/പി.എച്ച്.ക്യൂ. തീയതി 18-2-2017 പ്രകാരം ഈ കേസ്സിന്റെ അന്വേഷണത്തിനായി ദക്ഷിണമേഖലാ എ.ഡി.ജി.പി. ശ്രീമതി ബി. സന്ധ്യ ഐ.പി.എസ്.-ന്റെ മേൽ നോട്ടത്തിൽ ഉത്തര മേഖല ഐ.ജി.പി.(ക്രൈംസ്) ശ്രീ. ദിനേന്ദ്ര കശ്യപ് ഐ.പി.എസ്., കൊച്ചി മേഖലാ ഐ.ജി.പി. ശ്രീ. പി. വിജയൻ ഐ.പി.എസ്., എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി. ജോർജ്ജ് ഐ.പി.എസ്., കൊച്ചി സിറ്റി ഡി.സി.പി. (L/O) ശ്രീ. ജി. എച്ച്. യതീഷ്ചന്ദ്ര ഐ.പി.എസ്., ആലുവ ഡിവൈ.എസ്.പി ശ്രീ. കെ. ജി. ബാബു കുമാർ, കൊച്ചി സിറ്റി ഇൻഫോ പാർക്ക് W.C.I ശ്രീമതി പി. കെ. രാധാമണി എന്നിവർ അടങ്ങുന്ന പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളതും അന്വേഷണം നടത്തിവരുന്നതുമാണ്.

(എഫ്) പാലിച്ചിട്ടുണ്ട്.

**ആത്മഹത്യ ചെയ്തവരുടെ എണ്ണം**

145 (1953) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്ത്രീകൾ എത്ര; കുട്ടികൾ എത്ര; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സാമ്പത്തിക പ്രയാസംമൂലം ആത്മഹത്യ ചെയ്യപ്പെട്ടവർ എത്ര;

(ഡി) കുടുംബ പ്രശ്നങ്ങളെത്തുടർന്ന് ആത്മഹത്യ ചെയ്യപ്പെട്ടവർ എത്ര;

(ഇ) കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യപ്പെട്ടവർ എത്ര;

(എഫ്) രോഗങ്ങൾമൂലം ആത്മഹത്യ ചെയ്യപ്പെട്ടവർ എത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് 5404 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 1140 സ്ത്രീകളും (18 വയസ്സിനുമുകളിൽ,) കുട്ടികൾ 183 (18 വയസ്സിനുതാഴെ ആൺകുട്ടികളും പെൺകുട്ടികളും) ഉണ്ട്.

(സി) 244 പേർ സാമ്പത്തിക പ്രയാസംമൂലം ആത്മഹത്യ ചെയ്തു.

(ഡി) 2006 പേർ കുടുംബ പ്രശ്നങ്ങളെത്തുടർന്ന് ആത്മഹത്യ ചെയ്തു.

(ഇ) 13 പേർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തു.

(എഫ്) രോഗങ്ങൾ മൂലം 949 പേർ ആത്മഹത്യ ചെയ്തു.

**ഉണ്യാൽ കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ**

146 (1954) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ - കൂട്ടായി തീരദേശ ഭാഗങ്ങളിൽ സ്ഥിരമായി ആക്രമണ പരമ്പരകൾ അരങ്ങേറുന്നതും ക്രമസമാധാന പ്രശ്നം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തീരദേശമേഖലയിലെ ക്രമസമാധാന പ്രശ്നം കണക്കിലെടുത്ത് ഉണ്യാൽ കേന്ദ്രീകരിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ഉണ്യാലിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## തടവുകാരെ വിട്ടയയ്ക്കുന്നതിനായി നടപടികൾ

147 (1955) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1850 തടവുകാരെ വിട്ടയക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ ഗവർണറുടെ അഭിപ്രായം തേടിയിരുന്നോ; എങ്കിൽ ഗവർണർ എന്ത് അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തടവുകാർ ആരെല്ലാമാണെന്നും എന്തെല്ലാം കുറ്റകൃത്യങ്ങളുടെ പേരിലാണ് ജയിൽ ശിക്ഷ അനുഭവിച്ച് വരുന്നതെന്നും ശിക്ഷാ കാലാവധി എത്രയാണെന്നും ഒരോരുത്തരും നിലവിൽ എത്രവർഷത്തെ ശിക്ഷ അനുഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേരള പിറവിയുടെ 60-ാം വാർഷിക ആഘോഷത്തിന്റെ (വജ്ര കേരളം) ഭാഗമായി മാനദണ്ഡങ്ങൾക്ക് വിധേയമായി തടവുകാർക്ക് പ്രത്യേക ഇളവ് (Special remission) നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യം ഇപ്പോൾ മന്ത്രിസഭയുടെ പരിഗണനയിലാണ്. ഈ തടവുകാരെ വിട്ടയയ്ക്കുന്നതിനുള്ള പരിശോധനയല്ല നടത്തിയിട്ടുള്ളത്.

## കവർച്ച-ഭവനഭേദന കേസ്സുകളിലെ പ്രതികൾക്കെതിരെ നടപടി

148 (1956) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പൊതുസ്ഥലത്തുണ്ടായ പിടിച്ചുപറി സംഭവങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പകൽ സമയത്ത് നടന്ന കവർച്ച-ഭവന ഭേദനകേസ്സുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പിടികൂടിയെന്നും എത്രപേരെ ഇനിയും പിടികൂടാനുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പൊതുസ്ഥലത്തുണ്ടായ പിടിച്ചുപറി സംഭവങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു :

25-5-2016 മുതൽ 26-2-2017 വരെ

| | |
|---|---|
| Dacoity Cases | 44 |
| Roberry Cases | 569 |

(ബി) പ്രസ്തുത കാലയളവിൽ പകൽ സമയത്ത് നടന്ന കവർച്ച-ഭവനഭേദന കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

25-5-2016 മുതൽ 26-2-2017 വരെ

| | |
|---|---|
| Dacoity Cases | 30 |
| Roberry Cases | 447 |
| HB Theft by Day | 569 |

(സി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് പിടികൂടിയിട്ടുള്ള പ്രതികളുടേയും ഇനി പിടികൂടാനുള്ളവരുടേയും എണ്ണം ചുവടെ ചേർക്കുന്നു :

| | അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം | അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം |
|---|---|---|
| Dacoity Cases | 161 | 71 |
| Roberry Cases | 575 | 229 |
| HB Theft by Day | 368 | 106 |

## ഓൺലൈൻ തട്ടിപ്പ് കേസുകൾ

149 (1957) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓൺലൈൻ വഴിയുള്ള തട്ടിപ്പ് സംബന്ധിച്ച എത്ര കേസുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓൺലൈൻ വഴിയുള്ള തട്ടിപ്പ് സംബന്ധിച്ച് സൈബർ സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 13 കേസുകൾ ഉൾപ്പെടെ 51 കേസുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി ഇതിൽ ഒരു കേസിൽ (തിരുവനന്തപുരം സിറ്റി) കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

## പോലീസുകാർ പ്രതികളായ കേസ്സുകൾ

150 (1958) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് പോലീസുകാർ പ്രതികളായ എത്ര സ്ത്രീപീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ പോലീസുകാർ പ്രതികളായ എത്ര ബലാൽസംഗ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് പോലീസുകാർ പ്രതികളായ 32 സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതേ കാലയളവിൽ പോലീസുകാർ പ്രതികളായ 8 ബലാൽസംഗ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘം**

151 (1959) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളെ തട്ടിക്കൊണ്ട് പോകുന്ന സംഘം കേരളത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റജിസ്റ്റർചെയ്തിട്ടുണ്ട് ;

(സി) ഇതു സംബന്ധിച്ച്എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കുട്ടികളെ തട്ടിക്കൊണ്ട് പോകുന്ന സംഘം കേരളത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുട്ടികളെ തട്ടിക്കൊണ്ട് പോകുന്ന സംഘവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ എത്രയും വേഗം കുറ്റവാളികളെ കണ്ടെത്തി നിലവിലുള്ള നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കർശനനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ജനമൈത്രി സംവിധാനംവഴി പൊതുജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തിയും സ്കൂൾ ജാഗ്രതാസമിതികളിൽ ഇത്തരം സംഭവങ്ങളെപ്പറ്റി ക്ലാസുകൾ നടത്തി പോലീസ് പട്രോളിംഗ് സംവിധാനം ശക്തമാക്കിയും നടപടികൾ സ്വീകരിച്ച് വരുന്നു.

**രാഷ്ട്രീയ കൊലപാതകങ്ങൾ**

152 (1960) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് നടന്നിട്ടുള്ള രാഷ്ട്രീയ കൊലപാതകങ്ങളിൽ എത്ര പേർക്ക് പരിക്കുകൾ പറ്റിയിട്ടുണ്ടെന്നും ഇതിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) രാഷ്ട്രീയ കൊലപാതകങ്ങൾ ഇല്ലാതാക്കാൻ എന്തെല്ലാം നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നും എന്തെല്ലാം ഗുണകരമായ സംവിധാനങ്ങൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) <u>കണ്ണൂർ</u>

| | | |
|---|---|---|
| പരിക്കു പറ്റിയവർ | - | 1 |
| കൊല്ലപ്പെട്ടവർ | - | 6 |

<u>കോഴിക്കോട്</u>

| | | |
|---|---|---|
| പരിക്കു പറ്റിയവർ | - | 0 |
| കൊല്ലപ്പെട്ടവർ | - | 2 |

<u>പാലക്കാട്</u>

| | | |
|---|---|---|
| പരിക്കു പറ്റിയവർ | - | 1 |
| കൊല്ലപ്പെട്ടവർ | - | 2 |

<u>കോട്ടയം</u>

| | | |
|---|---|---|
| പരിക്കു പറ്റിയവർ | - | 0 |
| കൊല്ലപ്പെട്ടവർ | - | 1 |

<u>കൊല്ലം</u>

| | | |
|---|---|---|
| പരിക്കു പറ്റിയവർ | - | 2 |
| കൊല്ലപ്പെട്ടവർ | - | 1 |

(ബി) രാഷ്ട്രീയ സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗ്, പോലീസ് ബന്തവസ്സ്, പിക്കറ്റ് പോസ്റ്റ് എന്നിവ നടപ്പിലാക്കിവരുന്നു. രാഷ്ട്രീയ കൊലപാതക കേസുകളിൽ എത്രയും വേഗം പ്രതികളെ അറസ്റ്റ് ചെയ്ത് ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും സ്ഥിരം കുറ്റവാളികളുടെ പ്രവർത്തനങ്ങൾ രഹസ്യമായി നിരീക്ഷിക്കുകയും ചെയ്യുന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട കക്ഷി നേതാക്കളുമായി സർവ്വകക്ഷി യോഗങ്ങൾ ഉൾപ്പെടെയുള്ള സമാധാന ശ്രമങ്ങൾ സർക്കാർ നടത്തി വരുന്നു.

## രാഷ്ട്രീയ പ്രവർത്തകർക്കും മനുഷ്യാവകാശ പ്രവർത്തകർക്കുമെതിരെ യു.എ.പി.എ.

153 (1962) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ പ്രവർത്തകർക്കെതിരെ യു.എ.പി.എ. ചുമത്തരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം നൽകിയതിന് ശേഷം ഏതെങ്കിലും രാഷ്ട്രീയ പ്രവർത്തകനെതിരെ പ്രസ്തുത വകുപ്പ് ചുമത്തി പോലീസ് കേസ്സെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) മനുഷ്യാവകാശ പ്രവർത്തകർക്കെതിരെ പ്രസ്തുത വകുപ്പ് ചുമത്തി കേസ് എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേസ്സെടുക്കുന്നതിനുണ്ടായ സാഹചര്യം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 'എ' യുടെ വെളിച്ചത്തിൽ ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഓപ്പറേഷൻ ബിഗ് ഡാഡി

154 (1963) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ ലോകത്തെ ചതിക്കുഴികൾ കണ്ടെത്തുവാനും, ഇരകൾക്ക് നീതി ഉറപ്പാക്കുവാനും ക്രൈംബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഓപ്പറേഷൻ ബിഗ് ഡാഡി നിലവിലുണ്ടോ;

(ബി) കുട്ടികൾക്കെതിരായ സൈബർ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുട്ടികളുടെ അശ്ലീലചിത്രങ്ങളും വീഡിയോകളും ഓൺലൈനിൽ കൂടുതൽ പ്രചരിപ്പിക്കുന്ന നഗരങ്ങളുടെ പട്ടികയിൽ സംസ്ഥാനത്തെ മൂന്ന് ജില്ലകൾ ഉൾപ്പെട്ടിട്ടുള്ള വസ്തുത പരിഗണിച്ച് ഓപ്പറേഷൻ ബിഗ് ഡാഡി ശക്തമായി നടപ്പിലാക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) കുട്ടികളെയും സ്ത്രീകളെയും കടത്തുന്നതിന് കുറ്റവാളികൾ നടത്തുന്ന ശ്രമങ്ങൾ തരണം ചെയ്യുന്നതിലേയ്ക്കായി നടത്തിയ സൈബർ പട്രോളിംഗിന്റെ ഭാഗമായി 2015-ൽ സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 29/2015, 32/2015, 34/2015, 36/2015 എന്നീ കേസുകൾ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിലേയ്ക്കായി നടത്തിയ നിയമ പ്രക്രിയയ്ക്ക് കൊടുത്തിരുന്ന കോഡാണ് ഓപ്പറേഷൻ ബിഗ് ഡാഡി. തത്തുല്യമായ സൈബർ പട്രോളിംഗും പരിശോധനകളും ഇപ്പോഴും തുടർന്നു വരുന്നുണ്ട്.

(ബി) കുട്ടികൾക്കെതിരെ സൈബർ അതിക്രമങ്ങൾ നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 3 വർഷം രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്ക് ചുവടെ കൊടുത്തിരിക്കുന്നു :

| വർഷം | 2014 | 2015 | 2016 |
|---|---|---|---|
| കുട്ടികൾക്കെതിരായ സൈബർ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | 6 | 6 | 8 |

(സി) കുട്ടികളെയും സ്ത്രീകളെയും കടത്തുന്നതിന് കുറ്റവാളികൾ നടത്തുന്ന ശ്രമങ്ങൾ തരണം ചെയ്യുന്നതിലേയ്ക്കായി നടത്തിയ സൈബർ പട്രോളിംഗിന്റെ ഭാഗമായി 2015-ൽ സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 29/2015, 32/2015, 34/2015, 36/2015 എന്നീ കേസുകൾ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിലേയ്ക്കായി നടത്തിയ നിയമ പ്രക്രിയയ്ക്ക് കൊടുത്തിരുന്ന കോഡാണ് ഓപ്പറേഷൻ ബിഗ് ഡാഡി. തത്തുല്യമായ സൈബർ പട്രോളിംഗും പരിശോധനകളും ഇപ്പോഴും തുടർന്നുവരുന്നുണ്ട്. ഇത്തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ തെളിവ് സഹിതം, സൈബർ പട്രോളിംഗിന്റെ ഭാഗമായി വെളിവാകുന്ന മുറയ്ക്ക് ശക്തമായ നിയമനടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്.

**കാട്ടാക്കട കോടതി സമുച്ചയ നിർമ്മാണം**

155 (T* 1964) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) കാട്ടാക്കട കോടതി സമുച്ചയം നിർമ്മിക്കുന്നതിന് 3 കോടി 10 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ 2012-ൽ നൽകിയിട്ടുണ്ട്. കോടതി സമുച്ചയത്തിന്റെ പരിഷ്കരിച്ച രൂപരേഖ Committee for Establishment of Courts, Tribunals and Court Buildings of the Subordinate Judiciary പരിശോധിച്ചു വരികയാണ്.

**ലിജോയ്ക്ക് ബൈക്ക് അനുവദിക്കുന്നതിന് നടപടി**

156 (1965) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2015-ലെ മൂർക്കനാട് സംഭവത്തെ തുടർന്ന് അന്നത്തെ ഇരിങ്ങാലക്കുട എസ്.ഐ. ആയിരുന്ന ശ്രീ. ജിജോ എം.ജെ. യുടെ വെറ്റിലപ്പാറയിലുള്ള വീട് ആക്രമിക്കുകയും ഇദ്ദേഹത്തിന്റെ സഹോദരനും വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ സിവിൽ പോലീസ് ഓഫീസറുമായിരുന്ന ശ്രീ എം. ജെ. ലിജോയുടെ ബൈക്ക് കത്തിക്കുകയും ചെയ്ത കേസിനെ തുടർന്ന് എം. ജെ. ലിജോയ്ക്ക് പുതിയ ബൈക്ക് അനുവദിക്കുമെന്ന അന്നത്തെ ആഭ്യന്തരമന്ത്രി നൽകിയ ഉറപ്പ് ഇനിയും നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രീ. ലിജോയ്ക്ക് ബൈക്ക് ഉടൻ അനുവദിച്ച് കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഇരിങ്ങാലക്കുട എസ്.ഐ. ആയിരുന്ന ശ്രീ. ജിജോ എം.ജെ.-യുടെ സഹോദരനും വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ സിവിൽ പോലീസ് ഓഫീസറുമായിരുന്ന ശ്രീ. എം. ജെ. ലിജോയുടെ നശിപ്പിക്കപ്പെട്ട ബൈക്കിനുപകരം പുതിയ ബൈക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്, നശിപ്പിക്കപ്പെട്ട ബൈക്കിന്റെ കാലപ്പഴക്കം അനുസരിച്ച് നിലവിലുള്ള തുക നിശ്ചയിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സ്ത്രീപീഡന കേസുകൾ**

157 (1966) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സ്ത്രീപീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇതിൽ എത്ര കേസ്സുകളിൽ ശിക്ഷ ലഭിച്ചിട്ടുണ്ട് ;

(ബി) എത്ര കേസ്സുകൾ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡന കേസ്സുകളാണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിലുള്ള കൺവിക്ഷൻ റേറ്റ് എത്രയാണ്;

(സി) ഇക്കാര്യത്തിൽ കൺവിക്ഷൻ റേറ്റ് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 1232 സ്ത്രീപീഡന കേസുകൾ (Rape Cases) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കേസിൽ ശിക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെയുള്ള പീഡനക്കേസുകൾ 696 ആണ്. ഇക്കാര്യത്തിലുള്ള കൺവിക്ഷൻ റേറ്റിന്റെ കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു :

പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനക്കേസുകളിലെ
കൺവിക്ഷൻ റേറ്റ്

| വർഷം | കൺവിക്റ്റഡ് | അക്വിറ്റഡ് | കൺവിക്ഷൻ റേറ്റ് |
|---|---|---|---|
| 2015 | 51 | 44 | 53.68 |
| 2016 | 34 | 122 | 21.79 |

(സി) 2015, 2016 വർഷത്തിലെ Crime in India കണക്ക് പ്രകാരം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനക്കേസുകളിൽ 2015-നെ അപേക്ഷിച്ച് 2016-ൽ കൺവിക്ഷൻ റേറ്റ് കുറഞ്ഞിട്ടുണ്ട്. ഇപ്രകാരം കൺവിക്ഷൻ റേറ്റ് കുറയുന്നതിന്റെ കാരണം വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ഹെൽമറ്റ് ധരിക്കാത്ത യാത്രക്കാർ**

158 (1967) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ദിവസം മുതൽ 20-2-2017 വരെ രോഗികളടക്കമുള്ള ഹെൽമറ്റ് ധരിക്കാത്ത ടൂവീലർ യാത്രക്കാരിൽ നിന്ന് എത്ര തുക ആഭ്യന്തരവകുപ്പ് പിഴ ഇനത്തിൽ ഈടാക്കി;

(ബി) ഈ ഇനത്തിലെ ബലാൽക്കാരമായ പിരിവിനിടയിൽ എത്ര അപകടങ്ങൾ ഉണ്ടായി; എത്രപേർ മരണപ്പെട്ടു; എത്രപേർക്ക് പരിക്കേറ്റു;

(സി) ഈ ഇനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പിഴയായി എത്ര തുക പിരിച്ചെടുത്തു;

(ഡി) വൃദ്ധരും രോഗികളുമായവരിൽ നിന്നുപോലും പിഴ ചുമത്തുന്ന കാര്യത്തിൽ ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഉദ്യോഗസ്ഥർ സർക്കാരിന്റെ പൂർണ്ണ പിന്തുണയോടെ കടുത്ത മത്സരം നടത്തുന്നതുകാരണം പിരിവ് സർവ്വകാല റെക്കോർഡ് തലത്തിലെത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20-2-2017 വരെ ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്ത ടൂ വീലർ യാത്രക്കാരിൽ നിന്നും 18,46,47,200 (പതിനെട്ട് കോടി നാൽപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി ഇരുനൂറ്) രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. ഹെൽമറ്റ് ധരിക്കാതെയുള്ള യാത്ര നിയമവിരുദ്ധമായതിനാൽ നിയമപരമായ പിഴ ഒടുക്കേണ്ടതാണ്. ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്യുന്ന രോഗികളായവരെ തെരഞ്ഞുപിടിച്ച് പിഴ ഈടാക്കുന്ന നടപടി പോലീസ് സ്വീകരിച്ചുവരുന്നില്ല.

(ബി) ബലാത്ക്കാരമായി പിഴ ഈടാക്കുകയോ അപ്രകാരം അപകടം വരുത്തിയതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 78,18,42,700 (എഴുപത്തിയെട്ട് കോടി പതിനെട്ട് ലക്ഷത്തി നാൽപത്തി രണ്ടായിരത്തി എഴുനൂറ്) രൂപ പിഴയിനത്തിൽ പിരിച്ചെടുത്തു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**രാഷ്ട്രപതി പ്രഖ്യാപിച്ച മെഡൽ പട്ടിക**

159 (1968) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി പ്രഖ്യാപിച്ച മെഡൽ പട്ടികയിൽ കേരളത്തിൽ നിന്നുള്ള എത്ര പോലീസുദ്യോഗസ്ഥരുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പോലീസ് മെഡലിനായുള്ള ശിപാർശ കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ട തീയതി എന്നായിരുന്നു; പട്ടിക കേന്ദ്ര ആഭ്യന്തര വകുപ്പിന് അയച്ചതെന്നാണ്;

(സി) ഐ.എ.എസ്- ഐ.പി.എസ്. തലത്തിലുള്ള പിണക്കങ്ങളാണ്, പോലീസ് മെഡലുകൾക്കായി കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ട പട്ടിക സമയത്ത് സമർപ്പിക്കാതിരുന്നതിനുള്ള കാരണമെന്ന് കരുതുന്നുണ്ടോ; അല്ലെങ്കിൽ പട്ടിക സമയത്ത് സമർപ്പിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വർഷത്തെ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി പ്രഖ്യാപിച്ച മെഡൽ പട്ടികയിൽ കേരള സർക്കാർ ശിപാർശ ചെയ്ത പോലീസ് ഉദ്യോഗസ്ഥരൊന്നും ഉൾപ്പെട്ടിട്ടില്ല.

(ബി) ഈ വർഷത്തെ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി പ്രഖ്യാപിച്ച മെഡലിന്റെ ശിപാർശ സമർപ്പിക്കേണ്ട അവസാന തീയതി 4-1-2017 ആയിരുന്നു. കേരള സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് പ്രസ്തുത ശിപാർശ 30-12-2016-ന് നൽകിയിരുന്നു.

(സി) പിരിവ് (ബി) മറുപടി പ്രകാരം ബാധകമല്ല.

**കുറ്റപത്രം സമർപ്പിച്ച കേസുകൾ**

160 (1969) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമ കേസ്സുകളിൽ അന്വേഷണം പൂർത്തിയായി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചവ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) അന്വേഷണം പൂർത്തിയാകാത്ത കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഈ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമ കേസുകളിൽ 7152 കേസുകളിൽ അന്വേഷണം പൂർത്തിയായി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) 3218 കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനുണ്ട്.

(സി) വിവിധ കേസുകളിലായി 131 പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കെതിരെയുണ്ടായ അതിക്രമങ്ങൾ**

161 (1970) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ആക്രമിക്കപ്പെടുകയും എത്ര പേർ കൊല ചെയ്യപ്പെടുകയും ചെയ്തുവെന്നുള്ള വിവരം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ആത്മഹത്യ ചെയ്യുകയുണ്ടായെന്നും ഇതിൽ സ്ത്രീകൾ എത്രയുണ്ടെന്നുമുള്ള വിവരം വ്യക്തമാക്കുമോ;

(ഡി) ടി കാലയയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള എത്ര ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 936 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 553 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 123 പേരും ആക്രമിക്കപ്പെടുകയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാളും കൊല ചെയ്യപ്പെടുകയുമുണ്ടായി.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 332 പേർ ആത്മഹത്യ ചെയ്തു. ഇതിൽ 79 സ്ത്രീകളുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 119 പേർ ആത്മഹത്യ ചെയ്തു. ഇതിൽ 21 സ്ത്രീകളുണ്ട്.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 299 സ്ത്രീകൾക്കെതിരെയും 79 കുട്ടികൾക്കെതിരെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 70 സ്ത്രീകൾക്കെതിരെയും 29 കുട്ടികൾക്കെതിരെയും ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ഒറ്റയ്ക്ക് താമസിക്കുന്നവർ കൊല ചെയ്യപ്പെട്ട കേസുകൾ

162 (1971) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഒറ്റയ്ക്ക് താമസിക്കുന്നവർ കൊല ചെയ്യപ്പെട്ട എത്ര കേസുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കേസുകളുമായി ബന്ധപ്പെട്ട്എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പേരെ ഇനിയും പിടികൂടാനുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഈ കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചവ എത്രയെന്നും അന്വേഷണം പൂർത്തിയാക്കാത്തവ എത്രയെന്നും അറസ്റ്റ് ചെയ്യപ്പെടേണ്ടവർ എത്രയെന്നും വ്യക്തമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഒറ്റയ്ക്ക് താമസിക്കുന്നവർ കൊല ചെയ്യപ്പെട്ട 5 കേസുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കേസുകളുമായി ബന്ധപ്പെട്ട് 4 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 5 പേരെ ഇനിയും പിടികൂടാനുണ്ട്.

(സി) ഈ കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചവ-1, അന്വേഷണം പൂർത്തിയാക്കാത്തവ-4, അറസ്റ്റ് ചെയ്യപ്പെടേണ്ടവർ-5.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ**

163 (1972) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പട്ടികജാതി വനിതകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 711 പരാതികൾ ലഭിച്ചിട്ടുണ്ട്. 710 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 442 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 334 പരാതികൾ ലഭിച്ചിട്ടുണ്ട്. 334 കേസുകൾ രജിസ്റ്റർ ചെയ്തു. 236 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പട്ടികജാതി വനിതകൾക്ക് നേരെയുള്ള 184 പരാതികൾ ലഭിച്ചിട്ടുണ്ട്. 184 കേസുകൾ രജിസ്റ്റർ ചെയ്തു. പട്ടികജാതി കുട്ടികൾക്ക് നേരെയുള്ള 74 പരാതികൾ ലഭിച്ചിട്ടുണ്ട്. 74 കേസുകൾ രജിസ്റ്റർ ചെയ്തു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**സംസ്ഥാനത്തെ കൊലപാതകങ്ങൾ**

164 (1973) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; കൊലചെയ്യപ്പെട്ട സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ എന്നിവരുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഈ കേസുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇനിയും പിടികൂടാനുണ്ട്;

(സി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര കേസുകളിൽ വിചാരണ പൂർത്തിയായിട്ടുണ്ട്;

(ഇ) ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്രയാണ്;

(എഫ്) എത്ര കേസുകളിൽ അന്വേഷണം സി.ബി.ഐ.യ്ക്ക് വിടുകയുണ്ടായിയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 221 കൊലപാതക കേസുകളിലായി 238 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ കാലയളവിൽ 68 സ്ത്രീകളും 141 പുരുഷന്മാരും 29 കുട്ടികളും കൊല്ലപ്പെട്ടിട്ടുണ്ട്.

(ബി) ഈ കേസുകളുമായി ബന്ധപ്പെട്ട് 96 പ്രതികളെ ഇനിയും പിടികൂടാനുണ്ട്.

(സി) ഇതിൽ 101 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപ്പത്രം സമർപ്പിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറയുന്ന കേസുകളിലൊന്നും വിചാരണ പൂർത്തിയാക്കിയിട്ടില്ല.

(ഇ) മേൽപ്പറയുന്ന കേസുകളിലൊന്നിലും വിചാരണ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ആരെയും ശിക്ഷിച്ചിട്ടില്ല.

(എഫ്) മേൽപ്പറയുന്ന കേസുകളിലൊന്നും അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വെഞ്ഞാറമൂട് ഡിവൈ.എസ്.പി. ഓഫീസ്**

165 (1974) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രമാക്കി ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ കേന്ദ്രമാക്കി പോലീസ് സ്റേറഷൻ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പോലീസ് സ്റ്റേഷനുകൾ സംബന്ധിച്ച് മുൻഗണനാ പട്ടികയിൽ പനവൂരും ഉൾപ്പെട്ടിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**റാന്നിയിൽ പോലീസ് സബ്-ഡിവിഷൻ ഓഫീസ് ആരംഭിക്കാൻ നടപടി**

166 (1975) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ ഇപ്പോൾ എത്ര പോലീസ് സബ്-ഡിവിഷനുകളാണ് ഉള്ളത്; അവ ഏതൊക്കെ;

(ബി) മലയോര മേഖലയായ റാന്നിയുടെ വിസ്തൃതമായ പ്രദേശങ്ങളിൽ നിന്നും ശബരിമലയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നും കിലോമീറ്ററുകൾ സഞ്ചരിച്ചാണ് ഇപ്പോൾ തിരുവല്ലയിലും പത്തനംതിട്ടയിലും ഉള്ള പോലീസ് സബ്-ഡിവിഷൻ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്ക് പൊതുജനങ്ങൾ എത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ റാന്നി കേന്ദ്രമാക്കി പുതിയ ഒരു പോലീസ് സബ്-ഡിവിഷൻ ഓഫീസ് ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ ഇപ്പോൾ 3 പോലീസ് സബ് ഡിവിഷനുകൾ നിലവിലുണ്ട്. (1) അടൂർ (2) തിരുവല്ല (3) പത്തനംതിട്ട.

(ബി&സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ക്വട്ടേഷൻ സംഘങ്ങൾ**

167 (1976) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് നാളിതുവരെ കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി&സി) 'എ'- യുടെ വെളിച്ചത്തിൽ ബാധകമല്ല.

**ബൈക്കുകളുടെ സാഹസികയാത്ര**

168 (1977) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരക്കുള്ള സമയങ്ങളിൽ ദേശീയപാതകളിലും പി.ഡബ്ല്യു.ഡി. റോഡുകളിലും വാഹനങ്ങൾ തിങ്ങിഞെരുങ്ങി പോകുന്ന സമയത്ത് ന്യൂ ജനറേഷൻ ബൈക്കുകളുമായി ചീറിപ്പാഞ്ഞുപോകുന്നതുമൂലം ഉണ്ടാകുന്ന, വഴിയാത്രക്കാരെ ഇടിച്ചു വീഴ്ത്തുന്നതുൾപ്പെടെയുള്ള, അപകടങ്ങൾ വർദ്ധിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മറ്റു രാജ്യങ്ങളിൽ പ്രധാന റോഡുകളിലൂടെ ഇത്തരം ബൈക്ക് യാത്ര നിരോധിച്ചിട്ടുണ്ടോ;

(ബി) കേരളത്തിലെ റോഡുകളിൽ ബൈക്കുകളുടെ സാഹസിക യാത്ര നിയന്ത്രിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലും എറണാകുളം നഗരത്തിലും ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് രാജ്യങ്ങളിലെ പ്രധാന റോഡുകളിൽ ബൈക്ക് യാത്ര നിരോധിച്ചതായ വിവരം ലഭ്യമല്ല.

(ബി) കർശന വാഹന പരിശോധന വഴി അപാകമായും അമിത വേഗതയിലും വാഹനം ഓടിക്കുന്ന വ്യക്തികളെ കണ്ടെത്തി ഇത്തരക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലെ റോഡുകളിൽ പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഭീഷണി ഉയർത്തും വിധം ബൈക്ക് റേസിംഗ് നടത്തുന്നതിന് നിയമപരമായി അനുമതി ഇല്ല. ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതിന് പോലീസിലെ മോട്ടോർവാഹന വകുപ്പിന് അധികാരമുണ്ട്.

**വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ്**

169 (1978) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറേക്കാലങ്ങളായി കോളേജുകളിലും യൂണിവേഴ്സിറ്റി കാമ്പസ്സുകളിലും റാഗിംഗ് കേസുകൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2016-17 അധ്യയന വർഷത്തിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുക;

(സി) മുൻവർഷത്തെ (2015-16) അപേക്ഷിച്ച് കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഡി) റാഗിംഗ് കേസുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നിലവിലെ ശിക്ഷാ നടപടികളിൽ മാറ്റങ്ങൾ വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോളേജുകളിലും യൂണിവേഴ്സിറ്റി കാമ്പസുകളിലും നേരിയ തോതിലുള്ള റാഗിംഗ് നടന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-17 അധ്യയന വർഷത്തിൽ 59 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 2015-16 വർഷത്തിൽ 54 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. എണ്ണത്തിൽ കേസുകളുടെ വർദ്ധനവ് വന്നിട്ടുണ്ട്.

(ഡി) നിലവിലുള്ള റാഗിംഗ് നിരോധന നിയമം കാലാനുസൃതമായി ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ സജീവമായി പരിശോധിച്ചു വരികയാണ്. കാമ്പസുകൾ റാഗിംഗ് ഇല്ലാതാക്കുന്നതിനാവശ്യമായ എല്ലാ ശ്രമങ്ങളും നടത്തും.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ

170 (1979) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ എസ്.പി.സി. (സ്റ്റുഡൻറ് പോലീസ് കേഡറ്റ്) പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി കോഴിക്കോട് ജില്ലയിൽ എവിടെയെല്ലാമാണ് എസ്.പി.സി. അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ 59 വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്കൂളുകളുടെ വിവരം ഇതോടൊപ്പം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ പുതുതായി 7 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ വിവരം ഇതോടൊപ്പം അനുബന്ധം II ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.*

## തലശ്ശേരിയിലെ ബോംബാക്രമണം

171 (1980) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ 2017 ജനവരി 26-ന് രാത്രിയിൽ മുൻ മന്ത്രി കോടിയേരി ബാലകൃഷ്ണൻ പ്രസംഗിക്കുന്ന വേദിക്കരികിൽ ബോംബാക്രമണം നടത്തിയ കേസിൽ എത്ര പേരെയാണ് പ്രതി ചേർത്തിരിക്കുന്നത്; ഇതിൽ എത്ര പേരെയാണ് അറസ്റ്റ് ചെയ്തത്;

(ബി) പ്രതി പട്ടികയിലുള്ളവരുടെ രാഷ്ട്രീയ ബന്ധം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് ന്യൂമാഹി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 69/17 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ 6 പ്രതികളാണുള്ളത്. പ്രതികൾ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) ഉണ്ട്. പ്രതികളെല്ലാവരും ബി.ജെ.പി. പ്രവർത്തകരാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ടൈപ്പിസ്റ്റ്-കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികമാറ്റം

172 (1981) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലിസ് വകുപ്പിൽ 2010 മുതൽ നാളിതുവരെയായി, സ്പെഷ്യൽ യൂണിറ്റുകൾ ഉൾപ്പെടെ, എത്ര ടൈപ്പിസ്റ്റുമാരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി തസ്തികമാറ്റം നൽകി നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ് വകുപ്പിൽ 2011-ന് ശേഷം ഏതെങ്കിലും ജില്ലയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് സി.എ. നിയമനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 35 ടൈപ്പിസ്റ്റുമാരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി തസ്തികമാറ്റം നൽകി നിയമിച്ചിട്ടുണ്ട്.

(ബി) നിയമനം നടത്തിയിട്ടുണ്ട്. പോലീസ് വകുപ്പിൽ 2011-ന് ശേഷം പി.എസ്.സി. മുഖേന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ 4 പേർക്കും കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ഓരോ നിയമനവും നടത്തിയിട്ടുണ്ട്.

## വർക്കലയിൽ ഡി.വൈ.എസ്.പി. ഓഫീസ്

173 (1982) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല താലൂക്ക് ആസ്ഥാനം കേന്ദ്രീകരിച്ച് ഡിവൈ.എസ്.പി. ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വർക്കലയിൽ ഡിവൈ.എസ്.പി. ഓഫീസ് തുടങ്ങുന്നത് സംബന്ധിച്ച് നപടികൾ ഏതെങ്കിലും സർക്കാരിന്റെ പരിഗണനയിൽ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## തടവുകാർക്ക് ശിക്ഷാ ഇളവ്

174 (1983) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുൻ സർക്കാരിൻെറ ഭരണകാലത്ത് തടവുകാർക്ക് ശിക്ഷാ ഇളവ് നൽകികൊണ്ട് എത്ര തീരുമാനങ്ങൾ എടുത്തിട്ടുണ്ടായിരുന്നു എന്നും ഈ തീരുമാനങ്ങളുടെ ഭാഗമായി മുൻ സർക്കാരിൻെറ കാലത്ത് ശിക്ഷാ ഇളവ് ആനുകൂല്യം ലഭിച്ച തടവുകാർ ആരെല്ലാമായിരുന്നു എന്നും ഏത് തരത്തിലുള്ള കേസുകളിൽ ശിക്ഷ അനുഭവിക്കുന്നവരായിരുന്നു ഈ തടവുകാർ എന്നും വിശദമായി പട്ടിക തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

മുൻസർക്കാരിന്റെ ഭരണകാലത്ത് കേരളപ്പിറവിയോടനുബന്ധിച്ച് 2011-ലും 2012-ലും തടവുകാർക്ക് പ്രത്യേക ശിക്ഷായിളവ് നൽകിയിരുന്നു. ഇപ്രകാരം ശിക്ഷായിളവ് ആനുകൂല്യം ലഭിച്ച ആകെയുള്ള 2809 തടവുകാരുടേയും (പുരുഷൻമാർ 2797, വനിതകൾ 12) ശിക്ഷയ്ക്ക് ആസ്പദമായ കേസുകൾ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

## കുന്ദമംഗലത്ത് മാതൃകാ പോലീസ് സ്റ്റേഷൻ

175 (1984) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏക സബ് താലൂക്ക് ആസ്ഥാനമായ കുന്ദമംഗലത്ത് ആഭ്യന്തര വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയിൽ ഒരു മാതൃകാ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് എൻ.ഐ.ടി തയ്യാറാക്കിയ പ്ലാൻ അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ടോ;

(ബി) എം.എൽ.എ.-യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കാൻ പ്രസ്തുത പ്ലാനിന് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാരിൽ ലഭിച്ചിട്ടില്ല. കുന്ദമംഗലം പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി MoPF 2013-14 പദ്ധതിയിൽ ഉൾപ്പെടുത്തി 38 ലക്ഷം രൂപ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് അനുവദിച്ചിരുന്നു. എന്നിരുന്നാലും എൻ.ഐ.ടി. തയ്യാറാക്കിയ പ്ലാൻ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്

176 (1985) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളിലാണ് പ്രവർത്തിക്കുന്നത്; എത്ര വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകിയിട്ടുള്ളത്; പരിശീലനത്തിനും മറ്റും ഇപ്പോൾ നൽകി വരുന്ന തുക എത്രയാണ്; തുക തീരെ അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) പോലീസ്, എക്സൈസ്, വനം വകുപ്പ് തുടങ്ങിയ സേനകളിലേയ്ക്കുള്ള നിയമനങ്ങളിൽ എസ്.പി.സി.-യ്ക്ക് എന്ത് മുൻഗണനയാണുള്ളത്;

(ഡി) എസ്.എസ്.എൽ.സി, പ്ലസ് ടു തുടങ്ങിയ പരീക്ഷകളിൽ ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 574 വിദ്യാലയങ്ങളിലാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പ്രവർത്തിക്കുന്നത്. 8-ാം ക്ലാസ്സിലേയും 11-ാം ക്ലാസിലേയും വിദ്യാർത്ഥികളിൽ നിന്ന് തിരെഞ്ഞെടുക്കുന്ന 44 കുട്ടികൾ ജൂനിയർ കേഡറ്റുകളായി എൻറോൾ ചെയ്യപ്പെടുന്ന ഈ പദ്ധതിയിൽ ജൂനിയർ സീനിയർ വിഭാഗങ്ങളിലായി 88 കുട്ടികൾക്കാണ് 1 വർഷം ഒരു യൂണിറ്റിൽ പരിശീലനം നൽകുന്നത്. 2008 മുതൽ 70,000-ത്തോളം കുട്ടികൾ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ പോലീസ് വകുപ്പിന് ആസൂത്രണ സ്കീമുകൾക്കുവേണ്ടി അനുവദിച്ച് നൽകുന്ന തുകയുടെ ഏറ്റക്കുറച്ചിൽ അനുസരിച്ച് എസ്.പി.സി. പരിശീലനത്തിന് നൽകുന്ന തുകയിലും ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രവർത്തനത്തിനായി ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) പോലീസ് വകുപ്പിന് ആസൂത്രണ സ്കീമുകൾക്കുള്ള തുകയുടെ ലഭ്യത അനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) പോലീസ്, എക്സൈസ്, വനംവകുപ്പ് തുടങ്ങിയ സേനകളിലേക്കുള്ള നിയമനങ്ങളിൽ എസ്.പി.സി. അംഗങ്ങൾക്ക് നിലവിൽ മുൻഗണന നിശ്ചയിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) എസ്.പി.സി. പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം 75% അറ്റൻഡൻസോടുകൂടി കാര്യക്ഷമമായി പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 4-8-2012-ലെ സർക്കാർ ഉത്തരവ് നമ്പർ(കൈ) 214/2012/ ആഭ്യന്തരം അനുസരിച്ച് 5% ഗ്രേസ് മാർക്ക് നൽകി വരുന്നു.

**മാവേലിക്കരയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ**

177 (1986) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ;

(ബി) മാവേലിക്കരയിൽ ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പീഡന കേസ്സുകൾ**

178 (1987) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതിയിൽപ്പെട്ട സ്ത്രീകളും പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളും പീഡനത്തിന് വിധേയരായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ച കേസ്സുകൾ എത്ര;

(സി) വിചാരണ പൂർത്തിയാക്കിയ കേസ്സുകൾ എത്ര;

(ഡി) ഈ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികൾ എത്ര; വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതിയിൽപ്പെട്ട 71 സ്ത്രീകളും 42 പെൺകുട്ടികളും പട്ടികവർഗ്ഗത്തിൽപ്പെട്ട 30 സ്ത്രീകളും 15 പെൺകുട്ടികളും പീഡനത്തിന് വിധേയമായതുമായി ബന്ധപ്പെട്ട് 158 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 69 കേസ്സുകളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

(സി&ഡി) വിചാരണ പൂർത്തിയാക്കിയ കേസ്സുകളില്ല.

## കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷന് പുതിയ മന്ദിരം

179 (1988) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷന്റെ ജീർണ്ണാവസ്ഥയിലായിരിക്കുന്ന കെട്ടിടത്തിനുപകരം പുതിയ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് (കൈ) നമ്പർ494/2016 റവന്യൂ 3-9-2016-ലെ തീയതി പ്രകാരം 4.45 ആർ ഭൂമിക്ക് ഉപയോഗാനുമതി നൽകിയിട്ടുണ്ട്.

## പോലീസ് ഔട്ട് പോസ്റ്റും പോലീസ് സ്റ്റേഷനും സ്ഥാപിക്കാൻ നടപടി

180 (1989) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ പോലീസ് പരിധിയിൽ വരുന്ന നെടുമൺകാവിൽ പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനായി നൽകിയ കത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(ബി) കൊല്ലം റൂറൽ പോലീസ് പരിധിയിൽ വരുന്ന വാളകത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ സാധ്യതാപഠനം ആഭ്യന്തര വകുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊല്ലം റൂറൽ ജില്ലയിലെ നെടുമൺകാവ് വാർഡിൽ നല്ലിലയിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു.

(ബി) വാളകത്ത് ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവി കൊട്ടാരക്കര ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സമൂഹമാധ്യമങ്ങൾവഴി മന്ത്രിമാർക്കെതിരെ അഭിപ്രായം

181 (1990) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമൂഹമാധ്യമങ്ങൾ വഴി മന്ത്രിമാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതിന്റെ പേരിൽ ഏതെങ്കിലും പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;

(ബി) സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് പോലീസുകാർക്കോ പോലീസിലെ ഉന്നത ഉദ്യോഗസ്ഥർക്കോ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ലംഘിച്ചതിന്റെ പേരിൽ ഏതെങ്കിലും ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സമൂഹമാധ്യമങ്ങൾവഴി മുൻ മന്ത്രിമാർക്കെതിരെയോ മറ്റ് രാഷ്ട്രീയ നേതാക്കൾക്കെതിരെയോ അഭിപ്രായം രേഖപ്പെടുത്തിയതിന് ഏതെങ്കിലും പോലീസുകാർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സമൂഹമാധ്യമങ്ങൾവഴി സർക്കാരിനേയും മന്ത്രിമാരേയും അവഹേളിക്കുന്ന തരത്തിൽ അഭിപ്രായം രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 15 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 8 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) സമൂഹമാധ്യമങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ ഇടപെടുന്നതിന് പാലിക്കേണ്ട മര്യാദകളും നിയന്ത്രണങ്ങളും സംബന്ധിച്ച് പോലീസ് ആസ്ഥാനത്ത് നിന്നും 31-12-2015-ാം തീയതി സർക്കുലർ നമ്പർ45/15 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉന്നത പോലീസുദ്യോഗസ്ഥർ ഇവ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടില്ല.

(സി) ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല.

## കുടുംബകോടതിയിലെ കേസുകൾ

182 (1991) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് കുടുംബ കോടതികളിൽ എത്ര കേസുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; 2015, 2016 എന്നീ വർഷങ്ങളിലെ കണക്കുകൾ ജില്ല തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

31-12-2016-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ കുടുംബ കോടതികളിൽ 57921 കേസുകൾ നിലവിലുണ്ട്. 2015, 2016 എന്നീ വർഷങ്ങളിലെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

**കേസുകളിൽപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ**

183 (1992) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽപ്പെട്ട് പിടിച്ചെടുത്ത നിരവധി വാഹനങ്ങൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങളെ നിശ്ചിത കാലയളവ് വച്ച് ലേലം ചെയ്ത് വിൽക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന ഇത്തരത്തിലുള്ള വാഹനങ്ങളെ പൂർണമായും സ്റ്റേഷൻ പരിസരത്തു നിന്നും മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും, കണ്ടുകെട്ടിയതുമായ വാഹനങ്ങൾ 15-12-2014 തീയതിയിലെ 550/14 ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി. ലിമിറ്റഡ്-ന്റെ വെബ്സൈറ്റ് മുഖേന ഇ-ലേലം നടത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശം കർശനമായി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ 22-10-2016 തീയതിയിലെ യു.3/73694/11 നമ്പർ കത്ത് പ്രകാരം വീണ്ടും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയതു പ്രകാരം തുടർനടപടികൾ നടന്നുവരുന്നതുമാണ്.

**ജോലി സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ**

184 (1993) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജോലിസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെ ഉണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് നാളിതുവരെ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ സർക്കാർ ജീവനക്കാർ പ്രതികളായ കേസ്സുകൾ എത്രയെന്ന് അറിയിക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ മേഖലയിലെ തൊഴിൽ സ്ഥലങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടവ എത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജോലിസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് നാളിതുവരെ 44 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 12 കേസ്സുകളിൽ സർക്കാർ ജീവനക്കാർ പ്രതികളായിട്ടുണ്ട്.

(ബി) സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്ന് 22 കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരത്തിൽ 22 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കുറ്റകൃത്യങ്ങളുടെ എണ്ണം**

185 (1994) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ റിപ്പോർട്ട് ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണമെത്ര;

(സി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളുടേയും ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടേയും എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കുറ്റകൃത്യങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.*

(ബി) മേൽപ്പറയുന്ന കേസ്സുകളിൽ 5,81,802 പേർ പ്രതികളായിട്ടുണ്ട്.

(സി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളുടെയും ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെയും എണ്ണവും അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിജിലൻസ് അന്വേഷണം നേരിടുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർ

186 (1995) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിജിലൻസ് അന്വേഷണം നേരിടുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർ ഏതൊക്കെ കേസ്സുകളിലാണ് അന്വേഷണം നേരിടുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

വിജിലൻസ് അന്വേഷണം നേരിടുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസ്സുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ലൈംഗികാതിക്രമങ്ങളെ തുടർന്നുള്ള കൊലപാതകം

187 (1996) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ലൈംഗികാതിക്രമങ്ങളെ തുടർന്ന് കൊല്ലപ്പെട്ട സ്ത്രീകളുടെയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെയും എണ്ണം പ്രത്യേകം ലഭ്യമാക്കുമോ ;

(ബി) ഈ കേസ്സുകളിൽ ഇനിയും അന്വേഷണം പൂർത്തിയാകാത്തവ എത്രയെന്ന് വ്യക്തമാക്കുമോ; അന്വേഷണത്തിന്റെ ഭാഗമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവർ എത്രയാണ്;

(സി) വിചാരണ പൂർത്തിയായ കേസുകൾ എത്രയെന്നും ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ലൈംഗികാതിക്രമങ്ങളെ തുടർന്ന് ഇടുക്കി ജില്ലയിലുള്ള ഒരു കേസിൽ (Peerumed Police Station, Cr.No. 6/17, Case is UI) ഒരു സ്ത്രീ കൊല്ലപ്പെട്ടിട്ടുണ്ട്. പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ ആരും തന്നെ കൊല്ലപ്പെട്ടിട്ടില്ല.

(ബി) ഈ കേസുകളിൽ ഇനിയും അന്വേഷണം പൂർത്തിയാകാത്ത കേസുകളുടേയും അന്വേഷണത്തിന്റെ ഭാഗമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവരുടേയും വിവരം ചുവടെ ചേർക്കുന്നു :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | സ്ത്രീകൾ | പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ |
|---|---|---|
| ഇനിയും അന്വേഷണം പൂർത്തിയാകാത്ത കേസുകളുടെ എണ്ണം | 1 | 0 |
| ഇനിയുംഅറസ്റ്റ് ചെയ്യപ്പെടേണ്ടവരുടെ എണ്ണം | അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ എണ്ണം നിശ്ചയിക്കാൻ സാധിക്കൂ. | |

(സി) ഈ കേസുകളിൽ വിചാരണ പൂർത്തിയായ കേസുകളോ ശിക്ഷിക്കപ്പെട്ട പ്രതികളോ ഇല്ല.

**കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ**

188 (1997) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച എന്തെങ്കിലും നിർദേശം നിലവിലുണ്ടോ; എങ്കിൽ അറിയിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല

(ബി) തിരക്കുള്ള പട്ടണങ്ങളിലെ ജനസംഖ്യ വർദ്ധന, വാഹനങ്ങളുടെ വർദ്ധന, റോഡുകളുടേയും ജംഗ്ഷനുകളുടേയും ബാഹുല്യം, ട്രാഫിക് ഡ്യൂട്ടി ചെയ്യുന്നതിലേക്കായി മാത്രം കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കേണ്ട സാഹചര്യം എന്നിവയാണ് ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരിഗണിക്കപ്പെടുന്ന മാനദണ്ഡങ്ങൾ.

**നെയ്യാറ്റിൻകരയിൽ എ.ആർ. ക്യാമ്പ്**

189 (1998) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറ്റിൻകരയിൽ പുളിങ്കുടിയിൽ പ്രവർത്തിക്കുന്ന പോലീസിന്റെ എ.ആർ. ക്യാമ്പിന്റെ ഒരു വിഭാഗം നെയ്യാറ്റിൻകരയിൽ മാറ്റി സ്ഥാപിക്കാൻ നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

<u>ഉത്തരം</u>

തിരുവനന്തപുരം റൂറൽ എ. ആർ. ക്യാമ്പിന്റെ ഒരു ഭാഗം (2 പ്ലറ്റൂൺ) നെയ്യാറ്റിൻകരയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് 10-2-2016-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 464/2016 ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

**പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ**

190 (1999) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ കേസുകളുമായി ബന്ധപ്പെട്ട് ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ഇനി അറസ്റ്റ് ചെയ്യാനുള്ളവരുടെ എണ്ണവും ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയവയും പൂർത്തിയാക്കാത്തവയും എത്ര വീതമെന്ന് അറിയിക്കുമോ;

(ഡി) വിചാരണ പൂർത്തിയാക്കിയ എത്ര കേസുകളുണ്ടെന്നും ശിക്ഷിക്കപ്പെട്ട പ്രതികളുടെയും വിട്ടയയ്ക്കപ്പെട്ടവരുടെയും എണ്ണം എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അക്രമസംഭവങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ കേസുകളുമായി ബന്ധപ്പെട്ട് ഇതുവരെ 1526 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇനി 181 പേരെ അറസ്റ്റ് ചെയ്യാനുണ്ട്.

(സി) പ്രസ്തുത കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചത് 846 കേസുകളും ഇനി അന്വേഷണം പൂർത്തിയാക്കാൻ 621 കേസുകളുമുണ്ട്.

(ഡി) വിചാരണ പൂർത്തിയാക്കിയ 3 കേസ്സുകളും അതിൽ ശിക്ഷിക്കപ്പെട്ടവർ ഒരാളും വിട്ടയയ്ക്കപ്പെട്ടവർ രണ്ട് പേരും ഉൾപ്പെടുന്നു.

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ**

191 (2000) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സ്ത്രീകൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളിൽ കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ, മാനഭംഗങ്ങൾ, മറ്റ് പീഡനങ്ങൾ തുടങ്ങിയവ സംബന്ധിച്ച ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ വിവിധ അതിക്രമങ്ങളെത്തുടർന്ന് കൊല്ലപ്പെട്ട സ്ത്രീകളുടെ എണ്ണം തരം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഈ കേസ്സുകളിലെല്ലാമായി ഇതുവരെ അറസ്റ്റ് ചെയ്യപ്പെട്ടവരുടെയും ഇനി അറസ്റ്റ് ചെയ്യാനുള്ളവരുടെയും എണ്ണം എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് 10818 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സ്ത്രീകൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളിൽ കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ, മാനഭംഗങ്ങൾ, മറ്റ് പീഡനങ്ങൾ തുങ്ങിയവ സംബന്ധിച്ച ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിട്ടുണ്ട് :

| Crime Heads | No. of case registered |
|---|---|
| Murder | 84 |
| Rape | 1232 |
| Molestation | 3039 |
| Kidnapping | 127 |
| 304(B) IPC | 14 |
| 509 IPC | 240 |
| 498 (A) IPC | 2643 |
| Others | 3439 |

(സി) 84 സ്ത്രീകൾ കൊല്ലപ്പെട്ടിട്ടുണ്ട്.

(ഡി) ഇതുവരെ 9907 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇനി 4222 പേരെ അറസ്റ്റ് ചെയ്യാനുണ്ട്.

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമക്കേസുകളിലെ പ്രതികൾ**

192 (2001) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമകേസ്സുകളിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണം, കേസുകളുടെ എണ്ണം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണവും ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമക്കേസുകളിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണവും ഇതിൽ ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണവും കേസുകളുടെ ഇനം തിരിച്ചുള്ള വിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സെക്ഷ്വൽ അസോൾട്ട് ഫോറൻസിക് എവിഡൻസ് (SAFE) കിറ്റ്

193 (2002) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീപീഡനങ്ങൾ സംബന്ധിച്ച കേസുകളിൽ, പീഡനം നടന്നതിനു ശേഷമുള്ള ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) സെക്ഷ്വൽ അസ്സോൾട്ട് ഫോറൻസിക് എവിഡൻസ് (SAFE)കിറ്റ് ഇതിനായി വികസിപ്പിച്ചിട്ടുണ്ടോ; ഏതൊക്കെ ഏജൻസികളാണ് ഇതിന്റെ വികസനത്തിന് സഹായിച്ചതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത 'സേഫ്' കിറ്റിൽ എന്തൊക്കെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും തന്മൂലമുള്ള നേട്ടങ്ങളും വിശദമാക്കുമോ?

ഉത്തരം

(എ) ഇത്തരം കേസുകളിൽ ഫോറൻസിക് മെഡിസിൻസ് ഡിപ്പാർട്ട്മെന്റ്, ഫോറൻസിക് സയൻസ് ലബോറട്ടറി, റീജിയണൽ കെമിക്കൽ എക്സാമിനേഷൻസ് ലബോറട്ടറി (RCEL) മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടെ ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) സെക്ഷ്വൽ അസ്സോൾട്ട് ഫോറൻസിക് എവിഡൻസ് (SAFE) കിറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ലഭ്യമല്ല. ഇത് മെഡിക്കൽ പ്രാക്ടീഷണർമാരും, ഫോറൻസിക് സർജ്ജന്മാരും തെളിവുകൾ ശേഖരിക്കാൻ ഉപയോഗിക്കുന്ന കിറ്റാണ്. ഇതിനെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

## ശ്രീ. ജേക്കബ് തോമസിനെതിരെ നൽകിയ അന്വേഷണ റിപ്പോർട്ടിൻമേൽ നിയമോപദേശം

194 (2003) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) ശ്രീ. കെ. എം. എബ്രഹാം, ശ്രീ. ജേക്കബ് തോമസിനെതിരെ മുഖ്യമന്ത്രിക്ക് നൽകിയ അന്വേഷണ റിപ്പോർട്ടിൻമേൽ നിയമോപദേശം തേടാൻ കാലതാമസം ഉണ്ടായതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിൽ കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗാസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ നേരിട്ടുതന്നെ നടപടി എടുക്കണമെന്ന, 1992 ആഗസ്റ്റ് 20-ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്ന, നിർദ്ദേശം നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ;

(സി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അധികാരങ്ങളെപ്പറ്റി വിജിലൻസ് മാന്വലിൽ 'ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതത് വകുപ്പ് മേധാവികൾക്ക് നടപടി സ്വീകരിക്കാം' എന്നുണ്ടായിട്ടും ശ്രീ. ജേക്കബ് തോമസിന്റെ കാര്യത്തിൽ ശ്രീ. കെ. എം. എബ്രഹാമിന്റെ റിപ്പോർട്ടിൻമേൽ എന്തുകൊണ്ട് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചില്ല എന്ന് വിശദീകരിക്കുമോ ;

(ഡി) ധനകാര്യ പരിശോധനാ റിപ്പോർട്ടുകളിൽ നടപടിയെടുക്കാൻ വൈകുന്ന വകുപ്പുതലവന്മാർക്കെതിരെ നടപടിയെടുക്കുമെന്ന മുന്നറിയിപ്പ് നൽകികൊണ്ടുള്ള ചീഫ് സെക്രട്ടറിയുടെ 2003-ലെ സർക്കുലർ അനുസരിച്ച് ശ്രീ.ജേക്കബ് തോമസിന്റെ കാര്യത്തിൽ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) അത്തരം ഒരു റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി-ഡി) ധനകാര്യ പരിശോധനാ വിഭാഗം സമർപ്പിച്ച റിപ്പോർട്ടിൻമേൽ തുറമുഖ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് വരികയാണ്.

**ബാർ കോഴക്കേസിന്റെ സ്ഥിതി**

195 (2004) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ മന്ത്രി ശ്രീ. കെ. എം. മാണിയുടെ പേരിലുള്ള ബാർ കോഴക്കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിവരിക്കുമോ;

(ബി) എന്തൊക്കെ ആരോപണങ്ങളാണ് മുൻ മന്ത്രി ശ്രീ. കെ. എം. മാണിയുടെ പേരിൽ വിജിലൻസ് ആരോപിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. കെ. എം. മാണിയുടെ പേരിലുള്ള ബാർ കോഴ കേസ് ബഹു. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുൻപാകെ സമർപ്പിച്ച 27-8-2016-ലെ Crl.M.P.992/2016-ലെ ഉത്തരവ് പ്രകാരം പുനരന്വേഷണത്തിന് ഉത്തരവിട്ടു. കേസിന്റെ പുനരന്വേഷണം നടന്നുവരുന്നു.

(ബി) ശ്രീ. കെ. എം. മാണി ധനകാര്യ വകുപ്പ് മന്ത്രിയായിരിക്കെ ബാർ ലൈസൻസ് പുതുക്കി നൽകുന്ന ആവശ്യത്തിലേക്കായി കേരള ബാർ ഹോട്ടൽ അസോസിയേഷൻ ഭാരവാഹികളിൽ നിന്നും ഒരു കോടി രൂപ കൈക്കൂലി വാങ്ങിയെന്നാണ് ആരോപണം.

**സിവിൽ സർവ്വീസിലെ അഴിമതി തടയുന്നതിന് നടപടി**

196 (2005) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി തടയുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിൽ എത്ര അഴിമതി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; വകുപ്പ് തിരിച്ചുള്ള വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും സമ്പൂർണ്ണമായി അവസാനിപ്പിക്കുന്നതിനു വേണ്ടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിജിലൻസിൽ ലഭിക്കുന്ന എല്ലാ പരാതികളിൻമേലും അന്വേഷണം നടത്തുക, ആക്ഷേപമുള്ള ഓഫീസുകളിലും പ്രോജക്ടുകളിലും മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം ഓഫീസ് സന്ദർശനങ്ങൾ ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന അഴിമതി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി "കൺകറന്റ് വിജിലൻസ്"(Concurrent Vigilance) എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 24-6-2016-ാം തീയതിയിലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച " Zero tolerence to corruption" എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ

പ്രവർത്തിക്കുന്നു. അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചു നീക്കുന്നതിനു വേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കു വേണ്ടിയും ഇതര ജന വിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. പാരിസ്ഥിതിക ചൂഷണങ്ങൾക്കെതിരെ എൺവയോൺമെന്റ് റിസ്ക് വിജിലൻസ് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ കോഴയ്ക്കെതിരെ "Edu-Vigil" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സമൂഹത്തെ അഴിമതി വിമുക്തമാക്കുന്നതിനു വേണ്ടി പ്രാദേശിക വായന ശാലകൾ ലൈബ്രറികൾ എന്നിവയുടെ സഹായത്തോടെ " Vig-Net" വിജിലൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. "Zero Tolerence to corruption" എന്ന ആശയത്തിലേക്ക് കേരള സമൂഹത്തെ കൊണ്ടുവരുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "NSS Vigil Help Desk" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതിനു മുൻപായി സംസ്ഥാനത്തുടനീളം NSS, NGO വോളണ്ടിയർമാരെ ഉൾപ്പെടുത്തി അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നതാണ്. മോട്ടോർ വാഹന വകുപ്പിലെ അഴിമതിയ്ക്കെതിരെ "Trans Vigil" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാന സിവിൽ സർവ്വീസിലേയും സർക്കാർ ഇതര ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം നടത്തുന്നുണ്ട്. സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും "ഇന്റേണൽ വിജിലൻസ്" വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. അഴിമതിയും ക്രമക്കേടും കുറയ്ക്കാൻ വേണ്ട നടപടികൾ എടുത്തു വരുന്നു. ഉദ്യോഗസ്ഥരുടെ ഇടയിലുള്ള കാര്യക്ഷമത ഇല്ലായ്മയും ശ്രദ്ധക്കുറവും പരിഹരിക്കാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായി ചേർന്ന് "Anti-Corruption Induction Training" ആരംഭിക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## സ്കൂൾ കലോത്സവങ്ങളിലെ വിധി നിർണ്ണയം

197 (2006) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ കലോത്സവങ്ങളിലെ വിധി നിർണ്ണയം നിരീക്ഷിക്കുന്നതിന് വിജിലൻസിന് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) കലാകായിക മത്സരങ്ങളിലെ വിധി നിർണ്ണയം കുറ്റമറ്റതാണോയെന്ന് പരിശോധിക്കുന്നതിനും വിധികർത്താക്കളുടെ പിഴവുകൾ കണ്ടെത്തുന്നതിനും വിജിലൻസ് വകുപ്പിനെ ഏത് തരത്തിലാണ് പ്രാപ്തമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) വിധി നിർണ്ണയം നിരീക്ഷിക്കുന്നതിന് വിജിലൻസിനെ ചുമതലപ്പെടുത്തിയത് വിധികർത്താക്കളെ ഏതെങ്കിലും തരത്തിൽ സമ്മർദ്ദത്തിൽപ്പെടുത്തിയിട്ടുണ്ടോ;

(ഡി) കലാകായിക മത്സരങ്ങളിലെ വിധിനിർണ്ണയത്തിലെ അഴിമതി കണ്ടെത്തുന്നതിന് ബന്ധപ്പെട്ട വിഭാഗത്തിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന പ്രത്യേക സമിതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ വിധി നിർണ്ണയത്തെ സംബന്ധിച്ചുള്ള പരാതികളും അപ്പീലുകളും പരിശോധിക്കുന്നതിനായി ഇത്തരമൊരു സമിതി രൂപീകരിക്കുന്നത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്കൂൾ കലോത്സവങ്ങളിലെ വിധി നിർണ്ണയവുമായി ബന്ധപ്പെട്ട് വിധികർത്താക്കളെ നിരീക്ഷിക്കുന്നതിന് വേണ്ടി കലോത്സവവേദികളിൽ വിജിലൻസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിരുന്നു. കലോത്സവത്തിൽ പങ്കെടുത്ത ഉത്തര എന്ന കുട്ടിയുടെ രക്ഷിതാവ് പ്രസന്ന മധുവിന്റെ പരാതി പ്രകാരം വി.സി. 1/2017/ കെ.എൻ.ആർ./ഇ.ഡി.എൻ. എന്ന നമ്പരായി രണ്ട് ജഡ്ജസിനെതിരെയും ഒരു നൃത്ത പരിശീലകനെതിരെയും കേസ് എടുത്തിട്ടുണ്ട്.

(ബി) കലാകായിക മത്സരങ്ങളിലെ വിധി കർത്താക്കളെയും ഉദ്യോഗസ്ഥരെയും നിരീക്ഷിച്ചും മത്സരവേദികളിൽ നിരീക്ഷണം നടത്തിയും അഴിമതി കണ്ടെത്തുന്നതിനുള്ള പഠനം പുതുതായി വിജിലൻസിൽ രൂപീകരിച്ച റിസർച്ച് ആന്റ് ട്രെയിനിംഗ് വിംഗ് വഴി നടത്തുന്നുണ്ട്. കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീമിൽ അംഗങ്ങളായ കലാകായിക രംഗത്ത് അനുഭവമുള്ള വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ടീമുകളാണ് നിരിക്ഷണങ്ങൾ നടത്തുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരത്തിൽ സമിതികൾ നിലവിലില്ല.

**ബാർ കോഴ കേസിന്റെ അവസ്ഥ**

198 (2007) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻമന്ത്രി കെ. ബാബുവിന്റെ പേരിലുള്ള ബാർ കോഴ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ ;

(ബി) ഏത് കോടതിയിലാണ് പ്രസ്തുത കേസ് നിലനിൽക്കുന്നത്; കേസിന്റെ നമ്പരും കോടതിയും ഏതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മുൻ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ ബാബുവിന്റെ പേരിലുള്ള ബാർകോഴക്കേസിന്റെ അന്വേഷണം നടന്നുവരുന്നു.

(ബി) മൂവാറ്റുപുഴ വിജിലൻസ് കോടതിയിലാണ് പ്രസ്തുത കേസ് നിലനിൽക്കുന്നത്. വി.സി15/16/സി.ആർ.ഇ./എക്സൈസ് എന്ന നമ്പരിലാണ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നത്.

**സോളാർ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി**

199 (2008) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദമായി വിവരിക്കുമോ ;

(ബി) ഇതിൽ എത്ര പേരെ പ്രതി ചേർത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ; ഇവർ ആരെല്ലാമെന്ന് പേരു സഹിതം വിവരിക്കുമോ?

<u>ഉത്തരം</u>

(എ) സോളാർ കേസുമായി ബന്ധപ്പെട്ട് 33 കേസുകളാണുള്ളത്. അതിൽ 32 കേസുകൾ ബന്ധപ്പെട്ട കോടതികളിൽ കുറ്റപത്രം സമർപ്പിക്കുകയും ഒരു കേസ് ഫാൾസ് ആയി പരിഗണിച്ച് റഫർ ചാർജ്ജ് നൽകിയിട്ടുള്ളതുമാണ്. രണ്ട് കേസുകൾ കോടതി തീർപ്പാക്കുകയും രണ്ട് കേസുകൾ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കേസുകൾ വിചാരണയിലാണ്.

(ബി) 11 പേരെ പ്രതി ചേർത്തിട്ടുണ്ട്. പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

1. കെ.ആർ.ബിജു
2. ശാലു വേണുഗോപാൽ
3. കലാദേവി
4. ശാലു മേനോൻ

5. സരിത എസ്. നായർ

6. ടെനി ജോപ്പൻ

7. മണിമോൻ എന്ന മണിലാൽ

8. സന്തോഷ് കുമാർ

9. ആർ.സി. രവി

10. ഇന്ദിര പി.

11. എ. കെ. വാര്യർ.

**സ്പോർട്സ് ലോട്ടറി അഴിമതി സംബന്ധിച്ച് ത്വരിത പരിശോധന**

200 (T*2009) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ലോട്ടറി അഴിമതി സംബന്ധിച്ച് ത്വരിത പരിശോധന നടത്താനുള്ള തിരുവനന്തപുരം വിജിലൻസ് കോടതിയുടെ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) അന്വേഷണത്തിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ഇത് സംബന്ധിച്ച് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ നിന്നും ഉത്തരവൊന്നും ലഭിച്ചിട്ടില്ല. എന്നാൽ വിജിലൻസിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഒരു സത്വരാന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് ലോട്ടറി അഴിമതി സംബന്ധിച്ച് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കീഴ്ക്കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ**

201 (2010) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കീഴ്ക്കോടതികളിൽ കേസുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കീഴ്ക്കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളെക്കുറിച്ച് പഠിക്കാനും വ്യക്തത വരുത്താനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ കൈവശമുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ-സി) 31-12-2016 വരെയുള്ള കണക്കനുസരിച്ച് 5 വർഷത്തിലേറെ പഴക്കമുള്ള 26,982 ക്രിമിനൽ കേസുകളും 22,507 സിവിൽ കേസുകളും സംസ്ഥാനത്തെ കീഴ്ക്കോടതികളിൽ തീർപ്പാകാനുണ്ട്. കീഴ്ക്കോടതികളിൽ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് കേരളാ ഹൈക്കോടതി സ്ഥിരം സമ്പ്രദായ രീതി അവലംബിച്ചിട്ടുണ്ട്. ആവശ്യമായ നിർദ്ദേശങ്ങൾ കാലാനുസൃതമായി നൽകിക്കൊണ്ട് കേസുകൾ തിർപ്പാക്കുന്നതിനും വിധി നിർണ്ണയത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. 10 വർഷത്തിലേറെ പഴക്കമുള്ള കേസുകൾ തീർപ്പാക്കുന്നതിന് കീഴ്ക്കോടതികളോട് റിപ്പോർട്ട് ഹൈക്കോടതി ആവശ്യപ്പെടുകയും ആയത് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

## ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

202 (2011) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) കടലും കായലും പുഴകളും ഉൾപ്പെടുന്നതും ധാരാളം അപകടങ്ങളും തീപിടുത്തവും ഉണ്ടാകാറുള്ളതുമായ വിസ്തൃതമായ മണലൂർ മണ്ഡലത്തിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ നിലവിലില്ലാത്തതിനാൽ പുതിയ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രദേശത്തെ ജനസാന്ദ്രത, റെസ്പോൺസ് ടൈം (ഗ്രാമ പ്രദേശങ്ങളിൽ 20 മിനിറ്റും പട്ടണപ്രദേശങ്ങളിൽ 5 മിനിറ്റും) ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, അഗ്നിസുരക്ഷയെ ബാധിക്കാൻ സാദ്ധ്യതയുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം എന്നിവയാണ് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ. അനുയോജ്യമായ സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് ഫയർ & റെസ്ക്യൂ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നതാണ്.

(ബി) നിലവിൽ പരിഗണനയിലില്ല.

**മാവൂർ ഫയർ സ്റ്റേഷൻ**

203 (2012) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ആസ്ഥാനമായി ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മുൻഗണനാപട്ടികയിലും, ഇന്ത്യാ ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം ആർ.എം.എസ്.ഐ. എന്ന സംഘടന നടത്തിയ പഠന റിപ്പോർട്ടിലും മാവൂർ ഉൾപ്പെട്ടിട്ടില്ല.

**നന്ദിയോട് ഫയർ & റെസ്ക്യൂ സ്റ്റേഷൻ**

204 (2013) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ നന്ദിയോട് കേന്ദ്രമാക്കി ഒരു ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഇവിടെ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലോട് കേന്ദ്രമാക്കി പ്രസ്തുത ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും താൽക്കാലികമായി ഏർപ്പെടുത്തുന്നതിന് നന്ദിയോട് ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊണ്ടതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലമോ അനുയോജ്യമായ മറ്റേതെങ്കിലും സ്ഥലമോ കണ്ടെത്തി വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കൊട്ടാരക്കര ഫയർ സ്റ്റേഷൻ**

205 (2014) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര ഫയർ സ്റ്റേഷൻ സ്ഥാപിതമായതിനു ശേഷം അതിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാത്തത് നിലയത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലയത്തിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ഉചിതമാർഗ്ഗേന നൽകിയ നിവേദനത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര ഫയർ സ്റ്റേഷന് വേണ്ടി കെ.ഐ.പി.യുടെ സ്ഥലം പരിശോധിച്ചിരുന്നുവെങ്കിലും നാളിതുവരെ സ്വന്തമായി സ്ഥലം ലഭിച്ചിട്ടില്ല. നിലവിൽ മുനിസിപ്പാലിറ്റി വക കെട്ടിടത്തിൽ വാടക രഹിതമായി നിലയം പ്രവർത്തിച്ചു വരുന്നു. ടി സ്റ്റേഷന് 3 വാട്ടർ ടെണ്ടറും, ഒരു ആംബുലൻസും ആവശ്യം വേണ്ട ജീവൻ രക്ഷാ ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്.

(ബി) അടിയന്തര രക്ഷാ പ്രവർത്തനങ്ങൾക്ക് അത്യാവശ്യം വേണ്ട ഉപകരണങ്ങൾ സ്റ്റേഷനിൽ അനുവദിച്ചിട്ടുണ്ട്.

(സി) കൂടുതൽ ഉപകരണങ്ങൾ വകുപ്പിലേക്ക് വാങ്ങി ലഭ്യമാകുന്ന മുറയ്ക്കും ആവശ്യകത കണക്കിലെടുത്തും മറ്റു നിലയങ്ങളോടൊപ്പം കൊട്ടാരക്കര നിലയത്തിലേക്ക് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ**

206 (2015) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ സ്റ്റേഷൻ നിലവിലില്ലാത്ത കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മാടായിപ്പാറയിൽ വേനൽക്കാലത്ത് കൂടെക്കൂടെ ഉണ്ടാവുന്ന തീപിടുത്തത്തിന് പരിഹാരമായി പരിയാരം മെഡിക്കൽ കോളേജ്, ആയുർവ്വേദ കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന മണ്ഡലത്തിൽ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ പുതിയ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള മടായിപാറയിലെ 50 സെന്റ് ഭൂമി മലബാർ ദേവസ്വം ബോർഡിൽ നിന്ന് ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പരിയാരം മെഡിക്കൽ കോളേജ് പരിസരത്ത് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് താൽക്കാലിക സൗകര്യം ഒരുക്കുന്നതിന് സ്ഥലവും കെട്ടിടവും അനുവദിക്കുന്നതാണെന്ന് മെഡിക്കൽ കോളേജ് അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ**

207 (2016) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലത്ത് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് എന്നാണ് തീരുമാനമെടുത്തത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം ഫയർസ്റ്റേഷനുവേണ്ടി സംസ്ഥാന ബഡ്ജറ്റിൽ എത്ര തുക എന്ന് വകയിരുത്തി എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) ഒറ്റപ്പാലത്തും പരിസരപ്രദേശങ്ങളിലും തീപിടിത്തം വ്യാപകമാവുന്ന കാര്യവും തീ അണയ്ക്കുന്നതിനുള്ള സംവിധാനം ഫലപ്രദമല്ല എന്ന ആക്ഷേപവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) പതിനൊന്നാം ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ച് ഒറ്റപ്പാലത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ തുറക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിരുന്നു. 11-5-2007-ലെ ജി.ഒ. (ആർ.ടി.) നമ്പർ1282/2007/ആഭ്യന്തരം ഉത്തരവ് പ്രകാരം പുതുതായി തുറന്നു പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടിക അംഗീകരിച്ച് ഉത്തരവായിട്ടുള്ളതിൽ ക്രമ നമ്പർ 5 ആയി ഒറ്റപ്പാലം ഉൾപ്പെടുത്തിയിരുന്നു.

(ബി) 2016-17-ലെ ബഡ്ജറ്റിൽ "4059-60-051-85" എന്ന ശീർഷകത്തിൽ ഒറ്റപ്പാലം ഫയർ സ്റ്റേഷന്റെ നിർമ്മാണത്തിന് 1,01,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(സി) ഒറ്റപ്പാലത്തും പരിസര പ്രദേശങ്ങളിലും തീപിടുത്തം ഉണ്ടാകുന്ന അവസരങ്ങളിൽ ഷൊർണ്ണൂർ അഗ്നിരക്ഷാ നിലയത്തിൽ നിന്നും രക്ഷാ പ്രവർത്തനം നടത്തിവരുന്നുണ്ട്. തീ അണയ്ക്കുന്നതിനുള്ള സംവിധാനം ഫലപ്രദമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടില്ല.

**കൂത്താട്ടുകുളം ഫയർ സ്റ്റേഷൻ**

208 (2017) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ കൂത്താട്ടുകുളം ഫയർ സ്റ്റേഷനിൽ ഉണ്ടായിരുന്ന ആധുനിക സജ്ജീകരണങ്ങളുള്ള ഫയർ എൻജിൻ അവിടെ നിന്നും മാറ്റാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കൂത്താട്ടുകുളം, മുളന്തുരുത്തി എന്നീ ഫയർ സ്റ്റേഷനുകളിൽ പുതിയ ഫയർ എഞ്ചിനുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ കൂടുതലും കുത്തനെയുള്ള കയറ്റിറക്കങ്ങളും തീരെ ഇടുങ്ങിയ റോഡുകൾ ഉള്ളതുമായതിനാൽ അവിടെയുള്ള വാട്ടർ ടെണ്ടർ ഉപയോഗിച്ച് കാളുകൾ അറ്റൻഡ് ചെയ്യുന്നതിന് വേണ്ടി എത്തിപ്പെടുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് ഡ്രൈവർമാർ രേഖാമൂലം റിപ്പോർട്ട് നൽകിയിട്ടുള്ളതിനാലാണ് ടി വാഹനം മാറ്റി പകരമായി ഒരു മിനി വാട്ടർ ടെണ്ടർ നൽകിയിട്ടുള്ളത്

(ബി) വകുപ്പിലെ ആവശ്യകത അനുസരിച്ച് മതിയായ എണ്ണം വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്ക് കൂത്താട്ടുകുളം, മുളന്തുരുത്തി എന്നീ ഫയർസ്റ്റേഷനുകളിൽ പുതിയ ഫയർ എഞ്ചിനുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**യു.എ.പി.എ. വിചാരണ തടവുകാർ**

209 (2018) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ജയിലുകളിൽ യു.എ.പി.എ. ചുമത്തപ്പെട്ട എത്ര വിചാരണ തടവുകാർ ഉണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ ജയിലുകളിൽ യു.എ.പി.എ. ചുമത്തപ്പെട്ട 40 വിചാരണ തടവുകാർ ഉണ്ട്. ഇതിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടുന്നുണ്ട്. (കർണാടകം -1, തമിഴ്നാട്-1, മഹാരാഷ്ട്ര-2, ഡൽഹി-1)

**കാരണം കാണിക്കൽ നോട്ടീസ്**

210 (2019) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവിരുദ്ധമായ നടപടികൾക്ക് ജയിൽ വകുപ്പിലെ രണ്ട് ഉന്നതതല ഉദ്യോഗസ്ഥൻമാർക്ക് ജയിൽ മേധാവി ഇതിനകം കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതൊക്കെ ഉദ്യോഗസ്ഥൻമാർക്കാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളത്;

(സി) എന്തൊക്കെ കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് ഇവരോട് വിശദീകരണം ചോദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ-സി) ചീമേനി തുറന്ന ജയിലിൽ ഗോപൂജ നടത്തിയതുമായി ബന്ധപ്പെട്ട് ചീമേനി തുറന്ന ജയിൽ സൂപ്രണ്ടിനോട് ജയിൽ മേധാവി വിശദീകരണം ആവശ്യപ്പെട്ടിരുന്നു. അസിസ്റ്റന്റ് പ്രിസൺ ഓഫീസർ നിയമനവുമായി ബന്ധപ്പെട്ട കായിക ക്ഷമത പരീക്ഷ ഒരിക്കൽകൂടി നടത്തുന്നത് സംബന്ധിച്ച് അനുകൂല നടപടി സ്വീകരിക്കുന്നതിന് പി.എസ്.സി.-യിൽ കത്ത് നൽകിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, ഔദ്യോഗിക വസതിയിലെ താമസം സംബന്ധിച്ച വിഷയത്തിൻമേലും ജയിൽ ഐ.ജി.-യോട് ജയിൽ മേധാവി വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

**മോചിപ്പിക്കപ്പെട്ട തടവുകാർ**

211 (2020) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഏതൊക്കെ ജയിലുകളിൽ നിന്നും ശിക്ഷാകാലാവധി പൂർത്തിയാകാത്ത എത്ര പ്രതികളെവീതം മോചിപ്പിച്ചു ;

(ബി) മോചിപ്പിക്കപ്പെട്ട പ്രതികൾ ഏതെല്ലാം കുറ്റകൃത്യങ്ങളിൽപ്പെട്ട് ജയിൽ ശിക്ഷ വിധിക്കപ്പെട്ടവരായിരുന്നു;

(സി) ഇനി എത്ര തടവുകാരെ കാലാവധിക്ക് മുമ്പ് ഇളവുനൽകി ഏതെല്ലാം ജയിലുകളിൽനിന്ന് മോചിപ്പിക്കാൻ ഉദ്ദേശിക്കുന്നു; വിശദവിവരം നൽകുമോ;

(ഡി) ഇവർ ഇപ്പോൾ ഏതൊക്കെ കേസ്സുകളിൽപ്പെട്ട് ജയിൽശിക്ഷ അനുഭവിച്ച് വരുന്നവരാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ ഉപദേശക സമിതിയുടെ ശിപാർശപ്രകാരം 32 തടവുകാരെ മോചിപ്പിച്ചിട്ടുള്ളതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തടവുകാരുടെ എണ്ണം |
|---|---|---|
| 1 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം. | 13 |
| 2 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, കണ്ണൂർ. | 7 |
| 3 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, വിയ്യൂർ. | 2 |
| 4 | തുറന്ന ജയിൽ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി. | 5 |
| 5 | വനിതാ തുറന്ന ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം. | 3 |
| 6 | തുറന്ന ജയിൽ & കറക്ഷണൽ ഹോം, ചീമേനി. | 1 |
| 7 | വനിതാ തുറന്ന ജയിൽ & കറക്ഷണൽ ഹോം, കണ്ണൂർ. | 1 |
| | ആകെ | 32 |

(ബി) മോചിപ്പിക്കപ്പെട്ടവരിർ 31 പ്രതികൾ കൊലപാതകക്കേസുകളിൽ ശിക്ഷിക്കപ്പെട്ടവരും, ഒരാൾ ബലാത്സംഗം, മോഷണം എന്നീ കുറ്റകൃത്യങ്ങളിൽപ്പെട്ട് 34 വർഷമായി ശിക്ഷ അനുഭവിച്ചയാളുമാണ്

(സി) കേരളത്തിലെ 6 ജയിലുകളിൽ ജയിൽ ഉപദേശക സമിതി കൂടുകയും 44 പ്രതികളെ അകാലവിടുതൽ നൽകുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു. ടി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വിശദവിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തടവുകാരുടെ എണ്ണം |
|---|---|---|
| 1 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം. | 9 |
| 2 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, കണ്ണൂർ. | 19 |
| 3 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, വിയ്യൂർ. | 4 |
| 4 | തുറന്ന ജയിൽ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി. | 6 |
| 5 | വനിതാ തുറന്ന ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം. | 2 |
| 6 | തുറന്ന ജയിൽ & കറക്ഷണൽ ഹോം, ചീമേനി. | 4 |
| | ആകെ | 44 |

(ഡി) ജയിൽ ഉപദേശകസമിതി അകാലവിടുതലിനായി ശിപാർശ ചെയ്തിട്ടുള്ളവരിൽ വിവിധ കേസുകളിൽപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ച് വരുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | കൊലപാതക കേസുകൾ | 17 |
| 2 | അബ്കാരി കേസുകൾ | 6 |
| 3 | ബലാത്സംഗ കേസുകൾ | 5 |

| | | |
|---|---|---|
| 4 | കൈക്കൂലി, പണം തിരിമറി മുതലായ കേസുകൾ | 2 |
| 5 | വധശ്രമകേസുകൾ | 3 |
| 6 | സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, ആത്മഹത്യ പ്രേരണക്കുറ്റം, കഠിന ദേഹോപദ്രവം, ഭവനഭേദനം, ചതി മുതലായവ | 11 |
| | ആകെ | 44 |

## കോഴിക്കോട് സർക്കാർ പ്രസ്സ് ജീവനക്കാരുടെ അദർ ഡ്യൂട്ടി ക്രമീകരണം

212 (2021) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർക്കാർ പ്രസ്സിൽ ചികിത്സ/മാനുഷിക പരിഗണന അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ അദർ ഡ്യൂട്ടിയിൽ സേവനം ചെയ്യുന്നുണ്ട്; ഈ വ്യവസ്ഥ പ്രകാരം അപേക്ഷിക്കുന്നവർക്ക് അദർ ഡ്യൂട്ടി അനുവദിക്കുന്നതിന് മുൻഗണന ഉണ്ടോ; ഇപ്രകാരം സമർപ്പിച്ച ഏതെങ്കിലും അപേക്ഷ പരിഗണിക്കപ്പെടാതെ നിലവിൽ ഉണ്ടോ ;

(ബി) അച്ചടി വകുപ്പിനെ/സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച് അദർ ഡ്യൂട്ടി/പ്രവർത്തന ക്രമീകരണ സേവനം സമ്പാദിച്ച ഏതെങ്കിലും ജീവനക്കാരുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2016 മേയ് മാസം മുതൽ നാളിതുവരെ കോഴിക്കോട് സർക്കാർ പ്രസ്സിൽ എത്ര ജീവനക്കാർക്ക് അദർ ഡ്യൂട്ടി/പ്രവർത്തന ക്രമീകരണം അനുവദിച്ചിട്ടുണ്ട്; ആർക്കെല്ലാം; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ ചികിത്സ/മാനുഷിക പരിഗണന അടിസ്ഥാനത്തിൽ ആരും അദർഡ്യൂട്ടിയിൽ ജോലി ചെയ്യുന്നില്ല. മുൻഗണന ഇല്ല. അങ്ങനെയുള്ള അപേക്ഷ നിലവിലുണ്ട്.

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ താഴെപ്പറയുന്ന 7 ജീവനക്കാർക്ക് പ്രവർത്തനക്രമീകരണം അനുവദിച്ചിട്ടുണ്ട്. ശ്രീ.അബ്ദുൾ ഷുക്കൂർ, ശ്രീ. പി. എ. സക്കീർ ഹുസൈൻ, ശ്രീ.കെ. ധർമ്മേന്ദ്രൻ, ശ്രീ. എം.ടി. സച്ചിദാനന്ദൻ, ശ്രീ. എം. അജിത് കുമാർ, ശ്രീമതി പി. സ്മിത, ശ്രീമതി വി.കെ. ബീന, മാർഗരറ്റ്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കോവളം - കൊല്ലം കനാൽ**

213 (T* 2022) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം-കൊല്ലം കനാൽ ഗതാഗതയോഗ്യമാക്കുന്ന പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2001-2006, 2006-2011, 2011-2016 കാലയളവുകളിൽ എന്തൊക്കെ പണികൾ ഏറ്റെടുത്തുവെന്നും ഇതിനായി ഓരോ കാലഘട്ടത്തിലും എത്ര തുക ചെലവായെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ജലപാതയുടെ മൊത്തം നീളം എത്രയാണെന്നും എത്ര ദൂരം ഗതാഗതയോഗ്യമാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 74.18 കി.മി. ദൂരമുള്ള കോവളം-കൊല്ലം ജലപാതയിൽ വർക്കല അഞ്ചുതെങ്ങ് ഭാഗത്ത് 13 പ്രവൃത്തികൾ പല ഭാഗങ്ങളിലായി നടന്നുവരുന്നു. അതിൽ 5 പ്രവൃത്തികൾ നിർത്തലാക്കിയിട്ടുണ്ട്. രണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ആറ് പ്രവൃത്തികൾ പുരോഗതിയിലുമാണ്. കോവളം-ആക്കുളം വരെയുള്ള പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നാറ്റ്പാക് (NATPAC) നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെയുള്ള 7.86 കി.മീ. ദൂരമുള്ള കൊല്ലം തോടിന്റെ 2 കി.മീ. ഭാഗത്തെ ആഴം കൂട്ടൽ പൂർത്തിയാക്കിയിട്ടുണ്ട്. 3.5 കി.മീ. ഭാഗത്തെ 9.20 കോടി രൂപ ചെലവുള്ള ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കച്ചിക്കടവു മുതൽ ജലകേളി കേന്ദ്രം വരെയുള്ള ഭാഗത്തെ വികസന പ്രവൃത്തികൾക്കായി 5 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചിറയിൻകീഴ് പഞ്ചായത്തിൽ കടകം,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

വടക്കേ അരയത്തുരുത്ത്, തെക്കേ അരയത്തുരുത്ത് ഭാഗങ്ങളിൽ 2 വരി റോഡ് ബ്രിഡ്ജിന്റെ നിർമ്മാണത്തിനായുള്ള 3 പ്രവൃത്തികൾക്കായി യഥാക്രമം 6 കോടി, 7.6 കോടി, 6 കോടി എന്നിങ്ങനെ ആകെ 19.6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി.എസ്. കനാലിന്റെ കുറുകെ കൊല്ലം കല്ലുപാലത്തിന്റെ പുനർനിർമ്മാണത്തിനായി 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2001-2016 വരെയുള്ള കാലയളവിലെ പ്രവൃത്തികളും ചെലവായ തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ജലപാതയ്ക്ക് 74.18 കി.മീ. നീളമുണ്ട്. അതിൽ 27.50 കി.മീ. ദൂരം ഗതാഗതയോഗ്യമാണ്.

**കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാത**

214 (T* 2023) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊറ്റി -കോട്ടപ്പുറം ജലഗതാഗതപാതയിൽ ഈ സർക്കാർ വന്ന ശേഷം ഏതൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കാനും ടൂറിസ്റ്റുകൾക്കുകൂടി ബോട്ട് യാത്ര ചെയ്യാൻ കഴിയുന്ന തരത്തിൽ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കാനും നടപടികൾ ഉണ്ടാകുമോ;

(സി) സ്ലിപ്പ് വേയുടെ മുഴുവൻ പണിയും പൂർത്തീകരിച്ച് എപ്പോൾ സർക്കാരിന് ഏറ്റെടുക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊറ്റി-കോട്ടപ്പുറം ജലപാതയിൽ പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല.

(ബി) കൊറ്റി-കോട്ടപ്പുറം ജലപാതയിലെ യാത്രാ ബോട്ടുകളും ടൂറിസ്റ്റ് ബോട്ടുകളും സർവ്വീസ് നടത്തുന്നതിനായുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി മൂന്ന് ബോട്ടുജെട്ടികൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.

(സി) സംസ്ഥാന ജലഗതാഗത വകുപ്പ് പയ്യന്നൂർ മേഖലയിലെ അയിറ്റിയിൽ പണിയുന്ന സ്ലീപ്പ് വേ പോരായ്മകൾ പരിഹരിച്ച് പ്രവർത്തന സജ്ജമായി വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## കൊച്ചി സംയോജിത ജലഗതാഗത പദ്ധതി

215 (2024) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സംയോജിത ജലഗതാഗത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ടി പദ്ധതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) കൊച്ചിയിലേയും പ്രാന്തപ്രദേശങ്ങളിലെ ദ്വീപുകളിലേയും പൊതുജനങ്ങൾക്ക് സുഗമവും സുരക്ഷിതവുമായ യാത്രാസൗകര്യം ഒരുക്കുക വഴി അവരുടെ ജിവിത നിലവാരം ഉയർത്തുക; അത് ലക്ഷ്യമാക്കി ഉയർന്ന സുരക്ഷാനിലവാരത്തിലുള്ള ആധുനിക ബോട്ടുകളും, ബോട്ടുജെട്ടികളും ലഭ്യമാക്കുക; പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ കൊച്ചി നഗരത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കുക എന്നിവയാണ് കൊച്ചി സംയോജിത ജലഗതാഗത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. 38 ബോട്ടുജെട്ടികളും, 78 ബോട്ടുകളും ദ്വീപുകളിലുള്ള റോഡുകളുടെ വികസനവും ബോട്ട് ജെട്ടികളെയും മെട്രോ റെയിൽ സ്റ്റേഷനുകളെയും ബന്ധിപ്പിച്ചുള്ള ഫീഡർ ബസ് സർവ്വീസും വാട്ടർ മെട്രോയുടെ ഭാഗമാണ്.

(ബി) ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) പ്രകാരം മൊത്തം പദ്ധതി ചെലവ് 747.28 കോടി രൂപയാണ്.

(സി) പദ്ധതി സംബന്ധിച്ച സംക്ഷിപ്തക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കച്ചവട സ്ഥാപനങ്ങൾ റോഡ് കയ്യേറുന്നത് നിയന്ത്രിക്കുന്നതിന് നിയമം

216 (2026) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡിലേക്ക് വ്യാപിക്കുകയും പൊതുഗതാഗതത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന ലൈസൻസുള്ള കച്ചവട സ്ഥാപന ഉടമകളെ നിയന്ത്രിക്കുന്നതിന് ഏതെങ്കിലും നിയമം നിലവിലുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കച്ചവട സ്ഥാപനങ്ങൾ റോഡ് കൈയ്യടക്കുന്നത് വ്യാപകമായതിനാൽ, കാൽനടയാത്രക്കാർക്കുണ്ടാകുന്ന പ്രശ്ന പരിഹാരത്തിനും റോഡുസുരക്ഷ ഉറപ്പു വരുത്തുന്നതിനും പൊതുമരാമത്ത്, തദ്ദേശസ്വയംഭരണവകുപ്പ്, പോലീസ്, മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പ്, നിയമ വകുപ്പ് എന്നീ വകുപ്പുകളുമായാലോചിച്ച് നിയമ നിർമ്മാണം നടത്തുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (കൈ) നമ്പർ 63/16/പൊ.മ.വ. തീയതി, തിരുവനന്തപുരം 3-9-2016 പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചു കൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)നേയും, സ്റ്റേറ്റ് ഹൈവേയുടേയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടേയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B) യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.

(ബി) കച്ചവട സ്ഥാപനങ്ങൾ റോഡ് കയ്യടക്കുന്നത് വ്യാപകമായതിനാൽ കാൽനടയാത്രക്കാർക്കുണ്ടാകുന്ന പ്രശ്ന പരിഹാരത്തിനും റോഡ് സുരക്ഷ ഉറപ്പു വരുത്തുന്നതിനും, വിവിധ വകുപ്പുകളിലെ മേലദ്ധ്യക്ഷൻമാരുമായി കൂടിയാലോചന നടത്തി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വിവരാവകാശ കമ്മീഷനെ ശക്തിപ്പെടുത്തുവാൻ നടപടി**

217 (2027) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ കമ്മീഷനെ ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) മുഖ്യവിവരാവകാശ കമ്മീഷണറെ കൂടാതെ പ്രസ്തുത കമ്മീഷനിൽ എത്ര കമ്മീഷണർമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്നും എന്നാണ് അവരുടെ ഒഴിവുകൾ നിലവിൽ വന്നതെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും അതിലുണ്ടായ പ്രതിബന്ധങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ;

(സി) കമ്മീഷന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) നിലവിൽ കമ്മീഷനിൽ എത്ര അപ്പീൽ പരാതികളാണ് ഉള്ളത്;

(ഇ) വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ കമ്മീഷൻ ഓഫീസിനെയും വിവിധ സർക്കാർ സ്ഥാപനങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന സോഫ്റ്റ്വെയർ തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് ; അടിയന്തരമായി ഇത് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) വിവരാവകാശനിയമം ശക്തിപ്പെടുത്തുന്നതിനും ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റേയും ഭാഗമായി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഓഫീസിനേയും വിവിധ സർക്കാർ സ്ഥാപനങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന സോഫ്റ്റ് വെയർ തയ്യാറാക്കുന്നത് സംബന്ധിച്ച രൂപരേഖയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ബി) മുഖ്യവിവരാവകാശ കമ്മീഷണറെ കൂടാതെ 5 വിവരാവകാശ കമ്മീഷണർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ 5 കമ്മീഷണർമാരുടേയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ഒഴിവുകൾ നിലവിൽ വന്നത് 9-11-2012, 20-3-2015, 5-4-2015, 10-8-2015, 25-10-2015 എന്നീ തീയതികളിലാണ്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കുകയും അതിൻപ്രകാരം ലഭിച്ച അപേക്ഷകൾ മുൻ മുഖ്യമന്ത്രി, മുൻ വ്യവസായ വകുപ്പുമന്ത്രി, മുൻ പ്രതിപക്ഷ നേതാവ് എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിച്ച് മുൻ പ്രതിപക്ഷ നേതാവിന്റെ വിയോജനക്കുറിപ്പോടെ നിയമനത്തിനായുള്ള പാനൽ തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പാനലിന് ബഹുമാനപ്പെട്ട ഗവർണർ അംഗീകാരം നൽകിയിരുന്നില്ല. ഈ പാനലിൽ ഉൾപ്പെട്ടവർ അവർക്ക് നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും അനുകൂല വിധി സമ്പാദിക്കുകയും ചെയ്തു. ഈ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീലിൽ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ ഉത്തരവ് ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്.

(സി) ഇല്ല. എന്നാൽ കമ്മീഷൻ അംഗങ്ങളുടെ ഒഴിവുകൾ നികത്തപ്പെടാത്തത് പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 2017 ജനുവരി 31 വരെ 9,364 അപ്പീലുകളും 3,263 കംപ്ലയിന്റ് പെറ്റീഷനുകളും നിലവിലുണ്ട്.

(ഇ) സോഫ്റ്റ്വെയർ തയ്യാറാക്കുന്നത് സംബന്ധിച്ച രൂപരേഖയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

**പ്രഭാകരൻ കമ്മീഷൻ**

218 (2028) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയുടെ പിന്നാക്കാവസ്ഥ പഠിച്ച റിപ്പോർട്ട് സമർപ്പിക്കാനായി നിയോഗിക്കപ്പെട്ട പ്രഭാകരൻ കമ്മീഷൻ, എത്ര കോടി രൂപയുടെ പദ്ധതിയാണ് പിന്നോക്കാവസ്ഥ മാറ്റുന്നതിനായി നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) ഇത്രയും തുക സർക്കാരിന് നൽകാൻ കഴിയുമോ ;

(സി) പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞതനുസരിച്ച് ഇതുവരെ എത്ര തുകയാണ് കാസർഗോഡ് പാക്കേജിനു വേണ്ടി നൽകിയിട്ടുള്ളത്;

(ഡി) ബാക്കി തുക എങ്ങനെ എപ്പോൾ നൽകാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 11,123.07 കോടി രൂപയുടെ പദ്ധതിയാണ് കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ മാറ്റുന്നതിനായി നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ കേരള സർക്കാർ വിഹിതം 2524.56 കോടി രൂപയാണ്. സർക്കാരിന്റെ സാമ്പത്തിക നില അനുസരിച്ച് ഘട്ടം ഘട്ടമായി തുക അനുവദിക്കുന്നതാണ്.

(സി) കാസർഗോഡ് വികസന പാക്കേജിന് 2013 മുതൽ 2017 വരെ 25473.30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു.

| | | |
|---|---|---|
| 2013-14 | - | 2440.00 ലക്ഷം രൂപ |
| 2014-15 | - | 6870.00 ലക്ഷം രൂപ |
| 2015-16 | - | 7365.30 ലക്ഷം രൂപ |
| 2016-17 | - | 8798.00 ലക്ഷം രൂപ |

2017-18 സാമ്പത്തിക വർഷം കാസർഗോഡ് വികസന പാക്കേജിനായി 9000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലാ കളക്ടറിൽ നിന്നും വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്നതാണ്.

## മുഖ്യമന്ത്രി പ്രഖ്യാപിച്ച സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

219 (2029) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. കെ. ശശി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി പ്രഖ്യാപിച്ച സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം അർഹതയുടെ മാനദണ്ഡമെന്തെന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താനായി സ്വീകരിച്ച മാർഗ്ഗമെന്തെന്നും അറിയിക്കാമോ;

(സി) ഭൂരഹിതരായ ഭവന രഹിതർക്ക് ഈ പദ്ധതി ഏതു വിധത്തിൽ പ്രയോജനപ്പെടുമെന്ന് അറിയിക്കാമോ;

(ഡി) പദ്ധതിക്ക് എത്ര ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ധനസമാഹരണം ഏതു വിധത്തിലായിരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നവകേരള മിഷനിൽ ഉൾപ്പെട്ട സമ്പൂർണ്ണ ഭവന നിർമ്മാണ ദൗത്യം (ലൈഫ്) എന്ന പദ്ധതി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി ലക്ഷ്യമിടുന്നു. സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും, സമൂഹത്തിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകളും ജീവനോപാധികളും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. പാവപ്പെട്ടവർക്ക് ഒരു വീട് എന്നതിലുപരി ഓരോ വീട്ടിലേയും ഒരാൾക്കെങ്കിലും മെച്ചപ്പെട്ട തൊഴിൽ പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ, വിവിധ സാമൂഹിക സേവനങ്ങൾ, ചികിത്സയും കുട്ടികളുടെ വിദ്യാഭ്യാസാവശ്യത്തിനുമുള്ള സൗകര്യങ്ങൾ എന്നിവയൊക്കെ ലഭ്യമാക്കുന്ന രീതിയിലുള്ള സുരക്ഷിതമായ ഭവനങ്ങളാണ് ലൈഫ് മിഷനിൽ ലക്ഷ്യമിടുന്നത്. വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ-സാമൂഹ്യ പ്രവർത്തകർ, ഓരോ മേഖലയിലും വൈദഗ്ധ്യം തെളിയിച്ചവർ, സംസ്ഥാന കുടുംബശ്രീമിഷൻ തുടങ്ങി വൻ ജനപങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) കേരളത്തിലെ എല്ലാ ഭൂരഹിത/ഭവനരഹിതർക്കും, ഭവനം പൂർത്തിയാക്കാത്തവർക്കും, നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെ മേൽ സൂചിപ്പിച്ചിട്ടുള്ള വിഭാഗമാണ് ഗുണഭോക്താക്കളായി വരുന്നത്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധന താഴെപ്പറയുന്ന മൂന്ന് ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് :

1. നിലവിൽ ലഭ്യമായ വിവിധ പട്ടികകളിൽ (എസ്.ഇ.സി.സി., ഡാറ്റാ, പഞ്ചായത്തുകളിൽ ലഭ്യമായ ഭവനരഹിതരുടെ പട്ടിക) ഉള്ള ഗുണഭോക്താക്കൾ.

2. പട്ടികയിൽ ഇടം പിടിക്കാത്ത ഭൂരഹിതരും ഭവനരഹിതരുമായ ഗുണഭോക്താക്കൾ.

3. സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളായി ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരെ കണ്ടെത്തുന്നതിനുള്ള പരിശോധന/വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെ കണ്ടത്തുന്നതിനുള്ള പരിശോധന, ഇവരിൽ നിന്നാണ് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. കുടുംബശ്രീ മിഷൻ മുഖേന അർഹരായ ഗുണഭോക്താക്കളെ കണ്ടത്താനുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഭൂരഹിതരായ ഭവനരഹിതർക്ക് മാന്യവും സുരക്ഷിതവുമായ പാർപ്പിടം നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

(ഡി) സർവ്വേ പൂർത്തിയായാൽ മാത്രമേ പദ്ധതിയ്ക്ക് വേണ്ടി വരുന്ന ചെലവിന്റെ അന്തിമ രൂപം, ധനസമാഹരണം തുടങ്ങിയവ സംബന്ധിച്ച തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

**രാജി വച്ച ജീവനക്കാരുടെ സർവ്വീസ് പെൻഷൻ**

220 (2030) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിൽ നിന്നും 2003-ന് ശേഷം എത്ര ജീവനക്കാർ രാജി വച്ച് മറ്റ് സർവ്വീസുകളിലേക്ക് പോയി എന്നറിയിക്കാമോ ;

(ബി) ഇവരുടെ സപ്ലൈകോ സർവ്വീസ് മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ പെൻഷന് പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ബി.പി.എൽ. വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം**

221 (2031) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സമ്പ്രദായത്തിൽ മുൻഗണന, മുൻഗണന-ഇതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ബി) നിലവിൽ ബി.പി.എൽ. ആയിരുന്നവർ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് മുൻഗണനാ വിഭാഗത്തിൽനിന്നും ഒഴിവാക്കപ്പെട്ടത്;

(സി) ആയതുമായി ബന്ധപ്പെട്ട് എന്നുവരെ അപ്പീലുകൾ സമർപ്പിക്കാം എന്ന് വ്യക്തമാക്കാമോ;

(ഡി) അർഹതയില്ലാത്തവർ കടന്നുകൂടിയെന്നും അവരെ ഒഴിവാക്കണമെന്നും കാണിച്ച് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഇ) അർഹതയുണ്ടെന്നും ഉൾപ്പെടുത്തണമെന്നും കാണിച്ച് എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്;

(എഫ്) അർഹരായ ആളുകളെ പരിഗണിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 14-1-2011-ലെ സ.ഉ. (കൈ) നമ്പർ16/11/ത.സ്വ.ഭ.വ. ഉത്തരവിലെ റാങ്കിംഗ് മാനദണ്ഡങ്ങളും 27-4-2012-ല സ.ഉ. (കൈ) നമ്പർ112/2012/ത.സ്വ.ഭ., 3-12-2015-ലെ 392/15/ഭ.സി.സ.വ., 21-7-2015-ലെ 236750/ബി3/15/ഭ.സി.സ.വ. നമ്പർ കത്ത്, 29-8-2016-ലെ സ.ഉ.(കൈ) നമ്പർ11/2016 ഭ.പൊ.വി.വ. വകുപ്പിന്റെ ഉത്തരവ് എന്നിവ പ്രകാരമാണ് മുൻഗണനാ പട്ടികയിൽ ഉള്ളവരെ കണ്ടത്തിയിട്ടുള്ളത്. ടി ഉത്തരവുകൾ പ്രകാരം പുറത്താകുന്നവരെ മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) 14-1-2011-ലെ സ.ഉ. (കൈ) 16/11 ത.സ്വ.ഭ.വ. ഉത്തരവിലെ റാങ്കിംഗ് മാനദണ്ഡങ്ങളും 27-4-2012-ലെ സ.ഉ.(കൈ) നമ്പർ112/2012/ത.സ്വ.ഭ.വ., 3-12-2015-ലെ 392/15/ഭ.സി.സ.വ., 21-7-2015-ലെ 236750/ബി3/ 15/ഭ.സി.സ.വ. നമ്പർകത്ത്, 29-8-2016-ലെ സ.ഉ. (കൈ) നമ്പർ11/2016 ഭ.പൊ.വി.വ. വകുപ്പിന്റെ ഉത്തരവ് എന്നിവ പ്രകാരമാണ് സാമൂഹികവും സാമ്പത്തികവുമായ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ 1997 മുതൽ അനുവദിക്കപ്പെട്ട ബി.പി.എൽ. ആയിരുന്നവർ മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളത്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20-10-2016-ന് കരട് പട്ടിക പ്രസിദ്ധീകരിക്കുകയും പട്ടികയിൻമേൽ ആക്ഷേപ മുള്ളവർക്ക് 20-10-2016 മുതൽ 5-11-2016 വരെ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. 21-10-2016 മുതൽ 12-11-2016 വരെ അപ്പീലുകൾ സമർപ്പിക്കുന്നതിന് അവസരം ഉണ്ടായിരുന്നു. 7-1-2017-ന് ഇതുവരെയും ആക്ഷേപം സമർപ്പിക്കുവാൻ കഴിയാത്തവർക്ക് അവസരം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) അനർഹർ എന്ന രീതിയിൽ 57011 അപേക്ഷകൾ ആകെ ലഭിക്കുകയും പരാതികൾ പരിശോധിച്ച് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഡേറ്റാ എൻട്രിയും വെരിഫിക്കേഷനും പൂർത്തീകരിച്ച ശേഷം 33318 അപേക്ഷകളാണ് ഈ വിധത്തിൽ ലഭ്യമായിട്ടുള്ളത്. ഈ അപേക്ഷകളിൻമേൽ അന്വേഷണം നടത്തി ഉടൻ തന്നെ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ആകെ 1673422 അപേക്ഷകളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണം എന്ന് കാണിച്ച് ലഭ്യമായിട്ടുള്ളത്.

(എഫ്) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം 1.54 കോടി ജനങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ഈ പരിധിക്കുള്ളിൽ വരുന്നവരെ മാത്രമാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്.

## ബി.പി.എൽ./എ.പി.എൽ. മാനദണ്ഡങ്ങൾ

222 (2033) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തീയതി സഹിതം വിശദമാക്കാമോ ;

(ബി) ബി.പി.എൽ./എ.പി.എൽ. കുടുംബങ്ങളെ തരം തിരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

### <u>ഉത്തരം</u>

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക 20-10-2016-ന് പ്രസിദ്ധീകരിക്കുകയും 20-10-2016 മുതൽ 5-11-2016 വരെ കരട് പട്ടികയിൻമേൽ

ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ നൽകുവാൻ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായ വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ ഹിയറിംഗിനായി വിളിക്കുകയും ടി കമ്മിറ്റിയുടെ തീരുമാനത്തിൽ ആക്ഷേപമുണ്ടെങ്കിൽ ജില്ലാ കളക്ടർ അധ്യക്ഷനായ അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ അവസരം ഒരുക്കുകയും പരാതികൾ പരിഹരിച്ച് 10-2-2017-ന് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടിക അംഗീകാരത്തോടെ 8-3-2017-ന് മുമ്പ് തിരികെ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാർച്ച് മാസത്തോടുകൂടി പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുന്ന രീതിയിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

(ബി) എ.പി.എൽ./ബി.പി.എൽ. തരം തിരിവ് ഇപ്പോൾ നിലവിലില്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുവാൻ റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽനിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20-10-2016-ന് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയിൽ ആക്ഷേപമോ/പരാതികളോ ഉണ്ടെങ്കിൽ വെരിഫിക്കേഷൻ കമ്മിറ്റികളിലും നൽകുവാനായി അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റികളിൽ പരാതിയുള്ളപക്ഷം അപ്പീൽ കമ്മിറ്റിക്ക് പരാതി നൽകുവാൻ അവസരം നൽകിയിരുന്നു. 14-1-2011-ലെ സ.ഉ. (കൈ) നമ്പർ16/11/ത.സ്വ.ഭ.വ. ഉത്തരവിലെ റാങ്കിംഗ് മാനദണ്ഡങ്ങളും 27-4-2012-ലെ സ.ഉ. (കൈ) നമ്പർ 112/2012/ത.സ്വ.ഭ.വ., 3-12-2015-ലെ സ.ഉ.(സാധാ) നമ്പർ 392/15/ഭ.സി.സ.വ., 29-8-2016-ലെ സ.ഉ. (കൈ)നമ്പർ11/2016 ഭ.പൊ.വി.വ. എന്നിവയാണ് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ അടിസ്ഥാനമാക്കിയിട്ടുള്ള രേഖകൾ.

**എഫ്.സി.ഐ. ഗോഡൗണുകളിൽ തൊഴിലാളികൾക്ക് അട്ടിക്കൂലി**

223 (2034) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും അരി കയറ്റുന്ന തൊഴിലാളികൾക്ക് അട്ടിക്കൂലി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രതിവർഷം എത്ര രൂപയാണ് ഈയിനത്തിൽ സർക്കാരിനുണ്ടാകുന്ന അധികബാധ്യത എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത തുക കേന്ദ്ര സർക്കാരിൽ നിന്നും കൈകാര്യ ചെലവിനത്തിൽ വാങ്ങാമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുവേണ്ടി കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ടോ;

(ഡി) മറ്റ് സംസ്ഥാനങ്ങൾക്ക് നൽകാത്ത അട്ടിക്കൂലി കേരളത്തിന് മാത്രം വാങ്ങിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഇത്തരത്തിൽ ഒരു നിർദ്ദേശം രൂപം കൊണ്ടത് മന്ത്രിതലത്തിലാണോ ഉദ്യോഗസ്ഥ തലത്തിലാണോ എന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത നിർദ്ദേശത്തിന്റെ പ്രായോഗിക വശം സർക്കാർ വിശദമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സപ്ലൈകോ പൂർണ്ണമായും വാതിൽപ്പടി വിതരണം ആരംഭിക്കുന്നതുവരെ അട്ടികൂലി താല്ക്കാലികമായി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) അധികബാധ്യത എത്രയെന്ന് കണക്കാക്കിയിട്ടില്ല.

(സി&ഡി) 19-12-2016-ൽ ബഹുമാനപ്പെട്ട ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിൽ പ്രസ്തുത തുക കേന്ദ്ര സർക്കാരിൽ നിന്നും കൈകാര്യ ചെലവിനത്തിൽ വാങ്ങാമെന്ന് തീരുമാനിച്ചു എങ്കിലും ഇത് സംബന്ധിച്ച് കേന്ദ്രവുമായി കത്തിടപാടുകൾ നടത്തിയിട്ടില്ല.

(ഇ&എഫ്) ഭക്ഷ്യ ഭദ്രത നിയമപ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങളുടെ വിട്ടെടുപ്പുമായി ബന്ധപ്പെട്ട് തങ്ങൾക്ക് മുൻകാലങ്ങളിൽ റേഷൻ മൊത്ത വ്യാപാരികൾ നല്കിവന്നിരുന്ന അധിക കൂലി നല്കാതെ ലോഡ് കയറ്റാനാകില്ലെന്ന് പ്രഖ്യാപിച്ച് എഫ്.സി.ഐ. തൊഴിലാളികൾ പണിമുടക്കിയ സാഹചര്യത്തിൽ റേഷൻ വിതരണം തടസപ്പെടാതിരിക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടേയും സർക്കാർ സ്വീകരിച്ച കർശന നിലപാടുകളുടേയും ഫലമായാണ് തൊഴിൽ തർക്കം ഒത്തുതീർപ്പായതും റേഷൻ വിതരണം തടസമില്ലാതെ നടത്തുവാനും കഴിഞ്ഞത്.

**പുതിയ റേഷൻ കാർഡ്**

224 (2035) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് അച്ചടിയും വിതരണവും അനന്തമായി നീണ്ടു പോകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ വിഭാഗം, അന്ത്യോദയാ വിഭാഗം, സംസ്ഥാന സർക്കാരിന്റെ സബ്സിഡിക്കർഹരായവർ, മുൻഗണനേതര വിഭാഗം എന്നിങ്ങനെ നാല് വിഭാഗങ്ങൾക്ക് വ്യത്യസ്ത നിറത്തിലുള്ള കാർഡ് വിതരണം ചെയ്യുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) കാർഡുകളുടെ അച്ചടി ചുമതല ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നത്;

(ഡി) ഇപ്പോഴത്തെ സാഹചര്യത്തിൽ എന്നത്തേക്ക് കാർഡുകളുടെ വിതരണം പൂർത്തിയാക്കാനാകും?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാനിയമം 2013 പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികളും 20-10-2016-ന് പ്രസിദ്ധീകരിച്ച കരട് പട്ടികയിൻമേൽ ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി 10-2-2017-ന് നൽകിയിട്ടുണ്ട്. ടി പട്ടിക ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

(ബി) വിതരണം ചെയ്യും.

| | | |
|---|---|---|
| മുൻഗണനാ വിഭാഗം | - | പിങ്ക് |
| അന്ത്യോദയ അന്നയോജന | - | മഞ്ഞ |
| മുൻഗണനേതര സ്റ്റേറ്റ് സബ്സിഡി | - | നീല |
| മുൻഗണനേതര വിഭാഗം | - | വെള്ള |

എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) റേഷൻ കാർഡിന്റെ ഔട്ടർ പേജ് സി-ഡിറ്റിനേയും, ഇന്നർ ഷീറ്റ് കെ.ബി.പി.എസ്.-നേയുമാണ് അച്ചടിച്ച് നൽകുവാനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) 2017 ഏപ്രിൽ മാസത്തോടുകൂടി റേഷൻകാർഡ് അച്ചടിച്ച് വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പുതിയ റേഷൻ കാർഡ് പട്ടിക

225 (2036) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓരോ റേഷൻ കട പരിധിയിലും വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും അർഹരെ ഉൾപ്പെടുത്തി കുറ്റമറ്റ രീതിയിൽ എ.പി.എൽ. /ബി.പി.എൽ. ലിസ്റ്റ് പുനഃപ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

പരിഗണനയിലില്ല. റേഷൻ കാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞതിനുശേഷം അനർഹരായവർ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം വകുപ്പു തലത്തിൽ പരിശോധിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്.

## വയനാട് മെഗാ ഫുഡ് പാർക്ക്

226 (2037) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻബജറ്റിൽ പ്രഖ്യാപിച്ച വയനാട് മെഗാ ഫുഡ് പാർക്ക് പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വയനാട് മെഗാ ഫുഡ് പാർക്കിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## റേഷൻ വിതരണരംഗത്ത് പ്രതിസന്ധി

227 (2038) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് റേഷൻ വിതരണരംഗത്ത് സംജാതമായ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) മുൻഗണനാ പട്ടികയ്ക്ക് പുറത്തുള്ളവർക്കും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള ക്വാട്ട വർദ്ധിപ്പിച്ചുനൽകാനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം പരിഗണിക്കുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും ഉറപ്പ് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) ഭക്ഷ്യഭദ്രതാനിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടികാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമാനദണ്ഡ മനുസരിച്ചാണ് അധിക വിഹിതം തീരുമാനിച്ചിട്ടുള്ളത് എന്നതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ലായെന്ന് കേന്ദ്രം അറിയിച്ചു. എന്നാൽ OMSS/ഇക്കണോമിക് നിരക്കുകളിൽ കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കി സംസ്ഥാനത്ത് വിതരണം നടത്തുന്നുണ്ട്.

**റേഷൻ വിതരണം**

228 (2039) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയിലൂടെയുള്ള റേഷൻ വിതരണ ത്തിനായി തയ്യാറാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ പട്ടികയിൽ വ്യാപകമായി അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ക്രമക്കേട് ഒഴിവാക്കാൻ എന്ത് നടപടി കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള വില നിയന്ത്രണ അതോറിറ്റി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ വിലനിയന്ത്രണ അതോറിറ്റിയുടെ പ്രവർത്തനവും ഇടപെടലും കാര്യക്ഷമമല്ല എന്ന ആക്ഷേപം പരിഹരിക്കാൻ എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുവാൻ റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20-10-2016-ന് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയിൽ ആക്ഷേപമോ/പരാതികളോ ഉണ്ടെങ്കിൽ വെരിഫിക്കേഷൻ കമ്മിറ്റികളിലും നൽകുവാനായി അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റികളിൽ പരാതിയുള്ള പക്ഷം അപ്പീൽ കമ്മിറ്റിക്ക് പരാതി നൽകുവാൻ അവസരം നൽകിയിരുന്നു. പരാതിക്കാരെ നേർകാഴ്ചയ്ക്ക് വിളിക്കുകയും അടിസ്ഥാന രേഖകൾ പരിശോധിക്കുകയും ചെയ്ത് പട്ടികയിൽ മാറ്റം വരുത്തുകയും, അന്തിമ പട്ടികയ്ക്ക് ഗ്രാമസഭയുടെ അംഗീകാരത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്ക് 10-2-2017-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പട്ടിക അംഗീകരിച്ച് തിരികെ ലഭ്യമായ ഉടൻ തന്നെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. 2017 മാർച്ച് മാസത്തോടെ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അനർഹർ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അക്കാര്യം പുനഃപരിശോധിക്കുന്നതിനുള്ള നടപടികളും ആലോചിക്കുന്നുണ്ട്.

(ബി) വിലനിയന്ത്രണ സെൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(സി) വിലനിയന്ത്രണത്തിനായി ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ ഒരു സെൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്താൽ സംസ്ഥാനത്തെയും സംസ്ഥാനത്തിന് വെളിയിലെയും വില നിലവാരം മുൻകൂട്ടി മനസ്സിലാക്കി വിപണി ഇടപെടലിന് വേണ്ട ഫലപ്രദമായ സംവിധാനം സാധ്യമാക്കും.

**റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ**

229 (2040) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സാധ്യത പരിശോധിച്ചുവരുന്നു.

**ഭക്ഷ്യ ഭദ്രതാ നിയമം**

230 (2041) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലായപ്പോൾ കേരളത്തിനു ലഭിക്കുന്ന ഭക്ഷ്യ വിഹിതത്തിൽ എത്ര ടണ്ണിന്റെ കുറവു വന്നിട്ടുണ്ട്;

(ബി) ഭക്ഷ്യ കമ്മി സംസ്ഥാനമായ കേരളത്തിന് ഇത് എത്രമാത്രം ദോഷം ചെയ്യും എന്ന് ഭക്ഷ്യ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(സി) കുറവു വന്ന അരിവിഹിതം പുനസ്ഥാപിച്ചു കിട്ടുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2 ലക്ഷം മെട്രിക് ടൺ ധാന്യത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

(ബി&സി) ഭക്ഷ്യഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രത നിയമ പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടികാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമാനദണ്ഡ മനുസരിച്ചാണ് അധിക വിഹിതം തീരുമാനിച്ചിട്ടുള്ളത് എന്നതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ലായെന്ന് കേന്ദ്രം അറിയിച്ചു. എന്നാൽ OMSS/ഇക്കണോമിക് നിരക്കുകളിൽ കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കി വിതരണം നടത്തുന്നുണ്ട്.

**റേഷൻ കട ഉടമകളുടെ പ്രശ്നങ്ങൾ**

231 (2042) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതിന്റെയും ആധാർ നിർബന്ധ മാക്കുന്നതിന്റെയും പശ്ചാത്തലത്തിൽ റേഷൻകട ഉടമകളുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; റേഷൻ കട ഉടമകൾക്ക് മിനിമം വേതനം എന്നതിനോട് നിലപാട് വ്യക്തമാക്കാമോ ;

(സി) റേഷൻ കടകളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾക്ക് അളവിൽ കൃത്യതയുണ്ടാകാറില്ല എന്ന സ്ഥിരം പരാതിക്ക് പരിഹാരം കാണാനാകുമോ; ആയതിനുള്ള നടപടി വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) 2013-ൽ ഭാരത സർക്കാർ പാസാക്കിയ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു. റേഷൻ കാർഡുകളുടെ അപേക്ഷയോടൊപ്പം ആർ വിവരങ്ങളും ശേഖരിച്ചിരുന്നു. ഈ വിവരങ്ങൾ നാഷണൽ ഇൻഫോർമാറ്റിക് (എൻ.ഐ.സി.) തയ്യാറാക്കിയിട്ടുള്ള ആപ്ലിക്കേഷൻ മുഖേന റേഷൻ കാർഡ് ഡാറ്റാബേസിൽ സീഡ് ചെയ്തിട്ടുണ്ട്. റേഷൻ വ്യാപാരികൾക്കുള്ള പാക്കേജ് സംബന്ധിച്ച് പഠിക്കുവാൻ റേഷൻ വ്യാപാരി പ്രതിനിധികൾ, സിവിൽ സപ്ലൈസ് ഡയറക്ടർ, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ, തൊഴിൽ വകുപ്പ് പ്രതിനിധി, ഡബ്ല്യൂ.എഫ്.പി. പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. 2017 മദ്ധ്യത്തോടുകൂടി എല്ലാ റേഷൻ കടകളിലും ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീൻ സ്ഥാപിക്കുന്നതിനും റേഷൻ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻ സാധനങ്ങളുടെ അളവിലെ കൃത്യത സംബന്ധിച്ച പരാതി ഇല്ലാതാക്കാൻ കഴിയും.

**റേഷൻ കടകളിലൂടെ കൂടുതൽ ഉത്പന്നങ്ങൾ**

232 (2043) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകളിലെയും മൊത്ത വിതരണ കേന്ദ്രങ്ങളിലെയും ക്രമക്കേടുകൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഗോഡൗണുകൾ മുതൽ റേഷൻ കടകൾ വരെ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിൽ ഉണ്ടാകുന്ന ചോർച്ച തടയാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) റേഷൻ കടകളിലൂടെ കൂടുതൽ ഉത്പന്നങ്ങൾ വിൽക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ റേഷനിംഗ് കൺട്രോളർ, വിജിലൻസ് ഓഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരടങ്ങിയ സ്ഥിരം മോണിറ്ററിംഗ് സംവിധാനത്തിന് പുറമേ സ്പെഷ്യൽ സ്ക്വാഡ്, ഷാഡോ ടീം തുടങ്ങിയ പ്രത്യേക മോണിറ്ററിംഗ് ടീമുകളും റേഷൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വരുന്നു. റേഷൻ വിതരണ രംഗത്തെ പരാതികൾ പരിഹരിക്കുന്നതിനായി ജില്ല/താലൂക്ക്/പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റികൾ നിലവിലുണ്ട്. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന ജില്ലാ തല പരാതി പരിഹാര ഓഫീസർമാരായി എല്ലാ ജില്ലയിലും അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് ഫുഡ് കമ്മീഷന്റെ ചുമതല നൽകിയിട്ടുമുണ്ട്. വാതിൽപ്പടി വിതരണം നടപ്പിലാക്കുക വഴി റേഷൻ കടകൾ വരെ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിനുൽ ഉണ്ടാകുന്ന ചോർച്ച തടയാൻ സാധിക്കും. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എഫ്.സി.ഐ. ഗോഡൗൺ/ സി.എം.ആർ. മില്ലുകൾ എന്നിവിടങ്ങളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഇതിനായി പ്രത്യേകമായി കണ്ടെത്തിയിട്ടുള്ള ഇന്റർ മീഡിയറി ഗോഡൗണുകളിൽ സംഭരിച്ച്, താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നു ലഭിക്കുന്ന ലിസ്റ്റനുസരിച്ച് ഓരോ റേഷൻവ്യാപാരിയുടേയും വിഹിതം അവരുടെ റേഷൻ കടകളിൽ എത്തിച്ചുകൊടു ക്കുന്നതാണ് വാതിൽപ്പടി വിതരണ സംവിധാനം വാതിൽപ്പടി വിതരണ സംവിധാനം മുഖേന റേഷൻ ഭക്ഷ്യധാന്യങ്ങൾ എല്ലാ റേഷൻകടകളിലും നേരിട്ട് എത്തിക്കുന്നതാണ്. ഇതിനായി സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ (സപ്ലൈകോ) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതോടുകൂടി ഭക്ഷ്യധാന്യം എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് വിട്ടെടുക്കുന്നത് മുതൽ ഉപഭോക്താവിന് എത്തിക്കുന്നത് വരെയുള്ള നീക്കങ്ങൾ സുതാര്യവും കാര്യക്ഷമവുമാകും.

(സി) സാധ്യത പരിശോധിച്ചു വരുന്നു.

## മാവേലി സ്റ്റോർ വിപുലീകരണം

233 (2044) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോർ വിപുലീകരണം പരിഗണനയിലുണ്ടോ ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) മാവേലി സ്റ്റോറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും അരിവില നിയന്ത്രിക്കാനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ ;

(ഡി) കേന്ദ്രം വെട്ടിക്കുറച്ച അരിവിഹിതം പുനഃസ്ഥാപിക്കുന്നതുവരെ സർക്കാർ നേരിട്ടിടപെട്ട് പൊതുവിതരണ സംവിധാനത്തിൽ അരിലഭ്യത ഉറപ്പുവരുത്തുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ 9532 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) സ്ഥലപരിമിതിയുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും കൂടുതൽ തവണ സാധനങ്ങൾ എത്തിക്കുകയും ചെയ്യുന്നു. ഉത്സവസീസണുകളിൽ ആവശ്യത്തിന് അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുകയും സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗിച്ചും അവശ്യ സാധനങ്ങൾ വിൽപ്പനശാലകളിൽ എത്തിക്കുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ മാവേലി സ്റ്റോർ/സൂപ്പർ മാർക്കറ്റ് തലത്തിൽ സാമൂഹ്യ പ്രവർത്തകരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പരാതികൾ സ്വീകരിക്കുകയും പരിഹരിക്കുകയും ചെയ്യുന്നു. ഡിപ്പോകളിൽ സാധനങ്ങളുടെ ദൗർലഭ്യം നേരിടുമ്പോൾ മറ്റ് ഡിപ്പോകളിൽ നിന്ന് സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു. വിൽപ്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഓഡിറ്റ് & ഇൻസ്പെക്ഷൻ വിംഗും സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് എല്ലാ വിൽപ്പനശാലകളിലും ഉറപ്പുവരുത്തുന്നതിനും സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും, ഇന്റേണൽ ഓഡിറ്റ് വിഭാഗവും ജൂനിയർ മനേജർമാരും (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) വിൽപ്പനശാലകളിൽ പരിശോധന നടത്തുന്നുണ്ട്.

(ഡി) അരിവില നിയന്ത്രിക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി 1412 സപ്ലൈകോ വില്പനശാലകൾക്കുപുറമേ എല്ലാ ജില്ലകളിലും അരിക്കട ഫെയറുകൾ തടങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഫ്.സി.ഐ.-യിൽ നിന്നും ഇ-ഓക്ഷൻ മുഖേന പുഴക്കലരി, പച്ചരി എന്നിവ സംഭരിച്ച് വിൽപ്പനശാലകൾ വഴി സബ്സിഡി നിരക്കിൽ യഥാക്രമം കിലോഗ്രാമിന് 25 രൂപ, 23 രൂപ ക്രമത്തിലും, ജയ അരി 25 രൂപയ്ക്കും വിതരണം നടത്തുന്നു. ഇതിനു പുറമേ ഓയിൽ പാം ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി കിലോ ഗ്രാമിന് 33 രൂപയ്ക്ക് വിപണനം ചെയ്യുന്നു. ഇത്തരത്തിൽ എല്ലാ ഇനം അരിയുടെയും ലഭ്യത ഉറപ്പുവരുത്തുകയും ആയവ സബ്സിഡി നിരക്കിന് പുറമേ, വിപണി വിലയേക്കാൾ കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും വിപണനം ചെയ്യുന്നു.

**റേഷൻ വിതരണത്തിലെ അപാകതകൾ**

234 (2045) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റേഷൻ വിതരണത്തിലെ അപാകതകൾ നീക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 2011 മുതൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അരിയുടെ കണക്ക് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കി. 3.34 കോടി ജനങ്ങൾ ഉള്ളതിൽ കേരളത്തിൽ 1.54 കോടി ഗുണഭോക്താക്കൾ മുൻഗണനാ പട്ടികയിൽ അർഹത നേടിയിട്ടുണ്ട്. മറ്റുള്ളവർ മുൻഗണനേതര പട്ടികയിൽ ഉൾപ്പെടുന്നതാണ്. റേഷൻ സാധനങ്ങളുടെ പ്രതിമാസ വിതരണതോത്, വിലവിവരം എന്നിവ എല്ലാ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും പരസ്യപ്പെടുത്തുകയും പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധ പ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ഈ വിവരങ്ങൾ ലഭ്യമാണ്. ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചു കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർനിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്ന തിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര

സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതോടുകൂടി റേഷൻവിതരണം തികച്ചും സുതാര്യമാകും.

(ബി) അനുവദിച്ച അരിയുടെ അളവ് (ടൺ)

| | നോർമൽ ക്വാട്ട | അഡ്ഹോക്ക് ക്വാട്ട | ആകെ |
|---|---|---|---|
| 2011-12 | 1001724 | 275145.6 | 1276869.6 |
| 2012-13 | 1001724 | 403199 | 1404923 |
| 2013-14 | 1001724 | 270476 | 1272200 |
| 2014-15 | 1001724 | 344939 | 1346663 |
| 2015-16 | 1001724 | 270480 | 1272204 |
| 2016-17 | 1088754.256 | 67620 | 1156374.256 |

**റേഷൻ കാർഡുകളുടെ വിതരണം**

235 (2046) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിൽ എന്തെല്ലാം സാങ്കേതിക തടസ്സങ്ങളാണ് വകുപ്പിനു മുന്നിലുള്ളത്; വിശദമാക്കുമോ;

(ബി) നിലവിൽ റേഷൻ ലഭിച്ചുകൊണ്ടിരുന്ന മുഴുവൻ വിഭാഗങ്ങൾക്കും റേഷൻ ലഭിക്കത്തക്ക വിധത്തിലുള്ള കാർഡുകളാണോ ക്രമീകരിച്ചുകൊണ്ടിരിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കരട് മുൻഗണനാ പട്ടിക 20-10-2016-ന് പ്രസിദ്ധീകരിക്കുകയും ടി പട്ടികയിൻമേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക 10-2-2017-ന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ടി പട്ടിക ലഭ്യമായ ഉടൻതന്നെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും റേഷൻ കാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

(ബി) എ.എ.വൈ. കാർഡുകൾക്ക് 35 കി.ഗ്രാം ഭക്ഷ്യധാന്യവും മുൻഗണനാ വിഭാഗങ്ങൾക്ക് ആളൊന്നിന് 5 കി.ഗ്രാം ഭക്ഷ്യ ധാന്യവും, മുൻഗണനേതര സ്റ്റേറ്റ് സബ്സിഡി വിഭാഗങ്ങൾക്ക് ആളൊന്നിന് 2 രൂപ നിരക്കിൽ 2 കി.ഗ്രാം അരിയും ശേഷിക്കുന്ന അളവിനെ തുല്യമായി വീതിച്ച് മുൻഗണനേതര വിഭാഗക്കാർക്ക് നൽകിവരുന്നു.

## മാവേലി സ്റ്റോറുകളുടെ എണ്ണം

236 (2047) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട മണ്ഡലത്തിലെ മാവേലി സ്റ്റോറുകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) പുതിയവ ആരംഭിയ്ക്കുന്നതിനുള്ള നിർദ്ദേശമുണ്ടോ; എങ്കിൽ ഏത് പഞ്ചായത്തിലാണെന്നത് വ്യക്തമാക്കാമോ; ഇതിനായുള്ള നടപടി എന്തായെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാട്ടാക്കട മണ്ഡലത്തിൽ മലയിൻകീഴ്, കാട്ടാക്കട, മാറനല്ലൂർ, വിളവൂർക്കൽ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ഓരോ മാവേലി സ്റ്റോറും വിളപ്പിൽ ഗ്രാമ പഞ്ചായത്തിൽ രണ്ട് മാവേലി സ്റ്റോറുകളും ഉണ്ട്. കൂടാതെ പള്ളിച്ചൽ പഞ്ചായത്തിൽ ഒരു സൂപ്പർ മാർക്കറ്റും മലയിൻകീഴ് പഞ്ചായത്തിൽ ഒരു പീപ്പിൾസ് ബസാറും പ്രവർത്തിക്കുന്നു.

(ബി) കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ അമ്പലത്തിൻകാല എന്ന സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. സാദ്ധ്യത പഠനറിപ്പോർട്ടിന്റെയും, ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കാൻ നടപടി

237 (2048) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ കൂടുതൽ സ്റ്റോക്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) 25 രൂപയ്ക്ക് ലഭിച്ചിരുന്ന അരി അതേ വിലയ്ക്ക് സബ്സിഡി നൽകി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) അടുക്കും ചിട്ടയും ഇല്ലാതെ കാലങ്ങളായി പ്രവർത്തിച്ചുവരുന്ന മാവേലി സ്റ്റോറുകൾ വൃത്തിയാക്കി നവീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. വിൽപ്പനയ്ക്കാനുപാതികമായി എല്ലാ സപ്ലൈകോ വിൽപ്പനശാലകളിലും പര്യാപ്തമായ സ്റ്റോക്ക് സൂക്ഷിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരി ഉൾപ്പെടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. മട്ട അരി കിലോ ഗ്രാമിന് 24 രൂപയും, ജയ അരി, കുറുവ അരി എന്നിവ കിലോ ഗ്രാമിന് 25 രൂപയും, പച്ചരി കിലോഗ്രാമിന് 23 രൂപയും സബ്സിഡി നിരക്കിൽ നൽകി വരുന്നു.

(സി) സ്വീകരിച്ചു വരുന്നു. നവീകരണത്തിന്റെ ഭാഗമായി ശരാശരി 10 ലക്ഷത്തിലധികം വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി പ്രവർത്തിച്ചു വരുന്നുണ്ട്. സ്ഥല പരിമിതിയുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥലം വാടകയ്ക്കെടുത്ത് സ്ഥല സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്ഥല സൗകര്യം വളരെ കുറഞ്ഞ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോറുകൾ സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**റേഷൻ വ്യാപാരികൾക്ക് വേതനം**

238 (2049) <u>ശ്രീ. പി. കെ. ബഷീർ</u> :

<u>ശ്രീ. സി. മമ്മൂട്ടി</u> :

<u>ഡോ. എം. കെ. മുനീർ</u> :

<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യഭദ്രതാനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് വേതനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വേതനം നൽകുന്നതുമൂലം റേഷൻ വിതരണത്തിൽ നിലനിൽക്കുന്ന ക്രമക്കേടുകൾ പരിഹരിക്കാനാവുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഓരോ കാർഡുടമകൾക്കും അർഹതപ്പെട്ട റേഷൻ വസ്തുക്കൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ മുൻകരുതൽ കൂടി ഇതോടൊപ്പം സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് നൽകേണ്ട പാക്കേജിനെ സംബന്ധിച്ച് പഠിക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥരും റേഷൻ വ്യാപാരി പ്രതിനിധികളും അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും റേഷൻ വ്യാപാരികൾക്ക് നൽകേണ്ട പാക്കേജിനെ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ടി കമ്മിറ്റിയോട് സർക്കാർ ആവശ്യപ്പെടുകയും ചെയ്തു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കമ്മീഷനും ഇൻസെന്റീവും ഉൾപ്പെടെയുള്ള പാക്കേജാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. വേതനം നൽകുന്നത് ഈ കമ്മിറ്റിയുടെ പരിഗണനയിലില്ല.

(ബി) റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ വേതനം നൽകിയതുകൊണ്ടു മാത്രം തടയാനാകുമെന്ന് കരുതുന്നില്ല. ആയതിന് പര്യാപ്തമായ മാർഗ്ഗങ്ങൾ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുമ്പോൾ നിയമപ്രകാരം ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. ആയതിന് വേണ്ടി എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ജി.പി.എസ്. ട്രാക്കിംഗ് മുതലായവ നടപ്പാക്കുന്നതാണ്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണ തോതിൽ നടപ്പാക്കുമ്പോൾ റേഷൻ കടകൾ വഴിയുള്ള റേഷൻ വിതരണം ഇ-പോസ് മെഷിൻ വഴി ആധാർ അധിഷ്ഠിത കാർഡുകളിലൂടെയും ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഉപഭോക്താക്കളെ കണ്ടെത്തുന്നതിനാൽ റേഷൻ വിതരണത്തിൽ ക്രമക്കേടുകൾ നടത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ റേഷൻ ഡിപ്പോകളിൽ സ്റ്റോക്ക് എത്തി ചേരുമ്പോഴും കാർഡ് ഉടമയുടെ പേരിൽ ബില്ല് ചെയ്യുമ്പോഴും എസ്.എം.എസ്. സംവിധാനം മുഖേന കാർഡുടമയ്ക്ക് അറിയിപ്പ് നൽകുന്നത് വഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ സാധിക്കുന്നതാണ്.

**മാവേലി സപ്ലൈകോ സ്റ്റോറുകളുടെ പ്രവർത്തനം**

239 (2050) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളുടെയും സപ്ലൈകോ സ്റ്റോറുകളുടെയും പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) പ്രാദേശിക ആവശ്യകത അടിസ്ഥാനമാക്കി പുതുതായി സപ്ലൈകോ സ്റ്റോറുകളും മാവേലി സ്റ്റോറുകളും ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉദ്ദേശിക്കുന്നുണ്ട്. സ്ഥലപരിമിതിയുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും കൂടുതൽ തവണ സാധനങ്ങൾ എത്തിക്കുകയും ചെയ്യുന്നു. ഉത്സവസീസണുകളിൽ ആവശ്യത്തിന് അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുകയും സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗിച്ചും അവശ്യസാധനങ്ങൾ വിൽപ്പനശാലകളിൽ എത്തിക്കുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ മാവേലി സ്റ്റോർ/സൂപ്പർ മാർക്കറ്റ് തലത്തിൽ സാമൂഹ്യ പ്രവർത്തകരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പരാതികൾ സ്വീകരിക്കുകയും പരിഹരിക്കുകയും ചെയ്യുന്നു. ഡിപ്പോകളിൽ സാധനങ്ങളുടെ ദൗർലഭ്യം നേരിടുമ്പോൾ മറ്റ് ഡിപ്പോകളിൽ നിന്ന് സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു. വിൽപ്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഓഡിറ്റ് & ഇൻസ്പെക്ഷൻ വിംഗും സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് എല്ലാ വിൽപ്പനശാലകളിലും ഉറപ്പ് വരുത്തുന്നതിനും സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും, ഇന്റേണൽ ഓഡിറ്റ് വിഭാഗവും ജൂനിയർ മനേജർമാരും (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) വിൽപ്പനശാലകളിൽ പരിശോധന നടത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 32 ഗ്രാമ പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് ഈ പഞ്ചായത്തുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിലവിൽ ഒരു മാവേലി സ്റ്റോർ മാത്രമുള്ള പഞ്ചായത്തുകളിൽ രണ്ടാമതൊന്ന് കൂടി ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾ തയ്യാറായാൽ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലും ജീവനക്കാരുടെ ലഭ്യത കണക്കിലെടുത്തും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**സപ്ലൈകോ മുഖേന നെല്ല് സംഭരണം**

240 (2051) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ നിന്നും 2016-2017-ൽ സപ്ലൈകോ മുഖേന സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണ്;

(ബി) ഇതിൽ രണ്ടാം വിളയിൽ നെല്ല് ശേഖരിച്ചതിന്റെ തുക ഇതുവരെയും കർഷകർക്ക് ലഭ്യമായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) 2016-ൽ ശേഖരിച്ച ഒന്നാം വിളയിൽ ഇനി എത്ര രൂപയാണ് കർഷകർക്ക് കൊടുക്കാനുള്ളത്; ഇത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കുടിശ്ശിക ഉടൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17 സീസണിൽ പാലക്കാട് ജില്ലയിൽനിന്നും 27-2-2017 വരെ സപ്ലൈകോ മുഖേന സംഭരിച്ചത് 109656.225 മെ.ടൺ നെല്ലാണ്.

(ബി) ഉണ്ട്. 27-2-2017 വരെ സംഭരിച്ച 109656.225 മെ.ടൺ നെല്ലിന് നല്കുവാനുണ്ടായിരുന്ന 246.72 കോടി രൂപയിൽ 229.47 കോടി രൂപ കർഷകർക്ക് നല്കിക്കഴിഞ്ഞു. 17.24 കോടി രൂപ കുടിശ്ശികയുണ്ട്.

(സി&ഡി) 31-12-2016 വരെ പാലക്കാട് ജില്ലയിൽ നിന്ന് സംഭരിച്ച നെല്ലിന്റെ സംഭരണ വിലയിൽ ഇനി കർഷകർക്ക് 34.39 ലക്ഷം രൂപ നൽകുവാനുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് തുക ലഭിക്കുന്നതിലെ കാലതാമസംമൂലമാണ് ഇതിന്റെ വിതരണം വൈകുന്നത്. കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ലൈസൻസ് സസ്പെൻഡ് ചെയ്ത റേഷൻ കടകൾ**

241 (2052) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ റേഷൻ പൂഴ്ത്തിവെപ്പുമായി ബന്ധപ്പെട്ട് ഏതൊക്കെ കടകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത റേഷൻ കടകളുടെ ഉടമസ്ഥർ ആരൊക്കെയാണെന്നും റേഷൻ സാധനങ്ങൾ എത്രത്തോളം പൂഴ്ത്തിവച്ചിട്ടുണ്ടായിരുന്നെന്നും വിശദമാക്കാമോ;

(സി) റേഷൻ സാധനങ്ങൾ പൂഴ്ത്തിവച്ചവർക്കെതിരെ കേസ് എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) റേഷൻ പൂഴ്ത്തിവയ്പ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് താലൂക്കിലെ 157, 183 എന്നീ രണ്ട് റേഷൻ കടകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസറുടെ 1-2-2017-ലെ സി.എസ്. 4-293/17 ഉത്തരവ് പ്രകാരം എ.ആർ.ഡി.

157-ഉം ജില്ലാ സപ്ലൈ ഓഫീസറുടെ ഉത്തരവ് നമ്പർ സി.എസ്.4-442/2017 പ്രകാരം എ.ആർ.ഡി 183 -ഉം പൊതുവിതരണ കേന്ദ്രങ്ങൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) എ.ആർ.ഡി.157 - ശ്രീ. എം. നീലകണ്ഠൻ

എ.ആർ.ഡി.183 – ശ്രീ. ഷിബു തോമസ്

എ.ആർ.ഡി. 157-ന്റെ പക്കൽ നിന്ന് റേഷൻ സാധനങ്ങൾ കരിഞ്ചന്തയിലേക്ക് കൊണ്ടുപോകുന്നതിനിടെ 50 കിലോ അരി, 50 കിലോ ഗോതമ്പ് എന്നിവ പിടിച്ചെടുത്തു. എ.ആർ.ഡി.183 റേഷൻ കടയുടമയുടെ വീട്ടിൽ നിന്നും പൂഴ്ത്തിവച്ചിരുന്ന 985 കിലോ അരി, 100 കിലോ ഗോതമ്പ്, 75 കിലോ പഞ്ചസാര, 270 ലിറ്റർ മണ്ണെണ്ണ എന്നീ റേഷൻ സാധനങ്ങൾ പിടിച്ചെടുത്തു.

(സി) ഉണ്ട്. റേഷൻ സാധനങ്ങൾ പൂഴ്ത്തിവച്ചവർക്കെതിരെ അവശ്യ സാധന നിയമപ്രകാരം കേസ് എടുക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**മണപ്പള്ളി മാവേലിസ്റ്റോർ**

242 (2053) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളെ സൂപ്പർമാവേലി സ്റ്റോറുകളാക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദീകരിക്കുമോ;

(ബി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ മണപ്പള്ളി മാവേലിസ്റ്റോർ സൂപ്പർ മാവേലി സ്റ്റോറായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) പദ്ധതിയുണ്ട്. കച്ചവട സാധ്യത കണക്കിലെടുത്ത്, പ്രതിമാസം 10 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകളെ 1,000 ച. അടിയിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിച്ച് സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി പ്രവർത്തിച്ചു വരുന്നു.

(ബി) പത്ത് ലക്ഷം രൂപയ്ക്കുമുകളിൽ പ്രതിമാസ വിറ്റുവരവുള്ള മാവേലി സ്റ്റോറുകളാണ് സൂപ്പർ മാർക്കറ്റാക്കി ഉയർത്തുന്നത്. മണപ്പള്ളി മാവേലി സ്റ്റോറിന്റെ ശരാശരി പ്രതിമാസ വിറ്റുവരവ് 8 ലക്ഷം രൂപ മാത്രമാണ്. ആയതിനാൽ ടി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കാസർഗോഡ് ജില്ലയിലെ റേഷൻ കാർഡ് അച്ചടി

243(2054) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡ് പുതുക്കലിനുള്ള അന്തിമ മുൻഗണനാ പട്ടിക നൽകാനുള്ള സമയപരിധി എപ്പോഴായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) മുൻഗണനാ വിഭാഗത്തിലുള്ള റേഷൻ കാർഡുടമകളുടെ പട്ടിക, കാസർകോട് ജില്ലയിൽ സിവിൽ സപ്ലൈസ് വകുപ്പ് ,തദ്ദേശസ്ഥാപനങ്ങൾക്കു നൽകിയിട്ടുണ്ടോ;

(സി) ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾ പ്രസ്തുത പട്ടിക പരിശോധിച്ച്, അംഗീകരിച്ച തിരികെ നൽകിയിട്ടുണ്ടോ; തിരികെ നൽകിയതും നൽകാത്തതുമായ കാസർകോട് ജില്ലയിലെ പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) റേഷൻ കാർഡ് അച്ചടി കാസർകോട് ജില്ലയിൽ പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) കാസർകോട് ജില്ലയിൽ എത്ര കാർഡുടമകളാണ് മുൻഗണനാ ലിസ്റ്റിലുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) അന്ത്യോദയ അന്ന യോജന (എ.എ.വൈ.)പ്രകാരം മാരക രോഗങ്ങളുള്ളവരെ ലക്ഷ്യമാക്കിയുള്ള, സംസ്ഥാന മുൻഗണനാ വിഭാഗം എന്നിവയടക്കം കാസർകോട് ജില്ലയിൽ എത്ര കാർഡുടമകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 8-3-2017 വരെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണനാ പട്ടിക അംഗീകരിച്ച് തിരികെ നൽകാനുള്ള സമയ പരിധിയായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി മുൻഗണനാ പട്ടിക നൽകിയിട്ടുണ്ട്.

(സി) റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അന്തിമ മുൻഗണനാ പട്ടികയുടെ അംഗീകാരത്തിനായി കാസർഗോഡ് ജില്ലയിലെ 38 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 3 മുനിസിപ്പാലിറ്റികളിലും നിശ്ചിത സമയത്ത് തന്നെ നൽകിയിരുന്നു. കാസർഗോഡ് മുനിസിപ്പാലിറ്റി, കാറഡുക്ക ഗ്രാമപഞ്ചായത്ത്, പൈവളിക ഗ്രാമപഞ്ചായത്ത് എന്നിവർ പട്ടിക അംഗീകരിച്ച് നൽകിയിട്ടുണ്ട്. പട്ടിക സംബന്ധിച്ച കൂടുതൽ വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ.

(ഡി) റേഷൻ കാർഡിന്റെ ഉൾ പേജുകളുടെ അച്ചടി പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) കാസർഗോഡ് ജില്ലയിൽ 1,22,457 പേരാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(എഫ്) കാസർഗോഡ് ജില്ലയിൽ 28,374 എ.എ.വൈ. കാർഡുകളും 94,083 മുൻഗണനാ കാർഡുകളും ഉൾപ്പെടെ 1,22,457 കാർഡ് ഉടമകളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നത്. മാരക രോഗങ്ങൾ ലക്ഷ്യമാക്കിയുള്ള 8,203 സ്റ്റേറ്റ് പ്രയോറിറ്റി കാർഡുകളും നോൺ പ്രയോറിറ്റി സബ്സിഡി വിഭാഗക്കാരായി 65,327 പേരും നോൺ പ്രയോറിറ്റി കാർഡ് ഉടമകളായ 89,043 ഉൾപ്പെടെ 1,54,370 കാർഡുകളും അടക്കം ആകെ 2,76,827 കാർഡ് ഉടമകളാണ് കാസർഗോഡ് ജില്ലയിൽ ഉൾപ്പെട്ടിട്ടുള്ളത്.

## നിത്യോപയോഗ സാധനങ്ങളുടെ വില

244 (2055) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര സർക്കാർ നിലവിൽ കുറവ് വരുത്തിയിട്ടുള്ള അരിയുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ; ഈ വർഷം റേഷൻ സമ്പ്രദായത്തിന്റെ ഭാഗമായി ലഭിച്ച അരിയുടെ അളവും വിലയും വിശദമാക്കുമോ;വെട്ടിക്കുറച്ച അരിയെത്രയെന്നും ഈ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

### ഉത്തരം

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം പ്രതിവർഷം സംസ്ഥാനത്തിന് 12.26 ലക്ഷം മെട്രിക് ടൺ അരിയാണ് ഇപ്പോൾ ലഭ്യമാകുന്നത്. ഇത് 2010 മുതൽ 2013 വരെയുള്ള കാലയളവിൽ ലഭ്യമായ 12.84 ലക്ഷം മെ. ടൺ അരിയിൽ നിന്നും 0.58 ലക്ഷം മെ. ടൺ കുറവാണ്. 2016-17 സാമ്പത്തിക വർഷത്തിൽ റേഷൻ സമ്പ്രദായത്തിന്റെ ഭാഗമായി ലഭിച്ച അരി വിഹിതം 11.56 ലക്ഷം മെ. ടൺ ആണ്. ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽവരുന്ന 2016 നവംബറിനു മുൻപ് എ.പി.എൽ. അരി കി. ഗ്രാമിന് 8.30 രൂപയും ബി.പി.എൽ. അരി കി. ഗ്രാമിന് 5.65 രൂപയും എ.എ.വൈ. അരി കി. ഗ്രാമിന് 3 രൂപയുമാണ് കേന്ദ്രത്തിൽനിന്ന് ലഭിച്ചിരുന്നത്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗങ്ങൾക്ക് അരി കി. ഗ്രാമിന് 3 രൂപയും ടൈഡ് ഓവർ വിഹിതമായി ലഭിക്കുന്ന അരി കി. ഗ്രാമിന് 8.30 രൂപയും ലഭ്യമാകുന്നു. പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യ ധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുവാനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കുവാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി തലത്തിലും ബഹു.മുഖ്യമന്ത്രി തലത്തിലും ഈ വിഷയത്തിൽ കേന്ദ്ര സർക്കാരുമായി നേരിട്ട് കൂടിക്കാഴ്ചകൾ നടത്തിയിട്ടുമുണ്ട്.

## സാധനങ്ങളുടെ വില ഏകീകരിക്കുന്നതിന് നടപടി

245 (2056) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരേ സാധനങ്ങൾക്ക് വിവിധ തരത്തിലുള്ള വിലകൾ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ സാധനങ്ങളുടെ വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(സി) നിലവിൽ സംവിധാനമില്ലെങ്കിൽ ആയവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ചില സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരേ സാധനങ്ങൾക്ക് അവയുടെ ഗുണമേന്മയുടെ അടിസ്ഥാനത്തിൽ വില വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കുകയും അത് ഉറപ്പുവരുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും പരിശോധനകൾ നടത്തുകയും നിയമംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of Prices by Catering Establishment) Order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Account and Display of Price and Stock) Order എന്നിവ പ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. വില വിവരപ്പട്ടികയിൽ പ്രദർശിപ്പിക്കുന്നതിനെക്കാൾ അധിക വില ഈടാക്കുന്നുണ്ടോ എന്നും പരിശോധിച്ച് കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ സാധനങ്ങളുടെ വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 22 ആവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണയിൽ നിന്ന് ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നല്കുകയും അവിടെ നിന്ന് വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ കാര്യ മന്ത്രാലയത്തിന്റെ സൈറ്റിൽ ചേർക്കുകയും ചെയ്യുന്നു. വില ശരാശരിയിൽ കൂടുതലായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധനകൾ നടത്തി നടപടി സ്വീകരിക്കുന്നു.

**വട്ടവിളയിൽ സപ്ലൈകോ മാർക്കറ്റ്**

246 (2057) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

ചെങ്കൽ പഞ്ചായത്തിലെ വട്ടവിളയിൽ സിവിൽ സപ്ലൈസിന്റെ സപ്ലൈകോ മാർക്കറ്റ് ആരംഭിക്കുന്നതിന് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; മാർക്കറ്റ് എന്നേക്ക് ആരംഭിക്കാൻ കഴിയും?

ഉത്തരം

ചെങ്കൽ പഞ്ചായത്തിലെ വട്ടവിളയിൽ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**റേഷൻകടകൾ നവീകരിക്കുന്ന പദ്ധതി**

247 (2058) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ നവീകരിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) റേഷൻ സാധനങ്ങൾക്ക് പുറമേ മറ്റ് പലചരക്ക് സാധനങ്ങൾ കൂടി വിൽക്കുന്ന കടകളായി റേഷൻകടകളെ രൂപാന്തരപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഏതൊക്കെ പലചരക്കുസാധനങ്ങളാണ് റേഷൻകടകളിൽ കൂടി നൽകുന്നത്;

(ഡി) റേഷൻകടകൾ നവീകരിക്കുന്നതിനായി കെ.എസ്.എഫ്.ഇ.വഴി പലിശരഹിത വായ്പ കൊടുക്കുന്ന പദ്ധതി പ്രകാരം ഇതുവരെ എത്ര റേഷൻകടക്കാർക്ക് വായ്പ നൽകിയെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രീ-പൈലറ്റ് പദ്ധതി, മോഡൽ പൈലറ്റ് പദ്ധതി എന്നിവയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 22 റേഷൻ കടകളിൽ (14 എണ്ണം തിരുവനന്തപുരം ജില്ലയിലും 8 എണ്ണം എറണാകുളം

ജില്ലയിലും) ഒരേ നിറത്തിലും മാതൃകയിലുമുള്ള പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, തറ ടൈൽ പാകൽ, നെയിംബോർഡ് സ്ഥാപിക്കൽ, സ്റ്റോക്ക് ബോർഡ് സ്ഥാപിക്കൽ എന്നീ ജോലികൾ ചെയ്ത് നവീകരിച്ചിട്ടുണ്ട്. 2017-ഓടുകൂടി ഇത് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) പരിഗണനയിലുണ്ട്.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) വായ്പ നൽകിയിട്ടില്ല.

**റേഷൻ കാർഡ് മുൻഗണനാ പട്ടിക**

248 (2059) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡ് താൽക്കാലിക മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്ത അർഹരായ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിൽ പുതുക്കാത്ത അർഹരായ റേഷൻ കാർഡ് ഉടമകളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. കരട് പട്ടികയിൽ ആക്ഷേപങ്ങൾ ഉള്ളപക്ഷം പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കുവാൻ അവസരം നൽകിയിരുന്നു. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതിയുള്ളപക്ഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുവാനും അവസരം നൽകിയിരുന്നു. പരാതിക്കാരെ വെരിഫിക്കേഷൻ കമ്മിറ്റികളിലും അപ്പീൽ കമ്മിറ്റികളിലും നേർക്കാഴ്ച നടത്തിയും രേഖകൾ പരിശോധിച്ചും പരാതി തീർപ്പാക്കി അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടിക തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി സമർപ്പിച്ച്, ടി സ്ഥാപനങ്ങളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് പട്ടിക കുറ്റമറ്റതാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അനർഹരായവർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിന് വകുപ്പ് തലത്തിൽ നടപടി എടുക്കുന്നതാണ്.

(ബി) മുൻഗണനേതര വിഭാഗത്തിൽ സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്തി ഒരാൾക്ക് 2 കി.ഗ്രാം എന്ന ക്രമത്തിൽ കി. ഗ്രാമിന് 2 രൂപ നിരക്കിൽ അരി നൽകി വരുന്നു. മുൻഗണനേതര വിഭാഗത്തിൽപ്പെട്ട ബാക്കിയുള്ളവർക്ക് കാർഡിന് 6 കി.ഗ്രാം ഭക്ഷ്യധാന്യം അരി കി. ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി. ഗ്രാമിന് 6.70 രൂപ നിരക്കിലും നിലവിൽ നൽകി വരുന്നു.

(സി) 2017 മാർച്ച് മാസത്തോടുകൂടി റേഷൻ കാർഡ് വിതരണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ റേഷൻ കാർഡുകളുടെ വിതരണത്തിനുശേഷം ഇതുവരെയും റേഷൻ കാർഡിൽ പേര്/ഫോട്ടോ ചേർക്കാൻ കഴിയാത്തവർക്ക് അവസരം ലഭിക്കുന്നതാണ്.

**ഭക്ഷ്യസുരക്ഷാ നിയമം**

249 (2060) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം എപ്പോൾ നടപ്പാക്കാൻ കഴിയും എന്നും ഇതിനായി വകുപ്പ് എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നോഡൽ ജില്ലയായി പ്രഖ്യാപിച്ച കൊല്ലം ജില്ലയിൽ എന്തു നടപടികൾ നാളിതുവരെ കൈക്കൊണ്ടു എന്നും മറ്റു ജില്ലകളിലെ സ്ഥിതി എന്താണ് എന്നും വ്യക്തമാക്കുമോ;

(സി) റേഷൻ കാർഡുകളിലെ തെറ്റുതിരുത്തലും മറ്റു പരിശോധനകളും (അനർഹർ മുൻഗണനാ പട്ടികയിലുണ്ടായതുൾപ്പെടെ) ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നുള്ളത് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) റേഷൻ കാർഡ് തിരിച്ചറിയൽ രേഖയായി കണക്കാക്കപ്പെട്ടിരുന്ന കേരള സംസ്ഥാനത്ത് എത്ര ശതമാനം ജനങ്ങൾ ഭക്ഷ്യസുരക്ഷാ നിയമപരിധിക്കുള്ളിൽ വരുമെന്നും എത്ര ശതമാനം പരിധിക്കു പുറത്തുവരും എന്നും കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്ത് മുഴുവൻ ജനങ്ങൾക്കും സ്റ്റാറ്റ്യൂട്ടറി റേഷൻ ആനുകൂല്യങ്ങളും തിരിച്ചറിയൽ രേഖയായി റേഷൻകാർഡും എപ്പോൾ നൽകുവാൻ കഴിയും എന്നും ഇതിനായി നാളിതുവരെ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും പ്രസ്തുത പ്രവർത്തനങ്ങളിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ സംഭവിച്ച വീഴ്ചകൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2016 നവംബർ 1 മുതൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ കരട് മുൻഗണനാ ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഭക്ഷ്യധാന്യ വിതരണം ആരംഭിച്ചിട്ടുണ്ട്. 2017 ഏപ്രിൽ മാസം സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മാർച്ച് 9 മുതൽ കൊല്ലം ജില്ലയിലും മാർച്ച് 25 മുതൽ ബാക്കിയുള്ള ജില്ലകളിലും റേഷൻ കാർഡ് വിതരണം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മൊത്തവിതരണ ശാലകൾക്ക് പകരമായി 75 താലൂക്ക് ഡിപ്പോകൾ സർക്കാരിന്റെ അധീനതയിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിനായി മാനന്തവാടി, ഇരിട്ടി എന്നീ താലൂക്കുകൾ ഒഴിച്ചുള്ള എല്ലാ താലൂക്കുകളിലും ഗോഡൗൺ കണ്ടെത്തുകയുണ്ടായി. വാതിൽപ്പടി വിതരണത്തിനുള്ള ട്രാൻസ്പോർട്ടിംഗ് ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള ഇ-ടെൻഡർ സപ്ലൈകോ നടത്തുകയുണ്ടായി. ഇ-പോസ് മെഷീനുകൾ വാങ്ങുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ മാർച്ച് 1 മുതൽ കൊല്ലം ജില്ലയിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല പരാതി പരിഹാര ആഫീസർമാരായി അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റുമാരെ നിയമിക്കുകയും സംസ്ഥാന ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് സംസ്ഥാന ഫുഡ് കമ്മീഷന്റെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ നിലവിലുള്ള 3 സപ്ലൈകോ സബ് ഡിപ്പോകളും ബാക്കിയുള്ള 5 താലൂക്കിൽ കുന്നത്തൂർ ഒഴികെ ഓരോ ഗോഡൗൺ വീതവും ആകെ കൊല്ലം ജില്ലയിൽ മൊത്തം 7 ഇന്റർമീഡിയറി ഗോഡൗണുകൾ കണ്ടെത്തിയിട്ടുണ്ട്. കരുനാഗപ്പള്ളിയിൽ കണ്ടെത്തിയിട്ടുള്ള ഗോഡൗണിൽ കുന്നത്തൂർ താലൂക്കിലെ റേഷൻ സാധനങ്ങൾ സംഭരിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ടി ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേയ്ക്കുള്ള വാതിൽപ്പടി വിതരണം നടത്തുന്നതിനുള്ള ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടറെ കണ്ടെത്തുന്നതിന് സപ്ലൈകോ ഇ-ടെൻഡർ നടപടികൾ നടത്തുകയുണ്ടായി.

(സി) കരട് മുൻഗണനാ പട്ടികയിലെ ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പൂർത്തീകരിച്ച് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. 8-3-2017-ന് മുമ്പ് ടി പട്ടിക തിരികെ നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ 2011-ലെ സെൻസസ് പ്രകാരമുള്ള 3.34 കോടി ജനങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള 52.63%-ഉം, നഗരപ്രദേശങ്ങളിലെ 39.5%-ഉം ഉൾപ്പെടെ 1.54 കോടി ജനങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഇ) റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക 20-10-2016-ന് പ്രസിദ്ധീകരിക്കുകയും 20-10-2016 മുതൽ 5-11-2016 വരെ കരട് പട്ടികയിന്മേൽ ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ നൽകുവാൻ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായ വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ ഹിയറിംഗിനായി വിളിക്കുകയും ടി കമ്മിറ്റിയുടെ തീരുമാനത്തിൽ ആക്ഷേപമുണ്ടെങ്കിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ അവസരം ഒരുക്കുകയും പരാതികൾ പരിഹരിച്ച് 10-2-2017-ന് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടിക അംഗീകാരത്തോടെ 8-3-2017-ന് മുമ്പ് തിരികെ ലഭ്യമാക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. മാർച്ച് മാസം തന്നെ കാർഡുകൾ അച്ചടിച്ച് വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കുട്ടനാട്ടിലെ നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടി**

250 (2061) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) നെല്ലിന്റെ സംഭരണ വില ഉൽപ്പാദന ചെലവിന് ആനുപാതികമായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) നെല്ലിന്റെ സംഭരണ വില യഥാസമയം നൽകുന്നതിനു നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2016-17 സീസണിലെ നെല്ല് സംഭരണത്തിനായി 2016 ആഗസ്റ്റ് ഒന്നാം തീയതി മുതൽ ഓൺലൈൻ കർഷക രജിസ്ട്രേഷൻ ആരംഭിക്കുകയും 2016 സെപ്റ്റംബർ 21-ാം തീയതി മുതൽ നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 10-11-2016-ലെ സ.ഉ.(എംഎസ്.)നമ്പർ 19/2016/ഭ.പൊ.വി. പ്രകാരം നെല്ലിന്റെ സംഭരണ വില 22.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 2016-17 സീസണിൽ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ സംസ്ഥാന സർക്കാർ വിഹിതം നൽകുന്നതിനായി 2016-17-ലെ ബഡ്ജറ്റിൽ 600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 430.21 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തുകഴിഞ്ഞു.

**സാർവ്വത്രിക റേഷൻ സമ്പ്രദായം**

251 (2062) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാർവ്വത്രിക റേഷൻ സമ്പ്രദായം നിലവിലുള്ള കേരളത്തിൽ ഭക്ഷ്യ വിതരണം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ മിതമായ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ ഉറപ്പ് വരുത്തിയും ദരിദ്രരായവർക്ക് ഇവ സൗജന്യമായി നൽകിയും ഭക്ഷ്യ വിതരണം കുറ്റമറ്റതാക്കാൻ നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനും റേഷൻ വിതരണ സംവിധാനത്തിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചു കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർനിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യ വിതരണം കാര്യക്ഷമമാക്കുന്നതിനായി OMSS/ ഇക്കണോമിക് നിരക്കുകളിൽ ഭക്ഷ്യധാന്യം ലഭ്യമാക്കിയും വിതരണം നടത്തുന്നുണ്ട്.

(ബി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ആകെ ലഭ്യമായ 14.25 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങളിൽ മുൻഗണനാ വിഭാഗത്തിന് വേണ്ടിവരുന്ന 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾക്കുപരിയായി ടൈഡ് ഓവർ വിഹിതമായി ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന 4 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകി വരുകയാണ്. മുൻഗണനാ/ എ.എ.വൈ. പട്ടികയിൽപ്പെട്ടവർക്ക് ഭക്ഷ്യധാന്യങ്ങൾ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. മുൻഗണനേതര വിഭാഗത്തിൽ സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്തി ഒരാൾക്ക് 2 കി.ഗ്രാം എന്ന ക്രമത്തിൽ കി.ഗ്രാമിന് 2 രൂപ നിരക്കിൽ അരി നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിൽപ്പെട്ട ബാക്കി യുള്ളവർക്ക് കാർഡിന് 6 കി.ഗ്രാം ഭക്ഷ്യധാന്യം അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും നിലവിൽ നൽകിവരുന്നു.

## സപ്ലൈകോയുടെ സെയിൽസ് വാഹനം

252 (2063) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ കോളനികളിലും മറ്റ് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും സപ്ലൈകോയുടെ സെയിൽസ് വാഹനം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) ആറന്മുള നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ആറന്മുള നിയോജക മണ്ഡലത്തിൽ പുതിയ മൊബൈൽ മാവേലി സ്റ്റോർ അനുവദിക്കുന്നത് പരിഗണനയിലില്ല.

## റേഷൻ കാർഡ് മുൻഗണനാ ലിസ്റ്റ്

253 (2064) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ ഭാഗമായി റേഷൻകാർഡ് നൽകുന്നതിന് തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ കാട്ടാക്കട മണ്ഡലത്തിലെ എത്രപേർ വീതമുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് തിരിച്ച് ലഭ്യമായ അപേക്ഷകരുടെ എണ്ണമെത്ര;

(സി) ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയവരുടേയും ഒഴിവാക്കിയവരുടേയും എണ്ണമെത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ)

| പഞ്ചായത്ത് | മുൻഗണനാ കാർഡുകളുടെ എണ്ണം |
|---|---|
| കാട്ടാക്കട | 3686 |
| മാറനല്ലൂർ | 4378 |
| വിളപ്പിൽ | 3389 |
| മലയിൻകീഴ് | 3364 |
| വിളവൂർക്കൽ | 2639 |
| പള്ളിച്ചൽ | 4433 |

(ബി)

| പഞ്ചായത്ത് | മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ലഭിച്ച അപേക്ഷകരുടെ എണ്ണം |
|---|---|
| കാട്ടാക്കട | 3045 |
| മാറനല്ലൂർ | 2723 |
| വിളപ്പിൽ | 2704 |
| മലയിൻകീഴ് | 1916 |
| വിളവൂർക്കൽ | 3315 |
| പള്ളിച്ചൽ | 2810 |

(സി) അന്തിമ പട്ടികയുടെ പ്രസിദ്ധീകരണത്തിനുശേഷം മാത്രമേ വിവരം ലഭ്യമാകുകയുള്ളൂ.

## രാങ്ങാട്ടൂർ പ്രദേശത്ത് റേഷൻ ഷോപ്പ്

254 (2065) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാങ്ങാട്ടൂർ എന്ന പ്രദേശത്ത് പുതിയതായി ഒരു റേഷൻ ഷോപ്പ് അനുവദിക്കണമെന്ന സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടറുടെ ശിപാർശയിന്മേൽ എടുത്ത നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ടി പ്രദേശത്തെ ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് സർക്കാരിന്റെ പരിഗണനയിലുള്ള ഫയലിൽ അനുകൂല നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 2017 മാർച്ച് മാസത്തോടുകൂടി റേഷൻ കാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. റേഷൻ കാർഡ് വിതരണം പൂർത്തീകരിക്കുകയും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുകയും ചെയ്തശേഷം മാത്രമേ പുതിയ റേഷൻ കടകൾ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമുള്ളൂ.

## ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവ്

255 (2066) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കളുടെ വില ക്രമാതീതമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോട്ടലുടമകൾ ഭക്ഷ്യസാധനങ്ങളുടെ വില അന്യായമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിന് സർക്കാർ തലത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ ഹോട്ടലുകളെ ഗ്രേഡ് ചെയ്തോ, ക്ലാസിഫൈ ചെയ്തോ ലൈസൻസ് നൽകുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോട്ടലുടമകൾ ഭക്ഷ്യസാധനങ്ങളുടെ വില അന്യായമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിന് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉപഭോക്താക്കൾ കാണത്തക്കവിധത്തിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ, വിലവിവര പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of prices by catering establishment order), 1977-ലെയും 1980-ലെയും Kerala Essential commodities (maintenance of account and display of price and stock) order എന്നിവ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി രൂപം നല്കിയ "2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ" ബിൽ നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഈ വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്.

## ന്യായവിലയ്ക്ക് അരിവിതരണം

256 (2067) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ എ.പി.എൽ, ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യാനായി എത്ര മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് ഇപ്പോൾ കേന്ദ്രവിഹിതമായി ലഭിച്ചുകൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) അധികമായി എത്ര ടൺ ഭക്ഷ്യധാന്യമാണ് കേന്ദ്രസർക്കാരിനോട് കേരളം ആവശ്യപ്പെട്ടിരിക്കുന്നത് എന്നും അറിയിക്കാമോ;

(സി) കേന്ദ്രവിഹിതം വെട്ടിക്കുറച്ചതിന്റെ ഭാഗമായി ന്യായവിലയ്ക്ക് അരി വിതരണം ചെയ്യാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് കേന്ദ്ര സർക്കാരിനോട് കേരളം അധികമായി ആവശ്യപ്പെട്ടിരിക്കുന്നത്.

(സി) അരിയുടെ ലഭ്യത വിപണിയിൽ ഉറപ്പാക്കാനായി എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട്, കോട്ടയം, ആലപ്പുഴ ജില്ലകളിൽ അരിക്കടകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ആയത് മുഖേന സബ്സിഡി നിരക്കിലും, നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളുടെയും വിതരണം നടത്തുന്നുണ്ട്. മാത്രമല്ല, സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന സപ്ലൈകോ വിൽപ്പനശാലകൾ മുഖേനയും സബ്സിഡി/നോൺ സബ്സിഡി നിരക്കിൽ എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്തുവരുന്നുണ്ട്.

**സംസ്ഥാനത്തിന്റെ അരി വിഹിതം**

257 (2068) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമയത്തിന് അരി എടുക്കാത്തത് കാരണം സംസ്ഥാനത്തിന് 1200 ടൺ അരി പാഴായി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് ഒരു മാസം ലഭിക്കുന്ന അരി വിഹിതം എത്ര ടണ്ണാണ്;

(ഡി) അരി കൃത്യമായി എടുത്തില്ലെങ്കിൽ വിഹിതത്തിൽ കുറവുവരുമോ; എങ്കിൽ വിഹിതം കൃത്യമായി എടുക്കുന്നതിന് ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്; കോട്ടയം ജില്ലയിൽ ഭക്ഷ്യധാന്യം വിട്ടെടുക്കുന്ന ചിങ്ങവനം എഫ്.സി.ഐ. ഡിപ്പോയിൽ തുടർച്ചയായുണ്ടായ വാഗൺ പ്ലെയ്സ്മെന്റും എഫ്.സി.ഐ. തൊഴിലാളികളുടെ സഹകരണമില്ലായ്മയുംമൂലം ജനുവരി മാസത്തേയ്ക്കനുവദിച്ച അലോട്ട്മെന്റിൽ 1298 മെട്രിക് ടൺ ഭക്ഷ്യധാന്യം കൃത്യസമയത്ത് വിട്ടെടുക്കുവാൻ സാധിച്ചില്ല. ടി വിഹിതം വിട്ടെടുക്കുവാൻ സമയപരിധി ദീർഘിപ്പിച്ച് നല്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 95715.792 മെട്രിക് ടൺ.

(ഡി) വിഹിതത്തിൽ കുറവ് വരുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ഒന്നും ലഭിച്ചിട്ടില്ല. അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ സമയബന്ധിതമായി വിട്ടെടുക്കുന്നതിന് മുൻപ് എഫ്.സി.ഐ. അധികൃതരുമായി ആലോചിച്ച് പ്ലാൻ തയ്യാറാക്കി വിട്ടെടുപ്പ് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. അപ്രതീക്ഷിതമായി ഉണ്ടാകുന്ന വാഗൺ പ്ലെയ്സ്മെന്റ് വിട്ടെടുപ്പിന് തടസ്സം ചെയ്യുന്ന ഒരു പ്രധാന കാരണമായതിനാൽ എക്സ് വാഗൺ ഇഷ്യു നടത്തണമെന്ന് എഫ്.സി.ഐ.-യോട് നിരന്തരമായി അഭ്യർത്ഥിച്ചുകൊണ്ടിരിക്കുകയാണ്.

## ഭക്ഷ്യഭദ്രതാ നിയമം - മുൻഗണനാലിസ്റ്റിൽ അനർഹർ

258 (2069) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള മുൻഗണനാലിസ്റ്റിൽ അനർഹർ കയറികൂടിയിട്ടുണ്ട് എന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെറ്റായി വിവരങ്ങൾ നൽകി മുൻഗണനാ ലിസ്റ്റിൽ കയറിക്കൂടിയവരെ ഒഴിവാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി വർഷത്തിലൊരിക്കൽ മുൻഗണനാലിസ്റ്റിൽപ്പെട്ടവരിൽ നിന്നും സർക്കാർ ജോലിയോ നാലുചക്രവാഹനമോ ആയിരം ചതുരശ്രഅടിയിൽ കൂടുതലുള്ള വീടോ ഇല്ല തുടങ്ങിയ മാനദണ്ഡങ്ങൾ അടക്കം ചെയ്തിട്ടുള്ള സത്യപ്രസ്താവന എഴുതി വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) തെറ്റായ വിവരങ്ങൾ നൽകുന്നവർക്ക് നിയമപ്രകാരം ആറുമാസം വരെ തടവ്/പിഴ തുടങ്ങിയ ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ പോപ്പുലേറ്റഡ് ഫോറത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതുവരെ പ്രഥമദൃഷ്ട്യാ അനർഹരായവർ ആനുകൂല്യം കൈപ്പറ്റുന്നതിൽനിന്നും സ്വയം വിട്ടുനിൽക്കേണ്ടതാണെന്ന് അറിയിക്കുന്ന പോസ്റ്ററുകൾ പ്രധാന കേന്ദ്രങ്ങളിലും റേഷൻ ഡിപ്പോകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അനർഹരായവർ വാങ്ങിയെടുത്ത ധാന്യത്തിന്റെ വിലയും/പിഴയും ഈടാക്കാനുള്ള നിയമപരമായ നടപടിയും എടുക്കുന്നതാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## റേഷൻഡിപ്പോകളിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പാക്കാൻ നടപടി

259 (2070) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഭക്ഷ്യനയത്തിന്റെ ഭാഗമായി റേഷൻ ഹോൾസെയിലുകൾ സിവിൽ സപ്ലൈസ് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലെ ഹോൾസെയിൽ ഡിപ്പോകളിലെ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാവുന്ന സാഹചര്യം ഉണ്ടാകുമോ ;

(സി) നിലവിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ഡി) ഇതു സംബന്ധിച്ച ചാലക്കുടി ടൗൺ ചുമട്ടുതൊഴിലാളി യൂണിയനിലെ തൊഴിലാളികളുടെ അപേക്ഷയിൽ അനുകൂല നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ-ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മൊത്തവിതരണ ശാലകൾക്ക് പകരമായി 75 താലൂക്ക് ഡിപ്പോകൾ സർക്കാരിന്റെ അധീനതയിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിനായി മാനന്തവാടി, ഇരിട്ടി എന്നീ താലൂക്കുകൾ ഒഴിച്ചുള്ള എല്ലാ താലൂക്കുകളിലും ഗോഡൗൺ കണ്ടെത്തുകയുണ്ടായി. സപ്ലൈകോയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. താലൂക്ക് ഡിപ്പോകൾ ആരംഭിക്കുമ്പോൾ മൊത്ത വിതരണ ശാലയിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടും എന്ന ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം പൂർണ്ണമായും സംസ്ഥാനത്ത് നടപ്പിലാക്കി കഴിയുമ്പോൾ ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.

## ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

260 (2071) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരിയുടെയും മറ്റു ധാന്യങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ മാർഗ്ഗങ്ങൾ ഉപയോഗിച്ചാണ് ഗുണനിലവാര പരിശോധന നടത്താറുള്ളത് എന്ന് പറയാമോ;

(ബി) റേഷൻകടകൾവഴി നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നു എന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനിടെ ഇത്തരത്തിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്; സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ക്രിയാത്മകവും കാര്യക്ഷമവുമായ നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്. ടി ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ. ഗോഡൗണുകളിലാണ്. എഫ്.സി.ഐ.-യിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് മുൻപായി ജില്ലാ സപ്ലൈ ഓഫീസർമാർ ബന്ധപ്പെട്ട എഫ്.സി.ഐ. ഗോഡൗണുകളിൽ ഗുണനിലവാരമുള്ള അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽനിന്ന് വിട്ടെടുക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.-യിൽനിന്നും വിട്ടെടുക്കുന്നതിന്റെ സാമ്പിളുകളുടെ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുകയും കൂടാതെ റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യ വിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വിതരണ സമയത്തും റേഷനിംഗ് ഇൻസ്പെക്ടർ പ്രത്യേകം പരിശോധന നടത്തി സാമ്പിൾ പാക്കറ്റുകൾ പ്രദർശിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുകയും അപ്രകാരം ചെയ്യാത്ത എ.ആർ.ഡി.-കൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ചുള്ള പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) ആകെ നാല് പരാതികളാണ് ലഭിച്ചിട്ടുള്ളത്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കോട്ടയം | - | 1 |
| ഇടുക്കി | - | 2 |
| കണ്ണൂർ | - | 1 |

(സി) കോട്ടയം ജില്ലയിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ എ.ആർ.ഡി.-യുടെ ലൈസൻസ് താല്ക്കാലികമായി റദ്ദ് ചെയ്തു. എന്നാൽ മറ്റ് ജില്ലകളിലെ പരാതികൾ അടിസ്ഥാനരഹിതമാണെന്ന് ബോധ്യപ്പെട്ടതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## കമ്പ്യൂട്ടർവൽകൃത റേഷൻ വിതരണ സംവിധാനം

261 (2072) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കമ്പ്യൂട്ടർവൽകൃത റേഷൻ വിതരണ സംവിധാനം പ്രാബല്യത്തിൽ വരുത്തുവാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

ഉത്തരം

റേഷൻകാർഡുകളുടെ ഡിജിറ്റൽവൽക്കരണവും ആധാർ സീഡിംഗും

റേഷൻകാർഡ് പുതുക്കലിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ, സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾ, ആധാർ വിവരങ്ങൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ മുതലായവ ശേഖരിച്ച് റേഷൻകാർഡ് ഡാറ്റാബേസ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ റേഷൻകാർഡ് കൊടുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സപ്ലൈ ചെയിൻ മാനേജ്മെന്റ് വാതിൽപ്പടി വിതരണ സംവിധാനം മുഖേന റേഷൻ ഭക്ഷ്യധാന്യങ്ങൾ എല്ലാ റേഷൻകടകളിലും നേരിട്ട് എത്തിക്കുന്നതാണ്. വിതരണ ശൃംഖല കൈകാര്യം ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം അതിന്റെ അവസാന ഘട്ടത്തിലാണ്. കൂടാതെ ഡോർ-ടു-ഡോർ ഡെലിവറി നടപ്പിലാക്കുന്നതിനുള്ള ട്രാൻസ്പോർട്ട് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ അതിന്റെ പൂർണ്ണ ചുമതലയുള്ള സപ്ലൈകോ സ്വീകരിച്ചുവരികയാണ്. പൊതുവിതരണ സംവിധാനത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ പദ്ധതിയുടെ ആദ്യഘട്ടം കൊല്ലം ജില്ലയിൽ 2017 മാർച്ച് അവസാനത്തോടെയും ബാക്കി എല്ലാ ജില്ലകളിലും തുടർന്നും നടപ്പിലാക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം

സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലേയ്ക്കാവശ്യമായ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ വിളിക്കുന്നതിനാവശ്യമായ RFP (Request for Proposal) ഡോക്യുമെന്റ് സിവിൽ സപ്ലൈസ് വകുപ്പ്

തയ്യാറാക്കി സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്. 2017 മദ്ധ്യത്തോടുകൂടി റേഷൻ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

പരാതി പരിഹാര സംവിധാനം

പരാതി പരിഹാരത്തിനായി സംസ്ഥാന ഫുഡ് കമ്മീഷൻ, ജില്ലാ പരാതി പരിഹാര ഓഫീസർമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്. പരാതി പരിഹാര സംവിധാനം നടപ്പിൽവരുത്തുന്നതിനായി എൻ.ഐ.സി. ഒരു ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. നേരത്തേതന്നെ നിലവിലുള്ള ടോൾ ഫ്രീ നമ്പരുകൾ (1967, 1800-42-1550) ഇപ്പോഴും പ്രവർത്തിച്ചു വരുന്നു.

**പെട്രോൾ പമ്പുകൾ പരിശോധിക്കുന്നതിന് നടപടി**

262 (2073) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ പെട്രോൾ, ഡീസൽ എന്നിവയിൽ മായം കലർത്തുന്നതും അളവിൽ കൃത്രിമം കാണിക്കുന്നതും സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം പമ്പുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്;

(ഡി) ഉപഭോക്താക്കളുടെ പരാതിയിന്മേലല്ലാതെ സ്വമേധയാ ഇത്തരം പമ്പുകൾ പരിശോധിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാറുണ്ടോ; ഇത്തരം ചൂഷണങ്ങൾ തടയുന്നതിന് നടപടികൾ കർശനമാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മിനിസ്ട്രി ഓഫ് പെട്രോളിയം ആന്റ് നാച്വറൽ ഗ്യാസിന്റെ 2012-ലെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്‌ലൈൻസ് പ്രകാരം പൊതുമേഖല എണ്ണക്കമ്പനികൾ ഇത്തരം പമ്പുകൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ അളവിലെ കൃത്രിമങ്ങൾ തടയുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് നിരന്തര പരിശോധനകൾ നടത്തുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) പെട്രോളിന്റെയും ഡീസലിന്റെയും ഗുണനിലവാരവും അളവും ഉറപ്പ് വരുത്തുന്നതിനായി എണ്ണക്കമ്പനികൾ ഔട്ട്‌ലെറ്റുകളിൽ നിരന്തര പരിശോധനകൾ നടത്തുകയും ഇതിനുപുറമെ കമ്പനികളുടെ ആന്റി അഡൾട്ടറേഷൻ സെൽ ആകസ്മിക പരിശോധനകളും നടത്തുകയും സാമ്പിളുകൾ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. അളവ് സംബന്ധിച്ച ചൂഷണങ്ങൾ തടയുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് മിന്നൽ പരിശോധനകൾ സ്വമേധയാ നടത്തിവരുന്നു.

**പൊതു ആരോഗ്യ സംവിധാനം മാറ്റിയെടുക്കുന്നതിന് നടപടികൾ**

263 (2074) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രിട്ടനിലെ നാഷണൽ ഹെൽത്ത് സർവ്വീസിന് സമാനമായി നമ്മുടെ പൊതു ആരോഗ്യ സംവിധാനം മാറ്റിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ജനറൽ ആശുപത്രികളിൽ കാത്ത് ലാബും, താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും ആരംഭിക്കുന്ന പദ്ധതി എത്ര ആശുപത്രികളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ആശുപത്രികളിൽ ഇതിനായുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർദ്രം മിഷന്റെ ഭാഗമായി ജില്ലാതല/താലൂക്ക്തല ആശുപത്രികളിൽ നിശ്ചിതമാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കാൻ പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാനും ലക്ഷ്യമിടുന്നുണ്ട്. ആദ്യ ഘട്ടമെന്ന നിലയ്ക്ക് സംസ്ഥാനത്തെ വിവിധ വികസന ബ്ലോക്കുകൾ/അസംബ്ലി മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ 170 പി.എച്ച്.സി.-കളെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു കുടുംബത്തിലെ എല്ലാപേർക്കും പ്രാഥമികാ ചികിത്സ ലഭ്യമാക്കുന്ന രീതിയിൽ പി.എച്ച്.സി.കളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ആലോചിക്കുന്നതാണ്. ഈ കേന്ദ്രങ്ങളിൽ അധിക സ്റ്റാഫിനെ നിയമിക്കുകയും സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും ജീവനക്കാർക്ക് പരിശീലനം നൽകുന്നതുമാണ്.

(ബി) കാത്ത് ലാബ് തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ള ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു.* നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകളുടെയും പുതുതായി ആരംഭിക്കുവാൻ നിശ്ചയിച്ചിട്ടുള്ളവയുടേയും വിവരങ്ങൾ അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

(സി) സ്വീകരിക്കുന്നതാണ്.

**ഇ-ഹെൽത്ത് കേരള പദ്ധതി**

264 (2075) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഹെൽത്ത് കേരള പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ടോ; എന്താണ് പ്രസ്തുത പദ്ധതികൊണ്ട് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(സി) ഈ പദ്ധതിയുടെ ആകെ അടങ്കൽ എത്രയാണ്; ഇതിന് കേന്ദ്രസർക്കാർ സഹായം നൽകുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇ-ഹെൽത്ത് പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ലക്ഷ്യങ്ങൾ.

1. വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർവൽകൃത സംവിധാനത്തിൽ ലഭ്യമാക്കുക.

2. സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

3. എല്ലാ അലോപ്പതി ആശുപത്രികളേയും ഒരു വൈഡ് ഏരിയ നെറ്റ്‌വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

4. ആശുപത്രികളിൽ ചികിൽസ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സയ്ക്കായി വീണ്ടും എത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇ-ഹെൽത്തിന്റെ ഭാഗമായ Public Health Module സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയുടെ മറ്റൊരു ഘടകമായ ആശുപത്രി കമ്പ്യൂട്ടർവൽക്കരണം ഏഴ് ജില്ലകളിലാണ് ആദ്യഘട്ടമായി നടപ്പാക്കുന്നത്.

(സി) ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയുടെ അടങ്കൽ തുക 96.12 കോടി രൂപയാണ്. കേന്ദ്ര സർക്കാർ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിൽ 86.6945 കോടി രൂപയാണ് കേന്ദ്ര സഹായം.

**ഇ-ഹെൽത്ത് പദ്ധതി**

265 (2076) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തുടക്കം കുറിച്ച ഇ-ഹെൽത്ത് പദ്ധതി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പാക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയെന്നും ഇവ സ്ഥാപിക്കുന്നതിന്റെ പുരോഗതിയും അറിയിക്കാമോ; ഇതിനായി എത്ര രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) ഏതെങ്കിലും കേന്ദ്രങ്ങളിൽ പദ്ധതിയുടെ പൈലറ്റ് ഇംപ്ലിമെന്റേഷൻ നടന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ വിലയിരുത്തലിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധമായ വിവരങ്ങൾ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ശേഖരിക്കുകവഴി ഒരു രോഗിക്ക് സംസ്ഥാനത്തെ ഏത് സർക്കാർ ആശുപത്രികളിലും തുടർ ചികിത്സയ്ക്ക് സൗകര്യം ലഭിക്കുന്നു. പ്രാഥമികമായ ആരോഗ്യ വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമായതിനാൽ അപ്രതീക്ഷിതമായി വൈദ്യ സഹായം വേണ്ട ഘട്ടം വരുമ്പോൾ വളരെയേറെ സമയലാഭം ലഭിക്കുകയും ചെയ്യും. ആശുപത്രിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ മെച്ചപ്പെട്ട സേവനം രോഗികൾക്ക് ലഭിക്കുന്നു. ടെസ്റ്റ് റിസൾട്ടുകൾ അപ്പപ്പോൾ ഡോക്ടർമാരുടെ കമ്പ്യൂട്ടറിൽ ലഭിക്കുന്നതിനാൽ കാലതാമസം ഒഴിവാകുന്നു. സാംക്രമിക രോഗങ്ങളുടെ ഉത്ഭവത്തെ യഥാസമയം കണ്ടെത്തി അതിന്റെ വ്യാപനത്തെ യഥാവസരം തന്നെ നിയന്ത്രിക്കാൻ കഴിയുന്നു. ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ കാലേക്കൂട്ടിത്തന്നെ നടത്താൻ പദ്ധതി സഹായകമാകും. ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ

പദ്ധതി നടപ്പിലാകുന്നതോടെ ലഭിക്കുകയും ചെയ്യുന്നു. കൂടുതൽ ശ്രദ്ധയും പരിചരണവും വേണ്ടവർക്ക് അതനുസരിച്ചുള്ള വിവരങ്ങൾ കമ്പ്യൂട്ടറിൽനിന്നും ആരോഗ്യ പ്രവർത്തകർക്ക് ലഭിക്കുന്ന സംവിധാനവും ഉണ്ട്. ഗർഭിണികളായ സ്ത്രീകൾക്ക് കൃത്യമായ ഇടവേളകളിൽ നൽകേണ്ട നിർദ്ദേശങ്ങൾ, കുട്ടികൾക്ക് നൽകുന്ന പ്രതിരോധ കുത്തിവയ്പുകൾ എന്നിവ ഉദാഹരണം. എഴുത്തുകുത്തുകളും രജിസ്റ്ററുകളും ഒഴിവാകുന്നതുവഴി ആരോഗ്യപ്രവർത്തകർക്ക് ജോലിഭാരം ലഘൂകരിച്ച് കൂടുതൽ സമയം സേവന മേഖലയിൽ ശ്രദ്ധിക്കാൻ കഴിയുന്നു. ആശുപത്രികളിൽ മരുന്നുകളുടെ സ്റ്റോക്ക് നിലവാരം മനസ്സിലാക്കി അവ തീരുന്ന മുറയ്ക്ക് സംഭരിക്കാൻ സാധിക്കുന്നു. വിവിധ ക്ഷേമ പരിരക്ഷകളും അവയുടെ സാമ്പത്തിക വിനിമയ നടപടികളും കൂടുതൽ സുഗമമായി കൈകാര്യം ചെയ്യാൻ സാധിക്കും.

(ബി) കമ്പ്യൂട്ടറുകൾ, സർവറുകൾ, പ്രിന്റർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങൾ ആശുപത്രികളിൽ ഉണ്ടാകണം. കമ്പ്യൂട്ടർ നെറ്റ്‌വർക്ക്, ഇലക്ട്രിക്കൽ വയറിംഗ്, ജനറേറ്റർ, വൈഡ് ഏരിയ നെറ്റ്‌വർക്ക് എന്നിവ ആവശ്യമാണ്. ഫീൽഡ് തലത്തിൽ പ്രവർത്തനവും വിവരശേഖരണവും നടത്തുന്ന ആരോഗ്യപ്രവർത്തകർക്ക് ടാബ്‌ലെറ്റ് പി.സി. ആവശ്യമാണ്. തിരുവനന്തപുരത്തെ പൈലറ്റ് ഇംപ്ലിമെന്റേഷൻ സ്ഥാപനങ്ങളിൽ മെഡിക്കൽ കോളേജ് ഒഴികെയുള്ള സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കി. ആരോഗ്യ പ്രവർത്തകർക്ക് നൽകുന്നതിലേക്കായി 8000 ടാബ്‌ലെറ്റ് പി.സി. വാങ്ങി അതിൽ configuration നടന്നുവരുന്നു. അടിസ്ഥാന സൗകര്യത്തിനായി ആകെ 56 കോടി രൂപ വേണ്ടിവരുമെന്നാണ് പ്രോജക്ട് റിപ്പോർട്ടിൽ കണക്കാക്കിയിരിക്കുന്നത്.

(സി) പൈലറ്റ് ഇംപ്ലിമെന്റേഷൻ നടന്ന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു :

1. വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നിവിടങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ
2. മണമ്പൂർ, വെള്ളനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ
3. ചിറയിൻകീഴ്, ഫോർട്ട് താലൂക്ക് ആശുപത്രികൾ
4. പബ്ലിക് ഹെൽത്ത് ലാബ്
5. പേരൂർക്കട ജില്ലാ ആശുപത്രി

പൈലറ്റ് ഇംപ്ലിമെന്റേഷൻ നടത്തിയ സ്ഥാപനങ്ങളിലെ വിവിധ തലത്തിലുള്ള ഉപയോക്താക്കളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സോഫ്റ്റ്‌വെയറിന് ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയ പൂർത്തീകരിച്ചതിനുശേഷം പുതിയ വെർഷൻ (2.0) രൂപീകരിക്കേണ്ടതുണ്ട്. സോഫ്റ്റ്‌വെയറിന്റെ 2.0 വെർഷൻ ആണ് വിശദമായ പരിശോധനകൾക്കും വിലയിരുത്തലിനും വിധേയമാക്കുന്നത്.

## ഇ-ഹെൽത്ത് പദ്ധതി കോഴിക്കോട് ജില്ലയിൽ

266 (2077) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഹെൽത്ത് (ജീവൻ രേഖ) പദ്ധതി കോഴിക്കോട് ജില്ലയിൽ ഈ വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പദ്ധതി നടപ്പിലാക്കാൻ ആരോഗ്യ മേഖലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ആലോചിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നതെന്താണെന്ന് അറിയിക്കാമോ;

(ഡി) സർക്കാർ ശേഖരിക്കുന്ന രോഗ വിവരങ്ങൾ, രോഗി സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുമ്പോൾ ഓൺലൈനിൽ ലഭ്യമാക്കുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ ?

ഉത്തരം

(എ) രണ്ട് ഘട്ടമായി നടപ്പിലാക്കുന്ന ഇ-ഹെൽത്ത് പദ്ധതിയിൽ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ല ഉൾപ്പെടുന്നില്ല. അതിനാൽ ഈ വർഷം കോഴിക്കോട് ജില്ലയിൽ പദ്ധതി ആരംഭിക്കാൻ കഴിയില്ല.

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ആലോചിച്ചിട്ടില്ല. എന്നാൽ പദ്ധതി പുരോഗമിക്കുന്ന മുറയ്ക്ക് സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമായ മേഖലയിൽ അതാതു ഘട്ടങ്ങളിൽ ആളുകളെ താൽക്കാലികമായി നിയോഗിക്കേണ്ടതായി വരും.

(സി) പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ് :

1. വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളെയും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളെയും ഒരു വൈഡ് ഏരിയ നെറ്റ്വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

(ഡി) സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗി ആഗ്രഹിക്കുന്ന പക്ഷം One Time Password-ന്റെ അടിസ്ഥാനത്തിൽ സർക്കാർ ശേഖരിച്ചിട്ടുള്ള വിവരങ്ങൾ നൽകുന്നതിനുള്ള സൗകര്യം പദ്ധതി പൂർത്തീകരിക്കുമ്പോൾ ലഭ്യമാകുന്നതാണ്.

**ഡി.എച്ച്.എസ്.-ൽ നിന്നുള്ള നിയമന ഉത്തരവ്**

267 (2078) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രാഗേഷ് സി.ആർ, S/o Late ചന്ദ്രൻ എന്ന വ്യക്തിക്ക് 19-8-2015-ലെ GO (Ms) No. 181/2015/H&FWD ഉത്തരവുപ്രകാരം കോഴിക്കോട് ജില്ലയിൽ ആരോഗ്യവകുപ്പിൽ എൽ.ഡി.ക്ലാർക്ക് ആയി നിയമനം നൽകുന്നതിന് ഉത്തരവായെങ്കിലും ഇതുവരെ ഡി.എച്ച്.എസ്സ്-ൽ നിന്നും നിയമനം നൽകി ഉത്തരവാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ആശ്രിത നിയമന പദ്ധതി പ്രകാരം നിയമന ഉത്തരവ് ലഭിച്ച് സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ക്ലാർക്കുമാരെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള അനുപാതത്തിൽ ക്രമപ്പെടുത്തിയാൽ മാത്രമേ പുതിയ നിയമനം നടത്താൻ കഴിയുകയുള്ളൂ. നിലവിൽ ആരോഗ്യ വകുപ്പിൽനിന്ന് നിയമന ഉത്തരവ് ലഭിക്കുവാനുള്ള ഉദ്യോഗാർത്ഥികളുടെ പട്ടികയിൽ ശ്രീ. രാഗേഷ് സി.ആർ.-ന്റെ ക്രമനമ്പർ 10 ആണ്.

**രോഗി സൗഹൃദ പരിചരണം**

268 (2079) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ആശുപത്രികളിലും രോഗി സൗഹൃദ പരിചരണം സാധ്യമാക്കി ഒ.പി.സേവനം കൂടുതൽ ഫലപ്രദമാക്കുന്നതിന് 'ആർദ്രം' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ ;

(ബി) സർക്കാർ ആശുപത്രിയെ സമീപിക്കുന്ന ആളുകൾക്ക് ഈ പദ്ധതി മുഖേന എന്തെല്ലാം സഹായങ്ങൾ ലഭ്യമാകും ;

(സി) സ്റ്റാഫ് നേഴ്സ് പട്ടികയിൽ നിന്ന് ആവശ്യത്തിന് ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വൈകുന്നുണ്ടോ എന്നറിയിക്കാമോ ?

## ഉത്തരം

(എ) കേരളത്തിലെ ആരോഗ്യരംഗത്തെ എല്ലാ തലത്തിലും രോഗി സൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ ആർദ്രം ദൗത്യം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒ.പി. ട്രാൻസ്ഫർമേഷൻ, ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവത്ക്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ഇതിലൂടെ ലക്ഷ്യമിടുന്നു. അത്യാഹിത വിഭാഗം ഐ.പി. വിഭാഗം, ലബോറട്ടറി ഉൾപ്പെടെയുള്ള മറ്റ് പരിശോധന സംവിധാനങ്ങൾ, ഫാർമസി, പ്രസവമുറി, ഓപ്പറേഷൻ തീയേറ്ററുകൾ എന്നിവയിലെ സൗകര്യങ്ങൾ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് സജ്ജീകരിക്കുന്നതിന് ഇതിലൂടെ ലക്ഷ്യമിടുന്നു.

(ബി) ഈ പദ്ധതി മുഖേന ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു :

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക.
- ജില്ലാ/താലൂക്ക് തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ല്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുക. ആവശ്യമെങ്കിൽ ഉയർന്ന തലത്തിലേയ്ക്ക് രോഗികളെ റഫർ ചെയ്യുക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയിൽ കാര്യക്ഷമമായി ഇടപെടുക എന്നീ സേവനങ്ങൾ നൽകുക.
- രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാമാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.

(സി) സ്റ്റാഫ് നേഴ്സിന്റെ അനുവദനീയമായ തസ്തികകളിലേയ്ക്ക് സ്റ്റാഫ് നേഴ്സിന്റെ പട്ടികയിൽ നിന്നും നിയമനം നടത്തുന്നുണ്ട്. 'ആർദ്രം' പദ്ധതിക്ക് കീഴിൽ സ്റ്റാഫ് നേഴ്സ് തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്.

## ലാബ് ടെക്നീഷ്യന്മാരുടെ യോഗ്യത

269 (2080) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ലാബുകളിലെ ലാബ് ടെക്നീഷ്യന്മാരുടെ യോഗ്യത പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാരിന്റെ വി.എച്ച്.എസ്.സി. എം.എൽ.ടി, ബി.എസ്.എസ്. നടത്തുന്ന ബി.എം.എൽ.ടി. യോഗ്യത നേടിയവർക്ക് ഈ മേഖലയിൽ തുടരുന്നതിന് സാധിക്കുമോ; വിശദീകരിക്കുമോ ;

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ ഉൾപ്പെടെ എല്ലാ ലാബുകളിലും പ്രവർത്തിക്കാൻ വേണ്ട യോഗ്യത ഡി.എം.എൽ.ടി./ബി.എസ്.സി. എം.എൽ.ടി. ഉള്ളവർക്ക് മാത്രമായി നിജപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും സ്ഥാപനങ്ങളിലും ലാബ് ടെക്നീഷ്യന്മാരെ നിയമിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത താഴെ പറയും പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട് :

1. സയൻസ് വിഷയങ്ങൾക്ക് 50% മാർക്ക്/ 'ബി' ഗ്രേഡോടു കൂടിയ പ്രീഡിഗ്രി/തത്തുല്യ യോഗ്യത, കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള എം.എൽ.റ്റി. കോഴ്സ്/തത്തുല്യ കോഴ്സുകളിലുള്ള വിജയം.

2. എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യതയും ക്ലാസ് I ബ്ലഡ് ട്രാൻസ്ഫ്യൂഷൻ അസിസ്റ്റന്റ് ടെസ്റ്റും പാസ്സായ 15 വർഷത്തിൽ കുറയാത്ത സൈനിക സേവനമുള്ളവർ.

സംസ്ഥാനത്തെ സ്വകാര്യ ലാബുകളിലെ ലബോറട്ടറി ടെക്നീഷ്യൻമാർക്കായി പ്രത്യേക യോഗ്യത ഒന്നുംതന്നെ സർക്കാർ നിശ്ചയിച്ചിട്ടില്ല. സർക്കാർ ആശുപത്രികളിലെയും സ്ഥാപനങ്ങളിലെയും ലബോറട്ടറി ടെക്നീഷ്യൻമാരുടെ യോഗ്യത തന്നെയാണ് സ്വകാര്യ സ്ഥാപനങ്ങൾക്കും ബാധകം.

## കല്ലറ പി.എച്ച്.സി.

270 (2081) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ പി.എച്ച്.സി.-യിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാകുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. എന്നാൽ ചില അവസരങ്ങളിൽ ചില മരുന്നുകൾക്ക് ക്ഷാമം നേരിട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി 13-2-2017 തീയതിയിലെ സ.ഉ. (സാധാ.)നമ്പർ387/2017/ത.സ്വ.ഭ.വ. പ്രകാരം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ഫണ്ട് ഉപയോഗിച്ചോ 18-6-2015 തീയതിയിലെ 6966/ജെ1/2015/ആരോഗ്യം (കുടുംബക്ഷേമം) നമ്പർ പ്രകാരം ആർ.എസ്.ബി.വൈ. വഴിയോ മരുന്ന് വാങ്ങാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## മങ്കട സി.എച്ച്.സി.

271 (2082) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മങ്കടമണ്ഡലത്തിലെ മങ്കട സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഡി.എച്ച്.എസ്. നൽകിയ റിപ്പോർട്ടിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഒരു താലൂക്ക് ആശുപത്രി പോലും ഇല്ലാത്ത മണ്ഡലങ്ങളിൽ ഇത്തരത്തിൽ സി.എച്ച്.സി.-കളെ ഉയർത്തി താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോ?

ഉത്തരം

(എ-സി) സ്റ്റാൻഡൈസേഷന്റെ ഭാഗമായി ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പിലെ ജില്ലാ/താലൂക്ക്/ബ്ലോക്ക് പഞ്ചായത്തുതല ആരോഗ്യ സ്ഥാപനങ്ങളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ, തെരഞ്ഞെടുക്കേണ്ട സ്ഥാപനങ്ങൾ ഇവയുടെ കരട് ലിസ്റ്റ് തയ്യാറായിട്ടുണ്ട്. പ്രസ്തുത കരട് ലിസ്റ്റിൽ മങ്കട സി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്.

**ജീവിതശൈലീ രോഗങ്ങൾ**

272 (2083) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവിതശൈലീ രോഗങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

(സി) കുട്ടികൾക്ക് സ്കൂൾ തലം മുതൽ ജീവിത ശൈലീ രോഗങ്ങളുടെ ബോധവത്ക്കരണവുമായി ബന്ധപ്പെട്ടുള്ള പാഠ്യപദ്ധതിക്ക് രൂപം നൽകുവാൻ വിദ്യാഭ്യാസ വകുപ്പുമായി കൂടി ആലോചിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, ക്യാൻസർ തുടങ്ങിയ രോഗങ്ങൾ പ്രാദേശിക വ്യത്യാസങ്ങളില്ലാതെ എല്ലാ വിഭാഗങ്ങൾക്കിടയിലും ഒരുപോലെ ബാധിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ഇത് നിയന്ത്രിക്കുവാൻ 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, ഭക്ഷണം, വ്യായാമം, ലഹരി എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് സൗജന്യമായി ചികിത്സയും മരുന്നും നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഓഫീസുകൾ, തൊഴിൽശാലകൾ എന്നിവിടങ്ങളിൽ വർക്ക് പ്ലേസ് ഇന്റർവെൻഷൻ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ജീവിതശൈലിയിൽ ആരോഗ്യപരമായ മാറ്റം വരുത്തുന്നതിനായി LEAP (Life style Education and Awareness Programme) ആഭ്യന്തര വകുപ്പുമായി ചേർന്നുകൊണ്ട് പോലീസുകാർക്ക് സ്ക്രീനിംഗ് നടത്തുന്നതിനായി SHAPE (Systematic Health Assessment of Police Personnel) തുടങ്ങിയ പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. ഡയബറ്റിക്ക് ഫൂട്ട് ക്ലിനിക്ക് (diabetic Foot Clinic), റെറ്റിനോപതി ക്ലിനിക്ക്, ഹൃദ്രോഗ ചികിത്സയ്ക്ക് സി.സി.യു., പക്ഷാഘാത ക്ലിനിക്ക് എന്നിവ പ്രധാന ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിദ്യാലയങ്ങളിൽ ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി ഭക്ഷണരീതിയിൽ ആരോഗ്യപരമായ മാറ്റം വരുത്തുന്നതിനും, വ്യായാമം, യോഗ എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനും മദ്യം, പുകയില എന്നീ ദുശ്ശീലങ്ങൾ ഒഴിവാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് LEAP (Life style Education and Awareness Programme) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കുട്ടികൾക്കായുള്ള ജീവിതശൈലി രോഗ ബോധവത്ക്കരണം കരിക്കുലത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## വ്യാജ സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങൾ

273 (2085) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന വ്യാജ സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ചർമ്മരോഗം ബാധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഉൽപ്പന്നങ്ങൾ പരിശോധിക്കുവാൻ സർക്കാർ സംവിധാനം നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുണ്ട്.

(സി) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ മാസം തോറും ഗുണനിലവാര പരിശോധനയ്ക്കായി മരുന്നുകൾക്കു പുറമെ സൗന്ദര്യവർദ്ധക വസ്തുക്കളും ശേഖരിക്കാറുണ്ട്. കൂടാതെ സംസ്ഥാനത്തുള്ള കോസ്മെറ്റിക് നിർമ്മാണ യൂണിറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുന്നുണ്ട്. കോസ്മെറ്റിക് വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് മതിയായ രേഖകളില്ലാതെ സൗന്ദര്യവർദ്ധക വസ്തുക്കൾ സൂക്ഷിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയും മിസ്ബ്രാൻഡഡ് ആയ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കെതിരെയും നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ**

274 (2086) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുക എന്നും വ്യക്തമാക്കുമോ;

(സി) കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള സർക്കാർ പ്രഖ്യാപിച്ച ആർദ്രം മിഷനിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ പരിചരണത്തിന്റെ പ്രധാന ഘടകമായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ മാറ്റത്തിനും ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾക്കും അനുസൃതമായ രീതിയിൽ വിപുലപ്പെടുത്തും. മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലി രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി അവയെ മാറ്റുന്നതാണ്. കുടുംബ ഡോക്ടർ തലത്തിലേക്ക് ഈ മേഖലയിലെ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും കോഴ്സുകളും നടത്തുന്നതാണ്. ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാക്കും.

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർ, സ്റ്റാഫ് നേഴ്സ്/ഹെഡ് നേഴ്സ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയവരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്.

## ആരോഗ്യ രംഗത്ത് സ്റ്റാന്റേഡൈസേഷൻ

275 (2087) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ രംഗത്ത് സർക്കാർ പ്രഖ്യാപിച്ച സ്റ്റാന്റേഡൈസേഷന്റെ ഭാഗമായി മങ്കട മണ്ഡലത്തിലെ മങ്കട, പുഴക്കാട്ടിരി, കുറുവാ പാങ്ങ് എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും മൂർക്കനാട് കൊളത്തൂർ, കുട്ടിലാകാടി, മക്കരപ്പറമ്പ്, അങ്ങാടിപ്പുറം വലമ്പൂർ എന്നീ പ്രൈമറി ഹെൽത്ത് സെന്ററുകളിലും പുതുതായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

സ്റ്റാന്റേഡൈസേഷന്റെ ഭാഗമായി ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പിലെ ജില്ലാ/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് തല ആരോഗ്യ സ്ഥാപനങ്ങളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെക്കുറിച്ചും തെരഞ്ഞെടുക്കേണ്ട സ്ഥാപനങ്ങളുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ടി സ്ഥാപനങ്ങളുടെ കൂട്ടത്തിൽ മങ്കട സി.എച്ച്.സി.യും ഉൾപ്പെടുന്നു.

## ആരോഗ്യസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

276 (2088) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയിൽ മരുന്നില്ലാതെ ജനം വലയുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി വിവിധ സർക്കാർ ആശുപത്രികൾക്ക് വിവിധ പദ്ധതികൾക്കായി (ആർ.എസ്.ബി.വൈ./ചിസ് പ്ലസ്/കെ.ബി.എഫ്./ കെ.ബി.എഫ്.-ഡയാലിസിസ്, ക്യാൻസർ സുരക്ഷ/ജെ.എസ്.എസ്.കെ./സുകൃതം/ആരോഗ്യകിരണം/ആർ.ബി.എസ്.കെ./ താലോലം/ജനറൽ പർച്ചേയ്സ്), ഉഭയകക്ഷി ഉടമ്പടിയുടെ അടിസ്ഥാനത്തിൽ മരുന്നും അനുബന്ധ സാധനസാമഗ്രികളും ലഭ്യമാക്കിവരുന്നു.

**ആരോഗ്യമേഖലയിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ**

277 (2089) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ബി. സത്യൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം സേവന നിലവാരം ഉയർത്താനും ലബോറട്ടറി സൗകര്യങ്ങളും മറ്റ് ആധുനിക രോഗ നിർണ്ണയ സംവിധാനങ്ങളും ഏർപ്പെടുത്താനും പരിപാടിയുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിലെ അനിയന്ത്രിത തിരക്ക് നിയന്ത്രിക്കാനായി ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) Major construction work, strengthening of institutions under DHS, Asset maintenance fund & construction of maternity unit എന്നിവയാണ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള പ്രധാന പദ്ധതികൾ. കൂടാതെ കെ.ഐ.ഐ.എഫ്.ബി. മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 'patient friendly transformation of outpatient services to ensure quality of care' എന്ന പദ്ധതിക്കാണ് രൂപം കൊടുത്തിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ പ്രധാന ആശുപത്രികളിലെല്ലാം തന്നെ ലബോറട്ടറി സൗകര്യം ലഭ്യമാണ്. ലബോറട്ടറി സംവിധാനമില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി എൻ.എച്ച്.എം. മുഖേന നടന്നുവരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും അതിന്റെ ഭാഗമായി ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിനുവേണ്ടി ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്. ഡെങ്കി, ചിക്കൻഗുനിയ എന്നിവ സ്ഥിരീകരിക്കുന്നതിനായി എല്ലാ ജില്ലകളിലും സെന്റിനൽ

സർവൈലൻസ് സംവിധാനം ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്. മലമ്പനി സ്ഥിരീകരണത്തിന് രക്തസ്മിയർ പരിശോധനാ സംവിധാനത്തിനുപുറമെ ദ്രുത പരിശോധനാ കിറ്റുകളും ജില്ലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. റഫറൽ ലാബ് നെറ്റ്‌വർക്ക് സംവിധാനത്തിലൂടെ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളുടെ സഹകരണത്തോടെ രോഗം പൊട്ടിപ്പുറപ്പെടുന്ന പ്രദേശങ്ങളിൽ രോഗ സ്ഥിരീകരണത്തിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും രോഗ നിർണ്ണയം നടത്തി വരുന്നുണ്ട്.

(സി) ആർദ്രം ദൗത്യത്തിന്റെ ഭാഗമായി ഘട്ടംഘട്ടമായി ജില്ലാതല ആശുപത്രികളിൽ കാത്ത് ലബ് സൗകര്യത്തോടെയുള്ള കാർഡിയോളജി യൂണിറ്റുകളും മറ്റ് സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളും തുടങ്ങുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## കുറഞ്ഞ നിരക്കിൽ സ്റ്റെന്റ്

278 (2090) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ വിലനിയന്ത്രണം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഹൃദ്രോഗ ചികിത്സക്ക് ആവശ്യമായ സ്റ്റെന്റ് കുറഞ്ഞ ചെലവിൽ സർക്കാരാശുപത്രികളിലെ രോഗികൾക്ക് ലഭ്യമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ വഴി കുറഞ്ഞ നിരിക്കിൽ സ്റ്റെന്റ് ലഭ്യമാക്കുമോ;

(സി) വിലനിയന്ത്രണത്തെ അട്ടിമറിക്കുവാനായി സർക്കാർ ആശുപത്രികളിലേക്കുള്ള സ്റ്റെന്റിന്റെ വിതരണം നിർമ്മാതാക്കൾ നിർത്തിവച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ഹൃദ്രോഗ ചികിത്സയ്ക്ക് ആവശ്യമായ സ്റ്റെന്റുകൾ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആദ്യഘട്ടത്തിൽ 5 മെഡിക്കൽ കോളേജുകളിലും, എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ഹൃദ്രോഗ ചികിത്സയ്ക്കാവശ്യമായ സ്റ്റെന്റ് കുറഞ്ഞ ചെലവിൽ രോഗികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ

279 (2091) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിൽ വിപുലമായ ആശുപത്രി സംവിധാനമുള്ളപ്പോഴും ജനങ്ങളിൽ 60% ത്തിലധികം പേർ സ്വകാര്യമേഖലയെ ആശ്രയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ പ്രഖ്യാപിച്ച ആർദ്രം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും, പ്രസ്തുത പദ്ധതിവഴി എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ചികിത്സാ ചെലവ് ദൈനംദിനം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു തടയുവാനും ചികിത്സാ ചെലവ് ക്രമവൽക്കരിക്കാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ഡി) ആരോഗ്യ ചികിത്സാ മേഖലയിലെ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാനായി തയ്യാറാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നടപ്പു സമ്മേളനത്തിൽത്തന്നെ നിയമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ ചെയ്തുവരുന്നുണ്ട്.

(ബി) കേരളത്തിന്റെ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനും താഴെപ്പറയുന്ന പ്രവർത്തനങ്ങളിലൂടെ ആർദ്രം ദൗത്യം ലക്ഷ്യമിടുന്നു :

1. ഔട്ട്പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീ സൗഹൃദമായ രീതിയിൽ ഗുണമേന്മയുള്ള ചികിത്സ ഉറപ്പുവരുത്തുക.
2. ജില്ലാ-താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുക.
4. ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സാമാർഗ്ഗ രേഖകളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുക.

5. ആരോഗ്യ നിർണ്ണയ ഘടകങ്ങളുടെ പരിഹാരത്തിനും ആരോഗ്യ രംഗത്തെ ഫലപ്രദമായ ഇടപെടലിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ പ്രാഥമിക ഘട്ടമെന്ന നിലയിൽ വിവിധ അസംബ്ലി മണ്ഡലങ്ങൾ ഉൾപ്പെടുന്ന രീതിയിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തിരഞ്ഞെടുക്കുകയും അതിനായി പ്രസ്തുത ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിനായി 39 കോടി രൂപയുടെ (230 മെഡിക്കൽ ആഫീസർമാരുടെയും 482 സ്റ്റാഫ് നഴ്സുകളുടെയും 133 ലാബ് ടെക്നീഷ്യന്മാരുടെയും) പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ആർദ്രം പദ്ധതിയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനായി 'patient friendly transformation of out patient service to ensure quality of care' എന്ന പദ്ധതിയാണുള്ളത്. ഇതിലേക്കായി 5181.84 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതുവഴി രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാൻ സാധിക്കുന്നതാണ്. OP ചുറ്റുപാടുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്ത് ചികിത്സാ ചെലവ് കൂടുതലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനായി ഗവൺമെന്റ് ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ ചെയ്തുവരുന്നുണ്ട്.

(ഡി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആരോഗ്യവകുപ്പിലെ ആശ്രിത നിയമനം**

280 (2092) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ;

(ബി) 2005 ഫെബ്രുവരി 11-ാം തീയതി മരിച്ച ഡോ. കെ. വി. അനന്ദകൃഷ്ണൻ നായരുടെ മകൾ രാധിക നായർ, കൈപ്പറമ്പിൽ, ചെങ്ങന്നൂരിന്റെ ആശ്രിത നിയമനം വൈകുന്നതിന്റെ കാരണം വിശദീകരിക്കുമോ;

(സി) പ്രസ്തുത വ്യക്തിക്ക് നിയമനം എന്ന് ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജി.ഒ.(പി) നമ്പർ 249/13/ജി.എ.ഡി. തീയതി 2-9-2013 പ്രകാരം ആശ്രിത നിയമനത്തിനുള്ള ക്ലാർക്കുമാരുടെ നിയമനത്തിനായി 356 തസ്തികകൾ അധികമായി സൃഷ്ടിക്കുകയുണ്ടായി. അതിൽ 113 സൂപ്പർന്യൂമററി തസ്തികകൾ ആരോഗ്യവകുപ്പിന് വേണ്ടിയുള്ളതായിരുന്നു. സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയ ക്ലാർക്കുമാരുടെ നിയമനം നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള അനുപാതത്തിൽ ക്രമപ്പെടുത്തിയാൽ മാത്രമേ പുതിയ നിയമനങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

(ബി) സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ക്ലാർക്കുമാരുടെ നിയമനം നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള അനുപാതത്തിൽ ക്രമപ്പെടുത്തിയാൽമാത്രമേ പുതിയ നിയമനം നടത്താൻ കഴിയുകയുള്ളൂ. ആരോഗ്യ വകുപ്പിൽ നിന്ന് നിയമന ഉത്തരവ് ലഭിക്കുവാനുള്ള ഉദ്യോഗാർത്ഥികളുടെ നിലവിലുള്ള പട്ടികയിൽ രാധികാ നായരുടെ ക്രമനമ്പർ 5 ആണ്.

(സി) സൂപ്പർന്യൂമററി നിയമനങ്ങൾ ക്രമപ്പെടുത്തിയതിനുശേഷം മാത്രമേ നിലവിലുള്ള പട്ടികയിൽനിന്ന് എത്രപേർക്ക് നിയമനം നൽകാൻ കഴിയുമെന്ന് കണ്ടെത്താൻ കഴിയുകയുള്ളൂ.

**ആരോഗ്യ വകുപ്പിലെ നിയമനങ്ങളും സൃഷ്ടിച്ച തസ്തികകളും**

281 (2093) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ ആരോഗ്യ വകുപ്പിൽ പുതുതായി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ ജി.ഒ.(എംഎസ്.) നമ്പർ 198/16/ആ.കു.വ. തീയതി 20-10-2016 പ്രകാരം 19 നഴ്സിംഗ് ട്യൂട്ടർമാരുടെ തസ്തികകൾ വിവിധ സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ സൃഷ്ടിക്കുകയുണ്ടായി. കൂടാതെ മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിൽ ജി.ഒ.(എംഎസ്.) നമ്പർ 22/17/ ആ.കു.വ. തീയതി 9-2-2017 പ്രകാരം പത്ത് വിവിധ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. സ.ഉ.(എംഎസ്.) നമ്പർ 192/2016/ആ.കു.വ. തീയതി 7-10-2016 പ്രകാരം 204 ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2-ന്റെ തസ്തികകളും സ.ഉ.(എംഎസ്.) നമ്പർ

230/2016/ആ.കു.വ. തീയതി 28-12-2016 പ്രകാരം 47 അസിസ്റ്റന്റ് ദന്തൽ സർജന്മാരുടെയും തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പുതിയ മെഡിക്കൽ/ദന്തൽ/നഴ്സിംഗ് കോളേജുകളിലായി 450 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, സ.ഉ. നമ്പർ 193/2016/ ആ.കു.വ. തീയതി 7-10-2016 പ്രകാരം പ്രൊഫസർ ഓഫ് ഫാർമസ്യൂട്ടിക്കൽ അനാലിസിസ് തസ്തിക തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചു. സ.ഉ.(കൈ)20/2017/ആ.കു.വ. തീയതി 6-2-2017 പ്രകാരം ആലപ്പുഴ ഫാർമസികോളേജിൽ 4 സീനിയർ ലക്ചർമാരുടെ തസ്തിക സൃഷ്ടിച്ചു. സ.ഉ.(എംഎസ്.) നമ്പർ 225/2016/ ആ.കു.വ. തീയതി 22-12-2016 പ്രകാരം സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി വിഭാഗത്തെ അർബുദരോഗ ചികിത്സയ്ക്കുള്ള സമഗ്ര കേന്ദ്രമാക്കി ഉയർത്തുന്നതിന് 105 തസ്തികകൾ സൃഷ്ടിച്ചു.

(ബി) ആരോഗ്യ വകുപ്പിൽ 2256 നിയമനങ്ങളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 614 നിയമനങ്ങളും പുതുതായി നടത്തിയിട്ടുണ്ട്.

**വയനാട് മെഡിക്കൽ കോളേജ്**

282 (2094) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട വയനാട് മെഡിക്കൽ കോളേജ് സംബന്ധിച്ച പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) വയനാട് മെഡിക്കൽ കോളേജ് സംബന്ധിച്ച കൺസൾട്ടൻസിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നിർദ്ദിഷ്ട വയനാട് മെഡിക്കൽകോളേജ് സ്ഥാപിക്കുന്നതിനായി സംസ്ഥാന പ്ലാൻ വിഹിതമായി 2015-16 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും 2016-17 സാമ്പത്തിക വർഷം 22 കോടി രൂപയും 4210-03-105-57 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ടി സ്ഥാപനം സ്ഥാപിക്കുന്ന സ്ഥലത്തേക്കുള്ള അപ്രോച്ച് റോഡ് നിർമ്മിക്കാനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ**

283 (2095) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കലും മറ്റു കൃത്രിമങ്ങളെയും കുറിച്ച് പരാതിപ്പെടുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ബി) നിലവിലുള്ള സംവിധാനങ്ങൾ ഇതിന് പര്യാപ്തമാണോ; അല്ലെങ്കിൽ ഇനിയും എന്തൊക്കെയാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ) ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കലും മറ്റ് കൃത്രിമങ്ങളെയും കുറിച്ച് പരാതിപ്പെടുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ഓഫീസ് സമയങ്ങളിൽ 1800 425 1125 എന്ന ടോൾഫ്രീ നമ്പറും <u>ഇതുകൂടാതെ</u> foodsafetykerala@gmail.com എന്ന മെയിൽ ഐഡിയും ഉപയോഗിക്കാവുന്നതാണ്. ജില്ലാ ഓഫീസുകളിൽ അതാതു ജില്ലകളിലെ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരുടെ മൊബൈൽ നമ്പറുകളിലും ഓഫീസ് നമ്പറുകളിലും മെയിൽ ഐഡിയിലും പരാതികൾ അറിയ്ക്കാവുന്നതാണ്. ഓരോ നിയമസഭ നിയോജകമണ്ഡലത്തിലും ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നിയന്ത്രണത്തിൽ ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ മൊബൈൽ നമ്പറിലും മെയിൽ ഐഡിയിലും പരാതിപ്പെടാവുന്നതാണ്.

(ബി) നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്. പരാതികൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് ഒരു മൊബൈൽ ആപ്പ് ഉടൻതന്നെ ഫുഡ്സേഫ്റ്റി ഡിപ്പാർട്ടുമെന്റ് നടപ്പാക്കുന്നതാണ്.

**മുക്കം സാമൂഹികാരോഗ്യ കേന്ദ്രം**

284 (2096) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ സൗകര്യവും നിലവാരവും വർദ്ധിപ്പിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ സൗകര്യവും നിലവാരവും മെച്ചപ്പെടുത്തുന്നതിന് ആശുപത്രി വികസന സൊസൈറ്റി മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. അതിന്റെ പ്രവർത്തനം അന്തിമഘട്ടത്തിലാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന അറിയാൻ കഴിഞ്ഞിട്ടുണ്ട്.

**കുടുംബ ആരോഗ്യകേന്ദ്രം**

285 (2097) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കുടുംബ ആരോഗ്യകേന്ദ്രമായി ഉയർത്തിയ ആശുപത്രികളിൽ പുതിയതായി എന്തൊക്കെ പ്രവർത്തനങ്ങളും സൗകര്യങ്ങളുമാണ് വരുന്നതെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് ആകെ എത്ര ആശുപത്രികളെയാണ് കുടുംബ ആരോഗ്യ കേന്ദ്രമായി മാറ്റുന്നത്;

(സി) കുടുംബ ആരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം ആരോഗ്യകേന്ദ്രത്തിൽ ഏതൊക്കെ അധിക തസ്തികകളാണ് ഉണ്ടാകുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) കേരള സർക്കാർ പ്രഖ്യാപിച്ച ആർദ്രം മിഷനിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യപരിചരണത്തിന്റെ പ്രധാന ഘടകമായ പി.എച്ച്.സി.-കളും ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ മാറ്റത്തിനും ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിൽ വിപുലപ്പെടുത്തും. മാതൃശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലീരോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി അവയെ മാറ്റുന്നതാണ്. കുടുംബ ഡോക്ടർ തലത്തിലേക്ക് ഈ മേഖലയിലെ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും കോഴ്സുകളും നടത്തുന്നതുമാണ്. ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാക്കും.

(ബി) സംസ്ഥാനത്തെ വിവിധ റവന്യൂ ബ്ലോക്കുകളിൽ/അസംബ്ലി മണ്ഡലങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് പ്രാഥമിക ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത്.

(സി) സംസ്ഥാനത്തെ വിവിധ വികസന ബ്ലോക്കുകളിൽ/അസംബ്ലി മണ്ഡലങ്ങളിൽ ഒന്നുവീതം പി.എച്ച്.സി.-കളെയാണ് ആദ്യ ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്ര ങ്ങളാക്കാനായി തെരഞ്ഞെടുത്തിരിക്കുന്നത്.

(ഡി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പി.എച്ച്.സി.-കളിൽ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്/ഹെഡ്നഴ്സ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയ അധിക തസ്തികകളാണ് സൃഷ്ടിക്കുന്നത്.

**പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ സ്ഥലം**

286 (2098) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ സ്ഥലം പരിയാരം മെഡിക്കൽ കോളേജിന് കൈമാറുമ്പോൾ കേരള സർക്കാരും മെഡിക്കൽ കോളേജ് ഭരണ സമിതിയും തമ്മിൽ കരാർ ഉണ്ടാക്കിയിരുന്നോ;

(ബി) എങ്കിൽ കരാറിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(സി) കണ്ണൂർ-കാസർകോട് ജില്ലകളിലെ ക്ഷയരോഗികൾക്ക് കിടത്തി ചികിൽസയും പോഷകാഹാരവും മരുന്നും നൽകിവന്നിരുന്ന പരിയാരം ടി.ബി.സാനിറ്റോറിയം പരിയാരം മെഡിക്കൽ കോളേജിനു കൈമാറിയതിനു ശേഷം പാവപ്പെട്ട ക്ഷയ രോഗികൾക്ക്, മുമ്പ് ലഭിച്ചിരുന്ന സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമാണോ;

(ഡി) ഇല്ലെങ്കിൽ എന്ത് പരിഹാര നടപടികളാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ സ്ഥലം പരിയാരം മെഡിക്കൽ കോളേജിന് കൈമാറുന്നതിന് പ്രത്യേക കരാറില്ല. ഡി.എം.ഒ.യുടെ 11-2-1995-ലെ സി1/3544/94 നമ്പർ കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് കൈമാറ്റം നടന്നത്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പരിയാരം ടി.ബി. സാനിറ്റോറിയം പരിയാരം മെഡിക്കൽ കോളേജിന് കൈമാറിയതിന് ശേഷം പാവപ്പെട്ട ക്ഷയരോഗികൾക്ക് മുമ്പ് ലഭിച്ചിരുന്ന എല്ലാ ചികിത്സാ സൗകര്യങ്ങളും നൽകി വരുന്നുണ്ട്. സൗജന്യമായി ക്ഷയരോഗ മരുന്നുകൾ ലഭ്യമാണ്. എന്നാൽ പോഷകാഹാരം ഇപ്പോൾ സൗജന്യമായി നൽകി വരുന്നില്ല.

(ഡി) പോഷകാഹാരം നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പാലോട് സി.എച്ച്.സി.**

287 (2099) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിപ്രകാരം ഓരോ റവന്യൂ താലൂക്കിലും ഓരോ താലൂക്കാശുപത്രിയെ മാതൃകാ താലൂക്കാശുപത്രിയായി കണ്ടെത്തി സജ്ജീകരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. നെടുമങ്ങാട് താലൂക്കിൽ പാലോട് സാമൂഹികാരോഗ്യ കേന്ദ്രം സ്ഥിതിചെയ്യുന്ന നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ സമീപ പഞ്ചായത്തായ വിതുര ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിതുര താലൂക്കാശുപത്രിയെയാണ് നെടുമങ്ങാട് താലൂക്കിൽ കണ്ടെത്തിയിട്ടുള്ളത്. നെടുമങ്ങാട് താലൂക്കിൽ വിതുര താലൂക്കാശുപത്രിയെ സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി ഉൾപ്പെടുത്തിയതിനാൽ പാലോട് ആശുപത്രിയുടെ പദവി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കോട്ടയം ജനറൽ ആശുപത്രിയിൽ മരുന്ന്**

288 (2100) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം ജനറൽ ആശുപത്രിയിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കടക്കം മരുന്ന് ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ പുതിയ കെട്ടിട സമുച്ചയം**

289 (2101) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനും സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നബാർഡ് വഴി ലഭ്യമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ തുക ഉപയോഗിച്ച് നിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര നാളുകൾക്കുള്ളിൽ ഈ കെട്ടിട നിർമ്മാണം ആരംഭിക്കാനാകും; ഇതിന് സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ പുതിയ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിന് ജി.ഒ.(ആർ.ടി.)196/17/ആ.കു.വ. തീയതി 27-1-2017 പ്രകാരം മൊത്തം സാമ്പത്തിക വകയിരുത്തലായ 4030 ലക്ഷം രൂപയിൽ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിനുള്ള ആകെ തുകയായ 2352.94 ലക്ഷം രൂപയിൽ 2000 ലക്ഷം രൂപ (85%) നബാർഡ് വിഹിതമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ള 352.94 ലക്ഷം രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. ടി തുക ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും മെയിൽ/ഫീമെയിൽ വാർഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ടി ആശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(സി) സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് ആലപ്പുഴ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. സാങ്കേതികാനുമതി നൽകിയതിനുശേഷം പണി ഉടനടി ചെയ്തു കരാറുകാരനെ നിശ്ചയിച്ച് എഗ്രിമെന്റ് വച്ചതിനുശേഷം മാത്രമേ പണി ആരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് കുറഞ്ഞത് ഏകദേശം നാല് മാസം ആവശ്യമായി വരുന്നതാണ്.

## ഉമ്മനഴി ആയൂർവേദ ഡിസ്പെൻസറി ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി

290 (2102) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ പുലാപ്പറ്റ, ഉമ്മനഴി ആയൂർവേദ ഡിസ്പെൻസറി ആയൂർവേദ ആസ്പത്രിയാക്കി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) രോഗികളെ കിടത്തി ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ അടിയന്തരമായി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കടമ്പഴിപ്പുറം പഞ്ചായത്തിലെ ഉമ്മനഴി ഗവൺമെന്റ് ആയൂർവേദ ഡിസ്പെൻസറി 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## നാഷണൽ മെഡിക്കൽ കമ്മീഷൻ

291 (2103) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ മേഖലയെ നിയന്ത്രിക്കുന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് (എം.സി.ഐ.) പകരം നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽ വന്നിട്ടുണ്ടോ;

(ബി) ആരോഗ്യ മേഖലയിൽ കോർപ്പറേറ്റുകൾക്ക് വഴിയൊരുക്കുവാനാണ് ഈ സംവിധാനം കൊണ്ടുവരുന്നതെന്ന് ആക്ഷേപം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ കേരളത്തിലെ ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും ആശങ്ക കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത അവസ്ഥ വരുമെന്നുള്ള കാര്യം പരിശോധിക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ വന്നിട്ടില്ല.

(ബി-ഡി) 8-9-2016-ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന ദേശീയ മെഡിക്കൽ കമ്മീഷൻ രൂപീകരണത്തെ സംബന്ധിച്ച ചർച്ചയിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പങ്കെടുക്കുകയുണ്ടായി. ജനാധിപത്യ സംവിധാനം അട്ടിമറിച്ചുകൊണ്ട് നാമകരണം ചെയ്യപ്പെട്ട പ്രതിനിധികളെ വച്ച് നാഷണൽ മെഡിക്കൽ കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള അപാകത സംസ്ഥാനം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

**കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ**

292 (2104) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ കമ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥലവാടക ഈടാക്കാതെ ഫാർമസി ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കിയാൽ നിലവിൽ കാരുണ്യ കമ്യൂണിറ്റി ഫാർമസി ഇല്ലാത്ത വൈപ്പിൻ നിയോജക മണ്ഡലത്തിൽ കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിപണിവിലയിൽനിന്നും 20-93% വരെ വിലക്കുറവിൽ എല്ലാ ബ്രാൻഡഡ് മരുന്നുകളും കേരളത്തിലെ പൊതുജനങ്ങൾക്ക് ലഭ്യമാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കേരള ജനതയെ രക്ഷിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി ആരംഭിച്ചിട്ടുള്ള കാരുണ്യ ഫാർമസികൾ നിലവിൽ, മൂലധനമോ ലാഭേച്ഛയോ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ഫാർമസിയുടെ നടത്തിപ്പിനുവേണ്ട പണമെങ്കിലും ലഭ്യമാകുന്ന സ്ഥലങ്ങളിലെ സർക്കാർ ആശുപത്രികളുടെ അഭ്യർത്ഥനയോ ആ സ്ഥലത്തെ ജനപ്രതിനിധിയുടെ അഭ്യർത്ഥനയോ ലഭിച്ചാൽ ടി സ്ഥലങ്ങളിൽ കാരുണ്യ ഫാർമസികൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ പ്രസവ സൗകര്യം

293 (2105) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിലെ അസിസ്റ്റന്റ് സർജൻ പോസ്റ്റുകളിൽ ഒന്ന് ജൂനിയർ കൺസൾട്ടന്റ് (ഒ ആന്റ് ജി) ആയി മാറ്റി പ്രസവ സൗകര്യം തുടങ്ങുന്നതിനായുള്ള സൗകര്യം ഒരുക്കണമെന്നാവശ്യപ്പെട്ടുള്ള ജനപ്രതിനിധിയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഗൈനക്കോളജി വിഭാഗം തുടങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടും ഗൈനക്കോളജി ഡോക്ടറെ നിയമിക്കാത്തതുമൂലം പ്രസ്തുത സൗകര്യങ്ങൾ ബാധ്യതയാകുന്ന അവസ്ഥ ഒഴിവാക്കാൻ അടിയന്തരമായി ഒരു ഗൈനക്കോളജി ഡോക്ടറെ നിയമിക്കുമോ ; ഇല്ലെങ്കിൽ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെടുങ്ങോലം ആശുപത്രിയിൽ നിലവിലുള്ള അസിസ്റ്റൻറ് സർജൻ തസ്തികകളിൽ ഒന്ന് ജൂനിയർ കൺസൾട്ടന്റ് (ഒ&ജി) ആയി മാറ്റുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയിലെ അനുവദിക്കപ്പെട്ടിട്ടുള്ള ഒരു ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ ഡോ. രാഖി എസ്. ആനന്ദിന്റെ സേവനം ലഭ്യമാണ്.

## മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ സ്ഥാപിക്കാൻ നടപടി

294 (2106) ശ്രീ. പി. ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ തെങ്ങിലക്കടവിൽ സൗജന്യമായി സർക്കാരിലേക്ക് വിട്ടുകിട്ടിയ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു കാൻസർ സെന്റർ സ്ഥാപിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒരു ഡോക്ടറുടെയും നാല് നഴ്സുമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 5-8-2016-ലെ 2174/2016/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാവൂരിലെ മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്ററിനെ ഒരു കാൻസർ സ്ക്രീനിംഗ് സെന്ററായി നടത്തുന്നതിന് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിന് കൈമാറിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ നൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഇടുക്കി നിയോജക മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിലെ ഒഴിവുകൾ

295 (2107) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി നിയോജകമണ്ഡലത്തിലുള്ള പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക്, ജില്ലാ ആശുപത്രികളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് തസ്തിക തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി നിയോജമണ്ഡലത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ഒഴിവ് തസ്തിക തിരിച്ച് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) സ്വീകരിക്കുന്നതാണ്.

## സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ പദ്ധതി

296 (2108) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ പദ്ധതി പ്രകാരം 2016 ജൂൺ മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ അപേക്ഷകളിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 1702 അപേക്ഷകൾ.

(ബി) 982 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 334 |
| കൊല്ലം | - | 352 |
| ആലപ്പുഴ | - | 42 |
| പത്തനംതിട്ട | - | 28 |
| കോട്ടയം | - | 22 |
| ഇടുക്കി | - | 30 |
| എറണാകുളം | - | 2 |
| തൃശ്ശൂർ | - | 18 |
| പാലക്കാട് | - | 54 |
| മലപ്പുറം | - | 44 |
| കോഴിക്കോട് | - | 30 |
| വയനാട് | - | 1 |
| കണ്ണൂർ | - | 16 |
| കാസർഗോഡ് | - | 9 |
| ആകെ | | 982 |

**ആർദ്രം പദ്ധതി**

297 (2109) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ആർദ്രം പദ്ധതി വഴി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നത്; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

ആർദ്രം മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ കാസർഗോഡ് ജില്ലയിൽ നിന്നും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് ഉദുമ (Uduma), ഓർക്കാടി (Vorkady), എണ്ണപ്പാറ (Ennappara), മൊഗ്രാൽ പുത്തൂർ (Mogral Puthoor), കായൂർ (Kayoor), മുള്ളേരിയ (Mulleria), കാർന്താലം (Karnthalam) എന്നിവ. ഈ പദ്ധതിയിലൂടെ ആരോഗ്യമേഖലയിലെ നെടുംതൂണായി പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ജനങ്ങളുടെ പ്രതീക്ഷക്കൊപ്പം വിപുലപ്പെടുത്തുകയും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധ ചികിത്സയ്ക്കും പുറമെ ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണം, ചികിത്സ എന്നിവയ്ക്കും ഈ പദ്ധതിയിൽ പ്രാധാന്യം നൽകുന്നു. ഇവിടങ്ങളിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സിന്റെയും ലാബ് ടെക്നീഷ്യൻമാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ആർദ്രം മിഷൻ**

298 (2110) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ സർക്കാർ ആശുപത്രികളിലും ആർദ്രം മിഷൻ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ആർദ്രം മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ആർദ്രം മിഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്താൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ഡി) നിലവിലുള്ള പി.എച്ച്.സി.കളിൽ ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 14 ജില്ലകളിലെ 17 ജില്ലാതല ആശുപത്രികളിൽ അധിക തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലും 75 താലൂക്കുതല ആശുപത്രികളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലാണ്. സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ആർദ്രം മിഷന്റെ ലക്ഷ്യങ്ങളിലൊന്നാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നത്. ഇതിന്റെ പ്രഥമ ഘട്ടമെന്ന നിലയ്ക്ക് സംസ്ഥാനത്തെ റവന്യൂ/വികസന ബ്ലോക്കുകളിൽ നിന്ന് 170

പി.എച്ച്.സി.കളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിനും അവിടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) കേരളത്തിന്റെ ആരോഗ്യ രംഗത്തെ എല്ലാതലത്തിലും രോഗി സൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനും ആർദ്രം ദൗത്യം വഴി സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നു. ആർദ്രം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹൃദപരവുമായ സേവനം ഉറപ്പാക്കുക.
2. ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
4. ആശുപത്രികളിൽ രോഗികൾക്ക് ചികിത്സാമാർഗ്ഗ രേഖകൾ അടിസ്ഥാനമാക്കി മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുക.
5. ആരോഗ്യ നിർണ്ണയ ഘടകങ്ങളുടെ പരിഹാരത്തിനും ആരോഗ്യ രംഗത്തെ ഫലപ്രദമായ ഇടപെടലിനുമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് ആർദ്രം പദ്ധതിയിൽ പ്രൊപ്പോസൽ നൽകിയതും 5181.84 ലക്ഷം രൂപയ്ക്ക് ഭരണാനുതി നൽകിയതും. ഇതിലൂടെ ഒ.പി.യിൽ വരുന്ന രോഗികൾക്ക് മെച്ചപ്പെട്ട പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാനതലത്തിൽ ആർദ്രം മിഷന്റെ പുരോഗതി ഗവൺമെന്റ് തലത്തിൽ നേരിട്ട് വിലയിരുത്തിവരുന്നുണ്ട്.

(ഡി) കേരള സർക്കാർ പ്രഖ്യാപിച്ച ആർദ്രം മിഷനിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ പരിചരണത്തിന്റെ പ്രധാനഘടകമായ പി.എച്ച്.സി.കളും ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ

മാറ്റത്തിനും ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിൽ വിപുലപ്പെടുത്തും. മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലി രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി അവയെ മാറ്റുന്നതാണ്. കുടുംബ ഡോക്ടർ തലത്തിലേക്ക് ഈ മേഖലയിലെ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും കോഴ്സുകളും നടത്തുന്നതാണ്. ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാകും.

**കായംകുളം താലൂക്ക് ആശുപത്രിയിൽ ആധുനിക സംവിധാനങ്ങൾ**

299 (2111) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്, ട്രോമാകെയർ എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

ട്രോമാ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം താലൂക്ക് ആശുപത്രിക്ക് അനുവദിച്ച സി.റ്റി. സ്കാനർ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ/ദർഘാസ് നടപടികൾ പൂർത്തിയായിട്ടുണ്ട്. തുടർ നടപടികൾ ഉടൻതന്നെ പൂർത്തിയാകുന്നതാണ്. ഈ പദ്ധതിയിൽ അനുവദിച്ച മറ്റ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട്. ഈ ആശുപത്രിയിൽ തുടങ്ങുവാൻ നിശ്ചയിച്ചിട്ടുള്ള ഡയാലിസിസ് യൂണിറ്റിന് ആവശ്യമുള്ള ഉപകരണങ്ങളിൽ ഭൂരിഭാഗവും വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ചെറിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ആശുപത്രിയിലെ ഡോക്ടർക്ക് ഡയാലിസിസ് ട്രെയിനിംഗ് നൽകുന്നതിനും ആവശ്യമായ ജീവനക്കാരെ ഡയാലിസിസ് യൂണിറ്റിലേക്ക് നിയമിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**വർക്കല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

300 (2112) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് ഭരണാനുമതി നല്കിയതിനു ശേഷമുള്ള പുരോഗതികൾ വ്യക്തമാക്കുമോ ;

(ബി) ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് സാങ്കേതികാനുമതി നല്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വർക്കല താലൂക്ക് ആശുപത്രിയിൽ ആരംഭിക്കുന്ന ഡയാലിസിസ് യൂണിറ്റിനാവശ്യമായ ഉപകരണങ്ങളുടെ വിതരണ കമ്പനികളെ ദർഘാസ് നടപടികളിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുന്ന പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആശുപത്രി കോമ്പൗണ്ടിൽ പണി നടന്നു കൊണ്ടിരിക്കുന്ന 5 നില കെട്ടിടത്തിന്റെ താഴത്തെനില പൂർത്തിയാകുന്ന മുറയ്ക്ക് അവിടെ താൽക്കാലികമായി യൂണിറ്റ് തുടങ്ങുവാൻ തീരുമാനം ആയിട്ടുള്ളതാണ്.

(ബി) നിലവിൽ തടസ്സങ്ങളൊന്നുമില്ല.

## വൈത്തിരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ മേറ്റേണിറ്റി വാർഡ്

301 (2113) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വൈത്തിരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ മെറ്റേണിറ്റി വാർഡ് മാസങ്ങളായി അടഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് അടിയന്തരമായി തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈത്തിരി താലൂക്ക് ആശുപത്രിയിൽ 3 ഗൈനക്കോളജിസ്റ്റിന്റെ തസ്തികയുള്ളതിൽ ഒരെണ്ണം ഒഴിഞ്ഞു കിടക്കുകയാണ്. രണ്ട് ഗൈനക്കോളജിസ്റ്റുകളുള്ളതിൽ ഒരാളെ 19-3-2015 മുതൽ 29-11-2016 വരെ തിരുവനന്തപുരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിരിക്കുകയായിരുന്നു. നിലവിൽ രണ്ടാമത്തെ ഡോക്ടർ തിരിച്ചെത്തിയതിനാൽ സ്ത്രീരോഗവിഭാഗം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. ഒറ്റ ഡോക്ടർ മാത്രം ആയതുകൊണ്ട് ഗർഭിണികളുടെ പരിശോധനകൾ നടത്തുന്നുണ്ടായിരുന്നെങ്കിലും പ്രസവം നടത്താൻ ബുദ്ധിമുട്ടായതിനാൽ രോഗികൾ കൽപ്പറ്റ ജനറൽ ആശുപത്രിയെ ആശ്രയിക്കുകയായിരുന്നു.

(സി) വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രി, കൽപ്പറ്റ ജനറൽ ആശുപത്രി, സുൽത്താൻബത്തേരി താലൂക്ക് ആശുപത്രി വൈത്തിരി താലൂക്ക് ആശുപത്രി ഇവയെ കോംപ്രിൻഹെൻ സീവ് ട്രൈബൽ ഹെൽത്ത് പ്ലാനിൽ ഉൾപ്പെടുത്തി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ കൂടാതെ 13 ഡോക്ടർമാരുടെയും 38 മറ്റ് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി പരിഗണിച്ചുവരുന്നു. വൈത്തിരി താലൂക്ക് ആശുപത്രിയിൽ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ മാത്രമാണ് ഒഴിവ് നിലവിലുള്ളത്. ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റികൂടി നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ഒഴിവ് നികത്തുന്നതാണ്.

## സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

302 (2114) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിലെ വിവിധ തസ്തികകളിലെ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത് എന്നാണ്; സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം ഇതിൽ പരിഷ്കരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 1961-ലെ സ്റ്റാഫ് പാറ്റേൺ 2008-ൽ ഭേദഗതി വരുത്തി ഉത്തരവായെങ്കിലും നൂതനമായ ചികിത്സാ വിഭാഗങ്ങൾ ഉൾപ്പെടുത്തി പൂർണ്ണമായും സ്റ്റാഫ് പാറ്റേൺ പുതുക്കിയില്ല. സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ജില്ലാ താലൂക്ക്തല ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ 'ആർദ്രം' സ്കീമിൽ ഉൾപ്പെടുത്തി പരിഗണിച്ചുവരികയാണ്.

(ബി) ജില്ലാ താലൂക്കുതല ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി ഘട്ടംഘട്ടമാക്കി മാറ്റുന്ന പ്രവർത്തനങ്ങളുടെ ഭാഗമായും തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ നിശ്ചിത മാനദണ്ഡങ്ങളോടെ മാറ്റം വരുത്തുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

303 (2115) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ (ഗ്രേഡ് II) എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 3 ഒഴിവുകൾ.

(ബി) ഉണ്ട്.

(സി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. ശിപാർശ ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

## എറണാകുളം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

304 (2116) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതും കിഫ്ബിവഴി നടപ്പിലാക്കുവാൻ സമർപ്പിക്കപ്പെട്ടിട്ടുള്ളതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതെല്ലാം;

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഇ) മെഡിക്കൽ കോളേജിന്റെ സുഗമമായ നടത്തിപ്പിനായി സൃഷ്ടിക്കപ്പെടേണ്ട തസ്തികകൾ ഏതെല്ലാമെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(എഫ്) മെഡിക്കൽ കോളേജിലേക്ക് വരുന്നതിനും പോകുന്നതിനും നേരിടുന്ന യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ; സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിഫ്ബി (KIIFB) പദ്ധതി പ്രകാരം കാത്ത് ലാബ് സ്ഥാപിക്കുന്നതിനും കൊറോണറി കെയർ യൂണിറ്റ് ആരംഭിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കാത്ത് ലാബ് വിതരണം ചെയ്ത് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പൂർത്തിയാക്കി കമ്പനിയെ കണ്ടെത്തിയിട്ടുണ്ട്. തുടർ നടപടികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. കൊറോണറി കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മേൽനോട്ടം വഹിക്കുന്നതാണ്. നടപ്പുസാമ്പത്തിക വർഷം എറണാകുളം മെഡിക്കൽ കോളേജിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 6 കോടി രൂപ 4210-03-105-42 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ 4.5 കോടി രൂപ ഉപയോഗിച്ച് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം സ്ഥാപിക്കുന്നതിനുവേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്കും പി.ജി. ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 1.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്തോടെ എറണാകുളം മെഡിക്കൽ കോളേജിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

| | പദ്ധതികൾ | തുക (in ₹) |
|---|---|---|
| (1) | (2) | (3) |
| 1 | പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം, ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങൽ | 2,41,73,32,210 |
| 2 | സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം | 78,84,12,804 |
| 3 | പി.ജി. ക്വാർട്ടേഴ്സ് നിർമ്മാണം | 29,56,16,128 |

| (1) | (2) | (3) |
|---|---|---|
| 4 | കോമൺ അമിനിറ്റീസ് സെന്റർ നിർമ്മാണം | 12,23,00,000 |
| 5 | ഇൻഡോർ സ്റ്റേഡിയം, ഓഡിറ്റോറിയം, ജിംനേഷ്യം എന്നിവയുടെ നിർമ്മാണം | 6,38,00,000 |

സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി ലഭ്യമാക്കാനായി നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റെല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി അനുവദിക്കപ്പെട്ട തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| സ്ഥിരം ജീവനക്കാർക്കുവേണ്ടി സൃഷ്ടിച്ച തസ്തികകൾ | 380 |
| കരാർ, ദിവസ വേതന ജീവനക്കാർക്കുവേണ്ടി സൃഷ്ടിച്ച തസ്തികകൾ | 315 |

(ഡി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

| ടീച്ചിംഗ് സ്റ്റാഫ് | നോൺ ടീച്ചിംഗ് സ്റ്റാഫ് |
|---|---|
| അസോസിയേറ്റ് പ്രൊഫസർ | സ്റ്റാഫ് നഴ്സ് |
| അസിസ്റ്റന്റ് പ്രൊഫസർ | ടെലഫോൺ ഓപ്പറേറ്റർ |
| സീനിയർ റസിഡന്റ് | മെഡിക്കൽ സോഷ്യൽ വർക്കർ |
| ലക്ചറർ/ജൂനിയർ റസിഡന്റ് | ഡയറ്റിഷ്യൻ |
| | നഴ്സിംഗ് അസിസ്റ്റന്റ് |
| | ലാബ് ടെക്നീഷ്യൻ |
| | റേഡിയോഗ്രാഫർ |

(ഇ) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡം നിലനിർത്തുന്നതിനും എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനുമായി തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ടി തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മലപ്പുറം മണ്ഡലത്തിലെ കോഡൂർ പി.എച്ച്.സി.**

305 (2117) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ കോഡൂർ പി.എച്ച്.സി. ഇപ്പോഴും മങ്കട ഹെൽത്ത് ബ്ലോക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണപരമായ സൗകര്യാർത്ഥം കോഡൂർ പി.എച്ച്.സി.-യെ മലപ്പുറം ഹെൽത്ത് ബ്ലോക്കിന് കീഴിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഇത് സംബന്ധിച്ച ഫയലിൽ കാലതാമസം കൂടാതെ അനുകൂല നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 12-1-2017-ലെ (എംഎസ്.) 6/2017 ആരോഗ്യ കുടുംബക്ഷേമ വകുപ്പ് എന്ന നമ്പറിലുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് മങ്കട ഹെൽത്ത് ബ്ലോക്കിന് കീഴിലുള്ള കോഡൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ പൂക്കോട്ടൂർ ഹെൽത്ത് ബ്ലോക്കിന് കീഴിലാക്കിയിട്ടുണ്ട്.

**മൾട്ടി ഡിസിപ്ലിനറി റ്റ്യൂമർ ബോർഡ്**

306 (2118) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.സി.സി.-യിൽ മൾട്ടി ഡിസിപ്ലിനറി റ്റ്യൂമർ ബോർഡ് നിലവിൽ ഉണ്ടായിരുന്നോ;

(ബി) ആർ.സി.സി.-യിൽ പുതുതായി മൾട്ടി ഡിസിപ്ലിനറി റ്റ്യൂമർ ബോർഡ് രൂപീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ് സെക്രട്ടറി ഏതെങ്കിലും നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർ.സി.സി.-യിൽ 2-1-2017 മുതലാണ് മൾട്ടി ഡിസിപ്ലിനറി റ്റ്യൂമർ ബോർഡ് നിലവിൽ വന്നത്.

(ബി) ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഡി.ഒ. ലെറ്റർ നമ്പർ 263/ACS/2016/H&FWD dated 15-12-2016, Note No. 274/ACS/H&FWD/2016, dated 23-12-2016 എന്നീ കത്തുകൾ പ്രകാരമാണ് മൾട്ടി ഡിസിപ്ലിനറി റ്റ്യൂമർ ബോർഡ് രൂപീകരിച്ചത്.

**സ്വകാര്യ ആശുപത്രികളിലെ ഫീസ്**

307 (2119) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വകാര്യ ആശുപത്രികൾ വിവിധ ചികിത്സകൾക്കും പരിശോധനകൾക്കും നിയന്ത്രണമില്ലാത്ത രീതിയിൽ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതൊഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത്;

(സി) സ്വകാര്യ ആശുപത്രികളെ ഗ്രേഡ് തിരിച്ച് ഏകീകൃതമായ ഫീസ് ഘടന നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ 'കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.& റഗു.) ബിൽ 2017'-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളു.

**പ്രതിരോധ കുത്തിവെപ്പുകൾ**

308 (2120) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ചവ്യാധികളില്ലാത്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് ഡിഫ്ത്തീരിയ പോലുള്ള രോഗങ്ങൾ കണ്ടെത്തുന്ന സാഹചര്യത്തിൽ പ്രതിരോധ കുത്തിവെപ്പുകൾ ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രതിരോധ കുത്തിവെപ്പുകൾക്കെതിരായി ചില പ്രചരണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ഇതുസംബന്ധിച്ച് ശരിയായ രീതിയിൽ ബോധവത്ക്കരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംയോജിത രോഗ നിരീക്ഷണ പരിപാടി (IDSP), ദേശീയ പ്രാണി ജന്യരോഗ നിർണ്ണയ പരിപാടി (NVBDCP), പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (RNTCP), ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടി (NLEP) തുടങ്ങിയ ദേശീയ പരിപാടികളിലൂടെ ആരോഗ്യ വകുപ്പ് വിവിധ പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത് രോഗം പൊട്ടിപ്പുറപ്പെടുന്നത് തുടക്കത്തിലേ കണ്ടുപിടിക്കാനും കൂടുതൽ പ്രദേശങ്ങളിലേക്ക് രോഗം പടരുന്നത് തടയാനും സാധ്യമാകുന്നു. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിനായുള്ള വാർഷിക കർമ്മ പദ്ധതി വിവിധ വകുപ്പുകളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പാക്കിവരുന്നുണ്ട്.

(ബി&സി) സംസ്ഥാനത്ത് പടർന്ന് പിടിച്ച ഡിഫ്തീരിയ രോഗത്തിന്റെ പശ്ചാത്തലത്തിൽ പ്രതിരോധ കുത്തിവെപ്പുകളുടെ ആവശ്യകതയും നിയന്ത്രണ പ്രവർത്തനങ്ങളും ജില്ലാ തലത്തിൽ പ്രത്യേകിച്ചും മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും അവലോകന ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിന്റെയും മറ്റുസന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ നടത്തുകയും ഡിഫ്തീരിയ നിയന്ത്രണ വിധേയമാക്കാനും സാധിച്ചു. ഇതോടനുബന്ധിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും നേതൃത്വത്തിൽ വിവിധ സാമൂഹിക സാംസ്കാരിക സംഘടനകളെയും സർക്കാർ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെയും മഞ്ചേരി, കോഴിക്കോട്, തൃശ്ശൂർ, എം.ഇ.എസ്. മെഡിക്കൽ കോളേജുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായൊരു രോഗപ്രതിരോധ ബോധവത്കരണ പരിപാടിയും പ്രതിരോധ കുത്തിവെപ്പിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണവും നൽകി. ശിശുരോഗ വിദഗ്ധരുടെ സംഘടനയായ ഐ.എ.പി., ഡോക്ടർമാരുടെ സംഘടനയായ ഐ.എം.എ., കെ.ജി.എം.ഒ.എ., ശാസ്ത്ര സാഹിത്യ പരിഷത്ത്, വിവിധ സംഘടനകൾ എന്നിവരുടെ പിന്തുണയും ഇക്കാര്യത്തിൽ ലഭ്യമായി. പൂർണ്ണമായോ, ഭാഗികമായോ വാക്സിനേഷൻ നൽകാത്ത കുട്ടികളെ കണ്ടെത്തി സമ്പൂർണ്ണ വാക്സിനേഷൻ നൽകാനും ഇമ്മ്യൂണൈസേഷൻ നിലവാരം ഉയർത്താനും ഡിഫ്തീരിയ രോഗപ്പകർച്ച പെട്ടെന്ന് നിയന്ത്രിക്കാനും സാധിച്ചു. ഇവ കൂടാതെ ടോട്ടൽ ഇമ്മ്യൂണൈസേഷൻ കേരള (TIK) എന്ന പദ്ധതി പ്രകാരം പ്രതിരോധ കുത്തിവെപ്പിന് പിന്നോക്കം നിൽക്കുന്ന 6 ജില്ലകളിലെ (മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം) 20 ബ്ലോക്കുകളിലായി സമ്പൂർണ്ണ പ്രതിരോധ കുത്തിവെപ്പ് ലഭ്യമാക്കാനും പ്രതിരോധ കുത്തിവെപ്പ് ഊർജ്ജിതമാക്കാനുമുള്ള നടപടികളാണ് ഈ പദ്ധതി വഴി സാധ്യമാകുന്നത്. എല്ലാ മാസവും സംസ്ഥാന തലത്തിൽ ജില്ലകളിലെ കുത്തിവെപ്പിന്റെ നിലവാരം അവലോകനം ചെയ്യുകയും കുറവായി കാണുന്ന ജില്ലകളിൽ പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യുന്നു.

## സ്വകാര്യ ആശുപത്രികൾക്ക് നിയന്ത്രണം

309 (2121) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളിൽ മെഡിക്കൽ എത്തിക്സിന് വിരുദ്ധമായ അനഭിലഷണീയമായ പ്രവണതകൾ വർദ്ധിച്ചുവരുന്നു എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിക്രമങ്ങൾ വിശദീകരിക്കുമോ;

(ബി) ഇത്തരം പ്രവണതകൾക്ക് വിരാമമിടാൻ പുതിയ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സ്വകാര്യ ആശുപത്രികളിലെ അനഭിലഷണീയമായ പ്രവണതകൾ സംബന്ധിച്ച് ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനനിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ 'കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗ.) ബിൽ 2017'-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കായംകുളം താലൂക്കാശുപത്രിയിലെ സർജന്റെ തസ്തിക

310 (2122) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം താലൂക്കാശുപത്രിയിലെ സർജ്ജന്റെ തസ്തിക പുന:സൃഷ്ടിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൻ മേൽ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം താലൂക്കാശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

**കായംകുളം താലൂക്കാശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

311 (2123) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം താലൂക്കാശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളം താലൂക്കാശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽനിന്നും 76.39 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കുന്നത് മുനിസിപ്പൽ ചെയർമാൻ, മുനിസിപ്പൽ എഞ്ചിനീയർ മുതലായവർ അംഗങ്ങളായുള്ള പ്രോജക്ട് ഇംപ്ലിമെന്റിംഗ് കമ്മിറ്റിയാണ്. ആദ്യഗഡുവായി ലഭിച്ച തുകയ്ക്കുള്ള പ്രവൃത്തികൾ പൂർത്തിയായി. ബാക്കി പണം ലഭ്യമാക്കുന്നതിനും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ക്ലീനിംഗ് വിഭാഗം ജീവനക്കാരുടെ തസ്തികകൾ**

312 (2124) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ക്ലീനിംഗ് വിഭാഗം ജീവനക്കാരുടെ ഏതെല്ലാം തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞുകിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഒഴിഞ്ഞ തസ്തികകളുണ്ടെങ്കിൽ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ക്ലീനിംഗ് വിഭാഗം ജീവനക്കാരുടെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -I, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II എന്നീ തസ്തികകളാണുള്ളത്.

(ബി) ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II തസ്തികയിൽ 5 ഒഴിവുകൾ നിലവിലുണ്ട്.

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആയുർവേദ ആശുപത്രി

313 (2125) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാട്ടാക്കട മണ്ഡലം വിളവൂർക്കൽ പഞ്ചായത്തിൽ ആയുർവേദ ആശുപത്രി നിർമ്മിക്കുന്നതിനുള്ള നടപടി എന്തായെന്ന് വിശദമാക്കാമോ; വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിൽ നിലവിൽ ഒരു ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി പഞ്ചായത്ത് വാടകയ്ക്ക് ലഭ്യമാക്കിയിട്ടുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനമാണ്.

## ഹരിപ്പാട് താലൂക്ക് ആശുപത്രി ലേബർ റൂം

314 (2126) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയുടെ ലേബർ റൂം അപകടാവസ്ഥയിലാണെന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) അടിയന്തരമായി ലേബർ റൂം പുതുക്കിപ്പണിയുന്നതിന് നടപടി കൈക്കൊള്ളുമോ;

(സി) ജില്ലാ ആശുപത്രിയായി പ്രഖ്യാപിച്ച പ്രസ്തുത ആശുപത്രിയിൽ ആവശ്യം വേണ്ട ജീവനക്കാരെ നിയമിച്ചും ഉപകരണങ്ങൾ വാങ്ങി നൽകിയും രോഗികളുടെ ബുദ്ധിമുട്ട് ലഘൂകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ ലേബർ റൂമിലുള്ള അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു.

(സി) ഹരിപ്പാട് താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ഫയൽ നമ്പർ 15515/എം.1/2015/ആ.കു.വ. പ്രകാരം പരിഗണനയിലാണ്. ആശുപത്രിയിലേക്ക് വേണ്ട ഉപകരണങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അടുത്ത വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി രോഗികളുടെ ബുദ്ധിമുട്ട് ലഘൂകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി**

315 (2127) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളും തോട്ടം തൊഴിലാളികളുമടക്കം പാവപ്പെട്ട ജനങ്ങളുടെ ഏക ആശ്രയമായ ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജില്ലയിലെ മോഡൽ താലൂക്ക് ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്, സർജിക്കൽ വാർഡ്, സ്കാനിംഗ് സൗകര്യങ്ങൾ, മാലിന്യ സംസ്കരണ പ്ലാന്റ്, എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 'ആർദ്രം' മിഷന്റെ ഭാഗമായി താലൂക്കാശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു ജില്ലയിൽ ഒരു താലൂക്കാശുപത്രി എന്ന സമഗ്ര വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 2016-17-ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചാലക്കുടി താലൂക്കാശുപത്രിയിൽ ട്രോമോകെയർ യൂണിറ്റ് സി.റ്റി. സ്കാൻ വാങ്ങുന്നതിലേയ്ക്കായി 1.42 കോടി രൂപ അനുവദിച്ചു. G.O.(Ms) 365/2010/H&FWD, dated 18-6-2010-ഉം Order No. HT 3-101773/09/DHS, dated 19-5-2011-ഉം പ്രകാരം 8 സ്ഥാപനങ്ങൾക്ക് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ബി.എൽ.എസ്സ്. ആംബുലൻസ് അനുവദിച്ച് നൽകിയിട്ടുള്ളതിൽ ചാലക്കുടി താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കാൻസർ രോഗികളുടെ വർദ്ധന**

316 (2128) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ച് വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് സംസ്ഥാന ആരോഗ്യവകുപ്പ് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത രോഗം തുടക്കത്തിലേ കണ്ടെത്തിയാൽ പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാം എന്നതിനാൽ സർക്കാർ ആശുപത്രികളിൽ പ്രത്യേകിച്ച് സി.എച്ച്.സി. തലം മുതലെങ്കിലും രോഗനിർണ്ണയം നടത്തുന്നതിന് ആവശ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഇപ്പോഴത്തെ വിഷലിപ്തമായ ഭക്ഷ്യവസ്തുക്കളും ജീവിതശൈലിയുമാണ് പ്രസ്തുത രോഗം പടരാൻ കാരണമെന്നതിനാൽ ആയത് പരിഹരിക്കുന്നതിന് കൂടി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർ.സി.സി.-യിൽ ഓരോ വർഷവും പുതുതായി രജിസ്റ്റർ ചെയ്യുന്ന രോഗികളുടെ കണക്കനുസരിച്ച് കാൻസർ ബാധിതരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭക്ഷണ രീതിയിലും വ്യായാമത്തിലും ലഹരി വസ്തുക്കളോടുമുള്ള ആസക്തിയിലും വന്ന ശൈലിമാറ്റമാണ് കാൻസറും മറ്റ് ജീവിതശൈലി രോഗങ്ങളും സംസ്ഥാനത്ത് വർദ്ധിക്കുന്നതിന് കാരണമായി കണക്കാക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പോ, ആരോഗ്യ വകുപ്പോ, ആർ.സി.സി.യോ ഇത് സംബന്ധമായ പ്രത്യേക പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല.

(സി&ഡി) കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള രോഗനിർണ്ണയ ക്യാമ്പുകൾ എല്ലാ സാമ്പത്തിക വർഷവും ഗ്രാമതലം വരെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും കാൻസർ ചികിത്സാ സംവിധാനം ഒരുക്കുന്നതിന് ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ സേവനം കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതോടുകൂടി കാൻസർ രോഗം തുടക്കത്തിലെ തന്നെ കണ്ടെത്താൻ സാധിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ മെഡിക്കൽ കോളേജുകളിൽ ബോധവൽക്കരണ ക്ലാസ്സുകളും രോഗനിർണ്ണയ ക്യാമ്പുകളും നടത്തിവരുന്നു. കൂടാതെ രോഗനിർണ്ണയവും ചികിത്സയും കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 5 മെഡിക്കൽ കോളേജുകളിലെ കാൻസർ വിഭാഗത്തിൽ സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പതോളജി എന്നിവ ആരംഭിക്കുന്നതിന് 50 ഡോക്ടർമാരടക്കം 105 തസ്തിക പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ചിട്ടയായ വ്യായാമം, ആരോഗ്യപരമായ ഭക്ഷണം, ലഹരിവിമുക്തി എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം സ്കൂൾ തലം മുതൽ വിവിധ ജനവിഭാഗങ്ങൾക്ക് നൽകിവരുന്നു. ഭക്ഷണത്തിലെ മായം, വിഷലിപ്തമായ പച്ചക്കറി എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണവും ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്.

## ഹീമോഫീലിയ രോഗത്തിന് ചികിത്സ

317 (2129) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഹീമോഫീലിയ രോഗത്തിന് മതിയായ ചികിത്സാ സൗകര്യം ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം ധാരാളം രോഗികൾ മരണപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മെഡിക്കൽ കോളേജുകളിൽ ഇതിന് മതിയായ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ ഹീമോഫീലിയ രോഗികളുടെ എണ്ണം കണക്കിലെടുത്ത് മഞ്ചേരി മെഡിക്കൽ കോളേജിൽ ഹീമോഫീലിയയ്ക്ക് ആവശ്യമായ ചികിത്സാ സൗകര്യം ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ഹീമോഫീലിയ രോഗത്തിന് മതിയായ ചികിത്സാ സൗകര്യങ്ങളുണ്ട്. ഹീമോഫീലിയ രോഗനിർണ്ണയത്തിനുള്ള factroy array സൗകര്യവും ഹീമോഫീലിയ രോഗ ചികിത്സയ്ക്ക് വേണ്ട factor VIII-ഉം മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ രോഗംമൂലം 9 പേർ മരണമടഞ്ഞിട്ടുണ്ട്.

(സി) മെഡിക്കൽ കോളേജുകളിൽ ഹീമോഫീലിയ രോഗത്തിന് മതിയായ ചികിത്സാ സൗകര്യങ്ങളുണ്ട്.

(ഡി) മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജിൽ ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഞാറയ്ക്കൽ സർക്കാർ ആശുപത്രി

318 (2130) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറയ്ക്കൽ സർക്കാർ ആശുപത്രിയിൽ തസ്തികകൾ സൃഷ്ടിക്കുന്നതും മറ്റനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ട് സമർപ്പിച്ചത് എന്നാണെന്നും അതിൻമേൽ സ്വീകരിച്ച തുടർ നടപടിയെന്തെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്റ്റാന്റേഡൈസേഷന്റെ ഭാഗമായി അധിക തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടി ലഭിച്ചിട്ടുള്ള സമാഹൃത പ്രൊപ്പോസലിൽ ടി സ്ഥാപനത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടി ആശുപത്രിയിൽ തസ്തികകൾ അനുവദിക്കാൻ കഴിയുകയുള്ളൂ.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 8-6-2016-ലെ പി.എൽ.എ. 3-38746/16/ആ.വ.ഡ., 31-1-2017-ലെ പി.എൽ.ബി.2-7514/17/ആ.വ.ഡ. എന്നീ കത്തുകൾ പ്രകാരമാണ് പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളത്.

(സി) പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

**നഴ്സിംഗ് ഹോസ്റ്റലിന് ബിൽഡിംഗ്**

319 (2131) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വൻകുളത്ത് വയൽ നഴ്സിംഗ് ഹോസ്റ്റലിന് ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള ശിപാർശയിന്മേൽ സർക്കാരിൽ നിലവിലുള്ള 4456/M1/2016/Health നമ്പർ ഫയലിൽ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ആസ്തി വികസന ഫണ്ട് വിനിയോഗത്തിന് 2015-ൽ നൽകിയ ശിപാർശയിൽ നാളിതുവരെ ഉത്തരവ് ലഭ്യമാക്കാത്തതിനുള്ള കാരണം പരിശോധിക്കുമോ;

(സി) എന്നത്തേക്ക് ഈ വിഷയത്തിൽ ഭരണാനുമതി നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഇല്ല. നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പ്രസ്തുത വർക്ക് അതിൽ ഉൾപ്പെടുന്നില്ല. അതിനാൽ പ്രൊപ്പോസൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആയുർവേദ മരുന്നുകളുടെ നിർമ്മാണ വിതരണ പ്രവർത്തനങ്ങൾ

320 (2132) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ മരുന്നുകളുടെ നിർമ്മാണ വിതരണ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നിലവിലുള്ള സംവിധാനം കാര്യക്ഷമമില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ പ്രവർത്തനം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആയുർവേദ ഡ്രഗ് ഇൻസ്പെക്ടിംഗ് സംവിധാനത്തിൽ, സാമ്പിളുകൾ പരിശോധിക്കാനും, അനധികൃത നിർമ്മാണങ്ങൾ തടയാനും, ശാസ്ത്രീയ ചേരുവകളല്ലാത്തവ കണ്ടെത്തി നിരോധിക്കാനും ജനങ്ങൾക്ക് മുന്നറിയിപ്പ് നല്കാനും തക്കവിധം അതിനെ കാര്യക്ഷമമാക്കാൻ ആവശ്യമായ നിയമനമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) സ്വീകരിച്ചുവരുന്നു. 4 ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ പി.എസ്.സി. മുഖേന സ്ഥിരമായി നിയമിച്ചുകഴിഞ്ഞു. 3 ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരെക്കൂടി ആയുഷ് സ്കീമിൽ (2016-17) നിയമിക്കുവാനും ഗുണനിലവാര പരിശോധന നടത്തുന്നതിനായി HPTLC എന്ന ഉപകരണം വാങ്ങുന്നതിനും സെൻട്രൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. സാമ്പിളുകൾ പരിശോധിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി സെൻട്രൽ സ്കീം (2014-15) വഴി ഫണ്ട് അനുവദിക്കുകയും അതനുസരിച്ച് 9 ജീവനക്കാരെ നിയമിക്കുകയും ഗുണനിലവാര പരിശോധന നടത്തുകയും ചെയ്യുന്നു. ഔഷധങ്ങളിലെ ഹെവി മെറ്റൽസ് പരിശോധിക്കുന്നതിലേയ്ക്കായി ATOMIC ABSORPTION SPECTRO PHOTO METER എന്ന ഉപകരണം 2015-16-ലെ സ്കീമിൽ വാങ്ങുകയും ചെയ്തിട്ടുണ്ട്.

## ആയുർവേദ യൂണിവേഴ്സിറ്റി

321 (2133) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കോട്ടയ്ക്കൽ ആയുർവേദ കോളേജിനെ ആയുർവേദ യൂണിവേഴ്സിറ്റി ആക്കണമെന്ന സബ്മിഷന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രാരംഭ നടപടികൾ മലപ്പുറം ജില്ലാ കളക്ടർ എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആരോഗ്യവകുപ്പിൽ ഇത് സംബന്ധിച്ചുള്ള ഫയലിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ആയുർവേദ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടില്ല.

## കോന്നിയിലെ കൂടൽ സ്ത്രീകളുടെയും കുട്ടികളുടെ ആശുപത്രി

322 (2134) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ, കോന്നി, കൂടൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിരുന്നോ; എങ്കിൽ എന്നാണ് എന്നറിയിക്കാമോ ;

(ബി) ആയത് സംബന്ധിച്ച് നിലവിൽ ഏതെല്ലാം ഉത്തരവുകൾ നിലവിലുണ്ട്; അവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രി ആരംഭിക്കുന്നതിന് കൂടിയ യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നുവെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) കൂടൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വനിതകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടം പണിയുന്നതിന് നാളിതുവരെ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ആയതിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ്; ആയതിന്റെ ഉത്തരവുകൾ ലഭ്യമാക്കുമോ ;

(എഫ്) ടെണ്ടർ എടുത്ത വ്യക്തി ആരാണ്; എഗ്രിമെന്റ് വച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ; ടെൻഡർ എടുത്ത ആൾ സെക്യൂരിറ്റി തുക അടച്ചിട്ടുണ്ടോ; തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ജി) ടെണ്ടർ സംബന്ധിച്ചുള്ള നടപടികൾ പൂർത്തീകരിച്ച് ഏറെക്കാലമായിട്ടും പണികൾ തുടങ്ങാൻ കാലതാമസം വരുന്നത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ; പണികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിന് 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ 311 ലക്ഷം രൂപ ഡബ്ല്യു & സി കോന്നി, പത്തനംതിട്ടയ്ക്കായി ഗവൺമെന്റിൽനിന്നും ഭരണാനുമതി നൽകിയിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഒ.റ്റി.എ.സി.എ. (വൺ ടൈം എ.സി.എ.) ഉൾപ്പെടുത്തി ബഡ്ജറ്റിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കായി പത്തനംതിട്ട കോന്നി താലൂക്കാശുപത്രിക്ക് 319 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകിയെങ്കിലും ആ വർഷം ഒ.റ്റി.എ.സി.എ.-യിൽ തുക ലഭ്യമാക്കുകയുണ്ടായില്ല.

(ബി) 16-11-2013-ലെ സ.ഉ.(സാധാ) നമ്പർ 3822/13/H&FWD. 18-8-2014-ലെ സ.ഉ.(സാധാ) നമ്പർ 2811/14/H&FWD. (പകർപ്പുകൾ അനുബന്ധമായി I & II ചേർത്തിരിക്കുന്നു.*)

(സി) വിവരം ലഭ്യമല്ല.

(ഡി) 8 വർഷം മാത്രം പഴക്കമുള്ള കെട്ടിടമായതുകൊണ്ട് പൊളിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ-ജി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്

323 (2135) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ ഏതു തരത്തിലുള്ള ഓപ്പറേഷൻ നടത്തിയാലും രോഗികളെ കിടത്തുന്നതിനുള്ള ശീതീകരിച്ച പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശീതീകരിച്ച പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് സ്ഥാപിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ ട്രാൻസ്ഫോർമർ ഇല്ലാത്തതിനാൽ വൈദ്യുതി വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ടി ആശുപത്രിയിൽ ഇലക്ട്രിക്കൽ ഹൈടെൻഷൻ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ 2016-17 സാമ്പത്തിക വർഷത്തിലെ ആരോഗ്യവകുപ്പിനുകീഴിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഇലക്ട്രിക്കൽ ഹൈടെൻഷൻ സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന മുറയ്ക്ക് വാർഡ് ശീതികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മാവേലിക്കര ജില്ലാ ആശുപത്രി ഒ.പി. ബ്ലോക്ക്

324 (2136) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയുടെ പുതിയ ഒ.പി. ബ്ളോക്കിന് 62 കോടി രൂപയുടെ ഒ.പി.ആർ. കിഫ്ബിയിലേക്ക് നൽകിയിട്ടുണ്ടോ; എത്രയും വേഗതയിൽ ഈ ഒ.പി.ആർ.കിഫ്ബി.-യിൽ ഉൾപ്പെടുത്തി പരിഗണിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) നൂറനാട് ലെപ്രസി സാനിട്ടോറിയം ആശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തണമെന്നുള്ള നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി. ബ്ലോക്കിനുവേണ്ടിയുള്ള 68.25 കോടി രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും ലഭ്യമായതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) നൂറനാട് ലെപ്രസി സാനിട്ടോറിയം സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും മെയിൽ/ഫീമെയിൽ വാർഡിന്റെയും നിർമ്മാണ പ്രവൃത്തിക്കായി മൊത്തം 4030 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനത്തിനുള്ള ആകെ തുകയായ 2352.94 ലക്ഷം രൂപയിൽ 2000 ലക്ഷം രൂപ (85%) നബാർഡ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതമായ 352.94 ലക്ഷം രൂപ ഉപയോഗിച്ചാണ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും മെയിൽ/ഫീമെയിൽ വാർഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

**കോഴിക്കോട് ബിച്ച് ഗവൺമെന്റ് ജനറലാശുപത്രിയിലെ വൈദ്യുതിക്ഷാമം**

325 (2137) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ബീച്ച് ഗവൺമെന്റ് ജനറൽ ആശുപത്രിയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി ഇലക്ട്രിക്കൽ ഹൈടെൻഷൻ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ എന്നുമുതലാണ് ആരംഭിച്ചതെന്ന് ആരോഗ്യവകുപ്പിലെ ഫയൽ നമ്പർ, തീയതി എന്നിവ സഹിതം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പിൽ നടന്ന തുടർനടപടികളുടെ വിശദാംശങ്ങൾ ഫയൽ നമ്പറുകൾ, തീയതി എന്നിവ സഹിതം വിശദമാക്കാമോ;

(സി) സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കോഴിക്കോട് ബിച്ച് ഗവൺമെന്റ് ജനറലാശുപത്രിയിൽ ഒരു ഇലക്ട്രിക്കൽ ഹൈടെൻഷൻ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 86 ലക്ഷം രൂപയുടെ ഭരണാനുമതി നൽകാൻ 37/പി3/2017/ആ.കു.വ. ഫയലിൽ ഉത്തരവായിട്ടുണ്ട്.

**കാസർഗോഡ് ജനറലാശുപത്രിയിലെ സൗകര്യങ്ങൾ**

326 (2138) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ഉച്ചവരെ മാത്രം പ്രവർത്തിച്ചിരുന്നതിനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ബ്ലഡ് ബാങ്ക് എത്ര മണിക്കൂറാണ് പ്രവർത്തിക്കുന്നത്; ഇരുപത്തിനാലുമണിക്കൂറും ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

(സി) ഐ.സി.യു.-വിലെ വെന്റിലേറ്റർ ദിവസങ്ങളോളം പ്രവർത്തനരഹിതമായിരുന്നെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദിവസങ്ങളോളം ഉപയോഗയോഗ്യമല്ലാതിരുന്നിട്ടും വെന്റിലേറ്റർ നന്നാക്കാൻ പറ്റാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഐ.സി.യു. അടക്കം പ്രധാന വിഭാഗങ്ങൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജനറലാശുപത്രിയിൽ അനുവദിക്കപ്പെട്ട ഏക ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ തസ്തിക വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുകയാണ്. താൽക്കാലികമായി നിയമിക്കപ്പെട്ട ലാബ് ടെക്നീഷ്യന്മാർ ജോലി ഉപേക്ഷിച്ച് പോയതിനാലാണ് ഉച്ചയ്ക്ക് 2 മണി മുതൽ രാത്രി 8 മണിവരെയുള്ള ഷിഫ്റ്റ് ഒഴിവാക്കിയത്. രാവിലെ 8 മണി മുതൽ 2 മണി വരെയും രാത്രി 8 മണി മുതൽ അടുത്ത ദിവസം രാവിലെ വരെയും ബ്ലഡ് ബാങ്ക് പ്രവർത്തിച്ചിരുന്നു. 18-1-2017 മുതൽ ബ്ലഡ് ബാങ്ക് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

(ബി) 18-1-2017 മുതൽ ബ്ലഡ് ബാങ്ക് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

(സി) ബയോ മെഡിക്കൽ ഉപകരണങ്ങൾ നന്നാക്കാൻ കരാറെടുത്തിട്ടുള്ള കിർലോസ്കർ കമ്പനി വെന്റിലേറ്റർ നന്നാക്കാനുള്ള തീവ്രശ്രമത്തിലാണ്.

(ഡി) പ്രധാന വിഭാഗങ്ങളെല്ലാം തന്നെ പ്രവർത്തനക്ഷമമാണ്.

## ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ സമഗ്ര വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം

327 (2139) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ സമഗ്ര വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചു; എന്നാണ് അനുവദിച്ചത്; ഉത്തരവിന്റെ പകർപ്പ് സഹിതം വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ&ബി) 4-2-2014 സർക്കാർ ഉത്തരവ് നമ്പർ 403/2014/H&FWD പ്രകാരം 50 ലക്ഷം രൂപ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സംവിധാനത്തിനായി അനുവദിച്ചിട്ടുണ്ട്. (എസ്.റ്റി.പി.-ക്ക് 30 ലക്ഷം, ഇൻസിനറേറ്ററിന് 20 ലക്ഷം). ഈ തുക എൻ.എച്ച്.എം. വഴി പി.ഡബ്ല്യു.ഡി. എഞ്ചിനീയർ, പാലക്കാടിന് കൈമാറിയിട്ടുണ്ട്. താലൂക്കാശുപത്രി സൂപ്രണ്ടിന്റെ മറുപടി പ്രകാരം പി.ഡബ്ല്യു.ഡി.-യാണ് ടി പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

## മെഡിക്കൽ കോളേജുകളിൽ പെസ്റ്റിസൈഡ് പ്രയോഗം

328 (2140) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന തലസ്ഥാനത്തെ ഏറ്റവും പഴക്കമേറിയ മെഡിക്കൽ കോളേജുൾപ്പെടെയുള്ള ഗവൺമെന്റ് ആശുപത്രികളിൽ പെസ്റ്റിസൈഡുകൾ കിടക്കകളിൽ പ്രയോഗിക്കുന്ന പ്രവൃത്തി ഇപ്പോഴും നടന്നുവരുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് നിർത്തലാക്കിയതിനുണ്ടായ കാരണം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രികളിലെ കിടക്കകളിൽ പെസ്റ്റിസൈഡുകൾ പ്രയോഗിക്കുന്നുണ്ട്.

(ബി) മറ്റ് മെഡിക്കൽ കോളേജുകളിൽ കിടക്കകളിൽ പെസ്റ്റിസൈഡുകൾ പ്രയോഗിക്കേണ്ട സാഹചര്യം നിലവിലില്ല.

## അരൂക്കുറ്റി സി.എച്ച്.സി.

329 (2141) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി സി.എച്ച്.സി,ഐ.പി.എച്ച്. സ്റ്റാന്റേർഡിലേക്ക് ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) തെരഞ്ഞെടുക്കപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ സ്റ്റാന്റേഡൈസേഷന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കാനും വികസിപ്പിക്കാനുമുള്ള ആരോഗ്യ വകുപ്പിന്റെ തീരുമാനത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള സ്റ്റാന്റേഡൈസേഷന്റെ കരട് ലിസ്റ്റിൽ ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി റവന്യൂ ബ്ലോക്കിലെ അരൂക്കുറ്റി സി.എച്ച്.സി.-യും ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

## കേന്ദ്രീകൃത പേഷ്യന്റ് മാനേജ്മെന്റ് സിസ്റ്റം

330 (2142) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ കേന്ദ്രീകൃത പേഷ്യന്റ് മാനേജ്മെന്റ് സിസ്റ്റമോ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ സിസ്റ്റമോ നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇതുവഴി ഒരു രോഗി സംസ്ഥാനത്തെ ഏത് ആശുപത്രിയിൽ പോയാലും അയാളുടെ പേഷ്യന്റ് ഐ.ഡി. നൽകുമ്പോൾ ആ രോഗിയുടെ മുഴുവൻ വ്യക്തി വിവരങ്ങളും മുമ്പത്തെ രോഗ വിവരങ്ങളും കൂടി അതിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത ലക്ഷ്യത്തിലേക്ക് എത്തുന്നതിനുവേണ്ടി സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി പ്രാവർത്തികമാകുന്നതോടെ സർക്കാർ ആശുപത്രികളിൽ കേന്ദ്രീകൃത പേഷ്യന്റ് മാനേജ്മെന്റ് സിസ്റ്റവും ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ സിസ്റ്റവും നിലവിൽ വരുന്നതാണ്.

(ബി) ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാകുന്നതോടെ രോഗി സംസ്ഥാനത്തെ ഏത് സർക്കാർ അലോപ്പതി ആശുപത്രിയിൽ പോയാലും പേഷ്യന്റ് ഐ.ഡി. നൽകുന്നതിലൂടെ ആ രോഗിയുടെ മുഴുവൻ വ്യക്തി വിവരങ്ങളും മുമ്പത്തെ രോഗ വിവരങ്ങളും ലഭ്യമാകുന്നതാണ്.

## സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സമഗ്ര ക്യാൻസർ ചികിത്സാ വിഭാഗം

331 (2143) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സമഗ്ര ക്യാൻസർ ചികിത്സാ വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇതിന്റെ ഭാഗമായി ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ, തിരുവനന്തപുരം എന്നീ മെഡിക്കൽ കോളേജുകളിൽ നൂതന ചികിത്സാ സംവിധാനമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ കേന്ദ്ര സർക്കാരിന്റെ ക്യാൻസർ ചികിത്സാ പദ്ധതിയുടെ ഭാഗമായി ലഭിച്ച 25.03 കോടി രൂപ ചെലവഴിച്ച് അത്യാധുനിക സംവിധാനമുള്ള കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുവാനുള്ള നടപടി പുരോഗമിക്കുന്നു. എറണാകുളം മെഡിക്കൽ കോളേജ് ക്യാമ്പസിൽ

കൊച്ചിൻ ക്യാൻസർ സെന്റർ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികളുടെ വർദ്ധനയ്ക്കാനുപാതികമായി സേവനം നൽകുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ. എല്ലാ ജില്ലയിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള ഒരു ആശുപത്രിയിൽ അർബുദ ചികിത്സയ്ക്കും നിർണ്ണയത്തിനും ഒരു കെയർ സെന്റർ എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ഈ പദ്ധതി ഇന്ന് സംസ്ഥാനത്തെ 12 ജില്ലകളിൽ പ്രവർത്തനക്ഷമമാണ്. കൂടുതൽ സൗകര്യങ്ങളും പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകളും ഉൾപ്പെടുത്തിക്കൊണ്ട് ക്യാൻസർ ചികിത്സാരംഗം ശക്തിപ്പെടുത്തുന്നതിനായി സമഗ്ര ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 225/16/ആ.കു.വ. തീയതി 22-12-2016 പ്രകാരം 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോപത്തോളജി എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെ 105 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**തളിപ്പറമ്പ് ആശുപത്രിയിലെ ഒഴിവുകൾ**

332 (2144) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആകെ എത്ര തസ്തികകൾ നിലവിലുണ്ട്; അവയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്ര;

(ബി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള തസ്തികകൾ - 120, ഒഴിവുകൾ - 7 (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.)*

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ പട്ടികയിൽ ജനറൽ മെഡിസിൻ (കൺസൾട്ടന്റ്), ജനറൽ സർജറി (ജൂനിയർ കൺസൾട്ടന്റ്), ഗൈനക്കോളജി, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവയുടെ ഒഴിവുകൾ നികത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റാഫ് നഴ്സിന്റെ ഒഴിവ് പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1-ന്റെ ഒഴിവ് പ്രൊമോഷൻ മുഖേന നികത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മസ്തിഷ്കമരണ സ്ഥിരീകരണവും അവയവദാനവും

333 (2145) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മസ്തിഷ്ക മരണ സ്ഥിരീകരണവും അവയവ ദാനവും സർക്കാർ നിരീക്ഷണത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) അവയവ കച്ചവടത്തിനായി അനാവശ്യമായ മസ്തിഷ്ക മരണം റിപ്പോർട്ട് ചെയ്യുന്നുവെന്ന പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരോപണങ്ങളിൽ അടിസ്ഥാനമുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് മസ്തിഷ്ക മരണ സ്ഥിരീകരണവും അവയവദാനവും നിലവിൽ സർക്കാർ നിരീക്ഷണത്തിലാണ് നടക്കുന്നത്. 1994-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ Transplantation of Human Organ Act (THOA)-ലെ എല്ലാ നിയമങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് 2012 മുതൽ മരണാനന്തര അവയവദാന പദ്ധതി കേരളത്തിൽ നടപ്പിലാക്കിവരുന്നത്. മസ്തിഷ്ക മരണാനന്തര അവയവ ദാനത്തിന് ആശുപത്രികൾ പാലിക്കേണ്ട മാർഗ്ഗരേഖകൾ 4-2-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ36/2012/ആ.കു.വ., ജി.ഒ.(എംഎസ്.) നമ്പർ37/2012/ ആ.കു.വ., ജി.ഒ.(എംഎസ്.) നമ്പർ38/2012/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 1-2-2017 തീയതിയിലെ ജി.ഒ.(എംഎസ്.) നമ്പർ 16/2017/ആ.കു.വ. പ്രകാരം ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നത് സർക്കാർ നിയോഗിച്ച നാല് ഡോക്ടർമാർ അടങ്ങുന്ന ഒരു വിദഗ്ദ്ധ സംഘമാണ്. നിലവിൽ ജീവിച്ചിരിക്കുമ്പോൾ ഒരു വ്യക്തി മസ്തിഷ്ക മരണാനന്തര അവയവ ദാനത്തിന് സമ്മതം നൽകിയിട്ടുണ്ടെങ്കിലും ആ വ്യക്തിയുടെ മരണശേഷം അടുത്ത ബന്ധുക്കളുടെ സമ്മതത്തോടുകൂടി മാത്രമേ അവയവദാനം സാധ്യമാവുകയുള്ളൂ. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നത് 6 മണിക്കൂർ ഇടവിട്ട് 2 തവണകളായി 4 വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന ഒരു പാനലാണ്. 6 മണിക്കൂർ ഇടവിട്ടുള്ള രണ്ട് പരിശോധനകൾക്ക് ശേഷമുള്ള മസ്തിഷ്ക മരണ സ്ഥിരീകരണത്തിൽ തെറ്റുകൾ സംഭവിക്കാനുള്ള സാധ്യത ഒട്ടുംതന്നെയില്ല. ഇതുകൂടാതെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന ടെസ്റ്റിന്റെ റിയൽ ടൈം വീഡിയോഗ്രാഫി 1-2-2017 തീയതിയിലെ ജി.ഒ.(എംഎസ്.) നമ്പർ16/2017/ആ.കു.വ. പ്രകാരം സർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്.

മസ്തിഷ്ക മരണം സംഭവിച്ച വ്യക്തിയുടെ അവയവദാനത്തിന് സമ്മതം ലഭിച്ചാൽ അവയവ വിന്യാസം (organ allocation) നടപ്പിലാക്കുന്നത് കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) ആണ്. 4-2-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ37/2012/ആ.കു.വ. പ്രകാരം രക്തഗ്രൂപ്പ് അനുസരിച്ചും KNOS-ൽ രജിസ്റ്റർ ചെയ്യുന്ന മുൻഗണനാക്രമത്തിലുമാണ് സ്വീകർത്താവിനെ തെരഞ്ഞെടുക്കുന്നത്. ഇതുകൂടാതെ ആരോഗ്യ സ്ഥിതി മോശമായ രോഗികൾക്ക് ഓർഗൻ കമ്മിറ്റിയിൽ ചർച്ച ചെയ്ത ശേഷവും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുമാണ് അവയവം അലോക്കേറ്റ് ചെയ്യുന്നത്. എല്ലാ ട്രാൻസ്‌പ്ലാന്റ് ഹോസ്പിറ്റലിലും അവയവത്തിനാവശ്യമായ രോഗികളുടെ പേര് വിവരങ്ങൾ KNOS വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

(ബി) മുൻ ചോദ്യത്തിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ അവയവ കച്ചവടങ്ങൾക്കായി മസ്തിഷ്ക മരണം തെറ്റായി പ്രഖ്യാപിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ ഇത്തരം ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്.

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ക്വാർട്ടേഴ്സിന്റെ ശോച്യാവസ്ഥ

334 (2146) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ക്വാർട്ടേഴ്സിന്റെ ശോച്യാവസ്ഥ കാരണം ഡോക്ടർമാർക്ക് താമസിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളതിനാൽ ഡോക്ടറുടെ സേവനം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനായി ക്വാർട്ടേഴ്സിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

മുല്ലശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ 6 (ആറ്) സ്റ്റാഫ് ക്വാർട്ടേഴ്സുകളുണ്ട്. ഇതിൽ രണ്ടെണ്ണം ഡോക്ടർമാർക്ക് വേണ്ടിയുള്ളതാണ്. ഇതിന്റെ പരിസരത്തുള്ള മരങ്ങളുടെ വേരുകൾ കെട്ടിടത്തിന്റെ തറയിലേക്കിറങ്ങിയതിനാൽ തറയ്ക്ക് വിള്ളൽ സംഭവിച്ചിട്ടുണ്ട്. അവയുടെ കാലപ്പഴക്കവും ശോചനീയാവസ്ഥയുംമൂലം ക്വാർട്ടേഴ്സുകൾ പൊളിച്ച് പുതിയവ നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കണമെന്ന് ബഹു. എം.എൽ.എ.-യോട് ശിപാർശ ചെയ്യുന്നതിനായി എച്ച്.എം.സി. തീരുമാനമെടുത്തിട്ടുണ്ട്.

## സർക്കാർ ആശുപത്രികളിൽ കുടിശ്ശിക

335 (2147) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) RSBY പദ്ധതിയുടെ കീഴിലുള്ള ചിസ്, ചിസ് പ്ലസ്-ൽ നിന്നും സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഭാരിച്ച തുക കുടിശ്ശികയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് കുടിശ്ശികയുള്ളതെന്ന് വിശദമാക്കാമോ;

(ബി) കുടിശ്ശിക തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആർ.എസ്.ബി.വൈ. പദ്ധതിയുടെ പുതിയ മാർഗ്ഗരേഖ പ്രകാരം ക്ലെയിം സമർപ്പിച്ചാൽ 30 ദിവസത്തിനകം ആശുപത്രികൾക്ക് അർഹമായ തുക ഇൻഷ്വറൻസ് കമ്പനി നൽകണം. ആ കാലാവധി കഴിഞ്ഞാൽ കുടിശ്ശിക തുകയ്ക്ക് ഓരോ 15 ദിവസത്തിനും ഒരു ശതമാനം പലിശ ഇൻഷ്വറൻസ് കമ്പനി ആശുപത്രികൾക്ക് നൽകണം. ആയതിനാൽ ആശുപത്രികൾക്ക് കുടിശ്ശിക കിട്ടാനില്ല.

## കുട്ടനാട്ടിൽ ക്യാൻസർ രോഗികളുടെ വർദ്ധന

336 (2148) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാടശേഖരങ്ങളും തോടുകളും വിഷലിപ്തമായതുകാരണം കുട്ടനാട്ടിൽ കാൻസർ രോഗികൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടനാടിനെ ഈ മാരക രോഗത്തിന്റെ പിടിയിൽനിന്നും രക്ഷിക്കുവാൻ എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) പാടശേഖരങ്ങളും തോടുകളും വിഷലിപ്തമായതുകാരണം കുട്ടനാട്ടിൽ ക്യാൻസർ രോഗ വർദ്ധനവുള്ളതായി ശാസ്ത്രീയമായ തെളിവുകൾ ഒന്നുംതന്നെ ലഭ്യമല്ല. എന്നിരുന്നാലും ആരോഗ്യ വകുപ്പിന്റെ ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയിലൂടെ രോഗ നിർണ്ണയവും ചികിത്സയും ആരോഗ്യ ബോധവൽക്കരണവും നടത്തിവരുന്നു. കുട്ടനാട് പോലെ ജലമാർഗ്ഗം വഴി മാത്രം എത്തിച്ചേരാവുന്ന വിദൂര പ്രദേശങ്ങളിലേക്ക് സഞ്ചരിക്കുന്ന ജീവിതശൈലീ രോഗ ക്ലിനിക്കുകൾ ജലമാർഗ്ഗം നടപ്പിലാക്കിവരുന്നു.

## ഹോട്ടലുകളിലെ പാചകത്തൊഴിലാളികളുടെ ആരോഗ്യ സ്ഥിതിയെക്കുറിച്ച് വിലയിരുത്താനുള്ള സംവിധാനങ്ങൾ

337 (2149) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടൽ/റസ്റ്റോറന്റുകളിലെ പാചകക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള ആരോഗ്യ കാർഡുകൾ ( ഹെൽത്ത് കാർഡ്സ്) നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഹോട്ടലുകളിൽ പാചകത്തൊഴിലാളികളായി അന്യസംസ്ഥാനക്കാർ നിയമിതരാകുന്ന സാഹചര്യത്തിൽ അവരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് വിലയിരുത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഈ മേഖലയിൽ സർക്കാർ എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിന്റെ അടിസ്ഥാനത്തിൽ 2011-ൽ ആവിഷ്കരിച്ച ഭക്ഷ്യസുരക്ഷാ ഗുണനിലവാര ലൈസൻസിംഗ്/രജിസ്ട്രേഷൻ നിയമത്തിൽ വ്യക്തി ശുചിത്വവും ആരോഗ്യവും ഉറപ്പുവരുത്തുന്നതിനായി വിശദമായ നടപടിക്രമങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. 10-1-2001 മുതൽ 10-1-2004 വരെയുള്ള റെഗുലേഷൻ പ്രകാരവും പാർട്ട് രണ്ട് ഷെഡ്യൂൾ 4 പ്രകാരവും ഏതെങ്കിലും അസുഖമുള്ളവരോ അസുഖം പരത്താൻ സാധ്യതയുള്ള ആളുകളോ ആഹാരം പാചകം ചെയ്യുന്ന സ്ഥലത്തോ വിതരണം ചെയ്യുന്ന സ്ഥലത്തോ പ്രവേശിക്കാൻ പാടില്ല. കൂടാതെ നിശ്ചിത കാലയളവിൽ മെഡിക്കൽ പരിശോധനകളും ചെക്കപ്പുകളും നിർബന്ധമാണ്. ആഹാര പദാർത്ഥങ്ങൾ പാചകം ചെയ്യുന്നവർ പരമാവധി വർഷത്തിൽ ഒരു തവണയെങ്കിലും മറ്റ് പകർച്ചവ്യാധികൾ ഇല്ലെന്നും ഭക്ഷ്യ ഉല്പാദന വിതരണ മേഖലകളിൽ പ്രവർത്തിക്കുന്നതിന് ആരോഗ്യമുണ്ടെന്നുമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് അംഗീകൃത രജിസ്റ്റേർഡ് മെഡിക്കൽ ഓഫീസറിൽ നിന്നും നേടേണ്ടതാണ്. കൂടാതെ തൊഴിലാളികൾക്ക് പ്രതിരോധ വാക്സിനേഷനുകളും നിയമംമൂലം നിർബന്ധമാണ്.

(സി&ഡി) ഉണ്ട്. ഭക്ഷ്യസുരക്ഷാ നിയമങ്ങൾ ഭക്ഷണം കൈകാര്യം ചെയ്യുന്ന എല്ലാവർക്കും ബാധകമാണ്. ഇത് അന്യസംസ്ഥാനക്കാർക്കും ബാധകമാണ്. 2006-ലെ കേന്ദ്ര ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ പാചക തൊഴിലാളികളുടെ വ്യക്തി ശുചിത്വത്തെയും ആരോഗ്യസ്ഥിതിയെയും കുറിച്ച് സമഗ്ര വ്യവസ്ഥകളാണുള്ളത്.

## നെടുമൺകാവ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനം

338 (2150) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ നെടുമൺകാവ് സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി നിലവിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഭരണാനുമതി ഉത്തരവിന്റെ പകർപ്പും ഏതെല്ലാം ഏജൻസികളിൽ നിന്നാണ് പണം ലഭ്യമായതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ നെടുമൺകാവ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി നിലവിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുന്നതിനായി ഒരു കോടി നാൽപ്പത് ലക്ഷം രൂപ എൻ.എച്ച്.എം. ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

2. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനായി കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ നിന്നും 2.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3. ആശുപത്രി കെട്ടിടം വൈദ്യുതീകരിക്കുന്നതിന് കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് 2016-17-ൽ 2,96,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) എൻ.എച്ച്.എം.-ൽ നിന്നും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമാണ് തുക അനുവദിച്ചിട്ടുള്ളത്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായി ടെണ്ടർ ഉറപ്പിച്ച സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആശുപത്രി കെട്ടിടം വൈദ്യുതീകരിക്കുന്ന പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞു.

## പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രി

339 (2151) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി ഏത് വരെയായി;

(ബി) സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന ഈ പ്രദേശത്ത് പ്രസ്തുത ആവശ്യം വളരെ പ്രാധാന്യത്തോടെ നടപ്പാക്കിക്കിട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാപ്പപ്പാടി (പരപ്പനങ്ങാടി) ഫിഷറീസ് ഡിസ്പെൻസറിയിൽ തീരദേശ വികസന കോർപ്പറേഷൻ ഒരു കെട്ടിടം നിർമ്മിച്ച് പരപ്പനങ്ങാടി നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കിടത്തി ചികിത്സ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

## ചെങ്ങന്നൂർ മണ്ഡലത്തിലെ ആലാ പി.എച്ച്.സി.

340 (2152) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എച്ച്.സി.-കൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ എന്ന് വിശദീകരിക്കുമോ ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ആലാ പി.എച്ച്.സി., കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രാരംഭപ്രവർത്തനങ്ങൾപോലും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാനുള്ള പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ജില്ല/താലൂക്ക്/ ബ്ലോക്ക്/പഞ്ചായത്ത്തല മാനദണ്ഡത്തോടുകൂടി സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഗവൺമെന്റ് മുൻതൂക്കം നൽകുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ വിവിധ വികസന ബ്ലോക്കുകൾ/അസംബ്ലി മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ 170 പി.എച്ച്.സി.-കളെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം പ്രൊപ്പോസലിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാനുള്ള പി.എച്ച്.സി.-കളിൽ ആലാ പി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്.

**വൃത്തിഹീനമായ ഭക്ഷണശാലകൾ**

341 (2153) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൃത്തിഹീനമായി പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ പരിശോധിക്കുന്നതിന് ഓരോ ജില്ലയിലും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന എത്ര ഭക്ഷണശാലകൾക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൃത്തിഹീനമായി പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ പരിശോധിക്കുന്നതിന് നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഒരു ഫുഡ്സേഫ്റ്റി ഓഫീസറെ നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ ജില്ലാ തലത്തിൽ ജില്ലാ ഓഫീസർമാർ പരിശോധനയ്ക്കുള്ള മേൽനോട്ടം വഹിക്കുന്നതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ക്വാഡുകൾ അവരുടെ അധികാരപരിധിയിൽ വരുന്ന ജില്ലകളിൽ ഭക്ഷണശാലകൾ പരിശോധിച്ചുവരുന്നു.

(ബി) വൃത്തിഹീനമായി പ്രവർത്തിക്കുന്ന 1669 ഭക്ഷണ ശാലകൾക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

**ടെക്നിക്കൽ അസിസ്റ്റന്റ്, ഡെപ്യൂട്ടി ഡിസ്ട്രിക്ട് മാസ് മീഡിയ ആന്റ് എഡ്യൂക്കേഷൻ ഓഫീസർ നിയമനം**

342 (2154) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റ്, ഡെപ്യൂട്ടി ഡിസ്ട്രിക്ട് മാസ് മീഡിയ ആന്റ് എഡ്യൂക്കേഷൻ ഓഫീസർ എന്നീ തസ്തികകളിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനത്തിനായുള്ള നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും ശമ്പള സ്കെയിലും വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ പ്രൊമോഷനിലൂടെ നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയിൽ ഇളവുനൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഹെൽത്ത് സൂപ്പർവൈസർമാർക്ക് ഉദ്യോഗക്കയറ്റം നൽകിയാണ് നിയമിക്കുന്നത്. ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആന്റ് മാസ് മീഡിയ ഓഫീസർ തസ്തികയിൽ ആകെയുള്ള 28 തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേനയും വകുപ്പുതല പ്രൊമോഷൻ മുഖേനയും 1:1 എന്ന അനുപാതത്തിൽ നിയമനം നടത്തുന്നു.

(ബി) I ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആന്റ് മാസ് മീഡിയ ആഫീസർ :

വിദ്യാഭ്യാസ യോഗ്യത :

1. സോഷ്യൽ സയൻസ്/സോഷ്യൽ വർക്ക് അല്ലെങ്കിൽ എഡ്യൂക്കേഷനിലുള്ള ബിരുദാനന്തര ബിരുദം.

2. (മേൽ വിദ്യാഭ്യാസ യോഗ്യതയുടെ അഭാവത്തിൽ) സോഷ്യൽ സയൻസിലെ ഡിപ്ലോമയോടുകൂടിയ ബിരുദം.

ശമ്പള സ്കെയിൽ - 39500-83000

II ടെക്നിക്കൽ അസിസ്റ്റന്റ് :

വിദ്യാഭ്യാസ യോഗ്യത: പി.എസ്.സി. മുഖേന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി നിയമനം ലഭിച്ചവരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ക്രമത്തിൽ ഉദ്യോഗക്കയറ്റത്തിലൂടെ നിയമിക്കുന്നു.

ശമ്പള സ്കെയിൽ - 35700-75600

(സി) ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവനുവദിച്ചിട്ടില്ല. ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആന്റ് മാസ് മീഡിയ ആഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റിലൂടെയുള്ള നിയമനത്തിന് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിലൂടെയുള്ള നിയമനത്തിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത :

1. ബിരുദം.

2. ഹെൽത്ത് ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യത എന്നിവയാണ്.

## കരുനാഗപ്പള്ളി ആശുപത്രിയിൽ ഡയാലിസിസ് സെന്റർ

343 (2155) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് സെൻറർ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) ഏത് ഏജൻസി വഴിയാണ് ഇത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; തുടക്കത്തിൽ എത്ര ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഡയാലിസിസ് യൂണിറ്റ് പൂർണ്ണമായും സൗജന്യമായി രോഗികൾക്ക് പ്രയോജനപ്പെടുത്തുന്നതിന് കഴിയുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 44 ആശുപത്രികളിൽ മാന്ദ്യവിരുദ്ധ പദ്ധതിപ്രകാരം ആരംഭിക്കുന്ന ഡയാലിസിസ് യൂണിറ്റുകളിൽ കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ തീരുമാനമായിട്ടുണ്ട്.

(ബി) കിഫ്ബി വഴി ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ കെ.എം.എസ്.സി.എൽ.-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്. വഴി അടിസ്ഥാന സൗകര്യങ്ങളും കെ.എം.എസ്.സി.എൽ. വഴി ഉപകരണങ്ങളും ലഭ്യമാക്കുന്നതാണ്.

(സി) ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കാനുള്ള ചെലവുകൾ സർക്കാർ പ്ലാൻ ഫണ്ട് മുഖേനയോ എൽ.എസ്.ജി.ഡി. പ്രോജക്ടുകൾ മുഖേനയോ ലഭ്യമാക്കുകയാണെങ്കിൽ സൗജന്യ ഡയാലിസിസ് രോഗികൾക്ക് നൽകാൻ കഴിയും. വാട്ടർ, ഇലക്ട്രിസിറ്റി ചാർജ്ജ്, കൺസ്യൂമബിൾ ഡയാലിസിസ്, dialysate, erythropoietin, blood transfusion charges എന്നീ തുടർ ചെലവുകൾ ഡയാലിസിസ് യൂണിറ്റിന്റെ നടത്തിപ്പിന് ആവശ്യമാണ്.

## ഭാരതപ്പുഴയിലെ മാലിന്യം

344 (2156) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലിനീകരിക്കപ്പെട്ട ഭാരതപ്പുഴയുടെ കുടിവെള്ള സ്രോതസ്സിൽ നിന്നുള്ള കുടിവെള്ള വിതരണം സാംക്രമിക രോഗങ്ങൾ ക്ഷണിച്ചുവരുത്തുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പട്ടാമ്പി മണ്ഡലത്തിൽ കാൻസറും, കിഡ്നി, ലിവർ തുടങ്ങിയവയുമായി ബന്ധപ്പെട്ട മാരക രോഗങ്ങളും മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടാമ്പി നഗരപ്രദേശത്തെ സ്ഥാപനങ്ങളിൽ നിന്നും വീടുകൾ, മുൻസിപ്പൽ ഫിഷ് മാർക്കറ്റ്, ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നീ സ്ഥലങ്ങളിൽ നിന്നുള്ള ഖര-ദ്രാവക മാലിന്യങ്ങൾ ഓടകൾ വഴി ഭാരതപ്പുഴയിലേക്കാണ് എത്തുന്നത്. ഏതാണ്ട് എല്ലാ സ്ഥാപനങ്ങളിലും ഖര-ദ്രാവക മാലിന്യങ്ങൾ സംസ്കരിക്കാൻ സംവിധാനങ്ങളില്ല. വെള്ളിയാങ്കല്ല് റെഗുലേറ്റർ വന്നതോടുകൂടി എല്ലാ മാലിന്യങ്ങളും പുഴയിൽ അടിഞ്ഞുകൂടി ഭാരതപ്പുഴയിലെ വെള്ളം കുടിക്കാനോ മറ്റാവശ്യങ്ങൾക്കോ ഉപയോഗിക്കാൻ കഴിയാത്തവിധം മാലിന്യപ്പെട്ടിരിക്കുന്നു. പട്ടാമ്പി നഗരത്തോടനുബന്ധിച്ച് ഇതര സംസ്ഥാന തൊഴിലാളികൾ കുറേയധികം താമസിക്കുന്നുണ്ട്. അവരുടെ താമസ സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്ക് സൗകര്യമില്ലാത്തതിനാൽ ഇതര സംസ്ഥാന തൊഴിലാളികൾ മലമൂത്ര വിസർജ്ജനം ചെയ്യുന്നത് ഭാരതപ്പുഴയിലാണ്. പട്ടാമ്പി നഗരസഭയുടെ കുടിവെള്ള പദ്ധതിക്കും ഗുരുവായൂർ നഗരസഭ ഉൾപ്പെടുന്ന ഏകദേശം നാല്പതോളം പഞ്ചായത്തുകളുടെ കുടിവെള്ള പദ്ധതിയായ പാവറട്ടി കുടിവെള്ള പദ്ധതിക്കും വെള്ളമെടുക്കുന്നത് ഭാരതപ്പുഴയിൽ നിന്നാണ്. ജലജന്യമായ എല്ലാ രോഗങ്ങളും ഈ കാരണങ്ങൾ കൊണ്ടുതന്നെ പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ ഭാഗങ്ങളിലും തൃശ്ശൂർ ജില്ലയുടെ മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതിയുടെ ഭാഗങ്ങളിലും വളരെ കൂടുതലാണ്. ഈ വസ്തുതകൾ പട്ടാമ്പി മുനിസിപ്പാലിറ്റിയേയും പട്ടാമ്പി താലൂക്ക് സഭയിലും അറിയിച്ചിട്ടുള്ളതാണ്.

(ബി) 2016-ൽ ഇത് സംബന്ധിച്ച് പട്ടാമ്പി ഏരിയയിലുള്ള കൊപ്പം സി.എച്ച്.സി.-യിൽ സർവ്വേ നടന്നിരുന്നു. ക്യാൻസറിന്റെ പ്രചാരം അധികമുള്ളതായി കണ്ടെത്തിയിട്ടില്ല.

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

345 (2157) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പി.എച്ച്.സി.കളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന കാര്യം അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പി.എച്ച്.സി.കളാണ് ഇതിൽ ഉൾപ്പെടുന്നത്; പട്ടിക നൽകാമോ;

(സി) എന്തെല്ലാം മാനദണ്ഡങ്ങളാണ് ഇതിനായി സ്വീകരിച്ചത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ജില്ല/താലൂക്ക്/ ബ്ലോക്ക്/പഞ്ചായത്ത്തല മാനദണ്ഡത്തോടുകൂടി സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. ഇതനുസരിച്ച് അതാത് വിഭാഗം സ്ഥാപനങ്ങളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെക്കുറിച്ചും തെരഞ്ഞെടുക്കേണ്ട സ്ഥാപനങ്ങളെ സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി ഫാമിലി ഹെൽത്ത് സെന്ററുകളാക്കി സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ വിവിധ വികസന ബ്ലോക്കുകൾ/അസംബ്ലി മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ ആദ്യഘട്ടമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രൊപ്പോസൽ പരിഗണിച്ചുവരികയാണ്.

## കുട്ടനാട്ടിലെ ആരോഗ്യ പ്രശ്നങ്ങൾ പഠിക്കാൻ നടപടി

346 (2158) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽ ക്യാൻസർ ഉൾപ്പെടെ രോഗങ്ങൾ പടർന്നുപിടിക്കുന്നത് സംബന്ധിച്ച് വിദഗ്ദ്ധ പഠനം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) ആരോഗ്യ ബോധവത്ക്കരണത്തിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം, ക്യാൻസർ, പക്ഷാഘാതം തുടങ്ങിയ ജീവിതശൈലീ രോഗ ബോധവത്ക്കരണത്തിനായി വിവിധ പദ്ധതികളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. ആരോഗ്യ ബോധവത്ക്കരണ ക്ലാസുകൾ, സെമിനാറുകൾ, എക്സിബിഷനുകൾ, സ്കൂൾതല പ്രവർത്തനങ്ങൾ, മത്സരങ്ങൾ തുടങ്ങി നിരവധി ബോധവത്ക്കരണ പരിപാടികൾ ആരോഗ്യ വകുപ്പിലൂടെ നടപ്പിലാക്കിവരുന്നു. ഭക്ഷണം, വ്യായാമം, ലഹരി എന്നീ വിഷയങ്ങൾ പ്രതിപാദിച്ചുകൊണ്ട് പ്രമുഖ ചലച്ചിത്ര താരങ്ങളെ ഉൾപ്പെടുത്തി ഹ്രസ്വ ചിത്രങ്ങൾ നിർമ്മിക്കുകയും സ്കൂൾ കുട്ടികൾക്കും പൊതുജനങ്ങൾക്കും പ്രദർശിപ്പിക്കാവുന്ന രീതിയിൽ വിതരണം ചെയ്യാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനും ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

ക്യാൻസർ രോഗത്തെ സംബന്ധിച്ച് ആർ.സി.സി. പഠനം നടത്തിയിട്ടില്ലെങ്കിലും വിവിധ തരം ക്യാൻസറുകളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും നല്ലതായ ജീവിതശൈലി അവലംബിക്കുന്നതിനുള്ള ബോധവത്ക്കരണവും ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുൻകൈ എടുത്ത് നടത്തിവരുന്നു. ഇതുകൂടാതെ നമ്മുടെ നാട്ടിൽ കൂടുതലായി കണ്ടുവരുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയഗള ക്യാൻസർ മുതലയായവ നേരത്തേ കണ്ടുപിടിക്കുന്നതിനുള്ള ക്യാമ്പുകളും പരിശീലന പദ്ധതികളും ആർ.സി.സി. നടത്തിവരുന്നു. ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളായ എറണാകുളം ജില്ലയിലെ കല്ലൂരും, പാലക്കാട് ജില്ലയിലെ കഞ്ചിക്കോടും മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ഇക്കാര്യത്തിലാവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി. നൽകിവരുന്നു. ആർ.സി.സി. മുൻകയ്യെടുത്ത് ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് ക്യാൻസർ രോഗനിർണ്ണയ പരിശീലനം, സംയോജിതമായി നൽകിവരുന്നു. ഇവ കൂടാതെ വിവിധ സംഘടനകളുമായി നൽകി വരുന്നു. ചേർന്ന് മുൻകൂർ ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പുകളും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ക്യാൻസർ ബോധവത്ക്കരണത്തിന് നേതൃപാടവമുള്ള സാമൂഹ്യ-ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകി അവരുടെ മേഖലകളിൽ ക്യാൻസർ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതിൽ സ്കൂൾ തലത്തിൽ പുകയിലയ്ക്കെതിരെയുള്ള ബോധവത്ക്കരണ പരിപാടികൾ, ഉൾനാടൻ ഗ്രാമങ്ങളിലും കടലോര പ്രദേശങ്ങളിലും നടത്തുന്ന പരിപാടികൾ എന്നിവയും ഉൾപ്പെടും. സ്തനാർബുദ ബോധവത്ക്കരണ മാസമായ ഒക്ടോബർ മാസത്തിൽ പരമാവധി ബോധവത്ക്കരണ ക്ലാസുകളും പരിശീലന പദ്ധതികളും ആർ.സി.സി. സംഘടിപ്പിക്കാറുണ്ട്. ക്യാൻസർ ബാധിച്ച രോഗികളെ ചികിത്സിക്കുന്നതിനായി അതിനൂതനമായ ചികിത്സാ സംവിധാനങ്ങളും ആർ.സി.സി.-യിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ക്യാൻസർ ഗവേഷണത്തിനും നമ്മുടെ നാടിന് യോജിച്ചതായ ക്യാൻസർ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും ആർ.സി.സി. മുൻഗണന നൽകിയിട്ടുണ്ട്.

## അസിസ്റ്റന്റ് സർജൻ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ

347 (2159) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അസിസ്റ്റൻറ് സർജൻ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ വിഭാഗങ്ങളിൽ എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി സൃഷ്ടിച്ച തസ്തികകളിൽ എത്രപേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ആശുപത്രികളിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളാണുള്ളതെന്ന് വിശദമാക്കാമോ; ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അസിസ്റ്റന്റ് സർജൻ തസ്തികയിൽ പുതുതായി തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഡെന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ 47 പുതിയ തസ്തികകളും ലാബ് ടെക്നീഷ്യന്റെ 204 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 14 ജില്ലകളിലുമായി ലാബ് ടെക്നീഷ്യനായി 168 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ | - | 20 |
| ഡെന്റൽ അസിസ്റ്റന്റ് സർജൻ | - | 47 |
| സിവിൽ സർജൻ | - | 24 |
| ചീഫ് കൺസൾട്ടന്റ് | - | 4 |
| സീനിയർ കൺസൾട്ടന്റ് | - | 13 |
| കൺസൾട്ടന്റ് | - | 146 |
| ജൂനിയർ കൺസൾട്ടന്റ് | - | 77 |
| ഡെന്റൽ കൺസൾട്ടന്റ് | - | 1 |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അസിസ്റ്റന്റ് സർജന്മാരുടെ 719 ഒഴിവുകളും ഡെന്റൽ അസിസ്റ്റന്റ് സർജന്മാരുടെ 7 ഒഴിവുകളും നികത്തിയിട്ടുണ്ട്. അഡ്വൈസ് നൽകിയ 20 അസിസ്റ്റന്റ് സർജന്റെയും 47 ഡെന്റൽ അസിസ്റ്റന്റ് സർജന്മാരുടെയും നിയമനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ പ്രൊമോഷൻ തസ്തികയിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളും സ്പെഷ്യാലിറ്റി യോഗ്യതയുള്ള അസിസ്റ്റന്റ് സർജന്മാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## മത്സ്യത്തിൽ രാസവസ്തുക്കൾ

348 (T* 2160) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തിൽ അപകടകരമായ രാസവസ്തുക്കൾ ചേർക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ ആയത് പരാതിപ്പെടാനുള്ള സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം പര്യാപ്തമാണോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) നിലവിലുണ്ട്. അത്തരം പരാതികൾ നൽകുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ഓഫീസ് സമയങ്ങളിൽ 1800 425 1125 എന്ന ടോൾഫ്രീ നമ്പറും ഇതുകൂടാതെ foodsafetykerala@gmail.com എന്ന മെയിൽ ഐഡിയും ഉപയോഗിക്കാവുന്നതാണ്. ജില്ലാ ഓഫീസുകളിൽ അതാത് ജില്ലകളിലെ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരുടെ മൊബൈൽ നമ്പറുകളിലും ഓഫീസ് നമ്പറുകളിലും മെയിൽ ഐഡിയിലും പരാതികൾ അറിയിക്കാവുന്നതാണ്. ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലും ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നിയന്ത്രണത്തിൽ ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ മൊബൈൽ നമ്പറിലും മെയിൽ ഐഡിയിലും പരാതിപ്പെടാവുന്നതാണ്.

(ബി) നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്.

(സി) പരാതികൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് ഒരു മൊബൽ ആപ്പ് ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ് നടപ്പാക്കുന്നതാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## മത്സ്യത്തിൽ രാസവസ്തുക്കളുടെ ഉപയോഗം

349 (T* 2161) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടുതൽകാലം കേടുവരാതെ സൂക്ഷിക്കുന്നതിന്,മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ കാലം കേടുവരാതെ സൂക്ഷിക്കുന്നതിന് മത്സ്യത്തിൽ സോഡിയം ബെൻസേറ്റ്, ഫോർമാലിൻ എന്നീ രാസവസ്തുക്കൾ ചേർക്കുന്നതായി രാസപരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്.

(ബി) മത്സ്യത്തിലെ രാസവസ്തുക്കൾ കണ്ടെത്തുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിവിധയിനം മത്സ്യത്തിന്റെയും ഐസിന്റെയും സാമ്പിളുകൾ ശേഖരിച്ച് കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ സർക്കാർ അനലറ്റിക്കൽ ലാബുകളിലും രാസപരിശോധന നടത്തിവരുന്നു. ഇതിനായി ജി.സി.എം.എസ്.എം.എസ്. (ഗ്യാസ് ക്രൊമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോ ഫോട്ടോ മീറ്റർ) എന്ന ഉപകരണം ഉപയോഗിക്കുന്നു.

(സി) പഠനങ്ങൾ നടത്തിയിട്ടില്ല.

## ആന്റിബയോട്ടിക്കുകളുടെ ഉപയോഗം

350 (2162) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് അശാസ്ത്രീയമായുള്ള ആന്റിബയോട്ടിക്കുകളുടെ ഉപയോഗം മൂലമുണ്ടായ ദൂഷ്യവശങ്ങളെക്കുറിച്ച് പഠനം നടത്തുകയുണ്ടായോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടോ ഇല്ലെങ്കിൽ പഠനം നടത്തിയിട്ടുള്ള ഏതെങ്കിലും സംഘടനയുടെ റിപ്പോർട്ടോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടില്ല. രാജ്യത്ത് ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയവും ഡോക്ടറുടെ മേൽനോട്ടമില്ലാതെയുമുള്ള ഉപയോഗം കൂടുന്നതായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതുമൂലം ആന്റി ബയോട്ടിക്ക് റെസിസ്റ്റൻസ് എന്ന ഗുരുതരാവസ്ഥ സംജാതമാകുമെന്നും വരുംകാലങ്ങളിൽ നിലവിലുള്ള ആന്റിബയോട്ടിക്കുകൾക്കൊന്നുംതന്നെ രോഗങ്ങളെ പ്രതിരോധിക്കുവാൻ കഴിയാതെ വരികയും ജീവന്റെ നിലനിൽപ്പിനുതന്നെ കടുത്ത ഭീഷണി ഉളവാക്കുമെന്നും കണ്ടെത്തിയിട്ടുണ്ട്.

**കോട്ടപ്പറമ്പ്, കൊയിലാണ്ടി ആശുപത്രികളിൽ നഴ്സുമാരുടെ തസ്തികകൾ**

351 (2163) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കൊയിലാണ്ടി ജനറൽ (താലൂക്ക്) ആശുപത്രി എന്നിവിടങ്ങളിൽ ആവശ്യത്തിന് നഴ്സുമാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആശുപത്രികളിൽ നഴ്സുമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡോക്ടർമാരുടെ ഒഴിവുകൾ**

352 (2164) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പ് നടത്തിയ നിയമനങ്ങളുടെ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാനന്തവാടി ജില്ലാ ആശുപത്രിയിൽ പുതുതായി എത്ര ഡോക്ടർമാരെ നിയമിച്ചു;

(സി) ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ തസ്തികകളിൽ 43 നിയമനങ്ങളും ഡെന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒരു നിയമനവും നടത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അസിസ്റ്റന്റ് സർജൻ/ കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ തസ്തികകളിൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽ 6 ഡോക്ടർമാരെ നിയമിച്ചു.

(സി) ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കൺസൾട്ടന്റ് (ഇ.എൻ.റ്റി.) | - | 1 |
| കൺസൾട്ടന്റ് (സർജറി) | - | 1 |
| കൺസൾട്ടന്റ് (അനസ്തീഷ്യ) | - | 1 |
| ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | - | 2 |
| ജൂനിയർ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) | - | 2 |
| ഡെന്റൽ അസിസ്റ്റന്റ് സർജൻ | - | 2 |

(ഡി) കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി പ്രൊമോഷനിലൂടെ നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ്, ഒഫ്ത്താൽമോളജി ഒഴിവുകൾ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ഉടൻ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡെന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടികൾ ആരംഭിക്കുന്നതുമാണ്.

**ഡോക്ടർമാരുടെ ഒഴിവുകൾ**

353 (2165) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ ഏതൊക്കെ വിഭാഗം ഡോക്ടർമാരുടെ സേവനമാണ് ലഭ്യമായിട്ടുള്ളത് ;

(ബി) ഈ ആശുപത്രിയിൽ ഏതൊക്കെ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ഡി) ഈ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെ എന്നത്തേക്ക് നിയമിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ അനുവദനീയമായ തസ്തികയിൽ നിലവിലുള്ള ഡോക്ടർമാരുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| സൂപ്രണ്ട് | - | 1 |
| കൺസൾട്ടന്റ് മെഡിസിൻ | - | 1 |
| കൺസൾട്ടന്റ് സർജറി | - | 1 |
| കൺസൾട്ടന്റ് ഗൈനക് | - | 1 |
| കൺസൾട്ടന്റ് പീഡിയാട്രിക്സ് | - | 1 |
| കൺസൾട്ടന്റ് ഇ.എൻ.റ്റി. | - | 1 |
| കൺസൾട്ടന്റ് അനസ്തീഷ്യ | - | 1 |
| ജൂനിയർ കൺസൾട്ടന്റ് മെഡിസിൻ | - | 1 |
| ജൂനിയർ കൺസൾട്ടന്റ് സർജറി | - | 1 |
| ജൂനിയർ കൺസൾട്ടന്റ് ഗൈനക് | - | 2 |
| ജൂനിയർ കൺസൾട്ടന്റ് ഓർത്തോ | - | 1 |
| ജൂനിയർ കൺസൾട്ടന്റ് ഇ.എൻ.റ്റി. | - | 1 |
| ജൂനിയർ കൺസൾട്ടന്റ് അനസ്തീഷ്യ | - | 1 |
| ജൂനിയർ കൺസൾട്ടന്റ് ഒഫ്ത്താൽമോളജി | - | 1 |
| ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് | - | 2 |
| ചീഫ് മെഡിക്കൽ ആഫീസർ | - | 4 |

(ബി) കൺസൾട്ടന്റ് മെഡിസിൻ, ഗൈനക്, ഇ.എൻ.റ്റി. എന്നീ തസ്തികകളിൽ ഒഴിവുണ്ട്.

(സി) ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് അംഗീകരിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്താൻ കഴിയുന്നതാണ്.

**ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി**

354 (2166) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഡോക്ടർമാരുടെ എണ്ണം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡോക്ടർമാരുടെ എണ്ണത്തിൽ കുറവ് നേരിടുന്ന ജില്ലകൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തുനടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ കാസർഗോഡ് ജില്ലയിൽ മാത്രമേ അസിസ്റ്റന്റ് സർജന്മാരുടെ 20 ഒഴിവുകൾ ശേഷിക്കുന്നുള്ളൂ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അസിസ്റ്റന്റ് സർജൻ തസ്തികയിൽ 719 പേർക്കും ദന്തൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ 7 പേർക്കും നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ദന്തൽ അസിസ്റ്റന്റ് സർജന്റെ 47 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

**കാഞ്ഞിരപ്പള്ളി ആശുപത്രിയുടെ വികസനം**

355 (2167) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞിരപ്പള്ളി ആശുപത്രിയുടെ രണ്ടാം ഘട്ട വികസനം സംബന്ധിച്ച ഫയൽ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇതിന് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കാഞ്ഞിരപ്പള്ളി ആശുപത്രിയുടെ രണ്ടാം ഘട്ട നിർമ്മാണത്തിനുള്ള 10 കോടി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 14-2-2017-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രി**

356 (2168) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാരുണ്യ പദ്ധതി പ്രകാരം അനുവദിച്ച ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ജനറൽ ആശുപത്രിയായി ഉയർത്തിയ ഈ ആശുപത്രിയിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസിയിൽ നിലവിൽ അത്യാവശ്യ മരുന്നുകൾ പോലുമില്ലാത്ത സാഹചര്യത്തിൽ, അവ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നിതിനുവേണ്ടി 10 യൂണിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും തുടർന്നുള്ള പ്രവർത്തനാനുമതിയും ഫണ്ടും ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാനായിട്ടില്ല.

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആവശ്യക്കാരേറെയുള്ള ചിലതരം മരുന്നുകൾക്കും ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്ക് ആവശ്യമായ ചില മരുന്നുകൾക്കും ആപേക്ഷികമായ രീതിയിലുള്ള ചില കുറവുകൾ നെയ്യാറ്റിൻകര കാരുണ്യ ഫാർമസിയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മരുന്നുകളെ ആവശ്യക്കാരുടെ എണ്ണം കണക്കിലെടുത്ത്, ഏറ്റവും കൂടുതൽ/മിതമായ രീതിയിൽ/ നേരിയ രീതിയിൽ എന്നിങ്ങനെ മുൻകാലങ്ങളിലെ വിൽപ്പനയുടെ അടിസ്ഥാനത്തിൽ മൂന്നായി തരംതിരിച്ച് അവസരോചിതമായ ഇടപെടലിലൂടെ കരുതൽ ശേഖരം ഉറപ്പാക്കി, തുടർച്ചയായ മരുന്ന് ലഭ്യത സാധ്യമാകുന്ന തരത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിരിക്കുന്നത്.

## ആരോഗ്യ വകുപ്പിലെ പരിഷ്കാരം

357 (2169) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ കഴിഞ്ഞ 5 വർഷമായി ജോലിയിൽ തുടരുന്ന ക്ലറിക്കൽ ജീവനക്കാരുടെ തസ്തികതിരിച്ചുള്ള പേര് വിവരം ലഭ്യമാക്കുമോ;

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സെക്രട്ടേറിയേറ്റിലെന്നപോലെ ബയോമെട്രിക് പഞ്ചിങ് സമ്പ്രദായം നടപ്പിലാക്കുമോ;

(സി) ആരോഗ്യവകുപ്പിലെ ഫയലുകളുടെ അടിയന്തര നീക്കത്തിന് ഇ-ഫയൽ സംവിധാനം ഡയറക്ടറേറ്റിൽ നിലവിൽ വരുത്താൻ സർക്കാർ തീരുമാനം നിലവിലുണ്ടോ?

ഉത്തരം

(എ) ഉത്തരം അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിലവിൽ ബയോമെട്രിക് പഞ്ചിംഗ് സംമ്പ്രദായം ഉണ്ട്.

(സി) നിലവിലില്ല.

## പത്തനംതിട്ടയിലെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

358 (2170) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ടയിലും, കോഴഞ്ചേരിയിലും പ്രവർത്തിക്കുന്ന ജനറൽ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങളിലെ നിലവിലുള്ള സൗകര്യങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ജില്ലയിൽ വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് സംബന്ധിച്ച് പഠനം നടത്തുമോ;

(സി) ഡയാലിസിസ് കേന്ദ്രങ്ങളിലെ ഉപകരണങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് സൗകര്യങ്ങൾ കൂട്ടുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ശബരിമല തീർത്ഥാടകരുടെ പ്രധാന ആശ്രയ കേന്ദ്രമായ പത്തനംതിട്ട ജനറൽ ആശുപത്രിയിലെ അടിസ്ഥാന സൗകര്യവും ഡോക്ടർമാരുടെ സേവനവും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിലവിൽ 6 ഡയാലിസിസ് മെഷീനുകളുണ്ട്. ടി മെഷീനുകൾ എല്ലാം പ്രവർത്തനക്ഷമമാണ്. നിലവിൽ ഒരു ഷിഫ്റ്റ് പ്രവർത്തിക്കുന്നുണ്ട്. കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിൽ നിലവിലുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

(ബി) കെ.ഐ.ഐ.എഫ്.ബി. വഴി പഠനം നടത്തിവരുന്നു.

(സി) പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പുതിയ മെഷീനുകൾ സ്ഥാപിക്കാനുള്ള സ്ഥലസൗകര്യം നിലവിലുള്ള യൂണിറ്റിൽ ഇല്ല. കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിലെ ഉപകരണങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ കെ.ഐ.ഐ.എഫ്.ബി. പദ്ധതി മുഖേന നടപടി സ്വീകരിച്ചുവരുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി സർക്കാർ നിയോഗിച്ചിട്ടാണ് കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്. വഴി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അനുവദനീയമായ തസ്തികകളിലെല്ലാം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

## പച്ചക്കറികളിലെയും ഫലവർഗ്ഗങ്ങളിലെയും കീടനാശിനി പ്രയോഗം

359 (2171) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറികൾ/ഫലവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ളവയിൽ കീടനാശിനി ഉപയോഗിക്കുന്നത് തടയാനും കീടനാശിനി ഉപയോഗിച്ചവ വില്പന നടത്തുന്നത് തടയാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് കയറ്റി അയയ്ക്കുന്ന ഭക്ഷ്യസാധനങ്ങളിൽ വ്യാപകമായ തോതിൽ കീടനാശിനികൾ ഉൾപ്പെട്ടത് പരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് അനുവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കീടനാശിനികൾ പ്രയോഗിച്ച പച്ചക്കറികൾ പ്രധാനമായും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് കൊണ്ടുവരുന്നത്. കേരളത്തിലെ പച്ചക്കറി മാർക്കറ്റുകളിൽ നിന്നുള്ള പച്ചക്കറികളുടെ സാമ്പിളുകളും, അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക്പോസ്റ്റുകളിൽ കൂടി കടന്നുവരുന്ന പച്ചക്കറികളുടെ സാമ്പിളുകളും ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകളിൽ പരിശോധിപ്പിച്ചുവരുന്നു. ഇതുകൂടാതെ സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധിക്കാറുണ്ട്. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന പരിധിയിലും കൂടുതലായി കീടനാശിനികളുടെ അളവ് കണ്ടെത്തിയാൽ അവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാനിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## ജനസംഖ്യാനുപാതികമായി പി.എച്ച്.സി.-കൾ

360 (2172) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസംഖ്യാനുപാതികമായി സംസ്ഥാനത്ത് പി.എച്ച്.സി.കൾ അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മങ്കട മണ്ഡലത്തിലെ കുറുവാ പഞ്ചായത്തിലെ വറ്റല്ലൂരിലും, അങ്ങാടിപ്പുറം പഞ്ചായത്തിലെ തിരൂർക്കാടും, മൂർക്കനാട് പഞ്ചായത്തിലെ പുന്നക്കാട് ഭാഗത്തും ഓരോ പി.എച്ച്.സി.കൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്.സി. എങ്കിലും ഉണ്ടായിരിക്കണം എന്നതാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പി.എച്ച്.സി.-യോ, സി.എച്ച്.സി.-യോ, താലൂക്കാശുപത്രിയോ നിലവിലുണ്ട്.

(ബി) നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ ക്രമീകരിക്കാനും മെച്ചപ്പെടുത്താനുമാണ് ആരോഗ്യ വകുപ്പ് ഇപ്പോൾ മുൻഗണന നൽകിവരുന്നത്.

(സി) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്.സി. എങ്കിലും ഉണ്ടായിരിക്കണം. എന്നതാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പി.എച്ച്.സി.-യോ സി.എച്ച്.സി.-യോ, താലൂക്കാശുപത്രിയോ നിലവിൽ ഉണ്ട്.

## ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ

361 (2173) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിൽ വിവിധ ജില്ല, താലൂക്ക്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ എത്ര ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ ;

(ബി) ആരോഗ്യ വകുപ്പിൽ ഒഫ്താൽമിക് അസിസ്റ്റന്റ്, റിഫ്രാക്ഷനിസ്റ്റ്, ഓർത്തോപ്റ്റിസ്റ്റ് തസ്തികകൾ ഏകീകരിച്ച് ഒപ്റ്റോമെട്രിസ്റ്റ് എന്ന് നാമകരണം നടത്തി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആരോഗ്യ വകുപ്പിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ എത്ര ഒപ്റ്റോമെട്രിസ്റ്റ് തസ്തികകളാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(ഡി) ആരോഗ്യ വകുപ്പിലെ വിവിധ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും ഹോമിയോ, ആയുർവ്വേദ മെഡിക്കൽ കോളേജുകളിലും അധിക ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) 6 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. പ്രസ്തുത ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല.

(സി) 31. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| മെഡിക്കൽ കേളേജ്, തിരുവനന്തപുരം | - | 12 |
| മെഡിക്കൽ കോളേജ്, കോട്ടയം | - | 3 |

| | | |
|---|---|---|
| മെഡിക്കൽ കോളേജ്, തൃശ്ശൂർ | - | 4 |
| മെഡിക്കൽ കോളേജ്, ആലപ്പുഴ | - | 5 |
| മെഡിക്കൽ കോളേജ്, കോഴിക്കോട് | - | 5 |
| മെഡിക്കൽ കോളേജ്, കൊല്ലം | - | 2 |

(ഡി) ലഭ്യമായ പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

**ഒപ്റ്റോമെട്രിസ്റ്റിന്റെ ഒഴിവുകൾ**

362 (2174) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ആശുപത്രികളിൽ സീനിയർ ഒപ്‌ത്തോമെട്രിസ്റ്റിന്റെ (നേത്രപരിശോധകർ) എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഒപ്‌ത്തോമെട്രിസ്റ്റ് ഗ്രേഡ്-II-ന്റെ നിലവിലുള്ള ഒഴിവുകൾ എത്രയെന്നും അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഉടൻതന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിനുകീഴിലുള്ള ഗവൺമെന്റ് ആശുപത്രികളിൽ സീനിയർ ഒപ്റ്റോമെട്രിസ്റ്റിന്റെ 9 ഒഴിവുകൾ നിലവിലുണ്ട്.

(ബി) നിലവിലുള്ള ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) ആരോഗ്യ വകുപ്പിനുകീഴിൽ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II-ന്റെ 6 ഒഴിവുകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 5 ഒഴിവുകളും നിലവിലുണ്ട്. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള 5 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിനുകീഴിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ബസ് വാങ്ങി നൽകുന്നത് സംബന്ധിച്ച ഫയൽ

363 (2175) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് തെങ്ങിലക്കടവ് കാൻസർ സെന്ററിലേയ്ക്കും ചെറൂപ്പ സി.എച്ച്.സി യിലേയ്ക്കും ഡോക്ടർമാരേയും പാരാ മെഡിക്കൽ സ്റ്റാഫിനേയും കൊണ്ടുപോകുന്നതിന് എം.എൽ.എ.-യുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ബസ് വാങ്ങി നൽകുന്നത് സംബന്ധിച്ച 1552/M1/2016/H&FWD ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് വിശദ പ്രൊപ്പോസൽ ആവശ്യപ്പെട്ടുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ 16-11-2016-ലെ 207/NCC2/2016/Fin അനൗദ്യോഗിക കത്ത് പ്രകാരം ആരോഗ്യവകുപ്പിൽ നിലവിലുള്ള 1016240/16-M ഫയലിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 1552/M1/16/H&FWD ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ബസ് വാങ്ങുന്നതിനുള്ള തുടർനടപടികൾ അവസാനിപ്പിക്കുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I

364 (2176) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I ആയി പ്രൊമോഷൻ ലഭിച്ചിട്ടും ഓരോ ജില്ലയിലും പത്തു മുതൽ ഇരുപതു വർഷം വരെ സേവനമനുഷ്ഠിക്കുന്നവർ എത്രയാണെന്ന് വ്യക്തമാക്കാമോ; ഗ്രേഡ് I പ്രൊമോഷൻ ലഭിച്ചവർ ജില്ല വിട്ട് പോകേണ്ടതില്ല എന്ന നിയമം പുനഃപരിശോധിക്കുമോ ;

(ബി) ജൂനിയർ പബ്ലിക് ഹെൽത്ത് ഗ്രേഡ് നഴ്സുമാരുടെ നിയമനം മുൻപുണ്ടായിരുന്ന തരത്തിൽ 2:1 എന്ന അനുപാതത്തിൽ തന്നെ നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മുനിസിപ്പൽ കോമൺ സർവ്വീസിന്റെ കീഴിൽ ഇപ്പോൾ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത്നേഴ്സ് തസ്തിക നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) കോട്ടയം ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത്നഴ്സ് തസ്തികയിൽ 2017 മാർച്ച് 31 വരെ എത്ര ഒഴിവുകളുണ്ട്; ഇത് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് റിപ്പോർട്ട് ചെയ്യും എന്നറിയിക്കാമോ?

ഉത്തരം

(എ) ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I ആയി പ്രൊമോഷൻ ലഭിച്ചിട്ടും ഓരോ ജില്ലയിലും പത്തുമുതൽ ഇരുപതുവർഷം വരെ സേവനമനുഷ്ഠിക്കുന്നവർ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗ്രേഡ് I പ്രൊമോഷൻ ലഭിച്ചവരെ സംസ്ഥാനതല സീനിയോറിറ്റി ആയി പരിഗണിച്ച് അന്തർജില്ലാ സ്ഥലംമാറ്റത്തിന് പരിഗണിക്കണമെന്ന് വിവിധ കേസുകൾ തീർപ്പാക്കിക്കൊണ്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒരു പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നിയമാനുസൃതം നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഒരൊഴിവ് ഉണ്ടായിരുന്നത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സ്റ്റാഫ് നഴ്സ് ഗ്രേഡ് II ഒഴിവുകൾ

365 (2177) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ;

(ബി) 2017 ജൂൺ 31-ന് കാലാവധി തീരുന്ന കാറ്റഗറി 201/2010 നമ്പർ 157/14/SSIII റാങ്ക് ലിസ്റ്റിൽ നിന്നും സ്റ്റാഫ് നഴ്സുമാരെ നിയമിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് അറിയിക്കാമോ;

(സി) ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ 16 ഒഴിവുകളും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ 91 ഒഴിവുകളും ഉണ്ട്.

(ബി) തടസ്സങ്ങൾ ഒന്നുമില്ല.

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നടത്തിവരുന്നു.

## ആശാ വർക്കർമാർ

366 (2178) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ഇപ്പോൾ എത്ര 'ആശാ വർക്കർമാർ' പ്രവർത്തിക്കുന്നുണ്ട്; താലൂക്ക് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ആശാ വർക്കർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) പ്രാദേശികമായ ആവശ്യം പരിഗണിച്ച് കൂടുതൽ ആശാ വർക്കർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 2522 ആശാ വർക്കർമാർ പ്രവർത്തിക്കുന്നുണ്ട്. താലൂക്ക് തിരിച്ചുള്ള കണക്ക് താഴെ പറയുന്നു :

| | | |
|---|---|---|
| 1 | പാലക്കാട് താലൂക്ക് | 450 |
| 2 | പട്ടാമ്പി താലൂക്ക് | 435 |
| 3 | മണ്ണാർക്കാട് താലൂക്ക് | 388 |
| 4 | ആലത്തൂർ താലൂക്ക് | 434 |
| 5 | ഒറ്റപ്പാലം താലൂക്ക് | 423 |
| 6 | ചിറ്റൂർ താലൂക്ക് | 392 |
| | ആകെ | 2522 |

(ബി) ആശമാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ മേഖലകളിൽ ആശമാരുടെ പ്രവർത്തനം ഉപയോഗിക്കുന്നതിനും അതിനായി പുതിയ ഇൻസെന്റീവുകളും നടപ്പിലാക്കിവരുന്നു. ജീവിതശൈലീരോഗ നിയന്ത്രണ പരിപാടികൾ എസ്.എൻ.സി.യു.-വിൽ നിന്ന് ഡിസ്ചാർജ് ചെയ്യുന്ന കുട്ടികളുടെ പരിചരണത്തിനായുള്ള ഇൻസെന്റീവുകൾ, ശിശു മരണം റിപ്പോർട്ട് ചെയ്യുന്നതിനും, കാൻസർ കണ്ടുപിടിക്കുന്നതിനും കുട്ടികളുടെ ജന്മവൈകല്യങ്ങൾ കണ്ടുപിടിക്കു

ന്നതിനുമെല്ലാം പുതിയ ഇൻസെന്റീവുകൾ 2017-2018-ൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചു വരുന്നു. കൂടാതെ ആശമാരുടെ പ്രവർത്തനം വിലയിരുത്തിയപ്പോൾ പ്രവർത്തനത്തിൽ പുറകിലായവരെ മെച്ചപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള ഒഴിവുകളിൽ പുതിയ ആശമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ബി.എസ്.സി. നഴ്സിംഗ് കോഴ്സ്

367 (2179) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) SIMET-ന് കീഴിൽ തൃപ്പൂണിത്തുറ മണ്ഡലത്തിൽ ബി.എസ്.സി. നഴ്സിംഗ് കോഴ്സ് നടത്തുന്ന കോളേജിനെ പള്ളുരുത്തിയിലെ ബി.എസ്.സി. നഴ്സിംഗ് കോളേജിലേക്ക് ലയിപ്പിക്കുന്നതിന് കേരള നഴ്സിംഗ് കൗൺസിൽ/ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ എന്നിവയുടെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ നിലവിലുള്ള ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഈ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സർക്കാർ ഈ വിഷയം പരിഗണിക്കുകയും സിമെറ്റിന് കീഴിൽ തൃപ്പൂണിത്തുറ മണ്ഡലത്തിൽ പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സ് നടത്തുന്ന കോളേജിനെ, പള്ളുരുത്തിയിലെ ബി.എസ്.സി. നഴ്സിംഗ് കോളേജിലേയ്ക്ക് ലയിപ്പിക്കുന്നതിന് 3-3-2017-ലെ സ.ഉ.(സാധാ) നമ്പർ 534/2017/ആ.കു.വ. ഉത്തരവ് പ്രകാരം അനുമതി നൽകുകയും ചെയ്തു.

## പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സ്

368 (2180) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള നഴ്സിംഗ് കൗൺസിലിന്റെ നിർദ്ദേശപ്രകാരം സി-മെറ്റ് തൃപ്പൂണിത്തുറയിൽ നടത്തുന്ന പോസ്റ്റ് ബേസിക്ക് ബി.എസ്.സി. നഴ്സിംഗ് കോഴ്സ് പള്ളുരുത്തി സി-മെറ്റ് കോളേജിലേക്ക് ലയിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു നടപടി എന്ന് വിശദമാക്കാമോ;

(സി) പള്ളുരുത്തി സി-മെറ്റ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സ് പള്ളുരുത്തിയിലേക്ക് മാറ്റുകയാണെങ്കിൽ തൃപ്പൂണിത്തുറയിലെ കെട്ടിടം ഹോസ്റ്റലായി ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ ഈ വിഷയം പരിഗണിക്കുകയും സിമെറ്റിന് കീഴിൽ തൃപ്പൂണിത്തുറ മണ്ഡലത്തിൽ പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സ് നടത്തുന്ന കോളേജിനെ, പള്ളുരുത്തിയിലെ ബി.എസ്.സി. നഴ്സിംഗ് കോളേജിലേയ്ക്ക് ലയിപ്പിക്കുന്നതിന് 3-3-2017-ലെ സ.ഉ.(സാധാ)നമ്പർ 534/2017/ആ.കു.വ. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തൃപ്പൂണിത്തുറയിലെ പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോളേജ് പള്ളുരുത്തിയിലേക്ക് മാറ്റുന്നതിന് അനുമതി നൽകിയ സാഹചര്യത്തിൽ തൃപ്പൂണിത്തുറയിലെ കെട്ടിടം ഹോസ്റ്റലിനായി ലഭ്യമാക്കാവുന്നതാണ്.

## കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജ്

369 (2181) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുമ്പോൾ റെഗുലർ, കരാർ, ദിവസവേതന അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിലായി ജോലി ചെയ്തിരുന്നവരുടെ എണ്ണം പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ;

(ബി) സർക്കാർ ഏറ്റെടുത്തതിനുശേഷം ഇവരിൽ എത്ര പേരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും മറ്റുള്ളവരുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ;

(സി) സർക്കാർ ഏറ്റെടുത്തതിനു ശേഷം ഏതെങ്കിലും തസ്തികകളിൽ റെഗുലർ/ കരാർ/ ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) റഗുലർ വിഭാഗം - 375 എണ്ണം

കരാർ വിഭാഗം - 172 എണ്ണം

ദിവസവേതന വിഭാഗം - 196 എണ്ണം

(ബി) സർക്കാർ ഏറ്റെടുത്തതിനുശേഷം, കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ ജോലി ചെയ്തുകൊണ്ടിരുന്ന സ്ഥിരം ജോലി ജീവനക്കാരെ അക്കോമഡേറ്റ് ചെയ്യുന്നതതിനായി 375 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 27-1-2015-ലെ സ.ഉ.(കൈ) 15/2015/ആ.കു.വ. പ്രകാരം വിവിധ വിഭാഗങ്ങളിലായി അദ്ധ്യാപകരുടെ 148 തസ്തികകളും അനദ്ധ്യാപകരുടെ 202 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. 4-3-2016-ലെ സ.ഉ.(കൈ) നമ്പർ 71/16/ആ.കു.വ. പ്രകാരം 25 സ്ഥിരം ജീവനക്കാരേയും അക്കോമഡേറ്റ് ചെയ്ത് ഉത്തരവായിട്ടുണ്ട്. കൂടാതെ കരാർ/ദിവസവേതന ജീവനക്കാർക്കായി 315 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഭരണ വിഭാഗത്തിലെ സുഗമമായ പ്രവർത്തനത്തിനായി പ്രിൻസിപ്പൽ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ലോ സെക്രട്ടറി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിങ്ങനെ 5 തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

(സി) സർക്കാർ ഏറ്റെടുത്തതിനുശേഷം റഗുലർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. കരാർ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിലായി 8 അദ്ധ്യാപകരെയും, ദിവസവേതനാടിസ്ഥാനത്തിൽ 4 അനദ്ധ്യാകരേയും നിയമിച്ചിട്ടുണ്ട്. ഇവരുടെ വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു.*

**പള്ളുരുത്തി നഴ്സിംഗ് കോളേജിൽ എം.എസ്.സി. നഴ്സിംഗ് കോഴ്സ്**

370 (2182) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീ-മെറ്റിന്റെ പള്ളുരുത്തി നഴ്സിംഗ് കോളേജിൽ എം.എസ്.സി. നഴ്സിംഗ് കോഴ്സ് ആരംഭിക്കുന്നതിന് 2006-2011-ലെ സർക്കാർ അനുമതി /എൻ.ഒ.സി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത എൻ.ഒ.സി പ്രകാരം കോഴ്സ് നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സിമെറ്റിന്റെ പള്ളുരുത്തി നഴ്സിംഗ് കോളേജിൽ എം.എസ്.സി. നഴ്സിംഗ് കോഴ്സ് ആരംഭിക്കുന്നതിന് 19-5-2011-ലെ സ.ഉ.(കൈ) നമ്പർ 312/2011/ആ.കു.വ. ഉത്തരവ് പ്രകാരം എൻ.ഒ.സി. നൽകിയിരുന്നു.

(ബി) ഉണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജ്**

371 (2183) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളജിൽ ഈ വർഷം തന്നെ മെഡിക്കൽ വിദ്യാഭ്യാസം തുടങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; ആയതിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, അംഗീകാരം ലഭിക്കാൻ ഇനി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്ന് സംസ്ഥാന സർക്കാർ പാരിപ്പള്ളി മെഡിക്കൽ കോളജ് ഏറ്റെടുക്കുമ്പോഴുള്ള എം.ഒ.യു. വ്യവസ്ഥ പ്രകാരം തൊഴിലാളികൾക്ക് ഉറപ്പ് നൽകിയിരുന്ന സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, സൗജന്യ ഭക്ഷണം, സൗജന്യ ആംബുലൻസ് സൗകര്യം, റഫറൽ സൗകര്യം, പ്രത്യേകമായ ഒ.പി - ഐ.പി കൗണ്ടറുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2017-2018 അദ്ധ്യായന വർഷം മെഡിക്കൽ വിദ്യാഭ്യാസം തുടങ്ങുന്നതിനും അംഗീകാരം ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 390 അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തനം സജ്ജമാകാത്ത ഗവൺമെന്റ് മെഡിക്കൽ കേളേജുകളായ കോന്നി (പത്തനംതിട്ട), ഇടുക്കി, തിരുവനന്തപുരത്തെ ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിയമിച്ചിരുന്ന ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിയമിച്ചിട്ടുണ്ട്. ബ്ലഡ് ബാങ്ക്, ലാബുകൾ, ഒ.പി, ഐ.പി. എന്നിവയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി 141 പുതിയ

തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. കോഴ്സ് തുടങ്ങുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുന്നതിനായി 10-2-2017-ന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരത്തിനുള്ള നടപടി ക്രമങ്ങളോടനുബന്ധിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പുനഃപരിശോധന ഉടനെ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാന സർക്കാരും ഇ.എസ്.ഐ. പ്രതിനിധികളും തമ്മിൽ ഒപ്പ് വച്ച മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിലെ ഇതുസംബന്ധിച്ച വ്യവസ്ഥയുടെ പ്രസക്ത ഭാഗം താഴെപറയും പ്രകാരമാണ്. "2nd party (State) shall provide services to insured parties and then families in the hospital consistent with those provided under the ESIC Scheme on cashless basis" ആയതിന് അനുസൃതമായി ഒ.പി., ഐ.പി. സേവനങ്ങൾ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. പ്രത്യേക ഒ.പി. കൗണ്ടർ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിലും 5 ബെഡുകൾ വീതം ഐ.പി.ക്കായി മാറ്റിയിട്ടുള്ളതാണ്. റഫറൽ സൗകര്യം സൗജന്യ ആംബുലൻസ് സേവനം, സൗജന്യ ഭക്ഷണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഇ.എസ്.ഐ. ഗുണഭോക്താക്കളുടെ ഐഡന്റിറ്റി സംബന്ധിച്ച വ്യക്തത ഉറപ്പുവരുത്തേണ്ടതിനാൽ, ആയത് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഭ്യമായിട്ടുള്ള മരുന്നുകൾ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ഫാർമസിവഴി സൗജന്യമായി നൽകിവരുന്നുണ്ട്.

## കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ്

372 (2184) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്; ഇവിടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) മെഡിക്കൽ കോളേജിനായി തെരഞ്ഞെടുത്ത സ്ഥലം കാസർഗോഡ്-കർണ്ണാടക സംസ്ഥാന അതിർത്തിയിൽ നിന്നും എത്ര കിലോമീറ്റർ ദൂരത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തിലെ ആളുകൾക്കും ജില്ലയിലെ മറ്റുള്ളവർക്കും ഈ നിർദ്ദിഷ്ട മെഡിക്കൽ കോളേജ് കൊണ്ട് ഏറെ ഗുണം ചെയ്യാത്ത വിഷയം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ബദിയടുക്ക/ഉക്കിനടുക്ക എന്ന സ്ഥലത്താണ് നിർദ്ദിഷ്ട മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത്. ഇവിടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഇതുവരെ എത്ര തുക ചെലവഴിച്ചു എന്നത് സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) ഏകദേശം 40 കിലോമീറ്റർ ദൂരത്തിലാണ്. 60 ഏക്കർ വിസ്തൃതിയിലുള്ള പ്രസ്തുത ഭൂമി കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ബദിയടുക്ക/ഉക്കിനടുക്കയിലാണ് സ്ഥിതി ചെയ്യുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിർദ്ദിഷ്ട മെഡിക്കൽ കോളേജ്/ അനുബന്ധമായിട്ടുള്ള ആശുപത്രി സ്ഥാപിതമാകുന്നത് കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വളരെയധികം പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഹരിപ്പാട് മെഡിക്കൽ കോളേജ് നിർമ്മാണം**

373 (2186) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത കോളേജിനായി എത്ര ഏക്കർ സ്ഥലം ഇതിനകം ഏറ്റെടുത്തു;

(സി) മെഡിക്കൽ കോളേജിനായി നെൽപ്പാടം നികത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ;

(ഡി) ഹരിപ്പാട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഹരിപ്പാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) മെഡിക്കൽ കോളേജിനുവേണ്ടി 13.63 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(സി) മെഡിക്കൽ കോളേജിനായി നെൽപ്പാടം നികത്തിയിട്ടില്ല.

(ഡി) ഹരിപ്പാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ നിലവിൽ വിജിലൻസ് അന്വേഷണം നടന്നു വരുകയാണ്. പ്രസ്തുത മെഡിക്കൽ കോളേജുമായി മുന്നോട്ടുപോകുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

## സ്റ്റെന്റുകൾ, ഡ്രഗ്ഗ് എല്യൂട്ടഡ്, ബെയർ മെറ്റൽ എന്നിവയുടെ വില

374 (2187) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൃദ്രോഗ ചികിത്സയിൽ ഉപയോഗിക്കുന്ന സ്റ്റെന്റുകളുടെ വിലയിൽ 85% വരെ കുറവ് ഏർപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയക്ക് ആവശ്യമയ ഡ്രഗ്ഗ് എല്യൂട്ടഡ്, ബെയർ മെറ്റൽ എന്നിവയുടെ നികുതി ഉൾപ്പെടെയുള്ള വിലയ്ക്ക് നിശ്ചിത നിരക്ക് ഏർപ്പെടുത്തി വിജ്ഞാപനം ചെയ്യുമോ;

(സി) അടുത്തിടെ നിലവിൽവന്ന മെഡിക്കൽ ഉപകരണ നിയമത്തിന്റെ പിൻപറ്റി ഏറ്റവും ഗുണമേന്മയുള്ള സ്റ്റെന്റുകൾ നിർമ്മിക്കുന്നതിനും വില കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം സംസ്ഥാനത്ത് എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയ്ക്ക് സ്റ്റെന്റുകൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനായി സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗം അതീവ ജാഗ്രത പുലർത്തി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. സ്റ്റെന്റ് ഉപയോഗിച്ചുകൊണ്ടുള്ള ഹൃദയ ശസ്ത്രക്രിയാ രീതികൾ പിൻതുടരുന്ന ആശുപത്രികൾ/നഴ്സിംഗ് ഹോമുകൾ/ക്ലിനിക്കുകൾ എന്നിവർ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി സ്റ്റെന്റിന്റെ വില ബ്രാന്റഡ് നെയിം, ബാച്ച് നമ്പർ നിർമ്മാതാവ്/ ഇംപോർട്ടറുടെ പേര് എന്നീ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വില നിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യ വസ്തു നിയമം (ESSENTIAL COMMODITIES ACT) അനുശാസിക്കുന്ന പ്രകാരം നടപടി എടുക്കുന്നതാണ്. കൂടാതെ വിലനിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നതുമാണ്. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ (WWW.NPPAINDIA.IN) ഫാർമജൻ സമാധാൻ എന്ന ലിങ്കിൽ സ്റ്റെന്റുകളുടെ വിലനിയന്ത്രണം സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) സ്റ്റെന്റുകളുടെ വ്യാപാര വിതരണ രീതികളിൽ നിലനിന്നിരുന്ന അനിയന്ത്രിതമായ വില നിർണ്ണയ രീതിയും അമിത ലാഭം ഈടാക്കലും നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിലേക്കായി പ്രസ്തുത ഉൽപ്പന്നങ്ങളെ ദേശീയ അവശ്യ മരുന്നുപട്ടികയിൽ ഉൾപ്പെടുത്തുകയും ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013-ന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി പൊതുജനാരോഗ്യ താൽപ്പര്യാർത്ഥം ദേശീയ ഔഷധ വില നിയന്ത്രണ സമിതി 13-2-2017-ൽ സ്റ്റെന്റുകൾക്ക് അടിസ്ഥാന വില നിശ്ചയിച്ചുറപ്പിച്ചുകൊണ്ടുള്ള അസാധാരണ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്.

(സി) കാർഡിയാക് സ്റ്റെന്റ്സ്, ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റ്സ് എന്നിവ നോട്ടിഫൈഡ് മെഡിക്കൽ ഡിവൈസ് എന്ന കാറ്റഗറിയിൽ പെടുന്നതിനാൽ ഇവ കേന്ദ്ര സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പുകളുടെ സംയുക്ത നിയന്ത്രണത്തിലാണ്. ആയതുകൊണ്ടുതന്നെ സ്റ്റെന്റ് നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംയുക്ത പരിശോധനയിലൂടെ ഉറപ്പുവരുത്തിയതിനുശേഷമാണ് പ്രസ്തുത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ലൈസൻസുകൾ അനുവദിക്കുന്നത്. ഇപ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നതോ ഇറക്കുമതി ചെയ്യുന്നതോ ആയിട്ടുള്ള സ്റ്റെന്റ് ഉൽപ്പന്നങ്ങളാണ് സംസ്ഥാന വിപണിയിലുള്ളത്. നിലവിൽ സംസ്ഥാനത്ത് കൊറോണറി സ്റ്റെന്റ് നിർമ്മാതാക്കൾ ആരുംതന്നെയില്ല.

(ഡി) കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.) ബിൽ 2017 നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കറുവപ്പട്ടയ്ക്ക് പകരം കാസിയ**

375 (2188) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. പി. ഉണ്ണി</u> :
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ആയുർവ്വേദ മരുന്നുകളിൽ കറുവപ്പട്ടയ്ക്ക് പകരം മാരകവിഷമായ കാസിയ ഉപയോഗിക്കുന്നുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആയുർവ്വേദ മരുന്നുകളിലെ ചേരുവകളുടെ പരിശോധന കർശനമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതിന്റെ ഭാഗമായി കൂടുതൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പരസ്യങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്.

(ഡി) ഡ്രഗ്സ് ആന്റ് മാജിക് മെഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) ആക്ട് 1954-ന് വിരുദ്ധമായി തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

**ഗുണനിലവാരമില്ലാത്ത മരുന്നുകൾ**

376 (2189) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിൽക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2013-14-ൽ വിതരണം ചെയ്ത നിരവധി മരുന്നുകൾ ഗുണനിലവാരം ഇല്ലാത്തതായിരുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) മരുന്നുകളുടെ ഗുണനിലവാര പരിശോധന കൂടുതൽ കർശനമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരളത്തിൽ വിതരണം ചെയ്യുന്ന ചില അലോപ്പതി മരുന്നുകൾ അന്യസംസ്ഥാനങ്ങളിലെ വൃത്തിഹീനമായ ചുറ്റുപാടുകളിലാണ് നിർമ്മിക്കുന്നതെന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) മരുന്ന് കമ്പനികളും ചില ഉദ്യോഗസ്ഥരും പണമുണ്ടാക്കാനായി നടത്തുന്ന ഇത്തരം ഇടപാടുകൾ ഗൗരവമായി കണ്ട് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമെ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂ എന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിലേക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദനശാലകൾ നിരന്തരം പരിശോധിക്കുകയും

വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടേയും തീവ്രമായ ഗുണനിലവാര പരിശോധന നിർമ്മാണഘട്ടങ്ങളിൽ തന്നെ ഉറപ്പാക്കിയശേഷമാണ് നിർമ്മാതാക്കൾ അത് വിപണിയിൽ എത്തിക്കുന്നത്. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടം വരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ, (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാംബിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലബോറട്ടറിയിലേക്ക് അയക്കുന്നത്. നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിതരണ ശൃംഖല കണ്ടെത്തി അവ വിപണിയിൽനിന്നും പിൻവലിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും നിർമ്മാതാക്കൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും ആവശ്യമായ മരുന്നുകൾ പർച്ചേസ് ചെയ്ത് വിതരണം നടത്തുന്നത് കേരളാ സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. (കെ.എം.എസ്.സി.എൽ) കോമ്പറ്റിറ്റീവ് ടെൻഡർ വഴിയാണ് കെ.എം.എസ്.സി.എൽ. മരുന്നുസംഭരണം നടത്തുന്നത്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഉൽപ്പന്നങ്ങളുടെ ഓരോ ബാച്ച് സപ്ലൈ ചെയ്യപ്പെടുമ്പോഴും അതിന്റെ ഗുണനിലവാര റിപ്പോർട്ട് കെ.എം.എസ്.സി.എൽ. നിശ്ചയിച്ചിട്ടുള്ള ലാബുകളിൽനിന്നും നിർമ്മാതാക്കൾ സമർപ്പിക്കേണ്ടതാണ്. കൂടാതെ ആകെ സംഭരിക്കുന്ന മരുന്നു ബാച്ചുകളുടെ 10% കെ.എം.എസ്.സി.എൽ. നേരിട്ട് ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കെ.എം.എസ്.സി.എൽ.-ന്റെ ഗുണനിലവാര പരിശോധനയിൽ ആവർത്തിച്ച് ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളെ കരിമ്പട്ടികയിലുൾപ്പെടുത്തി തുടർന്നുള്ള പർച്ചേസുകളിൽനിന്നും ആയവ ഒഴിവാക്കാറുണ്ട്. മാത്രമല്ല പരാതികളുടെ അടിസ്ഥാനത്തിലും സമയബന്ധിതമായി അന്വേഷണം നടത്തി സാമ്പിളുകൾ സേഖരിച്ച് മരുന്നുകൾ ഗുണനിലവാരമുള്ളവയാണോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പും ഉറപ്പുവരുത്തുന്നുണ്ട്.

(ബി) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നു സാമ്പിളുകളിൽനിന്നും 2013-2014 കാലഘട്ടത്തിൽ 1910 എണ്ണം ഗുണനിലവാരപരിശോധനക്കായി ശേഖരിച്ചതിൽ 74-എണ്ണം ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 64 സ്ഥാപനങ്ങൾക്കെതിരെ വകുപ്പുതല നടപടികളും 10 നിർമ്മാതാക്കൾക്കെതിരെ നിയമ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും രണ്ട് മരുന്ന് പരിശോധനാ ലബോറട്ടറികളാണുള്ളത്. ഇവിടെ പ്രതിവർഷം പതിനായിരത്തോളം മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ 5%-ത്തിൽ താഴെ മാത്രമാണ്. മരുന്നുകളുടെ ഗുണനിലവാര പരിശോധന കൂടുതൽ കർശനമാക്കുന്നതിന്റെ ഭാഗമായി പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനായി പുതിയ ലബോറട്ടറികൾ തൃശ്ശൂർ, കോഴിക്കോട്, കോന്നി എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇങ്ങനെ മരുന്ന് പരിശോധനാ ലാബുകളുടെ എണ്ണം അഞ്ചാകുന്നതോടുകൂടി കേരളാ വിപണിയിൽ വിറ്റഴിക്കുന്ന ആകെ മരുന്ന് ബ്രാന്റുകളുടെ ഏകദേശം പത്ത് ശതമാനം സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താൻ സാധിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാനം വിറ്റഴിക്കുന്ന 98% മരുന്നുകളും അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് ഇവിടെ വിപണനം നടത്തുന്നവയാണ്. പോണ്ടിച്ചേരി, ബംഗലൂരു എന്നിവിടങ്ങളിൽ വൃത്തിഹീനമായ സാഹചര്യങ്ങളിൽ മരുന്ന് നിർമ്മിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി മരുന്നിന്റെ സംസ്ഥാനത്തേക്കുള്ള വിതരണം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഡ്രഗ്സ് കൺട്രോളറോട് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഏകദേശം 6000 കോടി രൂപയോളം പ്രതിവർഷം മരുന്നുകളുടെ വിറ്റുവരവ് കേരളത്തിൽ നടക്കുന്നുണ്ട്. എന്നിരുന്നാൽ തന്നെയും വ്യാജമരുന്നുകളില്ലാത്ത ഒരു സംസ്ഥാനമാണ് കേരളമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ആയതിനാലാണ് സംസ്ഥാനത്ത് മരുന്നുകളുടെ ക്രയവിക്രയം, ഉപയോഗം എന്നിവ സംബന്ധിച്ച് അനിഷ്ടസംഭവങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെടാത്തത്. ഇത്രയധികം മരുന്നുകളുടെ വിൽപ്പന നടക്കുന്ന കേരളത്തിൽ മരുന്നുവിപണനവും മാർക്കറ്റിംഗ് ശൃംഖലയും വളരെ ശക്തമാണ്. ഈ ശൃംഖലയിലേയ്ക്ക് ഏതെങ്കിലും തരത്തിൽ വ്യാജ മരുന്നുകൾ എത്തിക്കുവാൻ ശ്രമം ഉണ്ടായാൽ ആയത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ വിപണന ശൃംഖലതന്നെ മുൻകൈ എടുക്കുന്നുണ്ട്.

**മെഡിക്കൽ മാലിന്യ സംസ്കരണം**

377 (2190) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ നിന്നുള്ള മെഡിക്കൽ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ബി) പല സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നിന്നും ഇത്തരം മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിനോ നീക്കംചെയ്യുന്നതിനോ നടപടി സ്വീകരിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം മാലിന്യങ്ങളുടെ നീക്കം ശരിയായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്;

(ഡി) മെഡിക്കൽ മാലിന്യങ്ങൾ ശരിയായി സംസ്കരിക്കാത്ത ഏതെങ്കിലും സർക്കാർ/സ്വകാര്യ ആശുപത്രികൾക്കെതിരെ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽനിന്നും പ്രതിദിനം പുറന്തള്ളുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഐ.എം.എ.-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് എന്ന സ്ഥാപനം വഴിയാണ്. ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യങ്ങളായ സൂചികൾ, സിറിഞ്ചുകൾ, മരുന്നുകൾ, കോട്ടൻ കത്തിറ്ററുകൾ, മനുഷ്യകോശാവശിഷ്ടങ്ങൾ തുടങ്ങിയവ വേർതിരിച്ചശേഷം ഇവ ശേഖരിച്ച് ഇമേജ് സംവിധാനം വഴി സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ ഇതിനുവേണ്ടി ഇൻസിനറേറ്ററുകൾ ഷാർപ്പ്പിറ്റ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്. പേപ്പർ, ഭക്ഷണാവശിഷ്ടങ്ങൾ തുടങ്ങിയ ജനറൽ വേസ്റ്റുകൾ ആശുപത്രികളിൽ തന്നെ സംസ്കരിക്കുന്നു. പി.എച്ച്.സി., സി.എച്ച്.സി. തുടങ്ങിയ ചെറിയ സ്ഥാപനങ്ങളിൽ നിലവിൽ സുരക്ഷിതമായി ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിൽ കുഴിച്ച്മൂടുകയോ, കത്തിക്കുകയോ ആണ് ചെയ്യുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ചില ആശുപത്രികളിൽ മാലിന്യം തരംതിരിച്ചുള്ള ശേഖരണം/സംസ്കരണം എന്നിവ ശരിയായ രീതിയിൽ നടപ്പിലാക്കാത്ത ന്നതിനാൽ സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് നടപടിയെടുത്തിട്ടുണ്ട്.

(സി) ഇത്തരം മാലിന്യങ്ങളുടെ നീക്കം ശരിയായ രീതിയിൽ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്ന ചുമതല അതാത് സ്ഥാപനങ്ങളിലെ ആശുപത്രി സൂപ്രണ്ടുമാർ, മെഡിക്കൽ ഓഫീസർ ഇൻചാർജ്/ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർക്കാണ്.

(ഡി) കഴിഞ്ഞ വർഷത്തിൽ സംസ്ഥാനത്തെ ആശുപത്രികളിൽ മാലിന്യം തരംതിരിച്ചുള്ള ശേഖരണം/സംസ്കരണം എന്നിവ ശരിയായ രീതിയിൽ നടപ്പിലാക്കാത്തതിനാൽ 15 സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് കാരണം കാണിക്കൽ നോട്ടീസും ഒരു സ്ഥാപനത്തിന് അടച്ചുപൂട്ടൽ ഉത്തരവും നൽകിയിട്ടുണ്ട്. ആയതിൽ 2 സ്ഥാപനങ്ങൾ ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളും പോരായ്മകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിരിക്കുന്നു. മറ്റുള്ള സ്ഥാപനങ്ങൾക്ക് എതിരെയുള്ള തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു.

**സ്കൂൾ കൗൺസിലർമാരുടെ ശമ്പളം**

378 (2191) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈക്കോ സോഷ്യൽ സർവ്വീസ് സ്കീമിനു കീഴിലുള്ള സ്കൂൾ കൗൺസിലർമാർക്ക് നൽകുന്ന ശമ്പളം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ദിവസ വേതനക്കാരുടെ ശമ്പളം (മിനിമം 18,000 രൂപ) പോലും വർദ്ധിപ്പിച്ചിട്ടും സ്കൂൾ കൗൺസിലർമാരുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂൾ കൗൺസിലർമാർക്ക് ഐ.ഇ.ഡി. റിസോഴ്സ് ടീച്ചറുടെ ശമ്പളത്തിന് തുല്യമായ ശമ്പളം നൽകണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഐ.ഇ.ഡി. റിസോഴ്സ് ടീച്ചറിന് നൽകുന്ന ശമ്പളമായ 28,865 രൂപ സ്കൂൾ കൗൺസിലർമാർക്ക് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂൾ കൗൺസിലർമാർക്ക് പ്രതിമാസം 12,500 രൂപ ഓണറേറിയമായി നൽകിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്കൂൾ കൗൺസിലർമാരുടെ ശമ്പളം ഐ.ഇ.ഡി. റിസോഴ്സ് ടീച്ചറുടെ ശമ്പളത്തിന് തുല്യമാക്കാൻ വ്യവസ്ഥ ഇല്ല.

(ഡി) ബാധകമല്ല.

## ഷീ ഒപ്റ്റിക്കൽ പദ്ധതി

379 (2192) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കാനിരുന്ന ഷീ ഓപ്റ്റിക്കൽ പദ്ധതി സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി സംബന്ധിച്ച് എന്തൊക്കെ ആക്ഷേപങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ വിശദീകരിക്കാമോ; ഇതിന്മേൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) താലൂക്ക് ആശുപത്രികൾ മുതലുള്ള എല്ലാ ആശുപത്രികളിലും കണ്ണടകൾ വിൽക്കുന്നതിനുള്ള സംവിധാനം അതത് ആശുപത്രികളിൽ തന്നെ ഏർപ്പെടുത്തുന്നതിനും അതിന്റെ ചുമതല അതാത് അശുപത്രി വികസന സമിതികൾക്കോ കുടുംബശ്രീകൾക്കോ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് മൂന്ന് റിട്ട് പെറ്റീഷനുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. പദ്ധതിയുടെ ഗുണം ഒരു സ്വകാര്യ സ്ഥാപനത്തിന് മാത്രമായി ലഭിക്കുന്ന തരത്തിലുള്ള ഉടമ്പടിയാണ് എന്നുള്ള ആക്ഷേപം വനിതാ വികസന കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുകയും തുടർനടപടികൾ എടുത്തു വരുകയും ചെയ്യുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## വൺ സ്റ്റോപ്പ് ക്രൈസിസ് കേന്ദ്രങ്ങൾ

380 (2193) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്കുവേണ്ടി വൺ സ്റ്റോപ്പ് ക്രൈസിസ് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദമാക്കുമോ;

(സി) ലൈംഗീക അതിക്രമങ്ങളിൽ ശാസ്ത്രീയമായ തെളിവുകൾ ശേഖരിക്കുന്നതിന് സേഫ് കിറ്റ് പുറത്തിറക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ലൈംഗിക അതിക്രമത്തിന് ഇരയാകുന്ന സ്ത്രീകളുടെ സംരക്ഷണത്തിനായുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലുമായി ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ 21 ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിൽ ഭൂമിക വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടെ വൺ സ്റ്റോപ്പ് സെന്റർ സ്കീം പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, കണ്ണൂർ, മലപ്പുറം എന്നീ അഞ്ച് ജില്ലകളിൽ വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു.

(ബി) 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ വൺ സ്റ്റോപ്പ് സെന്റർ സ്കീം പ്രകാരം സ്ഥാപിച്ചുവരുന്ന 5 വൺ സ്റ്റോപ്പ് സെന്ററുകൾക്കും കേന്ദ്രസർക്കാരിന്റെ പങ്കാളിത്തം ഉണ്ട്. 2015-2016-ൽ അനുവദിച്ച വൺ സ്റ്റോപ്പ് സെന്റർ സ്ഥാപിക്കുന്നതിനും പ്രവർത്തനത്തിനുമായി 45,08,047 രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി നാല് വൺ സ്റ്റോപ്പ് സെന്ററുകൾക്കുള്ള ഫണ്ട് കേന്ദ്ര സർക്കാരിൽനിന്നും നാളിതുവരെ ലഭ്യമായിട്ടില്ല.

(സി) ലൈംഗിക അതിക്രമങ്ങളിൽ ശാസ്ത്രീയമായ തെളിവുകൾ ശേഖരിക്കുന്നതിനുള്ള സേഫ് കിറ്റ് ആരോഗ്യവകുപ്പിൽനിന്നും പുറത്തിറക്കിയിട്ടുണ്ട്.

**എച്ച്.ഐ.വി. ബാധിതർക്ക് പെൻഷൻ**

381 (2194) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു എച്ച്.ഐ.വി ബാധിതരായവർക്ക് പെൻഷൻ നൽകുന്ന പദ്ധതി നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇവരിൽ എ.ആർ.ടി. ചികിത്സയെടുക്കുന്നവർക്ക് 2014-ൽ പ്രഖ്യാപിച്ച പ്രതിമാസ പെൻഷൻ നിലവിൽ നൽകിവരുന്നുണ്ടോ; വിശദമാക്കാമോ ;

(ബി) എച്ച്.ഐ.വി. ബാധിതരുടെ സംഘടനയായ 'സ്നേഹസാന്ത്വന' ത്തിൽ ഉൾപ്പെട്ട അംഗങ്ങൾ പെൻഷനുമായി ബന്ധപ്പെട്ട് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിതരായവർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എ.ആർ.ടി. കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത് ചികിത്സ എടുക്കുന്ന എച്ച്.ഐ.വി. അണുബാധിതർക്ക് 2015 ജനുവരി മുതൽ ധനസഹായം 1,000 രൂപയായി ഉയർത്തി സർക്കാർ ഉത്തരവായിരുന്നു. 2014 ഡിസംബർ വരെയുള്ള അപേക്ഷകർക്ക് 2015 ജനുവരി മുതൽ മേയ് വരെയുള്ള 1,000 രൂപയായി ഉയർത്തിയ തുകയുടെ നാലുമാസത്തെ കുടിശ്ശിക നൽകിയിട്ടുണ്ട്.

(ബി) അത്തരത്തിലുള്ള ഒരു നിവേദനം സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല.

**സൗജന്യ കോക്ലിയർ ഇംപ്ലാന്റ് പദ്ധതി**

382 (2195) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേൾവിക്കുറവ് അനുഭവപ്പെടുന്ന വിദ്യാർത്ഥികൾക്ക് കോക്ലിയർ ഇംപ്ലാന്റ് സൗജന്യമായി നൽകുവാൻ പുതിയ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ചെലവേറിയതിനാലും സാമ്പത്തികശേഷിയില്ലാത്തതിനാലും പാവപ്പെട്ട വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് കേൾവിക്കുറവിനുള്ള ഉപകരണം വാങ്ങാൻ കഴിയാത്തതിനാൽ അത്തരക്കാർക്ക് സഹായം അനുവദിക്കുമോ ;

(സി) കോതമംഗലം വടാറ്റുപാറ ഗവൺമെന്റ് ഹൈസ്കൂളിലെ 10- ാം ക്ലാസ്സ് വിദ്യാർത്ഥിനി സന ബിനോയിക്ക് ഈ ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ പദ്ധതി പ്രഖ്യാപിച്ചിട്ടില്ല. നിലവിൽ ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 5 വയസ്സുവരെ പ്രായമുള്ള കുട്ടികളെയാണ് ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് 10-ാം ക്ലാസ്സ് വിദ്യാർത്ഥിനി സന ബിനോയിക്ക് ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുവാൻ നിർവാഹമില്ല.

## നെന്മാറ നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ പ്രവർത്തനം

383 (2196) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ആകെ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) സ്വന്തമായി കെട്ടിടവും, സ്ഥലവും ഇല്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്; ആയത് ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിലുള്ള അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവും കണ്ടെത്തുന്നതിനായി വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

നെന്മാറ നിയോജകമണ്ഡലത്തിലെ ആകെ അങ്കണവാടികൾ - 273

(ബി) സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്ത അങ്കണവാടികൾ-38 വിശദാംശം ചുവടെ ചേർക്കുന്നു :

| സെന്റർ നമ്പർ | അങ്കണവാടിയുടെ പേര് |
|---|---|
| (1) | (2) |
| 44 | അയിനംപാടം |
| 45 | തെക്ക്മുറി |
| 48 | ഇടപ്പൊറ്റ |
| 56 | കൊശനിപള്ളം |
| 57 | അപ്പംപാറ |
| 62 | ചെന്നകലായ |

| (1) | (2) |
|---|---|
| 83 | തൊട്ടുകുളമ്പ് |
| 104 | പ്ലാച്ചിക്കാട് |
| 1 | പുല്ലുകാട് കോളനി |
| 32 | ചീതാവ് |
| 63 | മയിലാട്ടുംപരുത |
| 66 | മരുതഞ്ചേരി |
| 71 | മാനംകൊട്ടപ്പൊറ്റ |
| 16 | വെട്ടുമ്പുള്ളി |
| 22 | മുല്ലയ്ക്കൽ |
| 32 | തോട്ടുമേട് |
| 33 | വടക്കേതെരുവ് |
| 34 | സത്രുവട്ടാരം |
| 35 | കച്ചേരിവട്ടാരം |
| 36 | നടുവത്ത്കുളമ്പ് |
| 37 | കാട്ടുതെരുവ് |
| 39 | വിശ്വകർമ്മനഗർ |
| 96 | തങ്കയം |
| 98 | പുല്ലുവായ് കുളമ്പ് |
| 99 | കൗണ്ടത്തറ |

| (1) | (2) |
|---|---|
| 100 | ആലങ്കോടി |
| 121 | മാമ്പ്രപ്പാടം |
| 127 | തച്ചക്കോറ |
| 123 | തെക്കേത്തറ |
| 128 | താടനാറ |
| 129 | പാലക്കോട് |
| 110 | തേക്കിഞ്ചിറ |
| 126 | കണ്ണങ്കുളമ്പ് |
| 142 | സ്രാമ്പിചള്ള |
| 161 | പുത്തൻകുളം |
| 153 | നരിപ്പാറച്ച |
| 155 | പട്ടർപള്ളം |
| 160 | പാറക്കുളമ്പ് |
| ആകെ | 38 അങ്കണവാടികൾ |

(സി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തുന്നതിനായും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായും ഒരു പുതിയ കർമ്മ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി പദ്ധതി പ്രകാരം ഓരോ ജില്ലയിലുമുള്ള പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതും വിവിധ വകുപ്പുകളുടെ ഉടമസ്ഥത തയിലുള്ളതുമായ സ്ഥലങ്ങൾ, ട്രൈബൽ ഹാംലറ്റുകൾ, പുറമ്പോക്ക് ഭൂമി, ഉപേക്ഷിക്കപ്പെട്ട റോഡുകൾ, സർക്കാർ/എയ്ഡഡ് സ്കൂൾ കോമ്പൗണ്ടുകൾ എന്നിവ കണ്ടെത്തി അതത് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് ചെയ്യുകയും ഇത്തരത്തിൽ ലഭ്യമാകുന്നതായ അനുയോജ്യ സ്ഥലങ്ങളിൽ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുകയുമാണ് ടി പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.

## അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി

384 (2197) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി പ്രകാരമുള്ള അംശദായം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തീയതി മുതൽ ഇതിന് പ്രാബല്യം ഉണ്ട്;

(ബി) ഇപ്പോൾ എത്ര രൂപയാണ് അങ്കണവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും അംശദായമായി പിരിച്ചെടുക്കുന്നതെന്ന് അറിയിക്കുമോ;

(സി) ക്ഷേമനിധി പ്രകാരം ഇവർക്ക് എന്തെല്ലാം ആനുകൂല്യം നൽകി വരുന്നുണ്ടെന്ന് അറിയിക്കാമോ;

(ഡി) മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 12-11-2015 മുതൽ പ്രാബല്യമുണ്ട്.

(ബി) നിലവിൽ വർക്കർമാരിൽനിന്ന് പ്രതിമാസം 200/- രൂപയും ഹെൽപ്പർമാരിൽനിന്നും 100 രൂപയും അംശദായമായി പിരിച്ചെടുക്കുന്നുണ്ട്.

(സി) നിലവിൽ ക്ഷേമനിധിയിൽനിന്നും ചികിത്സാധനസഹായം, മരണാനന്തരാനുകൂല്യം, ഗ്രാറ്റ്യൂവിറ്റി, പെൻഷൻ, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും കൂടാതെ ഓരോ അംഗവും വിരമിക്കുയോ രാജിവയ്ക്കുകയോ മരണപ്പെടുകയോ ചെയ്യുമ്പോൾ ടി ആൾ ക്ഷേമനിധിയിലേയ്ക്ക് അടച്ച തുകയും ആയതിന്റെ 11% പലിശയും, വിഹിതത്തിന് തുല്യമായ സർക്കാർ വിഹിതവും ഉൾപ്പെടുന്ന തുക മടക്കി നൽകുന്നുണ്ട്.

(ഡി) അങ്കണവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ക്ഷേമനിധി ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ

385 (2198) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിരമിച്ച അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഇപ്പോൾ എത്ര രൂപ വീതമാണ് പെൻഷൻ നൽകി വരുന്നതെന്ന് അറിയിക്കാമോ ;

(ബി) മേൽപ്പറഞ്ഞ പ്രകാരമുള്ള പെൻഷൻ ഏത് തീയതി മുതല്ക്കാണ് അനുവദിച്ചുവരുന്നതെന്ന് അറിയിക്കാമോ ;

(സി) ഇപ്പോൾ നൽകിവരുന്ന പെൻഷൻ തുക വളരെ കുറവാണെന്ന കാര്യം പരിഗണിച്ച് ഇത് കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിരമിച്ച അങ്കണവാടി വർക്കർക്ക് 500 രൂപയും ഹെൽപ്പർക്ക് 300 രൂപയുമാണ് പെൻഷൻ നൽകി വരുന്നത്.

(ബി) 1-9-2010-മുതലാണ് അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും മേൽപ്പറഞ്ഞപ്രകാരമുള്ള പെൻഷൻ നൽകി വരുന്നത്.

(സി) അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**സാമൂഹ്യനീതി വകുപ്പ് വിഭജനം**

388 (2199) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതിയും, വനിതാ ശിശുക്ഷേമവകുപ്പും ആയി മാറ്റുന്ന നടപടിക്രമം എവിടെവരെയായി; വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ടി വകുപ്പ് വിഭജിക്കുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കാൻ മുൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, പി.എൻ ജിതേന്ദ്രനെ ചുമതലപ്പെടുത്തിയിരുന്നുവോ; അദ്ദേഹം ഇത് സംബന്ധിച്ച് റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) സാമൂഹ്യനീതി വകുപ്പ് വിഭജിക്കുന്ന പ്രക്രിയ എന്ന് മുതൽ ആരംഭിക്കും?

<u>ഉത്തരം</u>

(എ-സി) സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി.എൻ. ജിതേന്ദ്രനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പ്രശ്നങ്ങൾ

387 (2200) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇവർക്ക് തുടർ ചികിത്സയ്ക്കും, തൊഴിൽ പരിശീലനത്തിനും ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കും ഇവരെ സംരക്ഷിക്കുന്നവർക്കും സർക്കാർ നിലവിൽ നല്കിവരുന്ന ധനസഹായം എത്രയെന്ന് വ്യക്തമാക്കാമോ; ഇതു വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിലെ സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) ബുദ്ധിവൈകല്യമുള്ള നാലിനും പതിനാറിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കോഴിക്കോട് ജില്ലയിൽ ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC) എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കരകൗശല നിർമ്മാണം, പരിശീലനം എന്നിവ നൽകി അവരെ സമൂഹത്തിൽ പുനരധിവസിപ്പിക്കുകയാണ് ഈ സ്ഥാപനം വഴി ചെയ്തുവരുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന 2016-2017-ലെ സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് തെരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക് മികച്ച ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

(ബി) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾ ഉൾപ്പെടെ ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനമാവശ്യമുള്ളവിധം കിടപ്പിലായവരെയും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരേയും പരിചരിക്കുന്നവർക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ 'ആശ്വാസ കിരണം' പദ്ധതിയിലൂടെ 600 രൂപ പ്രതിമാസ ധനസഹായം നൽകുന്നുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ചവർ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ളവർക്ക് ഒറ്റത്തവണ ചികിത്സാ സഹായമായി പരമാവധി 5,000 രൂപ വരെ നൽകിവരുന്നു. ബുദ്ധിമാന്ദ്യം ഉൾപ്പെടെ ഭിന്നശേഷിയുള്ളവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രതിമാസം 1,000 രൂപ പെൻഷൻ നൽകുന്നുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ പ്ലാൻ ഫണ്ടിൽനിന്ന് 2016-2017 വർഷത്തേയ്ക്ക് 15 കോടി രൂപ 243 സ്ഥാപനങ്ങൾക്ക് നൽകുവാനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 26-9-2016-ലെ സ. ഉ. (സാധാ.) നമ്പർ 456/16/ സാ.നീ.വ. പ്രകാരം ബുദ്ധി വൈകല്യം ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് ചുവടെ പറയുന്ന പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ശ്രേണി | ദിവസ വിദ്യാർത്ഥികൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് |
|---|---|---|---|
| 1 | 1 മുതൽ 4 വരെ | 300 | ... |
| 2 | 5 മുതൽ 10 വരെ | 500 | ... |
| 3 | +1, +2, IT തത്തുല്യ കോഴ്സുകൾ | 750 | 1000 |
| 4 | ഡിഗ്രി, പോളിടെക്നിക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ (ഇംപ്ലാന്റ് ട്രെയിനിംഗ്) പ്രൊഫഷണൽ കോഴ്സുകൾ പി.ജി. കോഴ്സുകൾ | 1000 | 1500 |

(സി) എയ്ഡഡ് ആയ സ്പെഷ്യൽ സ്കൂളുകൾക്ക് സേവന വേതന വ്യവസ്ഥകൾ നിലവിലുണ്ട്. മാനിസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്ന 33 സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവായിട്ടുണ്ട്. ഇവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

**വൺ സ്റ്റോപ്പ് ക്രൈസിസ് കേന്ദ്രങ്ങൾ**

388 (2201) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്ത്രീകൾ വീട്ടിനകത്തുപോലും ലൈംഗിക അതിക്രമങ്ങൾക്കിരയാകുന്നത് കണക്കിലെടുത്ത് ഇവർക്ക് വേണ്ടിയുള്ള വൺ സ്റ്റോപ്പ് ക്രൈസിസ് കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും തുടങ്ങുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ പങ്കാളിത്തം ഉണ്ടാകുമോ; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) ലൈംഗിക അതിക്രമത്തിന് ഇരയാകുന്ന സ്ത്രീകളുടെ സംരക്ഷണത്തിനായുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലുമായി ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ 21 ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിൽ ഭൂമിക വൺസ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ കേന്ദ്രസർക്കാരിന്റെ 100% ധനസഹായത്തോടെ വൺ സ്റ്റോപ്പ് സെന്റർ സ്കീം പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, കണ്ണൂർ, മലപ്പുറം എന്നീ അഞ്ച് ജില്ലകളിൽ വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു.

(ബി) 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ വൺ സ്റ്റോപ്പ് സെന്റർ സ്കീം പ്രകാരം സ്ഥാപിച്ചുവരുന്ന 5 വൺ സ്റ്റോപ്പ് സെന്ററുകൾക്കും കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തം ഉണ്ട്. 2015-2016-ൽ അനുവദിച്ച വൺ സ്റ്റോപ്പ് സെന്റർ സ്ഥാപിക്കുന്നതിനും പ്രവർത്തനത്തിനുമായി 45,08,047 രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി നാല് വൺ സ്റ്റോപ്പ് സെന്ററുകൾക്കുള്ള ഫണ്ട് കേന്ദ്ര സർക്കാരിൽനിന്നും നാളിതുവരെ ലഭ്യമായിട്ടില്ല.

## സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ്

389 (2202) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിന് നീക്കമുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത വകുപ്പ് രൂപീകരിക്കുന്നത് വഴി എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാവുകയെന്ന് അറിയിക്കുമോ;

(സി) വകുപ്പ് എന്ന് നിലവിൽ വരുമെന്നും വകുപ്പിന്റെ കീഴിൽ എന്തൊക്കെ വിഷയങ്ങളാകും വരികയെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബഹുമാനപ്പെട്ട കേരള ഗവർണറുടെ 24-6-2015-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നതാണെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി. എൻ. ജിതേന്ദ്രനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണത്തിനുതകുന്ന നയങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നതിനും ലിംഗപരമായ വിവേചനം തടയുന്നതിനും അതിക്രമങ്ങളിൽനിന്നും സംരക്ഷണം നൽകുന്നതിനും കഴിവുകൾ പൂർണ്ണമായ തോതിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ നിയമപരവും സ്ഥാപനപരവുമായ സഹായം നൽകുന്നതിനും സാധിക്കും. കൂടാതെ പതിനെട്ടുവയസ്സിനു താഴെയുള്ള കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും സംരക്ഷണവും നൽകുന്നതിനും കുട്ടികളുടെ കഴിവുകൾ പൂർണ്ണമായും വളർന്ന് വികസിക്കുന്നതിനാവശ്യമായ പഠനപരവും പോഷണപരവുമായ മാനസിക ചുറ്റുപാടുകൾ ഒരുക്കിക്കൊടുക്കുന്നതിനും സാധിക്കും.

(സി) പുതിയ വകുപ്പ് രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് വകുപ്പ് നിലവിൽ വരുന്നതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം എന്നിവയാണ് പുതിയ വകുപ്പിന് കീഴിൽ വരുന്ന വിഷയങ്ങൾ.

**അംഗപരിമിതരോടുള്ള നീതിനിഷേധം**

390 (2203) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗപരിമിതരായവർക്ക് സ്വാഭാവിക നീതി ലഭിക്കാതിരിക്കുന്നതും മനുഷ്യാവകാശം നിഷേധിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ നീതിവകുപ്പിലെ 1284/SJ/N/M(H,FW&SJ)2016 അപേക്ഷയുടെ നിജസ്ഥിതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കിയിട്ടുള്ളതെന്നും അപേക്ഷയുടെ ഉള്ളടക്കം എന്താണെന്നും വെളിപ്പെടുത്തുമോ;

(ഡി) അപേക്ഷയിന്മേൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അന്തിമതീരുമാനം എടുത്തിട്ടുണ്ടോയെന്നും എങ്കിൽ എന്തു തീരുമാനമാണ് കൈക്കൊണ്ടതെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അംഗപരിമിതരായവരുടെ അവകാശ സംരക്ഷണത്തിനായി 1995-ൽ Persons with Disabilities Act (PWD Act) പാസ്സാക്കിയിട്ടുണ്ട്. ഈ ആക്ടിന്റെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന വികലാംഗ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. 1995-ലെ PWD Act അനുശാസിക്കുന്ന രീതിയിലുള്ള അവകാശാധികാരങ്ങൾ ഭിന്നശേഷിക്കാർക്ക് നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ വികലാംഗ കമ്മീഷനെ ഇക്കാര്യം അറിയിച്ച് നീതി ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) അപേക്ഷകന്റെ വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകളും അംഗപരിമിത സർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. സർക്കാർ സർവ്വീസിൽ ജോലി വേണമെന്നതാണ് ആവശ്യം.

(ഡി) ടി അപേക്ഷയിൻമേൽ സാമൂഹികനീതി ഡയറക്ടറേറ്റിൽനിന്നും ലഭിച്ച റിപ്പോർട്ട് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**ഭിന്നശേഷിയുള്ളവരുടെ പുനർനിയമനം**

391 (2204) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലായ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം വഴി ജോലി ചെയ്തു കൊണ്ടിരിക്കെ, പി. എസ്. സി. നിയമനം ലഭിച്ച ആൾ വന്നതിനാൽ, 179 ദിവസം പൂർത്തിയാകുന്നതിന് മുമ്പ് പിരിഞ്ഞുപോകേണ്ടി വന്ന ഭിന്നശേഷിയുള്ള വ്യക്തികൾക്ക് വീണ്ടും ജോലി നൽകുവാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഏതു വർഷത്തിൽ ജോലി ചെയ്തിട്ടുള്ളവരെയാണ് ഇപ്പോൾ അഡ്വൈസ് ചെയ്തിരിക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉത്തരവ് പുറപ്പെടുവിക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്.

(ബി) 16-8-1999 മുതൽ 31-12-2003 വരെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച അംഗപരിമിതർക്കാണ് പുനർ നിയമനം നൽകുന്നത്.

**ഭിന്നശേഷിയുള്ളവർക്ക് സംവരണം**

392 (2205) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ഭിന്നശേഷിയുള്ളവർക്ക് എത്ര ശതമാനം സംവരണമാണ് നിലവിലുള്ളത്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം കിട്ടുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് മിനിമം സർവ്വീസ് പെൻഷൻ ലഭിക്കാത്ത സഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ നിയമനം ലഭിക്കുന്നവരുടെ പെൻഷൻ പ്രായം 60 വയസ് ആക്കി ഉയർത്തുന്നതിനോ അല്ലെങ്കിൽ മിനിമം പെൻഷൻ ലഭ്യമാക്കത്തക്കവിധത്തിൽ സർവ്വീസ് ലഭിക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ പെൻഷൻ പ്രായം ക്രമീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിൽ 3%.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പെൻഷൻ പ്രായം ഉയർത്തുന്നതിനോ ക്രമീകരിക്കുന്നതിനോ ഉള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല.

(നക്ഷത്രചിഹ്നമിടാത്ത 1908, 1943, 1961, 2025, 2032, 2084, 2185 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### വരൾച്ച

മി. സ്പീക്കർ: അതിരൂക്ഷമായ വരൾച്ചക്കെടുതികളിലേക്ക് സംസ്ഥാനം കടന്നു പോകുന്ന സാഹചര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനോ, കുടിവെള്ളം എത്തിക്കുന്നതിനോ വാട്ടർ അതോറിറ്റിയുടെ ജലവിതരണ സമ്പ്രദായം കൂടുതൽ ഫലപ്രദമാക്കുന്നതിനോ സർക്കാർ തയ്യാറാകാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, സി. മമ്മൂട്ടി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ചരിത്രത്തിൽ ഇതുവരെയുണ്ടാകാത്ത ഏറ്റവും രൂക്ഷമായ വരൾച്ചയാണ് കേരളം നേരിട്ടുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റാണ് 3-3-2017-ൽ ഈ സഭയിൽ നടത്തിയത്. കഴിഞ്ഞ തവണ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 34 ശതമാനം വരെ കാലവർഷം കുറവായിരുന്നു. ഒക്ടോബർ മുതൽ ഡിസംബർ വരെ നീണ്ടുനിൽക്കുന്ന വടക്ക്-കിഴക്കൻ കാലവർഷം (തുലാവർഷം) ദീർഘകാല ശരാശരിയുടെ 62 ശതമാനംവരെ കുറവായിരുന്നു. വേനൽമഴ ഇത്തവണ പ്രതീക്ഷിച്ചതുപോലെ ലഭിച്ചിട്ടില്ലെന്ന വിഷയവുമുണ്ട്. ഈ സാഹചര്യങ്ങളും സെപ്റ്റംബർ വരെയുള്ള മഴയുടെ കുറവും കണക്കിലെടുത്ത് ഒക്ടോബർ മാസത്തിൽത്തന്നെ അതിന്റെ ഗൗരവാവസ്ഥ പരിഗണിച്ച്, ആവശ്യമായ നടപടികൾക്ക് ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്. 28-10-2016-ൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യോഗം ചേർന്ന് കേരളത്തിലെ എല്ലാ ജില്ലകളെയും വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനെത്തുടർന്ന് 31-10-2016-ൽ സർക്കാർ പുറപ്പെടുവിച്ച സർക്കുലർപ്രകാരം 26-ഇന പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും കേരളത്തിലെ എല്ലാ ജില്ലകളിലേയും അന്നത്തെ സാഹചര്യം കണക്കിലെടുത്ത് പ്രശ്നം ചർച്ച ചെയ്യുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി ജില്ലകളിൽ ഓരോ മന്ത്രിമാരെ ചുമതല പ്പെടുത്തുകയുണ്ടായി. ഇക്കാര്യത്തിൽ വളരെ ഗൗരവതരമായ പരിഗണനയാണ് ഗവൺമെന്റ് നൽകിയിട്ടുള്ളത്. സെപ്റ്റംബർ വരെയുള്ള മഴയുടെ കുറവ് കണക്കിലെടുത്ത് ഒക്ടോബറിൽത്തന്നെ നടപടികളുമായി മുന്നോട്ടുപോകുകയാണ് ചെയ്തത്. അതോടൊപ്പം ഓരോ

ജില്ലകൾക്കും ഏതാണ്ട് 50 ലക്ഷം രൂപ പ്രാഥമികമായി ഈ ആവശ്യത്തിലേയ്ക്ക് നീക്കിവയ്ക്കുവാനും ഗവൺമെന്റിന് കഴിഞ്ഞു. വരൾച്ചയുടെ കാഠിന്യംമൂലം വന്യമൃഗങ്ങൾ കാട് വിട്ട് നാട്ടിലിറങ്ങുന്നതു സംബന്ധിച്ച ഗൗരവതരമായ അവസ്ഥയെപ്പറ്റി ചർച്ച ചെയ്യുവാൻ വളരെ നേരത്തെതന്നെ ചീഫ് സെക്രട്ടറിയും റവന്യൂ-ആഭ്യന്തര വകുപ്പു സെക്രട്ടറിമാരും വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി 26-11-2016-നുതന്നെ ചർച്ച നടത്തി അതുമായി ബന്ധപ്പെട്ട നടപടികൾക്ക് തുടക്കം കുറിച്ചു. ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് വരെ എല്ലാ മാസങ്ങളിലും ഉണ്ടായിട്ടുള്ള വരൾച്ചയുടെ രൂക്ഷത കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് വീഡിയോ കോൺഫറൻസ് നടത്തുകയും മന്ത്രിമാർ പങ്കെടുത്ത് ജില്ലകളിൽ ജനപ്രതിനിധികളെയുൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് ഉദ്യോഗസ്ഥ തലത്തിലുള്ള യോഗങ്ങളും അതിനുശേഷം റിവ്യൂ നടത്തുന്നതിനായി ചുമതലപ്പെടുത്തിയ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തുകൊണ്ട് ആലോചനായോഗങ്ങളും നടത്തിയിരുന്നു. ഇതെല്ലാം യഥാവിധി നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 31-1-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് മുഖാന്തരം ജില്ലകളിലെ വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും ചെയ്തു. ഒക്ടോബർ, നവംബർ, ഡിസംബർ തുടങ്ങി എല്ലാ മാസങ്ങളിലും ഈ നടപടികൾ തുടരുകയാണുണ്ടായത്. വരൾച്ചയുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശത്തോട് ഒരു വിധത്തിലും യോജിക്കുവാൻ കഴിയുന്നതല്ല. 17-2-2017-ന് പുറപ്പെടുവിച്ച സർക്കുലർപ്രകാരം ഭൂഗർഭ ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ വാണിജ്യ വ്യാവസായിക ആവശ്യങ്ങൾക്ക് കുഴൽക്കിണർ കുഴിച്ചുകൊണ്ടുള്ള ജലചൂഷണം അവസാനിപ്പിക്കണമെന്ന പൊതു നിർദ്ദേശമാണുണ്ടായിട്ടുള്ളത്. 20-2-2017-ലെ ഉത്തരവുപ്രകാരം എല്ലാ ജില്ലകൾക്കും കൂടി 22.5 കോടി രൂപ കുടിവെള്ള വിതരണത്തിനായി വീണ്ടും അനുവദിച്ചിട്ടുണ്ട്. പാലക്കാടും വയനാടും ഒഴികെയുള്ള ജില്ലകൾക്കെല്ലാം 1.5 കോടി രൂപ വീതമാണ് അനുവദിച്ചത്. നേരത്തെ 50 ലക്ഷം രൂപ അനുവദിച്ചിരുന്ന ആ ജില്ലകൾക്കെല്ലാം 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയ്ക്ക് ഈ സന്ദർഭത്തിൽ അനുവദിച്ച 2 കോടി രൂപ ഉൾപ്പെടെ 2.5 കോടി രൂപയും പാലക്കാട് ജില്ലയ്ക്ക് അനുവദിച്ചിരുന്ന 2.5 കോടി രൂപയുമുൾപ്പെടെ 3 കോടി രൂപയാണ് കുടിവെള്ള വിതരണത്തിനായി അനുവദിച്ചത്. ഇതിനുവേണ്ടി നടപടികളുടെ ഭാഗമായി വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ടാങ്കുകളുടെ റേറ്റ് കോൺട്രാക്ട് നിർണ്ണയിച്ച് കിയോസ്കുകൾ വഴിയുള്ള ജലവിതരണത്തിന് എല്ലാ സംവിധാനങ്ങളും ഒരുക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. അത്തരം നടപടികൾ പൂർത്തീകരിക്കുന്നതിന് സർക്കാരിന് അൽപ്പം സാവകാശം നേരിട്ടു. ടാങ്കർ ലോറികളിൽ വെള്ളം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും

ടാങ്കുകൾ ആവശ്യത്തിന് ലഭിക്കാത്ത സാഹചര്യം വന്നപ്പോൾ ബന്ധപ്പെട്ടവർക്കെല്ലാം നിർദ്ദേശം നൽകുകയും ആവശ്യമായ ജില്ലകളിൽ അപൂർവ്വം ചിലയിടങ്ങളിൽ നവംബർ മാസത്തിൽ തന്നെ വെള്ളം വിതരണം ചെയ്തുതുടങ്ങുകയുമുണ്ടായി. ആലപ്പുഴ പോലുള്ള ചില ജില്ലകളിൽ ഓരുവെള്ളം കയറിയതിനെത്തുടർന്ന് കൈനകരി പഞ്ചായത്തിൽ നവംബറിൽത്തന്നെ വെള്ളം വിതരണം ചെയ്തു തുടങ്ങി. അങ്ങനെ നവംബറിലും ഡിസംബറിലും ജനുവരിയിലുമായി തുടർന്നങ്ങോട്ട് അത്യാവശ്യം വരുന്ന പ്രദേശങ്ങളിലെല്ലാം കളക്ടർമാർക്ക് ലഭിക്കുന്ന പരാതികൾ പരിഗണിച്ചുകൊണ്ട് വെള്ളം വിതരണം ചെയ്യേണ്ട സ്ഥലങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. ജില്ലകളുടെ ചാർജ്ജുള്ള ബഹുമാനപ്പെട്ട മന്ത്രിമാരും റവന്യൂ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ജില്ലകളിൽ പ്രത്യേകം പ്രത്യേകം യോഗങ്ങൾ ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും യഥാസമയം ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 6-3-2017-ൽ, അതായത് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം വിളിക്കുകയും വരൾച്ച നേരിടുന്നതുമായി ബന്ധപ്പെട്ട് വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയും ഫണ്ട് വിനിയോഗം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലകളിൽ വരൾച്ച നേരിടുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ഇനി വേണ്ടിവരുന്ന ഫണ്ട് അനുവദിക്കുന്നതിന് ഒരു പ്രയാസവുമില്ലെന്ന കാര്യം ചൂണ്ടിക്കാണിച്ചിരിക്കുകയുമാണ്. ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രി അത്തരം കാര്യങ്ങൾ ഇവിടെ വിശദീകരിക്കുന്നതാണ്. ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇറിഗേഷൻ, വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്, ജലനിധി എന്നിവയുടെ സംയുക്ത പരിശ്രമത്തിലൂടെ ഒരു പുതിയ ജലോപയോഗ സംസ്കാരം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോയിട്ടുണ്ട്. 320 കോടി രൂപ ചെലവിട്ട് ഏകദേശം 9543 കുളങ്ങൾ നവീകരിച്ച് ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ നടന്നുവരുന്നു. ജലസ്രോതസ്സുകളെ ശക്തിപ്പെടുത്തുക, പൈപ്പ് ലൈനുകളുടെ സ്ഥിതിയും ദൈർഘ്യവും മെച്ചപ്പെടുത്തി ജലനഷ്ടം ഒഴിവാക്കുക, ജലലഭ്യത വ്യാപിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുകയാണ്. തുലാവർഷംകൂടി ചതിച്ചതിനെ തുടർന്ന് വലിയ വരൾച്ചയാണ് നമ്മുടെ സംസ്ഥാനം നേരിടുന്നത്. പ്രകൃതിയുടെ വികൃതിയെന്ന് പറയാവുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങളെത്തിയിരിക്കുകയാണ്. അത്യന്തം ഗൗരവതരമായ അവസ്ഥ കണക്കിലെടുത്തുകൊണ്ട് മനുഷ്യസാധ്യമായ പ്രതിരോധ പ്രവർത്തനങ്ങളും നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, അരിയുടെ വില 50 രൂപയിൽ എത്തിയപ്പോഴും സ്ത്രീ സുരക്ഷയെ സംബന്ധിച്ച് ആശങ്കകൾ ഉണർന്നപ്പോഴും സഭയിൽ ചർച്ചയില്ലായിരുന്നു. ഇപ്പോൾ വരൾച്ചമൂലം കുടിവെള്ളംപോലുമില്ലാതെ ജനങ്ങൾ ദുരിതമനുഭവിക്കുമ്പോൾ,

അതും ചർച്ചചെയ്യാൻ നാമൊരുക്കമല്ല. പിന്നെ ശ്രീ. ഡൊണാൾഡ് ട്രംപ് മെക്സിക്കൻ അതിർത്തിയിൽ കെട്ടാൻ പോകുന്ന മതിലിനെക്കുറിച്ച് ഇവിടെയൊരു ചർച്ചയാകാമോ എന്നാണ് എനിക്ക് സർക്കാരിനോട് ചോദിക്കാനുള്ളത്. നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയാണ് ഈ നാട് നേരിടുന്നതെന്ന് അങ്ങ് തന്നെ സൂചിപ്പിച്ചു, എങ്കിൽ അത് കേരള നിയമസഭയിലല്ലാതെ വേറെ എവിടെയാണ് ചർച്ച ചെയ്യേണ്ടത്? ഇവിടെയുള്ള 141 ജനപ്രതിനിധികളും കുടിവെള്ള പ്രശ്നത്തെക്കുറിച്ചുള്ള പരാതികൾ നിരന്തരം കേൾക്കുന്നവരാണ്. കരയുന്ന ആളുകളുണ്ട്. വഴക്കുപറയുന്നവരുണ്ട്, ചൂടാകുന്നവരുണ്ട്, കേണപേക്ഷിക്കുന്നവരുണ്ട്, വെള്ളം ലഭിക്കണമെന്ന ആവശ്യം പല വിധത്തിൽ ഈ ഇരിക്കുന്ന 141 പേരുടേയും മുമ്പിൽ പലതവണയായി വരുന്നുണ്ട്. അത്തരമൊരു ഗുരുതരമായ പ്രശ്നം വരുമ്പോൾ അത് സഭയുടെ മറ്റെല്ലാ നടപടിക്രമങ്ങളും നിർത്തി വച്ച് ചർച്ച ചെയ്യുക എന്നുള്ളത് കേരളത്തിലെ ജനകീയ പ്രശ്നങ്ങളെ ബാധിക്കുന്ന ഏത് കാര്യങ്ങളിലും ഇടപെടാൻ ഒരുക്കമുള്ളവരെ സംബന്ധിച്ചിടത്തോളം ഭൂഷണമാകും. എന്തുകൊണ്ട് ഈ അടിയന്തരപ്രമേയം ഇവിടെ ചർച്ച ചെയ്യാൻ നമ്മൾ തയ്യാറാകുന്നില്ല. ഒരുക്കങ്ങളൊന്നും തന്നെ നടത്തിയിട്ടില്ലെന്ന ആക്ഷേപമൊന്നും ഉന്നയിക്കുന്നില്ല. പക്ഷേ ഒരു കാര്യം, ഏട്ടിലെ പശു പുല്ല് തിന്നില്ല എന്നുള്ളത് ഇനിയെങ്കിലും ഈ സർക്കാർ തിരിച്ചറിയണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കൂടിയ യോഗങ്ങളുടെ കണക്കോ, കൊടുത്തയച്ച സർക്കുലറുകളുടെ കണക്കോ, നൽകിയ നിർദ്ദേശങ്ങളുടെ കണക്കോ, നാട്ടിൽ വെള്ളമെത്തിക്കുകയില്ല എന്നുള്ളത് നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. കുടിവെള്ളത്തിനായി ജനം പ്രയാസപ്പെടുകയാണ്, ഭാരതപ്പുഴ മാത്രമല്ല അതിന്റെ കൈവഴികൾപോലും വറ്റിവരണ്ടിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ഈ ദുരന്തത്തെ നമ്മൾ നേരിട്ടതിന് ആനുപാതികമായൊരു താരതമ്യം ഈ വർഷം നമുക്ക് സാധ്യമല്ല. മഴയുടെ കുറവ് സംബന്ധിച്ച് മന്ത്രി തന്നെ കണക്കുകൾ വ്യക്തമായി സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയൊരു സാഹചര്യം വരുമ്പോൾ അതിനെ നേരിടുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ വേണം. കിയോസ്കുകൾ ഈ ദുരന്തത്തെ നേരിടാൻ കാരണമാകുമെന്ന് ഗവൺമെന്റിനെ ഉപദേശിച്ചതാണെങ്കിലും അവർക്ക് ഒരു തുഗ്ലക്ക് പട്ടം നൽകാൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു വാർഡിലേയ്ക്ക് ഒരു കിയോസ്ക് എത്തിച്ചുകൊടുക്കാൻ ശ്രമിക്കുമെന്ന് പറയുന്നു, പിന്നീടൊരു പക്ഷേ ഗുണപരമായി മാറുമെന്ന് ഞങ്ങളും ആഗ്രഹിക്കുന്നു, പ്രതീക്ഷിക്കുന്നു. ഒരു വാർഡിലെ രണ്ടായിരമോ രണ്ടായിരത്തി അഞ്ഞൂറോ ആളുകൾക്ക്, വോട്ടർമാർ മാത്രമല്ലല്ലോ വാർഡുകളിലുള്ളത്. കുട്ടികളുൾപ്പെടെ ഒരുപാട് ആളുകൾ ജീവിക്കുന്ന ഒരു പ്രദേശത്തേയ്ക്ക് ഒരു കിയോസ്ക് എത്തിച്ചുകൊടുത്ത്, അതുവഴി നൂറ്റാണ്ടിലെ ഒരു ദുരന്തമായ ഈ വരൾച്ചയെ നേരിടാൻ സാധിക്കുമെന്ന് ആരാണ് ഗവൺമെന്റിനെ ഉപദേശിച്ചത്? ആ കിയോസ്കിന്റെ കപ്പാസിറ്റി അയ്യായിരമോ പതിനായിരമോ ലിറ്റർ വരും. ആ കിയോസ്കിലേയ്ക്ക്

വെള്ളമെത്തിച്ചു കൊടുക്കുന്നത് വീണ്ടും ടാങ്കർ ലോറിയിൽത്തന്നെയാണ്. സ്വന്തമായി വെള്ളം ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത ആ കിയോസ്ക് വഴി എങ്ങനെയാണ് കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുക. കുടിവെള്ള ക്ഷാമത്തിന് എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്നാണ് നമ്മൾ നോക്കേണ്ടത്. പാലക്കാട് ജില്ലയിലുൾപ്പെടെ ഞങ്ങൾ അന്വേഷിച്ചു. നിർമ്മിതി കേന്ദ്രം കിയോസ്ക് വയ്ക്കാനുള്ള സ്റ്റാൻഡ് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അടുത്ത കാലവർഷത്തിൽ കൂടുതൽ മഴ പെയ്ത് നമ്മളെ അനുഗ്രഹിക്കുമ്പോഴെങ്കിലും ഈ സ്റ്റാൻഡിന്റെ പണി തീർന്നാൽ മതിയായിരുന്നു. കിയോസ്കുകൾ സ്ഥാപിക്കാനുള്ള ടാങ്കിന്റെ നിർമ്മാണമാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ഇത് മാർച്ച് മാസമാണ്. ഏപ്രിൽ, മേയ് മാസങ്ങളിൽ വരൾച്ച വളരെ ഗുരുതരമായി നമ്മളെ കാത്തിരിക്കുകയാണ്. ഇത്തരം കിയോസ്കുകൾവഴി വെള്ളം നൽകി ഈ പ്രശ്നം നേരിടാൻ കഴിയുമെന്ന് വിശ്വസിക്കുന്നുണ്ടോ? ഇവിടെയിരിക്കുന്ന അംഗങ്ങളിൽ പലർക്കും ഇതിലും പ്രായോഗികമായ, ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാനുണ്ടാകും. ആ നിർദ്ദേശങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്ത്, അവർക്ക് പറയാനുള്ളതുംകൂടി കേൾക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതല്ലേ? പാടങ്ങൾ കരിഞ്ഞുണങ്ങി എന്ന വാർത്ത നമുക്ക് പുതുമയല്ലാതായി മാറിയിരിക്കുകയാണ്. എത്ര ഹെക്ടർ കൃഷിയാണ് നശിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ 30000-ത്തിലധികം ഹെക്ടർ കൃഷി നശിച്ചുവെന്നും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടായി എന്നും പറയപ്പെടുന്നു. കർഷക കുടുംബത്തിന്റെ അന്നംമുട്ടുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. വരൾച്ച നമുക്കുണ്ടാക്കുന്ന അപകടങ്ങൾ വെള്ളത്തിന്റെ കുറവ് മാത്രമല്ല, ജലസംഭരണികൾ ദയനീയ സ്ഥിതിയിലായതിനാൽ വൈദ്യുതി പ്രതിസന്ധിയുണ്ടാകാനും കാരണമാകുമെന്നാണ് പറയുന്നത്. ഉത്തരേന്ത്യൻ ഗ്രാമങ്ങളെപ്പോലെ ഈ കിയോസ്കുകളിലേയ്ക്ക് ആണെങ്കിലും അല്ലെങ്കിലും വെള്ളം കിട്ടുന്നതിനുവേണ്ടി കിലോമീറ്ററുകളോളം താണ്ടിപ്പോകേണ്ട അവസ്ഥയിലേയ്ക്ക് 44 നദികളുള്ള നമ്മുടെ കേരളം മാറിക്കൊണ്ടിരിക്കുമ്പോൾ ആ പ്രശ്നത്തെ നേരിടാൻ, അതു ചർച്ചചെയ്യാൻ, അതിനു പരിഹാരം നിർദ്ദേശിക്കാൻ, നിയമസഭയ്ക്ക് കഴിയുന്നില്ലെങ്കിൽ നമ്മളെ തെരഞ്ഞെടുത്തയയ്ക്കുന്ന ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ അനീതിയാണെന്ന് പറയാതിരിക്കാൻ വയ്യ. ഈ പ്രശ്നം നമ്മൾ ചർച്ചചെയ്യുന്നത് കേൾക്കാൻവേണ്ടി കേരളത്തിലെ ജനങ്ങൾ കാത്തിരിക്കുകയാണ്. ഓരോ പുരയിടത്തിലുമായി 70 ലക്ഷത്തിലധികം കിണറുകളുള്ള നാടാണ് കേരളമെന്ന് കണക്കുകൾ പറയുന്നുണ്ട്; ആ കിണറ്റിലെ വെള്ളമാണ് ഭൂരിഭാഗം വരുന്ന ആളുകളും നഗര പ്രദേശങ്ങളിലെ പൈപ്പ് ലൈൻ ഉൾപ്പെടെ കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്നത്. 81.73 ശതമാനം കിണറുകളിലും ജലനിരപ്പ് 4 മുതൽ 5 മീറ്റർ വരെ താഴ്ന്നിരിക്കുന്നുവെന്ന അപകടകരമായൊരു സൈറൺ മുഴങ്ങിക്കഴിഞ്ഞിരിക്കുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. നമ്മുടെ കിണറുകളിലെ ജലനിരപ്പ് ഏറ്റവും താഴെയായിരിക്കുന്നു.

വ്യാപകമായ കൃഷി നാശത്തെക്കുറിച്ച് പറഞ്ഞു, പാലക്കാട് ജില്ലയിൽ മാത്രം 12399 കർഷകരുടെ 11524 ഹെക്ടർ സ്ഥലം നശിച്ചിരിക്കുകയാണ്. മുഴുവനും നെൽകൃഷിയാണ്. മാർച്ച് ആദ്യവാരത്തിലെ കണക്കനുസരിച്ച് 13000-ത്തോളം കർഷകരെ അത് ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. പാലക്കാട് മാത്രം 50 കോടിയിലേറെ രൂപയുടെ കൃഷിനാശമുണ്ടായിരിക്കുകയാണ്. ആലപ്പുഴയിൽ 5600 ഹെക്ടറോളം സ്ഥലത്ത് നാല്പതു കോടിയിലേറെ രൂപയുടെ കൃഷിനാശമുണ്ടായിരിക്കുന്നു. ജലമലിനീകരണം ഒരു പ്രധാനപ്പെട്ട പ്രശ്നമായി മാറാൻ പോകുകയാണ്. വന്യമൃഗങ്ങൾ ചത്തൊടുങ്ങുന്നു എന്നു മാത്രമല്ല, കുടിവെള്ളത്തിന് വേണ്ടി നഗരങ്ങളിലേക്ക് അവ വന്നുതുടങ്ങിയിരിക്കുന്നു. കണ്ണൂർ ടൗണിൽ പുലി ഇറങ്ങിയിട്ടും സർക്കാർ ഇത്തരത്തിൽ പെരുമാറുമ്പോൾ അതൊരു ഗുരുതരമായ വീഴ്ചയായി കാണേണ്ടിയിരിക്കുന്നു. ടൗണിൽ പുലിയിറങ്ങിയതിന്റെ ചിത്രം ഇന്നലത്തെ എല്ലാ പത്രങ്ങളിലും നമ്മൾ കണ്ടു, ഒരിറ്റു വെള്ളത്തിനുവേണ്ടി വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് വന്നിരിക്കുകയാണ്. പാലക്കാട് ജില്ലയിൽ പശുക്കൾ ചത്തൊടുങ്ങാൻ തുടങ്ങിയിരിക്കുന്നു. ചത്തൊടുങ്ങുന്ന പശുക്കളെ മലമ്പുഴ ഡാമിലാണ് കുഴിച്ചിടുന്നത്. നഗരത്തിലെ ലക്ഷക്കണക്കിനാളുകൾക്കുള്ള കുടിവെള്ള സ്രോതസ്സാണത്. അത് മലിനപ്പെട്ടതിന്റെ കാരണങ്ങൾ ആരും അന്വേഷിക്കുകയോ ശാസ്ത്രീയമായ പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. അവിടെപ്പോയി എന്തു സംഭവിച്ചു എന്ന് ആരോ അന്വേഷിച്ചിട്ടു വന്നു. എന്തെങ്കിലും മാരകമായ രോഗങ്ങൾ ബാധിച്ചിട്ടാണോ ഈ കന്നുകാലികളുൾപ്പെടെ ചത്തൊടുങ്ങുന്നതെന്ന പരിശോധനപോലും നടത്തുന്നില്ലെങ്കിൽ കടലാസ്സിൽ ഒരുക്കിക്കൊടുത്ത ഈ നിർദ്ദേശങ്ങൾ, നമ്മുടെ രക്ഷയ്ക്കെത്തുമെന്ന് ഇനിയും പ്രതീക്ഷിച്ചിരിക്കാൻ കഴിയുകയില്ല.

ഡോക്ടർ എസ്. ശ്രീകുമാർ എഴുതിയ ഒരു ലേഖനത്തിൽ പറയുന്നുണ്ട്, കേരളം മരുഭൂമിയാകുമെന്ന്. ഇന്ത്യയിൽ ലഭിക്കുന്ന വാർഷിക മഴയുടെ ശരാശരിയെക്കാൾ 2.8 ഇരട്ടിയും രാജസ്ഥാനെക്കാൾ 5 ഇരട്ടിയും തമിഴ്നാടിനെക്കാൾ 2.7 ഇരട്ടിയും കേരളത്തിന് ലഭിക്കുന്നുണ്ട്. പക്ഷേ പാലക്കാട് ഇത്തവണ 41.8 ഡിഗ്രിവരെ ചൂട് വർദ്ധിക്കാനാണ് സാധ്യതയെന്നു പറയപ്പെടുന്നു. കേരളം മരുഭൂമിയാകാൻ അധികകാലം കാത്തിരിക്കേണ്ടി വരികയില്ല. ക്രൈസിസ് മാനേജ്മെന്റിന്റെ എ.ബി.സി.ഡി. അറിയാത്തവരെപ്പോലെ ഒരു ഗവൺമെന്റിന് നേതൃത്വം നൽകുന്ന ആളുകൾ പെരുമാറരുത്. നാല് മാസം മുമ്പ് വരൾച്ചാ ബാധിത പ്രദേശമായി പ്രഖ്യാപിച്ച നടപടി നമുക്കെല്ലാപേർക്കും വേദനാജനകമാണ്. 2016 നവംബർ 1-ാം തീയതി ഈ സംസ്ഥാനം അതിന്റെ 60-ാം വർഷത്തിലേക്ക് കടക്കുമ്പോൾ അന്നുതന്നെ പത്രങ്ങളിൽ അച്ചടിച്ചുവന്ന വാർത്ത കേരളം ഒരു വരൾച്ചാ ബാധിത പ്രദേശമായി പ്രഖ്യാപിക്കേണ്ടി വന്നിരിക്കുന്നു എന്നാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി കൊണ്ടുവന്നിരിക്കുന്ന നിർദ്ദേശങ്ങളിൽ അവർ ആശ്വസിക്കുന്നത് കിയോസ്കുകൾ സ്ഥാപിക്കുമെന്ന്

പറഞ്ഞാണ്. കേരളത്തിന്റെ ഹെക്ടർ കണക്കിന് വനസമ്പത്ത് കത്തി നശിച്ചു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദന്റെ മണ്ഡലത്തിലേയ്ക്ക് പാലക്കാട് നിന്ന് പോകുമ്പോൾ, ഒരു പാലം കയറുമ്പോൾ ഒരാഭരണം പോലെ കാണുന്ന ചുവന്ന നിറം കാണാം. വനം നിന്നുകത്തുന്നതാണ്. കേരളം നിന്നു കത്തുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........പ്ലീസ് കൺക്ലൂഡ്......പത്ത് മിനിട്ടായി.....

ശ്രീ. ഷാഫി പറമ്പിൽ: നമ്മളത് ചർച്ച ചെയ്യാതിരിക്കുന്നത് ശരിയാണോ എന്ന് ആലോചിക്കണം. വളരെ പ്രധാനപ്പെട്ടൊരു വിഷയമായി കണ്ടുകൊണ്ട് ഇത് ചർച്ച ചെയ്യാനും പ്രൊഫഷണലായി വരൾച്ച നേരിടാനും ഗവൺമെന്റ് തയ്യാറാകണം. കാലാവസ്ഥയുടേയും ജലസ്രോതസ്സിന്റേയും പ്രയാസങ്ങൾ നമുക്ക് നേരിടാൻ കഴിയണം. ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിനെ സമീപിച്ച് പരമാവധി സഹായം നേടിയെടുക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് പറയുന്നുണ്ട്. ഞങ്ങളും അതിന് പരിപൂർണ്ണമായ പിന്തുണ പ്രഖ്യാപിക്കാൻ ആഗ്രഹിക്കുന്നു. ഉചിതമായ സമയത്തിന് കാത്തിരുന്നിട്ട് അവസാനം സഹായം ലഭിക്കുമ്പോൾ ഇവിടെ നമ്മളെല്ലാം ചരിത്രമായി മാറാതിരിക്കാനുള്ള ജാഗ്രത സർക്കാർ കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുകയാണ്. ഉചിതമായ സമയമെന്ന് അങ്ങ് ഉദ്ദേശിക്കുന്നത് കേന്ദ്രസംഘം വന്ന് വിസിറ്റ് ചെയ്യുമ്പോൾ കൂടുതൽ ഗുരുതരമായ സാഹചര്യങ്ങൾ അവരെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയായിരിക്കും. ഇടക്കാല സഹായത്തിനുവേണ്ടിയുള്ള അപേക്ഷ സംസ്ഥാന സർക്കാർ നൽകണം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്......കൺക്ലൂഡ്.....

ശ്രീ. ഷാഫി പറമ്പിൽ: അങ്ങയുടെ മറുപടിയിൽ പറഞ്ഞതുപോലെ നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയമാണെങ്കിൽ തീർച്ചയായിട്ടും അതിനെ അത്തരത്തിൽ തന്നെ നേരിടാൻ നമ്മൾ തയ്യാറാകണം. ഇത് ഇന്നും ഇന്നലെയും ഉണ്ടായ ജനറലായ പ്രശ്നമല്ല. ചൂടുകൊണ്ട് കേരളത്തിന് തീ പിടിക്കുമ്പോൾ ഐസ് കട്ടയിൽ വിറങ്ങലിച്ചിരിക്കുന്ന ആളുകളെപ്പോലെ ഈ ഗവൺമെന്റ് പെരുമാറരുത്.ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ഷാഫി പറമ്പിൽ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ഞാൻ നേരത്തെ വിശദീകരിച്ചതുമായി ബന്ധപ്പെട്ട വിഷയം തന്നെയാണ്. ഇതിന്റെ ഗൗരവാവസ്ഥ സ്വാഭാവികമായും അദ്ദേഹത്തിന്റെ ഭാഷയിലും ശൈലിയിലും അവതരിപ്പിച്ചു എന്നതൊഴിച്ചാൽ കേരളം നേരിടുന്ന വരൾച്ചയുടെ രൂക്ഷത

സംബന്ധിച്ച് നമുക്കാർക്കും അഭിപ്രായവ്യത്യാസമില്ലായെന്നത് അംഗീകരിക്കുകയായിരുന്നു. കേന്ദ്ര സർക്കാരിന്റെ വരൾച്ചാ മാന്വലിൽ കുടിവെള്ളം വിതരണം ചെയ്യുന്നത് 5000 ലിറ്റർ ടാങ്കുകൾ സ്ഥാപിച്ചുകൊണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കിയോസ്കുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും കിയോസ്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടിവരുന്ന കാലതാമസം കണക്കിലെടുത്തുകൊണ്ട് അതിനിടയിൽ വെള്ളം വിതരണം ചെയ്യാനുള്ള സംവിധാനങ്ങൾ ടാങ്കർ ലോറികളിലൂടെ നടത്താനുമാണ് തീരുമാനിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൂടി ലഭ്യമാക്കിക്കൊണ്ട് നടപ്പാക്കുന്ന പദ്ധതിയിൽ അവരുടെ മാന്വലിൽ നിർദ്ദേശിക്കുന്ന കാര്യങ്ങൾ ഒഴിവാക്കി നടപ്പാക്കുക പ്രയാസകരമാണ്. അതിന്റെ ഭാഗമായി കിയോസ്കുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും അതിനുവേണ്ടിവരുന്ന കാലതാമസം കണക്കിലെടുത്തുകൊണ്ട് വെള്ളം വിതരണം ചെയ്യാനുള്ള സംവിധാനങ്ങൾ ടാങ്കർ ലോറികളിലൂടെ നടത്താനും തീരുമാനിച്ചിരിക്കുകയാണ്. ആവശ്യമായിടത്തെല്ലാം ഇപ്പോൾ വെള്ളം വിതരണം ചെയ്തുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. മറ്റൊരു പ്രധാനപ്പെട്ട കാര്യം അദ്ദേഹമിവിടെ ചൂണ്ടിക്കാണിച്ചത്, വരൾച്ച നേരിടുന്നതിനു വേണ്ടിയുള്ള നടപടികൾ ഒന്നൊന്നായി സ്വീകരിക്കേണ്ടതിനെക്കുറിച്ചും സംസ്ഥാനം നേരിടുന്ന വരൾച്ചയ്ക്ക് കാരണമായ, നമ്മൾതന്നെ പലപ്പോഴും കാണിക്കുന്ന നിരുത്തരവാദപരമായ നിലപാടുകളിൽ നിന്ന് മാറേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനെ കുറിച്ചുമാണ്. വരൾച്ച നേരിടുന്നതിനുള്ള നടപടികൾ, ജലസംഭരണം, ജലം സംഭരിക്കുന്നതിൽ നമ്മൾ കാണിക്കുന്ന അനാസ്ഥ, ജലദുരുപയോഗം, പ്രകൃതി സംരക്ഷണത്തിൽ നമ്മൾ ചെയ്യേണ്ട നടപടികൾ, കാലാവസ്ഥാ വ്യതിയാനം ഇവയെക്കുറിച്ചൊക്കെ ബഡ്ജറ്റിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഇവിടെ ജലസ്രോതസ്സുകളുണ്ടാക്കാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ വേറെ മാർഗ്ഗമില്ലെന്ന് എല്ലാവർക്കും അറിയാം. ഭാവിയിൽ ഇത്തരമൊരു വരൾച്ച നേരിടുന്നതിന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടിയെക്കുറിച്ച് ചൂണ്ടിക്കാണിച്ചു എന്നാണ് ഞാൻ പറയുന്നത്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. എത്രയോ തവണ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്തിട്ടുള്ളതാണ്. കഴിഞ്ഞ ദിവസം ഞാൻ ഇതുസംബന്ധിച്ച വിശദമായ സ്റ്റേറ്റുമെന്റും സമർപ്പിച്ചു.

മറ്റൊരു പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ...... (ബഹളം)....പറയുന്നത് കേൾക്കൂ.......കേന്ദ്ര ഗവൺമെന്റിനെ സമീപിക്കേണ്ട വിഷയമാണ്. ഉചിതമായ സമയത്ത് എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് അദ്ദേഹത്തിന് ബോധ്യപ്പെട്ട് തന്നെയാണ്. ഇപ്പോഴാണ് ഇത് നൽകുന്നതെങ്കിൽ, ചിലയിടങ്ങളിലെല്ലാം വെള്ളം പമ്പ് ചെയ്യുന്നുണ്ട്. കേന്ദ്രത്തിന്റെ പ്രതിനിധി സംഘം ഇവിടെയെത്തുമ്പോൾ അൽപ്പം പച്ചപ്പും അങ്ങിങ്ങായി ജലാശയവുമൊക്കെ കണ്ടാൽ നമുക്കർഹമായ പരിഗണന ലഭിക്കാതെ പോകരുതെന്നതിന്റെ അടിസ്ഥാനത്തിലാണ് ഉചിതമായ സമയമെന്നുപറഞ്ഞത്. അത്തരം അനുഭവങ്ങളുമുണ്ട്.....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വരൾച്ചയുടെ ഗൗരവകരമായ അവസ്ഥ കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫെബ്രുവരി മാസത്തിൽ വിളിച്ചുചേർത്ത സർവ്വകക്ഷി യോഗ തീരുമാനപ്രകാരം സർവ്വകക്ഷി പ്രതിനിധി സംഘം കേന്ദ്രത്തിൽ പോകാനും പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവരെ കണ്ട് നിവേദനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അതിനുവേണ്ടി ശ്രമം ഇല്ലാത്തതുകൊണ്ടല്ല; ഇപ്പോഴും പ്രതിനിധിസംഘത്തെ കാണാൻ പ്രധാനമന്ത്രി കൂട്ടാക്കാത്ത സമീപനമാണ് സ്വീകരിക്കുന്നത്. മെമ്മോറാണ്ടം സമർപ്പിക്കുന്നതിന് കേന്ദ്രമന്ത്രിമാരെ കാണുന്നതിനായി റസിഡന്റ് കമ്മീഷണറുമായി ബന്ധപ്പെട്ട് നൽകിയ കത്തിന് അവർ നൽകിയിരിക്കുന്ന മറുപടി കേന്ദ്ര ആഭ്യന്തരമന്ത്രിയും കൃഷിമന്ത്രിയും ഇപ്പോൾ ഉത്തർപ്രദേശിലും മറ്റ് സംസ്ഥാനങ്ങളിലും നടക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് out of station ആണെന്നും അവർ ആറോ, ഏഴോ തീയതിക്കുശേഷമാകും തിരിച്ചെത്തുകയെന്നും അതിനുശേഷം വന്നാൽ നേരിൽക്കണ്ട് നിവേദനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുമെന്നുമാണ്. ഈ ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട് റവന്യൂ സെക്രട്ടറിയോട് കേന്ദ്രവുമായി ബന്ധപ്പെടാൻ ആവശ്യപ്പെട്ടിട്ടുണ്ട്; അവിടെ നിന്ന് നമുക്കാവശ്യമായ സഹായം ലഭ്യമാക്കാനുള്ള നടപടികൾക്ക് തുടക്കംകുറിച്ചിരിക്കുകയാണ്. കേന്ദ്ര മന്ത്രിമാരുടെ അസൗകര്യം കണക്കിലെടുത്ത്, അവർ സ്ഥലത്തില്ലാത്ത സാഹചര്യത്തിൽ മറ്റൊരു സമയം കണ്ടെത്തണമെന്ന് തീരുമാനിച്ച് അറിയിച്ചിരിക്കുകയാണ്. ഗവൺമെന്റ് ഈ വിഷയത്തിന്റെ ഗൗരവാവസ്ഥ പരിപൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്.

ജലചൂഷണവും ജലദുരുപയോഗവും അവസാനിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വീടുകൾക്ക് മഴവെള്ള സംഭരണി വേണമെന്ന് വ്യാപകമായി നമ്മൾ ആവശ്യപ്പെടുന്നുണ്ടെങ്കിലും ഇപ്പോഴും പലയിടങ്ങളിലും അതില്ലാത്തതിന്റെ പ്രശ്നം നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ജലചൂഷണം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശിച്ചിട്ടുള്ള സർക്കുലറിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. പാലക്കാടുൾപ്പെടെ കന്നുകാലികൾ ചാകുന്നതിനെക്കുറിച്ചും സൂചിപ്പിച്ചു. ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയും തീറ്റ ലഭിക്കാത്തതുകൊണ്ടും വെള്ളം കിട്ടാത്തതുകൊണ്ടുമാണ് മൃഗങ്ങൾ ചാകുന്നതെങ്കിൽ അലഞ്ഞുതിരിയുന്ന അത്തരം കന്നുകാലികൾക്കാവശ്യമായ ഭക്ഷണവും വെള്ളവും കൊടുത്ത് സംരക്ഷിക്കാനുള്ള സംവിധാനങ്ങളെക്കുറിച്ചും ആലോചിച്ചിക്കുന്നുണ്ട്. മനുഷ്യനുള്ള ജല ഉപയോഗത്തിനാണ് പ്രാധാന്യം നൽകുന്നതെങ്കിലും കന്നുകാലികളുടെ സംരക്ഷണം കൂടി കണക്കിലെടുത്തുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിൽ ശരാശരി 2.5 മീറ്റർ ജലവിതാനം താഴ്ന്ന എന്നാണ് ഇവിടെ രേഖപ്പെടുത്തിയതെങ്കിൽ കേന്ദ്ര

ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ റിപ്പോർട്ടുപ്രകാരം കേരളത്തിൽ ജലവിതാനം 4 മീറ്റർ വരെ താഴ്ന്നിരിക്കുന്നു എന്നാണ്. അത് ഗൗരവകരമായ കാര്യമാണ്. വെള്ളമില്ലാതെ ജലസ്രോതസ്സുകൾ വറ്റിവരളുമ്പോൾ, പ്രതികൂലമായ കാലാവസ്ഥ നിലനിൽക്കുമ്പോൾ ഇവിടെ ചർച്ച ചെയ്ത് എല്ലാത്തിനും പരിഹാരമുണ്ടാക്കുമെന്ന് പറയുന്നതിൽ എന്താണ് അർത്ഥമുള്ളത്. ഇക്കാര്യത്തെക്കുറിച്ച് ആവശ്യമായ ചർച്ച നടത്തി എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഉള്ള ജലവിഭവങ്ങളു പയോഗിച്ച് പരമാവധി വെള്ളമെത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിരിക്കുന്ന ഘട്ടത്തിൽ പ്രതിപക്ഷത്തിന്റെ എല്ലാ തരത്തിലുമുള്ള സഹായവും സഹകരണവും പിന്തുണയും ഇക്കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

10.00 A.M]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, നമ്മുടെ നാട് അഭിമുഖീകരിക്കുന്ന രൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടാൻ സാദ്ധ്യമായ എല്ലാ കാര്യങ്ങളും നമ്മളൊരുമിച്ച് ചെയ്യേണ്ടതാണ്. അത്തരം പ്രവർത്തനങ്ങളിൽ ഗവൺമെന്റ് ഇടപെടുമ്പോൾ എല്ലാവരുടെയും സഹകരണം ഇക്കാര്യത്തിലുണ്ടാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. 2016 ജൂൺ മാസംതന്നെ കാലവർഷത്തിൽ ഗണ്യമായ കുറവുണ്ടായി. കണക്കുകളിലേക്ക് ഞാൻ പോകുന്നില്ല. തുലാവർഷവും കുറയാൻ സാദ്ധ്യതയുണ്ടെന്ന തിരിച്ചറിവിൽ, 2016 സെപ്റ്റംബർ മാസംതന്നെ വാട്ടർ അതോറിറ്റിയും ജലവിഭവ വകുപ്പും ജലസംരക്ഷണത്തിനായി കൈക്കൊള്ളാൻ കഴിയുന്ന നടപടികളിലേക്ക് നീങ്ങുകയുണ്ടായി. വരാൻപോകുന്ന പ്രശ്നങ്ങളെ എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്നാലോചിച്ച് പരിഹാര നടപടികൾ സ്വീകരിച്ചതുകൊണ്ടാണ് വരൾച്ച ഇത്രയധികം രൂക്ഷമായി നിൽക്കുമ്പോഴും വലിയ പ്രയാസങ്ങളില്ലാതെ നമുക്ക് ഇപ്പോഴും കുടിവെള്ളം നൽകാൻ കഴിയുന്നത്. സ്രോതസ്സുകളിലുള്ള വെള്ളം പരമാവധി സംരക്ഷിച്ചുനിർത്താനാണ് മുൻകൂട്ടി തീരുമാനങ്ങളെടുത്ത് അത്തരം നടപടികളിലേക്ക് നീങ്ങിയത്. ഇതിനോടകം ജലസേചന വകുപ്പ് ചെയ്തതു കൂടാതെ വാട്ടർ അതോറിറ്റിയുടെ 55 തടയണകൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയതിൽ 40 എണ്ണം പൂർത്തീകരിച്ചുകഴിഞ്ഞു; ബാക്കിയുള്ളവയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനോടകം തടയണ നിർമ്മിച്ച് ലഭ്യമായ ജലം സംരക്ഷിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ചില സ്ഥലങ്ങളിലൊക്കെ ഇപ്പോഴും കുടിവെള്ള സ്രോതസ്സുകളിൽ പമ്പിംഗ് നടന്നു കൊണ്ടിരിക്കുന്നത്. വരൾച്ച മുൻകൂട്ടി കണ്ടുകൊണ്ടുതന്നെ ഇൻടേക്ക് വെല്ലുകളും ഗ്യാലറികളും ശുദ്ധീകരിക്കാനും ചെളിയും മണ്ണും നീക്കംചെയ്യാനുമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്യാലറികളിലേയ്ക്കുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനായി നീർച്ചാലുകൾ നിർമ്മിക്കുന്ന പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുകയുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് വളരെയധികം താഴ്ന്നിരിക്കുകയാണ്. ജലസേചന വകുപ്പിന്റെ ഫെബ്രുവരി

മാസത്തെ കണക്കുകൾ നോക്കിയാൽ അണക്കെട്ടുകളിൽ ജലനിരപ്പ് 45 ശതമാനം കുറവുണ്ട്. കെ.എസ്.ഇ.ബി.-യുടെ അണക്കെട്ടുകളിൽ 20.39 ശതമാനം കുറവാണ്. വാട്ടർ അതോറിറ്റിയുട അണക്കെട്ടുകളിൽ 45.94 ശതമാനമാണ് കുറവ്. അണക്കെട്ടുകളിൽ ജൂൺ ആദ്യവാരംവരെ ജലവിതരണത്തിനാവശ്യമായ ജലം സംഭരിച്ച് നിർത്തിയിട്ടുമാത്രമേ മറ്റു കാര്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ എന്ന് ജില്ലാ ഭരണകൂടങ്ങൾക്ക് വളരെ നേരത്തെതന്നെ നിർദ്ദേശം നൽകിയതുകൊണ്ടാണ് നമുക്ക് വരൾച്ച നേരിടാൻ സാധിച്ചത്. വരൾച്ചയുടെ ഭാഗമായി ജലലഭ്യത ഉറപ്പു വരുത്താൻ തടയണകൾ നിർമ്മിച്ചതിൽ, ചില സ്ഥലങ്ങളിൽ ലവണാംശം കൂടുന്നത് പരിഹരിക്കുന്നതിനായി ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കനാലുകൾ വഴി ആവശ്യമായ സ്ഥലങ്ങളിൽ ജലമെത്തിക്കാൻ സാധിച്ചിട്ടുണ്ട്. കൊല്ലത്ത് പ്രധാനമായും ശാസ്താംകോട്ട തടാകത്തെ ആശ്രയിച്ചാണ് ജലവിതരണം നടത്തുന്നത്. ഇത്തവണ ജലനിരപ്പ് താണുപോയതുകൊണ്ടാണ് കെ.ഐ.പി. കനാൽ വഴി കൊല്ലത്ത് ജലവിതരണം നടത്തിയത്. വടകരയിൽ കുടിവെള്ള പദ്ധതിയിലുണ്ടായ ലവണാംശത്തിന്റെ അളവ് കുറയ്ക്കാൻ പെരുവണ്ണാമൂഴിയിലെ ജലസേചന കനാൽ വഴി ജലം എത്തിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓരോ സ്ഥലത്തും കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇതിനിടയിൽ ചെറിയ പ്രയാസങ്ങളുണ്ടായി. ചില സ്ഥലങ്ങളിൽ പി.ഐ.പി. കനാൽ മുറിഞ്ഞുപോയി. വടശ്ശേരിക്കര ഭാഗത്ത് പി.ഐ.പി. കനാൽ മുറിഞ്ഞുപോയതു കൊണ്ട് പമ്പാ ഇറിഗേഷൻ പദ്ധതിയിലൂടെ വെള്ളം എത്തിക്കാൻ കഴിഞ്ഞില്ല. അത് പുനഃസ്ഥാപിക്കാൻ മൂന്നു മാസത്തോളം സമയം വേണ്ടിവരും. ദ്രുതഗതിയിൽ പണി നടക്കുന്നുണ്ടെങ്കിലും ഈ വരൾച്ചാകാലത്ത് പി.ഐ.പി. കനാലിലെ വെള്ളം ഉപയോഗിക്കാൻ കഴിയുമോ എന്നുള്ള ഭയപ്പാടുണ്ട്. അവിടെ ചാക്കുകൾ വച്ച് നിയന്ത്രിതമായ തോതിൽ ഇപ്പോൾ വെള്ളം വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. കാഞ്ഞിരപ്പുഴ ഡാമിന്റെ കനാൽഭിത്തി തകർന്നുപോയി. ജല അതോറിറ്റിയുടെ പ്രധാനപ്പെട്ട പമ്പ് ഹൗസുകളും അനുബന്ധഘടകങ്ങളും ഇതോടൊപ്പം തകർന്നെങ്കിലും നാലു ദിവസംകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മിച്ച് പമ്പിംഗ് പുനരാരംഭിക്കാൻ കഴിഞ്ഞു. ജല അതോറിറ്റിയുടെ ശുദ്ധജല പദ്ധതികളൊക്കെ വൈകുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് ഏത് ഗവൺമെന്റിന്റെ കാലത്താണെന്ന് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. .........ബഹളം....

<u>മി. സ്പീക്കർ</u>: അദ്ദേഹം വളരെ പോസിറ്റീവായിട്ടാണ് മറുപടി പറഞ്ഞു കൊണ്ടിരിക്കുന്നത്. അതൊന്ന് ശ്രദ്ധിക്കൂ ...(ബഹളം).....

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, പൂർത്തീകരിക്കാൻ കഴിയുന്ന ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള അടിയന്തര നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. പശ്ചിമ കൊച്ചിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച, ഇതുവരെയും പൂർത്തിയാകാത്ത പദ്ധതികൾ ഈ മാർച്ചിൽ

പൂർത്തീകരിക്കുന്ന രീതിയിൽ ദ്രുതഗതിയിൽ പ്രവൃത്തികൾ നടക്കുകയാണ്. പശ്ചിമ കൊച്ചിയിൽ 15 ദശലക്ഷം ലിറ്റർ വെള്ളം എല്ലാ ദിവസവും നൽകാനുള്ള പദ്ധതികൾ ഈ മാർച്ചിൽതന്നെ പൂർത്തീകരിക്കും. ആലപ്പുഴ ജില്ലയിൽ യൂഡിസ്മാറ്റ് പദ്ധതിപ്രകാരം എല്ലാ ദിവസവും 64 ദശലക്ഷം ലിറ്റർ വെള്ളം കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞമാസം പൈപ്പിടാനുള്ള ഭൂമിപോലും ലഭ്യമായിരുന്നില്ല. അടിയന്തര ആവശ്യം കണക്കിലെടുത്ത് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി വാങ്ങി പൈപ്പിട്ട് ആലപ്പുഴ പട്ടണത്തിൽ ജലമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. 64 ദശലക്ഷം ലിറ്റർ ജലം ഈ വരൾച്ചക്കാലത്ത് പ്രതിദിനം ആലപ്പുഴ പട്ടണപ്രദേശത്ത് വിതരണം ചെയ്യാനുള്ള സംവിധാനം പൂർത്തീകരിച്ചിട്ടുണ്ട്; എന്നാലും പ്രശ്നങ്ങളില്ലെന്ന് ഞാൻ പറയുന്നില്ല. യഥാസമയം ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുകയും വാട്ടർ അതോറിറ്റിയുടെ പൈപ്പുലൈനുകളിൽ പ്രഷർ കൂട്ടിവിടുമ്പോഴുണ്ടാകുന്ന ലീക്കുകൾ 12 മണിക്കൂറിനുള്ളിൽ പരിഹരിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. എല്ലായിടത്തും അത് പൂർത്തീകരിച്ചു കാണുമെന്ന് പറയുന്നില്ല. പൊതുജനങ്ങൾക്ക് പൊതുസ്ഥലങ്ങളിൽ കാണുന്ന ലീക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ടോൾഫ്രീ നമ്പർ പത്രങ്ങളിലൂടെ നൽകിയിട്ടുണ്ട്. ടോൾഫ്രീ നമ്പറിൽ കിട്ടുന്ന പരാതികൾ തത്സമയം പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. അതോടൊപ്പം ഒരു ഡ്രൗട്ട് മാനേജ്മെന്റ് സെല്ലും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ മാർച്ചുമാസം ആദ്യഘട്ടം ആയിട്ടേയുള്ളൂ. കാലവർഷം എപ്പോൾ ലഭ്യമാകുമെന്ന് പറയാൻ സാദ്ധ്യമല്ല. ഇപ്പോൾ ഇത്തരം സംവിധാനങ്ങളും മുൻകരുതലും ചെയ്തെങ്കിൽപ്പോലും ജലത്തിന്റെ ദൗർലഭ്യം അനുഭവപ്പെടാൻ സാദ്ധ്യതയുണ്ടെന്നത് കണക്കിലെടുത്ത് നമ്മുടെ കുളങ്ങളിലും പാറമടകളിലുമുള്ള വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള നടപടികളിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. അതൊന്നും എളുപ്പമുള്ള കാര്യമല്ല, അതിനാവശ്യമായ സാങ്കേതികവിദ്യ കണ്ടെത്തണം. ശബരിമല തീർത്ഥാടന കാലത്ത് നാം അനുഭവിച്ച പ്രതിസന്ധി, ഹൈക്കോടതി വിധിപ്രകാരം നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള സ്ഥലങ്ങളിൽ പ്ലാസ്റ്റിക് കുപ്പി ഉപയോഗിക്കാൻ കഴിയുമായിരുന്നില്ല എന്നതാണ്. വളരെ വേഗത്തിൽ തീരുമാനമെടുത്ത് അവിടെ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ച് പ്രതിദിനം ഏഴര ലക്ഷം ലിറ്റർ വെള്ളം ശുദ്ധീകരിച്ച് നൽകാൻ ജല അതോറിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തിരുവിതാംകൂർ ദേവസ്വം ബോർഡും അയ്യപ്പ സേവാസംഘവും വെള്ളം വിതരണം ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് കുപ്പിയിൽ വെള്ളം കൊണ്ടുപോകാൻ പാടില്ലെന്ന ഹൈക്കോടതി ഉത്തരവുമൂലം തീർത്ഥാടകർക്ക് ബുദ്ധിമുട്ടുണ്ടാകാതെ പ്രവർത്തിക്കാൻ നമുക്ക് കഴിഞ്ഞു. ആർ. ഒ. പ്ലാന്റുകൾ സ്ഥാപിച്ച് കുളങ്ങളിലെ വെള്ളം ശുദ്ധീകരിച്ചാൽ വെള്ളമില്ലാത്ത സ്ഥലങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയും. പുതിയ ആർ.ഒ. പ്ലാന്റുകൾ വാങ്ങാൻ സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു. പരിമിതമായ തോതിൽ മാത്രമേ

അതിന് കഴിയുകയുള്ളൂ. അടിയന്തര സാഹചര്യമുണ്ടായാൽ, ഇന്നുള്ള കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ വെള്ളം എത്തിയില്ലെങ്കിൽ കുളങ്ങളിലെയും പാറമടകളിലെയും വെള്ളം ശുദ്ധീകരിച്ച് എത്തിക്കുന്നതിനുള്ള നടപടികളിലേക്ക് നീങ്ങിയിരിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖല വഴി വെള്ള മെത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനത്തെപ്പറ്റി റവന്യൂ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതിലേക്ക് ഞാൻ കടക്കുന്നില്ല. വെള്ളം ദുരുപയോഗം ചെയ്യുന്നത് തടയാനും നടപടിയുണ്ടാകണം. വാട്ടർ അതോറിറ്റി ഇതിനോടകം പ്ലാൻ ഫണ്ടിൽനിന്നും 40 കോടി രൂപയുടെ ഭരണാനുമതി നൽകി പണി പൂർത്തീകരിച്ചു. കൂടുതൽ തുക ആവശ്യമെങ്കിൽ വാട്ടർ അതോറിറ്റി തന്നെ ചെലവാക്കും; അല്ലെങ്കിൽ ഗവൺമെന്റ് നൽകും.

കഴിഞ്ഞ നവംബർ മാസത്തിൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത്, വാട്ടർ അതോറിറ്റിയുടെ വിതരണശൃംഖലയും ജലനിധിയുടെ പദ്ധതിയുമില്ലാത്ത സ്ഥലങ്ങളിലുള്ള കുഴൽക്കിണറുകൾ, ഹാൻഡ് പമ്പുകൾ എന്നിവ നന്നാക്കി പ്രവർത്തനസജ്ജമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 5585 കുഴൽക്കിണറുകൾ, 585 ചെറുകിട ജലസേചന സംവിധാനങ്ങൾ തുടങ്ങിയവ സജ്ജീകരിക്കാൻ സർക്കാർ 12 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഓരോ ജില്ലകളിലും ഇതിന്റെ പണി ഏറ്റെടുത്ത് കൂടുതലായി ചെയ്യുന്നതിന് ചില പ്രായോഗിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. ഇതിന് സർക്കാർ കൃത്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ, ഇറിഗേഷൻ, ജലനിധി, ജലവിഭവം തുടങ്ങിയ വകുപ്പുകൾ ജനപ്രതിനിധികളുടെയും ജനങ്ങളുടെയും സഹകരണത്തോടുകൂടി ഈ പ്രശ്നം അതിജീവിക്കാനുള്ള ശ്രമത്തിലാണ്. ആ ശ്രമത്തിന് എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അതീവഗുരുതരമായ സ്ഥിതി വിശേഷമാണ് സംസ്ഥാനം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും വസ്തുതാപരമായിട്ടുള്ളതാണ്. ചില പാടങ്ങളിൽ കൃഷിയിറക്കാൻ കഴിഞ്ഞിട്ടില്ല. കൃഷി തന്നെ കരിഞ്ഞുപോകുന്നൊരു അവസ്ഥയുണ്ടായിട്ടുണ്ട്. ജലസംഭരണികളിൽ ആരെയും അതിശയിപ്പിക്കുന്ന തരത്തിലുള്ള ചോർച്ച, വെള്ളം പെട്ടെന്ന് താഴ്ന്നുപോകുക തുടങ്ങിയവ സംഭവിക്കുന്നുണ്ട്. കിണറുകൾ, കുളങ്ങൾ, മറ്റ് ജലസംഭരണികൾ എന്നിവയിലെല്ലാം വെള്ളമില്ലാത്ത അവസ്ഥയും വന്യമൃഗങ്ങൾ ചത്തൊടുങ്ങുന്ന അവസ്ഥയും വനം കത്തി നശിക്കുന്ന നിലയും സംജാതമായിട്ടുണ്ട്. ഇതൊക്കെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കുറ്റമാണെന്ന തരത്തിൽ ആരോപിക്കണോ എന്നുള്ളത് മാത്രമേ നോക്കേണ്ടതുള്ളൂ. ഇത്തരമൊരു സ്ഥിതിവിശേഷത്തിലേക്ക് നാട് എത്തിച്ചേരുന്നതിന് നാമെല്ലാവരും സംഭാവനയും ചെയ്തിട്ടുണ്ട്. അതും നമ്മൾ

കാണേണ്ടതായിട്ടുണ്ട്. എങ്ങനെ ഇതിൽനിന്നും രക്ഷപ്പെടാനാകും? അതാണ് നോക്കേണ്ടത്. സർക്കാർ ചെയ്യുന്ന കാര്യങ്ങളിൽ എന്തെങ്കിലും വീഴ്ചകളോ, ദൗർബല്യങ്ങളോ ഉണ്ടെങ്കിൽ അതിനെ വിമർശിക്കുന്നത് ശരിയാണ്. അതിനപ്പുറം ഈ കാര്യങ്ങൾക്കെല്ലാം ഉത്തരവാദി എൽ.ഡി.എഫ്. സർക്കാരാണെന്ന തരത്തിലുള്ള വിമർശനം ശരിയാണെന്ന് തോന്നുന്നില്ല.

കിയോസ്കുകളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഒരു വാർഡിൽ ഒരു കിയോസ്ക് സ്ഥാപിച്ചതുകൊണ്ട് ആ വാർഡിലെ ആളുകൾക്ക് മുഴുവൻ വെള്ളം ലഭിക്കില്ല. ഒരു കിയോസ്ക് സ്ഥാപിക്കേണ്ട നില വരുമ്പോൾ ജനങ്ങളെല്ലാം മുൻകയ്യെടുത്ത് ചിലപ്പോൾ ആ വാർഡിൽത്തന്നെ വേറെ കിയോസ്കുകൾ സ്ഥാപിച്ചെന്നുവരും. അവിടെ വെള്ളമെത്തിക്കുക എന്നത് പ്രായോഗികമായി നല്ലതാണ്. പക്ഷേ, അനുഭവത്തിൽ അതുകൊണ്ടുമാത്രം നമ്മുടെ പ്രശ്നം പരിഹരിക്കപ്പെടില്ല. വെള്ളം ആവശ്യമുള്ള സ്ഥലങ്ങളിലൊക്കെ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കണമെന്ന് നേരത്തെതന്നെ തീരുമാനിച്ചു. അതേസമയം സ്ഥാപിച്ച കിയോസ്കുകളിലും വെള്ളം കൊടുക്കും. കിയോസ്കുകളിൽ വെള്ളം നൽകിയാലും ഏതെങ്കിലും ഒരു വാർഡിൽ ഒരു ഭാഗത്ത് വെള്ളം നൽകേണ്ടതുണ്ടെങ്കിൽ ടാങ്കർ ലോറികളിൽ നൽകുന്നതിന് തടസ്സമില്ല. ഇക്കാര്യത്തിൽ സർക്കാർ വ്യക്തത വരുത്തിയിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ആവശ്യമായ വെള്ളമുണ്ട്, ആ പഞ്ചായത്തിന്റെ ഒരു ഭാഗത്ത് മാത്രമേ വരൾച്ചയുള്ളൂവെന്ന് വന്നാൽ അവിടെ വെള്ളമില്ലെങ്കിൽ അത് പഞ്ചായത്തിനുതന്നെ പരിഹരിക്കാൻ സാധിക്കും. വേറൊരു സ്ഥലത്തുനിന്ന് വെള്ളമെടുത്ത് മറ്റൊരു സ്ഥലത്തെത്തിക്കാൻ ഒരു പഞ്ചായത്ത് വിചാരിച്ചാൽ സാധിക്കില്ല. അതിനുള്ള നേതൃത്വം ജില്ലാ കളക്ടർ വഹിക്കണം. വെള്ളം വാട്ടർ അതോറിറ്റിയാണ് ഏർപ്പാട് ചെയ്യുന്നത്. കാരണം, ശുദ്ധമായ വെള്ളമായിരിക്കണം. അങ്ങനെ നൽകുന്ന വെള്ളം എത്തിക്കുന്നതിന് ടാങ്കർ ലോറി കളക്ടറാണ് ഏർപ്പാട് ചെയ്യേണ്ടത്. ഇത് വിതരണം ചെയ്യാനുള്ള ചുമതല പഞ്ചായത്തുകൾക്കാണ്. എത്ര വെള്ളമാണോ ആവശ്യം അത്രയും വിതരണം ചെയ്യുക എന്നുള്ളതാണ് സർക്കാരിന്റെ ചുമതല. അതിന് എത്ര പണം ചെലവഴിക്കേണ്ടി വന്നാലും ചെലവഴിക്കുമെന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ നയം.

പാടങ്ങൾ കരിഞ്ഞുണങ്ങിയിട്ടുണ്ടെന്നതും കൃഷിക്കാർക്ക് വമ്പിച്ച നഷ്ടം സംഭവിച്ചിട്ടുണ്ടെന്നുള്ളതും വസ്തുതയാണ്. അവർക്കാവശ്യമായ നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ ഒരു വീഴ്ചയും വരുത്തില്ല.

ജലസംഭരണികളുടെ ദയനീയ സ്ഥിതിയെക്കുറിച്ചും നദികളുടെ എണ്ണത്തെ സംബന്ധിച്ചും സൂചിപ്പിക്കുകയുണ്ടായി. ഇവയെല്ലാം നാമൊരു അനുഭവപാഠമായി എടുത്ത് വെള്ളം ഒഴുകിപ്പോകാതെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കണം. വെള്ളം സംരക്ഷിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. അതിനുതകുന്ന നടപടികളിലേയ്ക്ക് സർക്കാർ കടക്കും. അങ്ങനെ ചെയ്താൽ മാത്രമേ വെള്ളം തടഞ്ഞ് നിർത്താൻ കഴിയുകയുള്ളൂ. കിണറുകൾ റീ-ചാർജ് ചെയ്യാനും കുളങ്ങളും തോടുകളുമെല്ലാം ശുദ്ധീകരിക്കാനും തുടങ്ങിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ഒരു പ്രത്യേക പ്രശ്നം നിലനിൽക്കുന്നുണ്ട്. അവിടെ കൃഷി നശിച്ച പ്രശ്നം മാത്രമല്ല, രണ്ടാംവിള ഇറക്കിയിട്ടുമില്ല. ഈ ആശങ്കകളുള്ളതിനാലാണ് അവിടെ കൃഷിയിറക്കാതിരുന്നത്. അത്തരത്തിലുള്ള പ്രശ്നങ്ങളിൽ സർക്കാർ ഫലപ്രദമായ നടപടി സ്വീകരിക്കും. വന്യമൃഗങ്ങൾ ചത്തൊടുങ്ങുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. വന്യമൃഗങ്ങൾക്കായാലും വെള്ളം വേണം, വെള്ളം കാട്ടിലില്ലെങ്കിൽ മൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്ന സ്ഥിതിയുണ്ടാകും. അവയ്ക്ക് കാട്ടിൽത്തന്നെ വെള്ളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. അവിടെ ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. കാട്ടിൽ വെള്ളം സംഭരിക്കാൻ കഴിയുന്ന കേന്ദ്രങ്ങളിൽ കുഴികളുണ്ടാക്കി വെള്ളം സംഭരിച്ച് അവിടെനിന്നും മൃഗങ്ങൾക്ക് വെള്ളം കിട്ടുന്ന അവസ്ഥയുണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂരിൽ പുലിയിറങ്ങിയതിനെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. പുലി എങ്ങനെയാണ് കണ്ണൂരിൽ എത്തിയതെന്ന് പുലിയോട് ചോദിക്കാൻ കഴിയില്ല. കണ്ണൂരിൽ പുലി ഇറങ്ങി എന്നുള്ളത് ശരിയാണ്. പുലി സുഖചികിത്സയിലാണെന്നും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

മലമ്പുഴ ഡാമിനടുത്ത് ചത്ത പശുവിനെ കുഴിച്ചിട്ടുവെന്നുള്ളത് ഗൗരവമേറിയൊരു പ്രശ്നമാണ്. ആ നടപടി ഗൗരവമായാണ് സർക്കാർ കാണുന്നത്. അതുസംബന്ധിച്ച് ജില്ലാ ഭരണാധികാരികളെ അറിയിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവിടെ ബോധവൽക്കരണം നടത്തുകയും ജലസ്രോതസ്സിന് സമീപം ഒന്നും മറവ് ചെയ്യാൻ പാടില്ലെന്ന നിലപാട് പൊതുവിൽ നാം സ്വീകരിക്കേണ്ടതുമുണ്ട്.

വനം കത്തിനശിക്കുന്നത് സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. എല്ലാവർഷവും വനം കത്താറുണ്ടെന്നാണ് എല്ലാവരും പറയുന്നത്. ഇത്തവണ ആദ്യമായി വനം കത്തി നശിക്കുന്നത് തടയുന്നതിനുവേണ്ടി എയർഫോഴ്സിനെ സമീപിച്ച് ഹെലികോപ്റ്റർ മുഖേന ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം കത്തിക്കൊണ്ടിരിക്കുമ്പോൾ ആളുകൾക്ക് എന്ത് ചെയ്യാൻ സാധിക്കും? കൂട്ടത്തോടെ മരം കത്തുമ്പോൾ ഏതാനും ആളുകൾക്ക് തീ കെടുത്താൻ സാധിക്കുമോ? അതിന് മുകളിൽനിന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നതാണ് പരിഹാരമാർഗ്ഗം.

ഇനി വനം കത്തുന്ന സ്ഥിതിയുണ്ടാകുമ്പോൾ അപ്പോൾത്തന്നെ ഹെലികോപ്റ്റർ ഉപയോഗിച്ച് തീ കെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഇപ്പോൾ നൽകിയിട്ടുള്ള നിർദ്ദേശം. അതിപ്പോൾ പ്രായോഗികമായിട്ടുണ്ട്. ഇനി അത്തരത്തിലുള്ള നടപടി സ്വീകരിക്കും. ഇത്തരം കാര്യങ്ങളിലൊക്കെ ഫലപ്രദമായ നടപടികൾ തന്നെയാണ് സ്വീകരിച്ചുവരുന്നത്. മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുക എന്നതന്നെയാണ് ആലോചിക്കുന്നത്. മനുഷ്യസാദ്ധ്യമായ കാര്യങ്ങളെന്നു പറയുമ്പോൾ, ക്ലൗഡ് സീഡിംഗ് ഇന്ത്യയിലും വിദേശത്തുമൊക്കെ ഭാഗികമായി വിജയിച്ച പദ്ധതിയാണ്. കരിമേഘങ്ങളെ റഡാർ ഉപയോഗിച്ച് കണ്ടെത്തി മഴ പെയ്യിക്കാനുള്ള കെമിക്കൽ പ്രയോഗമാണത്. അത് ഭാഗികമായി വിജയിക്കുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ വിദേശ വാർത്തകളിൽ ഇത് സജീവമായി നിലനിൽക്കുന്നുണ്ട്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കഴിഞ്ഞ ദിവസം ലണ്ടനിലും ദുബായിലും ഇതുപോലെ മഴ പെയ്യിച്ചു; അത് വളരെ വിജയകരമായി പൂർത്തീകരിച്ചു എന്ന വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, അതാണ് ഞാൻ പരാമർശിച്ചത്. മഴയുടെ ശക്തി വർദ്ധിപ്പിക്കാനുള്ള ശാസ്ത്രീയമായ പരിശ്രമമാണ് നടത്തുന്നത്. ഇത് ആഗോളമായിത്തന്നെ വിജയിച്ചുകൊണ്ടിരിക്കുന്നു. മഹാരാഷ്ട്രയിലും ആന്ധ്രപ്രദേശിലുമൊക്കെ ഇത് പരീക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇത് ചെലവേറിയതാണോ എന്ന കാര്യത്തിൽ സംശയമുണ്ട്. താരതമ്യേന ചെലവ് കുറഞ്ഞതാണെന്ന അഭിപ്രായവും പറയുന്നുണ്ട്. ഇവിടെ പ്രയോഗത്തിൽ വന്നിട്ടില്ല. ഇതിന്റെ മനുഷ്യസാദ്ധ്യമായ എല്ലാ വശങ്ങളും നമുക്ക് പരിശോധിക്കാം. ഇത് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ചേരിതിരിഞ്ഞ് ചർച്ച ചെയ്യേണ്ട വിഷയമല്ല. നമ്മുടെ നാട് നേരിടുന്ന അതീവഗുരുതരമായ പ്രശ്നമാണിത്. എന്ത് നടപടി സ്വീകരിച്ചും ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമങ്ങൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണ്. ഈ വിഷയത്തിൽ ആവശ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുന്നതായിരിക്കും.

<u>മി. സ്പീക്കർ</u>: വൈദ്യുതി വിതരണത്തിൽ ചെറിയ തകരാറുള്ളതിനാൽ അഞ്ച് മിനിട്ട് നേരത്തേയ്ക്ക് സഭ നിർത്തിവയ്ക്കുകയാണ്.

(വൈദ്യുതി വിതരണത്തിലെ തകരാർമൂലം രാവിലെ 10.22-ന് നിർത്തിവച്ച സഭ 10.30-ന് പുനരാരംഭിച്ചു.)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടേയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളം അഭിമുഖീകരിക്കുന്ന അതീവ ഗുരുതരമായ വരൾച്ച സംബന്ധിച്ച് ശ്രീ. ഷാഫി പറമ്പിൽ വളരെ വിശദമായി ഇവിടെ പറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കുറ്റം കൊണ്ടാണോ വരൾച്ചയുണ്ടായതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചു. ഞങ്ങൾ അങ്ങനെ കാണുന്നില്ല. ഏതെങ്കിലും ഗവൺമെന്റിന്റെ കുറ്റം കൊണ്ടല്ല വരൾച്ചയുണ്ടാകുന്നത്. രണ്ട് തരത്തിലാണ് വരൾച്ചയുണ്ടാകുന്നത്. ഒന്ന്, പ്രകൃതി ദുരന്തവും മറ്റൊന്ന് മനുഷ്യനുണ്ടാക്കുന്ന ദുരന്തവുമാണ്. കേരളത്തെ സംബന്ധിച്ച് ഇതുരണ്ടും പ്രസക്തമാണ്. ഇത് രണ്ടുംകൂടി ചേർന്നപ്പോഴാണ് കേരളത്തിൽ ഈ നൂറ്റാണ്ട് കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ വരൾച്ചയുണ്ടായത്. ഒരു ക്രൈസിസ് ഉണ്ടാകുമ്പോൾ ഗവൺമെന്റ് അത് എങ്ങനെ മാനേജ് ചെയ്യുന്നു എന്നതാണ് പ്രധാനം. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. നമ്മളെല്ലാവരും യോജിച്ചുനിന്ന് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തണമെന്നുള്ള അഭിപ്രായത്തോട് ഞങ്ങൾക്ക് വിയോജിപ്പില്ല. പക്ഷേ റവന്യൂ വകുപ്പുമന്ത്രിയാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചുമതല വഹിക്കുന്നത്. ശ്രീ. ഇ. ചന്ദ്രശേഖരൻ സൗമ്യനായ നല്ല വ്യക്തിയാണ്. പക്ഷേ വ്യക്തി നല്ലതായതുകൊണ്ട് കാര്യമില്ല. റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട മന്ത്രി പരാജയപ്പെട്ടു എന്ന് പറയേണ്ടി വരുന്നതിൽ എനിക്ക് വിഷമമുണ്ട്. ഈ സഭ 2016 ഒക്ടോബർ 31-ന് വരൾച്ചയെപ്പറ്റിയുള്ള അടിയന്തരപ്രമേയം പരിഗണിച്ചു. ബഹുമാനപ്പെട്ട അംഗം വി. എസ്. ശിവകുമാറായിരുന്നു അന്ന് പ്രമേയം അവതരിപ്പിച്ചത്. അന്ന് റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ കേരളത്തെ വരൾച്ചാ ബാധിത മേഖലയായി പ്രഖ്യാപിച്ചു. ഇപ്പോൾ അഞ്ച് മാസത്തോളമാകുന്നു. തീരുമാനങ്ങളും പ്രഖ്യാപനങ്ങളും ജില്ലാ കളക്ടർമാരുമായുള്ള വീഡിയോ കോൺഫറൻസിംഗുമൊക്കെ നടന്നു എന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ ജില്ലാ കളക്ടർമാർക്ക് ഇതിനാവശ്യമായ പണം കൊടുത്തിട്ടില്ല. യു.ഡി.എഫ്. ഭരണകാലത്ത് ജില്ലാ കളക്ടർമാർക്ക് ആദ്യഗഡുവായി 5 കോടി രൂപവീതം കൊടുക്കുകയും കളക്ടർമാർക്ക് discretionary power നൽകുകയും ചെയ്തു. എന്തുപറഞ്ഞാലും കിയോസ്കുകൾ സ്ഥാപിക്കുന്ന കാര്യമാണ് പറയുന്നത്. എവിടെയാണ് കിയോസ്കുകൾ വച്ചിട്ടുള്ളത്; കേരളത്തിലെ 140 മണ്ഡലങ്ങളിൽ പല സ്ഥലത്തും കിയോസ്കുകൾ സ്ഥാപിച്ചിട്ടില്ല. കുടിവെള്ളം കിട്ടുന്നില്ല, പ്രത്യേകിച്ച് തീരപ്രദേശങ്ങളിൽ കുടിവെള്ളം ലഭിക്കുന്നില്ല. ജനങ്ങൾ അനുഭവിക്കുന്ന പ്രയാസം വളരെ വലുതാണ്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന എം.എൽ.എ.-മാർ കുടിവെള്ള വിതരണം നടത്തണമെന്ന് കളക്ടർമാരോട് പറഞ്ഞാൽ ലോറികളിൽ കുടിവെള്ളം കൊടുക്കുമെന്നാണ് പറയുന്നത്, എന്നാൽ ഒരു സ്ഥലത്തും കുടിവെള്ളം ലഭിക്കുന്നില്ല എന്നുള്ളത് അതീവഗുരുതരമായ പ്രശ്നമാണ്. ശുദ്ധജലം ലഭിക്കാതെ ജനങ്ങൾ പ്രയാസപ്പെടുന്ന വിഷയത്തിൽ ഞങ്ങൾ രാഷ്ട്രീയം കലർത്തുന്നില്ല. എന്നാൽ ജില്ലാ ഭരണകൂടം ഈ വിഷയം പരിഹരിക്കാനാവശ്യമായ കാര്യങ്ങൾ

ചെയ്യുന്നുണ്ടോ? 5 കോടി രൂപ കൊടുക്കേണ്ട സ്ഥലത്ത് 2 കോടി രൂപ കൊടുത്തതുകൊണ്ട് പ്രയോജനമുണ്ടാകുന്നുണ്ടോ? ആവശ്യമുള്ള പണം കൊടുക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞാൻ അതേ സ്പിരിറ്റിലെടുക്കുന്നു. പണം കൂടുതൽ കൊടുത്തതുകൊണ്ട് കാര്യമില്ല, അവർക്ക് discretionary power-ഉം നൽകണം. എന്നാൽ മാത്രമേ അവർക്ക് ജോലി ചെയ്യാൻ കഴിയുകയുള്ളൂ. വണ്ടികളിൽ വെള്ളമെത്തിക്കണമെങ്കിൽ അവർക്ക് കൊടുക്കേണ്ട ബില്ലുകൾ യഥാസമയം പാസ്സാക്കിക്കൊടുക്കണം. കേരളത്തെ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ട് അഞ്ചുമാസത്തോളമായെങ്കിലും മന്ത്രി അക്കാര്യം മറന്നുപോയെന്നാണ് എനിക്ക് തോന്നുന്നത്. ഞങ്ങൾ കഴിഞ്ഞ തവണ വാക്കൗട്ട് പോലും നടത്താതെ ഗവൺമെന്റിനോട് സഹകരിച്ചവരാണ്. വരൾച്ചാ ദുരിതാശ്വാസത്തിനുവേണ്ടി ജില്ലാ കളക്ടർമാരും മന്ത്രിമാരും വിളിച്ചുകൂട്ടിയ യോഗങ്ങളിൽ എല്ലാവരും പങ്കെടുത്തിരുന്നു. പക്ഷേ ജില്ലാതലങ്ങളിൽ നടപ്പാക്കേണ്ട കാര്യങ്ങളൊന്നും നടക്കുന്നില്ല. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ആവശ്യമായ സ്ഥലങ്ങളിൽ എക്സ്റ്റൻഷൻ ലഭിക്കുന്നില്ല. കുടിവെള്ളം എത്തിക്കേണ്ട സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കാത്ത പരാതികളും നിലനിൽക്കുന്നു. കേരളം കണ്ട ഏറ്റവും വലിയ കൃഷിനാശമാണ് ഇത്തവണയുണ്ടായതെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി പറഞ്ഞു. മുപ്പതിനായിരത്തോളം ഹെക്ടർ സ്ഥലത്ത് ഉപ്പുവെള്ളം കയറി കൃഷി നശിച്ചത് ആരുടെ കുറ്റം കൊണ്ടാണ്? എന്തുകൊണ്ടാണ് ജലസേചന വകുപ്പ് ഓരുമുട്ടിടാഞ്ഞത്? രാജാക്കൻമാരുടെ ഭരണകാലം മുതൽ എല്ലാ കാലഘട്ടങ്ങളിലും സമയബന്ധിതമായി ഇടുന്ന മുട്ടുകൾ ഇടാത്തതുകൊണ്ട് മുപ്പതിനായിരത്തോളം ഹെക്ടർ സ്ഥലത്തെ കൃഷിയാണ് നശിച്ചത്. പൊന്നാനി, തൃശ്ശൂർ കോൾനിലങ്ങൾ, അപ്പർ കുട്ടനാട് മേഖല, എന്റെ നിയോജകമണ്ഡലമായ ഹരിപ്പാടുൾപ്പെടെയുള്ള സ്ഥലങ്ങളിൽ കൃഷി നശിച്ചു. പല സ്ഥലങ്ങളിലും കൃഷി നശിച്ചതിന്റെ പ്രധാനപ്പെട്ട കാരണം കൃഷിസ്ഥലത്ത് ഓരു കയറാതിരിക്കാനുള്ള മുട്ടിടാത്തതാണ്. എല്ലാ ജില്ലകളിലും ഇതുപോലുള്ള പ്രതിസന്ധികൾ നിലനിൽക്കുകയാണ്. കേന്ദ്ര ആഭ്യന്തര മന്ത്രിയെ കാണുന്നതിനുള്ള അപ്പോയിന്റ്മെന്റിനുവേണ്ടി ഡൽഹിയിൽ സ്പെഷ്യൽ റെപ്രസെന്റേറ്റീവിനോട് ചോദിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു കേട്ടപ്പോൾ വലിയ വിഷമം തോന്നി. അങ്ങൊരു ഉത്തരവാദപ്പെട്ട മന്ത്രിയാണ്. അങ്ങ് ഇങ്ങനെ പറഞ്ഞത് വളരെ ബാലിശമായിപ്പോയി. ആഭ്യന്തര മന്ത്രിയെ കാണണമെങ്കിൽ അങ്ങ് ഡൽഹിയിൽ പോകുകയാണ് ചെയ്യേണ്ടത്. ആഭ്യന്തര മന്ത്രിയെ കാണാൻ പ്രയാസമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇത്രയും ദിവസമായിട്ടും എന്തുകൊണ്ടാണ് മെമ്മോറാണ്ടം കൊടുക്കാഞ്ഞത്; അങ്ങ് പറയുന്നത് ഈ സമയത്ത് കേന്ദ്രസംഘം കേരളം സന്ദർശിച്ചാൽ ഇവിടെ പച്ചപ്പുള്ളതിനാൽ നമുക്ക് ദോഷമാകുമെന്നാണ്. അത് ശരിയല്ല. കേരളത്തിലെ വരൾച്ചയും വടക്കേ ഇന്ത്യയിലെ വരൾച്ചയും തമ്മിൽ വ്യത്യാസമുണ്ട്. കേരളത്തിലെ ജലാശയങ്ങൾ പരിപൂർണ്ണമായി വറ്റിവരളാറില്ലെന്നത് കേന്ദ്ര സംഘത്തിനും

അറിയാവുന്ന കാര്യമാണ്. രാജസ്ഥാനിലോ ഉത്തർപ്രദേശിലോ മധ്യപ്രദേശിലോ ഉണ്ടാകുന്ന വരൾച്ചയുടെ സ്വഭാവമല്ല കേരളത്തിലുള്ളത്. കേരളത്തിൽ നാണ്യവിളകളും കൃഷിയും നശിക്കുകയും ജലാശയങ്ങളും കിണറുകളും വറ്റിവരളുകയും ജലസ്രോതസ്സുകളില്ലാതാകുകയും ജനങ്ങൾ കുടിവെള്ളത്തിന് ബുദ്ധിമുട്ടുകയും ചെയ്യുന്നു. വടക്കേ ഇന്ത്യയിൽ ഉത്തർപ്രദേശിൽ 50 കിലോമീറ്റർ നടന്നുപോയിവേണം വെള്ളം ശേഖരിക്കാൻ. അവിടത്തെയും നമ്മുടെയും സാഹചര്യം വ്യത്യസ്തമാണ്. അത് കേന്ദ്രത്തിന് മനസ്സിലാകും. ഇന്നും ഇന്നലെയുമല്ല കേരളത്തിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുണ്ടാകുന്നത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ആ വാദം ശരിയല്ല. ഈ സ്ഥിതിവിശേഷത്തെ ലാഘവബുദ്ധിയോടുകൂടി കണ്ടു എന്നത് ഗുരുതരമായ പ്രശ്നം തന്നെയാണ്. അതുകൊണ്ടാണ് ഞങ്ങൾ ഈ വിഷയം വളരെ ഗൗരവമായി അവതരിപ്പിക്കുന്നത്. നിങ്ങൾ മെമ്മോറാണ്ടം നേരത്തെ കൊടുത്തിരുന്നെങ്കിൽ കേന്ദ്രസംഘം കേരളം സന്ദർശിക്കുമായിരുന്നു. വയനാട്ടിൽ മണ്ണിരകൾപോലും മരിക്കുന്നതിന്റെ കാരണം കാലാവസ്ഥയിലുണ്ടാകുന്ന മാറ്റമാണ്. കാട്ടുതീയുടെ കാര്യം പറഞ്ഞു, ഈ സഭയിൽ തന്നെ ഇതുസംബന്ധിച്ച് ഞാൻ സബ്മിഷൻ അവതരിപ്പിച്ചിരുന്നു. വനം വകുപ്പുമന്ത്രിയോട് ഈ വിഷയം ഗൗരവമായി കാണണമെന്ന് ഞാൻ പറഞ്ഞിരുന്നു. അദ്ദേഹം ഗൗരവമായെടുത്തോയെന്ന് എനിക്കറിയില്ല. ഏതായാലും കാട്ടുതീ പടരുകയാണ്. ഇവിടെ ജൈവവൈവിധ്യങ്ങൾ തകരുകയും പക്ഷിമൃഗാദികൾ നശിക്കുകയും ചെയ്യുന്നു. മലബാർ കളക്ടറായിരുന്ന വില്യം ലോഗൻ 130 വർഷം മുമ്പ് എഴുതിയ മലബാർ മാന്വലിൽ, മഴ ഇനി എപ്പോഴുണ്ടാകുമെന്ന് ഒരാളോട് അന്വേഷിച്ചപ്പോൾ മാർച്ച് 22-ന് ഉച്ചതിരിഞ്ഞ് രണ്ട് മണിക്ക് എന്ന് അളന്നുമുറിച്ച ഉത്തരം കിട്ടിയതായി പറയുന്നുണ്ട്. അതുപോലെ തന്നെ സംഭവിക്കുകയും ചെയ്തു. ഈ സ്ഥിരത ഇന്ന് നമുക്കില്ല. പണ്ടുള്ള ആളുകൾ ഇന്ന ദിവസം മഴ പെയ്യുമെന്ന് പറയുമായിരുന്നു. ഇന്നത് പറയാൻ കഴിയുന്നില്ല. കാരണം പ്രകൃതിയിലുണ്ടായ മാറ്റമാണ്. അതോടൊപ്പം നമ്മൾ തന്നെ പ്രകൃതിക്കേൽപ്പിച്ച ആഘാതം, കാലാവസ്ഥാ വ്യതിയാനം ഇതെല്ലാംകൂടി കണക്കിലെടുത്താൽ അതീവഗുരുതരമായ സാഹചര്യമാണുള്ളത്. കാലവർഷവും ഇടവപ്പാതിയും ചതിച്ചു, വേനൽ മഴ കിട്ടുമെന്ന് കരുതിയെങ്കിലും വേനൽ മഴയും ലഭിക്കാതെയായി. വറ്റിവരണ്ടുണങ്ങുന്ന ഭാരതപ്പുഴയുടെ ചിത്രം മലയാള ദിനപത്രത്തിൽ കാണാനിടയായി. കേരളത്തിന്റെ സാംസ്കാരികത്തനിമയുടെ ഏറ്റവും ഉദാത്തമായ ഉദാഹരണമാണ് ഭാരതപ്പുഴ. 44 നദികളിൽ മിക്കവാറും നദികളെല്ലാം വരണ്ടുണങ്ങിപ്പോയിരിക്കുകയാണ്. അതീവ ഗുരുതരമായ ഈ വിഷയത്തെ നമ്മൾ എങ്ങനെ കാണുന്നുവെന്നുള്ളതാണ് പ്രശ്നം. ബഹുമാന്യനായ മുഖ്യമന്ത്രി കണ്ണൂരിൽ പുലി ഇറങ്ങിയതിനെക്കുറിച്ച് പറഞ്ഞു. കുടിക്കാൻ വെള്ളം കിട്ടാത്തതുകൊണ്ടാണ് പുലി നാട്ടിലേയ്ക്ക് ഇറങ്ങുന്നത്. മറ്റ് മൃഗങ്ങളും കാട്ടിൽ നിന്ന് നാട്ടിലേയ്ക്ക് ഇറങ്ങുന്നു. കാട്ടാനയുടെ ശല്യമാണ് മറ്റൊരു പ്രശ്നം. ശ്രീ. സണ്ണി ജോസഫിന്റെ മണ്ഡലത്തിൽ

ഒരു കർഷകനെ ആന ചവിട്ടിക്കൊന്നു. ഞാനവിടെ പോയിരുന്നു. അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്, ആനക്കൂട്ടങ്ങൾ കുടിവെള്ളത്തിനായി ഇറങ്ങാറുണ്ടെന്നാണ്. മൃഗങ്ങൾക്കും മനുഷ്യർക്കും ഒരുപോലെ ഗുരുതരമായ പ്രശ്നമായി ഇത് മാറിയിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായെടുത്ത് നിയമസഭ ചർച്ച ചെയ്യണം. പ്രകൃതിയുടെ മാറ്റം, ഭൂമിയുടെയും കടലിന്റെയും ചൂട് ഇതെല്ലാം ഗൗരവമായി എടുക്കേണ്ട കാര്യങ്ങളാണ്. സാധാരണഗതിയിൽ കണിക്കൊന്ന പൂഷ്പിക്കുന്നത് ഏപ്രിൽ മാസത്തിലാണ്. ഇപ്പോൾ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കണിക്കൊന്ന പുഷ്പിക്കുന്നതായി കാണുന്നു. പ്രകാശത്തിന്റെ തീവ്രത കൂടുമ്പോഴാണ് കണിക്കൊന്ന പുഷ്പിക്കുന്നത്. ഏപ്രിൽ മാസത്തെ ചൂട് ഫെബ്രുവരി മാസത്തിൽ അനുഭവപ്പെടുകയും ചെടികളുടെ ആന്തരിക ഘടനയിൽ ചൂടുമൂലം വ്യത്യാസം വരികയും ചെയ്യുന്നു. ഇത് വൻ വരൾച്ചയുടെ ലക്ഷണമാണ് ചൂണ്ടിക്കാണിക്കുന്നത്. ഈ നൂറ്റാണ്ട് കണ്ടിട്ടുള്ളതിൽ ഏറ്റവും വലിയ വരൾച്ചയുണ്ടാകുമ്പോൾ ഗവൺമെന്റ് അത് ഗൗരവത്തോടെയെടുക്കുകയും ജില്ലാ ഭരണകൂടത്തെ അലെർട്ട് ചെയ്ത് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുകയും ചെയ്യണ മെന്നുള്ളതാണ് ഞങ്ങൾ പറഞ്ഞതിന്റെ ഉദ്ദേശ്യം. കുടിവെള്ളം ലഭിക്കാത്ത പ്രശ്നത്തിന് നമ്മൾ കോൺഫറൻസ് കൂടിയിട്ട് കാര്യമില്ല; ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. രണ്ടാം തവണയും ഇക്കാര്യം ഇവിടെ ചർച്ച ചെയ്യേണ്ടി വന്നത് വളരെ ദൗർഭാഗ്യകരമായിപ്പോയി. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടുകളോട് ഞങ്ങൾക്ക് തൃപ്തിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. അക്കാര്യങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. പ്രഖ്യാപനങ്ങളൊക്കെ നടത്തിയിട്ടും നാട്ടിൽ ജനങ്ങൾക്ക് കുടിവെള്ളം കിട്ടാത്തതും പ്രഖ്യാപിച്ച മേഖലകളിൽ വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വൻതോതിലുള്ള ജലചൂഷണം നടക്കുമ്പോൾ അത് തടയാൻ കഴിയാതെ വരുന്നതും വളരെ ഖേദകരമാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വ്യാവസായിക ആവശ്യത്തിന് ജലചൂഷണം നടക്കുന്നുവെന്ന് പറയുന്ന പ്രദേശത്തെ കുറിച്ച്, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച പാലക്കാട്- കൊക്കകോള കമ്പനിയുടെ കാര്യത്തിൽ, ജില്ലാ ദുരന്ത നിവാരണ സമിതിയെടുത്ത തീരുമാനമനുസരിച്ച്, കളക്ടറുടെ ഉത്തരവുപ്രകാരം അവിടെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വെള്ളത്തിന്റെ 75 ശതമാനം കുറയ്ക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച കാര്യമായതുകൊണ്ട് ഞാൻ പറയുകയാണ്. 52.31 കോടി രൂപ ഇപ്പോഴും വിവിധ ജില്ലകളിലായി കുടിവെള്ള വിതരണത്തിനായി അനുവദിച്ചതിൽ അവശേഷിക്കുന്നു. തുകയൊന്നുമില്ലെന്ന രീതി ശരിയല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ദൃശ്യമാധ്യമങ്ങളിലടക്കം തിരുവനന്തപുരം ജില്ലപോലെ പല സ്ഥലങ്ങളിൽ നിന്നും ഇത്തരം കുടിവെള്ള ചൂഷണം നടക്കുന്നുവെന്ന വാർത്ത വന്നതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത്. അങ്ങ് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ നല്ല കാര്യം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് കാര്യങ്ങൾ പറഞ്ഞു. ഒന്ന്, ക്ലൗഡ് സീഡിംഗിനെക്കുറിച്ചാണ്. ക്ലൗഡ് സീഡിംഗ് മഹാരാഷ്ട്രയിലും കർണ്ണാടകയിലും വിദേശ രാജ്യങ്ങളിലും പരീക്ഷണം നടത്തി വിജയിച്ചിട്ടുള്ളതാണ്. കേരളത്തിൽ മഴക്കാറ് കൂടുതൽ സജീവമായി നിൽക്കുന്നതുകൊണ്ട് ഉപ്പ് ഉപയോഗിച്ച് നടത്തുന്ന ക്ലൗഡ് സീഡിംഗ് ഫലപ്രദമാണെന്നുള്ളതാണ് പുതിയ വിലയിരുത്തൽ. മാത്രമല്ല, ശാസ്ത്രീയമായി പരീക്ഷിച്ചിട്ടുള്ളവർ പറയുന്നത്, ഉപ്പ് ഉപയോഗിച്ച് ശാസ്ത്രീയമായി ചെയ്യുന്നത് കേരളത്തിൽ പ്രായോഗികമാണെന്നാണ്. കൂടുതൽ പണച്ചെലവില്ലെന്ന അഭിപ്രായവും ശരിയാണ്. തീർച്ചയായും കേരളത്തിൽ ക്ലൗഡ് സീഡിംഗ് പരീക്ഷിക്കണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം. രണ്ടാമത്, കടൽ വെള്ളവും പാറമടയിലെ വെള്ളവും ശുദ്ധീകരിച്ച് ആളുകൾക്ക് കുടിവെള്ളമായി കൊടുക്കാൻ കഴിയുമോയെന്നുള്ളത് ഗൗരവമായി പരിശോധിക്കണം. അങ്ങയുടെ നിർദ്ദേശങ്ങളോട് യോജിക്കുന്നുണ്ടെങ്കിലും ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടുപുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് കൂടുതൽ സംസാരിച്ചിട്ട് കാര്യമില്ല, ഞാൻ ഒറ്റക്കാര്യം മാത്രമേ പറയുന്നുള്ളൂ. ഇപ്പോഴത്തെ വസ്തുത ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മനസ്സിലാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പറഞ്ഞു. വരൾച്ചയെ നേരിടാനുള്ള ഒരുക്കം നടന്നതായി പഞ്ചായത്ത് പ്രസിഡന്റുമാരോ എം.എൽ.എ.-മാരോ പറയുന്നില്ല. കളക്ടറേറ്റിൽ അന്വേഷിക്കുമ്പോൾ ഫണ്ട് വന്നിട്ടില്ലെന്നാണ് പറയുന്നത്. വരൾച്ച ആയിട്ടില്ലെന്നുള്ളതാണ് അങ്ങയുടെ മറുപടിയിൽ പ്രതിഫലിക്കുന്നത്. ഇപ്പോൾ കേന്ദ്രസംഘം വന്നാൽ വെള്ളമുണ്ടെന്ന ധാരണ ശരിയല്ല. ജലസേചന വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ഇവിടെയുണ്ട്. ഇപ്പോഴുള്ള വെള്ളം ഒഴുകിപ്പോകാതെ തടയണയോ മറ്റോ കെട്ടി സംരക്ഷിക്കാതിരുന്നാൽ എവിടെ നിന്നാണ് വെള്ളം കിട്ടുന്നത്? കുറച്ചുകൂടി വരൾച്ച വരട്ടെ, യു.പി. യിലെ തെരഞ്ഞെടുപ്പ് കഴിയട്ടെ, കത്തെഴുതിയിട്ടുണ്ട്, ആഭ്യന്തര വകുപ്പുമന്ത്രിയുടെ അപ്പോയിന്റ്മെന്റ് ചോദിച്ചിട്ടുണ്ട് തുടങ്ങിയ കാര്യങ്ങളാണ് ഇവിടെ പറയുന്നത്. കുറച്ചുകൂടി ഭൂമി വരണ്ടാലേ ആഭ്യന്തര സംഘം വന്നിട്ട് കാര്യമുള്ളൂവെന്ന് പറയുന്നത് അപകടമാണ്. വേണ്ടത്ര വരൾച്ച

ആയിക്കഴിഞ്ഞു. ഇനി നീർച്ചാൽപോലെ ഒഴുകുന്ന വെള്ളം തടഞ്ഞുനിർത്താൻ ശ്രമിച്ചില്ലെങ്കിൽ സോഴ്സിൽ വെള്ളമുണ്ടാകില്ല. സോഴ്സിൽ വെള്ളമില്ലെങ്കിൽ എവിടെ നിന്ന് ലോറികളിൽ വെള്ളം ശേഖരിച്ച് വിതരണം നടത്തും? കിയോസ്ക് എല്ലാത്തിനുമുള്ള പരിഹാരമാണെന്ന അങ്ങയുടെ ധാരണ ശരിയല്ല. കാരണം, ഇവിടെ ഏറ്റവും അടിയന്തര പ്രശ്നമെന്നുപറയുന്നത് വരൾച്ചയുടെ ഗൗരവം ഉൾക്കൊണ്ട് ശരിയായ കോ-ഓർഡിനേഷൻ കൊണ്ടുവരണമെന്നുള്ളതാണ്. മന്ത്രിമാർക്ക് ജില്ലയിൽ ചാർജ്ജുണ്ടെങ്കിൽ ഇതൊക്കെ നടപ്പിലാക്കാനാവശ്യമായ ഫണ്ട് കൊടുക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ബെസ്റ്റ് കോ-ഓർഡിനേഷൻ നടത്തുകയും ചെയ്യണം. അതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഗൗരവം ഉൾക്കൊണ്ട പ്രവർത്തനം കാര്യങ്ങൾ നടപ്പാക്കുന്നതിലും മറുപടിയിലും കാണുന്നില്ലെന്നുള്ളതാണ് നമുക്ക് ലഭിച്ച മെസേജ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടുപുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, അതിരൂക്ഷമായ വരൾച്ചയാണെന്ന് എല്ലാവരും പറയുന്നു. 72 ശതമാനം കിണറുകളിലെയും വെള്ളം വറ്റിയിരിക്കുന്നു. പ്രകൃതിക്ക് വരൾച്ച ഉണ്ടായാലും ഗവൺമെന്റിന് വരൾച്ചയുണ്ടാകാൻ പാടില്ല. കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് പറയുന്നു. പല പഞ്ചായത്തുകളിലും കുടിവെള്ള വിതരണം ശരിയായി നടക്കുന്നില്ലെന്ന് അന്വേഷിച്ചാൽ മനസ്സിലാകും. ആളുകൾ കുടിവെള്ളത്തിനുവേണ്ടി ബുദ്ധിമുട്ടുകയാണ്. വാട്ടർ അതോറിറ്റി കരാറുകാർക്ക് പണം കൊടുത്തിട്ടില്ലാത്തതിനാൽ അവർ പണി നിർത്തിവച്ചിരിക്കുന്നു. എല്ലായിടത്തും സ്തംഭനമാണ് കാണുന്നത്. ഗവൺമെന്റ് തുറന്ന മനസ്സോടുകൂടി കാര്യങ്ങൾ കാണണം. കുറ്റപ്പെടുത്താൻവേണ്ടി പ്രതിപക്ഷം പറയുന്നതല്ല. വളരെ ഗൗരവത്തോടെ കാണേണ്ട ഈ വിഷയത്തിന് എത്രയുംവേഗം പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കോൺഫറൻസ് നടത്തുന്നതും ഉദ്യോഗസ്ഥരെ നിയമിക്കുന്നതും നല്ല കാര്യമാണ്. കാര്യത്തിലേയ്ക്കുവന്ന് ഫലമുണ്ടാകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ടും ഗവൺമെന്റ് കാണിക്കുന്ന ഉദാസീനതയിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടുപുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെയൊരു ചെറിയ രീതിയിലുള്ള ചർച്ച നടന്നത് നല്ല കാര്യമാണ്. റെഗുലറായി ഉണ്ടാകുന്ന ഈ പ്രശ്നത്തിന് ലോംഗ്ടേം കാഴ്ചപ്പാടിൽ പരിഹാരമുണ്ടാക്കാനുള്ള നിർദ്ദേശങ്ങൾ വരുന്നില്ല. ചില നിർദ്ദേശങ്ങൾ കൊടുക്കുകയും കുറച്ച് പണം വിതരണം ചെയ്യുകയും ചില കാര്യങ്ങൾ ചെയ്യുകയും അടിസ്ഥാന കാര്യങ്ങളെപ്പറ്റി പരാമർശം നടത്തുകയും ചെയ്തെങ്കിലും അതുകൊണ്ട് പരിഹാരം ആകുന്നില്ല. ഇന്ന് മണലാരണ്യമായിട്ടുള്ള രാജസ്ഥാന്റെ പല ഭാഗത്തും കേരളത്തിലുണ്ടായിരുന്നതിനേക്കാൾ കൂടുതൽ മരങ്ങൾ ഉണ്ടായിരുന്നതാണ്. അശ്രദ്ധകൊണ്ടാണ് ഇന്നത്തെ രീതിയിലായി തീർന്നത്. അതിന്റെ പാഠം നാം ഉൾക്കൊള്ളണം. ഗൾഫിൽ വെള്ളത്തിന് ക്ഷാമമില്ലെന്നുള്ളതാണ് അവിടെ പോയപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. കാരണം, കടൽവെള്ളം ശുദ്ധീകരിച്ച് പ്രയോജനപ്പെടുത്താനുള്ള സംവിധാനങ്ങൾ അവർ ആവിഷ്കരിച്ചിട്ടുണ്ട്. നമുക്ക് എന്തുകൊണ്ട് അതിനെക്കുറിച്ച് പഠനം നടത്തിക്കൂടാ? ഇത്തരത്തിലുള്ള ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടുകൂടി ഉണ്ടാകണമെന്ന സജഷൻ മാത്രമാണ് എനിക്ക് പറയാനുള്ളത്. ഒരു മിനിചർച്ച നടന്ന സാഹചര്യത്തിൽ ഞാൻ കൂടുതൽ സംസാരിക്കുന്നില്ല.

## III പ്രസ്താവന

### കേന്ദ്രസർക്കാരിന്റെ കേരളത്തോടുള്ള അവഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർവ്വകക്ഷി യോഗ തീരുമാനപ്രകാരം 2017 മാർച്ച് 20-നോ 21-നോ കേരളത്തിൽ നിന്നുള്ള സർവ്വകക്ഷി സംഘത്തിന് പ്രധാനമന്ത്രിയെ കാണാനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രധാനമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെടുന്നതിന് ഡൽഹിയിലുള്ള റസിഡന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി. ആദ്യം 20-ാം തീയതി സന്ദർശനാനുമതി ലഭിക്കുമെന്നായിരുന്നു പ്രതീക്ഷിച്ചത്. ഇപ്പോൾ നിഷേധാത്മകമായ മറുപടിയാണ് വന്നിട്ടുള്ളത്. അതിൽ പറയുന്നത് 'The Hon'ble Prime Minister's Office has regretted conveying unavailability of Hon'ble Prime Minister for a meeting due to his busy schedule. It has also been informed that Hon'ble Prime Minister has suggested to meet the Hon'ble Union Home Minister or Finance Minister for the above purpose' എന്നാണ്. 20-നോ 21-നോ അസൗകര്യമാണെങ്കിൽ മറ്റൊരു ദിവസമാകുന്നതിന് നമുക്ക് തടസ്സമില്ല. അത്തരമൊരു നിലപാട് പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്നുണ്ടായിട്ടില്ല. പ്രധാനമന്ത്രിയുടെ ഓഫീസ് ഇത് നിഷേധിക്കുന്നത് ഉറപ്പായും പ്രധാനമന്ത്രിയുമായി സംസാരിച്ചതിനുശേഷമായിരിക്കും. കേരളത്തിൽ നിന്നുള്ള സർവ്വകക്ഷി സംഘത്തെ കാണാൻ പ്രധാനമന്ത്രിക്ക് മനസ്സില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ഇത് അങ്ങേയറ്റം

പ്രതിഷേധാർഹമായ കാര്യമാണ്. ആഭ്യന്തര വകുപ്പുമന്ത്രിയേയോ ധനമന്ത്രിയേയോ കാണാനാണ് ഉപദേശം. പ്രധാനമന്ത്രിയെ കാണാൻ അനുമതി ചോദിച്ചത് അദ്ദേഹത്തിന്റെ പാർട്ടി അടക്കമുള്ള ഇവിടത്തെ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ പോയി കാണാനാണ്. അനുമതി നിഷേധിച്ചത് ജനാധിപത്യത്തിനും ഫെഡറലിസത്തിനും യോജിച്ച നടപടിയല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിന്റെ വിവിധ പ്രശ്നങ്ങളുന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സർവ്വകക്ഷി യോഗത്തിന്റെ തീരുമാനമായിരുന്നു കേന്ദ്രത്തിൽ പോയി പ്രധാനമന്ത്രിയെക്കണ്ട് ഈ വിഷയങ്ങൾ സംസാരിക്കണമെന്നുള്ളത്. അത് കേരളത്തിന്റെ പൊതുവായ ആവശ്യങ്ങളെ മുൻനിർത്തിക്കൊണ്ടായിരുന്നു. പ്രധാനമന്ത്രി ആദ്യത്തെ തവണയല്ല കേരളത്തിൽനിന്നുള്ള ആൾ പാർട്ടി ഡെലിഗേഷന് കാണാനുള്ള അവസരം നിഷേധിക്കുന്നത്. ഇൻഡ്യയുടെ മഹത്തായ ജനാധിപത്യ സംവിധാനത്തിൽ എല്ലാ പ്രധാനമന്ത്രിമാരും ഏതെങ്കിലുമൊരു സംസ്ഥാനത്തുനിന്ന് ആൾ പാർട്ടി ഡെലിഗേഷൻ കാണണമെന്നാഗ്രഹം പ്രകടിപ്പിച്ചാൽ അത് അനുവദിച്ചിട്ടുള്ള ചരിത്രമാണ് നമുക്കുള്ളത്. ദീർഘകാലത്തെ ഇൻഡ്യയുടെ ജനാധിപത്യ ചരിത്രത്തിൽ അത്തരമൊരു കീഴ്വഴക്കമാണ് തുടർന്നുവരുന്നത്. പക്ഷെ അതിന് വിരുദ്ധമായിട്ടാണ് ഇപ്പോഴത്തെ പ്രധാനമന്ത്രിയുടെ നിലപാടുകൾ. കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പ്രതിനിധികൾ ഡൽഹിയിലെത്തി പ്രധാനമന്ത്രിയെ കാണണമെന്ന് പറയുന്നത് അത്ര അപരാധമാണോ; കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടിയല്ലേ നമ്മളവിടെ പോകുന്നത്? ഒരു ഫെഡറൽ സംവിധാനത്തിൽ പ്രധാനമന്ത്രി പാലിക്കേണ്ട ന്യായമായ രീതിയല്ലേ അത്. ശ്രീ. നരേന്ദ്ര മോദി സ്വീകരിക്കുന്ന ഈ ഏകാധിപത്യ നടപടി ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. നോട്ട് പിൻവലിച്ചതുമായി ബന്ധപ്പെട്ട പ്രശ്നമുണ്ടായപ്പോൾ ഈ സഭ ചേർന്ന് ഒരു പ്രമേയം പാസ്സാക്കി പ്രധാനമന്ത്രിയെ കാണാൻ അനുമതി ചോദിച്ചപ്പോൾ അന്നും തന്നില്ല. അത് ചിലപ്പോൾ പ്രധാനമന്ത്രി എടുത്ത തീരുമാനത്തിനെതിരായതു കൊണ്ട് അദ്ദേഹം കാണാൻ അനുവദിക്കാത്തത് മനസ്സിലാക്കാം. കേരളത്തിന്റെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി പ്രധാനമന്ത്രിയെ കാണാൻ സർവ്വകക്ഷി സംഘം പോകുമ്പോൾ അത് പാടില്ല എന്നുപറയുകയും അതിനേക്കാളുപരിയായി വേണമെങ്കിൽ നിങ്ങൾ ധനകാര്യ മന്ത്രിയേയോ ആഭ്യന്തര മന്ത്രിയേയോ കാണണമെന്ന് പറയുകയും ചെയ്യുന്നത് കേരളത്തെ പ്രധാനമന്ത്രി അപമാനിച്ചുവെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ഇതംഗീകരിക്കാൻ നിവൃത്തിയില്ല. ഇതിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തുന്നു. പ്രധാനമന്ത്രി തന്റെ നിലപാടുകൾ തിരുത്തണം. ഇത് ഏകാധിപത്യപരമാണ്, ഫെഡറൽ സംവിധാനത്തോടുള്ള അവഹേളനമാണ്. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്നുള്ള കാര്യം അടിവരയിട്ട് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പ്രധാനമന്ത്രിയെ കാണാൻ പോകാം എന്നുപറഞ്ഞത് കേരളത്തിനുള്ള അൽപ്പം ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും കാര്യം പറയാനാണ്. അല്ലാതെ രാഷ്ട്രീയപരമായല്ല. അതായത് അരിയുടെ പ്രശ്നം, വരൾച്ച ഇതിനെപ്പറ്റിയൊക്കെ സംസാരിക്കാൻ കേരളത്തിലുള്ള മുഴുവൻ കക്ഷികളും കാണാൻ വരുന്നു, വേറെ നിർവ്വാഹമില്ലാത്തതുകൊണ്ട് കനിയണമെന്നു പറയാനാണ്. ആ സമയത്താണ് ഇങ്ങോട്ട് വരേണ്ട എന്നുപറയുന്നത്. ഇത് തികഞ്ഞ ധാർഷ്ട്യമാണ്. ജനാധിപത്യത്തിന് ചേർന്നതല്ല. വളരെ മോശമാണ്. നമ്മളോടല്ല, കേരളത്തിലെ മുഴുവൻ ജനങ്ങളോടാണ് പറയുന്നത്. നിങ്ങൾക്ക് ഭക്ഷണവും വെള്ളവുമില്ലെങ്കിലും കുഴപ്പമില്ല, ഇങ്ങോട്ട് വരേണ്ട. ഇതുതന്നെയാണ് സമീപനം. അത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ജനങ്ങൾ മൊത്തം ഇതിൽ പ്രതിഷേധിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ഒ. രാജഗോപാൽ: സർ, തികച്ചും രാഷ്ട്രീയപരമായിട്ടുള്ള ഒരു സമീപനമാണിത്. കേരളത്തിൽനിന്നുള്ള സർവ്വകക്ഷി സംഘത്തെ കാണാൻ തയ്യാറല്ലെന്ന് പ്രധാനമന്ത്രി പറഞ്ഞിട്ടില്ല. രണ്ടു ദിവസം കേരള ഗവൺമെന്റ് നിർദ്ദേശിച്ചപ്പോൾ ആ രണ്ട് ദിവസങ്ങളിലെ അസൗകര്യം അറിയിക്കുകയും അടിയന്തര കാര്യമാണെങ്കിൽ ആഭ്യന്തര വകുപ്പുമന്ത്രിയേയോ ധനകാര്യ വകുപ്പുമന്ത്രിയേയോ കാണാൻ നിർദ്ദേശിക്കുകയുമാണുണ്ടായത്. കേരളവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂട്ടുത്തരവാദിത്വ സംവിധാനത്തിൽ അവിടെ അറിയിച്ചാലും മതിയാകും. പ്രധാനമന്ത്രിക്ക് തീർച്ചയായും വളരെയേറെ തിരക്കുള്ളതാണ്. പാർലമെന്റ് സമ്മേളനം നടക്കുന്നു. ... (ബഹളം)....

മി. സ്പീക്കർ: അങ്ങേയ്ക്ക് അറിവുണ്ടായിരുന്നോ?

ശ്രീ. ഒ. രാജഗോപാൽ: സർ, നമ്മളൊരു ഡേറ്റ് നിശ്ചയിച്ച് ആ ഡേറ്റിന് കാണണമെന്ന് പറയുമ്പോൾ അന്ന് സാധിക്കില്ലെങ്കിൽ അടിയന്തര കാര്യമാണെങ്കിൽ അതിനുപകരം മറ്റൊരാളെ കാണണമെന്ന് പറയുന്നതിൽ എന്ത് തെറ്റാണുള്ളത്? വെറും രാഷ്ട്രീയ ലക്ഷ്യംവച്ചുകൊണ്ട് പ്രധാനമന്ത്രിയെ നിരന്തരമായി ആക്ഷേപിക്കുന്ന ഒരു സമ്പ്രദായം ഇവിടെ നിലവിലുണ്ട്; അതിന്റെ ഭാഗമാണിത്. കുറ്റം പറയേണ്ട യാതൊരാവശ്യവുമില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. പ്രധാനമന്ത്രിയുടെ അധികാരങ്ങൾ ഡെലിഗേറ്റബിൾ അല്ല. അത് ആഭ്യന്തര മന്ത്രിക്കോ മറ്റൊരു മന്ത്രിക്കോ വീതംവച്ച് കൊടുക്കാൻ സാധിക്കില്ല. തികച്ചും ഭരണഘടനാവിരുദ്ധവും ഇന്റർപ്രെട്ടഡ് ലെജിസ്ലേഷന്റെ കടകവിരുദ്ധവുമായിട്ടുള്ള തത്വമാണ്. അതംഗീകരിക്കാൻ കഴിയില്ല. ഇന്നലെ ഇവിടെ മുഖ്യമന്ത്രിയ്ക്കുണ്ടായ വധഭീഷണിയെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ

അങ്ങിവിടെ ഇല്ലായിരുന്നു. എന്നിട്ട് ടെലിവിഷനിൽ അങ്ങുണ്ടായിരുന്നുവെന്നാണ് പറഞ്ഞത്. അത് ശരിയല്ല. അങ്ങ് വളരെ ആദരണീയനായ നേതാവാണ്. അങ്ങയുടെ വിലയാണ് കുറയുന്നതെന്ന് സ്നേഹപൂർവ്വം അറിയിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. ഒ. രാജഗോപാൽ പറഞ്ഞതിനോട് യോജിക്കാൻ നിവൃത്തിയില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലംമുതൽ തുടരുന്ന ഒരു പ്രാക്ടീസുണ്ട്. അത് സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള സൗഹൃദമായിട്ടുള്ള അന്തരീക്ഷമാണ്. ഫെഡറൽ സിസ്റ്റം-അതിന് വലിയ പ്രാധാന്യമാണ് തുടക്കം മുതൽ കൊടുത്തിട്ടുള്ളത്. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. അത് വേറെ കാര്യം. പക്ഷെ നമ്മുടെ ഭരണഘടന നൽകുന്ന പരിരക്ഷ, ഒരു സ്റ്റേറ്റിനെ റെപ്രസെന്റ് ചെയ്യുന്നത് മുഖ്യമന്ത്രിയാണ്. ചീഫ് മിനിസ്റ്റർ ഒരു അപ്പോയിന്റ്മെന്റ് ചോദിച്ചാൽ അത് അദ്ദേഹത്തിന് ഒറ്റയ്ക്കുപോയി കാണാം, എല്ലാ പാർട്ടിക്കാരുടെയും പ്രതിനിധികളുമായി പോകുന്നെങ്കിൽ അങ്ങനെയുമാകാം. പക്ഷെ അത് നിഷേധിക്കുകയെന്ന് പറയുന്നത് ഒരിക്കലും ശരിയായ നടപടിയല്ല. ആ ദിവസം അസൗകര്യമുണ്ടെങ്കിൽ അതറിയിക്കാം. ഇതിനുമുമ്പ് അപേക്ഷിച്ചപ്പോഴൊക്കെ തീയതി തീരുമാനിക്കുന്നത് ഒരുപക്ഷെ പ്രധാനമന്ത്രിയായിരിക്കും. നമ്മളൊരു തീയതി സജസ്റ്റ് ചെയ്യുവെന്നേയുള്ളൂ. ആ ഡേറ്റ് തന്നെ വേണമെന്ന് നിർബന്ധമില്ല. പ്രധാനമന്ത്രിക്ക് ഡേറ്റ് ചൂസ് ചെയ്യാം, എന്ത് കാര്യം സംസാരിക്കാനാണ് വരുന്നതെന്ന ഒറ്റ ചോദ്യം മാത്രമേ അവർ ചോദിക്കുകയുള്ളൂ. അത് അവർക്ക് ഒരുക്കം നടത്താനും ഉദ്യോഗസ്ഥരെ സജ്ജമാക്കാനും വേണ്ടിയാണ്. എത്രയോ പ്രാവശ്യം പ്രധാനമന്ത്രിയെ പോയി കണ്ടിട്ടുണ്ട്. നിങ്ങളെന്തിനുവരുന്നുവെന്ന് മാത്രമേ ചോദിക്കുകയുള്ളൂ. ഡേറ്റിനെ സംബന്ധിച്ചിടത്തോളം അവർ തീരുമാനിക്കുന്നത് നമ്മൾ അഡ്ജസ്റ്റ് ചെയ്യും. നമ്മൾ ചില ഡേറ്റ് അങ്ങോട്ട് സജസ്റ്റ് ചെയ്താൽ അവർക്ക് പറ്റിയില്ലെങ്കിൽ ഇന്ന ദിവസം കാണാമെന്ന് അവർ ഇങ്ങോട്ടുപറയും. ഇതേതായാലും തെറ്റായ നടപടിയാണ്. പല കാര്യങ്ങളും തകർക്കുന്ന കൂട്ടത്തിൽ ഫെഡറൽ സിസ്റ്റത്തെയും തകർക്കുന്നതിനുള്ള ഒരു തുടക്കമായി വേണം ഇതിനെ കാണേണ്ടത്. ഇത് നിസ്സാരമായ സമീപനമല്ല.

11.00 A.M

ശ്രീ. സി. എഫ്. തോമസ്: സർ, ഇതൊരു യൂണിയൻ ഓഫ് സ്റ്റേറ്റ്സാണ്. പ്രധാനമന്ത്രിയായി അവിടെ ആരാണ് ഇരിക്കുന്നതെന്നുള്ളതല്ല, കേരളത്തിലെ ജനങ്ങളെന്നു പറഞ്ഞാൽ ഇന്ത്യയിലെ മൊത്തം ജനങ്ങളുടെയൊരു ഭാഗമാണ്. സംസ്ഥാനത്തെ ജനങ്ങളുടെ ആവശ്യങ്ങളും അതീവ ഗുരുതരമായ പ്രശ്നങ്ങളും അവതരിപ്പിക്കുവാനുള്ള അവസരം ചോദിച്ചിട്ട് അത് നൽകാതിരിക്കുന്ന നടപടി ചിന്തിക്കാൻപോലും സാധ്യമല്ല. ഇത് കടുത്ത അവഗണനയാണ്, പ്രതിഷേധാർഹമാണ്. ഒരു ഡേറ്റ് അസൗകര്യമെങ്കിൽ വേറെ ഡേറ്റ് കൊടുക്കണം. ഈ സംസ്ഥാനത്തെ ജനങ്ങളോട് കാണിച്ച ഗുരുതരമായ തെറ്റാണിത്. ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയാത്ത നിലപാടാണ് പ്രധാനമന്ത്രി സ്വീകരിച്ചിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ള നേതാക്കൾ സഭയിൽ ഉന്നയിച്ചിട്ടുള്ളത് അങ്ങേയറ്റം നിർഭാഗ്യകരവും ലജ്ജാകരവുമായ കാര്യമാണ്. ഭരണഘടനയുടെ ഫെഡറൽ അന്തഃസത്തയ്ക്ക് എതിരായിട്ടുള്ള വെല്ലുവിളിയും അതിന് ആഘാതമേൽപ്പിക്കുന്ന നടപടിയുമാണിത്. ഇത് കേരളത്തിലെ ജനങ്ങളോടും നിയമസഭയോടുമുള്ള വെല്ലുവിളിയായി കണക്കാക്കി സംസ്ഥാനത്തിന്റെ വികാരം കേന്ദ്രസർക്കാരിനെ അറിയിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ഓർഡർ..... ഓർഡർ.... ശ്രദ്ധക്ഷണിക്കൽ.... ഒരു കാര്യം സഭയെ ഓർമ്മപ്പെടുത്തുകയാണ്. ഇപ്പോൾ സമയം 11 മണിയായി. ഇന്ന് മൂന്നുമണിക്ക് മെമ്പേഴ്സ് ലോഞ്ചിൽ പ്രഭാഷണ പരമ്പര ആരംഭിക്കേണ്ടതുള്ളതിനാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനും അവതരിപ്പിക്കാൻ പരമാവധി ശ്രമിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) <u>തെരുവ് നായ്ക്കളുടെ ആക്രമണം</u>

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, സംസ്ഥാനത്തൊട്ടാകെയുള്ള ഒരു വിഷയമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. ഈ വിഷയം നേരത്തെ സഭ ചർച്ച ചെയ്തിട്ടുണ്ട്. എന്നാലും എനിക്കിത് അവതരിപ്പിക്കേണ്ടിവന്നത്, എന്റെ മണ്ഡലത്തിൽ കഴിഞ്ഞ മാസം 27-ാം തീയതി വളരെ ദാരുണമായൊരു സംഭവമുണ്ടായതിന്റെ അടിസ്ഥാനത്തിലാണ്. എന്റെ മണ്ഡലത്തിലെ പന്മന പഞ്ചായത്തിൽ മാവേലി വാർഡിൽ അയിഷാ മൻസിലിൽ ആറ് മാസം പ്രായമുള്ള ഒരു കുഞ്ഞിന്റെ അമ്മയായ ആമിനയാണ് തെരുവുനായ്ക്കളുടെ ആക്രമണം ഭയന്നോടി വീണുമരിച്ചത്. ഒരു നാടിനെയാകെ അക്ഷരാർത്ഥത്തിൽ നടുക്കിയ ദുരന്തമാണിത്. ഇത് ചവറയുടെ മാത്രം ദുരന്തമായി കാണരുത്. കേരളത്തിന്റെയാകെ ഭീതിയാണ് ഞാൻ പറയുന്നത്. ഈ സംഭവത്തിന് ഒരാഴ്ച മുമ്പാണ് ചവറ നിയോജകമണ്ഡലത്തിൽ വീടിനകത്ത് ഉറങ്ങിക്കിടന്ന ഒരു വയസ്സ് പ്രായമുള്ള അഭിമന്യു എന്ന കുട്ടിയെ തെരുവുനായക്കൂട്ടം കടിച്ചെടുത്തുകൊണ്ടുപോയി മാരകമായി മുറിവേൽപ്പിച്ചത്. മാതാവ് വെള്ളം കോരാൻ പുറത്തിറങ്ങിയപ്പോഴാണ് തെരുവുനായക്കൂട്ടം ഈ കുട്ടിയെ കടിച്ചെടുത്തുകൊണ്ടുപോയത്. ആ കുട്ടി ഇപ്പോഴും കൊല്ലം ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്. ഇത്തരം സംഭവങ്ങളിലൂടെ ആളുകൾ പകൽ സമയത്തുപോലും റോഡിലൂടെ യാത്ര ചെയ്യാൻ ഭയപ്പെടുകയാണ്. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ പഞ്ചായത്തിന്റെ അനിവാര്യമായ ചുമതലയിൽപ്പെട്ടതാണ് അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക എന്നുള്ളത്. അത്തരം നായ്ക്കളെ നശിപ്പിക്കുന്നതിന് ഇപ്പോഴും നിയമ തടസ്സമൊന്നുമില്ലാത്ത സ്ഥിതിക്ക് അലഞ്ഞുതിരിഞ്ഞ് നടക്കുന്ന, പേപിടിച്ച നായ്ക്കളെ നശിപ്പിക്കാൻ തദ്ദേശസ്വയം

ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണം. ഇല്ലെങ്കിൽ ഇനിയും പല അമ്മമാരുടെയും ദാരുണമരണം നമുക്ക് ചർച്ച ചെയ്യേണ്ടിവരും. മരണപ്പെട്ട ആമിനയുടെ വീട്ടിൽ ഞാൻ പോയിരുന്നു. അവർക്ക് 26 വയസ്സായിരുന്നു. മൂത്തകുട്ടിക്ക് ആറ് വയസ്സും ഇളയകുട്ടിക്ക് ആറ് മാസവുമാണ് പ്രായം. അനാഥരായ ഈ കുട്ടികളെ കാണുമ്പോൾ ഏതൊരു മനുഷ്യസ്നേഹിയും സങ്കടപ്പെട്ടുപോകും. ആരുടേയും കുറ്റംകൊണ്ടല്ലാതെ തെരുവുനായകാരണം അമ്മ നഷ്ടപ്പെടുന്ന കുട്ടികൾ ഇനിയുണ്ടാകരുത്. ഈ രണ്ട് കുട്ടികളുടെയും ഭാവി ആശങ്കയിലാണ്. അവർക്ക് വളരുവാനും പഠിക്കുവാനുമുള്ള സാഹചര്യമുണ്ടാകണം. ആശ്വാസ നടപടിയുടെ ഭാഗമായി മരണപ്പെട്ട ആമിനയുടെ കുടുംബത്തിന് പരമാവധി സഹായം നൽകുന്നതിനും തെരുവുനായക്കൂട്ടം കടിച്ചെടുത്തു കൊണ്ടുപോയ ചവറ കോനാട് തുണ്ടിൽവീട്ടിൽ രഞ്ജിത്തിന്റെ ഒരുവയസ്സുള്ള മകൻ അഭിമന്യുവിന് അടിയന്തര ധനസഹായം നൽകുന്നതിനും നടപടിയുണ്ടാകണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തെരുവുനായ്ക്കളെ നിയന്ത്രണ വിധേയമാക്കുന്നതിന്റെ ഭാഗമായി വന്ധ്യംകരിക്കുന്ന 'എ.ബി.സി. പദ്ധതി' സംസ്ഥാനത്തുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിജയകരമായി നടപ്പിലാക്കി വരികയാണ്. വളരെ ദൗർഭാഗ്യകരമായ സംഭവമാണ് കൊല്ലം ജില്ലയിലെ ചവറ നിയോജകമണ്ഡലത്തിലെ പന്മന ഗ്രാമപഞ്ചായത്തിൽ 9-ാം വാർഡിൽ മാവേലിയിൽ നടന്നിരിക്കുന്നത്. അവിടത്തെ താമസക്കാരിയായ അയിഷ മൻസിലിൽ സജീവന്റെ ഭാര്യ ആമിന (26 വയസ്സ്) 2017 ഫെബ്രുവരി മാസം 27-ാം തീയതി തെരുവുനായ്ക്കളുടെ ആക്രമണത്തിൽനിന്നും രക്ഷനേടുന്നതിനായി ഓടുന്നതിനിടെ വീണ് തലയ്ക്ക് പരിക്കേറ്റ് മരണമടഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മരണപ്പെട്ട ആമിനയ്ക്ക് ആറ് വയസ്സും ആറ് മാസവും പ്രായമുള്ള രണ്ട് കുട്ടികളാണുള്ളത്. ആമിനയുടെ മരണം കുട്ടികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ചവറ ഗ്രാമ പഞ്ചായത്തിലെ കൃഷ്ണസദനത്തിൽ രഞ്ജിത്തിന്റെ മകൻ ഒന്നര വയസ്സുള്ള അഭിമന്യു എന്ന കുട്ടിയെ 2017 ഫെബ്രുവരി 17-ാം തീയതി വൈകുന്നേരം തെരുവുനായ ആക്രമിച്ച് പരിക്കേൽപ്പിച്ചതായി അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. രഞ്ജിത്തിന്റെ കുടുംബം സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യം നിലവിലുള്ളതായി റിപ്പോർട്ടിൽ പറയുന്നുണ്ട്. മേൽ പരാമർശിച്ച രണ്ട് കുടുംബങ്ങൾക്കും കഴിയാവുന്ന സാമ്പത്തിക സഹായങ്ങൾ ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. സമാനമായിട്ടുള്ള കേസ്സുകൾ ഇതിന് മുമ്പുണ്ടായപ്പോൾ നൽകിയ സംഖ്യതന്നെയാകും തീർച്ചയായും ഈ സംഭവങ്ങളിലും നൽകുകയെന്നുള്ള കാര്യം സഭയെയും ബഹുമാനപ്പെട്ട അംഗത്തെയും അറിയിക്കുന്നു.

ശ്രീ. എൻ. വിജയൻ പിള്ള: സർ, ഇവരുടെ ജീവിതം വളരെ ദയനീയമാണ്. ചവറയിലെ ഒറ്റ മുറിയുള്ള ഒരു ഷെഡ്ഡിൽനിന്നാണ് ഈ കുട്ടിയെ നായ്ക്കൾ കടിച്ചെടുത്തു കൊണ്ടുപോയത്. അതുപോലതന്നെ വളരെ ദാരിദ്ര്യംപിടിച്ച കുടുംബമാണ് ആമിനയുടെ കുടുംബം. ആറ് വയസ്സും ആറ് മാസവും പ്രായമുള്ള ആ രണ്ട് കുട്ടികൾക്കുംവേണ്ടി പരമാവധി സഹായം നൽകണം. എനിക്ക് പറയാനുള്ളത് 'എ.ബി.സി. പദ്ധതി'യെക്കുറിച്ചല്ല. 1979-ൽ ഞാൻ പഞ്ചായത്ത് മെമ്പറായിരിക്കുമ്പോൾ എല്ലാവർഷവും അലഞ്ഞു തിരിഞ്ഞുനടക്കുന്ന തെരുവുനായ്ക്കളെയും പേപിടിച്ചതും ഉപദ്രവിക്കുന്നതുമായ നായ്ക്കളെയും പിടിച്ച് കൊല്ലുന്ന നിയമമുണ്ടായിരുന്നു. ലൈസൻസുള്ള നായ്ക്കളെ വീടുകളിൽ കെട്ടിയിടും. ആ നിയമം ഇപ്പോഴും നടപ്പിലാക്കിക്കൂടേ?

ഡോ. കെ. ടി. ജലീൽ : സർ, ആ നിയമം ഇപ്പോഴും നിലവിലുണ്ട്. പക്ഷെ അതിനെതിരായി ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നിലനിൽക്കുന്നതുകൊണ്ടാണ് അതിലേയ്ക്ക് കടക്കാൻ കഴിയാത്തത്. എന്നാൽപ്പോലും അലഞ്ഞുതിരിയുന്നതും പേ പിടിച്ചതും അപകടകാരികളുമായ തെരുവുനായ്ക്കളെ കൈകാര്യം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. അങ്ങിവിടെ സൂചിപ്പിച്ച രണ്ടു കുടുംബങ്ങൾക്കും പരമാവധി ധനസഹായം സർക്കാർ അനുവദിക്കും.

(2) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള നിരാലംബരായ നിരവധി ആളുകളെ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താതെ മാറ്റി നിർത്തിയിരിക്കുകയാണ്. നമ്മുടെ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള നിരാലംബരായ ആളുകളാണ് ഇതിന്റെ ഗുണഭോക്താക്കളായി വരുന്നത്. അക്കൗണ്ടന്റ് ജനറൽ നടത്തിയ ടെസ്റ്റ് ചെക്കിംഗിൽ അർഹരായ 17 ശതമാനത്തിലേറെ ആളുകൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന കണ്ടെത്തൽ വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. പെൻഷൻ അനുവദിക്കുന്നതിനുള്ള കർശന വ്യവസ്ഥകൾ നിമിത്തം വിദ്യാഭ്യാസമില്ലാത്ത, കിടപ്പാടംപോലുമില്ലാത്ത, അർഹരായ അനേകം ആളുകൾക്ക് പെൻഷൻ ആനുകൂല്യം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. വയസ് തെളിയിക്കുന്ന രേഖ ഹാജരാക്കാൻ കഴിയാത്തതിനാൽ അനേകം പാവങ്ങൾക്കും വർദ്ധിപ്പിച്ച തുക നിഷേധിച്ച സാഹചര്യം നിലവിലുണ്ട്. പെൻഷന് അർഹരാണോയെന്ന് കണ്ടെത്തുന്നതിനുള്ള സർവ്വേയിൽ നിരവധി അപാകതകൾ സംഭവിക്കുന്നുണ്ട്. ഇതുകാരണം അർഹരായ അനേകർക്ക് പെൻഷൻ നഷ്ടപ്പെടാൻ പോകുന്നുവെന്നതിനാൽ ഈ പാവങ്ങൾ ഓഫീസുകളിൽ കയറിയിറങ്ങുന്നത് വളരെ ഗൗരവമായി കാണേണ്ടതാണ്. ഒരു വിഭാഗം ആളുകൾക്ക് പെൻഷൻ വീട്ടിൽ കിട്ടിയപ്പോൾ ആശുപത്രിയിലും ബന്ധുവീടുകളിലുമായിരുന്ന അനേകം ആളുകൾക്ക് പെൻഷൻ

കിട്ടിയില്ലെന്ന് മാത്രമല്ല, തുടർ പെൻഷനുള്ള അർഹതയും നഷ്ടപ്പെട്ടിട്ടുണ്ട്. അർഹതപ്പെട്ടവർക്ക് പല കാരണങ്ങളാൽ ക്ഷേമപെൻഷനുകൾ നഷേധിക്കപ്പെടുന്നുവെന്ന വസ്തുത അംഗീകരിച്ചുകൊണ്ട് അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും പെൻഷൻ ആനുകൂല്യം കൃത്യമായി ലഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പെൻഷൻ പദ്ധതികളിലായി 4058272 (നാല്പത് ലക്ഷത്തി അൻപത്തിയെട്ടായിരത്തി ഇരുന്നൂറ്റി എഴുപത്തിരണ്ട്) പേരാണ് ഗുണഭോക്താക്കളായിട്ടുള്ളത്. അർഹതയുള്ള മുഴുവൻ കുടുംബങ്ങളേയും സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കളാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പെൻഷൻ പദ്ധതികളുടെ അർഹതാ മാനദണ്ഡങ്ങൾക്ക് ഉപരിയായി തികച്ചും ഉദാരമായ വ്യവസ്ഥകളാണ് ദേശീയ സാമൂഹ്യ സഹായ പദ്ധതിയിലുൾപ്പെട്ട പെൻഷനുകൾക്കും സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ളത്. അക്കൗണ്ടന്റ് ജനറലിന്റെ പ്രവർത്തനക്ഷമതാ റിപ്പോർട്ട് പ്രകാരം 25 ഗ്രാമപഞ്ചായത്തുകളിലും 7 മുനിസിപ്പാലിറ്റികളിലും നടത്തിയ സാമ്പിൾ വിശകലനത്തിൽ വിവിധ സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതികളിൽനിന്നും 15 ശതമാനം അർഹരായവർ ഒഴിവാക്കപ്പെട്ടിരിക്കാമെന്ന് നിരീക്ഷിച്ചിട്ടുണ്ട്. ഇത്തരമൊരു ഓഡിറ്റ് നടത്തിയ സമയത്ത് നിലവിലുണ്ടായിരുന്നത് 27.64 ലക്ഷം ഗുണഭോക്താക്കളായിരുന്നെങ്കിൽ ഇപ്പോഴത് 40.58 ലക്ഷമാണ്. പെൻഷൻകാരുടെ എണ്ണത്തിൽ 46 ശതമാനത്തിന്റെ വർദ്ധനവുണ്ടായി എന്നർത്ഥം. സംസ്ഥാന പദ്ധതിപ്രകാരം 75 വയസ്സിനുമേൽ പ്രായമുള്ള വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കൾക്ക് പ്രതിമാസം 1500 രൂപയാണ് പെൻഷൻ ലഭിക്കുന്നത്. വർദ്ധിപ്പിച്ച തുക ലഭിക്കുന്നതിന് വയസ്സ് തെളിയിക്കുന്ന രേഖസഹിതം പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല. പെൻഷൻ അനുവദിക്കുന്ന സമയത്ത് രേഖപ്പെടുത്തിയ വയസ്സിന്റെ അടിസ്ഥാനത്തിൽ 75 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഉയർന്ന നിരക്കിലുള്ള പെൻഷൻ ലഭിക്കും. ശരിയായ ജനനത്തീയതി ലഭ്യമല്ലെങ്കിൽ വയസ്സിന്റെ അടിസ്ഥാനത്തിൽ ജനുവരി 1-ന് 75 വയസ്സ് പൂർത്തിയായതായി കണക്കാക്കിയാണ് പെൻഷൻ തുകയിൽ വർദ്ധനവ് അനുവദിക്കുന്നത്. കഴിഞ്ഞ ഓണത്തിനുമുമ്പായി 24.76 ലക്ഷം ആളുകൾക്ക് സഹകരണ ബാങ്ക് ജീവനക്കാർ മുഖേന പെൻഷൻ തുക നേരിട്ട് വീടുകളിലും 12.01 ലക്ഷം ആളുകൾക്ക് അവരുടെ ഇഷ്ടപ്രകാരം ബാങ്ക് അക്കൗണ്ട് വഴിയുമാണ് പെൻഷൻ വിതരണം ചെയ്തത്. ഏതാണ്ട് 99 ശതമാനത്തിലധികം ആളുകൾക്കും ഇതുവഴി പെൻഷൻ ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങളിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്താൻ കുടുംബശ്രീ മുഖേന ഒരു ഇടപെടൽ നടത്തിയിരുന്നു.

ഇങ്ങനെ സ്വരൂപിക്കപ്പെട്ട വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടപ്പോൾ നടപടി പൂർത്തിയായ 33.58 ലക്ഷത്തിലധികം ആളുകൾക്ക് പുതുവത്സരത്തിന് മുമ്പായി പെൻഷൻ ലഭ്യമാക്കുകയുണ്ടായി. ശേഷിക്കുന്ന അർഹരായ 3.74 ലക്ഷം ഗുണഭോക്താക്കൾക്കു കൂടി പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ആഗ്രഹിക്കുന്ന വിതരണ മാർഗ്ഗമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതുകൊണ്ട് ആർക്കും പെൻഷൻ ലഭിക്കാത്ത സാഹചര്യം ഒരിക്കലുമുണ്ടാവുകയില്ല.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, പെൻഷൻ നേരിട്ട് എത്തിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി പരാതികളുണ്ടായിട്ടുണ്ട്. പെൻഷൻ കൊണ്ടുവരുന്നവർ കമ്മീഷൻ ആവശ്യപ്പെടുന്നുവെന്ന പരാതികളുമുണ്ട്. എത്ര തുകയെന്ന് അറിയാത്ത പാവങ്ങളിൽ നിന്ന് മുഴുവൻ തുക നൽകാതെ പറ്റിക്കുന്നതായുള്ള പരാതികളും ഉണ്ടാകുന്നുണ്ട്. കുറ്റമറ്റ രീതിയിൽ പെൻഷൻ കൃത്യമായി എത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, അത്തരത്തിൽ സ്പെസിഫിക്കായിട്ടുള്ള എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗം അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ അന്വേഷിക്കുന്നതാണ്. ഗുണഭോക്താക്കൾ ആഗ്രഹിക്കുന്നതുപോലെ ഏതാണോ അവർ പ്രിഫർ ചെയ്യുന്നത് അപ്രകാരം അവർക്ക് പെൻഷൻ ലഭ്യമാക്കുന്നതിന് സർക്കാർ എല്ലാ ശ്രമങ്ങളും നടത്തും.

## V സബ്‌മിഷൻ

### (1) ആലപ്പുഴ ജില്ലയിലെ കൊലപാതകങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആലപ്പുഴ ജില്ലയിൽ ഇന്ന് യു.ഡി.എഫ്. പ്രതിഷേധദിനം ആചരിക്കുകയാണ്. അഞ്ചാഴ്ചയ്ക്കുള്ളിൽ ആറ് കൊലപാതകങ്ങളാണ് ജില്ലയിലുണ്ടായത്. ഗുണ്ടാമാഫിയകൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ എന്റെ മണ്ഡലത്തിൽ മൂന്നുപേരാണ് മരിച്ചത്. എന്റെ ജന്മസ്ഥലമായ ചെന്നിത്തലയിലും ഒരു മരണമുണ്ടായി. അത് വീട്ടുകാർ തമ്മിലുള്ള തർക്കമാണ്. ബാക്കിയെല്ലാം ഗുണ്ടകൾ തമ്മിലുള്ള ആക്രമണമാണ്. മണൽ മാഫിയകൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ പഞ്ചായത്തിൽ കാരമുട്ട് വാലുചിറയിൽ വീട്ടിൽ സുജിത്ത് (32 വയസ്) ഇന്നലെ മരണപ്പെട്ടു. ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റയിൽ മാത്രം മൂന്ന് കൊലപാതകങ്ങൾ നടന്നു. ഉല്ലാസ്, തുണ്ടുകളത്തിൽ, കരുവാറ്റ; ജിഷ്ണു, ജിഷ്ണു ഭവനം, അമ്മൂമ്മ പറമ്പ് കോളനി, കരുവാറ്റ എന്നിവരാണ് ഈ പഞ്ചായത്തിൽ കൊല്ലപ്പെട്ടത്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഈ പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് അവിടെ ഒരു എയ്ഡ് പോസ്റ്റ് സ്ഥാപിച്ചിരുന്നു.

ഗവൺമെന്റ് മാറിയപ്പോൾ എയ്ഡ് പോസ്റ്റ് പിൻവലിച്ചു. പല തവണ ആവശ്യപ്പെട്ടിട്ടും എയ്ഡ് പോസ്റ്റ് തിരികെ സ്ഥാപിച്ചില്ല. രണ്ട് കൊലപാതകങ്ങൾ ഉണ്ടായതിനു ശേഷം അവിടെ ഒരു എയ്ഡ് പോസ്റ്റ് സ്ഥാപിച്ചു. അതിന്റെ മുന്നിലാണ് ഇന്നലെ കൊലപാതകമുണ്ടായത്. വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണുള്ളത്.

കഴിഞ്ഞ വെള്ളിയാഴ്ച ആലപ്പുഴ ററൗണിൽ എസ്.പി. ഓഫീസിന് സമീപം ആലുശ്ശേരി ക്ഷേത്രത്തിലെ ഉത്സവവുമായി ബന്ധപ്പെട്ട് മുഹ്സിൻ എന്ന യുവാവ് കൊല്ലപ്പെട്ടു. ഇതിൽ പ്രതിഷേധിച്ചാണ് കഴിഞ്ഞ ദിവസം ഞാൻ എന്റെ മണ്ഡലത്തിൽ ഉപവാസമനുഷ്ഠിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിന്റെ ഗൗരവം കണക്കിലെടുക്കണം. പോലീസ് നിഷ്ക്രിയമാണ്. മണൽ മാഫിയ ഉൾപ്പെടെയുള്ള മാഫിയകളും ഗുണ്ടകളും വിളയാടുകയാണ്. എന്റെ മണ്ഡലത്തിന് തൊട്ടടുത്ത കായംകുളം മണ്ഡലത്തിലാണ് ഒരു കൊലപാതകമുണ്ടായത്. അതും പട്ടാപ്പകൽ ഗുണ്ടകൾ തമ്മിലാണ് ആക്രമണം. ഗുണ്ടാ ആക്രമണത്തേയും ക്വട്ടേഷൻ സംഘങ്ങളേയും അമർച്ച ചെയ്യാൻ അടിയന്തരമായി സർക്കാർ നടപടി സ്വീകരിക്കണം

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് വാലുചിറയിൽ വീട്ടിൽ പുഷ്പാംഗദന്റെ മകൻ സുജിത്തിനെ 5-3-2017-ന് രാത്രി 9.30-ഓടുകൂടി സുജിത്തിന്റെ പിതാവിന്റെ സഹോദരിയുടെ മകൻ രാജീവ് വെട്ടി പരിക്കേല്പിക്കുകയും 6-3-2017-ന് രാവിലെ 9.00 മണിയോടെ സുജിത്ത് മരണപ്പെടുകയും ചെയ്തു. പ്രതി രാജീവിനെ അറസ്റ്റ് ചെയ്ത് അനന്തര നടപടികൾ സ്വീകരിച്ചു വരികയാണ്. 2017 മാർച്ച് 3-ന് രാത്രി 10.30-ഓടെ ആലുശ്ശേരി ക്ഷേത്ര ഉത്സവവുമായി ബന്ധപ്പെട്ട കലാപരിപാടി നടക്കവേ ഡി.വൈ.എഫ്.ഐ. ആലപ്പുഴ യൂണിറ്റ് വൈസ് പ്രസിഡന്റ് മുഹ്സിൻ കുത്തേറ്റ് കൊല്ലപ്പെട്ട സംഭവത്തിൽ പ്രതികളായ എട്ടുപേരിൽ അഞ്ച് പേരെ കസ്റ്റഡിയിലെടുത്ത് റിമാന്റ് ചെയ്തിട്ടുള്ളതാണ്. മാന്നാർ പോലീസ് സ്റ്റേഷൻ പരിധിയിലെ ചെന്നിത്തലയിൽ ബാബുരാജ് എന്നയാളെ ടിയാന്റെ ജ്യേഷ്ഠൻ മുരളീധരൻ 2017 മാർച്ച് 2-ന് വൈകിട്ട് 5.30-ഓടെ കുത്തിക്കൊലപ്പെടുത്തി. ഇതിൽ പ്രതി മുരളീധരനെ കസ്റ്റഡിയിലെടുത്ത് റിമാന്റ് ചെയ്തിട്ടുള്ളതാണ്. കനകക്കുന്ന് പോലീസ് സ്റ്റേഷൻ പരിധിയിലെ കണ്ടല്ലൂർ സ്വദേശി സുമേഷിനെ 2017 ഫെബ്രുവരി 11-ന് വൈകിട്ട് 7.45-ഓടെ വ്യക്തിവിരോധത്താൽ ഒരു സംഘം ആളുകൾ ചേർന്ന് കൊലപ്പെടുത്തിയ സംഭവത്തിലെ 9 പ്രതികളിൽ 7 പേരെ അറസ്റ്റുചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ഹരിപ്പാട് കരുവാറ്റ വഴിയമ്പലം റെയിൽവേ ക്രോസിന് സമീപംവച്ച് 2017 ഫെബ്രുവരി 10-ന് പകൽ 12 മണിയോടെ ഡി.വൈ.എഫ്.ഐ. യൂണിറ്റ് പ്രസിഡന്റ് ജിഷ്ണുവിനെ ഒരുകൂട്ടം ആളുകൾ കൊലപ്പെടുത്തിയ സംഭവത്തിലുൾപ്പെട്ട 14 പ്രതികളിൽ 12 പ്രതികളേയും അറസ്റ്റുചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതാണ്. 2017

ജനുവരി 24-ന് രാത്രി 11 മണിയോടെ ഹരിപ്പാട് പോലീസ് സ്റ്റേഷൻ പരിധിയിലെ കരുവാറ്റയിൽ ഉല്ലാസ് എന്ന യുവാവിനെ കുത്തി പരിക്കേല്പിക്കുകയും 31-1-2017-ന് വൈകിട്ട് 5.25-ഓടെ ഉല്ലാസ് മരണപ്പെടുകയുമുണ്ടായി. ഈ സംഭവത്തിലെ പ്രതി സന്ദീപ് സാജുവിനെ അറസ്റ്റുചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. സമാധാനാന്തരീക്ഷം നിലനിൽക്കുന്ന ആലപ്പുഴ ജില്ലയിൽ വ്യക്തി വൈരാഗ്യത്തിന്റെ പേരിലുള്ള സംഭവങ്ങളാണ് നടക്കുന്നത്. ഇത് പൊതുവൽക്കരിക്കേണ്ടതില്ല. ഇപ്പോൾ പ്രതിപാദിക്കും പ്രകാരമുള്ള ഭീതിജനകമായ സ്ഥിതിവിശേഷം ആ ജില്ലയിലില്ല. എല്ലാത്തരം അക്രമ സംഭവങ്ങൾക്കെതിരെയും പോലീസ് ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേസ്സുകളിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമേ സമാധാനാന്തരീക്ഷം ഉറപ്പുവരുത്തുന്നതിനായി ഗുണ്ടാ വിരുദ്ധ സ്ക്വാഡ് രൂപീകരിച്ച് കുപ്രസിദ്ധ ഗുണ്ടകളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കി ഹിസ്റ്ററി ഷീറ്റ് ഓപ്പൺ ചെയ്യുകയും 324 പേരെ കരുതൽ അറസ്റ്റ് നടത്തുകയും 'കാപ്പ' ആക്ട് പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

### (2) ക്ഷേത്രത്തിലെ അക്രമം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ വണ്ടൂർ പഞ്ചായത്തിലെ വാണിയമ്പലം ബാണാപുരം ത്രിപുരസുന്ദരീദേവി ക്ഷേത്രത്തിലെ ശ്രീകോവിലിന്റെ പൂട്ട് തകർത്ത് വ്യാപകമായ അക്രമം നടത്തുകയും ദേവീ വിഗ്രഹത്തിൽ ചാർത്തുന്ന പട്ട് കത്തിക്കുകയും ഭണ്ഡാരം തകർക്കുകയും ആംപ്ലിഫയർ, ജനറേറ്റർ, കമ്പ്യൂട്ടർ എന്നിവ കേടുവരുത്തുകയും ചെയ്ത വളരെ നിർഭാഗ്യകരമായ സംഭവമാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇക്കഴിഞ്ഞ ജനുവരി 20-ാം തീയതി രാത്രിയാണ് ഈ സംഭവം നടന്നത്. 45 ദിവസം പിന്നിട്ടിട്ടും ഇതുവരെ പ്രതികളെ ആരെയും പിടിക്കാൻ കഴിഞ്ഞില്ലായെന്നുള്ളത് വളരെ ദുഃഖകരമായ കാര്യമാണ്. ഇതൊരു മോഷണ ശ്രമമായി ആരും കാണുന്നില്ല. ബോധപൂർവ്വം അവിടെയുള്ള സാമുദായിക അന്തരീക്ഷം തകർക്കുന്നതിനുവേണ്ടിയുള്ള ശ്രമമായിട്ടാണ് എല്ലാവരും കാണുന്നത്. ഈ സംഭവം കഴിഞ്ഞ ഉടൻതന്നെ കോൺഗ്രസ്സിന്റെയും മുസ്ലീംലീഗിന്റെയും സി.പി.ഐ.(എം)-ന്റെയും ഉൾപ്പെടെയുള്ള ജില്ലയിലെ പ്രധാനപ്പെട്ട നേതാക്കളൊക്കെ ക്ഷേത്രം സന്ദർശിക്കുകയും പ്രതികളെ നിർബന്ധമായും നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയും ചെയ്തതാണ്. ഇതൊരു ആസൂത്രിതമായ അക്രമമാണെന്നതിന് ഏറ്റവും വലിയ തെളിവാണ് അവിടെനിന്ന് മോഷ്ടിക്കപ്പെട്ടെന്നു പറയുന്ന കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള പല സാധനങ്ങളും തൊട്ടടുത്തുള്ള തീർത്ഥക്കുളത്തിൽ നിന്ന് ലഭിച്ചത്. അപ്പോൾ മോഷണശ്രമമല്ല മറിച്ച്, ക്ഷേത്രം ആക്രമിച്ചുവെന്ന് വരുത്തിത്തീർത്ത് അതിന്റെ പേരിൽ പ്രശ്നങ്ങളുണ്ടാക്കാനുള്ള ശ്രമമായിട്ടേ കാണാൻ കഴിയൂ. ഇത്തരം സംഭവങ്ങളിൽ വളരെ ഗൗരവതരമായ ഇടപെടലുകൾ പോലീസിന്റെ

ഭാഗത്തുനിന്നുണ്ടായില്ലെങ്കിൽ അവിടത്തെ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അത് പ്രയാസമുണ്ടാക്കുന്ന കാര്യമാണ്. അതുപോലെതന്നെ തെറ്റിദ്ധാരണകളുണ്ടാക്കി പ്രശ്നങ്ങളുണ്ടാക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരവും സാഹചര്യവും സൃഷ്ടിക്കുകയും ചെയ്യും. അതുകൊണ്ട് ഇക്കാര്യത്തിൽ നിലവിലുള്ള അന്വേഷണം പര്യാപ്തമല്ലെങ്കിൽ ശക്തമായ രീതിയിലുള്ള അന്വേഷണം നടത്തി എത്രയും പെട്ടെന്ന് പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം ജില്ലയിലെ വണ്ടൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വാണിയമ്പലം ബാണാപുരം ത്രിപുരസുന്ദരീ ദേവീക്ഷേത്രത്തിൽ 19-1-2017-ന് രാത്രി 8.00 മണിക്കും 20-1-2017-ന് രാവിലെ 5.00 മണിക്കും ഇടയ്ക്കുള്ള സമയത്ത് ക്ഷേത്രത്തിന്റെ ശ്രീകോവിലിന്റെയും സ്റ്റോർ റൂമിന്റെയും പൂട്ട് ആരോ തകർത്ത് അകത്ത് കയറി നാശനഷ്ടങ്ങളുണ്ടാക്കുകയും മോഷണം നടത്തുകയും ചെയ്തു. ഇക്കാര്യത്തിൽ ക്ഷേത്രകമ്മിറ്റി സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ വണ്ടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 20/2017 ആയി കേസ് രജിസ്റ്റർ ചെയ്തു. സംഭവം അറിഞ്ഞയുടൻ പെരിന്തൽമണ്ണ ഡിവൈ.എസ്.പി., വണ്ടൂർ പോലീസ് ഇൻസ്പെക്ടറുടെ ചാർജിലുണ്ടായിരുന്ന പാണ്ടിക്കാട് പോലീസ് ഇൻസ്പെക്ടർ എന്നിവർ സംഭവസ്ഥലം സന്ദർശിച്ച് പരിശോധന നടത്തുകയും ക്ഷേത്രപരിസരം സീൻഗാർഡ് ചെയ്ത് ഫിംഗർ പ്രിന്റ് എക്സ്പെർട്ട്, ഡോഗ് സ്ക്വാഡ്, പോലീസ് ഫോട്ടോഗ്രാഫർ തുടങ്ങിയ വിഭാഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി തെളിവെടുപ്പ് നടത്തുകയും ചെയ്തു. സംശയമുള്ളവരുടെ ഫോൺ നമ്പരുകളും കവർഡന്വും സൈബർസെൽ മുഖാന്തരം ശേഖരിച്ച് പരിശോധിച്ചും സംശയമുള്ളവരെ നിരീക്ഷിച്ചും ഊർജ്ജിതമായ അന്വേഷണമാണ് പോലീസ് നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രതികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ശക്തമായി തുടരുന്നതാണ്.

## (3) സ്റ്റാഫ് പാറ്റേൺ അനുവദിക്കൽ

ശ്രീ. അൻവർ സാദത്ത്: സർ, വളരെയധികം പാവപ്പെട്ട രോഗികൾ ദിനംപ്രതി ചികിത്സയ്ക്കെത്തുന്ന ആലുവ ജില്ലാ ആശുപത്രിയിൽ ഇപ്പോഴും താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നത്. ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ട് 5 വർഷമായെങ്കിലും ഇതുവരെ ജില്ലാ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടില്ല. ജില്ലാ ആശുപത്രിയുടെ നിലവാരത്തിൽ 10 കൺസൾട്ടന്റുമാരുടെയും 17 ജൂനിയർ കൺസൾട്ടന്റുമാരുടെയും 7 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെയും 4 അസിസ്റ്റന്റുമാരുടെയും ഒരു ഡെന്റൽ സർജന്റെയും കുറവ് ഈ ആശുപത്രിയിലുണ്ട്. അതോടൊപ്പംതന്നെ ഇ.എൻ.ടി., ഒഫ്ത്താൽമോളജി ഡിപ്പാർട്ടുമെന്റുകൾകൂടി ആരംഭിക്കേണ്ടതുണ്ട്. 15 ഹെഡ് നഴ്സുമാരുടെയും ഗ്രേഡ്-1, ഗ്രേഡ്-2 നഴ്സുമാരുടെയും ഒട്ടനവധി ഒഴിവുകൾ

ഇവിടെയുണ്ട്. 7 ഫാർമസി അസിസ്റ്റന്റുമാരുടെയും 4 ലാബ് ടെക്നീഷ്യൻമാരുടെയും 3 റേഡിയോഗ്രാഫർമാരുടെയും കുറവുണ്ട്. ആശുപത്രിയിലെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ജൂനിയർ സൂപ്രണ്ടിന്റെയും ക്ലാർക്കുമാരുടെയും തസ്തികകൾക്ക് അനുബന്ധമായ മറ്റു പല തസ്തികകളും ഇവിടെ അനുവദിക്കേണ്ടതാണ്. ഇപ്പോൾ താലൂക്കാശുപത്രിയുടെ നിലവാരത്തിലുള്ള സാംഗ്ഷൻഡ് സ്ട്രെംഗ്തായ 164 തസ്തികകളാണുള്ളത്. അതിൽത്തന്നെ പല തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണ്. ഈ ആശുപത്രിയിൽ ടി തസ്തികകളുടെ കുറവുണ്ടെന്നുള്ള പരാതി കിട്ടിയിട്ടുണ്ടെന്നും അതിലിടപെടണമെന്നും കഴിഞ്ഞ ദിവസം മനുഷ്യാവകാശ കമ്മീഷൻ എനിക്ക് നോട്ടീസ് തന്നിരുന്നു. നാളെ ആലുവയിൽ സിറ്റിംഗ് നടക്കുന്നുണ്ട്, അതിനുമുൻപായി ഈ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും അതിന് ഉചിതമായ തീരുമാനം ഗവൺമെന്റ് എടുക്കുമെന്നുമുള്ള പ്രതീക്ഷയിൽ ഞാൻ മനുഷ്യാവകാശ കമ്മീഷന് മറുപടി കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ആലുവ ജില്ലാ ആശുപത്രിക്ക് ജില്ലാ ആശുപത്രിയുടെ നിലവാരത്തിലുയർന്നപ്പോൾ ലഭ്യമാക്കേണ്ട സ്റ്റാഫ് സ്ട്രെംഗ്ത് അനുവദിച്ചുതരണമെന്നും ബഹുമാനപ്പെട്ട മന്ത്രി എറണാകുളം ജില്ലയിൽ വരുമ്പോൾ ആ ആശുപത്രി സന്ദർശനം നടത്തണമെന്നും അഭ്യർത്ഥിക്കുന്നു. കാരണം, അവിടെ ധാരാളം നല്ല പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഏറ്റവും നല്ല ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്ന, നല്ല ബ്ലഡ് ബാങ്കുള്ള, ഒട്ടനവധി നല്ല പ്രവർത്തനങ്ങൾ നടത്തുന്ന ആശുപത്രിയാണ് ആലുവ ജില്ലാ ആശുപത്രി. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് സന്ദർശിച്ച് ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, നമ്മുടെ സംസ്ഥാനത്ത് അപ്ഗ്രേഡ് ചെയ്യപ്പെട്ട ആശുപത്രികളുടെ പരാധീനതയാണ് ആലുവ ജില്ലാ ആശുപത്രിയിലും നിലനില്ക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരാശുപത്രിയാണത്. എന്നാൽ ഒരു താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയപ്പോൾ അതിനാവശ്യമായിട്ടുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പാടാക്കാത്തതിന്റെ ബുദ്ധിമുട്ടാണ് അവിടെയുള്ളത്. 2011-ലാണ് താലൂക്കാശുപത്രിയായിരുന്ന ഈ സ്ഥാപനം ജില്ലാ ആശുപത്രിയായി ഉയർത്തിയത്. നിലവിൽ 227 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ പ്രതിദിനം 1500-ൽപ്പരം രോഗികൾ ഒ.പി. വിഭാഗത്തിലും 200-ഓളം പേർ ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയെത്തുന്നുണ്ട്. നിലവിൽ മെഡിസിൻ, സർജറി, പീഡിയാട്രിക്സ്, ഗൈനക്കോളജി, അനസ്തേഷ്യ, ഓർത്തോ, ഒഫ്ത്താൽമോളജി, ഡെർമറ്റോളജി, സൈക്യാട്രി, ഇ.എൻ.ടി., ഫോറൻസിക് മെഡിസിൻ തുടങ്ങിയ സ്പെഷ്യാലിറ്റി സേവനങ്ങളും

ഇവിടെ ലഭ്യമായിട്ടുണ്ട്. എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള ബ്ലഡ് ബാങ്ക്, 24 മെഷീനുകളുള്ള ഡയാലിസിസ് യൂണിറ്റ്, ഹീമോഫീലിയ ചികിത്സാകേന്ദ്രം, സ്പോർട്സ് മെഡിസിൻ യൂണിറ്റ്, ആർത്രോസ്കോപിക് കീ ഹോൾ സർജറി യൂണിറ്റ്, എൻ.ബി.ഐ.സി.യു. എന്നിവയും ഇവിടെ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത യൂണിറ്റുകളുടെയും ആശുപത്രികളുടെയും കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിന് സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ തുടങ്ങിയ വിഭാഗത്തിലായി ഏകദേശം അറുപതോളം ജീവനക്കാരെ താൽക്കാലികമായിട്ടാണ് നിയമിച്ചിട്ടുള്ളത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന എക്സ്റേ, ലബോറട്ടറി, ആംബുലൻസ് സേവനങ്ങളും ഈ ആശുപത്രിയിൽ ലഭ്യമാണ്. എന്നാൽ ജില്ലാ ആശുപത്രിക്ക് ലഭ്യമാകേണ്ട സ്റ്റാഫ് പാറ്റേണും മറ്റ് സ്പെഷ്യാലിറ്റികളും ഇവിടെ കൂടുതൽ ലഭ്യമാക്കേണ്ടതായിട്ടുണ്ട്.

സ്റ്റാന്റേർഡൈസേഷന്റെ ഭാഗമായി ആശുപത്രികളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. കുറച്ച് സാഹസികമായ പ്രവർത്തനമാണത്. കാരണം, ഇത്തരം സേവനം ഏർപ്പെടുത്തേണ്ടുന്ന ആശുപത്രികളുടെ എണ്ണം വളരെ കൂടുതലാണ്. അപ്ഗ്രേഡ് ചെയ്ത എല്ലായിടത്തും ഇതുതന്നെയാണ് സ്ഥിതി. എങ്കിലും ഈ ആശുപത്രിക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമായതിനാൽ സ്റ്റാന്റേർഡൈസേഷന്റെ ഭാഗമായി സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന അവസരത്തിൽ ഈ ആശുപത്രികൂടി പരിഗണിക്കുന്നതാണ്. ഞാൻ അവിടെ വരുന്ന സമയത്ത് ഈ അശുപത്രി സന്ദർശിക്കുന്നതാണ്.

### (4) മഞ്ഞള്ളൂർ പഞ്ചായത്തിനെ വില്ലേജിൽ ഉൾപ്പെടുത്തൽ

ശ്രീ. എൽദോ എബ്രഹാം: സർ, മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ താമസിക്കുന്ന 138 കുടുംബങ്ങൾ റവന്യൂ രേഖകളിൽ ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കുമാരമംഗലം വില്ലേജിൽ ഉൾപ്പെട്ടിരിക്കുന്നത് ടി പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങൾക്ക് ഏറെ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. റീ സർവ്വേ ബ്ലോക്ക് 55-ൽ ഉൾപ്പെട്ട സർവ്വേ നമ്പർ 1 മുതൽ 9 വരെ ഉൾപ്പെടുന്ന 18.47 ഹെക്ടർ ഭൂമി എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിലേയ്ക്ക് പൊതുജനങ്ങളുടെ സൗകര്യാർത്ഥം മാറ്റുവാൻ അഭ്യർത്ഥിക്കുന്നു. ഇതേ പ്രശ്നം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ കല്ലൂർക്കാട് പഞ്ചായത്തിൽ താമസിക്കുന്ന 110-ഓളം വരുന്ന കുടുംബങ്ങൾ ഇടുക്കി ജില്ലയിലെ കുമാരമംഗലം വില്ലേജിന്റെ പരിധിയിൽത്തന്നെ ഉൾപ്പെട്ടിരിക്കുകയാണ്. ഇതൊരു വലിയ പ്രശ്നമാണ് അവിടെയുള്ള ജനങ്ങൾക്ക് ഉണ്ടാക്കിയിരിക്കുന്നത്. എറണാകുളം ജില്ലയിൽ താമസിക്കുന്ന ഒരാൾക്ക് കളക്ടറേറ്റിൽ പോകണമെങ്കിൽ ഇടുക്കി ജില്ലാ കളക്ടറേറ്റിലും താലൂക്കിന്റെ കാര്യത്തിൽ റവന്യൂരേഖ മാറികിടക്കുന്നു എന്നുള്ളതുകൊണ്ട് മൂവാറ്റുപുഴ താലൂക്കിൽ

പോകുന്നതിനുപകരം തൊടുപുഴ താലൂക്കിനെയും ആശ്രയിക്കേണ്ട സ്ഥിതിവിശേഷമുണ്ട്. അങ്ങനെ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ മാത്രം 263 കുടുംബങ്ങൾ ഇത്തരത്തിലുള്ള പ്രയാസം അനുഭവിക്കുന്നു എന്നതുകൊണ്ടുതന്നെ ഈ വിഷയത്തിൽ പരിഹാരം കണ്ടെത്തണം. ഇത് മൂവാറ്റുപുഴയുടെ മാത്രം പ്രശ്നമല്ല, കേരളത്തിലാകമാനം അശാസ്ത്രീയമായ വില്ലേജുകളുടെ അതിർത്തിനിർണ്ണയം കാരണം ആയിരക്കണക്കിന് ജനങ്ങൾക്ക് പ്രയാസം നേരിടുന്നുണ്ട്. ഈ പ്രശ്നത്തിൽ വളരെ ഗൗരവമായി ഗവൺമെന്റ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകളിലുൾപ്പെടുന്ന 100-ഓളം വീടുകൾ നിലവിൽ ഇടുക്കി ജില്ലയിലെ കുമാരമംഗലം വില്ലേജിലാണ് ഉൾപ്പെട്ടിട്ടുള്ളത്. മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ ഉൾപ്പെടുന്ന ഉദ്ദേശം എൺപത് കുടുംബക്കാർ താമസിക്കുന്ന പ്രദേശം, തൊടുപുഴ താലൂക്കിലെ കുമാരപുരം വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 55-ൽ സർവ്വേ നമ്പർ 1 മുതൽ 9 വരെയുള്ള സ്ഥലത്താണ്. മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകൾ ഉൾപ്പെടുന്ന സ്ഥലങ്ങൾ മഞ്ഞള്ളൂർ വില്ലേജിനോട് കൂടുതൽ സാമീപ്യമുള്ളതിനാലും മഞ്ഞള്ളൂർ പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നതിനാലും ഈ പ്രദേശത്തെ എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ വില്ലേജിനോട് ചേർക്കുന്നത് ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായിരിക്കുമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മഞ്ഞള്ളൂർ, കടവൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഉദ്ദേശം 100 വീടുകൾ ഇടുക്കി ജില്ലയിൽ നിന്നും എറണാകുളം ജില്ലയിലേയ്ക്ക് മാറ്റി വില്ലേജുകളുടെ അതിർത്തി വ്യതിയാനം വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

### (5) പാറ്റൂർ, കുറത്തികാട് കുടിവെള്ള പദ്ധതികൾ

ശ്രീ. ആർ. രാജേഷ്: സർ, എന്റെ മണ്ഡലമായ മാവേലിക്കര നിയോജകമണ്ഡലത്തിലെ രണ്ട് പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികളാണ് നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയും കുറത്തികാട് കുടിവെള്ള പദ്ധതിയും. ഇവ രണ്ടും അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ഈ രണ്ട് കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്താൽ മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിൽ ആറ് പഞ്ചായത്തിലും സുഭിക്ഷമായി ജലം എത്തിക്കാൻ കഴിയും. സംസ്ഥാനം ഇപ്പോൾ അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. മാവേലിക്കര മണ്ഡലം തീവ്രമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. എല്ലാ വർഷവും മാർച്ച് മാസത്തിനുമുൻപ് ജല അതോറിറ്റി വിതരണം ചെയ്യുന്ന ടാങ്കർ വെള്ളം എത്തിക്കുന്നില്ലെങ്കിൽ വലിയ പ്രശ്നമുണ്ടാകുന്ന

പ്രദേശമാണിത്. പി.ഐ.പി. കനാലും കെ.ഐ.പി. കനാലും അതുവഴി പോകുന്നുണ്ട്. ഇപ്പോൾ പി.ഐ.പി. കനാലിന്റെ നിർമ്മാണ പ്രവർത്തനം നടക്കുന്നതിനാൽ വെള്ളം എത്തിക്കാൻ കഴിയുന്നില്ല. എന്റെ മണ്ഡലമായ മാവേലിക്കരയിലെ ചാരുംമൂട് പ്രദേശത്തേയ്ക്ക് കെ.ഐ.പി.-യിൽ ജലം എത്തി മൂന്ന് കിലോമീറ്റർ പിന്നിടാൻ ഒൻപത് ദിവസം വേണ്ടിവന്നു. സബ് കനാലുകളിലൂടെ ജലം കൊണ്ടുപോകുമ്പോൾ ഓരോ പ്രദേശത്തെയും ജനങ്ങൾ സംഘർഷമുണ്ടാക്കുന്ന സ്ഥിതിയാണുള്ളത്. കാർഷികമേഖലയ്ക്കു വേണ്ടി മാത്രമല്ല കുടിവെള്ള ക്ഷാമം പരിഹരിക്കാൻകൂടി കെ.ഐ.പി. ജലം ഉപയോഗപ്പെടും. ഈ രണ്ട് കുടിവെള്ള പദ്ധതികളുടേയും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് വളരെക്കാലമായി. നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതി മാർച്ച് മാസത്തോടുകൂടി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞാൽ നാല് പഞ്ചായത്തുകളുടെ പ്രശ്നം അവസാനിക്കും. കുറത്തികാട് കുടിവെള്ള പദ്ധതിയും വളരെ വേഗത്തിൽ കമ്മീഷൻ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ആ പദ്ധതിയോട് കഴിഞ്ഞകാലത്ത് ചില വിവേചനങ്ങളുണ്ടായിട്ടുണ്ട്. അതിന്റെ പ്രോജക്ട് ഡിവിഷൻ പല സമയത്തും അശാസ്ത്രീയമായി അങ്ങോട്ടുമിങ്ങോട്ടും മാറ്റി ആ പദ്ധതിയെ തകർക്കുന്ന സ്ഥിതിവരെയുണ്ടായി. അവിടെ ഏറ്റവും താഴെത്തട്ടിൽ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്ന അതിന്റെ ചുമതലക്കാരനായ ഒരു എ.ഇ.-യുടെ പോസ്റ്റ് തന്നെ ഇല്ലാതാക്കുന്ന നടപടികൾ മുൻകാലത്തുണ്ടായിട്ടുണ്ട്. ഇനി അതുണ്ടാകാൻ പാടില്ല. വളരെ കാര്യക്ഷമമായി ഇടപെട്ട് ഈ വേനൽക്കാലത്തുതന്നെ വെള്ളം എത്തിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>) : സർ, ബഹുമാനപ്പെട്ട അംഗം രണ്ട് കുടിവെള്ള പദ്ധതികളെ സംബന്ധിച്ച സബ്മിഷനാണ് ഉന്നയിച്ചത്. നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതികളിൽ ഏഴ് ഘടകങ്ങളുള്ളതിൽ ആറ് ഘടകങ്ങളുടെയും പണി പൂർത്തീകരിച്ചുകഴിഞ്ഞു. ഏഴാമത്തെ ഘടകത്തിന്റെ പ്രവൃത്തി വേഗം പൂർത്തീകരിക്കാനുള്ള നടപടി ആയിട്ടുണ്ട്; ഒട്ടും വൈകാതെ തന്നെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭരണിക്കാവ് കുറത്തികാട് കുടിവെള്ള പദ്ധതിയുടെ കുറെ ഘടകങ്ങൾ പണി പൂർത്തീകരിച്ചുകഴിഞ്ഞു. കല്ലുമലയിൽ റെയിൽവേ ട്രാക്ക് ക്രോസിംഗിനായി റെയിൽവേ അധികാരികൾ നേരത്തെ അനുമതി നൽകി 21 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നെങ്കിലും റെയിൽവേ വികസനത്തിന്റെ ഭാഗമായി കല്ലുമല എൽ.സി. നമ്പർ 27-ൽ നിർദ്ദിഷ്ട സബ് വേ വരുന്നതിനാൽ നേരത്തെ നൽകിയ അനുമതി മരവിപ്പിച്ചുനിർത്തിയിരിക്കുന്നതായി റെയിൽവേ അധികൃതർ വാട്ടർ അതോറിറ്റിയെ അറിയിച്ചിരിക്കുകയാണ്. ഈ സബ് വേ പദ്ധതി പൂർത്തീകരിക്കാൻ രണ്ടുവർഷം വേണ്ടിവരുമെന്നും നിർമ്മാണം കഴിഞ്ഞ് റെയിൽവേയുടെ വസ്തുവിൽ സ്ഥലമുണ്ടെങ്കിൽ മാത്രമേ പൈപ്പ് ലൈൻ ക്രോസിംഗിനുള്ള

അനുമതി നൽകുകയുള്ളൂ എന്നുമാണ് റെയിൽവേ അധികാരികൾ ഇപ്പോൾ അറിയിച്ചിരിക്കുന്നത്. നേരത്തെ പണം അടയ്ക്കാൻ പറഞ്ഞ് അനുമതി തന്നത് മരവിപ്പിച്ച് രണ്ടുകൊല്ലം കഴിഞ്ഞ് അനുമതിയുണ്ടോ ഇല്ലയോ എന്നത് അപ്പോൾ പറയാമെന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് പൈപ്പ് ലൈൻ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ ട്രാക്ക് ക്രോസ് ചെയ്ത് സ്ഥാപിക്കണമെങ്കിൽ ട്രാക്കിന്റെ ഇരുവശങ്ങളിലുമുള്ള സ്വകാര്യ വ്യക്തികളുടെ സ്ഥലം വിലയ്ക്കെടുക്കേണ്ടതായി വരും. നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ടുപയോഗിച്ച് സ്വകാര്യ സ്ഥലമെടുക്കാൻ നിർവ്വാഹമില്ല. സമാന്തരമായി പൈപ്പ് ലൈൻ ബ്രിഡ്ജ് സ്ഥാപിക്കാനുള്ള മണ്ണ് പരിശോധന നടത്തുന്നതിന് റെയിൽവേ അധികാരികൾ പ്രാഥമിക അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മണ്ണ് പരിശോധനയ്ക്ക് എൽ.ബി.എസ്.-നെ ചുമതലപ്പെടുത്തുകയും അതിന്റെ നടപടികൾ നടന്നുവരികയും ചെയ്യുന്നു. കല്ലുമല റെയിൽവേ ഓവർ ബ്രിഡ്ജിന് സമാന്തരമായി സ്റ്റീൽ ബ്രിഡ്ജ് സ്ഥാപിക്കൽ, ഗ്യാപ് വർക്ക് പൂർത്തീകരിക്കൽ, പ്രായിക്കര പാലത്തിനുസമീപം വെള്ളത്തിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്ക് ഏകദേശം 4.2 കോടി രൂപ ആവശ്യമായിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതി ഒട്ടും വൈകാതെതന്നെ കമ്മീഷൻ ചെയ്യുന്നതാണ്.

(6) കനാൽ, പമ്പ് ഹൗസ് തുടങ്ങിയവയുടെ പ്രയോജനം ലഭ്യമാക്കൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, എന്റെ മണ്ഡലമായ കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി, കുറമണ്ണൂർ, കൊട്ടുമുടി തുടങ്ങിയ പ്രദേശങ്ങളിലും കുറ്റിപ്പുറം പഞ്ചായത്തിലെ പൈങ്കണ്ണൂർ, പേരശ്ശന്നൂർ തുടങ്ങിയ പ്രദേശങ്ങളിലും ഏകദേശം 500 ഏക്കറോളം നെൽകൃഷി ജലദൗർലഭ്യം കാരണം നശിച്ചുകൊണ്ടിരിക്കുകയാണ്. ജലസേചനത്തിനുവേണ്ടി ഉപയോഗിച്ചു കൊണ്ടിരുന്ന മോട്ടോർ പ്രവർത്തിക്കാത്തതും കനാലിൽ തടയണ നിർമ്മിച്ച് വെള്ളം കെട്ടിനിർത്തിയിരുന്ന സംവിധാനത്തിന്റെ തകരാറും നിമിത്തമാണ് ഇങ്ങനെ നാശം സംഭവിച്ചുകൊണ്ടിരിക്കുന്നത്. മണ്ണെണ്ണയും ഡീസലും ഉപയോഗിച്ചാണ് ഇപ്പോൾ മോട്ടോർ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നത്. വരൾച്ചയും കൃഷിച്ചെലവ് ഇരട്ടിയായതും കാരണം കർഷകർക്ക് കഴിഞ്ഞവർഷം ലഭിച്ചുകൊണ്ടിരുന്ന വിളയുടെ പകുതിപോലും ലഭിക്കുന്നില്ല. കുറമണ്ണൂർ-ആശാരിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി പമ്പ് പ്രവർത്തിക്കാത്തതിനാൽ ഏകദേശം 1,05,000 രൂപ കുടിശ്ശിക അടയ്ക്കാനുണ്ട്. പഞ്ചായത്ത് ഗഡുക്കളായി അടയ്ക്കാനുള്ള അനുവാദത്തിനുവേണ്ടി അപേക്ഷ നൽകിയിട്ട് അത് ലഭിച്ചിട്ടുമില്ല. സമാനമായ പ്രശ്നം തന്നെയാണ് കുറ്റിപ്പുറം പഞ്ചായത്തിലെ പൈങ്കണ്ണൂർ, പേരശ്ശന്നൂർ തുടങ്ങിയ പ്രദേശങ്ങളിലുമുള്ളത്. വണ്ടല്ലൂർ ഭാഗത്തേയ്ക്ക്

കനാൽ നിർമ്മിക്കുന്നതിനും കനാൽ, തടയണ എന്നിവയുടെ നിർമ്മാണത്തിലെ അപാകത പരിഹരിക്കുന്നതിനും മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, മങ്കേരി ഇറിഗേഷൻ പദ്ധതിയുടെ 1940 മീറ്റർ നീളമുള്ള മെയിൻ കനാൽവഴി മങ്കേരി പ്രദേശത്തേയ്ക്കും തുടർന്ന് തോട് വഴി കുറ്റിപ്പുറം പഞ്ചായത്തിലെ പൈങ്കണ്ണൂർ, പേരശ്ശന്നൂർ എന്നീ പ്രദേശങ്ങളിലേയ്ക്കും കൃഷിക്കാർ ആവശ്യപ്പെട്ടപ്രകാരം ഇപ്പോഴും വെള്ളം കൊടുത്തു കൊണ്ടിരിക്കുന്നുണ്ട്. കുറ്റിപ്പുറം പഞ്ചായത്തിലെ വ്യത്യസ്ത ഭാഗങ്ങളിലേയ്ക്ക് നേരിട്ട് വെള്ളം നൽകുന്ന പുതിയ പദ്ധതിയായ പേരശ്ശന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി യാഥാർത്ഥ്യമാകുന്നതിന് 81 ലക്ഷം രൂപയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റിന്റെ പരിശോധന നടന്നുവരികയാണ്. ഇരിമ്പിളിയം പഞ്ചായത്തിലെ ഇരിമ്പിളിയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 660 മീറ്റർ നീളമുള്ള വടക്കേ ബ്രാഞ്ച് കനാലിന്റെ ടെയിൽ എൻഡിൽനിന്ന് ഏകദേശം ഒരു കിലോമീറ്റർ ദൂരത്തിൽ പാടങ്ങളിലൂടെ ചാൽ കീറിയാണ് 25 വർഷം മുൻപ് കൊടുമുടി ഭാഗത്തേയ്ക്ക് വെള്ളം കൊടുത്തിട്ടുള്ളത്. എന്നാൽ ഇപ്പോൾ പ്രസ്തുത വെള്ളം കൊണ്ടുപോയിക്കൊണ്ടിരുന്ന പാടങ്ങളെല്ലാം മണ്ണിട്ട് നികത്തിയതിനാൽ 25 വർഷത്തോളമായി വെള്ളം കൊടുക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പേരശ്ശന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 81 ലക്ഷം രൂപയുടെ സാങ്കേതികാനുമതിക്ക് വേണ്ടിയുള്ള പരിശോധന നടത്തി വരികയാണ്.

### (7) സ്റ്റാഫ് പാറ്റേണും അനുബന്ധ സൗകര്യങ്ങളും അനുവദിക്കൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൊണ്ടോട്ടി മണ്ഡലത്തിലെ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ പ്രവർത്തിക്കുന്ന ഓമാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 1985-ൽ ഐ.പി.പി. പ്രോജക്ടിൽ പി.എച്ച്.സി. ആയി സ്ഥാപിക്കപ്പെട്ടതാണ്. 2008-ൽ ഇത് സി.എച്ച്.സി. ആയി ഉയർത്തപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോഴും അവിടെ പി.എച്ച്.സി.-യുടെ സൗകര്യങ്ങൾ മാത്രമേയുള്ളൂ. ഇതുവരെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുകയോ സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ അനുവദിച്ചുകിട്ടുകയോ ചെയ്തിട്ടില്ല. നാട്ടുകാർ സൗജന്യമായി കൊടുത്ത 2 ഏക്കർ 52 സെന്റ് സ്ഥലത്താണ് ഈ ഹെൽത്ത് സെന്റർ സ്ഥാപിതമായിട്ടുള്ളത്. സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാത്തതിനാൽ സി.എച്ച്.സി.-യുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഓരോദിവസവും ആയിരത്തോളം ഔട്ട് പേഷ്യന്റ്സ് ഇവിടെ വരുന്നുണ്ട്. കൂടാതെ ഐ.പി.-യുമുണ്ട്. ഈ സി.എച്ച്.സി.-ക്ക് കീഴിൽ ചീക്കോട്, കീഴ്പറമ്പ്, വാഴക്കാട്, വാഴയൂര്, ഓടക്കയം, ഊർങ്ങാട്ടീരി അടക്കമുള്ള ആറ് പി.എച്ച്.സി.-കൾ പ്രവർത്തിക്കുന്നുണ്ട്.

സി.എച്ച്.സി.-യായി ഉയർത്തപ്പെട്ട ഈ സ്ഥാപനം സ്റ്റാഫിന്റെ അഭാവം കാരണം ജനങ്ങൾക്കും നാടിനും ഉപകാരമില്ലാതായി മാറുകയാണ്. സി.എച്ച്.സി.-യായി ഉയർത്തപ്പെട്ടതിന്റെ അടിസ്ഥാനത്തിലുള്ള സ്റ്റാഫ് പാറ്റേണും മറ്റ് അനുബന്ധ സൗകര്യങ്ങളും അടിയന്തരമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മിക്കവാറും എല്ലാപേരും ഒരേ കാര്യം തന്നെയാണ് ആശുപത്രികളുടെ കാര്യത്തിൽ പറയുന്നത്. വർഷങ്ങൾക്കുമുമ്പ് ആശുപത്രി അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടും ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടില്ലെന്നുള്ളതാണ് പരാതി. ഇതെല്ലാംകൂടി ഒരു ഗവൺമെന്റിന്റെ കാലത്ത് ഒരുമിച്ച് വരുമ്പോൾ വലിയ ഭാരമാണെന്ന് എല്ലാ എം.എൽ.എ.-മാരും മനസ്സിലാക്കുമെന്ന് ഞാൻ കരുതുന്നു. പക്ഷേ നമുക്ക് ഇതിനാവശ്യമായ കാര്യങ്ങൾ ചെയ്തേ മതിയാവുകയുള്ളൂ.

ശ്രീ. അടൂർ പ്രകാശ്: സർ, അത് നിങ്ങളുടെ ഭരണകാലത്ത് അനുവദിച്ചതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആര് അനുവദിച്ചാലും നേരത്തെയുള്ള കുറേ കാര്യങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഞാൻ നിഷേധമല്ല പറയുന്നത്. ഇതെല്ലാം ശരിയാക്കിയേ മതിയാകൂ. ആശുപത്രികളുടെ കാര്യത്തിൽ ഈ ഗവൺമെന്റ് ഒരു സ്റ്റാന്റേർഡൈസേഷൻ ഉണ്ടാക്കിയിട്ടുണ്ട്. നേരത്തെ അക്കാര്യം പറഞ്ഞതാണ്. ഒരു പഞ്ചായത്തിൽ ഒരു പി.എച്ച്.സി., ഒരു വികസന ബ്ലോക്കിലൊരു സി.എച്ച്.സി., ഒരു റവന്യൂ താലൂക്കിൽ ഒരു താലൂക്കാശുപത്രി, ജില്ലയിൽ ഒരു ജില്ലാ ആശുപത്രി, ഒരു ജനറലാശുപത്രി എന്നിങ്ങനെയാണ്. അവിടങ്ങളിലെല്ലാം ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതാണ്. കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് ഈ സ്ഥാപനമുള്ളത്. 24 കിടക്കകളോടുകൂടിയ ഈ ആരോഗ്യസ്ഥാപനത്തിൽ പ്രതിദിനം 300 ഒ.പി.-യും 10 ഐ.പി.-യുമാണ് ഇപ്പോഴുള്ളത്. മൂന്ന് അസിസ്റ്റന്റ് സർജന്മാരെ കൂടാതെ രണ്ട് എൻ.ആർ.എച്ച്.എം. ഡോക്ടർമാരടക്കം അഞ്ച് ഡോക്ടർമാരുടെ സേവനം ഈ സ്ഥാപനത്തിൽ ലഭ്യമാണ്. ലാബ് സൗകര്യവും ഫാർമസിയും പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ മൂന്ന് ദിവസം കണ്ണ് പരിശോധനയും ആഴ്ചയിലൊരു ദിവസം ഗർഭിണികൾക്കായുള്ള പരിശോധനയും ഇവിടെ നടന്നുവരുന്നു. കൂടാതെ ആഴ്ചയിലൊരിക്കൽ ഇമ്മ്യൂണൈസേഷൻ സൗകര്യവുമുണ്ട്. നിലവിൽ ഈ സ്ഥാപനത്തിൽ അനുവദിച്ചിട്ടുള്ള തസ്തികകൾക്കുപുറമെ എൻ.ആർ.എച്ച്.എം. മുഖേനയുള്ള സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ജെ.പി.എച്ച്.എൻ. എന്നിവരെ നിയമിച്ചിട്ടുണ്ട്. ഓമാനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിർദ്ദിഷ്ട

പ്രൊഫോർമയിൽ തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആ പ്രൊപ്പോസൽ വരുന്ന മുറയ്ക്ക് ഒരു വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി. എന്ന കാഴ്ചപ്പാടിൽ ഈ ആശുപത്രിയുടെ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (8) വിദ്യാലയങ്ങളിൽ കളരിപ്പയറ്റ് പരിശീലനം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിന്റെ തനതായ ആയോധനകലയാണ് കളരിപ്പയറ്റ്. തച്ചോളി ഒതേനനും ഉണ്ണിയാർച്ചയുമൊക്കെ വടക്കൻ പാട്ടിലെ വീരേതിഹാസങ്ങളാണ്. ആയോധനകല നമ്മുടെ അഭിമാനമാണ്. കഥകളിപോലെ കേരളത്തിന്റെ പ്രതീകമായി മാറിയിട്ടുള്ള കലാരൂപമായ കളരിപ്പയറ്റ് ഇപ്പോൾ അവഗണിക്കപ്പെടുകയാണ്. ഒരു കലാരൂപം കൂടിയാണ് കളരിപ്പയറ്റ്. മറ്റ് രാജ്യങ്ങളുടെ ആയോധനമുറകളായ കരാട്ടെയും തായ്ക്കോണ്ടയും നമ്മുടെ സ്കൂളുകളിൽ പരിശീലിപ്പിക്കുമ്പോൾ കഥകളിപോലെ കേരളത്തിന്റെ പ്രതീകമായി മാറിയിട്ടുള്ള കളരിപ്പയറ്റ് ഇപ്പോൾ അവഗണിക്കപ്പെടുന്ന സ്ഥിതിയാണുള്ളത്. കുട്ടികളുടെ ജീവിതശൈലിയെ ഏറ്റവും ഗുണകരമായി മാറ്റുന്നതിനും പുതിയ തലമുറയ്ക്ക് ആരോഗ്യകരമായ ഒരു അവസ്ഥ സംജാതമാക്കുന്നതിനും ഇത് അത്യാവശ്യമാണെന്ന് ഞാൻ കരുതുന്നു. അതിനാൽ നമ്മുടെ പാഠ്യപദ്ധതിയിൽ കളരിപ്പയറ്റ് ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ആയോധനകലയായ കളരിപ്പയറ്റ് നിലവിലുള്ള സ്കൂൾ സ്പോർട്സ് മാന്വലിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സ്കൂൾ സ്പോർട്സ് മാന്വൽ സമഗ്രമായി പരിഷ്കരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്. ആയത് പരിഷ്കരിക്കുമ്പോൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

### (9) തസ്തികകളുടെ അംഗീകാരം

ശ്രീ. എ. പ്രദീപ്കുമാർ: സർ, 2014-15 അദ്ധ്യയന വർഷത്തിൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടു-വിന് അധികബാച്ച് അനുവദിച്ചിരുന്നു. എന്നാൽ അദ്ധ്യാപക തസ്തികകളൊന്നും സൃഷ്ടിക്കാതെ രണ്ട് വർഷത്തേയ്ക്ക് ഗസ്റ്റ് ലക്ചറർമാരെവച്ച് ക്ലാസ് നടത്താനായിരുന്നു അന്ന് നിർദ്ദേശം നൽകിയത്. ആ രണ്ടുവർഷം കഴിഞ്ഞു. ഗസ്റ്റ് ലക്ചർമാർക്ക് ദിവസക്കൂലിപോലും കൊടുത്തിട്ടില്ല. ഇടയ്ക്ക് കൊടുക്കാനായി പ്രഖ്യാപനമുണ്ടായെങ്കിലും കൊടുത്തിട്ടില്ല. അർഹതയുള്ള എല്ലാ സ്കൂളുകൾക്കും തസ്തിക സൃഷ്ടിച്ച് അവിടത്തെ പഠനം സുഗമമാക്കാനുള്ള സാഹചര്യമുണ്ടാക്കണം. തസ്തിക സൃഷ്ടിക്കുമെന്ന് ബഹുമാന്യനായ ധനകാര്യ

വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത് വേഗതയിൽ ചെയ്യേണ്ടതുണ്ട്. അർഹതയുള്ള സ്കൂളുകളെന്നുപറയാൻ കാരണം, നേരത്തെ പ്ലസ് ടു-വിന് അധിക ബാച്ച് അനുവദിച്ചതിൽ വേണ്ടത്ര കുട്ടികളില്ലാത്ത, അർഹതയില്ലാത്ത സ്കൂളുകളുണ്ട്. അത് പരിശോധിച്ച് അർഹമായ മുഴുവൻ സ്കൂളുകളിലും തസ്തിക സൃഷ്ടിച്ച് പഠനാന്തരീക്ഷം സുഗമമാക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്ത് 2014-15 അദ്ധ്യയനവർഷം അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിൽ, ഓരോ തസ്തികയ്ക്കും വേണ്ട പീരീഡുകളുടെ എണ്ണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ നിർദ്ദേശം കണക്കിലെടുത്ത് തസ്തിക നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. ധനകാര്യ വകുപ്പിന്റെ അനുമതിക്കും മന്ത്രിസഭാ യോഗത്തിന്റെ തീരുമാനത്തിനും വിധേയമായി മാത്രമേ തസ്തിക സൃഷ്ടിച്ച് നിയമനാംഗീകാരം നൽകാൻ കഴിയുകയുള്ളൂ. നിലവിലുള്ളവർക്ക് ദിവസവേതനം നൽകുന്നുണ്ട്. അപ്രകാരം തസ്തിക സൃഷ്ടിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മി. സ്പീക്കർ: ഗസ്റ്റ് ലക്ചറർമാർക്ക് ഇപ്പോൾ വേതനം കിട്ടിക്കൊണ്ടിരിക്കുന്നുവെന്ന് പറയുന്നത് ശരിയല്ല. അക്കാര്യം പരിശോധിക്കണം. മൂന്ന് വർഷമായി വേതനം കിട്ടാത്തവരുണ്ട്.

പ്രൊഫ. സി. രവീന്ദ്രനാഥ്: പ്ലസ് ടു-വിലുള്ള ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർക്കും തസ്തിക നിശ്ചയിച്ച് അംഗീകാരം നൽകാത്തവർക്കും വേതനം നൽകുന്നുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധിക്കണം.

## VI ധനകാര്യം

## 2017-18 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, വരുന്ന സാമ്പത്തിക വർഷത്തേക്കു വേണ്ടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം വെള്ളിയാഴ്ച രാത്രിയാണ് ഞാൻ വീട്ടിലെത്തിയത്, അതിരാവിലെ എനിക്ക് അങ്കമാലിവരെ പോകേണ്ടതുണ്ടായിരുന്നു. ഞാൻ വീട്ടിൽനിന്നും ഇറങ്ങി തോപ്പുംപടി കഴിഞ്ഞപ്പോൾ റോഡിൽ മനോഹരമായ ഒരു ചിത്രം കണ്ടപ്പോൾ എനിക്ക് പരിചയമുണ്ടെന്ന് കരുതി ഞാൻ ആ ചിത്രത്തിന്റെ

അടുത്തേയ്ക്കുപോയി. വളരെ സുന്ദരമായ മുഖത്തോടുകൂടിയ എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. ഹൈബി ഈഡന്റെ ഒരു ഫ്ലക്സ് ബോർഡാണത്. അദ്ദേഹത്തിനെന്തെങ്കിലും അംഗീകാരം കിട്ടിയോ എന്നറിയാൻ വേണ്ടി നോക്കിയപ്പോൾ അതിലെഴുതിയിരിക്കുന്നത് 30 കോടി രൂപ വാത്തുരുത്തി പാലത്തിന് അനുവദിച്ച ഹൈബി ഈഡന് അഭിവാദ്യങ്ങൾ എന്നാണ്. ഞാൻ അവിടെനിന്നും മുന്നോട്ടുപോയപ്പോൾ അതുപോലുള്ള ഏതാണ്ട് മുപ്പതോ നാൽപ്പതോ ബോർഡുകൾ, വിവിധ രൂപത്തിലുള്ള മനോഹരമായ ചിത്രങ്ങൾ വൈവിദ്ധ്യമാർന്ന വർണ്ണങ്ങളിൽ ആ റോഡിലാകെ പതിപ്പിച്ചിരിക്കുന്നു. അതൊരു പാലത്തിനുവേണ്ടിമാത്രമല്ല, റോഡുകളുടെ പേരിൽ പണം അനുവദിച്ചതുമുണ്ട്. അതുകഴിഞ്ഞ് ഞാൻ അടുത്ത മണ്ഡലമായ പറവൂര് പോയപ്പോൾ അവിടെ പത്രങ്ങളിലെല്ലാം ചാത്തനാട്-പെരുമ്പടന്ന റോഡിന് ശ്രീ. വി. ഡി. സതീശൻ പണം അനുവദിച്ചിരിക്കുന്നുവെന്ന പ്രസ്താവന. ഞാൻ കേരള കൗമുദിയിലാണ് വായിച്ചത്.

ശ്രീ. വി.ഡി. സതീശൻ: Sir, I'm on a point of order. ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ചപ്പോൾ ഞാൻ അവിടെ ബോർഡ് വച്ചിരിക്കുന്നുവെന്ന് പറഞ്ഞു.

മി. സ്പീക്കർ: അങ്ങ് ബോർഡ് വച്ചുവെന്ന് പറഞ്ഞിട്ടില്ല. അങ്ങയുടെ മണ്ഡലത്തിൽ ബോർഡ് കണ്ടുവെന്നാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ശരിയല്ല. എല്ലാ കാലഘട്ടത്തിലും സർക്കാർ ബഡ്ജറ്റിലൂടെ അവതരിപ്പിക്കുന്ന നേട്ടങ്ങൾ എല്ലാ എം.എൽ.എ.-മാരും അവരവരുടെ സ്ഥലങ്ങളിൽ വയ്ക്കാറുണ്ട്. അവർ ആവശ്യപ്പെട്ടിട്ടാണ് ബഡ്ജറ്റിൽ വരുന്നത്. നിങ്ങൾ നൽകുന്ന ഔദാര്യം പോലെ പറയരുത്. അത് ശരിയല്ല.

മി. സ്പീക്കർ: അങ്ങ് പോയിന്റ് ഓഫ് ഓർഡർ എന്നുപറഞ്ഞാൽ പോയിന്റ് പറയണം.

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അങ്ങ് ബോർഡ് വച്ചിട്ടില്ലേ; എം.എൽ.എ.-മാരെ അപകീർത്തിപ്പെടുത്തിക്കൊണ്ട് സംസാരിക്കുന്നത് ഓർഡറിൽ അല്ല. അത് ശരിയല്ല. .....(ബഹളം)...... ബഹുമാനപ്പെട്ട അങ്ങ് അടക്കം ബോർഡ് വച്ചിട്ടുണ്ട്.

മി. സ്പീക്കർ: അപകീർത്തിപ്പെടുത്തിയിട്ടില്ല. അദ്ദേഹം പറഞ്ഞുതുടങ്ങിയതല്ലേയുള്ളൂ.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ബഡ്ജറ്റ് കഴിയുമ്പോൾ എം.എൽ.എ.-മാർ ബോർഡ് വയ്ക്കുമെന്ന് ബഹുമാനപ്പെട്ട വി.ഡി. സതീശൻ പറഞ്ഞത് തെറ്റാണ്.

എന്റെ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷം നയാപൈസയുടെ വിഹിതം ബഡ്ജറ്റിൽ എനിക്ക് തന്നിട്ടില്ല. പിന്നെ ഞാൻ എങ്ങനെയാണ് ബോർഡ് വയ്ക്കുന്നത്? .....(ബഹളം)......

ശ്രീ. ഹൈബി ഈഡൻ: സർ, ശ്രീ. രാജു എബ്രഹാം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ സെൻട്രൽ റോഡ് ഫണ്ട് കിട്ടിയത് അദ്ദേഹത്തിനാണ്. അദ്ദേഹം നിഷേധിക്കട്ടെ. സെൻട്രൽ റോഡ് ഫണ്ട് കിട്ടിയില്ലെങ്കിൽ നിഷേധിക്കട്ടെ. അതിന്റെ ഫ്ലക്സും വച്ചിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ ബഡ്ജറ്റുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ ബോർഡ് വച്ചതിനെയോ അവരുടെ മണ്ഡലങ്ങളിൽ തുക അനുവദിച്ചതിനെയോ മോശമായി ചിത്രീകരിച്ചതല്ല. അതിനുള്ള അവകാശം അവർക്കുണ്ട്. മറ്റൊന്നാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് അവതരണത്തിനുശേഷം ഒരു പത്രമെഴുതിയത് എറണാകുളം ജില്ല സീറോ എന്നാണ്. ഈ വർഷത്തെ ബഡ്ജറ്റ് അവതരണത്തിന്റെ പിറ്റേ ദിവസം എറണാകുളം ജില്ലയിലെ ഒരു പ്രമുഖ പത്രം നഗരത്തെക്കുറിച്ച് എഴുതിയത് 'സ്മാർട്ട് കൊച്ചി' എന്നാണ്. ഇതുവരെ ഇല്ലാത്തവണ്ണം എറണാകുളം ജില്ലയ്ക്കുവേണ്ടി ഈ ബഡ്ജറ്റിൽ വിവിധ മേഖലകളിലായി നിരവധി പദ്ധതികളാണുള്ളത്. ആ പദ്ധതികളുമായി ബന്ധപ്പെട്ടാണ് എറണാകുളം ജില്ലയിലെ ബഹുമാന്യരായ യു.ഡി.എഫ്. എം.എൽ.എ.-മാർ ബോർഡുകൾ വച്ചിട്ടുള്ളതും പ്രസ്താവനകളിറക്കിയിട്ടുള്ളതും. യു.ഡി.എഫ്.-ലെ വരുംകാല സ്ഥാനാർത്ഥിമോഹികളുടെ കണ്ണുതട്ടാതിരിക്കാനായി എന്താണ് മാർഗ്ഗമെന്ന് ഇവരിപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുകയുമാണ്. എറണാകുളം ജില്ലയെ മുമ്പൊരിക്കലും ഇല്ലാത്തവണ്ണം പരിഗണിച്ചു. കേരളത്തിന്റെ നാഡി എന്നുപറയുന്ന ദേശീയ പാതയിലെ വൈറ്റില-കുണ്ടന്നൂർ പാലത്തിന് ഒരു കാലത്ത് ബഹുമാന്യനായ മുൻ മുഖ്യമന്ത്രി തറക്കല്ലിട്ടതാണ്. ആ കല്ല് അവിടെയുണ്ടോ എന്നത് സംബന്ധിച്ച ഒരന്വേഷണം വേറെ നടത്തണം. അതിനിപ്പോൾ ശാപമോക്ഷം കിട്ടിയിരിക്കുന്നു. ആ തറക്കല്ലിന്റെമേൽ പാലം പണിയാനുള്ള തീരുമാനവും അതിനുവേണ്ടി രണ്ട് പാലങ്ങൾക്കുള്ള തുകയും ബഹുമാന്യനായ മന്ത്രി ഈ ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. കഴിഞ്ഞ 25 കൊല്ലം മന്ത്രി പ്രതിനിധാനം ചെയ്ത മണ്ഡലമാണ് തൃപ്പൂണിത്തുറ. അവിടെ 1990-ലാണ് പൂത്തോട്ട മുതൽ പുതിയകാവ് വരെ ഇരുവശവുമുള്ള ഭൂമി മരവിപ്പിച്ചിട്ടത്. മനോരമ പത്രം അതുസംബന്ധിച്ച് നേരത്തേ തന്നെ ഒരു ലേഖനം എഴുതിയിരുന്നു. അതിന്റെ ചുവടുപിടിച്ച് ഇപ്പോഴത്തെ ബഹുമാന്യനായ എം.എൽ.എ., എം. സ്വരാജ് അക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തിയതിനെത്തുടർന്ന് 300 കോടി രൂപയാണ് അനുവദിച്ചത്. ഒരുപക്ഷേ കേരളത്തിൽ ഒരു പദ്ധതിക്കുവേണ്ടി ഏറ്റവും കൂടുതൽ സംഖ്യ നീക്കിവയ്ക്കുന്നത് പൂത്തോട്ട-എസ്.എൻ.ജംഗ്ഷൻ റോഡ് വികസനവുമായി ബന്ധപ്പെട്ടാണ്.

എറണാകുളം ജില്ലയെ വ്യാവസായിക ജില്ല എന്നാണറിയപ്പെടുന്നത്. വ്യാവസായിക ജില്ലയായ എറണാകുളത്ത് വ്യവസായ മേഖലയ്ക്ക് പുതിയൊരുണർവ്വുണ്ടായിരിക്കുകയാണ്. എറണാകുളം ജില്ലയിലെ പല പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങളുടെയും തൊഴിലാളി സംഘടനകളുടെയും നേതാക്കന്മാരാണ് അപ്പുറത്തിരിക്കുന്ന ശ്രീ. വി. ഡി. സതീശനും ശ്രീ. ഹൈബി ഈഡനും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞുമെല്ലാം. അവരൊക്കെ പ്രവർത്തിക്കുന്ന, നേതൃത്വം കൊടുക്കുന്ന ആ പൊതുമേഖലാ സ്ഥാപനങ്ങൾ ഈ ഗവൺമെന്റ് മുമ്പൊരിക്കലുമില്ലാത്തവണ്ണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഫണ്ട് അനുവദിച്ചിരിക്കുകയാണ്. ടി.സി.സി.-ക്ക് 5 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക ടി.സി.സി.-യുടെ ഒരു പുതിയ പ്ലാന്റ് ആരംഭിക്കാൻ വേണ്ടിയാണെങ്കിലും അവിടെ ചില പ്രതിസന്ധികൾ നേരിടുന്നുണ്ട്. മന്ത്രിസഭാതലത്തിൽ ആ പ്രതിസന്ധികൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ടെൽക്കിന്റെ നവീകരണം പ്രധാനമാണ്. ഒരുകാലത്ത് ടെൽക്ക് Siemens എന്നുപറയുന്ന ജർമൻ കമ്പനിക്ക് വിൽക്കാൻ അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചതാണ്. ആ സ്ഥാപനം പൊതു മേഖലയിൽ നിലനിർത്തി എന്നുമാത്രമല്ല, ഇപ്പോൾ പ്രതിസന്ധി നേരിടുന്ന ടെൽക്കിനെ രക്ഷിക്കാൻ 10 കോടി രൂപ ബഹുമാന്യനായ മന്ത്രി വകയിരുത്തിയിട്ടുമുണ്ട്. ഞാൻ വ്യവസായശാലകളിലെ എല്ലാ പ്രശ്നങ്ങളിലേയ്ക്കും കടക്കുന്നില്ല. പൊതുമേഖലാ വ്യവസായശാലകൾ നവീകരിക്കുന്നതോടൊപ്പം തന്നെ എറണാകുളം ജില്ലയുടെ വികസനം ലക്ഷ്യംവച്ചുകൊണ്ട് രണ്ട് പുതിയ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിലൊന്ന്, പെട്രോ കെമിക്കൽസ് വ്യവസായവും മറ്റൊന്ന് ഫാർമസ്യൂട്ടിക്കൽസ് വ്യവസായവുമായി ബന്ധപ്പെട്ടുള്ളതാണ്. വലിയ തൊഴിൽ സാദ്ധ്യതയുണ്ടാക്കാൻ കഴിയുന്ന രണ്ട് പദ്ധതികൾ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെയാണ് ഇൻഫോ പാർക്ക്. ബഹുമാന്യനായ മുൻമുഖ്യമന്ത്രിയുടെ കാലത്ത് മറ്റൊരു സ്ഥാപനത്തിന് ഇൻഫോ പാർക്ക് കൈമാറാനുള്ള തീരുമാനമെടുത്തതാണ്. വലിയ സമരം അക്കാലത്ത് ഉയർന്നുവന്നതിനെ തുടർന്നാണ് കേരളത്തിന്റെ അഭിമാനമായ ഇൻഫോപാർക്ക് സംസ്ഥാന ഉടമസ്ഥതയിൽത്തന്നെ നിലനിർത്തിയത്. ഇൻഫോപാർക്കിനുവേണ്ടി 79 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. അതിനേക്കാൾ മെച്ചപ്പെട്ടതായി കാണുന്നത് ഇൻഫോപാർക്ക് തുടങ്ങുമ്പോൾ 2020-ഓടുകൂടി ഒരു ലക്ഷത്തോളം വരുന്ന ചെറുപ്പക്കാർക്ക് ഐ.ടി.-മേഖലയിൽ ജോലി ലഭിക്കുമെന്നുള്ളതാണ്. നിരവധി അഭ്യസ്തവിദ്യർ ഇന്ന് നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലാത്തവരായിട്ടുണ്ട്. അവർക്ക് പ്രതീക്ഷയുടെ ഒരു പുതിയ കവാടം തുറന്നുകിട്ടുകയാണ്. ഒരു ലക്ഷം പേർക്ക് 2021-ഓടുകൂടി തൊഴിലവസരങ്ങൾ കിട്ടാൻപോകുന്നു. കേരളത്തിന്റെ മറ്റ് ഐ.ടി. പാർക്കുകൾക്കും വികസനത്തിനായി തുക നീക്കിവച്ചിട്ടുണ്ട്.

തീരദേശ മേഖലയുടെ കാര്യമെടുത്താൽ, കേരളത്തിലെ തീരദേശ മേഖലയ്ക്ക് വലിയ പ്രതീക്ഷയാണ് ഈ ബഡ്ജറ്റ്. 9 ജില്ലകളിലൂടെയാണ് തീരദേശ ഹൈവേ കടന്നുപോകുന്നത്. അതിലൊരു ജില്ലയാണ് എറണാകുളം. എറണാകുളം ജില്ലയുമായി ബന്ധപ്പെട്ടുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ ഉയർച്ച, മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് വ്യവസായമേഖല നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. കടലിൽ ആവശ്യത്തിന് മത്സ്യം ഇല്ലാത്തതിനാൽ പിടിക്കുന്ന മത്സ്യത്തിന്റെ അളവ് കുറയുന്നു എന്നുള്ളതാണ് മറ്റൊരു പ്രശ്നം. തീർച്ചയായും മത്സ്യ ഉൽപ്പാദനത്തിന്, മത്സ്യകൃഷി മെച്ചപ്പെടുത്താൻ വേണ്ടി ബഡ്ജറ്റിൽ കുറെക്കൂടി തുക നീക്കിവയ്ക്കുകയും സംസ്ഥാനത്തെ മത്സ്യ കയറ്റുമതി സ്ഥാപനങ്ങൾ അതിന്റെ പൂർണ്ണശേഷി ഉപയോഗിക്കാൻ കഴിയുംവണ്ണം മത്സ്യകൃഷിയിലൂടെ ആവശ്യമായ മൽസ്യവിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനുമുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിക്കുകയും എറണാകുളം ജില്ലയിൽ ചെല്ലാനം ഫിഷറീസ് ഹാർബർ, 2006-ൽ ബഹുമാന്യനായ എസ്. ശർമ്മ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിലാണ് തുടക്കം കുറിച്ചത്. അതിന്റെ ഒരു ഘട്ടം അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനാണ് ഉദ്ഘാടനം ചെയ്തത്. കഴിഞ്ഞ 5 വർഷക്കാലം ജില്ലയിൽനിന്നും ഫിഷറീസ് വകുപ്പിന് ഒരു മന്ത്രിയുണ്ടായിരുന്നിട്ടും ചെല്ലാനം ഫിഷറീസ് ഹാർബറിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കോ അവിടേയ്ക്കുവേണ്ടി റോഡിന് സ്ഥലമേറ്റെടുക്കാനോ ഒന്നും സാധിച്ചില്ല. രണ്ടാംഘട്ട വികസനത്തിനായി റോഡിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനും ലേലപ്പുരയും കോൾഡ് സ്റ്റോറേജുമടങ്ങുന്ന ചെല്ലാനം ഫിഷറീസ് ഹാർബറിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കാനും നടപടി സ്വീകരിക്കണം. വാത്തുരുത്തി പാലത്തിന് 20 കോടി രൂപയും വാത്തുരുത്തി ഓവർബ്രിഡ്ജിന് 30 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. എറണാകുളം മണ്ഡലത്തിലെ വടുതലയിൽനിന്നും പട്ടികജാതി വിഭാഗക്കാർ താമസിക്കുന്ന കുറങ്കോട്ട ദ്വീപിലേയ്ക്ക് പാലം നിർമ്മിക്കാൻവേണ്ടി 20 കോടി രൂപ വകയിരുത്തിയാൽ ആ പ്രദേശത്തെ ജനങ്ങൾക്ക് അത് സഹായകരമാകും.

12.00 Noon]

ഇന്നിവിടെ വജ്രജൂബിലിയുടെ ഭാഗമായി സി.പി.ഐ.(എം.)-ന്റെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി പങ്കെടുക്കുന്ന ഒരു സെമിനാറുണ്ട്. അതിലെ വിഷയം "ഫെഡറലിസം-സാദ്ധ്യതകളും വെല്ലുവിളികളും" എന്നാണ്. ഇന്ത്യയ്ക്കകത്ത് ഫെഡറൽ സംവിധാനത്തിനെതിരെ വലിയ വെല്ലുവിളി ഉയർന്നിരിക്കുകയാണ്. അൽപംമുമ്പ് സഭ അക്കാര്യം ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമടക്കമുള്ള ഭരണ-പ്രതിപക്ഷ നേതാക്കളെല്ലാം ഇന്ത്യയ്ക്കകത്ത് ഫെഡറൽ ഭരണസംവിധാനം നേരിട്ടുകൊണ്ടിരിക്കുന്ന ഗൗരവമായ പ്രശ്നം ചർച്ച ചെയ്തതാണ്. ശ്രീ. നരേന്ദ്ര മോദിയുടെ ഭരണത്തിൻകീഴിൽ സാമ്പത്തികമുൾപ്പെടെ എല്ലാ അധികാരങ്ങളും കേന്ദ്രത്തിലേയ്ക്ക്....

ശ്രീ. പി. ടി. തോമസ്: സർ, ഇന്ന് ബഹുമാന്യനായ സീതാറാം യെച്ചൂരി ഇവിടെ സെമിനാറിൽ പങ്കെടുത്ത് പ്രസംഗിക്കുന്നുണ്ട്. അത് നല്ല കാര്യം. ആ പ്രസംഗത്തിലെങ്കിലും ഫാസിസത്തെ സംബന്ധിച്ച് ശ്രീ. പ്രകാശ് കാരാട്ടിന്റെ അഭിപ്രായമാണോ അദ്ദേഹത്തിന്റെ അഭിപ്രായമാണോ പാർട്ടിയുടെ ഔദ്യോഗിക നിലപാടെന്ന് വ്യക്തമാക്കുമോ?

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ബഹുമാന്യനായ പി. ടി. തോമസ് ശ്രീ. സീതാറാം യെച്ചൂരിയുടെ പ്രസംഗം കേൾക്കാൻ വരുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കാരണം, അദ്ദേഹത്തിന് ഇപ്പോൾ പുതിയ ചുമതലയുണ്ട്. അദ്ദേഹമിപ്പോൾ വീക്ഷണത്തിന്റെ എം.ഡി.-യും എഡിറ്ററുമൊക്കെയാണ്. അതുകൊണ്ട് ഈ കാര്യങ്ങളൊക്കെ പഠിക്കാൻ അദ്ദേഹം നിർബന്ധിതനാണ്. തീർച്ചയായും ശ്രീ. സീതാറാം യെച്ചൂരിയുടെ ലേഖനങ്ങൾ ഇനിയും അങ്ങ് വായിക്കണം. ഫാസിസത്തിനെതിരായി ഈ രാജ്യത്ത് ശ്രീ. സീതാറാം യെച്ചൂരിയും അദ്ദേഹത്തിന്റെ പ്രസ്ഥാനമായ സി.പി.ഐ.(എം.)-ഉം നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടം, ഫാസിസത്തിനെതിരായി ജനങ്ങളെ അണിനിരത്തുകയാണ്. ഇക്കാര്യത്തിൽ നിങ്ങളുടെ നേതാവ് ശ്രീ. എ. കെ. ആന്റണി പറഞ്ഞതായി പത്രങ്ങളിൽ വന്ന, 'പകൽസമയത്ത് കോൺഗ്രസ്സും, രാത്രികാലങ്ങളിൽ ആർ.എസ്.എസ്.-ഉം ആകുന്നവർ' നിങ്ങളുടെ കൂട്ടത്തിലുണ്ടാകരുതെന്ന് മാത്രമേ ഞങ്ങൾക്കുള്ളൂ. ഫാസിസത്തെ നേരിട്ടുകൊണ്ട് രാജ്യത്തിന്റെ ഫെഡറൽ ഭരണ സംവിധാനത്തെ ശക്തിപ്പെടുത്തണമെങ്കിൽ ശക്തമായ ഇടതുപക്ഷ മതനിരപേക്ഷ-ജനാധിപത്യ പാർട്ടികളുടെ കരുത്ത് വർദ്ധിക്കേണ്ടിയിരിക്കുന്നു. അതിനാണ് ഇടതുപക്ഷ പാർട്ടികൾ നേതൃത്വം കൊടുക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന, ഇന്ത്യയ്ക്കകത്ത് ഇന്ന് നിലനിൽക്കുന്ന കേന്ദ്രത്തിന്റെ അമിതാധികാര വാഴ്ചയ്ക്കെതിരായിട്ടുള്ള പ്രതിരോധമാണ് കേരളത്തിൽ ഇന്ന് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെകൂടി ഭാഗമായ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ സ്വാഗതം ചെയ്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു. നന്ദി.

## VII അറിയിപ്പ്

### തടവിലാക്കിയ മത്സ്യത്തൊഴിലാളികളെ തിരിച്ചുകൊണ്ടുവരുന്നത് സംബന്ധിച്ച്

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വിഴിഞ്ഞത്തുനിന്നും 7 പേരും പുല്ലുവിള, പുതിയതുറ, അടിമലത്തുറ എന്നിവിടങ്ങളിൽ നിന്നും 10 പേരും തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പൂന്തുറയിൽ നിന്ന് 2 പേരുമുൾപ്പെടെ 32 പേർ ബ്രിട്ടീഷ് അധീനതയിലുള്ള ഡീഗോഗാർഷ്യ എന്ന ദ്വീപിൽ അതിർത്തി ലംഘിച്ചു എന്ന പേരിൽ അറസ്റ്റിലായിട്ടുണ്ട്. അമേരിക്കയുടെ

നിയന്ത്രണത്തിലുള്ള നാവികത്താവളത്തിലാണ് അവരെ അറസ്റ്റുചെയ്തുവച്ചിരിക്കുന്നത്. അവരെ മോചിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് സത്വരനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇക്കാര്യം ശ്രീ. ജോൺ ഫെർണാണ്ടസും രാവിലെ ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച് പരിശോധിച്ച് സർക്കാർ നാളെ മറുപടി പറയുന്നതാണ്.

**ധനകാര്യം (തുടർച്ച)**

ശ്രീ. അടൂർ പ്രകാശ്: സർ, ഡോ. ടി. എം. തോമസ് ഐസക് 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഡ്ജറ്റ് സഭയിൽ അവതരിപ്പിക്കുന്നതുവരെ അതൊരു സീക്രട്ട് ഡോക്യുമെന്റാണ്. പക്ഷെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളെല്ലാം തന്നെ അന്നു രാവിലത്തെ ചില പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

ശ്രീ. തോമസ് ചാണ്ടി: സർ, അത് ഊഹിച്ചെഴുതിയതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ഊഹിച്ചെഴുതിയതാണെങ്കിൽ കൃത്യമായ തുക അതിൽ വരില്ല. അതെങ്ങനെ വന്നു എന്നുള്ളത് അദ്ദേഹത്തിനറിയാം. അതുകൊണ്ടാണ് ഞങ്ങൾ പ്രതിപക്ഷത്തുള്ളവർ ഈ ബഡ്ജറ്റിന്റെ പരിപാവനതയെക്കുറിച്ച് ചോദ്യം ചെയ്തത്. ഇതിന്റെ പേരിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയെ നീക്കംചെയ്തു. തെറ്റുപറ്റി എന്നുള്ളതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ് അദ്ദേഹത്തെ നീക്കംചെയ്ത നടപടി. ഞങ്ങൾ ഈ ചർച്ചയിൽ പങ്കെടുക്കുന്നതുതന്നെ ഇന്ന് കേരളത്തിലെ ജനങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ്. സംസ്ഥാനം നേരിടുന്ന വരൾച്ച, ജനങ്ങൾക്ക് ഭക്ഷ്യസാധനങ്ങൾ കിട്ടാത്ത അവസ്ഥ, പരമ്പരാഗത തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ ഇതൊന്നും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് മുന്നോട്ടു പോകാൻ കഴിയാത്തതുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളെന്ന നിലയിൽ ജനങ്ങളുടെ ആവശ്യങ്ങൾ ഈ സഭയിൽ ഉന്നയിക്കണമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. വൈവിധ്യമാർന്ന വർണ്ണങ്ങളിൽ ശ്രീ. ഹൈബി ഈഡൻ ഉൾപ്പെടെയുള്ളവരുടെ ചിത്രങ്ങളുടെ ഫ്ലക്സ് വച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ജോൺ ഫെർണാണ്ടസ് പ്രസംഗിച്ചപ്പോൾ പറഞ്ഞു. ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ അടുത്ത ദിവസം പോകുന്ന വഴിക്കാണ് ശ്രീ. ഹൈബി ഈഡന്റെ ചിത്രം വച്ച ഫ്ലക്സ് അദ്ദേഹം കണ്ടതെന്നാണ് പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ എം.ടി.-യും

എം.ടി.-യുടെ കഥാപാത്രങ്ങളും അതിൽ നിറയുന്നുവെന്നാണ് നവമാധ്യമങ്ങളിൽ വന്നത്. ഇത് വന്നത് മാർച്ച് 3-ാം തീയതി രാവിലെ 9.24-നാണ്. അതുപോലെ കേരള ബഡ്ജറ്റ് 2017-ൽ ഒരു ലക്ഷം ഭവനരഹിതർക്ക് ഭവന പദ്ധതി, മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം, ആശാ വർക്കർമാർ, അങ്കണവാടി അദ്ധ്യാപകർ, പ്രീ-പ്രൈമറി അദ്ധ്യാപകർ എന്നിവരുടെ ഓണറേറിയം 500 രൂപ വർദ്ധിപ്പിക്കും, ക്ഷീര വികസനത്തിന് 97 കോടി രൂപ ഇതൊക്കെ വന്നത് സി.പി.ഐ.(എം.) പത്തനംതിട്ട നവമാധ്യമ ജില്ലാ കമ്മിറ്റിയിൽ നിന്നാണ്. ശ്രീ. പ്രശോഭ് കൃഷ്ണൻ എന്നയാളാണ് ഇത് നവമാധ്യമങ്ങളിൽ കൊടുത്തത്. അന്വേഷിക്കാൻ അങ്ങ് തയ്യാറാണെങ്കിൽ ഇതിനെക്കുറിച്ചും അന്വേഷിക്കണം. ഞങ്ങളെപ്പോലെയുള്ളവർ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മുന്നിലാണെങ്കിലും മറ്റ് മന്ത്രിമാരുടെ മുന്നിലാണെങ്കിലും പല കാര്യങ്ങളും ആവശ്യപ്പെടും. അക്കാര്യം എം.എൽ.എ.-മാർ എഴുതിത്തരാൻ ബഹുമാനപ്പെട്ട മന്ത്രിമാർ പറയാറുണ്ട്. ഞങ്ങൾ എഴുതിക്കൊടുക്കുകയും നിങ്ങൾക്കിഷ്ടമുള്ളത് തരികയും ചെയ്യും. എന്നാൽ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ഇവിടെ വിതരണം ചെയ്യുന്ന ബഡ്ജറ്റ് ബുക്ക് കിട്ടുമ്പോൾ, അല്ലെങ്കിൽ വായിക്കുന്ന അവസരത്തിൽ മാത്രമാണ് അതറിയാൻ കഴിയുന്നത്. എന്നാൽ നവമാധ്യമങ്ങളിൽ ഇതുസംബന്ധിച്ചുള്ള വാർത്ത വളരെ നേരത്തെ വന്നു എന്നുമാത്രമല്ല, ശ്രീ. ചിറ്റയം ഗോപകുമാറിന്റെ മണ്ഡലമായ അടൂരിൽ അങ്ങ് കൊടുത്ത ചില കാര്യങ്ങളെക്കുറിച്ചും വാർത്ത വന്നു. അടൂർ റിംഗ് റോഡ്, അടൂർ-തുമ്പമൺ-കോഴഞ്ചേരി റോഡ്, പുതുവൽ കുന്നിട മാങ്ങോട് റോഡിനായി തുക വകയിരുത്തി തുടങ്ങിയ വാർത്തകൾ വന്നത് മാർച്ച് 3-ാം തീയതി രാവിലെ 10.38-നാണ്. പ്രഖ്യാപിക്കുന്നതിനുമുമ്പുതന്നെ വാർത്ത വന്നിരിക്കുന്നു. നിങ്ങൾ മാർച്ച് 3-ാം തീയതി രാവിലെ 9.24-ന് വാർത്ത കൊടുത്തിരിക്കുന്നു. അതിനുമുമ്പ് അവിടെ ബോർഡുകളൊക്കെ ആയിക്കഴിഞ്ഞു. "ശ്രീ. എം. സ്വരാജ് അതിനുമുമ്പേ ബോർഡ് അടിച്ചുകാണും.* അത് വേറെ കാര്യം. ഞങ്ങൾ അതിനെ എതിർക്കുന്നില്ല.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം പറഞ്ഞുവന്നപ്പോൾ എന്റെ പേര് പറഞ്ഞതാണെന്നാണ് എനിക്ക് മനസ്സിലാകുന്നത്. അതുകൊണ്ടാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കേണ്ടതായി വന്നത്. അങ്ങനെ ഒരു ബോർഡും ഇപ്പോഴും വച്ചിട്ടില്ല. സംസ്ഥാന ഫണ്ടിൽനിന്നും അനുവദിച്ചുതരുന്ന വികസന പ്രവർത്തനങ്ങൾക്ക് കേൾക്കുന്നതിന് മുൻപുതന്നെ ബോർഡടിച്ചു വയ്ക്കുന്ന രീതി തൃപ്പൂണിത്തുറയിൽ ഇല്ല. "അതുകൊണ്ട് രേഖയിൽ നിന്ന് അത് ഒഴിവാക്കണം."

---

*സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു. (ഫ.നം.1079/ ഇ.ബി/ 2017/നി.സെ. തീയതി 10-3-2017)

മി. സ്പീക്കർ: അക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യാം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സണ്ണി ജോസഫ്)

ശ്രീ. അടൂർ പ്രകാശ്: സർ, വരൾച്ചയെക്കുറിച്ച് ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ. ഇന്ന് അടിയന്തരപ്രമേയം ഉന്നയിച്ചപ്പോൾ ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ വീഡിയോ കോൺഫറൻസ് നടത്തി എന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. വീഡിയോ കോൺഫറൻസ് നടത്തിയാൽ വെള്ളം കിട്ടുമോ; വീഡിയോ കോൺഫറൻസ് നടത്തേണ്ട എന്നല്ല. ഓരോ പ്രദേശത്തെയും വിവരങ്ങൾ അറിയുവാൻ വീഡിയോ കോൺഫറൻസ് നടത്തണം. റൂൾ 300 അനുസരിച്ച് ഞാനിവിടെ ഒരു സ്റ്റേറ്റ്മെന്റ് വച്ചു എന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത്. 20-2-2017-ന് കുടിവെള്ള വിതരണത്തിനായി 22.50 കോടി രൂപ അനുവദിച്ചു. ഒന്നര കോടി രൂപവീതം ജില്ലകളിൽ കൊടുത്തു. 6-3-2017-ൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടുകയുണ്ടായി. ഇതൊന്നും തെറ്റാണെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ ജനങ്ങൾക്ക് വരൾച്ച നേരിടാനാവശ്യമായ സംവിധാനങ്ങൾ ആരംഭിക്കണം. തിരുവല്ല എം.എൽ.എ. എന്നുള്ള നിലയിൽ പത്തനംതിട്ട ജില്ലക്കാരനായ ശ്രീ. മാത്യു ടി. തോമസ് ഇവിടെ വന്ന് ഒരു മീറ്റിംഗ് നടത്തി ഈ ജില്ലയിൽ 100 കിയോസ്കുകൾ സ്ഥാപിക്കാൻ പോകുന്നു എന്നുപറഞ്ഞു. ഒരു പഞ്ചായത്തിൽ എത്രയെണ്ണം കിട്ടും; എന്റെ നിയോജകമണ്ഡലത്തിൽ 11 പഞ്ചായത്തുണ്ട്. 16 കിയോസ്കുകൾ കിട്ടുമെന്നാണ് ഏറ്റവും അവസാനം കണക്കുകൂട്ടി പറഞ്ഞത്. 5-ാം തീയതി മുതൽ വെള്ളം കൊടുത്തു തുടങ്ങുമെന്നു പറഞ്ഞു. ഇതുവരെ ആർക്കും ദാഹജലം കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല.

പരമ്പരാഗത വ്യവസായത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി എപ്പോഴും പറയാറുണ്ട്. കയർ മേഖലയോടുള്ള കഴിഞ്ഞ സർക്കാരിന്റെ സമീപനം മാപ്പർഹിക്കാത്തതാണെന്ന് ഞങ്ങളെ കുറ്റപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ അങ്ങ് പറഞ്ഞു. കയർ മേഖലയാകെ തകർന്നിട്ടും നിരന്തര സമരങ്ങളുണ്ടായിട്ടും കഴിഞ്ഞ വർഷം കയർ മേഖലയ്ക്ക് വകയിരുത്തിയ തുക മുഴുവൻ കൊടുത്തിട്ടില്ല. 2011-ലാണ് ഞാൻ ചുമതലയേൽക്കുന്നത്. 2010-11-ൽ 806 കോടി രൂപയുടെ കയറ്റുമതിയായിരുന്നു. 2015-16 ആയപ്പോൾ 1,903 കോടി രൂപയുടെ കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിഞ്ഞു. ഇതെല്ലാം അന്തരീക്ഷത്തിൽ നിന്ന് ഉണ്ടാക്കിയെടുക്കുന്നതാണോ;

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഏത് സംസ്ഥാനത്തു നിന്നായിരുന്നു ഈ കയറ്റുമതി എന്നുകൂടി പറഞ്ഞാൽ നന്നായിരുന്നു. തമിഴ്നാട്ടിൽ നിന്നായിരുന്നോ, കേരളത്തിൽ നിന്നായിരുന്നോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഏത് സംസ്ഥാനത്തെ ഇക്കണോമിക് റിവ്യൂ ആണ് ഇന്ന് ഞങ്ങളുടെ മുമ്പിൽ വച്ചിട്ടുള്ളതെന്ന് അങ്ങ് പറയണം. ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്നത് അങ്ങ് വായിച്ചു നോക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുള്ളത് ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, അതെ. ഞാനത് നിഷേധിക്കുന്നില്ല. ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയിൽ ഏതാണ്ട് 60-70 ശതമാനം കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യുന്ന സാധനങ്ങളാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം 20 ശതമാനമായി കുറഞ്ഞിരിക്കുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, 20 ശതമാനം കുറഞ്ഞുവെങ്കിൽ 2010-11-ൽ കയറ്റുമതി 806 കോടി രൂപയുടേതായിരുന്നു, 2015-16-ൽ 1,903 കോടി എങ്ങനെ വന്നു; അതുസംബന്ധിച്ച് അങ്ങ് മറുപടി പറയുമോ; 2009-10 കാലഘട്ടത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കയറ്റുമതി ചെയ്തത് വെറും 10 ലക്ഷത്തിന് താഴെയായിരുന്നു. അതിപ്പോൾ എട്ടര ലക്ഷത്തിലധികം കയറ്റുമതി ചെയ്യാൻ കഴിഞ്ഞു. ഇത്തരത്തിലുള്ള പല കാര്യങ്ങളും ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ടുണ്ട്. കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി സംബന്ധിച്ച് പറയുമ്പോൾ, 2014-15 സാമ്പത്തിക വർഷം കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി മൂല്യവും അളവും 1,630 കോടി രൂപയും 626666 മെട്രിക് ടണ്ണുമായിരുന്നു. 2015-16-ൽ 1,901.43 കോടി രൂപയും 752020 മെട്രിക് ടണ്ണുമായിരുന്നു വർദ്ധിച്ചത്. അതായത് 20 ശതമാനം വർദ്ധനവ് അളവിലും 17 ശതമാനം മൂല്യത്തിലും രേഖപ്പെടുത്തിയിരിക്കുന്നു എന്ന് ഇക്കണോമിക് റിവ്യൂ പറഞ്ഞതനുസരിച്ചാണ് ഞാനിവിടെ പറയുന്നത്. ഇന്ത്യയിൽനിന്നോ അല്ലെങ്കിൽ വേറെ എവിടെ നിന്നെങ്കിലുമൊക്കെ അയച്ചു എന്ന് പറഞ്ഞ് ഞങ്ങളെ കളിപ്പിക്കുന്നത് ശരിയാണോ; അതാണല്ലോ ഇവിടെ നടന്നത്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പേ എല്ലാ കാര്യങ്ങളും പുറത്തറിഞ്ഞില്ലേ; അതുകൊണ്ടാണ് ഞങ്ങൾ ഈ ബഡ്ജറ്റിനെ എതിർക്കുന്നു എന്ന് പറഞ്ഞത്.

സെപ്റ്റംബർ മാസത്തിൽ 'കയർ കേരള' നടത്താൻ പോകുന്നു എന്ന്

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കയർ കേരള ആരംഭിച്ചത് ബഹുമാന്യനായ ജി. സുധാകരനാണ്. 2010-11 കാലഘട്ടത്തിൽ ഫെബ്രുവരി മാസം 1-ാം തീയതി കയർ കേരള ആരംഭിച്ചശേഷം ഇങ്ങോട്ടുള്ള ഓരോ വർഷങ്ങളിലും കയർ കേരള ങ്ങങ്ങൾ നടത്തി. കയർ കേരള നടത്തുമ്പോൾ ആലപ്പുഴ പട്ടണത്തിലൂടെ പ്രകടനം നടത്തിയിട്ടുള്ള ആളാണ് ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്. അഞ്ച് വർഷക്കാലവും അതിന് നേതൃത്വം കൊടുത്തിട്ട്, ഇപ്പോഴത്തെ ബഡ്ജറ്റിൽ കയർ കേരള സംഘടിപ്പിക്കുന്നത്, ഫെബ്രുവരി 1-ാം തീയതിയിൽ നിന്നും സെപ്റ്റംബർ മാസത്തിലേയ്ക്ക് മാറ്റി ഞങ്ങളിത് നടത്താൻ പോകുന്ന എന്നുപറഞ്ഞ് വീമ്പടിക്കുന്നതിൽ വല്ല കാര്യവുമുണ്ടോ. അത് നാണക്കേടല്ലേ? ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ടുകൊണ്ട് അങ്ങ് പറഞ്ഞിട്ടുള്ള പല കാര്യങ്ങളും സമയമില്ലാത്തതുകൊണ്ട് വിശദീകരിക്കാൻ കഴിയില്ല. ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ 16-ാം നൂറ്റാണ്ടിൽ കേരള ഭാഷയുടെയും കേരളീയ സാംസ്കാരിക ജീവിതത്തിന്റെയും നവോത്ഥാനത്തിന്റെയും വഴിതെളിച്ച് 'പുതുമലയാൺമതൻ മഹേശ്വരൻ' (പുതിയ മലയാളത്തിന്റെ ഈശ്വരൻ) എന്ന് മഹാകവി വള്ളത്തോൾ വിശേഷിപ്പിച്ച തുഞ്ചത്താചാര്യനെ സംബന്ധിക്കുന്ന പ്രശസ്തമായ പദ്യങ്ങളിൽ 'മനുഷ്യ പത്മേശി രവി സ്വരൂപം' എന്നാണ് തുഞ്ചത്താചാര്യന്റെ സിദ്ധികളെ മഹാകവി വള്ളത്തോൾ ഉപമിച്ചിരിക്കുന്നത്. മനുഷ്യന്റെ സാംസ്കാരിക തേജസ്സാകുന്ന കമലത്തെ സജീവമാക്കുന്ന സൂര്യനെപ്പോലെയാണ് എഴുത്തച്ഛൻ രചനകളെന്നാണ് ഇത് അർത്ഥമാക്കുന്നതെങ്കിൽ കേരളീയ സാമൂഹ്യ ജീവിതമാകുന്ന കമലത്തെ സജീവമാക്കുന്ന തേജസ്സാർന്ന സൂര്യനെപ്പോലെയാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് കേരളീയ ഹൃദയാകാശത്ത് ജ്വലിച്ചു നിൽക്കുന്നതെന്ന് സാമൂഹിക യാഥാർത്ഥ്യം ഉൾക്കൊള്ളുന്ന ആർക്കും മനസ്സിലാകും. ഒരു ഇടതുപക്ഷ സർക്കാർ എങ്ങനെ ആയിരിക്കണമെന്ന വ്യക്തമായ കാഴ്ചപ്പാടുണ്ട്. ആ സർക്കാർ എടുക്കുന്ന തീരുമാനങ്ങൾ ആ രാജ്യത്ത് അധിവസിക്കുന്ന സാധാരണ ജനങ്ങൾക്ക് എത്രത്തോളം പ്രയോജനപ്പെടുന്നു എന്നതാണ് അതിന്റെ കാഴ്ചപ്പാട്. ഐസക് സാറിന്റെ ബഡ്ജറ്റിന്റെ മുഖചിത്രം പ്രതിഫലിപ്പിക്കുന്നതുപോലെ പാവങ്ങളുടെ കണ്ണീർക്കലത്തിൽ കണ്ണീർ മാത്രം ബാക്കിയാകുന്ന ദുരിത ജീവിത യാഥാർത്ഥ്യങ്ങളിലൂന്നി അതിനൊരു ശാശ്വത പരിഹാര നിർദ്ദേശവുമായിട്ടാണ് ഈ ബഡ്ജറ്റ് അദ്ദേഹം രൂപപ്പെടുത്തിയിരിക്കുന്നത്. മഹാകവി വൈലോപ്പിള്ളി പറഞ്ഞതുപോലെ തുടുവെള്ളാമ്പൽ പൊയ്കയിൽനിന്ന് നെയ്തെടുത്തതല്ല, ജീവിതത്തിന്റെ കടലിൽനിന്ന് രൂപപ്പെടുത്തിയതാണ് ഈ ബഡ്ജറ്റ്. പരിഷ്കൃത സമൂഹത്തെ ബോധ്യപ്പെടാൻ സ്ത്രീകളുടെ സുരക്ഷിതത്വം ഒരു പ്രധാന മാനദണ്ഡമായി കണക്കാക്കണമെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. 'പെണ്ണായി പിറന്നെന്നാൽ മണ്ണായിത്തീരുവോളം കണ്ണീർ കുടിക്കുമെന്നും' 'കണ്ണീർ

തുള്ളിക്ക് പെണ്ണെന്ന് പേരിട്ടും സ്ത്രീകളുടെ ജീവിതാവസ്ഥയെ പരിഗണിച്ച് ഇന്നലെകളിൽ കവികൾ പാടിയിരുന്നുവെങ്കിൽ, ഈ ബഡ്ജറ്റിലൂടെ സ്ത്രീകൾക്കെതിരായിട്ടുള്ള അതിക്രമങ്ങളുടെ പ്രതിരോധത്തിനും പുനരധിവാസത്തിനും സാമൂഹ്യ സുരക്ഷയ്ക്കുമായി നൽകിയിട്ടുള്ള ഊന്നൽ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്ന് കേരളീയ സമൂഹത്തിന് ആത്മ വിശ്വാസത്തോടുകൂടി പറയാൻ കഴിയും. പ്രിയപ്പെട്ട സുഗതകുമാരി ടീച്ചർ പറഞ്ഞതു പോലെ ഇനി ഒരു സ്ത്രീയും കടലോളം കണ്ണീർ കുടിച്ചവളാകില്ല, ഉള്ളിൽ കൊടും തീ ആളിടുന്നവളാകില്ല, അവൾ ധീരയായിരിക്കും, ചിങ്ങ വെയിലൊളിപോലെ ചിരിക്കുന്നവളായിരിക്കും കേരളത്തിൽ. അതിനുവേണ്ടി നൂറുശതമാനവും സ്ത്രീകൾ ഗുണഭോക്താക്കളായിട്ടുള്ള 64 പദ്ധതികൾക്ക് 1,060 കോടി രൂപയാണ് മാറ്റി വച്ചിരിക്കുന്നത്. സ്ത്രീകൾ പ്രത്യേക ഘടകമോ ഉപഭോക്താക്കളോ ആയ 104 സ്കീമുകൾക്കായി 1,266 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. പദ്ധതിയുടെ 11.5 ശതമാനവും വനിതാ വികസനത്തിനുവേണ്ടി മാറ്റിവച്ചിരിക്കുന്നു എന്നതൊരു ചരിത്രനേട്ടമാണ്. കുടുംബശ്രീയ്ക്ക് 161 കോടി രൂപയാണ് അധികമായി വകയിരുത്തിയിരിക്കുന്നത്. അത്തരത്തിൽ ഒരു കാലത്തുമില്ലാത്ത അനുകൂലമായ സമീപനമാണ് സ്ത്രീകളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതെന്ന് മാത്രമല്ല, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് സ്റ്റേറ്റുമെന്റ് അവതരിപ്പിക്കുന്നതോടൊപ്പം ജൻഡർ ഓഡിറ്റ് റിപ്പോർട്ടുകൂടി സഭയുടെ മേശപ്പുറത്ത് സമർപ്പിക്കുമെന്ന ഉറപ്പ് പദ്ധതിയോടുള്ള ഗവൺമെന്റിന്റെ ആത്മാർത്ഥതയാണ് സൂചിപ്പിക്കുന്നത്. അതുപോലെ വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, കൃഷി, ഭക്ഷ്യസുരക്ഷ, കുടിവെള്ളം എന്നീ മേഖലകൾക്ക് പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സമാനതകളില്ലാത്തതാണ്.

നമ്മുടെ പൊതുവിദ്യാലയങ്ങൾ കുചേലന്മാരുടെ കുട്ടികൾക്ക് ആശ്രയമായിട്ടുള്ളതാണ്. അത് സംരക്ഷിക്കുക എന്നതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ കടമ. ലാഭന ഷ്ടക്കണക്കിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളെ തരംതിരിച്ച് അൺ-ഇക്കണോമിക്ക് എന്ന രീതിയിൽ മാറ്റിനിർത്തി സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസം മുഴുവൻ താറുമാറാക്കി, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ പത്ത് ശതമാനം കുട്ടികൾ കുറയുന്ന ഒരു പ്രതീതി സൃഷ്ടിച്ച യു.ഡി.എഫ്. സർക്കാരിന്റെ നയങ്ങൾ തിരുത്തിക്കൊണ്ട്, പത്ത് ശതമാനം കുട്ടികൾ വർദ്ധിക്കുന്ന ഇടമായി പൊതുവിദ്യാലയങ്ങളെ മാറ്റിയെടുക്കാനായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആർക്കാണ് അംഗീകരിക്കാതിരിക്കാൻ കഴിയുന്നത്. എന്റെ മണ്ഡലമായ ചാത്തന്നൂരിൽ ഈ പദ്ധതി 'ചാത്തന്നൂർ സമഗ്ര വിദ്യാഭ്യാസ പദ്ധതി' എന്ന പേരിൽ എം.എൽ.എ.-യുടെ നേതൃത്വത്തിൽ ആരംഭിച്ചു. ഇന്നവിടെ പതിമൂന്ന് ശതമാനം കുട്ടികൾ വർദ്ധിക്കുന്ന പ്രദേശമായി മാറി. നയാപൈസയുടെ ബഡ്ജറ്ററി സപ്പോർട്ട് അതുമായി ബന്ധപ്പെട്ട് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നൽകിയില്ല. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞമെന്ന പേര് കൊടുത്തുകൊണ്ട് കോടിക്കണക്കിന്

രൂപ അനുവദിച്ചപ്പോൾ, നയാപൈസപോലും ഈ പദ്ധതിക്ക് അന്ന് അനുവദിച്ചില്ലായിരുന്നു. കോടിക്കണക്കിന് രൂപ എയ്ഡഡ് സ്കൂളുകൾക്ക് ചലഞ്ച് ഫണ്ടുൾപ്പെടെ അനുവദിച്ചിട്ടുണ്ട്. കുചേലന്റെ മക്കൾ പഠിക്കുന്ന വിദ്യാലയങ്ങളെ സ്മാർട്ടാക്കി മാറ്റുകയാണ് ഇടതുപക്ഷ സർക്കാരിന്റെ ലക്ഷ്യം.

കേരളത്തിലെ സാധാരണക്കാർ ഇന്ന് ആശങ്കയോടുകൂടി കാണുന്ന മറ്റൊരു മേഖലയാണ് ആരോഗ്യരംഗം. ആർദ്രം മിഷനുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ ധാരാളം കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. സൗജന്യമായി മരുന്ന് നൽകുന്നതിനും പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ടും ഒരുപാട് കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. താലൂക്കാശുപത്രികളെന്നും ജില്ലാ ആശുപത്രികളെന്നും സി.എച്ച്.സി.-യെന്നുമൊക്കെ വിളിക്കുന്ന ആശുപത്രികളിൽ ഡോക്ടർമാരില്ലാതെയും ഭൗതിക സാഹചര്യങ്ങളില്ലാതെയും ജനം വലയുമ്പോൾ, പാവപ്പെട്ടവന് ചികിത്സാചെലവുകൾ വർദ്ധിക്കുമ്പോൾ ആശ്രയിക്കാനുള്ള ഇത്തരം പൊതുസ്ഥാപനങ്ങളെ ശാക്തീകരിക്കാനായി കഴിഞ്ഞ അഞ്ച് വർഷം യു.ഡി.എഫ്. ഗവൺമെന്റ് ഒന്നും ചെയ്തില്ല. ഈ ഗവൺമെന്റ് ആർദ്രം മിഷനിലൂടെ പശ്ചാത്തല സൗകര്യവികസനത്തിന് രണ്ടായിരം കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. ആരോഗ്യ മേഖലയിൽ 8100 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് അഭിമാനപൂർവ്വം പറയുവാൻ കഴിയും. അതൊക്കെ ഇടതുപക്ഷ സമീപനത്തിന്റെ ഫലമായി ആവിഷ്കരിച്ച ചില പദ്ധതികളാണ്. എന്റെ നിയോജകമണ്ഡലമായ ചാത്തന്നൂരിൽ ജനസൗഹൃദ ആശുപത്രികൾ സൃഷ്ടിക്കാനും KASH (Kerala Accreditation Standards for Hospitals) നിലവാരത്തിലേയ്ക്ക് ആശുപത്രികളെ മാറ്റിയെടുക്കാനും ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന 'ആരോഗ്യ രക്ഷ ചാത്തന്നൂർ' എന്ന പേരിൽ ഒരു പദ്ധതിയും ഉണ്ട്. അതുമായി ബന്ധപ്പെട്ട് അന്നത്തെ ഗവൺമെന്റിനെ സമീപിച്ചപ്പോൾ നയാപൈസ അനുവദിച്ചില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയെല്ലാം ചേർത്തുകൊണ്ട് ജനപങ്കാളിത്തത്തോടുകൂടി ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞത് ഇടതുപക്ഷ സമീപനം കൊണ്ട് മാത്രമാണ്.

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആരോഗ്യമാണ് കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമെന്ന തിരിച്ചറിവോടെ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട് കൃഷി ഒരു സാമൂഹിക ഉത്തരവാദിത്തമായി മാറ്റിയെടുത്തുകൊണ്ടും സാമൂഹിക ഉത്തരവാദിത്തമാണെന്ന പ്രതീതി സൃഷ്ടിച്ചുകൊണ്ടും ജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ടും കാർഷിക മേഖലയിൽ ഗുണപരമായ മാറ്റത്തിന്റെ ശംഖനാദം മുഴക്കുകയാണ്. കൃഷി ലാഭനഷ്ടക്കണക്കിന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യാനുള്ളതല്ല. "നെല്ലിൻതണ്ട് മണക്കും വഴികളും, എള്ളിൻ നാമ്പ് കുരുക്കും വയലുകളും" വീണ്ടും ഗ്രാമസൗഭാഗ്യങ്ങളായി കടന്നുവരികയാണ്.

കാർഷിക മേഖലയുടെ അടങ്കൽ 2100 കോടി രൂപയായി ഉയർത്തി. റബ്ബർ വില സ്ഥിരതാഫണ്ട് ഉൾപ്പെടെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകൾക്ക് പ്രത്യേക പരിഗണനയാണ് ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ ഗവൺമെന്റ് നൽകിയിരിക്കുന്നത്.

ഹരിത കേരളം മിഷൻ പദ്ധതി നടപ്പിലാക്കുന്നതുപോലെ 'പുനർജ്ജനി' പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന് നേരത്തെ ഒരു പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും അതിനുവേണ്ടി നയാപൈസപോലും അനുവദിച്ചില്ല. ഈ ഗവൺമെന്റ് 'പുനർജ്ജനി' പദ്ധതിക്കായി നിരവധി കാര്യങ്ങളാണ് ഹരിതകേരളം മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയിട്ടുള്ളത്. ജനങ്ങളോടുള്ള പ്രതിബദ്ധതയാണ് ഇതിലൂടെ വ്യക്തമാകുന്നത്. പാവപ്പെട്ടവന് കയറിക്കിടക്കാനൊരിടം നൽകുന്നതിനായി, അഞ്ചുവർഷം കൊണ്ട് കേരളത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനായി പതിനാറായിരം കോടി രൂപ നീക്കിവച്ചുകൊണ്ട് 'ലൈഫ് മിഷൻ' പദ്ധതി ആവിഷ്ക്കരിച്ചത് ഇടതുപക്ഷ ഗവൺമെന്റിനൊരു തണലായി മാറാൻ പോകുകയാണ്.

അരി വില കുടാനിടയായത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വീഴ്ചയാണെന്ന് പറഞ്ഞ് രാഷ്ട്രീയമായി നേരിടുമ്പോൾ അതിന്റെ യാഥാർത്ഥ്യം പ്രതിപക്ഷം തിരിച്ചറിയണം. ഭക്ഷ്യ സുരക്ഷാ നിയമവുമായി ബന്ധപ്പെട്ട് കേരളത്തിനുണ്ടായിട്ടുള്ള പ്രതിസന്ധി ആരുണ്ടാക്കിയതാണ്? 2013-ൽ പാർലമെന്റിൽ പാസ്സാക്കിയ നിയമം 2014 ജൂലൈ മാസത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും നടപ്പാക്കണമെന്ന് നിയമംമൂലം നിഷ്കർഷിച്ചിട്ടും 2015-ൽ കേരളത്തിൽ റേഷൻ കാർഡിനുള്ള അപേക്ഷകൾപോലും വിതരണം ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. 2016-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് റേഷൻ കാർഡിനുള്ള അപേക്ഷകൾപോലും വിതരണം ചെയ്യാൻ കഴിഞ്ഞത്. മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ അന്നത്തെ ഗവൺമെന്റ് ചെയ്തിരുന്നില്ല. ആ നിലയിൽ ഭക്ഷ്യ സുരക്ഷാ നിയമം അട്ടിമറിച്ചുകൊണ്ട് ഇടനിലക്കാരെ പ്രോത്സാഹിപ്പിക്കുകയും വലിയ ധനനഷ്ടമുണ്ടാക്കുകയും പൊതുവിതരണ സംവിധാനം താറുമാറാക്കുന്ന തരത്തിലുള്ള സമീപനവുമായിരുന്നു സ്വീകരിച്ചിരുന്നത്. പ്രസ്തുത നിയമം നടപ്പിലാക്കുന്ന സമയത്ത്, കേന്ദ്രമന്ത്രിയായിരുന്ന, മലയാളിയായ പ്രൊഫ. കെ. വി. തോമസ് പാസ്സാക്കിയ ബില്ലായിട്ടുപോലും കേരളത്തിന്റെ റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുകയാണുണ്ടായത്. അക്കാര്യങ്ങളിലും അന്നത്തെ സർക്കാരിന് ഇടപെടാൻ കഴിഞ്ഞില്ല. അതുപോലെ മുൻഗണനാ പട്ടികയിൽ കേരളത്തിലെ ദേശീയ ശരാശരി 67 ശതമാനത്തിൽ നിൽക്കുമ്പോഴും 46 ശതമാനം മാത്രമായി ഉൾപ്പെടുത്തി അവഗണിക്കുകയായിരുന്നു. ഇതെല്ലാം ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി ഏറ്റെടുക്കുകയാണ് ചെയ്തത്. വിലക്കയറ്റം നേരിടാനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനുമായി 2,107 കോടി രൂപ വിവിധ ഇനങ്ങളിലായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അരി വില കുറയ്ക്കുന്നതിനുവേണ്ടി സിവിൽ സപ്ലൈസ് വകുപ്പും കൺസ്യൂമർഫെഡ്ഡും കേരളത്തിൽ നല്ല രീതിയിൽ ഇടപെട്ടുതുടങ്ങിയിരിക്കുകയാണ്. ഇന്ന് കേരളത്തിൽ 25 രൂപയ്ക്ക് സബ്സിഡി അരിയും 33 രൂപയ്ക്ക് കുട്ടനാട് അരിയും 42 രൂപയ്ക്ക് ജയ അരിയും ലഭിക്കും. ഇവിടെ 55, 66, 60 - രൂപയായി എന്നൊക്കെ പ്രചരിപ്പിക്കുന്ന ജയ അരി 42 രൂപയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നുണ്ട്. അതിനായി 1300 ടൺ അരിയാണ് ഇറക്കുമതി ചെയ്തിരിക്കുന്നത്. അത്തരത്തിൽ ഇച്ഛാശക്തിയോടുകൂടി വില വർദ്ധന പിടിച്ചുനിർത്താൻ ഇടപെടുന്ന ഗവൺമെന്റാണിത്.

കുടിവെള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ 1,696 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരളത്തിൽ ഇപ്പോഴുള്ള രൂക്ഷമായ വരൾച്ച കണക്കിലെടുത്ത് ചരിത്രത്തിലിനിയുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകളാണ് സ്വീകരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കല്ലട ഇറിഗേഷൻ പ്രോജക്ട് ഇപ്പോൾ ഫിനിഷ് ചെയ്ത പദ്ധതിയാണ്. അവിടെ മുപ്പത് വർഷം മുമ്പ് കനാൽ കുഴിച്ചെങ്കിലും ഒരു ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. മൂന്ന് പഞ്ചായത്തുകളിൽ വെള്ളം കിട്ടേണ്ട ആ ജലസേചന പദ്ധതി മുപ്പത് വർഷമായി ഒരു ദേശീയ നഷ്ടമായി അവശേഷിക്കുകയാണ്. അഞ്ച് വർഷങ്ങൾക്ക് മുമ്പ് ഞാൻ എം.എൽ.എ. ആയിരുന്ന സമയത്ത് അതിനെപ്പറ്റി പഠിച്ചപ്പോൾ ഏഴ് കോടി രൂപയുണ്ടെങ്കിൽ, ദേശീയ നഷ്ടമായി കിടക്കുന്ന ആ പദ്ധതി പുനരുദ്ധരിക്കാൻ കഴിയുമെന്നാണ് മനസ്സിലാക്കിയത്. ഇപ്പോഴതിന് പതിനഞ്ച് കോടി രൂപയോളം വേണ്ടിവരും. പതിനഞ്ച് കോടി രൂപ മുടക്കിയാൽ മൂന്ന് പഞ്ചായത്തിലേയ്ക്ക് ജലം ലഭിക്കുന്ന ചിറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാൻ കഴിയും. അതുകൊണ്ട് ആ പദ്ധതിക്കുവേണ്ടി പതിനഞ്ച് കോടി രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കശുവണ്ടി വികസനവുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ട് സ്വകാര്യ മുതലാളിമാർ ഇന്ന് ആ പരമ്പരാഗത വ്യവസായത്തെ ദ്രോഹിക്കുന്ന, തൊഴിലാളികളെ പട്ടിണിക്കിടുന്ന നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. ഇത്തരം നിലപാടിനെ ഗവൺമെന്റ് നേരിടുകയാണ്. മന:പൂർവ്വം തുറക്കാത്ത കശുവണ്ടി ഫാക്ടറികൾ ഗവൺമെന്റ് ഏറ്റെടുത്ത് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

നോട്ട് നിരോധനവും അതുമൂലമുള്ള സഹകരണ പ്രതിസന്ധിയും തകർത്തെറിഞ്ഞ്

കേരളം വീണ്ടും ഈ ബഡ്ജറ്റിലൂടെ ഉണരുകയാണ്. വികസനോന്മുഖവും വിവിധ ജനവിഭാഗങ്ങളുടെ സുസ്ഥിര ക്ഷേമത്തേയും കരുതുന്ന ഒരു ബഡ്ജറ്റാണിത്. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം" എന്ന് പറയുന്നതുപോലെയാണ് യു.ഡി.എഫ്. ഈ ബഡ്ജറ്റിനെ കാണുന്നത്. ബഡ്ജറ്റ് ചോർന്നുവെന്ന് പ്രചരിപ്പിച്ച് ധനകാര്യ വകുപ്പുമന്ത്രിയുടെ രാജി ആവശ്യപ്പെടുന്ന പ്രതിപക്ഷം സ്വയം അപമാനിതരാകുകയാണ്. 'ആനയെ കാണാനും വെള്ളെഴുത്തുണ്ടോ'- എന്ന് നാട്ടിലൊരു പഴഞ്ചൊല്ലുണ്ട്. അതുപോലെയാണ് യു.ഡി.എഫ്.-ന്റെ കാഴ്ചപ്പാട്. നീർ വറ്റിയ കുളങ്ങളിൽ വീണ്ടും സ്വപ്നം ഉണരുകയാണ്. പൂവുകളിൽ ഇനിയും സുഗന്ധമുണ്ട്, ചന്ദ്രലേഖയിൽ ഇനിയും തുവെളിച്ചമുണ്ട്, പുതിയ വികസനത്തിന്റെ കാലമൊരുക്കുവാൻ കേരളത്തിൽ ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഈ ബഡ്ജറ്റുമുണ്ട്. അഭിമാനത്തോടെ നമുക്കൊരുമിച്ച് ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കാമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റ് ഇതിനുമുൻപ് ഡോ. ടി. എം. തോമസ് ഐസക് അടക്കം ആരും അവതരിപ്പിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലുടനീളം പ്രശസ്ത സാഹിത്യകാരൻ ശ്രീ. എം. ടി. വാസുദേവൻ നായരെ കൂട്ടുപിടിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ പല പുസ്തകങ്ങളിലെയും ഉദ്ധരണികളും കിഫ്ബിയെ സംബന്ധിച്ചുള്ള അമിതമായ വിശ്വാസവുമാണ് ഈ ബഡ്ജറ്റിലെ കാതൽ. കിഫ്ബിയിൽനിന്ന് ഇഷ്ടംപോലെ പണം ലഭിക്കുമെന്ന് അദ്ദേഹം പറയുന്നുണ്ട്. ശ്രീ. എം. ടി. വാസുദേവൻ നായരുടെ മഞ്ഞ് എന്ന നോവലിൽ വരും വരാതിരിക്കില്ല എന്നു പറയുന്നുണ്ട്, അതുപോലെ കിഫ്ബിയിലും പണം വരും വരാതിരിക്കില്ല എന്നുള്ള വിശ്വാസമാണ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ പ്രകടിപ്പിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ ബഡ്ജറ്റ് ചോർന്നു എന്നുള്ളതും ഒരു വലിയ സവിശേഷതയായി നമുക്ക് കാണാൻ സാധിക്കും. കഴിഞ്ഞ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി ലക്ഷ്യം വച്ച 20000 കോടി രൂപ ഇപ്പോഴും കടലാസിൽ തന്നെയാണ്. കേന്ദ്ര ഏജൻസിയായ നബാർഡ് നൽകിയ 4000 കോടി രൂപയാണ് കിഫ്ബിയിൽ ആകെയുള്ള മൂലധനം. 2017-18-ൽ കിഫ്ബി വഴി പണം സമാഹരിച്ച് 25000 കോടി രൂപയുടെ പശ്ചാത്തല വികസന പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. വിഭവങ്ങളുടെ പിൻബലമില്ലാത്ത പദ്ധതികൾ പ്രായോഗികമായി എങ്ങനെയാണ് നടപ്പാക്കുന്നത്? വിഭവങ്ങളില്ലാതെ വിരുന്നൊരുക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ മാന്ത്രിക വൈദഗ്ധ്യം മാത്രമാണ് ഈ ബഡ്ജറ്റ്. കടംകൊണ്ട് വീർപ്പുമുട്ടുന്ന സംസ്ഥാനത്ത് സഹസ്രകോടികൾ വാരിവിതറുകയാണ്. കടപ്പത്രങ്ങളിലൂടെ പണം സ്വരൂപിക്കാനാണ് ഉദ്ദേശ്യം. നിലവിലുള്ള ഭരണനടത്തിപ്പ

സംവിധാനം കാര്യക്ഷമമല്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. നിയമാനുസരണം പിരിച്ചെടുക്കേണ്ട നികുതിപോലും യഥാസമയം പിരിച്ചെടുക്കാൻ നമുക്ക് കഴിയുന്നില്ല. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ നമ്മൾ കണ്ടതാണ്. ഒന്നരലക്ഷം കോടി രൂപ കവിഞ്ഞ വിദേശകടം അടുത്ത അഞ്ചു വർഷത്തിനകം രണ്ടരലക്ഷം കോടി രൂപയാകും എന്നുള്ള സൂചനയാണ് കാണിക്കുന്നത്. വിദേശകടത്തോടൊപ്പം ആഭ്യന്തരകടവും വർദ്ധിച്ച് വലിയ കടക്കെണിയിലേയ്ക്ക് നമ്മുടെ സംസ്ഥാനം വീണു പോകുമെന്നുള്ള സാദ്ധ്യത തള്ളിക്കളയാനാകില്ല. അഞ്ച് വർഷത്തേയ്ക്ക് വില പിടിച്ചു നിർത്തുമെന്ന് പ്രഖ്യാപിച്ച് അധികാരത്തിൽ വന്ന സർക്കാരിന് ഇപ്പോഴത്തെ വിലവർദ്ധന തടയുന്നതിന് ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ സാധിച്ചിട്ടുണ്ടോ? പ്രകടനപത്രികയിൽ അഞ്ചു വർഷംകൊണ്ട് 25 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞിട്ട്, ഇതുവരെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചു എന്ന കാര്യത്തിൽ മൗനം പാലിക്കുകയാണ്. പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിക്കുന്നില്ല. മത ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനുവേണ്ടി മാർഗ്ഗനിർദ്ദേശം സമർപ്പിച്ച രജീന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എൽ.ബി.എസ്. സെന്ററിന്റെ 22-ാമത് ഗവേണിംഗ് ബോഡിയുടെ സാങ്കേതിക വിദ്യാഭ്യാസ സമുച്ചയം മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ ആരംഭിക്കാൻ തീരുമാനിക്കുകയും പദ്ധതിക്കുവേണ്ട എല്ലാ സർക്കാർ അനുമതികളും ലഭ്യമാക്കുകയും ചെയ്തുവെങ്കിലും ഒരു രൂപപോലും ഈ പദ്ധതിക്ക് വകയിരുത്താത്തത് മതന്യൂനപക്ഷങ്ങളോടുള്ള തികഞ്ഞ അവഗണനയാണ്. ഇതിന്റെ ഭാഗമായിട്ടുള്ള അപ്ലൈഡ് സയൻസ് കോളേജ് കഴിഞ്ഞവർഷം തന്നെ പരപ്പനങ്ങാടിയിൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനും കെട്ടിട നിർമ്മാണത്തിനുമായി 50 കോടിരൂപ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുമെന്നു ഞാൻ പ്രത്യാശിക്കുകയാണ്. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ വകയിരുത്തി പ്രഖ്യാപനം നടത്തിയ പദ്ധതിയായിരുന്ന നന്നമ്പ്ര പഞ്ചായത്തിലെ മൂര്യ-കാപ്പ് ജലസേചന-കുടിവെള്ള പദ്ധതി; ഈ പദ്ധതിക്ക് തുരങ്കം വയ്ക്കുന്ന സമീപനമാണ് ഉദ്യോഗസ്ഥർ സ്വീകരിച്ചത്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ചീഫ് എഞ്ചിനീയറുടെ അനാവശ്യ കുറിപ്പുകളും നിർദ്ദേശങ്ങളും ഈ പദ്ധതി നിലവിൽ വരരുതെന്നു മുൻകൂട്ടി തീരുമാനിച്ചതുപോലെയായിരുന്നു. ഇതുസംബന്ധിച്ച് സർക്കാരിന് രേഖാമൂലം ഞാൻ കത്തു നൽകിയിരുന്നുവെങ്കിലും നടപടി ഉണ്ടായില്ലെന്നു മാത്രമല്ല, ബഡ്ജറ്റിൽ ഈ പദ്ധതിക്ക് 10 കോടി രൂപ വകയിരുത്തണമെന്നുള്ള ആവശ്യം അംഗീകരിച്ചുമില്ല. മാത്രമല്ല, കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയ തുകയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടില്ല എന്നത് ഖേദകരമാണ്. നന്നമ്പ്ര പഞ്ചായത്തിലെ മൂര്യ-കാപ്പ് ജലസേചന

പദ്ധതിക്ക് 10 കോടി രൂപ വകയിരുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

കേരളത്തിലെ ഏറ്റവും നല്ല താലൂക്കാശുപത്രിയായി പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടതാണ് മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കാശുപത്രി. വോൾട്ടേജ് ക്ഷാമത്താലും പവർകട്ടുമൂലവും പലപ്പോഴും ഇവിടത്തെ ചികിത്സാ സംവിധാനം താളംതെറ്റുന്ന അവസ്ഥയാണുള്ളത്. ഇത് പരിഹരിക്കുന്നതിനായി എച്ച്.റ്റി. ലൈൻ വലിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തണമെന്ന ആവശ്യവും സ്വീകരിച്ചിട്ടില്ല. പാവപ്പെട്ട രോഗികളെ കരുതിയെങ്കിലും തിരൂരങ്ങാടി താലൂക്കാശുപത്രിയിലേക്ക് എച്ച്. റ്റി. ലൈൻ വലിക്കുന്നതിനുള്ള ഒരു കോടി രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെടുകയാണ്. കുടിവെള്ള പദ്ധതികൾക്ക് മുന്തിയ പരിഗണന നൽകുന്ന ബഡ്ജറ്റാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും എന്റെ മണ്ഡലത്തിലെ സ്വപ്ന പദ്ധതികളായ തിരൂരങ്ങാടി-പരപ്പനങ്ങാടി കുടിവെള്ള പദ്ധതി, നന്നമ്പ്ര പഞ്ചായത്തിലെ സമഗ്ര കുടിവെള്ള പദ്ധതി, തിരൂരങ്ങാടി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ മാറ്റൽ, ഉള്ളണം കുടിവെള്ള പദ്ധതി, പുതുപ്പറമ്പ്-പട്ടാങ്കയം ജലസേചന പദ്ധതി, ഏരുകുളം നവീകരണം തുടങ്ങിയ കുടിവെള്ള കാർഷിക ജലസേചന പദ്ധതികൾക്ക് ഒരു രൂപപോലും വകയിരുത്തിയിട്ടില്ല.

കാർഷിക മേഖലയ്ക്കുള്ള എതെങ്കിലും പദ്ധതികൾ ഈ ബഡ്ജറ്റിലുണ്ടോ? മലപ്പുറം ജില്ലയുടെ നെല്ലറ എന്നറിയപ്പെടുന്ന എന്റെ നിയോജക മണ്ഡലമുൾപ്പെടെയുള്ള പല സ്ഥലങ്ങളിലും വെള്ളം കിട്ടാതെ നെൽകൃഷി കരിഞ്ഞുണങ്ങുന്ന സാഹചര്യമാണുള്ളത്. പാടശേഖരങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്താൻ എന്തെങ്കിലും പദ്ധതികളുണ്ടാകേണ്ടതുണ്ട്. തടവുകാരുടെ അടിസ്ഥാന വേതനം 20 ശതമാനം വർദ്ധിപ്പിച്ചതായി ഒരു പ്രഖ്യാപനം കണ്ടു; അത് നല്ല കാര്യമാണ്. അതേ അവസരത്തിൽ എന്തുകൊണ്ടാണ് സംസ്ഥാന സർക്കാർ ജീവനക്കാരെ മറന്നുപോയത്? എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ അതിനെക്കുറിച്ച് ഒരു വാക്കുപോലും കണ്ടില്ല. പെൻഷൻപ്രായം കൂട്ടുമെന്നും ഇല്ലെന്നും കേൾക്കുന്നു; എന്താണ് അതിനെക്കുറിച്ച് ഈ സർക്കാരിന്റെ നിലപാട്? കെട്ടിടം നിർമ്മിക്കാൻ പോകുന്ന കുറേ സർക്കാർ സ്കൂളുകളുടെ ലിസ്റ്റും കാലാകാലങ്ങളായി ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന കുറേ റോഡുപ്രവൃത്തികളുടേയും കുടിവെള്ള പദ്ധതികളുടേയും പട്ടികയും നിരത്തി വലിച്ചുനീട്ടി തയ്യാറാക്കേണ്ടതാണോ ബഡ്ജറ്റ് പ്രസംഗം; ഇതെല്ലാം എല്ലാക്കാലത്തും നടന്നു കൊണ്ടിരിക്കുന്ന കാര്യങ്ങളല്ലേ? കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ വലിയ പ്രതിസന്ധിയിലാണെന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രി അറിഞ്ഞ മട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ എടരിക്കോട് സ്പിന്നിംഗ് മിൽ അടക്കം കേരളത്തിലെ പല മില്ലുകളും ഇടക്കാലത്ത് പൂട്ടിക്കിടക്കുകയുണ്ടായി.ആയിരക്കണക്കിന് തൊഴിലാളികളുള്ള സ്ഥാപനങ്ങളാണിത്. ഇവയുടെ പുനരുദ്ധാരണത്തിന് ബഡ്ജറ്റിൽ ആകെ അനുവദിച്ചത് 50 കോടി രൂപ മാത്രമാണ്. ഈ തുക കൊണ്ടൊന്നും സ്പിന്നിംഗ് മില്ലുകളുടെ

പ്രതിസന്ധി തീരുകയില്ല. ബഡ്ജറ്റ് പ്രസംഗത്തിന്റെ 133-ാം പേജിൽ പറയുന്നത്, 2017-18-ലെ വരവുചെലവ് കണക്കുകൾ സൂചിപ്പിക്കുന്നത് നടപ്പു വർഷത്തെ പ്രതിസന്ധി അടുത്ത വർഷവും തുടരുമെന്നതന്നെയാണ്. ഇതിനുമുൻപുള്ള 132 പേജുകളിലും വായിച്ചത് തന്റെ സ്വപ്നങ്ങൾ മാത്രമാണെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ കുറ്റസമ്മതമാണ് ആ വാക്കുകൾ.

വിദ്യാഭ്യാസ മേഖലയിൽ, ഹയർ സെക്കണ്ടറി മേഖലയിൽ 2500 പുതിയ തസ്തികകൾ അനുവദിക്കാൻ പോകുന്നു എന്ന് കഴിഞ്ഞ ദിവസം ഇവിടെ പറയുകയുണ്ടായി. 3500 തസ്തികകളാണ് വേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ ഈ തസ്തികകൾ അനുവദിക്കാൻ വേണ്ടിയുള്ള ക്യാബിനറ്റ് തീരുമാനമുണ്ടാകുകയും അത് ഇലക്ഷൻ കമ്മീഷന് അയയ്ക്കുകയും ചെയ്തു. അതിനുശേഷം ഈ ഗവൺമെന്റ് കഴിഞ്ഞ 9 മാസക്കാലം വീഴ്ച വരുത്തിയതുകൊണ്ടാണ് അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ കാലതാമസമുണ്ടായത്. 1995-ൽ ആരംഭിച്ച എ.ഐ.പി. സ്കൂളുകളുടെ കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാട് അക്ഷന്തവ്യമാണ്. എ.ഐ.പി. സ്കൂളുകളിൽ 95 എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകൾ 25-2-2016-ലെ മന്ത്രിസഭായോഗം അംഗീകരിച്ചിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ ഉത്തരവ് പുറപ്പെടുവിച്ചില്ല. ഇപ്പോൾ ഈ സർക്കാർ പ്രസ്തുത ഉത്തരവ് റിവ്യൂ ചെയ്ത് പ്രൊപ്പോസൽ കൊടുക്കാൻ ഡി.പി.ഐ.-യോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടു റിപ്പോർട്ടുകൾ ഇതിനകം സർക്കാരിലേയ്ക്ക് സമർപ്പിച്ചെങ്കിലും യാതൊരു തീരുമാനവുമുണ്ടായിട്ടില്ല. 2003-ൽ ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് ഇപ്പോഴും ശമ്പളം നൽകാൻ കഴിഞ്ഞിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ ഫൈസലിന്റെ ദാരുണമായ കൊലപാതകം സംബന്ധിച്ച് ഇന്നലെ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് സർക്കാർ ജോലിയും കുടുംബത്തിന് നഷ്ടപരിഹാരവും നൽകുന്നതിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ മുഖ്യമന്ത്രി ഒറ്റവാക്കിൽ ഇതുരണ്ടും ഇപ്പോൾ പരിഗണനയിലില്ലെന്നുപറഞ്ഞത് വളരെയേറെ ദുഃഖകരമായ, പ്രതിഷേധകരമായ കാര്യമാണ്. എല്ലാ ഗവൺമെന്റുകളും ഇതുപോലുള്ള സംഭവങ്ങളിൽ മതിയായ നഷ്ടപരിഹാരവും ജോലിയും നൽകിയിട്ടുണ്ട്. അത് പരിഗണിച്ച് ഫൈസലിന്റെ കുടുംബത്തിന് സഹായവും ഭാര്യയ്ക്ക് ജോലിയും നൽകാനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരിക്കൽകൂടി പരിശോധിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ശ്രീ. ജോർജ് എം. തോമസ്: സർ, ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്താങ്ങുകയാണ്. ബഡ്ജറ്റിന്റെ സാങ്കേതികമായ വശങ്ങളിലേയ്ക്കൊന്നും പ്രവേശിക്കുന്നില്ല. പക്ഷേ, പൊതുവിൽ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം പത്രമാധ്യമങ്ങൾ, ദൃശ്യമാധ്യമങ്ങൾ, ബഹുജനങ്ങൾ എന്നിവർ ബഡ്ജറ്റിനോട് എങ്ങനെയാണ് പ്രതികരിച്ചതെന്ന് സൂചിപ്പിക്കാനാണ് ആദ്യം ഞാൻ ശ്രമിക്കുന്നത്. കോഴിക്കോട്

ജില്ലയിലെ എല്ലാ പ്രധാന മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തത് 'കോഴിക്കോടിന് കൈനിറയെ' എന്ന ഹെഡ്ഡിംഗോടുകൂടിയാണ്. ബഡ്ജറ്റിൽ കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ച പദ്ധതികൾ വിശദീകരിച്ചുകൊണ്ട് നീണ്ട ലേഖനങ്ങൾതന്നെ എഴുതി. മനോരമയും മാതൃഭൂമിയും ഉൾപ്പെടെയുള്ള പത്രങ്ങൾ ഓരോ നിയോജകമണ്ഡലത്തെയും പ്രത്യേകം പ്രത്യേകം കവർ ചെയ്തുകൊണ്ട് സമീപകാലത്ത് അവതരിപ്പിക്കപ്പെട്ട എല്ലാ ബഡ്ജറ്റുകളെക്കാളും മികച്ചതാണെന്ന് തെളിവുസഹിതം കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് സ്ഥാപിക്കുകയുണ്ടായി. ക്ഷേമപെൻഷനുകൾ 1100 രൂപയായി കുടിശ്ശികരഹിതമായി കൊടുക്കുമെന്ന വാഗ്ദാനം സാധാരണക്കാരുടെയിടയിൽ വലിയ പ്രതീക്ഷയാണുളവാക്കിയത്. ഇവിടെ ബഡ്ജറ്റ് ചോർന്നുപോയി എന്ന പേരിൽ വിലപിക്കാൻ ശ്രമിക്കുന്ന പ്രതിപക്ഷം; അതിലെ ചില ഭാഗങ്ങൾ ചോർന്നിട്ടുണ്ടാകാം, പത്രങ്ങളിൽ വന്നത് ശരിയാണ്. വർഷാന്ത കമ്മി, വർഷാന്ത തനി എന്നുള്ള സാങ്കേതിക കണക്കുകളാണ് വന്നത്. വർഷാന്ത കമ്മി, വർഷാന്ത തനി എന്നുപറഞ്ഞാൽ എന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. ആ ഭാഗമൊന്ന് ചോർന്നുപോയി എന്നുവച്ച് ആകാശം ഇടിഞ്ഞു വീഴാനൊന്നും പോകുന്നില്ല. പൂർവ്വകാല അനുഭവങ്ങൾ പഠിപ്പിക്കുന്നത് ബേക്കറി സാധനങ്ങളുണ്ടാക്കുന്ന ആളുകൾ, സ്വർണ്ണപ്പണിക്കാർ, ടെക്സ്റ്റൈൽ ഷോപ്പ് നടത്തുന്ന ആളുകൾ എന്നിവരുൾപ്പെടെയുള്ളവരെ മനോരമയും മാതൃഭൂമിയും ഉൾപ്പെടെയുള്ള പത്രങ്ങൾ പ്രീ-ബഡ്ജറ്റ് ചർച്ചയ്ക്ക് വിളിച്ച് അവരുമായി bargain ചെയ്ത് നികുതി കൂട്ടാനുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കാൻ പോകുകയാണെന്നുള്ളതാണ്. നികുതി വർദ്ധിപ്പിക്കാതിരിക്കണമെങ്കിൽ ഇത്ര ശതമാനം, എന്ന നിലയിൽ വിലപേശി പണം വാങ്ങിയ, സമീപകാലത്തെ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് വിറ്റ് കാശാക്കുകയായിരുന്നു എന്ന ആക്ഷേപം പൂർണ്ണമായും ശരിവയ്ക്കുന്ന നടപടിയാണ് നാം കണ്ടത്. ആ ധനകാര്യ വകുപ്പുമന്ത്രിയെ വാനോളം പുകഴ്ത്തി ലഡ്ഡു വിതരണം ചെയ്ത പ്രതിപക്ഷ എം.എൽ.എ.-മാർ ഇപ്പോൾ വർഷാന്ത കമ്മി ചോർന്നുപോയി, വർഷാന്ത തനി ചോർന്നുപോയി എന്നതിന്റെ പേരിൽ വല്ലാതെ വിലപിക്കുന്ന വിരോധാഭാസം എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

കാർഷിക മേഖലയിലെ പൊതു അടങ്കൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നല്ല നിലയിൽ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന കാര്യം സന്തോഷാർഹമാണ്. അതുപോലെ ചെറുകിട കർഷകർക്ക് വിലസ്ഥിരതാ ഫണ്ട് എന്ന നിലയിൽ 150 കോടി രൂപ റബ്ബറിനുപുറമെ വകയിരുത്തിയതും നല്ല കാര്യമാണ്. വിലസ്ഥിരതാ ഫണ്ട് കേവലം നൂറോ നൂറ്റമ്പതോ കൂടിയതുകൊണ്ടുമാത്രം ഉല്പാദനചെലവിനനുസരിച്ച് വില ലഭിക്കുന്നില്ല എന്ന പരിതാപകരമായ അവസ്ഥയാണ് നമ്മുടെ കൃഷിക്കാർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അതിന് പരിഹാരം കാണാൻ കുറച്ചുകൂടി നല്ല പാക്കേജ് പ്രഖ്യാപിക്കേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. അതുപോലെ കാർഷികമേഖലയിൽ

ജലസേചനത്തിന് ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ നിരക്കാണ് ജലസേചിതമായ ഭൂമിക്ക് കേരളത്തിലുള്ളത്. അതിൽത്തന്നെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കാർഷിക ജലസേചന പദ്ധതിക്കും നമ്മുടെ നീക്കിയിരിപ്പ് കഴിഞ്ഞ വർഷങ്ങളിൽ കുറഞ്ഞുവരികയാണ്. അത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ജലസേചനമില്ലാതെ കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കുകയില്ല. ഉല്പാദനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കാതെ ആഗോളീവത്ക്കരിക്കപ്പെട്ട കമ്പോളത്തിൽ നമുക്ക് പിടിച്ചുനില്ക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഉല്പാദനക്ഷമതാ വർദ്ധനവിന് ആവശ്യമായ വിധത്തിൽ ജലസേചന സൗകര്യങ്ങൾ വികസിപ്പിക്കണം. കനകക്കുന്ന് കൊട്ടാര ത്തിൽ നടത്തിയ 'വൈഗ' എക്സിബിഷൻ നമുക്കാകെ പ്രചോദനം നൽകുന്ന കാര്യമാണ്. വൈഗ മോഡലിൽ value addition എന്ന നിലയിലുള്ള പരിപാടികൾ എല്ലാ നിയോജകമണ്ഡലത്തിലും വാർഡ് അടിസ്ഥാനത്തിലോ ക്ലസ്റ്റർ മോഡലിലോ തെരഞ്ഞെടുത്തതിനുശേഷം നടപ്പിലാക്കാനാവശ്യമായ ക്രമീകരണങ്ങളുണ്ടാകേണ്ടതുണ്ട്. കാർഷിക മേഖലയിലെ പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് നഷ്ടപരിഹാര കുടിശ്ശിക 77 കോടി രൂപ കൊടുത്തു എന്നാണ് ബഡ്ജറ്റിൽ പറയുന്നത്. അത് നല്ല കാര്യം തന്നെയാണ്. മൂന്നുനാലു വർഷംമുമ്പുണ്ടായ പ്രകൃതിക്ഷോഭത്തിന്റെ ഫലമായുള്ള നഷ്ടപരിഹാരത്തുക കിട്ടാൻ അവശേഷിക്കുന്നവർ ഞങ്ങളുടെ ജില്ലയിലുണ്ട്. അത് കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജിന് 400 കോടി രൂപ പ്രത്യേകം വകയിരുത്തിയതായി കണ്ടു. കോഴിക്കോട് മെഡിക്കൽ കോളേജിനെക്കുറിച്ചുള്ള പരാമർശം ബഡ്ജറ്റിൽ കണ്ടില്ല. നിർഭാഗ്യവശാൽ വിട്ടുപോയതായിരിക്കും.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, മെഡിക്കൽ കോളേജുകൾ അവരവരുടേതായ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജ് അത്തരത്തിലുള്ള വിശദമായ പ്രോജക്ട് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചു. അതുകൊണ്ടാണ് ആ പേരുമാത്രം വന്നത്. ബാക്കിയുള്ള മെഡിക്കൽ കോളേജുകളുടെ പേരുകൾ പ്രോജക്ട് വരുന്ന മുറയ്ക്ക് പരിഗണിക്കും.

ശ്രീ. ജോർജ് എം. തോമസ് : സർ, അക്കാര്യത്തിൽ സന്തോഷമുണ്ട്. ഞങ്ങളുടെ ജില്ലയിൽ മേജർ കുടിവെള്ള പദ്ധതിയുണ്ടായിരുന്നു. തിരുവമ്പാടി, കുന്നമംഗലം, കൊടുവള്ളി തുടങ്ങിയ നിയോജകമണ്ഡലങ്ങളെ ബാധിക്കുന്നതും എൻ.ഐ.റ്റി., കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, ഐ.ഐ.എം. തുടങ്ങിയ ക്യാമ്പസുകളിൽ വെള്ളം കൊടുക്കാനായി ആവിഷ്കരിച്ച ഒരു വലിയ പദ്ധതിയാണത്. അതിന്റെ പ്രാഥമിക ഡിസ്കഷൻ നടത്തി റിപ്പോർട്ട് കൊടുക്കുകയും കഴിഞ്ഞ വർഷം വരെ പ്രാഥമിക അലോട്ട്മെന്റ് എന്ന രീതിയിൽ തുകയും നീക്കിവച്ചിരുന്നു. ഈ ബഡ്ജറ്റിൽ തുക വന്നില്ല. അക്കാര്യം ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ, തിരുവമ്പാടിയിലെ

ടണൽ റോഡിന്റെ നിർമ്മാണം യാഥാർത്ഥ്യമായാൽ കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നിർമ്മാണമായിരിക്കും ആറ് കിലോമീറ്ററോളം വരുന്ന ടണലാണ് വിഭാവന ചെയ്തിട്ടുള്ളത്. കൊങ്കൺ റയിൽവേ willingness അറിയിച്ചിട്ടുണ്ട്. ഡോ. ഇ. ശ്രീധരൻ അതിൽ involved ആണ്. അത് യാഥാർത്ഥ്യമാക്കാനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മലയോര ഹൈവേകളെക്കുറിച്ച് ഇത്തവണ പരാമർശിക്കപ്പെട്ടതിൽ കോഴിക്കോട് ജില്ല ഉൾപ്പെട്ടു കാണുന്നില്ല. കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എല്ലാ ഡീറ്റെയിൽസും ഉൾക്കൊള്ളുന്ന ഒരു ഡിസ്കഷൻ ഞങ്ങളുടെ ജില്ലയിലെ മന്ത്രിമാരുൾപ്പെടെയുള്ളവർ നടത്തിയിരുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, മലയോര ജില്ലയിലെ കോഴിക്കോട് റീച്ച് ഇതിനകം തന്നെ വേറെ പ്രോജക്ടിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. നിലവിൽ അതിനാവശ്യമായ ഫണ്ട് ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. ജോർജ് എം. തോമസ് : സർ, പത്ത് ജില്ലകൾ എന്നു പറഞ്ഞിട്ട് ഒൻപതെണ്ണം മാത്രം പ്രഖ്യാപിച്ചപ്പോൾ നാട്ടുകാർ സംശയം ചോദിച്ചതുകൊണ്ടാണ് ഞാനിവിടെ സൂചിപ്പിച്ചത്. കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല.

ഫാസിസത്തെക്കുറിച്ചുള്ള നിർവ്വചനം ശ്രീ. പി. ടി. തോമസ് ചോദിക്കുകയുണ്ടായി. ശ്രീ. പി. ടി. തോമസ് വലിയ പണ്ഡിതനും എല്ലാ പ്രശ്നങ്ങളിലും സജീവമായി ഇടപെടുകയും ആരും ആവശ്യപ്പെട്ടില്ലെങ്കിലും നിരാഹാരം കിടക്കുകയും ചെയ്യുന്ന ഒരു മനുഷ്യനാണ്. യുവനടി ആക്രമിക്കപ്പെട്ടപ്പോൾ നടിയുടെ കുടുംബത്തിനും നടിക്കും നാട്ടുകാർക്കും പോലീസ് അന്വേഷണം മോശമാണെന്ന പരാതിയില്ല. പക്ഷേ, അദ്ദേഹം സ്വയം ഒരു പരാതിയുണ്ടാക്കി ഒരു ദിവസം പട്ടിണി കിടന്നു. ഒരു ദിവസം പട്ടിണി കിടക്കുകയാണെങ്കിൽ പ്രശ്നമില്ല. ഞങ്ങളെല്ലാം എട്ടും പത്തും ദിവസം പട്ടിണി കിടന്നിട്ടുള്ളവരാണ്. രാവിലെ 10 മണിക്ക് വന്ന് അഞ്ച് മണിക്ക് എഴുന്നേറ്റു പോകുന്ന ഒരുതരം പട്ടിണി സമരം. അങ്ങനെയുള്ള ശ്രീ. പി. ടി. തോമസിന് ഫാസിസമെന്തെന്ന് അറിയില്ലെങ്കിൽ അതിൽനിന്ന് എന്താണ് മനസ്സിലാക്കേണ്ടത്? ബി.ജെ.പി. ഇന്നലെവരെ പറഞ്ഞിരുന്നത് സഖാവ് പിണറായി വിജയനെ കർണ്ണാടകത്തിൽ കാലുകുത്തിക്കില്ല എന്നാണ്. ഇപ്പോൾ പറയുന്നത് ഹൈദ്രാബാദിലും കാലുകുത്തിക്കില്ല എന്നാണ്. കാലുക്കുത്തിക്കില്ല എന്നുപറഞ്ഞാൽ അത് ഫെഡറൽ സംവിധാനത്തോടുള്ള വെല്ലുവിളി മാത്രമല്ല, ഇന്ത്യയിലെ ശക്തമായ ഇടതുപക്ഷ പ്രസ്ഥാനങ്ങളെ നശിപ്പിക്കുക എന്ന ലക്ഷ്യമാണ്. ലോകത്ത് എല്ലായിടത്തുമുണ്ടായിട്ടുള്ള അനുഭവം ഇതുതന്നെയാണ്. നിലവിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികളെ പൂർണ്ണമായും തകർത്തെറിഞ്ഞുകൊണ്ടാണ് ഏകാധിപത്യം അതിന്റെ സമ്പൂർണ്ണതയിലേയ്ക്ക്

കടന്നുവന്നതെന്ന ചരിത്രം പഠിക്കുന്നവർക്കെല്ലാം മനസ്സിലാകുന്ന കാര്യമാണ്. ഇന്ത്യയിൽ ബി.ജെ.പി. എന്ന പാർട്ടി യഥാർത്ഥത്തിൽ നാസിസത്തെയും ഫാസിസത്തെയും ഒരുപോലെയാണ് പ്രസന്റ് ചെയ്യുന്നത്.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്.

മി. ചെയർമാൻ : എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മെമ്പർ, ഞാൻ ഉപവാസം അനുഷ്ഠിച്ചതിനെപ്പറ്റിയും ഒരു കാര്യവുമില്ലാത്തൊരു കേസ് സംബന്ധിച്ചും പറഞ്ഞു. ..... (ബഹളം)...... ഞാൻ പറഞ്ഞോട്ടെ. പറയാൻ സമ്മതിക്കില്ലെങ്കിൽ പിന്നെ എങ്ങനെയാണ്?

മി. ചെയർമാൻ: ശ്രീ. പി. ടി. തോമസ്, അങ്ങ് ചുരുക്കി പറയൂ. ..... (ബഹളം)......

ശ്രീ. പി. ടി. തോമസ്: സർ, അതുവേണ്ട. അതവർക്കറിയാം. അത് നിങ്ങൾക്കറിയില്ലെങ്കിൽ ഞാൻ ചെവിയിൽ പറഞ്ഞുതരാം. (.....ബഹളം......)

മി. ചെയർമാൻ: ശ്രീ. പി. ടി. തോമസ്, അങ്ങ് അവസാനിപ്പിക്കൂ. പ്ലീസ്..........

ശ്രീ. പി. ടി. തോമസ്: സർ, എന്നെ പറയാൻ അനുവദിക്കുന്നില്ല.

മി. ചെയർമാൻ: ......പ്ലീസ്.....പ്ലീസ്..... അങ്ങ് കൺക്ലൂഡ് ചെയ്യൂ. അങ്ങ് പോയിന്റ് പറയൂ.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ വെറുതേ ഇവിടെ ഇരുന്നപ്പോൾ ബഹുമാനപ്പെട്ട മെമ്പർ എന്റെ നിരാഹാരത്തെപ്പറ്റിയും ഒരു പെൺകുട്ടിയെപ്പറ്റിയും പറയുകയുണ്ടായി. കേരളത്തിന്റെ ചരിത്രത്തിൽ ഒരു പെൺകുട്ടി ഇത്രയും ഭീകരമായി പീഡിപ്പിക്കപ്പെട്ട അവസ്ഥയുണ്ടായപ്പോൾ നിങ്ങളെപ്പോലുള്ള ആളുകൾ എവിടെയായിരുന്നുവെന്ന് അറിയാൻ എനിക്ക് താൽപ്പര്യമുണ്ട്. നിങ്ങളുടെ വായ് മൂടി കെട്ടിയോ? ലോകം കണ്ട ഏറ്റവും വലിയ ഫാസിസ്റ്റ് (മൈക്ക് ഓഫ്) ...... (ബഹളം).....

മി. ചെയർമാൻ: ശ്രീ. പി. ടി. തോമസ് ഉന്നയിച്ചതിൽ പോയിന്റ് ഇല്ല. അതുകൊണ്ട് ശ്രീ. ജോർജ് എം. തോമസിന് പ്രസംഗം തുടരാം.

ശ്രീ. ജോർജ് എം. തോമസ്: സർ, ഞാൻ എന്റെ പ്രസംഗത്തിൽ അദ്ദേഹത്തെ വ്യക്തിപരമായി തേജോവധം ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ല. ഇങ്ങനെ ജനകീയ പ്രശ്നങ്ങളിൽ

ഇടപെടുന്ന ഒരാൾക്ക് ഫാസിസമെന്താണെന്ന് തിരിഞ്ഞിട്ടില്ലെന്ന പ്രയോഗത്തെയാണ് ഞാനിവിടെ സൂചിപ്പിച്ചത്.

നാസിസത്തെയും ഫാസിസത്തെയും ഒരുപോലെ ഉൾക്കൊള്ളുന്ന, രണ്ടിന്റെയും സ്വഭാവങ്ങൾ പ്രകടമാക്കിക്കൊണ്ടിരിക്കുന്ന ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി. ഇടതുപക്ഷ പ്രസ്ഥാനത്തെ നശിപ്പിക്കാനാണ് ശ്രമിക്കുന്നത്. അതിന്റെ കരുത്തനായ നേതാവ് സഖാവ് പിണറായി വിജയനെ ഇന്ത്യയിലെവിടെയും കാലുകുത്താൻ അനുവദിക്കില്ല എന്ന് പറയുന്ന ഭീഷണി അതിന്റെ ഭാഗമാണ്. ഇവിടെ ബി.ജെ.പി.-യെ അതിശക്തമായി എതിർക്കേണ്ട ഒരു കാലഘട്ടത്തിൽ കേരളത്തിലെ യു.ഡി.എഫ്. ബി.ജെ.പി.-യുമായി എല്ലാ മേഖലയിലും കൂട്ടുകൂടുന്നുവെന്ന നഗ്നസത്യമാണ് ദിവസം ചെല്ലുന്തോറും അനാവരണം ചെയ്തുവരുന്നത്. ഇവിടെ നടക്കുന്ന എല്ലാ സമരങ്ങളിലും ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ഒരുപോലെയാണ്. അത് പെൺകുട്ടിയെ പീഡിപ്പിക്കുന്ന പ്രശ്നമായാലും ലാ കോളേജ് പ്രശ്നമായാലും അതിനപ്പുറം വരുന്ന മറ്റെല്ലാ വിഷയങ്ങളിലും യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒന്നാണ്. ഇതുകണ്ട് മനംനൊന്തിട്ടായിരിക്കും രാത്രികാലങ്ങളിൽ ബി.ജെ.പി.-യും പകൽ കോൺഗ്രസ്സുമായി മാറുന്ന പ്രവണത അവസാനിപ്പിക്കണമെന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. സഖാവ് പിണറായി വിജയനെ കാലുകുത്താൻ അനുവദിക്കില്ലെന്ന് പറഞ്ഞപ്പോൾ സഭ പ്രമേയം പാസ്സാക്കുകയുണ്ടായി. അതിൽ കോൺഗ്രസ്സ് നല്ല പങ്ക് വഹിച്ചത് നല്ല കാര്യമാണ്. എന്നാൽ പ്രശ്നങ്ങളെ കേവലമായി കാണുന്ന രീതിയിൽനിന്നും മാറി, ബി.ജെ.പി.-യെ മനസ്സിലാക്കാൻ, ബി.ജെ.പി.-യുടെ വർഗ്ഗസ്വഭാവം മനസ്സിലാക്കാൻ, അവരുടെ സമീപനം മനസ്സിലാക്കാൻ കോൺഗ്രസ്സിന് കഴിയണം. കോൺഗ്രസ്സ് അതിന്റെ മതനിരപേക്ഷ പാരമ്പര്യത്തിലേയ്ക്ക് തിരികെ വന്നിട്ടില്ലെങ്കിൽ കോൺഗ്രസ് ഉണ്ടാകില്ല.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, ഞാൻ അവസാനിപ്പിക്കാം. ശ്രീ. പിണറായി വിജയന്റെ തല കൊയ്യാൻ ഒരു കോടി രൂപ കൊടുക്കുമെന്ന് പറഞ്ഞ കുന്ദൻ ചന്ദ്രാവത്തിനെ ന്യായീകരിച്ചുകൊണ്ട് ആ ഒരു കോടി രൂപ വാങ്ങാൻ ഞാൻ തയ്യാറാണെന്ന് മുസ്ലീം ലീഗിന്റെ പഞ്ചായത്ത് മെമ്പർ പറയുകയുണ്ടായി. അതിനെതിരെ ശക്തമായ പ്രതിഷേധം ഫെയ്സ് ബുക്കുകളിലൂടെയും സോഷ്യൽ മീഡിയകളിലൂടെയും മറ്റും വരികയുണ്ടായി.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്. അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു. ശ്രീ. ഒ. രാജഗോപാൽ അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ...റൂൾ 307

മി. ചെയർമാൻ: എന്താണ് പറയാനുള്ളത്?

ശ്രീ. എ. എൻ. ഷംസീർ: സർ, ശ്രീ. പി. ടി. തോമസ് ഉന്നയിച്ച പരാമർശം സഭയ്ക്കകത്ത് ഉപയോഗിക്കേണ്ട വാക്കല്ല. ഒരു സഭാംഗത്തെ insult ചെയ്യുന്ന രീതിയിലായിരുന്നു ആ പദപ്രയോഗം.

മി. ചെയർമാൻ: എന്താണ് ആ വാക്ക്?

ശ്രീ. എ. എൻ. ഷംസീർ: സർ, ചെവിയിൽ പറയാം എന്നാണ് പറഞ്ഞത്. ചെവിയിൽ പറയാമെന്ന് പറഞ്ഞാൽ അതിന് വേറെ ചില അർത്ഥങ്ങളുണ്ട്. റൂൾ 307 അനുസരിച്ച് ആ വാക്ക് എക്സ്പഞ്ച് ചെയ്യണം.

മി. ചെയർമാൻ: അതിൽ പ്രത്യേക പോയിന്റൊന്നുമില്ല.

ശ്രീ. ഒ. രാജഗോപാൽ: സർ, എന്റെ സമയം വളരെ പരിമിതമാണ്. പോരാത്തതിന് മൂന്ന് മണിക്ക് മാർക്സിസ്റ്റ് പാർട്ടിയുടെ ഓൾ ഇന്ത്യാ ജനറൽ സെക്രട്ടറി സംസാരിക്കുന്ന ചടങ്ങിൽ പോകേണ്ടതായിട്ടുള്ളതുകൊണ്ട് എല്ലാവരും പ്രസംഗം ചുരുക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ കൽപ്പിച്ചിട്ടുമുണ്ട്. ഇതാണ് ഇപ്പോഴത്തെ സാഹചര്യം. അതുകൊണ്ട് അടിസ്ഥാനപരമായ ചില കാര്യങ്ങൾ മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളു.

ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തിന് വകയിരുത്തിയ, കേരള സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ ഏതാണ്ട് 31 ശതമാനവും വരുന്നത് കേന്ദ്രത്തിന്റെ ഗ്രാന്റോ, സഹായമോ, ഗ്രാന്റ്-ഇൻ-എയ്ഡോ വഴിയാണ്. കേന്ദ്രത്തിന്റെ ധാരാളം പദ്ധതികൾ, ആ പദ്ധതികളുടെ പേര് പറയാതെ, പല പദ്ധതികളുടെയും പേരുകൾ മാറ്റിയിട്ടുകൊണ്ട് നടപ്പാക്കുന്ന നടപടിയാണ് കാണുന്നത്. കേരള സർക്കാരും കേന്ദ്ര സർക്കാരും ഭാരതത്തിന്റെ ഭാഗമാണ്. പരസ്പരം സഹകരിച്ച് നിൽക്കേണ്ടത് ചരിത്രപരമായ ആവശ്യമാണ്. സംഘർഷത്തിന്റെയും ഏറ്റുമുട്ടലിന്റെയും സമീപനമല്ല കേരളത്തിലുള്ള ജനങ്ങൾക്കും ഈ രാജ്യത്തിന്റെ പുരോഗതിക്കും സഹായകമായിട്ടുള്ളത്. ബഡ്ജറ്റ് പ്രസംഗത്തിന്റെ ആരംഭത്തിൽത്തന്നെ കേന്ദ്രസർക്കാരിന്റെ നയപരിപാടികൾ ഒരോന്നോരോന്നായി വിശദീകരിച്ചുകൊണ്ട്, അതിനെ വിമർശിക്കുന്നതിനാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻഗണന നൽകിയിട്ടുള്ളത്. ഇത് രാഷ്ട്രീയമായി ലാഭകരമായിരിക്കാം; പക്ഷേ സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് പ്രായോഗികമായ നേട്ടങ്ങൾ കൈവരിക്കാനാവശ്യമായ സഹകരണം ശക്തിപ്പെടുത്താൻ ഉപകാരപ്രദമല്ലെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

1.00 P.M]

ബഡ്ജറ്റ് പ്രസംഗത്തിൽ മനോഹരമായ സ്വപ്നങ്ങൾ വരച്ചുകാണിച്ചിട്ടുണ്ട്. നല്ല സ്വപ്നങ്ങളാണ് സാഹിത്യ ഭാഷയിൽ പറഞ്ഞിട്ടുള്ളത്. അതെല്ലാം നല്ലതാണ്. പക്ഷേ അത് പ്രായോഗികമായി നടപ്പാക്കാൻ സാധിക്കുമോ എന്നുള്ള കാര്യത്തിൽ ഏറെ സംശയമുണ്ട്. 477 കോടി രൂപയുടെ കമ്മി ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ ഇതിനോടൊപ്പം മറ്റൊരു 25,000 കോടി രൂപയുടെ വികസന പദ്ധതികളാണ് കിഫ്ബിയിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത്. അത് നടപ്പിലാക്കാൻ കിഫ്ബിക്ക് എവിടെനിന്ന് പണം ലഭിക്കുമെന്നുള്ള കാര്യത്തിൽ വ്യക്തമായ രൂപമില്ല. മുൻ ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. കെ. എം. മാണി ചൂണ്ടിക്കാണിച്ചതുപോലെ, കിഫ്ബി എന്നുള്ളത് ഒരു സ്വപ്നമാണ്, ഒരു സങ്കൽപ്പമാണ്. ആ സങ്കൽപ്പം ഇനിയും പൂർണ്ണമായി രൂപപ്പെട്ടിട്ടില്ല. അതിലെ റൂൾസുപോലും പ്രോപ്പറായി ഫ്രെയിം ചെയ്യുകയോ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയോ ചെയ്തിട്ടില്ല എന്നതാണ് സ്ഥിതി. അങ്ങനെയുള്ള ഒരു ഇവോൾവിംഗ് ഐഡിയയിൽ നിന്നുണ്ടാകുമെന്നുള്ള സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ, വിശാലമായ വലിയ പദ്ധതികൾക്കും  മറ്റ് കാര്യങ്ങൾക്കും 25,000 കോടി രൂപ നീക്കിവച്ചാൽ അതെങ്ങനെ നടപ്പാകുമെന്നറിയില്ല. എന്റെ ഒരനുഭവം ഞാൻ പറയാം. ആറ്റുകാൽ ടൗൺഷിപ്പ് പദ്ധതിക്കുവേണ്ടി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ മുൻ ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. ഞാൻ വളരെ സന്തോഷിച്ചു. എന്റെ മണ്ഡലത്തിലെ എല്ലാ ആൾക്കാരോടും ഞാനാക്കാര്യം പറഞ്ഞു. ഇതുസംബന്ധിച്ച് പിന്നീട് യാതൊരു നടപടിയുമുണ്ടായില്ല. ടൗൺഷിപ്പിനെ സംബന്ധിച്ച് അന്വേഷിക്കാൻവേണ്ടി ഞാനവിടെ പോയപ്പോൾ ആരുടെ കൈവശവും അതിന്റെ കോപ്പി ഉണ്ടായിരുന്നില്ല. ആ പദ്ധതി ഇതുവരെ നടപ്പാക്കിയിട്ടില്ല. അതിന്റെ സ്ഥിതി ഇന്നും അങ്ങനെതന്നെയാണ്. മാത്രമല്ല, മണക്കാട് നിന്ന് ആറ്റുകാൽ ക്ഷേത്രത്തിലേയ്ക്കുള്ള റോഡിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി പ്രസംഗിക്കുന്ന അവസരത്തിൽ പറയുകയുണ്ടായി. എന്നാൽ ആ ക്ഷേത്രത്തിലേയ്ക്കുള്ള റോഡല്ല; മണക്കാട് നിന്ന് ചിറമുക്ക് വരെയുള്ള റോഡാണ് പറഞ്ഞിരിക്കുന്നത്. മുൻ ബഡ്ജറ്റിൽ ഇങ്ങനെയൊക്കെയുള്ള സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് ഈ ബഡ്ജറ്റിലുള്ളതും അങ്ങനെയാകരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ വർഷത്തെ ബഡ്ജറ്റിൽ ഒരു നല്ല കാര്യം പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു.  ഞാൻ ഇക്കാര്യം മുമ്പ് പറഞ്ഞിട്ടുള്ളതും സാംസ്കാരിക വകുപ്പുമന്ത്രിക്ക് എഴുതി നൽകിയിട്ടുള്ളതുമാണ്. എന്റെ മണ്ഡലത്തിൽ സ്ഥിരം ഫിലിം ഫെസ്റ്റിവൽ വേദി സ്ഥാപിക്കുന്നതിനുള്ള ഒരു പ്രോജക്ട് തയ്യാറാക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. ഇത് വളരെ നല്ല കാര്യമാണ്. വളരെ സ്കോപ്പുള്ള പ്രോജക്ടാണിത്. ആ  പ്രോജക്ട് നല്ല രീതിയിൽ നടപ്പാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കഴിഞ്ഞ കൊല്ലത്തെ ആറ്റുകാൽ

ഡെവലപ്പ്മെന്റ് സ്കീം പോലെയായി ഇതും മാററുതെന്നുള്ള അഭ്യർത്ഥന കൂടിയുണ്ട്.

രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും കേരളത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് സഹായകമായൊരു സമീപനം സ്വീകരിക്കുകയെന്നതാണ് കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് ഉത്തമമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ സമീപനമല്ല ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ മുഴച്ചു നിൽക്കുന്നത് എന്ന ഖേദകരമായ കാര്യം കൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ പൂർണ്ണമായി അംഗീകരിക്കുകയാണ്. ദിശാസൂചകങ്ങൾ മനസ്സിലാക്കി വളരെ ആഴത്തിലും ദീർഘവീക്ഷണത്തോടെയും കേരള സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിന്റേതായിട്ടുള്ള പ്രത്യേകതകൾ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. അതിനാവശ്യമായ നിർദ്ദേശങ്ങളും പദ്ധതികളും പ്രത്യേകിച്ച്, നമ്മുടെ പ്രകൃതിയെ സംരക്ഷിക്കുന്നതിനായി ജലവും മണ്ണും ജൈവസമ്പത്തും സംരക്ഷിക്കുന്ന പദ്ധതികൾ ഈ ബഡ്ജറ്റിലുണ്ട്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നെൽകൃഷി തിരിച്ചു കൊണ്ടുവരുന്നതിനുള്ള ബൃഹത് പദ്ധതി, മണ്ണ് സംരക്ഷണത്തിന് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി, തോട് സംരക്ഷണം തുടങ്ങിയവയെല്ലാം പ്രകൃതിയെ എന്തുവില കൊടുത്തും സംരക്ഷിക്കണമെന്ന ആശയത്തിന്റെയും കാഴ്ചപ്പാടിന്റെയും ഭാഗമാണ്. ഇതെല്ലാം വളരെയധികം സ്വാഗതാർഹമാണ്. കൃഷിയെ സംബന്ധിച്ച് പറയുമ്പോൾ, പ്രധാനമായും പറയേണ്ടത് അരിയുടെ കാര്യമാണ്. സർക്കാർ വാക്കുപാലിക്കുന്നില്ല എന്ന കാര്യം നേരത്തേ സംസാരിച്ച അംഗം ഇവിടെ സൂചിപ്പിച്ചു. നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി കുറേ കാര്യങ്ങൾ പറഞ്ഞിരുന്നു. ആയിരത്തിന്റേയും അഞ്ഞൂറിന്റേയും നോട്ട് നിരോധിച്ച് വലിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് സമൂഹത്തെ എത്തിച്ചു. അൻപത് ദിവസം കൊണ്ട് ഇത്തരം കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കും, നോട്ടുകൾ മാറാൻ മാർച്ച് 31 വരെ സമയം അനുവദിക്കുമെന്നെല്ലാം പറഞ്ഞെങ്കിലും അദ്ദേഹം വാക്കുപാലിച്ചില്ല. അതുപോലെ നമ്മുടെ സംസ്ഥാനത്തിന് ന്യായമായും ലഭിക്കേണ്ട അരി എ.പി.എൽ./ ബി.പി.എൽ. എന്ന് വേർതിരിച്ച് നിഷേധിക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. വളരെ പ്രധാനപ്പെട്ട വിഷയങ്ങളായ, അരിയുടെ ക്ഷാമം, വരൾച്ച തുടങ്ങിയ കാര്യങ്ങൾ സംസാരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെട്ട ലീഡർഷിപ്പ് പ്രധാനമന്ത്രിയെ കാണാൻ സമയം ചോദിച്ചെങ്കിലും അതിന് അനുകൂലമായ സമീപനമുണ്ടായില്ല. ആരാണ് വാക്കുപാലിക്കാത്തത്? ഇക്കാര്യം നമ്മൾ പരിശോധിക്കേണ്ടതാണ്. നെൽകൃഷിയെ സംബന്ധിച്ച കാര്യത്തിൽ വയനാട് ജില്ലയ്ക്ക് മുൻഗണന നൽകി.

വയനാട് പാക്കേജിന് ഏകദേശം 19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിയെ സംരക്ഷിക്കുന്നതിനായി ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിനും റൈസ്മില്ലുകൾ സ്ഥാപിച്ച് നെല്ല് അരിയാക്കിമാറ്റി അവിടെത്തന്നെ വിതരണം ചെയ്യുന്നതിനുള്ള നൂതന പദ്ധതികൾക്കുമുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്. വയനാട് ജില്ലയിൽ തൊഴിൽ സംരംഭമെന്ന നിലയിൽ പൂകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് വളരെ നല്ല കാഴ്ചപ്പാടോടെ ആരംഭിക്കുന്ന നവകേരള മിഷൻ പദ്ധതിയിലെ ഹരിതകേരളം, ആർദ്രം പദ്ധതി, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി തുടങ്ങിയവയെല്ലാം ദീർഘകാലവീക്ഷണത്തോടെയുള്ളവയാണ്. കാര്യമായ തരത്തിലുള്ള ഒരു പാർപ്പിട പദ്ധതിപോലും ആവിഷ്കരിച്ച് നടപ്പിലാക്കാതെയാണ് കഴിഞ്ഞ അഞ്ചുവർഷം കടന്നുപോയത്. ഒരു വാർഡിൽ രണ്ടോ മൂന്നോ വീടുകൾ മാത്രമാണ് അന്ന് കൊടുക്കാൻ കഴിഞ്ഞത്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ഇ.എം.എസ്. പാർപ്പിട പദ്ധതി പാടേ അട്ടിമറിച്ച യു. ഡി. എഫ്. ഗവൺമെന്റ് പുതിയ പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞെങ്കിലും പുതിയ പാർപ്പിട പദ്ധതികളൊന്നും നടപ്പിലാക്കിയില്ല. ഒരു സെന്റ് ഭൂമിയില്ലാത്ത, സ്വന്തമായി വീടില്ലാത്ത കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ സഹായിക്കുന്ന പദ്ധതിയായി 'ലൈഫ്' പദ്ധതിയെ കാണാൻ കഴിയണം. മറ്റൊരു പ്രധാന പദ്ധതിയാണ് ചികിത്സാ സംബന്ധമായ ആർദ്രം പദ്ധതി. കാരുണ്യ പദ്ധതി അട്ടിമറിച്ചെന്നാരോപിച്ച് നടത്തിയ സമരം നമുക്കറിയാം. ആർദ്രം പദ്ധതിയിൽ മാരകമായ ക്യാൻസർ, കിഡ്നി രോഗങ്ങൾ പിടിപെട്ട ആളുകൾക്ക് സൗജന്യമായി ചികിത്സയും മരുന്നും ലഭിക്കും. അതുപോലെ സാമൂഹ്യസുരക്ഷ വളരെ പ്രധാനമാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ നമ്മുടെ സമൂഹത്തിൽ വളർന്നുവരികയാണ്. ഇവയൊക്കെ ദൂരീകരിക്കാനുള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഏകദേശം 250 കോടി രൂപയാണ് അതിനായി നീക്കിവച്ചിരിക്കുന്നത്. ഇത്തരം കാര്യങ്ങളെല്ലാം സ്വാഗതാർഹമാണ്.

കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് ഈ ഗവൺമെന്റ് മുൻതൂക്കം കൊടുക്കുന്നുണ്ട്. പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി 2600 കോടി രൂപയും പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി 751 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഒറ്റപ്പെട്ട് കിടക്കുന്ന ഒരു പ്രദേശമാണ്. പട്ടികവർഗ്ഗക്കാരാണ് കൂടുതലായിട്ടുള്ളത്. അവരെ പ്രത്യേകം സംരക്ഷിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി പുതിയ സ്കൂൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നേരത്തെ മുന്നോട്ടുവച്ച പദ്ധതിയാണ് 'ഗോത്രബന്ധു' പദ്ധതി. ടി.ടി.സി. പാസ്സായിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ജോലി

ലഭ്യമാക്കുന്നതിനുള്ള പദ്ധതി, വനം വകുപ്പിലേയ്ക്ക് പട്ടികവർഗ്ഗക്കാരെ റിക്രൂട്ട് ചെയ്യുന്ന പദ്ധതി തുടങ്ങിയവയെല്ലാം അവരെ സംബന്ധിച്ച് വളരെ സന്തോഷകരമാണ്. മറ്റ് സംസ്ഥാനങ്ങളിൽ ആദിവാസികൾക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും അതിക്രൂരമായ പീഡനങ്ങളും അതിക്രമങ്ങളും ദിവസേന നേരിടേണ്ടി വരുന്നതായി പത്രവാർത്തകൾ വ്യക്തമാക്കുന്നുണ്ട്. അതിൽ നിന്നെല്ലാം വ്യത്യസ്തമായി ഈ വിഭാഗത്തെ സംരക്ഷിക്കുന്ന നിലപാടുകളാണ് നമ്മുടെ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അത് സ്വാഗതാർഹമായ കാര്യമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

സാംസ്കാരിക നായകൻമാരെ ഇല്ലാതാക്കുന്നത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. എം. ടി. വാസുദേവൻ നായർ കേരളത്തിലെ പ്രധാനപ്പെട്ട ഒരു സാംസ്കാരിക നായകനാണ്. അദ്ദേഹത്തിനെതിരെയും തിരിയുന്ന ശ്രമങ്ങൾ കേരളത്തിൽ നടക്കുന്നു എന്നതാണ് അവസാനമായി നമുക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്. എം. ടി. നമ്മുടെ സമൂഹത്തിനും കേരളത്തിനും നൽകിയിട്ടുള്ള സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. അദ്ദേഹത്തിന്റെ ഓരോ കൃതികളും സാഹിത്യരചനകളും കേരളത്തിന്റെ എല്ലാതരത്തിലുമുള്ള നന്മയ്ക്കുംവേണ്ടിയാണ് ചെയ്തിട്ടുള്ളതെന്ന് പരിശോധിച്ചാൽ മനസ്സിലാകും. എം.ടി.-യെയും കമലിനെയും പോലുള്ള സാംസ്കാരിക നായകൻമാരെ ഈ സമൂഹത്തിൽ വച്ചുപൊറുപ്പിക്കില്ലെന്ന് ചില ആളുകൾ തീരുമാനമെടുക്കുന്നുണ്ട്. ഇക്കാര്യങ്ങൾ ഈ അവസരത്തിൽ പരിശോധിക്കേണ്ടതാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പട്ടികവർഗ്ഗക്കാർക്കായി കേന്ദ്ര ബഡ്ജറ്റിൽ നിന്ന് വലിയ രീതിയിലുള്ള സാമ്പത്തിക സഹായമാണ് കാലാകാലങ്ങളായി കേരള ഗവൺമെന്റിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വന്നതോടുകൂടി പട്ടികവർഗ്ഗക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ഫണ്ടിൽ വലിയ രീതിയിലുള്ള കുറവാണ് വന്നിട്ടുള്ളത്. ഇപ്പോൾ നാമമാത്രമായ തുകയാണ് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി നൽകുന്നത്.

കൃഷിയുമായി ബന്ധപ്പെട്ട ഒരു വിഷയം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വയനാട് പൂർണ്ണമായും ഒരു കാർഷിക ജില്ലയാണ്. അവിടെ നെൽകൃഷിക്ക് മുൻതൂക്കം കൊടുത്തിട്ടുണ്ട്. വയനാട് ജില്ല പൂർണ്ണമായും ഒരു ക്ഷീര മേഖലയാണ്. അവിടത്തെ ക്ഷീര കർഷകർ ചില പ്രതിസന്ധികൾ നേരിടുന്നുണ്ട്. വയനാട് ജില്ലയിൽ ആവശ്യത്തിന് മൃഗാശുപത്രികൾ ഇല്ലാത്തതിനാൽ രാത്രികാലങ്ങളിൽ കന്നുകാലികൾക്ക് അസുഖം വന്നാൽ ചികിത്സ ലഭ്യമാക്കാൻ സാധിക്കാതെ ക്ഷീര കർഷകർ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് വയനാട് ജില്ലയിൽ കൂടുതൽ മൃഗാശുപത്രികൾ അനുവദിക്കുന്നതിന് ഈ ബഡ്ജറ്റിൽ തീരുമാനമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. രണ്ടാം ഘട്ട ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വളരെ

ശക്തമായ നടപടികളുമായി മുന്നോട്ടുപോകാനുള്ള സർക്കാരിന്റെ തീരുമാനം സ്വാഗതാർഹമാണ്. തൊഴിലുറപ്പ് പദ്ധതി ഘട്ടംഘട്ടമായി നിർത്തലാക്കാനുള്ള നടപടി കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ അയ്യങ്കാളി തൊഴിൽദാന പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനുള്ള പദ്ധതിയും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ സമസ്ത മേഖലകളെയും ഉദ്ദീപിപ്പിച്ചുകൊണ്ടുള്ള നവകേരള സൃഷ്ടിക്കുവേണ്ടിയാണ് ബഡ്ജറ്റിൽ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഈ ബഡ്ജറ്റിനെ പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. 25000 കോടി രൂപയുടെ ബഡ്ജറ്റ് അവതരിപ്പിച്ചത് എങ്ങനെ നടപ്പാക്കുമെന്നാണ് ഇപ്പോൾ പ്രതിപക്ഷം ചോദിക്കുന്നത്. ഇത് കമ്മി ഖജനാവാണെന്നും പറയുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ 141 എം.എൽ.എ.-മാരും പ്രോജക്ടുകൾ വേണമെന്ന് പറയുകയാണ്. എന്നാൽ ഇത് നടപ്പിലാകില്ല എന്നുപറയുന്ന എം.എൽ.എ.- മാർക്ക് ഈ പ്രോജക്ടുകൾ എങ്ങനെ നടപ്പിലാക്കാൻ കഴിയും; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച സാമ്പത്തികശാസ്ത്രം നടപ്പിലാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെയും പ്രവാസികളെയും വ്യവസായികളെയും സമൂഹത്തിലെ ഉന്നത ആളുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ബഡ്ജറ്റിന് പുറത്ത് സമാഹരണം നടത്തി ഇതുപോലുള്ള ഒരു സംവിധാനം ആവിഷ്കരിച്ചാൽ നടപ്പിലാകുന്ന പദ്ധതികളാണ് സംസ്ഥാനത്തുള്ളത് അഴിമതിയും കൈക്കൂലിയുമില്ലാത്ത ഒരു സംസ്ഥാനവും രാജ്യവുമുണ്ടാകണം. അതിനുവേണ്ടി പരിശ്രമിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ഞാൻ അങ്ങേയറ്റം സ്വാഗതം ചെയ്യുന്നു. ജനപ്രതിനിധികളെന്ന നിലയിൽ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ച് ജനങ്ങളെ ആ രീതിയിൽ കണ്ടാൽ നമുക്കിതെല്ലാം നടപ്പിലാക്കാനും ഒരു മിച്ച ബഡ്ജറ്റുള്ള സംസ്ഥാനമായി കേരളത്തെ മാറ്റാനും സാധിക്കും. അതിനുവേണ്ടി എല്ലാവരും പരിശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ചേർത്ത് ഈ സംസ്ഥാനത്തുതന്നെ വിനിയോഗിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഇപ്പോൾ കേന്ദ്രവിഹിതം പലതും ചോർന്നു പോകുന്ന രീതി അവസാനിപ്പിച്ചാൽ മാത്രമേ സംസ്ഥാനത്തിന് പ്രയോജനം ലഭിക്കുകയുള്ളൂ.

പ്രകൃതിദുരന്തം പോലെ വന്നെത്തിയ വരൾച്ചയിൽ പെയ്തിറങ്ങിയ മഴപോലെ ആശ്വാസകരമാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ്. മാതൃഭൂമി ദിനപത്രത്തിന്റെ മുഖപ്രസംഗത്തിലെ ആദ്യ വാചകം തന്നെ ഈ ബഡ്ജറ്റിനുള്ള

സർട്ടിഫിക്കറ്റാണ്. ഞാനത് ഉദ്ധരിക്കാം. "റോഡുകളും പാലങ്ങളും വൻകിട പദ്ധതികളും മാത്രം ചേരുന്ന വികസനം എന്ന സങ്കൽപ്പത്തെ തിരുത്തുന്നതാണ് ഡോ. തോമസ് ഐസക് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ്. കേരളത്തിന്റെ സമീപകാല ചരിത്രത്തിൽ ആദ്യമായി സാമൂഹ്യ പശ്ചാത്തല വികസനത്തിന് മുന്തിയ പരിഗണനയാണ് എൽ.ഡി.എഫ്. സർക്കാരിന്റെ രണ്ടാം ബഡ്ജറ്റിൽ ലഭിച്ചിരിക്കുന്നത്. പൊതുജനാരോഗ്യത്തിന്റെയും പൊതുവിദ്യാഭ്യാസത്തിന്റെയും ഗുണമേന്മ ഉയർത്താനുള്ള പരിശ്രമമാണ് ഇതിന്റെ മുഖമുദ്ര." മലയാള മനോരമ ദിനപത്രത്തിന്റെ മുഖപ്രസംഗത്തിൽ ഇങ്ങനെ പറയുന്നു, "നോട്ട് നിരോധനത്തെ തുടർന്നുള്ള ധനകാര്യ സ്തംഭനത്തിൽനിന്ന് കരകയറാനുള്ള വഴികൾ തേടുന്നതാണ് ധനകാര്യ വിദഗ്ദ്ധൻ കൂടിയായ മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ്". മാതൃഭൂമി, മലയാള മനോരമ ദിനപത്രങ്ങൾ ഇതുപോലൊരു കമന്റ് പാസ്സാക്കിയത് ഈ ബഡ്ജറ്റിന് ലഭിച്ച അംഗീകാരമാണ്. ഈ ബഡ്ജറ്റിനെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് എന്റെ മണ്ഡലത്തിലെ ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയാം. ചവറ കെ.എം.എം.എൽ. കമ്പനിയിൽ ടൈറ്റാനിയം മെറ്റൽ കോംപ്ലക്സ് നിർമ്മിച്ച് വിപുലപ്പെടുത്തുമെന്നും പരിസരത്തെ ഭൂമി ഏറ്റെടുക്കുമെന്നുമുള്ള ബഡ്ജറ്റ് നിർദ്ദേശം ചവറ നിവാസികളെല്ലാം സ്വാഗതം ചെയ്യുന്നു. എന്നാൽ ആ സന്തോഷത്തിനിടയിലും ഒരു സങ്കടമുള്ളത് ചവറയിലെ കുടിവെള്ളക്ഷാമത്തിന് ഒരു പദ്ധതിയുമില്ല എന്നതാണ്. ആ കാര്യത്തിന്യാതൊരു പരിഗണനയും നൽകിയിട്ടില്ല. ഇതിനൊരു പരിഹാരമുണ്ടാകണം. ചവറയിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയാൽ അത് ഏറ്റവും കൂടുതൽ പ്രയോജനപ്പെടുന്നത് തീരദേശവാസികളായ, പട്ടിണിക്കാരായ, മത്സ്യത്തൊഴിലാളികൾക്കായിരിക്കും. ഈ പ്രശ്നങ്ങൾകൂടി പരിഹരിച്ചുതരണമെന്ന് പറഞ്ഞുകൊണ്ട് ബഡ്ജറ്റിനെ പൂർണ്ണമായി സ്വാഗതം ചെയ്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഇവിടെ ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.-മാരുടെ ഫ്ലക്സ് ബോർഡിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. ഏത് ഗവൺമെന്റായാലും പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.-മാർ ഫ്ളക്സ്ബോർഡുകൾ വയ്ക്കാറുണ്ട്. എന്നാൽ അത് വയ്ക്കാത്തവരുമുണ്ട്. പുതിയൊരു പ്രവണത ഞാൻ കണ്ടത്, അഭിവാദ്യങ്ങൾ അർപ്പിക്കുന്നത് ഏരിയ കമ്മിറ്റി സെക്രട്ടറി, ലോക്കൽ കമ്മിറ്റി സെക്രട്ടറി, എൽ.ഡി.എഫ്. കൺവീനർ എന്നിവർക്കാണ്. ഇങ്ങനെയൊരു പ്രവണത മുമ്പുണ്ടായിട്ടില്ല. ഇങ്ങനെ വയ്ക്കുന്നതിൽ സംതൃപ്തി കിട്ടുമെങ്കിൽ പ്രശ്നമില്ല. പക്ഷേ വല്ലതും നടക്കാതെ പോയാൽ അതിന്റെ ഉത്തരവാദിത്വം ഏരിയ കമ്മിറ്റി ഏറ്റെടുക്കണം. അദ്ദേഹം സൂചിപ്പിച്ചതു കൊണ്ടാണ് ഞാനിത് പറഞ്ഞത്. ഈ ബഡ്ജറ്റിനുമുമ്പ് ഒരു പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചിരുന്നു. ഒൻപത് മാസം പിന്നിടുമ്പോൾ ആ ബഡ്ജറ്റിൽ പറഞ്ഞിരുന്ന

എന്തെല്ലാം കാര്യങ്ങൾ നമുക്ക് നടപ്പാക്കാൻ കഴിഞ്ഞുവെന്ന് ഓരോ എം.എൽ.എ.-മാരും വിലയിരുത്തണം. അത് സഭയിൽ പറയേണ്ട, ചെവിയിലും പറയേണ്ട, പരസ്പരം പങ്കുവച്ചാൽ മതി. ഒമ്പത് മാസത്തിനിടയ്ക്ക് എന്തെല്ലാം കാര്യങ്ങൾ നടന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രിപോലും പറയുന്നില്ല. കിഫ്ബിയുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നില്ലെന്നാണ് ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് സഭയിൽ വച്ചപ്പോൾ അദ്ദേഹം പറഞ്ഞത്. അതിൽനിന്ന് ഒരു രൂപപോലും ചെലവായിട്ടില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി തന്നെ പറയുന്നുണ്ട്. നമ്മൾ ഏറ്റവും കൂടുതൽ ആവേശത്തോടെ ഫ്ലക്സ് വച്ചത് കിഫ്ബിക്കായിരുന്നു. എന്തിന്റെ പേരിലാണ് ധാരാളം കാര്യങ്ങൾ നടന്നുവെന്ന് സഭയിൽ നിങ്ങൾ പറയുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. കാരണം, ഗവൺമെന്റിനുവേണ്ടി പറയേണ്ടത് നിങ്ങളുടെ ബാദ്ധ്യതയാണ്.

ഇനി പ്ലാൻ ഫണ്ടിന്റെ കാര്യം പറയാം. ഇതുപോലെ പ്ലാൻ ഫണ്ട് ചെലവഴിക്കാത്ത സന്ദർഭം കേരളത്തിലുണ്ടായിട്ടുണ്ടോ എന്ന് ധനകാര്യ വകുപ്പുമന്ത്രി പരിശോധിക്കുന്നത് നന്നായിരിക്കും. 2-3-2017 വരെയുള്ള കണക്ക് എന്റെ കൈവശമുണ്ട്. അന്നുവരെയുള്ള ചെലവ് വെറും 52 ശതമാനം മാത്രമാണ്. അതുതന്നെ ഇത്രയും കൂടിയതെങ്ങനെയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. സെൻട്രൽ അസിസ്റ്റൻസ് കിട്ടുന്ന പദ്ധതികൾക്ക് കൂടുതൽ ചെലവ് വന്നിട്ടുണ്ട്; അങ്ങനെ ചെലവ് വന്നതുകൊണ്ടാണ് 52 ശതമാനത്തിലെത്തിയത്. അതുകൂടി ഒഴിവാക്കിയാൽ പ്ലാൻ ഫണ്ട് ചെലവഴിച്ചത് വളരെ കുറച്ചുമാത്രമാണ്. എൽ.എസ്.ജി.-യുമായി ബന്ധപ്പെട്ട് ഇതുപോലൊരു പെർഫോമൻസ് ഇതിനുമുമ്പുണ്ടായിട്ടുണ്ടോ? 30 ശതമാനമാണ് മാർച്ച് മാസം 2-ാം തീയതി വരെയുള്ള കണക്ക്. അതായത് ഇനിയുള്ള 28 ദിവസം കൊണ്ടാണ് ബാക്കിയുള്ള 70 ശതമാനം തുക ചെലവഴിക്കാനുള്ളത്. ഇത്രയും ചെലവ് നടന്നതിനെക്കുറിച്ചാണ് ഭരണപക്ഷത്തുള്ളവർ വാതോരാതെ സംസാരിക്കുന്നത്. യഥാർത്ഥത്തിൽ കഴിഞ്ഞ ഒമ്പത് മാസമായി ഇവിടെ യാതൊന്നും നടന്നിട്ടില്ലെന്ന് നിങ്ങൾക്കും ഞങ്ങൾക്കുമറിയാം. ഇന്ന് ഏതെങ്കിലും ഉദ്ഘാടനം നടക്കുന്നുണ്ടെങ്കിൽ നേരത്തെ ഫ്ലക്സ് വച്ചുവെന്ന് പറഞ്ഞതുപോലെയാണ്. കഴിഞ്ഞ നിയമസഭയിൽ അന്നത്തെ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, ശിലാസ്ഥാപനം നടത്താൻവേണ്ടി ശ്രീ. ഉമ്മൻ ചാണ്ടി കാറിന്റെ ഡിക്കിയിൽ കല്ലും കൊണ്ട് നടക്കുന്നുവെന്നാണ്. അന്ന് അദ്ദേഹം ഇട്ട കല്ലിന്റെ പുറത്താണ് നിങ്ങളിന്ന് ഉദ്ഘാടന മാമാങ്കം നടത്തുന്നതെന്ന് എനിക്കും നിങ്ങൾക്കുമറിയാം. കാരണം, മറ്റ് പദ്ധതികളൊന്നും അംഗീകരിച്ചിട്ടില്ല. ഞാൻ കുറ്റപ്പെടുത്താൻ പറഞ്ഞതല്ല. ഗവൺമെന്റുകൾ മാറിമാറി വരുമ്പോൾ ഇത്തരം കാര്യങ്ങളുണ്ടാകുന്നത് അംഗീകരിക്കണമെന്ന് ഉദ്ദേശിച്ച് പറഞ്ഞതാണ്. ഈ രണ്ട് കാര്യങ്ങളിലും കഴിഞ്ഞ ബഡ്ജറ്റ് നീതി പുലർത്തിയില്ല. കിഫ്ബിയുടെ അടിസ്ഥാനത്തിൽ ബോർഡ് വച്ച പല ഭരണപക്ഷ എം.എൽ.എ.-മാരും

ഇന്ന് ബുദ്ധിമുട്ടുകയാണ്. ഈ പദ്ധതികളൊക്കെ എവിടെയെന്ന് അവരോട് ജനം ചോദിക്കുകയാണ്. ഇവിടെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തുവെന്ന് പറഞ്ഞതിനെ കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഓരോരുത്തർക്കും ഓരോ കാഴ്ചപ്പാടുണ്ടാകും. നിലവിലുള്ള പ്ലാൻ ഫണ്ടിൽ നിന്നുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി നടത്തുന്ന കാര്യങ്ങളും അതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രസ്താവനകളും പദ്ധതികളും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇങ്ങനെയൊരു ബഡ്ജറ്റ് അവതരിപ്പിക്കാൻ ഡോ. തോമസ് ഐസക്കിനെപ്പോലെ കഴിവും പ്രാഗത്ഭ്യവുമുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ ആവശ്യമുണ്ടോ? കാരണം, 25,000 കോടി രൂപയല്ലേ പുറത്തുനിന്നും കൊണ്ടുവരുന്നത്? 26,500 കോടി രൂപ നമ്മുടെ സ്റ്റേറ്റ് ഔട്ട്ലെറ്റ് ഉണ്ടെങ്കിൽ അതിനകത്തുനിന്നുകൊണ്ട് നല്ല ബഡ്ജറ്റ് അവതരിപ്പിച്ചിരുന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു. അതിന് കഴിവ് വേണം. ഇത്തരത്തിൽ പുറത്തുനിന്നുമെടുത്ത 25,000 കോടി രൂപ കുറച്ചാൽ എന്താണ് അവസ്ഥയെന്ന് ഞാൻ പറയേണ്ട കാര്യമുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് കഴിഞ്ഞ തവണയും ചോദിച്ച കാര്യമാണിത്. കഴിഞ്ഞ വർഷം ഏതാണ്ട് 4,000 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം കൊടുത്തു. ഇനി മാർച്ച് മാസം 11,000 കോടി രൂപയ്ക്ക് അംഗീകാരം കൊടുക്കുമെന്ന് പറയുന്നു. ഇവിടെ 1,000 കോടി രൂപയാണ് പെട്രോളിയം സെസിൽ നിന്നും റോഡ്ഫണ്ടിൽ നിന്നും ലഭിച്ചിട്ടുള്ളത്. ഇപ്പോൾത്തന്നെ 4,000 കോടി രൂപ കൊടുത്തു. ഇനി 11,000 കോടി രൂപ കൊടുക്കാൻ പോകുന്നു. 15,000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്നിടത്ത് ഇത്രയും വലിയ തുകയ്ക്കുള്ള ഭരണാനുമതി കൊടുത്താൽ അതിനുള്ള ഫണ്ട് എവിടെനിന്ന് കിട്ടും? എന്തുകൊണ്ട് ഒരു വർഷംകൊണ്ട് നിക്ഷേപം കൊണ്ടുവരാൻ സാധിച്ചില്ല? അടുത്ത വർഷം 25,000 കോടി രൂപയാണ് വരുന്നത്. ഇൻകം ജനറേറ്റ് ചെയ്താണ് ഫണ്ട് കൊടുക്കുന്നതെങ്കിൽ പ്രയാസമില്ല. ഇൻകം ജനറേറ്റ് ചെയ്യുന്ന ഫണ്ടുകൾ വളരെ പരിമിതമാണ്. ഇതൊക്കെ നാടിന്റെ വികസനത്തിന് ഉപയോഗിക്കില്ലെന്ന് പറയുന്നില്ല. നിക്ഷേപം സ്വീകരിച്ചാൽ തീർച്ചയായും തിരിച്ചടവ് അനിവാര്യമാണ്. ആ തിരിച്ചടവിനുള്ള ഇൻകം ജനറേറ്റ് ചെയ്യുന്നതിനുള്ള പദ്ധതികൾ നമുക്കില്ലാത്തതിനാൽ വലിയ ബാധ്യത സംസ്ഥാന ഗവൺമെന്റിന് വരുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ഗവൺമെന്റും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അടുത്ത തവണ ഭരണത്തിൽ വരണമെന്നില്ല. അടുത്ത ഗവൺമെന്റും ജനങ്ങളും ഇതിന് ഉത്തരം പറയേണ്ട സാഹചര്യമുണ്ടാകും. കാരണം, തിരിച്ചടവിന്റെ സാഹചര്യത്തിൽ പ്ലാൻ ഫണ്ട് കൊടുക്കേണ്ടിവരും. ഈ മാസം 15,000 കോടി രൂപയ്ക്ക് ഭരണാനുമതി കൊടുത്താൽത്തന്നെ, പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടുപോയിക്കഴിഞ്ഞാൽ ഉദ്ദേശിച്ച നിക്ഷേപം വന്നില്ലെങ്കിൽ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ പണം എവിടെ നിന്ന് കൊടുക്കാൻ കഴിയും? യഥാർത്ഥത്തിൽ 40,000 കോടി രൂപയുടെ പദ്ധതികൾ അംഗീകരിച്ചാൽ, പദ്ധതി

പൂർത്തീകരിച്ച് തിരിച്ചടവ് പ്രശ്നമാകുന്നതിനുമുമ്പ് പൂർത്തീകരിക്കാനുള്ള പണംപോലും കിട്ടാത്ത സാഹചര്യമുണ്ടാകുമെന്ന് അങ്ങേയ്ക്കറിയില്ലേ; അങ്ങ് മറുപടി പ്രസംഗത്തിൽ അക്കാര്യം സൂചിപ്പിക്കുമെന്ന് ഞാൻ കരുതുന്നു. എങ്ങനെയാണ് 1,000 കോടി രൂപ വച്ച് 14,000 കോടി രൂപയ്ക്ക് ഭരണാനുമതി കൊടുക്കാൻ കഴിയുന്നത്? ഇത്തരത്തിലുള്ള ഗൗരവമായ കാര്യങ്ങൾ ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാത്തതല്ല. എ.എസ്.-ഉം ടി.എസ്.-ഉം കൊടുത്ത് എഗ്രിമെന്റ് വച്ച് വർക്ക് തുടങ്ങിയാലും തിരിച്ചടവ് 4 കൊല്ലം കഴിയുമ്പോഴേ ഉണ്ടാവുകയുള്ളൂവെന്ന് അദ്ദേഹത്തിനറിയാം. ഇതിനെക്കുറിച്ച് വളരെ വ്യക്തമായ ധാരണയുള്ള ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാനത്തിന് ഇത്രയും വലിയ ബാധ്യത വച്ചുപോകുമ്പോൾ കാലം അങ്ങേയ്ക്ക് മാപ്പ് തരില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പദ്ധതികൾ നടപ്പാക്കുന്നതിനെതിരായിട്ടല്ല ഞാൻ പറയുന്നത്. യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങൾ കാണണം. അത് കാണാതെ മാധ്യമങ്ങൾ അനുകൂലിക്കുന്നുവെന്ന് പറയുന്നതിനെ എതിർക്കുന്നില്ല. ഇക്കാര്യത്തിനൊരുത്തരം വേണം. ഈ വർഷത്തെ 25,000 കോടി രൂപയും കഴിഞ്ഞ വർഷത്തെ 15,000 കോടി രൂപ യും ചേർത്ത് നിക്ഷേപ സമാഹരണം നടത്തുന്നുവെന്ന് പറയുന്നുണ്ട്. നോട്ട് പിൻവലിക്കലിന്റെ ഭാഗമായി നമുക്കേറ്റവും വലിയ തിരിച്ചടി നിക്ഷേപ രംഗത്താണുണ്ടായത്. നിക്ഷേപം പ്രതീക്ഷിച്ചതുപോലെ വരില്ലെന്ന വിഷയവുമുണ്ട്. അങ്ങയെപ്പോലൊരു ധനകാര്യ വകുപ്പുമന്ത്രി നോട്ട് പിൻവലിക്കലിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ആദ്യത്തെ പേജുകളിൽ വളരെ വിശദമായി പറഞ്ഞതാണ് ഈ ബഡ്ജറ്റിൽ ഞാൻ വളരെ പ്രതീക്ഷയോടെ നോക്കിക്കണ്ടത്. പക്ഷേ, എന്ത് നടപടികളാണുള്ളത്. ഈ പ്രതിസന്ധിമൂലം സഹകരണ മേഖലയ്ക്കുണ്ടാകുന്ന പ്രത്യാഘാതം വലുതാണെന്ന് ഭരണ-പ്രതിപക്ഷം ഒരുമിച്ച് അംഗീകരിച്ചതല്ലേ? സഹകരണ മേഖലയ്ക്കും ലക്ഷക്കണക്കിന് നിക്ഷേപകർക്കും ആത്മവിശ്വസം പകരുന്ന എന്ത് നടപടിയാണ് അങ്ങയുടെ ഭാഗത്തുനിന്നുമുള്ളത്? കാർഷിക മേഖല പൂർണ്ണമായും തകർന്നിരിക്കുകയാണ്. വരൾച്ചയെ അതിജീവിക്കാൻ എന്താണ് ഈ ബഡ്ജറ്റിലുള്ളത്? നോട്ട് പിൻവലിക്കലിന്റെ ഏറ്റവും വലിയ പ്രയാസമെന്ന് പറയുന്നത് തൊഴിലില്ലായ്മയാണ്. ചെറുകിട വ്യവസായ മേഖലയിലും മറ്റും നഷ്ടപ്പെട്ടിട്ടുള്ള തൊഴിലവസരങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി ബഡ്ജറ്റിലുണ്ടോ? ഈ ബഡ്ജറ്റ് നല്ലതാണെന്ന് കൊട്ടിഘോഷിക്കുന്നവരോട് വർത്തമാന കാലഘട്ടത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം തെറ്റായ നടപടികൾ അതിജീവിക്കുന്നതിനുള്ള ഒരു പദ്ധതിയും ഇതിലില്ലെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾക്ക് 9.81 ശതമാനം ഫണ്ട് നീക്കിവച്ചുവെന്ന് പറഞ്ഞു. ആദ്യമായിട്ടാണ് ഇങ്ങനെയൊരു സംഭവമെന്ന് അങ്ങ് പ്രത്യേകം പരാമർശിച്ചു.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും ഇത്തരത്തിൽ ഫണ്ട് നീക്കിവച്ചിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് എന്നുള്ളത് ഞാൻ ഒഴിവാക്കുന്നു. എന്റെ കൈവശമുള്ളത് 1997-98-ലെ ചെലവിന്റെ കണക്കാണ്. അന്ന് അങ്ങയുടെ നേതാവ് ശ്രീ. ശിവദാസ മേനോൻ ധനകാര്യ വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് 9.91 ശതമാനം തുക പട്ടികജാതി വിഭാഗങ്ങൾക്ക് നീക്കിവച്ചതിന്റെ പേപ്പറാണ് എന്റെ കയ്യിലുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാനത്ത് ആദ്യമായിട്ടാണെന്നുള്ള ഭാഗം ഒന്ന് വായിച്ചുകേൾപ്പിക്കാമോ; ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തി അവരെ കുറ്റപ്പെടുത്തുമ്പോൾ നിങ്ങൾക്കെന്തിനാണ് പ്രയാസം?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇതുവരെ കൊടുത്തുകൊണ്ടിരുന്ന 9.1 ശതമാനം തുക 9.81 ആയി ഉയർത്തിയെന്ന് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ദയവ് ചെയ്ത് ആ പ്രസക്തഭാഗം വായിക്കാമോ; 9.11 ശതമാനമാണ് ജനസംഖ്യ, എന്നാൽ ജനസംഖ്യാനുപാതത്തിനേക്കാൾ കൂടുതൽ കൊടുക്കുന്നുവെന്ന് പറഞ്ഞത് മുമ്പൊന്നും കേരളത്തിൽ കൊടുത്തിട്ടില്ലെന്ന് പറയാനല്ല, മറിച്ച് ജനസംഖ്യാനുപാതത്തിന്റെ പകുതിപോലും കൊടുക്കാത്ത കേന്ദ്ര സർക്കാരിനെയും മറ്റ് സംസ്ഥാനങ്ങളെയും വിമർശിക്കാനാണ്. അതിന് നിങ്ങളിങ്ങനെ പറഞ്ഞാൽ എങ്ങനെ ശരിയാകും?

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് ഈ ബഡ്ജറ്റിൽ സ്പെസിഫിക്കായി പറഞ്ഞത് 9.1 ശതമാനം വരുന്ന പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി മൊത്തം പദ്ധതി അടങ്കലിന്റെ 9.81 ശതമാനം തുക വകയിരുത്തുന്നുവെന്നാണ്. ആദ്യമായിട്ടാണ് ഇത്രയും വലിയ തുക വകയിരുത്തുന്നതെന്ന് പിന്നീട് സംസാരിച്ചപ്പോഴും പറഞ്ഞു. 1997-98-ലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ടി. ശിവദാസ മേനോൻ 9.91 ശതമാനം തുക വകയിരുത്തി എന്നുമാത്രമല്ല അദ്ദേഹം ഉദ്ദേശിച്ചതിനേക്കാൾ കൂടുതൽ പണം അന്ന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അതിനുള്ള പണവും അന്ന് ധനകാര്യ വകുപ്പ് നൽകി. ഏതായാലും അങ്ങ് 9.81 ശതമാനം തുക നീക്കിവച്ച നടപടിയെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇത്തരത്തിൽ 40,000 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതമെടുത്ത് ചെലവഴിക്കുമ്പോൾ ആ ഫണ്ട് അനുഭവിക്കേണ്ട ദളിത്-പിന്നോക്ക-ന്യൂനപക്ഷ-ആദിവാസി വിഭാഗങ്ങൾക്കർഹമായ വിഹിതം അതിൽ വരേണ്ടതാണ്. 40,000 കോടി രൂപയിൽ ഈ വിഭാഗങ്ങളുടെ

വളർച്ചയ്ക്കും ക്ഷേമത്തിനും വികസനത്തിനും ആവശ്യമായ തുക നീക്കിവയ്ക്കണമെന്ന ഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ഉണ്ണി: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. 2017 മാർച്ച് 3 കേരള ചരിത്രത്തിലെ ഒരു അവിസ്മരണീയ ദിനമാണ്. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിന്റെ പ്രത്യേകതയും പ്രാധാന്യവുമെന്ന് പറയുന്നത് 1000, 500 രൂപ നോട്ടുകൾ അസാധുവാക്കിയ ഘട്ടത്തിൽ, ജനങ്ങളുടെ പരിഭ്രാന്തി നിലനിൽക്കുന്ന സന്ദർഭത്തിലാണ് ഈ ബഡ്ജറ്റ് വരുന്നത്. നാളെ എന്ത് സംഭവിക്കുമെന്ന രീതിയിലുള്ള ആകാംഷ ജനങ്ങളിൽ നിൽക്കുമ്പോഴാണ് ഒട്ടേറെ പ്രതീക്ഷകൾ നൽകിക്കൊണ്ടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ബഡ്ജറ്റ് വരുന്നത്. അവിടെയാണ് ഈ ബഡ്ജറ്റിന്റെ പ്രാധാന്യം. ധനകാര്യ വകുപ്പുമന്ത്രി ഒരു ധനകാര്യ വിദഗ്ദ്ധനും എൽ.ഡി.എഫ്.-ലെ സമുന്നതരായ നേതാക്കളിൽ ഒരാളുമാണ്. അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഈ ബഡ്ജറ്റിലുടനീളം സാമ്പത്തികരംഗത്ത് ഒരു ഇടതുപക്ഷ വീക്ഷണമാണ് അടങ്ങിയിട്ടുള്ളത്. തികച്ചും ജനകീയവും ജനപക്ഷവുമായ ഒരു ബഡ്ജറ്റാണ് അദ്ദേഹം അവതരിപ്പിച്ചത്. ഒരു രൂപയുടെപോലും പുതിയ നികുതി നിർദ്ദേശങ്ങളില്ല എന്നുള്ള ഒറ്റ കാരണം കൊണ്ടുതന്നെ ഈ ബഡ്ജറ്റിനെ ജനപ്രീതിയുള്ള ബഡ്ജറ്റെന്നുപറയാൻ കഴിയും.

രണ്ടാം ജനകീയാസൂത്രണത്തിന്റെ ശംഖൊലി മുഴങ്ങിക്കഴിഞ്ഞ ഈ വേളയിൽ പരമപ്രധാനമായ തീരുമാനങ്ങൾ ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. അതിലൊന്ന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാരെ ഇനി പഞ്ചായത്തിന് നിയന്ത്രിക്കാം എന്നുള്ളതാണ്. ഇവർ പഞ്ചായത്ത് ഭരണ സ്ഥാപനങ്ങളുടെ സ്റ്റാഫായി മാറുമെന്ന് പറയുന്നത് ഒരു നിസ്സാര തീരുമാനമല്ല. കാരണം, പഞ്ചായത്ത് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന ഒരു തീരുമാനമാണിത്. "വെള്ളത്തിൽ വെളിച്ചെണ്ണയായതു പോലെയാണ്" പഞ്ചായത്ത് സ്റ്റാഫും എഞ്ചിനീയർമാരും വികസന പ്രവർത്തനങ്ങളിൽ എടുക്കുന്ന സമീപനം. കൂട്ടായ യജ്ഞത്തിന് സഹായിക്കുന്ന ഒരു തീരുമാനമാണിത്. പാവങ്ങൾക്ക് സമ്പൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തുന്ന, നാടിന്റെ സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുന്ന നിർദ്ദേശങ്ങളാണ് പൊതുവേ ബഡ്ജറ്റിലുള്ളത്. അതിനൊരുദാഹരണമാണ് ക്ഷേമപെൻഷൻ. ഇടതുപക്ഷ ജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പിൽ വാഗ്ദാനം ചെയ്ത ഒരു കാര്യമാണ് പെൻഷൻ വർദ്ധിപ്പിക്കൽ. മാത്രമല്ല, ഓരോ വർഷവും 100 രൂപ വീതം വർദ്ധിപ്പിച്ചുകൊടുക്കുമെന്ന പ്രഖ്യാപനവുമുണ്ട്. ആ തീരുമാനമാണ് ഈ ബഡ്ജറ്റിൽ വന്ന ഒരു പ്രധാനപ്പെട്ട കാര്യം. കേരളത്തിൽ ഏറ്റവും കൂടുതലായി നെൽകൃഷി ചെയ്യുന്ന ഒരു ജില്ലയാണ് പാലക്കാട്. അവിടത്തെ

കർഷകരാകെ നിരാശയിലായിരുന്നു. വരൾച്ച, കെടുതി, ഉൽപ്പന്നങ്ങളുടെ വിലയിടിവ് എന്നിവയുണ്ടായപ്പോഴും കർഷകർക്ക് താങ്ങായി മാറുന്ന പ്രഖ്യാപനങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിലെ ചിറ്റൂർ മേഖലയിൽ നെൽകൃഷി രണ്ടാം വിളയിറക്കാൻ കഴിഞ്ഞിട്ടില്ല. ഒന്നാംവിള ഇറക്കിയതുതന്നെ കൊയ്തെടുത്ത് കത്തിക്കേണ്ട സ്ഥിതിവന്നു. വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ റാബി കൃഷിക്കുണ്ടായ അനുഭവമാണ് നെൽകൃഷിക്ക് ചിറ്റൂർ താലൂക്കിലുണ്ടായത്. നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിനും മറ്റുമായി 12 കോടി രൂപ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷിക മേഖലയുടെ അടങ്കൽതുക 1,822 കോടി രൂപയിൽനിന്നും 2,106 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിരാശപൂണ്ട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വലിയ പ്രതീക്ഷ നൽകുന്ന ഒന്നാണ് ഈ ബഡ്ജറ്റ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസനഫണ്ടിന്റെ 10% കാർഷിക മേഖലയ്ക്കുവേണ്ടി നീക്കിവയ്ക്കണമെന്നും ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. എന്റെ ജില്ലയായ പാലക്കാട് സംയുക്ത ട്രേഡ് യൂണിയൻ സംഘടനകളുടെ നേതൃത്വത്തിൽ സമരം നടക്കുകയാണ്. സമരത്തിനാധാരമായ പ്രശ്നം, കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങൾ ഒന്നുകിൽ അടച്ചുപൂട്ടണം അല്ലെങ്കിൽ സ്വകാര്യവത്കരിക്കണം എന്ന 'നീതി ആയോഗി'ന്റെ ശിപാർശ നടപ്പാക്കരുതെന്നതായിരുന്നു. കഞ്ചിക്കോട് ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായശാലകളുണ്ട്. അതിൽ പ്രധാനപ്പെട്ടവ ബി.ഇ.എം.എൽ., ഐ.ടി.ഐ., ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനോ സ്വകാര്യവൽക്കരിക്കാനോ ആണ് കേന്ദ്ര സർക്കാരുദ്ദേശിക്കുന്നത്. അതിനെതിരായാണ് സംയുക്ത തൊഴിലാളികൾ സമരരംഗത്ത് ഇറങ്ങിയിട്ടുള്ളത്. എന്നാൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്, കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിൽ വൻകിട വ്യവസായങ്ങളുടെ നിലനിൽപ്പിനും സംരക്ഷണത്തിനുംവേണ്ടി 482 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 270 കോടി രൂപയും അനുവദിച്ചു. എന്നുപറഞ്ഞാൽ കേന്ദ്ര ഭരണാധികാരികളും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റും വ്യവസായ മേഖലയോടെടുക്കുന്ന വ്യത്യസ്തമായ സമീപനമാണ് സൂചിപ്പിച്ചത്. ഒരു ഇടതുപക്ഷ വീക്ഷണമാണ് ഈ ബഡ്ജറ്റിലുടനീളമുള്ളത്. കേന്ദ്ര സർക്കാരിന്റെ മുന്നിൽ വ്യവസായവും വികസനവും എങ്ങനെ നടപ്പിൽവരുത്താമെന്ന് തെളിയിച്ചുകൊടുക്കുകയാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്.

പ്രവാസിയെന്നുപറഞ്ഞാൽ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ്. സ്വന്തം ജീവിതത്തിന്റെ ഏറിയ പങ്കും മരുഭൂമിയിൽ ജോലി ചെയ്ത് ചോര നീരാക്കിയാണ് അവർ പണം സമ്പാദിക്കുന്നത്. അപ്രകാരം കേരളത്തിലയയ്ക്കുന്ന

പണത്തിന്റെ ഒരു ഭാഗം നാടിന്റെ പുരോഗതിക്കുവേണ്ടി അവർ നീക്കിവയ്ക്കുന്നുണ്ട്. ഒരു പരിഷ്കൃത സമൂഹത്തിനാവശ്യമായ വിധം നാടിന്റെ മുഖച്ഛായ മാറ്റിയ പ്രവാസികളാണ് നമ്മുടെ നാടിന്റെ നേരവകാശികളെന്നു പറയുന്നത്. അവരെ അർഹിക്കുന്ന വിധത്തിൽ അംഗീകരിക്കാനും സംരക്ഷിക്കാനും സർക്കാർ ഈ ബഡ്ജറ്റിൽക്കൂടി തയ്യാറായിരിക്കുകയാണ്. അതിന് ഉദാഹരണമാണ് പ്രവാസി ക്ഷേമ പെൻഷൻ 2,000 രൂപയാക്കി ഉയർത്തിയതും നോർക്ക പ്രവർത്തനങ്ങൾക്ക് 61 കോടി രൂപ അനുവദിച്ചിട്ടുള്ളതും. വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് ഗൾഫിൽനിന്ന് നാട്ടിലെത്തിച്ചേരുന്നവരുടെ പുനരധിവാസം സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. അവർക്ക് നാട്ടിൽ അവഗണിക്കപ്പെട്ടവരായി ജീവിക്കേണ്ടിവരുന്ന സ്ഥിതിയുണ്ട്. ഇത്തരക്കാരുടെ പുനരധിവാസത്തിന് 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അണഞ്ഞു തുടങ്ങിയ അവരുടെ ജീവിത പ്രതീക്ഷകൾ, അവരുടെ നെഞ്ചിൽ പുതിയ സൂര്യകിരണങ്ങളുയരാൻ ഇത്തരം നടപടികൾ കാരണമാകുമെന്നുള്ളത് ഉറപ്പാണ്.

ലോക ഭൂപടത്തിൽത്തന്നെ ഒരു ശ്രദ്ധാകേന്ദ്രമാണ് നമ്മുടെ കൊച്ചുകേരളം. ജീവിതശൈലീ രോഗങ്ങളിൽ ഒരെണ്ണംപോലുമില്ലാത്ത, 40 വയസ്സിനുമുകളിലുള്ള ഒരാളെപ്പോലും നമുക്ക് കേരളത്തിൽ കാണാൻ കിട്ടില്ല. ഇതാരുടെയും കുറ്റം കൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. മദ്യം, മയക്കുമരുന്ന്, എന്നിവയുടെ ഉപയോഗം, പുകവലി, ഭക്ഷണക്രമം എന്നീ കാരണങ്ങളൊക്കെ ഇത്തരം രോഗങ്ങൾ കടന്നുവരുന്നതിനിടയാക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ "താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ, താൻ താൻ അനുഭവിച്ചീടുകെന്നേ വരൂ" എന്ന രീതിയിൽ വിളിച്ചുവരുത്തുന്ന രോഗങ്ങളും ജീവിതക്രമത്തിന്റെ ഭാഗമായി വരുന്നുണ്ട്. അതിന് വിധിയെ പഴിച്ച് നിഷ്ക്രിയരായിരിക്കാൻ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഈ രോഗബാധിതരായ ആളുകളെ വിട്ടിട്ടില്ല. പി.എച്ച്.സി. വഴി മരുന്നുകൾ നാമമാത്രമായ വിലയ്ക്ക് വിതരണം ചെയ്യാൻ ബഡ്ജറ്റിൽ തീരുമാനം വന്നിരിക്കുകയാണ്. ഈ വാർത്ത ദൃശ്യ-മാധ്യമങ്ങളിലൂടെ കണ്ടതോടെ കേരളത്തിലെ പ്രമേഹ രോഗികളുടെ രക്തത്തിലെ ഷുഗറിന്റെ അളവ് കുറഞ്ഞിരിക്കുകയാണ്. ജില്ല-താലൂക്ക്-ജനറൽ ആശുപത്രികളുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിന് 2,000 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. മാറാരോഗങ്ങൾ പിടിപെട്ട് മരണം മുന്നിൽ കണ്ട് കഴിയുന്ന രോഗികൾ, കുടുംബത്തിനും സമൂഹത്തിനും ബാധ്യതയായി മാറിയ രോഗികൾ, തുടങ്ങി ചികിത്സയ്ക്കായി എന്നും തിരുവനന്തപുരം ആർ.സി.സി.-യിലെത്തുന്ന രോഗികൾ നിരവധിയാണ്. ക്യാൻസർ ചികിത്സാകേന്ദ്രമായ ആർ.സി.സി.-ക്ക് 66 കോടി രൂപ വകയിരുത്തിയതിൽ ഞാൻ അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ആർ.സി.സി.-യിലെ അതീവ ഗുരുതരമായ സ്ഥിതി മനസ്സിലാക്കി ഈ തുക വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ക്യാൻസർ രോഗം അതിവേഗം പടർന്നുപിടിക്കുന്ന സ്ഥിതി കേരളത്തിലുണ്ട്. ശുദ്ധവായു

ശ്വസിക്കാനും ശുദ്ധജലം കുടിക്കാനും മലിനമാക്കപ്പെടാത്ത ആഹാര പദാർത്ഥങ്ങൾ ലഭിക്കാനും നമുക്കവകാശമുണ്ട്. എന്നാലും ഇന്നത്തെ സ്ഥിതി തികച്ചും പരിതാപകരമാണ്. മലിനമാക്കപ്പെട്ട ജലാശയങ്ങൾ, മോട്ടോർ വാഹനങ്ങളാലും മറ്റും മലിനമാക്കപ്പെടുന്ന അന്തരീക്ഷം, അന്തരീക്ഷത്തിലെ ഓക്സിജന്റെ അളവിലുള്ള കുറവ് ഇതെല്ലാം പരിസ്ഥിതി ശാസ്ത്രജ്ഞന്റെ വീക്ഷണത്തിൽ കാണുകയും അപഗ്രഥിക്കുകയും ചെയ്തതിന്റെ ഫലമായാണ് തികച്ചും പരിസ്ഥിതി സൗഹൃദമായ ഈ ബഡ്ജറ്റിൽ ശുചിത്വ മിഷന് 127 കോടി രൂപ അനുവദിച്ചത്. ഈ നൂറ്റാണ്ടിന്റെ ഗൗരവമേറിയ പ്രശ്നമായ മാലിന്യ നിർമ്മാർജ്ജനത്തിനും മാലിന്യ സംസ്കരണത്തിനുമായി 150 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഒട്ടുമിക്ക ഹൈവേകളുടെയും സൈഡുകളിൽ അറവുമാലിന്യങ്ങൾ തള്ളുന്നതിന്റെ ഭാഗമായുണ്ടാകുന്ന രൂക്ഷമായ ദുർഗന്ധവും തെരുവുനായ്ക്കളുടെ ശല്യവും പരിഹരിക്കുന്നതിനായി ആധുനിക അറവുശാലകൾ നിർമ്മിക്കുവാൻ ഈ ഗവൺമെന്റ് 100 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. അതിന് ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

ഇവിടെ മറ്റ് പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ കുടിവെള്ളത്തിന്റെ പ്രശ്നം അതിരൂക്ഷമാണ്. 40 നദികൾ, ശുദ്ധജല തടാകങ്ങൾ, ഡാമുകൾ, കിണറുകൾ, കുളങ്ങൾ തുടങ്ങി ജലസ്രോതസ്സുകൾ ധാരാളമുണ്ട്. ഫെബ്രുവരിയിൽത്തന്നെ കേരളത്തിലെ കിണറുകൾ വറ്റിവരണ്ടിരിക്കുകയാണ്. കുടിവെള്ളം ശേഖരിക്കുന്നതിനായി തലയിൽ കുടവും കയ്യിൽ ബക്കറ്റുമായി കുടുംബങ്ങളൊന്നാകെ പോകുന്ന കാഴ്ച പാലക്കാട് മേഖലയിൽ സ്ഥിരമായി കാണാൻ കഴിയും. മണ്ഡലങ്ങളിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ കുടിവെള്ളത്തിനാണ് എല്ലാവരും പ്രാധാന്യം നൽകുന്നത്. ഞാൻ എന്റെ മണ്ഡലത്തിലും പ്രാധാന്യം കൊടുത്തത് കുടിവെള്ള പ്രശ്നത്തിനാണ്. ജനങ്ങളുടെയും ജനപ്രതിനിധികളുടെയും മനസ്സ് വായിച്ചറിഞ്ഞ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി 1696 കോടി രൂപയുടെ കുടിവെള്ള പദ്ധതിയാണ് ബഡ്ജറ്റിൽ ആവിഷ്കരിച്ചത്. സംസ്ഥാനത്ത് രൂക്ഷമായ വിലക്കയറ്റമുണ്ടായി എന്ന ആക്ഷേപം കണക്കിലെടുത്തുകൊണ്ടുതന്നെ പൊതുവിപണിയിൽ വില നിയന്ത്രിക്കുന്നതിനും റേഷൻ സബ്സിഡി നഷ്ടപ്പെട്ടവർക്ക് റേഷൻ നൽകുന്നതിനും 900 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരളം ഇന്നനുഭവിക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ആശ്വാസ നടപടികൾ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. തീർച്ചയായും ഇത് പ്രായോഗികമാക്കുമ്പോൾ കേരളത്തിലെ ജനങ്ങൾക്ക് വളരെ ആശ്വാസവും സംതൃപ്തിയും നൽകുന്ന ബഡ്ജറ്റായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തകർച്ചയുടെ വക്കിലെത്തിയ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ

ലാഭകരമാക്കുന്നതിന് കോടിക്കണക്കിന് രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ജനപക്ഷ നിലപാടുകൾ സ്വീകരിക്കുന്ന ഗവൺമെന്റാണെന്ന് കേരളത്തിലെ പൊതുസമൂഹം പറയുന്നത്. ഞാൻ മഹാനായ തത്വചിന്തകൻ സിസറോയുടെ ഒരു വാചകം കടമെടുക്കുകയാണ്. "ഭരിക്കുന്നവൻ ത്യാഗം സഹിച്ച് പൗരന്മാർക്ക് നന്മ ചെയ്യുന്നതാണ് നല്ല ഭരണത്തിന്റെ ലക്ഷണം" എന്നാണ്. അതാണ് എൽ.ഡി.എഫ്. ഭരണം. കേരളത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം പല മേഖലകളും തകർച്ചയിലായിരുന്നു. അതിൽനിന്നും കേരളത്തെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളുമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലേറിയത്. കേരളത്തിൽ ധാരാളം റോഡുകളും പാലങ്ങളും കെട്ടിടങ്ങളുമെല്ലാം പുതിയതായി ഉണ്ടാകാൻ പോവുകയാണ്. കുളങ്ങളും തോടുകളും തടാകങ്ങളും സംരക്ഷിക്കപ്പെടുകയാണ്. കേരളത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന ശുദ്ധജല തടാകമായ ശാസ്താംകോട്ട തടാകം സംരക്ഷിക്കപ്പെടുമെന്ന് പറഞ്ഞതിനെ ഞാൻ പൂർണ്ണമായും അംഗീകരിക്കുകയാണ്. ശാസ്താംകോട്ട തടാക സംരക്ഷണം ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുകയാണ്. ഇച്ഛാ ശക്തിയുള്ളൊരു ഗവൺമെന്റ് കേരളത്തിൽ വന്നതുകൊണ്ടാണ് നശിച്ചുപോയ തടാകത്തെ നല്ല നിലയിലേയ്ക്കെത്തിക്കാൻ തയ്യാറായത്. ഈ തടാകത്തെ സംരക്ഷിക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തണമെന്നാണ് എനിക്ക് സൂചിപ്പി ക്കാനുള്ളത്. ഈ തടാകം മാത്രമല്ല, കേരളത്തിലെ കുളങ്ങളും നദികളും തോടുകളും പുരാതനമായ കാവുകളുമെല്ലാം സംരക്ഷിക്കപ്പെടാനുള്ള പദ്ധതികളും പ്രവർത്തനങ്ങളും നമുക്കുണ്ടാകണം. ഞാൻ വളരെ അഭിമാനത്തോടുകൂടിയാണ് ഇന്ന് ഈ നിയമസഭയിൽ നിൽക്കുന്നത്. കാരണം, മൂന്നാം തീയതി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ, കേരളത്തിലെ 14 ജില്ലകളിൽ ഏറ്റവും കൂടുതൽ തുക ലഭിച്ചത് കൊല്ലം ജില്ലയ്ക്കാണ്. ആയിരത്തി അഞ്ഞൂറിലധികം കോടി രൂപയാണ് കൊല്ലം ജില്ലയുടെ വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ മാറ്റിവച്ചത്. ഞാൻ ഓരോന്നായി പേരെടുത്ത് പറയാൻ ആഗ്രഹിക്കുന്നില്ല. ഒരു വർഷത്തിനുള്ളിൽ അത്തരം പ്രവൃത്തികളെല്ലാം പൂർത്തീകരിക്കപ്പെടുമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുരോഗതി കൈവരിച്ചിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിച്ചപ്പോൾ ഒരു വർഷം 43 ദിവസമാണ് കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ നൽകിയിരുന്നതെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അത് 185 ദിവസങ്ങളായി മാറി. ഇനിയും തൊഴിൽ ദിനങ്ങൾ ഉയരാൻ പോകുകയാണ്. തോട്ടണ്ടി സംഭരണത്തിന് 30 കോടി രൂപ, ഫാക്ടറി നവീകരണത്തിന് 42 കോടി രൂപ, കശുമാവ് കൃഷിക്ക് ആറര കോടി രൂപ എന്നിങ്ങനെ കശുവണ്ടി മേഖലയ്ക്ക് 78 കോടി രൂപയാണ് ഇപ്പോൾ അനുവദിച്ചിരിക്കുന്നത്. എനിക്ക് സൂചിപ്പിക്കാനുള്ളത്, 140 കോടി രൂപ

വേണ്ടിടത്ത് 78 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വന്നിട്ടുള്ളൂ. പഴയകാല കശുവണ്ടി ഫാക്ടറികളിൽ 20 എണ്ണം ഗവൺമെന്റ് ഏറ്റെടുത്തിരുന്നു. ആ 20 ഫാക്ടറി ഉടമകൾക്ക് 69 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. 2011-2016 വർഷം വരെയുള്ള ഗ്രാറ്റുവിറ്റി കൊടുത്തുതീർക്കാൻ 56 കോടി രൂപ വേണം. ആ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. തോട്ടണ്ടി സംഭരണത്തിനും ഫാക്ടറി നവീകരണത്തിനും കശുമാവ് കൃഷിക്കും വേണ്ടിയാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. പി.എഫ്. കുടിശ്ശിക കൊടുത്തുതീർക്കാനായി ആറ് കോടി രൂപ വേണം. കശുമാവ് കൃഷി കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. നമ്മൾ അയൽ രാജ്യങ്ങളിൽനിന്നുമാണ് കശുവണ്ടി ഇറക്കുമതി ചെയ്യുന്നത്. കേരളത്തിൽ പല ജില്ലകളിലായി കശുമാവ് വച്ചുപിടിപ്പിച്ചാൽ അതിന്റെ ഫലം ലഭിക്കുന്നത് കേരളത്തിനല്ല. അത് മംഗലാപുരം വഴി അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്നതിന്റെ ഭാഗമായി കശുവണ്ടി ഉത്പാദനരംഗത്ത് കേരളത്തിന് സ്വയംപര്യാപ്തത നേടാൻ കഴിയുന്നില്ല. സ്വയംപര്യാപ്തത നേടണമെന്നുണ്ടെങ്കിൽ വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രിയിൽനിന്നും അമ്പതിനായിരം ഏക്കർ ഭൂമി കിട്ടേണ്ടതുണ്ട്. അതിനായി ഒരു റിപ്പോർട്ട് ഗവൺമെന്റിന് സബ്മിറ്റ് ചെയ്തിട്ടുണ്ട്. കേരളത്തിലെ കശുവണ്ടി മേഖലയെ സംരക്ഷിക്കാൻ ഒരു പാക്കേജുതന്നെ ഉണ്ടാകണം. എങ്കിൽമാത്രമേ കശുവണ്ടിത്തൊഴിലാളികൾക്ക് നല്ല നിലയിൽ ജോലി ലഭിക്കുകയുള്ളൂ. ഇപ്പോഴത്തെ ഫാക്ടറികളെല്ലാം വളരെ സുന്ദരമായ ഫാക്ടറികളാണ്. കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് കശുവണ്ടി തല്ലുന്നിടത്തും പരിസരത്തും ഫാനിട്ടുകൊടുത്തിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ കേരളത്തിലെ കശുവണ്ടി ഫാക്ടറികൾ കാലിത്തൊഴുത്തായിരുന്നുവെങ്കിൽ ഇപ്പോഴതെല്ലാം മാറി. മോഡണൈസേഷനിലൂടെ കേരളത്തിലെ വ്യവസായ മേഖലയെ മാറ്റിയെടുക്കാൻ കഴിഞ്ഞു. കേരളത്തിൽ ഒ.ഡി.എഫ്. പ്രഖ്യാപിച്ചു. ഇന്ത്യയിലാദ്യമായി ഒ.ഡി.എഫ്. പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണ്. മാർച്ച് 31-ാം തീയതി കേരളം സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് പോകുകയാണ്. പാശ്ചാത്യ നാടുകളുൾപ്പെടെ അന്യരാജ്യക്കാർ കേരളത്തെ കണ്ടുപഠിക്കാൻ പറയുകയാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴാണ് ഇത്തരം നല്ല വാക്കുകളും നല്ല ചിന്തകളും നല്ല രൂപപ്പെടുത്തലുകളും സമൂഹത്തിലുണ്ടാകുന്നത്. ശാസ്താംകോട്ട തടാകത്തെ സംരക്ഷിക്കാനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പൂർണ്ണമായും അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്. ഇടതുപക്ഷ സർക്കാരിന്റെ രണ്ടാമത്തെ ബഡ്ജറ്റും ഒന്നാമത്തെ സമ്പൂർണ്ണ ബഡ്ജറ്റുമാണ് കഴിഞ്ഞ വെള്ളിയാഴ്ച ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ചത്. ക്ഷേമ ബഡ്ജറ്റെന്ന് ഇവിടെ പലരും വിശേഷിപ്പിച്ചെങ്കിലും

യഥാർത്ഥത്തിൽ ഇതൊരു സ്വപ്നബഡ്ജറ്റാണ്. വികസന പദ്ധതികളിൽ പലതും വേണ്ടത്ര വിഭവ സമാഹരണത്തിന്റെ പിൻബലമില്ലാത്ത സ്വപ്നപദ്ധതികളാണ്. ഇത് യാഥാർത്ഥ്യമാകണമെങ്കിൽ കടമ്പകളേറെ കടക്കണം. വിഭവങ്ങളില്ലാതെ വിരുന്നൊരുക്കുന്ന മായാജാലമാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരണത്തിലൂടെ നടത്തിയിരിക്കുന്നത്. കാട്ടിലെ മരവും ഡാമിലെ മണലും വിഭവ സമാഹരണത്തിനുള്ള മാർഗ്ഗമായി കണ്ട ധനകാര്യ വകുപ്പുമന്ത്രിയുടെ തന്ത്രം നേരത്തേ പരാജയപ്പെട്ട കാര്യം നാം കണ്ടതാണ്. അതുപോലെത്തന്നെയാകുമോ കിഫ്ബിയും എന്ന ആശങ്ക ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. അതുസംഭവിച്ചാൽ ഈ സർക്കാരിന്റെ രണ്ട് ബഡ്ജറ്റുകളിലേയും മുഖ്യപ്രഖ്യാപനങ്ങൾ കടലാസ്സിൽ ഒതുങ്ങുകയും കിഫ്ബിപോലെ എന്നൊരു പരിഹാസ പ്രയോഗം ഉടലെടുക്കുകയും ചെയ്യും. സംസ്ഥാനം രൂക്ഷമായ ധനപ്രതിസന്ധിയിലാണെന്നും സർക്കാരിന്റെ മുഴുവൻ റവന്യൂ വരുമാനവും കടം വാങ്ങിയ മുഴുവൻ തുകയും ചെലവഴിച്ചാലും നിത്യനിദാന ചെലവുകൾക്കുപോലും പണം തികയാത്ത സാഹചര്യമാണ് സംസ്ഥാനത്തുള്ളതെന്നുമാണ് കഴിഞ്ഞ ബഡ്ജറ്റ് അവതരണവേളയിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നത്. എന്നാൽ നടപ്പുസാമ്പത്തിക വർഷം തീരാറായ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ അവസ്ഥയെന്താണ്? നേരത്തേ പറഞ്ഞ കാര്യങ്ങളിലൊക്കെ എന്ത് മാറ്റം വരുത്താൻ കഴിഞ്ഞുവെന്ന് പരിശോധിക്കേണ്ടതുണ്ട്.

ആദ്യമായി നികുതിയുടെ കാര്യമെടുക്കാം. നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞോ? വില്പന നികുതി, വാറ്റ് എന്നിവയിൽനിന്നാണ് സംസ്ഥാന നികുതിയുടെ 78 ശതമാനവും ലഭിക്കുന്നത്. ജി.എസ്.ടി. നടപ്പാക്കുന്ന സാഹചര്യത്തിൽ ഈ നികുതി പിരിവ് മെച്ചമാക്കാനോ വ്യാപാരികൾ നൽകുന്ന കണക്കുകൾ പരിശോധിക്കാനോ ചെക്ക് പോസ്റ്റുകളിലെ പരിശോധന മെച്ചപ്പെടുത്താനോ ഇ-ഗവേണൻസുവഴി ഭരണം കാര്യക്ഷമമാക്കാനോ കുടിശ്ശിക പിരിവ് കർശനമാക്കാനോ ഈ രംഗം അഴിമതി വിമുക്തമാക്കാനോ കാര്യമായ നടപടികളൊന്നും ഇതിനകം സ്വീകരിച്ചിട്ടില്ലെന്ന് കാണാം. വാഹന നികുതിയൊഴിച്ച് മറ്റ് നികുതി വരുമാനങ്ങളിലെ ഇടിവ് തുടരുകയാണ്. നികുതിയേതര വരുമാനത്തിന്റെ കാര്യത്തിലും നില മെച്ചപ്പെട്ടിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭവിഹിതം, വനം വകുപ്പിൽനിന്നുള്ള വരവ്, ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള ഫീസുകൾ, മറ്റ് ഫീസ് ഇനങ്ങൾ എന്നിവയുടെ കാര്യത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ല. സംസ്ഥാന ഭാഗ്യക്കുറി മാത്രമാണ് വരവിൽ വർദ്ധനവുണ്ടാക്കിയ ഇനമെന്ന് പറയാനുള്ളത്. ചുരുക്കത്തിൽ, നികുതി ഭരണം കാര്യക്ഷമമാക്കുന്നതിനോ അഴിമതിമുക്തമാക്കുന്നതിനോ നിരക്കുകളിൽ മാറ്റം വരുത്തുന്നതിനോ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനോ കഴിഞ്ഞ ബഡ്ജറ്റിനുശേഷം സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടില്ലെന്ന് നമുക്ക് കാണാൻ കഴിയും. എന്നാൽ കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ അനുസരിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട

കേന്ദ്ര നികുതി വിഹിതം, ഗ്രാന്റുകൾ, പ്ലാൻ ഗ്രാന്റ് തുടങ്ങിയവ ഈ കാലയളവിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പ്രതിസന്ധിയുടെ സാഹചര്യത്തിൽ കിഫ്ബി വഴി ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് കടപ്പത്രങ്ങൾ വഴിയും മറ്റും പണം സമാഹരിച്ച് വൻകിട പ്രോജക്ടുകൾ നടപ്പാക്കി സാമ്പത്തിക മാന്ദ്യം പരിഹരിക്കാനാണ് കഴിഞ്ഞ ബഡ്ജറ്റിൽ ലക്ഷ്യമിട്ടത്. 2500 കോടി രൂപയാണ് 33 പ്രോജക്ടുകളിലായി ചെലവഴിക്കാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ കിഫ്ബിയുടെ പ്രവർത്തനം കാര്യമായി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിനായില്ല. ഇതുവരെ കിഫ്ബിയിൽ 1024 കോടി രൂപ മാത്രമേ കടപ്പത്രങ്ങൾ വഴി സ്വരൂപിക്കാൻ കഴിഞ്ഞുള്ളൂ എന്നതാണ് യാഥാർത്ഥ്യം. ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിലെ ഏതാണ്ട് 90 ശതമാനം പ്രധാന വൻകിട പദ്ധതികൾ ഈ ബഡ്ജറ്റിലും ആവർത്തിച്ചിട്ടുണ്ട്. മുൻ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ നടപ്പായില്ല എന്നതിന് ഇതിനേക്കാൾ വലിയൊരുദാഹരണം വേറെയില്ല. എന്നാൽ ഇപ്പോഴത്തെ ബഡ്ജറ്റിലാകട്ടെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ഒരു നടപടിയും നിർദ്ദേശിച്ചിട്ടില്ല. നികുതിയേതര ഇനങ്ങളിലെ വരുമാനം വർദ്ധിപ്പിക്കാനോ പദ്ധതിയേതര ചെലവ് വെട്ടിക്കുറച്ച് ധനസ്ഥിതി മെച്ചപ്പെടുത്താനോ ബഡ്ജറ്റിൽ യാതൊരു നിർദ്ദേശവുമില്ല. ധനസ്ഥിതി മോശമാകാനുള്ള കാരണം നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക സ്തംഭനമാണെന്നുപറഞ്ഞ് സർക്കാർ തടിതപ്പുകയാണ്. ചരക്ക് സേവന നികുതി നടപ്പാകുമ്പോൾ ധനസ്ഥിതി മെച്ചപ്പെടുമെന്ന പ്രതീക്ഷയാണ് ഇപ്പോൾ സർക്കാരിനുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി യാഥാർത്ഥ്യ ബോധത്തോടെ അംഗീകരിക്കുമ്പോഴും നിസ്സഹായതയുടെ നിഴലിലാണ് ഈ ബഡ്ജറ്റിന്റെ പിറവി. കിട്ടാനോ കിട്ടാതിരിക്കാനോ സാധ്യതയുള്ള വരുമാനം മുന്നിൽക്കണ്ടുകൊണ്ട് അടിസ്ഥാന നവീകരണവും വിവിധ ക്ഷേമ നടപടികളും ലക്ഷ്യമിടുകയാണ് ചെയ്യുന്നത്. നടപ്പുരീതിയിലുള്ള പദ്ധതികൾപോലും കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാത്ത പൊതുഭരണ സംവിധാനമാണ് നമുക്കുള്ളത്. വാർഷിക പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ അല്പംപോലും പരിഹരിക്കാൻ ഇക്കാലമത്രയും നമുക്ക് കഴിഞ്ഞിട്ടില്ല. വ്യത്യസ്തമായ രീതിയിൽ ഭാവനാത്മകമായി നടപ്പാക്കേണ്ട പദ്ധതികളുമായി മുന്നോട്ടുപോകാൻ ഭരണ സംവിധാനം എത്രമാത്രം കാര്യക്ഷമമാകണമെന്ന കാര്യം പരിശോധിക്കേണ്ടതാണ്.

കിഫ്ബിയെ മാറ്റിനിർത്തിയാൽ ആകെയൊരു ഞെരുക്കമാണ്. അതായത് ബഡ്ജറ്റ്-കിഫ്ബി = സീറോ എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. 16,043 കോടി രൂപയുടെ റവന്യൂ കമ്മിയാണ് പ്രതീക്ഷിക്കുന്നത്. ധനകമ്മിയാകട്ടെ 25,756 കോടി രൂപ വരും. റവന്യൂ ചെലവുകൾ അടുത്ത വർഷം 1,00,000 കോടി രൂപ കടക്കുമെന്നാണ് സാമ്പത്തിക വിദഗ്ധരുടെ കണക്കുകൂട്ടൽ. 1,19,124 കോടി രൂപ വരവും 1,19,601 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി

അവതരിപ്പിച്ചത്. പത്ത് കോടി രൂപയുടെ വിവിധ ഇളവുകൾ ബഡ്ജറ്റിലുണ്ട്. ചരക്ക് സേവന നികുതി നടപ്പാക്കുന്നതിനാൽ പുതിയ നികുതി നിർദ്ദേശങ്ങൾ ബഡ്ജറ്റിലില്ല.

സാമൂഹിക പശ്ചാത്തല വികസനത്തിന് മുന്തിയ പരിഗണന ബഡ്ജറ്റിലുണ്ടെന്ന് പറയുമ്പോഴും ചില മേഖലകളെ പാടെ അവഗണിച്ചതായി കാണാൻ കഴിയും. ബഡ്ജറ്റിൽ അവഗണിക്കപ്പെട്ട മേഖലകളിലൊന്നാണ് ന്യൂനപക്ഷ വിഭാഗങ്ങൾ. അവർക്കായി പ്രത്യേക പദ്ധതികളോ വകയിരുത്തലുകളോ ബഡ്ജറ്റിലുണ്ടായിട്ടില്ല. ആയതിനാൽ ന്യൂനപക്ഷ ക്ഷേമപദ്ധതികൾക്ക് തുക വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രവാസി ക്ഷേമപെൻഷൻ 500 രൂപയിൽ നിന്നും 2000 രൂപയായി വർദ്ധിപ്പിച്ചത് ആശ്വാസകരമാണ്. മാസത്തിൽ 300 രൂപ വീതം 60 വയസ്സുവരെ വിഹിതമായി അടയ്ക്കുന്ന പ്രവാസിക്ക് ലഭിക്കുന്ന പെൻഷൻ 500 രൂപയാണ്. എന്നാൽ ഒരു വിഹിതവും നൽകാത്ത 60 വയസ്സ് തികഞ്ഞവർക്ക് 1000 രൂപ പെൻഷൻ നൽകുന്ന സംസ്ഥാനമാണ് നമ്മുടേത്. പ്രവാസി പെൻഷൻ ചുരുങ്ങിയത് 5000 രൂപയെങ്കിലുമായി ഉയർത്തണം. ഞാൻ അംഗമായ പ്രവാസിക്ഷേമം സംബന്ധിച്ച നിയമസഭാ കമ്മിറ്റി ഇക്കാര്യം സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തതാണ്. എന്റെ നിയോജക മണ്ഡലത്തിൽ 124 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അവസരം തന്നതിൽ ധനകാര്യ വകുപ്പുമന്ത്രിയോടുള്ള നന്ദി സൂചിപ്പിക്കുകയാണ്.

ബഡ്ജറ്റ് ചോർച്ചയെക്കുറിച്ച് ഞാനിവിടെ പറയുന്നില്ല. അതുസംബന്ധിച്ച് മുഖ്യമന്ത്രി മറുപടി പറഞ്ഞതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിനും മാണി സാറിനുമെതിരെ ബഡ്ജറ്റ് അവതരണവുമായി ബന്ധപ്പെട്ട് നടത്തിയ പൊല്ലാപ്പിനെ കുറിച്ച് നമുക്കറിയാം. അതിനുപകരമായി 'പൊട്ടനെ ചെട്ടി ചതിച്ചാൽ ചെട്ടിയെ ദൈവം ചതിക്കും' എന്നുള്ളതാണ് ഈ ബഡ്ജറ്റ് ചോർച്ചയുമായി ബന്ധപ്പെട്ടുണ്ടായ സംഭവം.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, കോലീബി സഖ്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ബി.ജെ.പി. സഖ്യത്തെക്കുറിച്ച് വാതോരാതെ ഭരണപക്ഷത്തെ ആളുകൾ പറയുന്നു. 1977-കളിൽ, എന്റെ വിദ്യാർത്ഥി കാലഘട്ടത്തിൽ കേട്ട ഒരു മുദ്രാവാക്യമുണ്ട്. കോൺഗ്രസ് വിരോധം പറഞ്ഞ് കോൺഗ്രസിനെ എതിർക്കാൻ ഏത് ചെകുത്താനുമായും കൂട്ടുകൂടുമെന്ന് പറഞ്ഞ ആളുകളോട്, 1977-ൽ വടക്കേ മലബാറിൽ ഞങ്ങൾ വിളിച്ച ഒരു മുദ്രാവാക്യമുണ്ട്.

"ജനതാ സർക്കസ് കൂടാരത്തിൽ

ആരാണവിടെ കാര്യസ്ഥന്മാർ

ജനസംഘക്കാർ, ബി.എൽ.ഡി.-ക്കാർ

വിഷം വമിക്കും ആർ.എസ്.എസ്സും;

അതിന് പിന്തുണ പ്രഖ്യാപിക്കാൻ

നാണമില്ലേ ഇടതന്മാരേ"

എന്ന് ഞങ്ങൾ മുദ്രാവാക്യം വിളിച്ചിട്ടുണ്ട്. ആ ബി.ജെ.പി.-യെ ഇന്ന് പനപോലെ വളർത്തിയത് ഇടതുപക്ഷവും സി.പി.ഐ.(എം)-ഉം ആണെന്നു പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, സംസ്ഥാന സർക്കാരിന്റെ 2017-18 സാമ്പത്തിക വർഷത്തെ പൊതുബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി തുല്യതയും പങ്കാളിത്തവും ഉറപ്പുവരുത്തുന്ന ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചിരിക്കുന്നത്. ലോക-പ്രശസ്ത ഗണിത ശാസ്ത്രജ്ഞനും നോബൽ സമ്മാന ജേതാവുമായിരുന്ന ജോൺ നാഷിനെ നമുക്കൊക്കെ അറിയാം. അദ്ദേഹത്തിന്റെ ജീവിത സ്പർശമുള്ള പ്രശസ്തമായ ഒരു ചലച്ചിത്രമാണ് 'The Beautiful Mind'. ഓസ്കാർ ഉൾപ്പെടെ ധാരാളം പുരസ്കാരങ്ങൾ വാരിക്കൂട്ടിയ ചലച്ചിത്രമാണത്. ജോൺ നാഷിനോടും അദ്ദേഹത്തിന്റെ ഭാര്യ അലീഷയോടും നമുക്കൊക്കെ വളരെ ബഹുമാനമുണ്ട്. പക്ഷേ ആ ചിത്രത്തിൽ ജോൺ നാഷിനോട് സാമ്യമുള്ള കഥാപാത്രത്തെ അവതരിപ്പിക്കുന്നത് റസ്സൽ ക്രോവാണ്. ചിത്രത്തിൽ നാഷിന്റെ ഡിസ്-ഓർഡർ അതിമനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്. സാങ്കല്പികമായി ഒരാളുണ്ടെന്ന് ചിന്തിച്ചുകൊണ്ട് സദാ കായികമായി അയാളോട് മല്ലടിക്കുന്ന കഥാപാത്രമാണ് റസ്സൽ ക്രോവിന്റേത്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് പ്രതിപക്ഷം നടത്തുന്ന കോലാഹലങ്ങൾ കാണുമ്പോൾ അതാണ് ഓർമ്മ വരുന്നത്. പുറമേ ജനങ്ങൾക്കുമുന്നിൽ വലിയ യുദ്ധം ചെയ്യുന്നുവെന്ന പ്രതീതി സൃഷ്ടിക്കുകയാണ്. ഈ ചിത്രത്തിൽനിന്നും വ്യത്യസ്തമായി, യാഥാർത്ഥ്യമെന്തെന്ന് പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് അടിസ്ഥാനസൗകര്യ വികസന മേഖലയിൽ അടുത്ത നാല് വർഷം കേരളത്തിലുണ്ടാകാൻ പോകുന്ന വിപ്ലവകരമായ മാറ്റങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് അതിന്റെ ഗുണഫലങ്ങൾ തങ്ങൾക്ക് ഏല്പിക്കുന്ന ആഘാതത്തിന്റെ ജാള്യതയിൽ നിന്നുള്ള കോലാഹലങ്ങളാണ് ഇവരുണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

2.00 P.M)

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ശ്രീ. പാറക്കൽ അബ്ദുല്ല പറഞ്ഞ ഉപമയിലെ 'പൊട്ടൻ' ആരാണെന്ന് അദ്ദേഹം വ്യക്തമാക്കിയാൽ കൊള്ളാം. എന്റെ കയ്യിലുള്ളത് 2012 മാർച്ച് 19-ാം തീയതിയിലെ മംഗളം ദിനപത്രമാണ് (ദിനപത്രം ഉയർത്തിക്കാട്ടുന്നു). എന്റെ കയ്യിൽ 2012 മാർച്ച് 19-ാം തീയതി ബഹുമാന്യനായ മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റുമുണ്ട്. ആദ്യം ഞാൻ ഈ പത്രത്തിലെ ചില വരികൾ വായിക്കാം. 'വിരമിക്കൽ ഏകീകരണം പിൻവലിച്ച് പെൻഷൻ പ്രായം 56 ആയി ഉയർത്താൻ ഇന്ന് അവതരിപ്പിക്കുന്ന സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശം'. വിരമിക്കൽ തീയതി ഏകീകരിച്ചതിലൂടെ മുൻസർക്കാർ ഫലത്തിൽ പെൻഷൻ പ്രായം 56 ആക്കി എന്നതാണ് പുതിയ തീരുമാനത്തിന് ന്യായമായി അന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി ബഡ്ജറ്റിൽ പറയുന്നത്. ബഡ്ജറ്റിൽ 23-ാമത്തെ പേജിൽ 'കേരളത്തിൽ നടപ്പിലാക്കിയ വിരമിക്കൽ തീയതി ഏകീകരിക്കൽ പദ്ധതിമൂലം പെൻഷൻ പ്രായം 56 ആയി ഉയർന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് ഭരണപരമായ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിട്ടുണ്ടെന്നുമാത്രമല്ല ഇത്തരമൊരു സംവിധാനം ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലൊന്നും നിലവിലില്ലാത്തതുമാണ്. മാർച്ച് 31-ന് വിരമിക്കൽമൂലമുണ്ടാകുന്ന മിക്കവാറും ഒഴിവുകളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഇതിനകം നിയമനങ്ങൾ നടന്നിട്ടുള്ളതിനാൽ വിരമിക്കൽ ഏകീകരണം പിൻവലിച്ചാലും അത് ഉദ്യോഗാർത്ഥികളുടെ അവസരങ്ങളെ കാര്യമായി ബാധിക്കുകയില്ല'. അടുത്ത ഒരു വരികൂടി ഞാൻ വായിക്കാം. 'എം.ജി. സർവ്വകലാശാലയ്ക്ക് കീഴിലുള്ള തലപ്പാടി സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയിൽ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രത്തിനും വൈറോളജി ഗവേഷണ കേന്ദ്രത്തിനുമായി ഒരു കോടി രൂപ അനുവദിക്കും'. പേജ്-73-ൽ 'എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള തലപ്പാടി സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രത്തിനും വൈറോളജി ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിനുമായി ഒരു കോടി രൂപ വകയിരുത്തുന്നു'. നിരവധി ഉദാഹരണങ്ങൾ ഈ പത്രത്തിലൂടെ എനിക്ക് പറയാൻ കഴിയും. പക്ഷെ, ഞാനതിലേയ്ക്ക് പോകുന്നില്ല. ഇതിനോടുള്ള പ്രതികരണം കൂടിയുണ്ട്. അന്നത്തെ പ്രതിപക്ഷ ഉപനേതാവായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള അംഗങ്ങൾ ഇക്കാര്യം ചൂണ്ടിക്കാട്ടിയപ്പോൾ 'അതിലൊന്നും ഒരു മണ്ണാങ്കട്ടയുമില്ല' എന്നുള്ളതായിരുന്നു അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രതികരണം. ഇതും പത്ര കട്ടിംഗാണ്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ കോന്നി മെമ്പർ പറഞ്ഞ കാര്യം, 9 മണിക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ മുതൽ ഇക്കാര്യങ്ങൾ എല്ലാ വിഷ്വൽ മീഡിയകളിലും എല്ലാ മാധ്യമങ്ങളിലും അവരുടെ ന്യൂസ് പോർട്ടലുകളിൽ

വന്നുതുടങ്ങുന്നതാണ്. 9 മണിക്ക് തുടങ്ങിയ ഒരു കാര്യം 9.30-ന് എം.ടി.-യെ ഉദ്ധരിച്ചുകൊണ്ട് പറയുന്നുവെന്ന് പറയുന്നതിൽ എന്ത് അത്ഭുതമാണുള്ളത്? ഇവർക്ക് ഈ ബഡ്ജറ്റിനെ സംബന്ധിച്ച് ഒന്നും പറയാനില്ല. അതുകൊണ്ടാണ് ഇവർ കിഫ്ബിയെ ഇടക്കാല ബഡ്ജറ്റിൽ എന്നതുപോലെ ഇത്തവണയും ആക്ഷേപിച്ചു കൊണ്ടിരിക്കുന്നത്. ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾക്ക് കിഫ്ബിയെ സംബന്ധിച്ച് ഇത്രയധികം ആക്ഷേപമുണ്ടെങ്കിൽ ധാർമ്മികമായി ഈ കിഫ്ബിയിലുള്ള പദ്ധതികൾ ഞങ്ങൾക്ക് വേണ്ടെന്ന് പറഞ്ഞുകൂടേ? പ്രധാനമായി രണ്ട് കാര്യങ്ങളാണ് ഇവർ പറയുന്നത്; എങ്ങനെ പണം കണ്ടെത്തും; എങ്ങനെ ഇത് തിരിച്ചടയ്ക്കും? നബാർഡ് 4,000 കോടി രൂപ ഇതിനോടകം നിക്ഷേപിച്ചിട്ടുണ്ട്. നാഷണലൈസ്ഡ് ബാങ്കുകൾ നിക്ഷേപിക്കുവാൻ സന്നദ്ധത അറിയിച്ചുകഴിഞ്ഞു. പ്രവാസികൾ നിക്ഷേപിക്കുവാൻ തയ്യാറായി വന്നുകഴിഞ്ഞു. എങ്ങനെ തിരിച്ചടയ്ക്കുമെന്നുള്ളതാണ് മറ്റൊരു ചോദ്യം. ജി.എസ്.ടി. വരുന്നതോടുകൂടി സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിക്കു മെന്നുള്ളതിൽ സംശയമില്ല. ഇന്ധന സെസ്സ്, മോട്ടോർ വാഹന നികുതിയിലുണ്ടാകുന്ന നിശ്ചിത ശതമാനം വരുമാനം ഇതൊക്കെ ഇതിനോടകം പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസന മേഖലയിൽ ഇത്രയധികം മാറ്റങ്ങളുണ്ടാകുമ്പോൾ - മികച്ച ഒന്നാന്തരം റോഡുകൾ വരുന്നു; ആരോഗ്യ മേഖലയിൽ മാറ്റങ്ങളുണ്ടാകുന്നു; ടൂറിസം മേഖലയിൽ മാറ്റങ്ങളുണ്ടാകുന്നു. അപ്പോൾ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിക്കില്ലേ? സംസ്ഥാനത്തിന് അനായാസമായി ഈ തിരിച്ചടവ് സാദ്ധ്യമാണെന്നുള്ള യാഥാർത്ഥ്യംകൂടി നാം മനസ്സിലാക്കണം. ഞാൻ ബഹുമാനിക്കുന്ന പറവൂർ മെമ്പർ, ശ്രീ. വി. ഡി. സതീശൻ ഇന്നലെ ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കിഫ്ബിക്ക് സോഷ്യലിസ്റ്റ് അടിത്തറയില്ലെന്നുള്ളതാണ് അദ്ദേഹം പറഞ്ഞത്. ഏതൊക്കെ പദ്ധതികൾക്കാണ് കിഫ്ബിയിലൂടെ പണം നീക്കിവച്ചിരിക്കുന്നതെന്നും ഇതിലുള്ള സാമ്പത്തിക യാഥാർത്ഥ്യവും പരിശോധിക്കേണ്ടതുണ്ട്.

റവന്യൂ കമ്മിയെക്കുറിച്ച് പറഞ്ഞു. 2010-11 കാലയളവിൽ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 1.36 ശതമാനമായിരുന്നു റവന്യൂ കമ്മി. അതിനുശേഷം 2011-16 കാലയളവിൽ റവന്യൂ കമ്മിക്ക് എന്തുസംഭവിച്ചു? കേന്ദ്രത്തിന്റെ ഗ്രാന്റ് ലഭിച്ചിട്ടും 2014-15 കാലയളവിൽ റവന്യൂ കമ്മി മുൻവർഷത്തെക്കാൾ 2.56-ൽ നിന്ന് 1.65-ലേയ്ക്ക് എത്തിക്കാനേ കഴിഞ്ഞുള്ളൂ. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ സാമ്പത്തികമായിട്ടുള്ള കെടുകാര്യസ്ഥത, അച്ചടക്കമില്ലായ്മ, അഴിമതി, നികുതി പിരിവിലെ ക്രമക്കേട് ഇതെല്ലാംകൊണ്ട് നമ്മുടെ സാമ്പത്തികഭദ്രത തകർന്നു; ഇതിന്റെ ഫലമായി റവന്യൂ കമ്മി പിടിച്ചുനിർത്താൻ കഴിഞ്ഞില്ല. ഇപ്പോൾ ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള ഉത്തരവാദിത്വം നാം ഏൽക്കുകയാണ്. വേണമെങ്കിൽ യു.ഡി.എഫ്. സർക്കാർ ചെയ്തതുപോലെ ഇത് മാറ്റിവയ്ക്കുന്നുവെന്ന്

പറയാം. പക്ഷെ അത് ചെയ്യുന്നില്ല, ഇപ്പോൾ തുക കൊടുത്തുതീർക്കുകയാണ്. അതായത്, റവന്യൂ കമ്മി കുറയാൻ പോകുന്നില്ല. റവന്യൂ കമ്മി കുറയാതിരിക്കുന്ന അടുത്ത മൂന്ന് വർഷങ്ങളിൽ കേരളത്തിൽ അടിസ്ഥാനസൗകര്യ വികസന മേഖലയിലുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ വേണ്ടെന്ന് നമുക്ക് നിശ്ചയിക്കാം. ഈ സ്തംഭനാവസ്ഥ ഒഴിവാക്കാൻവേണ്ടിയാണ് കിഫ്ബി പോലുള്ള ബദൽ മാർഗ്ഗങ്ങളിലേയ്ക്ക് പോയത്. ഞാൻ നേരത്തെ പറഞ്ഞ പോയിന്റിലേയ്ക്ക് വരികയാണ്. എന്താണ് ഇതിന്റെ സോഷ്യലിസ്റ്റ് അടിത്തറ? ഈ പ്രൊപ്പോസലിൽ ഏറ്റവും പ്രധാനപ്പെട്ടത്, തീരദേശ ഹൈവേയ്ക്ക് 6,500 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത് എന്നതാണ്. ഏറ്റവും പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി മേഖലയിലൂടെയാണ് തീരദേശ ഹൈവേ പോകുന്നത്. അത് സാമൂഹ്യനീതിയിൽ അധിഷ്ഠിതമാണോ? മലയോര ഹൈവേ, സാധാരണക്കാരായ കർഷകരുടെയും ആദിവാസികളുടെയും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെയും പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നത്; അവരാണ് അതിന്റെ ഗുണഭോക്താക്കൾ.

അടിസ്ഥാനസൗകര്യവികസനം കഴിഞ്ഞാൽ രണ്ടാമത്തെ പ്രധാനപ്പെട്ട മേഖലയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണം. ആരാണ് സർക്കാർ സ്കൂളുകളിൽ പഠിക്കുന്നത്; ഈ നാട്ടിലെ സമ്പന്നരുടെയും ബിസിനസ്സുകാരുടെയും മക്കളാണോ? സാധാരണക്കാരുടെ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെയൊക്കെ മക്കളാണ് അവിടെ പഠിക്കുന്നത്. സർക്കാർ സ്കൂളുകളിൽ കിഫ്ബി വഴി വൻനിക്ഷേപം വരുന്നു. അതിൽ സാമൂഹ്യനീതി ഉണ്ടോ ഇല്ലയോ? ആരോഗ്യ മേഖലയിൽ വലിയ നിക്ഷേപമുണ്ടാകാൻ പോകുകയാണ്. ആരാണ് ജില്ലാ ആശുപത്രികളെയും ജനറൽ ആശുപത്രികളെയും താലൂക്കാശുപത്രികളെയും പബ്ലിക് ഹെൽത്ത് സെന്ററുകളെയും ആശ്രയിക്കുന്നത്; സ്വകാര്യ ആശുപത്രികളിൽ സ്യൂട്ട് റൂം തേടിപ്പോകുന്നത് പാവപ്പെട്ടവരാണോ? കിടക്കയില്ലാതെ പായ് വിരിച്ച് താഴെ കിടക്കേണ്ടിവരുന്ന സാധാരണക്കാരുടെ ഗതികേട് മാറ്റിയെടുക്കുവാൻ വേണ്ടി ആരോഗ്യമേഖലയിൽ വലിയ രീതിയിലുള്ള നിക്ഷേപമുണ്ടാക്കുകയാണ്. അതുകൊണ്ട് നിശ്ചയമായും സാമൂഹ്യനീതിയിൽ അധിഷ്ഠിതമായിട്ടാണ് കിഫ്ബിയിലെ പ്രൊപ്പോസലുകളും പോകുന്നതെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

എനിക്കേറ്റവും കൗതുകം തോന്നിയ കാര്യം, ഈ സെഷൻ തുടങ്ങിയപ്പോൾ മുതൽ പ്രതിപക്ഷാംഗങ്ങൾ സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട ബാനറുകളുമായിട്ടാണ് വരുന്നത്. എന്താണ് സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് ഇവർക്ക് ഇത്ര ആശങ്ക എന്നെനിക്ക് മനസ്സിലാകുന്നില്ല; അവരുടെ സ്ത്രീസുരക്ഷ സംബന്ധിച്ച ആശങ്കയെ ഉൾക്കൊള്ളുന്നു. ഇവിടത്തെ പ്രതിപക്ഷ ബഞ്ചുകളിലെ യുവ എം.എൽ.എ.-മാരോട്

എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ബാനറുകളിൽ 'സ്ത്രീ സുരക്ഷ' എന്ന് എഴുതിയതുകൊണ്ടും 'സ്ത്രീ സുരക്ഷ' എന്ന് മുദ്രാവാക്യത്തിൽ പറഞ്ഞതുകൊണ്ടും നിങ്ങളുടെ പ്രതിബദ്ധത അവസാനിക്കരുത്. ഒരു യുവകലാകാരി കേരളത്തിൽ അപമാനിക്കപ്പെട്ടപ്പോൾ, ആക്രമിക്കപ്പെട്ടപ്പോൾ നമ്മൾ അഭിനന്ദിക്കേണ്ടത് അത് പുറത്തുപറയാൻ ധൈര്യം കാണിച്ച ആ യുവനടിയുടെ ധൈര്യത്തെയും തന്റേടത്തെയുമാണ്. ഇതിനുമുൻപ് ഇതിനുസമാനമായ പല കേസുകളുമുണ്ടായിട്ടുണ്ട്. അന്ന് ഇരകളായവർ റിപ്പോർട്ട് ചെയ്തിട്ടില്ല. പക്ഷെ, ഈ യുവനടി റിപ്പോർട്ട് ചെയ്യാൻ തയ്യാറായി. യുവനടിയാണെങ്കിലും പതിനാറുകാരിയെ പീഡിപ്പിച്ച കേസാണെങ്കിലും ഒരുപോലെ ഇടപെട്ട് സംസാരിക്കാൻ ജനപ്രതിനിധികൾക്ക് കഴിയണം. ആ രീതിയിലുള്ള ശക്തമായ നിലപാടാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്.

കഴിഞ്ഞ ദിവസം എന്റെ ഒരു പ്രസംഗം ക്വാട്ട് ചെയ്ത് ശ്രീ. ഷാഫി പറമ്പിൽ ചില കാര്യങ്ങൾ പറയുകയുണ്ടായി. ഞാൻ പറയുന്നു, വെളിമ്പ്രദേശങ്ങളിൽ പെൺമക്കളെ അയച്ച് പ്രാഥമികകൃത്യങ്ങൾ നിർവ്വഹിക്കേണ്ട സാഹചര്യം ഇപ്പോൾ കേരളത്തിലില്ല. എല്ലാ വീടുകളിലും ശുചിമുറികളുണ്ട്. മാർച്ച് 31-ഓടുകൂടി എല്ലാ വീടുകളിലും വൈദ്യുതിയെത്താൻ പോകുകയാണ്. ജിഷയുടെ വീടുപോലെ കെട്ടുറപ്പില്ലാത്ത വാതിലുകൾക്കുള്ളിൽ പെൺമക്കൾ ഉറങ്ങുമ്പോൾ മാതാപിതാക്കൾക്ക് ഭയപ്പാടോടുകൂടി ഇനി കാവലിരിക്കേണ്ടി വരില്ല. എല്ലാവർക്കും വീടുണ്ടാകാൻ പോകുകയാണ്. ഇതൊന്നും വെറുതെ പറയുന്നതല്ല. എന്റെ നിയോജകമണ്ഡലത്തിലെ മെഴുവേലി പഞ്ചായത്തിൽ പണിതീർക്കാത്ത എല്ലാ വീടുകളുടെയും കണക്കെടുത്തതിൽ 90 ശതമാനവും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളാണ്. ആ വീടുകളുടെയൊക്കെ ബാക്കി പണി സർക്കാർ ചെയ്തുകൊടുക്കാൻ പോകുകയാണ്. അത്തരത്തിലുള്ള വലിയ ഇടപെടൽ നടക്കുകയാണ്. ഞാനൊരു കാര്യം ചോദിക്കട്ടെ, സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യം ഭരണഘടന ഉറപ്പുനൽകുന്നുണ്ട്. ഞങ്ങൾ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർക്ക് അത് സാധ്യമാകാത്തൊരു സാഹചര്യമുണ്ട്. കാരണം, പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻപോലും പൊതുഇടങ്ങളിൽ സൗകര്യമില്ല. പക്ഷെ ഈ ബഡ്ജറ്റ് സ്ത്രീകളെ സംബന്ധിച്ച് സമ്പൂർണ്ണമായിട്ടുള്ളൊരു കാഴ്ചപ്പാടോടു കൂടിയാണ് മുന്നോട്ടുപോകുന്നത്. ശുചിമുറികൾ, റെസ്റ്റ് റൂമുകൾ, റിഫ്രഷ്മെന്റ് സെന്ററുകൾ ഉൾപ്പെടെയുള്ളവ പ്രധാന പ്രദേശങ്ങളിൽ വരികയാണ്.

മൂലൂർ എസ്. പത്മനാഭ പണിക്കർ പ്രജാസഭാംഗം ആയിരുന്നപ്പോൾ മുതൽ ഇലവുംതിട്ടയിൽ ഒരു പോലീസ് സ്റ്റേഷൻ വേണമെന്ന ആവശ്യം മുന്നോട്ടു വച്ചിരുന്നതാണ്. ഈ ആവശ്യം അംഗീകരിച്ച ബഹുമാന്യരായ മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും ഒരു നാടിനുവേണ്ടി നന്ദി അറിയിക്കുകയാണ്. പത്തനംതിട്ടയിൽ ഒരു താലൂക്ക് വേണമെന്ന ആവശ്യത്തിന്മേൽ തീരുമാനമുണ്ടാകണമെന്ന്

വിനീതമായി അഭ്യർത്ഥിക്കുന്നു. എന്റെ മുന്നിലെത്തിയ മറ്റൊരാവശ്യം, അലൂമിനിയം ഫാബ്രിക്കേഷൻ, കിച്ചൻ ക്യാബിൻ, എയർ കണ്ടീഷണർ പ്ലാന്റ് നിർമ്മാണം എന്നിവയുടെ കരാർ പണികൾക്ക് പ്രഖ്യാപിച്ചിരിക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിച്ച നിബന്ധനകളിൽ ഇളവുണ്ടാകണമെന്നുള്ളതാണ്. അവർ പറയുന്ന ന്യായീകരണം, രണ്ടുശതമാനം പേർ മാത്രമേ VAT പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളുവെന്നും ബാക്കി 98 ശതമാനം പേർ പുറത്തുനിൽക്കുകയാണെന്നുമാണ്. ഇക്കാര്യം പരിഗണിച്ചാൽ അത്തരം ആളുകൾ രക്ഷപ്പെടുന്ന സാഹചര്യം കൂടിയുണ്ടാകും.

എം. ടി. എന്ന രണ്ടക്ഷരത്തിന് മലയാളസാഹിത്യത്തിൽ സമാനതകളില്ല. രാജ്യം പത്മഭൂഷൻ നൽകി ആദരിച്ച, സാഹിത്യലോകം ജ്ഞാനപീഠ പുരസ്കാരം നൽകി ആദരിച്ച ശ്രീ. എം. ടി. വാസുദേവൻ നായരെ നിശബ്ദമാക്കുവാൻ വർഗ്ഗീയ-ഫാസിസ്റ്റ് ശക്തികൾ ശ്രമിച്ചാൽ ആയിരം പേർ, പതിനായിരം പേർ, ലക്ഷക്കണക്കിനാളുകൾ അദ്ദേഹത്തിനുവേണ്ടി സംസാരിക്കുമെന്നും അദ്ദേഹം അനശ്വരമാക്കിയ കൃതികളിലൂടെയും കഥാപാത്രങ്ങളിലൂടെയും അദ്ദേഹം എന്നും ജീവിക്കുകയും സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്ന സന്ദേശമാണ്, ആ സാംസ്കാരിക പ്രതിരോധമാണ് ഈ ബഡ്ജറ്റിലൂടെ ഡോ. ടി. എം. തോമസ് ഐസക് നൽകിയത്. പക്ഷെ അതിനെ നിസ്സാരവൽക്കരിച്ചുകൊണ്ട് എം.ഡി., എംപ്റ്റി എന്നൊക്കെ പറഞ്ഞ് നിസ്സാരമായ, ലളിതമായ പ്രയോഗങ്ങൾ നിയമസഭയിൽ ഉണ്ടാകരുതേയെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. വി. അൻവർ</u>: സർ, 2017-2018 സാമ്പത്തിക വർഷത്തേയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ജനകീയ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ കാഴ്ചപ്പാടിനനുസരിച്ച് ആ ബഡ്ജറ്റിന് മുന്നോട്ടുപോകാൻ കഴിയട്ടെയെന്ന് ആത്മാർത്ഥമായി ഞാൻ പ്രാർത്ഥിക്കുന്നു. ഈ ബഡ്ജറ്റിലൂടെ സംസ്ഥാനത്ത് വരാനിരിക്കുന്ന വലിയൊരു മാറ്റവും ആ മാറ്റത്തിലൂടെ സാധാരണ ജനങ്ങൾക്കുണ്ടാകുന്ന വലിയൊരു മുന്നേറ്റവുമാണ് നമ്മൾ ദർശിക്കാൻ പോകുന്നത്. വിദ്യാഭ്യാസ മേഖലയ്ക്കാണ് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത്. ഇന്ത്യയിൽ വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്ന സംസ്ഥാനമായ കേരളത്തിൽ കഴിഞ്ഞ കുറെ കാലങ്ങളായി, യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്ന കാലത്ത് പൊതു വിദ്യാഭ്യാസ മേഖലയിലുണ്ടായ തകർച്ച നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. പൊതുവിദ്യാഭ്യാസ മേഖലയെ പാടെ തിരസ്കരിച്ചുകൊണ്ട് മലാപറമ്പ് ഗവൺമെന്റ് ഹൈസ്കൂൾ അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂട്ടാൻ മുൻകയ്യെടുത്ത ഒരു സർക്കാരായിരുന്നു കേരളം ഭരിച്ചിരുന്നത്. ഇന്ന് ആ സ്ഥിതിയാകെ മാറി. സാധാരണക്കാരും പാവങ്ങളും കൃഷിക്കാരുടെ മക്കളും സമൂഹത്തിൽ ഏറ്റവും താഴേക്കിടയിലുള്ള അധ:സ്ഥിതരായിട്ടുള്ള

എസ്.സി./എസ്.ടി. വിഭാഗങ്ങളുൾപ്പെടെയുള്ളവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് ഈ സർക്കാർ പ്രാമുഖ്യം നൽകിയിരിക്കുന്നത്. അതിലേയ്ക്ക് ഏകദേശം 1,500 കോടി രൂപയാണ് ഈ വർഷം മാറ്റിവച്ചിരിക്കുന്നത്. 1,000 കോടി രൂപ സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കുന്നതിനാണ് വകയിരുത്തുന്നത്. 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കാനുള്ള നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ആയിരത്തിൽപ്പരം വിദ്യാർത്ഥികൾ പഠിക്കുന്ന സർക്കാർ സ്കൂളുകൾക്ക് മൂന്നുകോടിയോളം രൂപ അതിന്റെ മുന്നോട്ടുള്ള പ്രയാണത്തിനായി നീക്കിവച്ചിരിക്കുകയാണ്. കേരളത്തിൽ സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഭാവിയിൽ ഉന്നതരോടൊപ്പം എത്തിച്ചേരാനുള്ള വഴി തുറക്കുക എന്ന സാമൂഹിക പ്രതിബദ്ധത ഈ വിദ്യാഭ്യാസ നയത്തിലൂടെ നമ്മൾ കാണുകയാണ്.

വിദ്യാഭ്യാസ മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്നത് ആരോഗ്യരംഗത്താണ്. ഇതിനുമുൻപുണ്ടായിരുന്ന സർക്കാർ ആരോഗ്യ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ നമുക്കറിയാം. ഹെൽത്ത് സെന്ററുകളുടെ ബോർഡ് മാറ്റി താലൂക്കാശുപത്രിയും താലൂക്കാശുപത്രികളുടെ ബോർഡ് മാറ്റി ജില്ലാ ആശുപത്രിയും ജില്ലാ ആശുപത്രികളുടെ ബോർഡ് മാറ്റി മെഡിക്കൽ കോളേജുകളുമാക്കുകയാണ് ചെയ്തത്. ആ ആശുപത്രികളിലെ അവസ്ഥ നമുക്കെല്ലാവർക്കും നേരിട്ടറിയാവുന്നതാണ്. ഈ ഗവൺമെന്റ് ഏകദേശം 12,500 കോടി രൂപയാണ് ആരോഗ്യരംഗത്ത് ചെലവഴിക്കാൻ നിശ്ചയിച്ചിട്ടുള്ളത്. പണം ചെലവഴിക്കുന്നതോടുകൂടി ഈ മേഖലയിലുണ്ടാകുന്ന മാറ്റം നമുക്ക് ഊഹിക്കാവുന്നതാണ്. സാധാരണക്കാരായ ആളുകൾക്കുപോലും ചികിൽസ കിട്ടാത്ത ആശുപത്രികളായി നമ്മുടെ സർക്കാർ ആശുപത്രികൾ മാറിയിരുന്നു. ഇന്ന് അതിന് മാറ്റം വരാൻ പോകുകയാണ്. ഏറ്റവും കൂടുതൽ അവയവദാനം നടത്തുന്നത് കിഡ്നി രോഗികൾക്കാണ്. ആയിരക്കണക്കിന് രോഗികളാണ് നമ്മുടെ നാട്ടിലുള്ളത്. കിഡ്നി മാറ്റിക്കഴിഞ്ഞാൽ പിന്നീട് അവരുടെ ചികിത്സ വളരെ ചെലവേറിയതും ഒരു നിലയിലും അവർക്ക് മുന്നോട്ടുപോകാൻ കഴിയാത്തതുമാണ്. അക്കാര്യങ്ങൾ പ്രത്യേകം മനസ്സിലാക്കിയ സർക്കാർ വിലയുടെ 10 ശതമാനം മാത്രം ഈടാക്കി ആ മരുന്ന് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിലെ ലക്ഷക്കണക്കിനാളുകൾ ഷുഗറും പ്രഷറും ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് അടിമകളാണ്. അതിനുള്ള മരുന്ന് ദിവസവും വാങ്ങിയില്ലെങ്കിൽ മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും മുന്നാക്കം നിൽക്കുന്നവരും ആ രോഗങ്ങളിൽനിന്നും വ്യത്യസ്തരല്ല. അത്തരം പാവപ്പെട്ട രോഗികൾക്ക് മരുന്നെത്തിച്ചുകൊടുക്കാൻ തീരുമാനിച്ചതുവഴി ആരോഗ്യരംഗത്ത് വലിയ മാറ്റമാണ് വരാൻ പോകുന്നത്. അതുപോലെ എല്ലാ ഹെൽത്ത് സെന്ററുകളിലും ഏകദേശം 1500-ഓളം പോസ്റ്റുകളാണ് ക്രിയേറ്റ് ചെയ്യാൻ

പോകുന്നത്. ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും അപര്യാപ്തത പരിഹരിക്കാൻ അതീവ ശ്രദ്ധയോടെയുള്ള നീക്കം നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് ഏറ്റവും വലിയ ആശ്വാസമായിരിക്കും. കാർഷിക മേഖലയിലായാലും വ്യാവസായിക മേഖലയിലായാലും ഇത്തരത്തിലുള്ള ഒട്ടനവധി പദ്ധതികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ഏറ്റവും വലിയ രാഷ്ട്രീയപ്രശ്നമെന്ന നിലയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫയലുകളൊന്നും നീങ്ങുന്നില്ല, യാതൊരു കാര്യങ്ങളും നടക്കുന്നില്ലെന്ന രീതിയിൽ ശ്രീ. വി.ഡി. സതീശൻ കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ വളരെ വിശാലമായി പ്രസംഗിക്കുകയുണ്ടായി. കഴിഞ്ഞ 5 വർഷം ഭരണം നടത്തിയ മന്ത്രിസഭ 'അതിവേഗം ബഹുദൂരം' എന്നൊരു പദ്ധതിയും ആ പദ്ധതിയുടെ ഭാഗമായി ഈ നാട്ടിലുണ്ടായ ഒട്ടനവധി പ്രയാസങ്ങളും നമ്മളെല്ലാവരും കണ്ടതാണ്. അതായിരുന്നു എം. എൽ.എ. എന്ന നിലയ്ക്ക് ഞാൻ നിയമസഭയിൽ വരുമ്പോൾ ആദ്യമായി ഫേസ് ചെയ്യേണ്ടി വന്നത്. അതിവേഗം ബഹുദൂരം പദ്ധതിയിൽ ഒട്ടനവധി അപേക്ഷകൾ നൽകിയവർക്ക് മറുപടിക്കുറിപ്പ് കിട്ടിയിട്ടുണ്ട്. അതുമായി എം.എൽ.എ.-മാരുടെ ഓഫീസുകളിൽ ആയിരക്കണക്കിനാളുകളാണ് കയറിയിറങ്ങുന്നത്. തിരുവനന്തപുരത്തു വന്ന് പരിശോധിച്ചാൽ ഇതിന് യാതൊരു രേഖകളുമില്ല. അന്ന് വളരെ വേഗത്തിലാണ് ഫയലുകൾ ഒപ്പിട്ടുകൊടുത്തിരുന്നത്. ഓഫീസിലിരുന്ന് ഒപ്പിടാൻ സമയമില്ലാതെ മുഖ്യമന്ത്രി വഴിയിലേയ്ക്കിറങ്ങിയാണ് ഫയലുകൾ മുഴുവനും ഒപ്പിട്ടത്. കേരളത്തിലുടനീളം യാത്രചെയ്ത് ഫയൽ ഒപ്പിടുകയായിരുന്നു. പക്ഷെ അതിന്റെ റിസൾട്ടെന്താണെന്ന് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുമറിയാം. ഒരു മാനദണ്ഡവുമില്ലാതെ ഇവിടെ നടത്തിയ അത്തരം നീക്കങ്ങൾ കാരണം ഇപ്പോൾ എം.എൽ.എ.-മാരും മന്ത്രിമാരുമൊക്കെ പ്രയാസത്തിലാണ്. കിട്ടുന്ന ഫയലുകൾ പരിശോധിച്ചാൽ അതിന് വാലും തലയുമില്ലാത്ത അവസ്ഥയാണ്. കേരളത്തിന്റെ ഇപ്പോഴത്തെ മുഖ്യമന്ത്രിയും ഇത്തരത്തിൽ ഫയൽ നോക്കണമെന്നാണ് ശ്രീ. വി. ഡി. സതീശൻ ഉദ്ദേശിക്കുന്നതെങ്കിൽ അക്കാര്യത്തിൽ പരിമിതികൾ വളരെ കൂടുതലാണ്. പിന്നീടദ്ദേഹം ഇന്നത്തെ മുഖ്യമന്ത്രിക്ക് ഇരട്ടച്ചങ്കല്ല, ഒരു ചങ്കുമില്ലെന്നും തീരുമാനമെടുക്കാൻ കഴിയില്ലെന്നുമുള്ള രീതിയിലാണ് സംസാരിച്ചത്. എനിക്കദ്ദേഹത്തോട് പറയാനുള്ളത്, മംഗലാപുരം യാത്രയുമായി ബന്ധപ്പെട്ട് ആർ.എസ്.എസ്. ഉയർത്തിയ വെല്ലുവിളിക്കുമുന്നിൽ, മംഗലാപുരത്ത് നടന്ന പരിപാടിയിൽ പങ്കെടുക്കാൻ പോയ മുഖ്യമന്ത്രിക്ക് ഒരു ചങ്കല്ല, രണ്ട് ചങ്കല്ല, അദ്ദേഹം ചങ്കുകൾ കൊണ്ട് സൃഷ്ടിക്കപ്പെട്ടതാണെന്ന് പറഞ്ഞത് അങ്ങയുടെ നേതാവ്, കർണ്ണാടക മന്ത്രി ശ്രീ. യു. ടി. ഖാദറാണ്. ഇന്ന് ആർ.എസ്.എസ്.-നെക്കുറിച്ച്, ബി.ജെ.പി.-യെക്കുറിച്ച് ഇവിടെ ഒരുപാട് ചർച്ചകൾ നടന്നു. ആർക്കാണ് ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം ആയി ഈ സഭയിൽ

ബന്ധമുള്ളത്; എങ്ങനെയാണ് ശ്രീ. ഒ. രാജഗോപാൽ ഈ നിയമസഭയിൽ കടന്നുവന്നത്; ശ്രീ. ഒ.രാജഗോപാൽ മത്സരിച്ച മണ്ഡലത്തിൽ യു.ഡി.എഫ്.-നുണ്ടായിരുന്ന നാൽപ്പതിനായിരത്തോളം വോട്ട് എങ്ങോട്ടുപോയി? കേരളത്തിലങ്ങോളമിങ്ങോളം ബി.ജെ.പി.-യും ആർ.എസ്.എസ്.-മായി ധാരണയുണ്ടാക്കി ഒരേ അവസരത്തിൽ മുന്നോട്ടുപോകുന്നത് യു.ഡി.എഫ്. ആണെന്ന് ഇന്ന് വളരെ കൃത്യമായി ജനങ്ങൾക്കറിയാവുന്ന കാര്യമാണ്. ദിവസങ്ങൾക്കുമുമ്പ് അരിയില്ല, പണമില്ല, പണിയില്ല എന്നുപറഞ്ഞ് ഇവിടെ ഒരു ജാഥ നടത്തി. ആരാണ് നിങ്ങളുടെ പണിയും പണവും ഇല്ലാതാക്കിയത്? നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രശ്നങ്ങൾ നാട്ടിൽ നടക്കുകയാണ്. നോട്ട് നിരോധനം കൊണ്ടുവന്ന ബി.ജെ.പി.-ക്കെതിരെ സമരം ചെയ്യേണ്ട യു.ഡി.എഫ്. ആർക്കെതിരെയാണ് സമരം ചെയ്യുന്നത്; അതുകൊണ്ടുതന്നെയാണ് ശ്രീ. എം. എം. ഹസ്സനും ഡോ. എം. കെ. മുനീറുമടക്കമുള്ളവർ കേരളത്തിലങ്ങോളമിങ്ങോളം നടത്തിയ ആ സമരത്തിന് ഒരു ജനകീയ പിന്തുണയും ലഭിക്കാത്തത്. ഒരാളും തിരിഞ്ഞുനോക്കാതെ കേരളത്തിന്റെ വഴിയരികിലൂടെ നടന്നുപോകേണ്ടിവന്നുവെന്ന ദുഃഖസത്യം ഇനിയെങ്കിലും യു.ഡി.എഫ്. മനസ്സിലാക്കണ്ടേ?

അരി വിലയുമായി ബന്ധപ്പെട്ട് സഭയിൽ ചിലരൊക്കെ സംസാരിക്കുന്നത് കേട്ടു. ഞങ്ങൾ ഭരിച്ചിരുന്ന കാലത്ത് അഡീഷണൽ ക്വാട്ട കിട്ടിയിരുന്നുവെന്നും എന്തുകൊണ്ട് നിങ്ങളുടെ കാലത്ത് കിട്ടുന്നില്ലെന്നുമാണ് ചോദിക്കുന്നത്. അതുതന്നെയാണ് പ്രശ്നം. ഇടതുപക്ഷം ഭരിക്കുന്ന സംസ്ഥാനത്ത് അരി കിട്ടില്ല. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. അരി കൊടുക്കുകയില്ല. യു.ഡി.എഫ്.-ഉം ബി.ജെ.പി.-യുമായുള്ള ബന്ധത്തിന്റെ ഏറ്റവും വലിയ തെളിവായി ഇതിനെ ചൂണ്ടിക്കാണിക്കാം. കേരളത്തിലേയ്ക്കുള്ള മുഴുവൻ പദ്ധതി വിഹിതവും കേന്ദ്രം വെട്ടിക്കുറയ്ക്കുകയാണ്. ഈ പ്രശ്നത്തിൽ ഇടതുപക്ഷത്തോടൊപ്പം നിൽക്കേണ്ട കോൺഗ്രസ്സിന് ഈ രാജ്യത്തോട് ബാദ്ധ്യതയില്ലേ? മൂന്നരക്കോടി ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നമാണ് അരി വില വർദ്ധനവ്. യു.ഡി.എഫ്. രാഷ്ട്രീയം കാണുന്നതും രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ശ്രമിച്ചു കൊണ്ടിരിക്കുന്നതും അതിലൂടെയാണ്. എന്നാൽ കേരളത്തിലെ ജനങ്ങൾക്ക് അതെല്ലാം തിരിച്ചറിയാൻ കഴിവുണ്ട്. അതുകൊണ്ടാണ് അവരിവിടെ നടത്തുന്ന ഓരോ സമരവും പരാജയപ്പെടുന്നത്. ഒരു സമരത്തിലും അവർക്ക് മുന്നേറാൻ സാധിച്ചിട്ടില്ല. കേരളത്തിലങ്ങോളമിങ്ങോളം അവർ നടത്തുന്ന നുണപ്രചരണങ്ങൾ പരിപൂർണ്ണമായി പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവസാനമായി, ഇവിടെ ബഡ്ജറ്റ് ചോർത്തിയെന്നാണ് പറയുന്നത്. ആരാണ് ബഡ്ജറ്റ് ചോർത്തിയത്? ബഡ്ജറ്റ് ചോർത്തിയിട്ടുണ്ടെങ്കിൽ ആർക്കുവേണ്ടിയാണ് ചോർത്തിയത്? ആരാണ് ഇതിനു പിന്നിൽ ഗൂഢാലോചന നടത്തിയത്? കേരളത്തിലെ മൂന്നരക്കോടി ജനങ്ങളെ

ബാധിക്കുന്ന ഒരു ബഡ്ജറ്റ് ചോർത്തിയാൽ പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിന് പകരം ആ ബഡ്ജറ്റ് ചോർച്ച ആഘോഷിക്കുകയാണ് ചെയ്യുന്നത്. ഇത് കേരളത്തിലെ ജനം തിരിച്ചറിയുന്നുണ്ട്. ഇത് മുല്ലപ്പെരിയാർ ഡാമിൽനിന്നും ചോർന്നതല്ല. അത് ചോർത്തിയതാണ്. അതിനുപിന്നിൽ ഗൂഢാലോചനയുണ്ടാകും. ആ ഗൂഢാലോചനയിൽ പങ്കാളികളായി ആരെങ്കിലുമുണ്ടെങ്കിൽ അന്വേഷണം നടത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്. സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തിക്കൊണ്ട് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ പരിപൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വരച്ചുകാണിക്കേണ്ട, വരും വർഷങ്ങളിൽ നടക്കുന്ന വികസനത്തിന് അടിസ്ഥാനമാകേണ്ട ഒരു ബഡ്ജറ്റ് യാഥാർത്ഥ്യ ബോധമില്ലാതെ പോയി എന്നുള്ള ശക്തമായ വിമർശനം ഇവിടെ നിലനിൽക്കുകയാണ്. എല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ കിഫ്ബിയിൽ ശരണംപ്രാപിച്ച ഒരു ബഡ്ജറ്റായിപ്പോയി ഇത്. മറ്റ് ധനസമാഹരണ മാർഗ്ഗങ്ങൾ അന്വേഷിക്കാതെ എല്ലാം കിഫ്ബിയിലേയ്ക്ക് വന്നുവെന്നത് ഈ ബഡ്ജറ്റിന്റെ ന്യൂനതയാണ്. അതിന് എട്ടുമാസത്തെ കിഫ്ബിയുടെ അനുഭവം നമ്മുടെ മുന്നിലുണ്ട്. കഴിഞ്ഞ ഇടക്കാല ബഡ്ജറ്റിൽ പറഞ്ഞത് 20,000 കോടി രൂപ കിഫ്ബിയിലേയ്ക്ക് വരുമെന്നാണ്. എന്നാൽ ആയിരത്തിൽപ്പരം കോടി രൂപ മാത്രമാണ് വന്നിട്ടുള്ളത്. അതുതന്നെ നബാർഡിന്റെയും മറ്റും പണമാണ്. ഇനിയുള്ള മാസങ്ങളിൽ കോടിക്കണക്കിന് രൂപ കിഫ്ബിയിൽ ഒഴുകിയെത്തുമെന്ന് പറയുന്നത് എത്ര നിരർത്ഥകമാണ്. മറ്റൊരു ആശയപരമായ ചോദ്യം എനിക്ക് ചോദിക്കാനുള്ളത്, കിഫ്ബിയാണോ ഇടതുപക്ഷ ബദൽ? ഇന്ത്യയിൽ ഇടതുപക്ഷത്തിന് ബദലായ ഒരു ബഡ്ജറ്റ് ചൂണ്ടിക്കാണിക്കാനുള്ളത് കേരളത്തിലാണ്, ബംഗാളിലും മറ്റെവിടെയുമില്ല. ആ ഇടതുപക്ഷ ബദൽ കിഫ്ബി ബഡ്ജറ്റാണെന്നുപറയാൻ യഥാർത്ഥ ഇടതുപക്ഷവാദികൾ തയ്യാറാകുമെന്ന് എനിക്ക് തോന്നുന്നില്ല. നമ്മുടെ ബഡ്ജറ്റിൽ റവന്യൂ കമ്മി കൂടിവരികയാണ്. ഇവിടെയും അതുതന്നെയാണ് ചെയ്യുന്നത്. കിഫ്ബിയിലൂടെ കടമെടുക്കുന്ന പണം മൂലധനച്ചെലവുകൾ മാത്രമല്ല റവന്യൂ ചെലവുകൾക്കും വിനിയോഗിക്കുന്നതുകൊണ്ട് റവന്യൂ കമ്മി കൂടുകയാണ്. ഭാവിയിൽ ധനകാര്യ വകുപ്പുമന്ത്രി ഇതിന്റെ പേരിൽ പഴി കേൾക്കേണ്ടിവരുമെന്ന കാര്യം ഒരു നിരീക്ഷണ ത്തോടുകൂടി പറയുകയാണ്. മുമ്പ് ഡാമിൽ അടിഞ്ഞുകൂടുന്ന മണലെടുത്ത് വിറ്റ് നിങ്ങൾ വികസനമുണ്ടാക്കും, ഇസ്ലാമിക് ബാങ്കുണ്ടാക്കി വികസനമുണ്ടാക്കും എന്നൊക്കെ പറഞ്ഞു. അതൊന്നുമുണ്ടായില്ല. അതിന്റെ മൂന്നാം പട്ടികയായി കിഫ്ബി മാറുകയാണ്.

ഇവിടെ ശ്രീമതി വീണാ ജോർജ്ജ് പ്രസംഗിച്ചപ്പോൾ ജോൺ നാഷിന്റെ ഒരു ഇംഗ്ലീഷ് സിനിമയെക്കുറിച്ചുപറഞ്ഞു. എനിക്ക് ഇംഗ്ലീഷ് സിനിമയെക്കുറിച്ച് വലിയ അറിവില്ല. എന്നാൽ നമ്മളെല്ലാം കണ്ടിട്ടുള്ള സത്യൻ അന്തിക്കാടിന്റെ "നാടോടിക്കാറ്റ്" എന്ന സിനിമയിലെ ഒരു രംഗമാണ് എനിക്ക് ഈ ബഡ്ജറ്റ് കണ്ടപ്പോൾ ഓർമ്മ വരുന്നത്. അതിലെ രണ്ട് കഥാപാത്രങ്ങളാണ് ദാസനും വിജയനും. മോഹൻലാലും ശ്രീനിവാസനും അഭിനയിച്ച, നമ്മുടെ മനസ്സുകളിൽ എന്നും നിറഞ്ഞുനിൽക്കുന്ന ഒരു രംഗമുണ്ട്. ജോലിയൊന്നുമില്ലാതെ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന രണ്ട് ചെറുപ്പക്കാർക്ക് പശുവിനെ വാങ്ങി ജീവിതം മെച്ചപ്പെടുത്താമെന്ന് ഒരു ഉപദേശം കിട്ടുകയും അതിനായി ബാങ്കിൽനിന്നും ലോണെടുത്ത് രണ്ട് പശുക്കളെ വാങ്ങുകയും ചെയ്യുന്നതാണ്. ഇതിൽ ദാസൻ വിജയനോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, 'ഈ ബുദ്ധിയെന്താടോ നമുക്ക് നേരത്തെ തോന്നാതിരുന്നതെന്ന്'. അതിന് "എല്ലാത്തിനും അതിന്റേതായ ഒരു സമയമുണ്ട് ദാസാ" എന്ന് വിജയൻ മറുപടി പറയുന്നുണ്ട്. അതുകഴിഞ്ഞ് പിന്നെയും അവർ സംസാരിക്കുകയാണ് - ഒരു പശുവിൽ നിന്നും 25 ലിറ്റർ പാൽ കിട്ടും. അപ്പോൾ രണ്ടു പശുക്കൾക്കളിൽ നിന്നും 50 ലിറ്റർ പാൽ കിട്ടും. അതുകൊണ്ട് വീടും കാറും ഷോപ്പിംഗ് കോംപ്ലക്സുമൊക്കെ വാങ്ങാമെന്ന്. അതിനിടെ അതിലൊരു പശു കരയുമ്പോൾ "ഐശ്വര്യത്തിന്റെ സൈറനാണ് ആ മുഴങ്ങുന്നത്" എന്ന ശ്രീനിവാസന്റെ ഒരു ഡയലോഗുണ്ട്. അതുപോലെയാണ് ഇവിടെ കിഫ്ബി പ്രഖ്യാപനം കേൾക്കുമ്പോൾ കയ്യടിക്കുന്നത്. അവർ പറയുന്നത്, ഇത് ഐശ്വര്യത്തിന്റെ സൈറനാണെന്നാണ്. ആ സിനിമയിൽത്തന്നെ തൊട്ടടുത്ത ദിവസം കറവക്കാരൻ വന്ന് കറന്നിട്ട് രണ്ട് ലിറ്റർ പാലിൽ കൂടുതൽ കിട്ടുന്നില്ല.

<u>മി. സ്പീക്കർ</u>: അങ്ങ് അണുവിട വ്യത്യാസമില്ലാതെ ആ സിനിമ ഓർമ്മിച്ചിരിക്കുന്നുണ്ടല്ലോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ആ സിനിമ ഞാൻ ഇന്നലെ നെറ്റിൽ ഒന്നുകൂടി കണ്ടു. അവസാനം ഈ പശുവിനെ ഒഴിവാക്കാനുള്ള ശ്രമമായി. ലോണും ബാദ്ധ്യതയും എല്ലാം കൂടെ കുഴപ്പമാകുകയും 'നീ പറഞ്ഞിട്ടാണ് ഈ പണി ചെയ്തത് എന്ന് അവർ പരസ്പരം പഴിചാരുകയും ചെയ്യുമ്പോൾ വീണ്ടും പശു കരയും. അപ്പോൾ "വല്ലാത്ത ഒരു ശബ്ദം, ഇവറ്റകൾക്ക് ഉറക്കവുമില്ലേ? കൊലവിളിയല്ലേ നടത്തുന്നത്" എന്ന ഒരു ഡയലോഗുണ്ട്. അതുപോലെ നാളെ കിഫ്ബിയെന്ന് കേട്ടാൽ നിങ്ങൾ ഓടിയൊളിക്കുമെന്ന് ഞാനിവിടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, കിഫ്ബിയിൽ

നിന്നും ഏറ്റവും കൂടുതൽ പണം അനുവദിച്ചിട്ടുള്ളത്, പാലക്കാട് ജില്ലയിലെ താങ്കളുടെ മണ്ഡലത്തിലാണെന്നുള്ളത് ഓർക്കണം. 126 കോടി രൂപയാണ്. കിഫ്ബി യാഥാർത്ഥ്യമാകുമെന്ന ഒരു വിചാരം വേണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ണാർക്കാട് മണ്ഡലത്തിൽ ഇതിൽനിന്നും വിഹിതം കിട്ടിയില്ല, എഴുതിക്കൊടുത്ത വികസനപ്രവർത്തനങ്ങൾ അംഗീകരിച്ചില്ല എന്നൊന്നും ഞാൻ വാദിക്കുന്നില്ല. എന്റെ മണ്ഡലത്തിലേയ്ക്ക് വിഹിതം തന്നിട്ടുണ്ട്. നമ്മൾ ബഡ്ജറ്റിനെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ശ്രീമതി വീണാ ജോർജ്ജ് പ്രസംഗിച്ചപ്പോൾ പറഞ്ഞു - കിഫ്ബിയിലെ പദ്ധതികൾ വേണ്ടെന്ന് യു.ഡി.എഫ്. പ്രഖ്യാപിക്കണമെന്ന്. എന്തൊരു വർത്തമാനമാണത്? ഞങ്ങൾ ഓടിളക്കി വന്നതൊന്നുമല്ല. ജനങ്ങൾ തെരഞ്ഞെടുത്ത് ഇവിടെ വന്നവരാണ്. മറ്റൊന്ന് ഓർക്കേണ്ടതുണ്ട്, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്റെ സഹപ്രവർത്തകരായ അന്നത്തെ പ്രതിപക്ഷ എം.എൽ.എ.-മാർ കീറി വലിച്ചെറിഞ്ഞ ഒരു ബഡ്ജറ്റുണ്ടായിരുന്നു. അതിലുൾപ്പെട്ട പദ്ധതികളുടെ ഉദ്ഘാടന ചടങ്ങിലും കല്ലിടൽ ചടങ്ങിലും അവർ അദ്ധ്യക്ഷം വഹിച്ചിട്ടുണ്ട്. ഇസ്ലാമിക് ബാങ്കും അതുപോലെ മണൽ വിൽക്കുന്ന കാര്യവും ഞാനിവിടെ ചൂണ്ടിക്കാണിച്ചു.

രണ്ടാമത്തെ സംഗതി ചിട്ടിയാണ്. ചിട്ടിക്ക് വിദേശ മലയാളികളാണ് പണം കൊടുക്കേണ്ടത്. എന്താണ് സ്ഥിതിയെന്നറിയാമോ? ഇപ്പോൾ നിതാഖാത്ത് ആണ്. ഗൾഫ് നാടുകളിലെ ഓരോ മേഖലയിലും സ്വദേശിവൽക്കരണമാണ് നടക്കുന്നത്. അവരെ കണ്ടിട്ടാണ് നമ്മൾ പണം പ്രതീക്ഷിക്കുന്നത്.

മലയോര ഹൈവേയുടെയും തീരദേശ ഹൈവേയുടെയും ഭംഗിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞങ്ങളതിന് എതിരല്ല. ഹൈവേകൾ വരണം. അതിന് നിങ്ങൾ വച്ചിട്ടുള്ള വിഭവസമാഹരണം എന്താണ്; 12,000 കോടി രൂപ കിട്ടുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ബഡ്ജറ്റിലെ 37,000 കോടി രൂപയും ഇങ്ങനെ സാങ്കൽപ്പികമാണ്. 37,000 കോടി രൂപ കൊണ്ടാണ് നമ്മൾ വികസനം നടത്താൻ പോകുന്നത്. അതുകൊണ്ടാണ് ഇതൊരു ഉട്ടോപ്യൻ ബഡ്ജറ്റാണെന്ന് പറയേണ്ടിവരുന്നത്. പുതിയ നികുതി നിർദ്ദേശങ്ങളൊന്നുമില്ല. എന്താണ് കാരണം; ജി.എസ്.ടി. വരാൻ പോകുകയാണ്. ജി.എസ്.ടി. വന്നാൽ വലിയ ഗുണമുള്ള ഒരു സംസ്ഥാനമാണ് കേരളം. 25 ശതമാനം നികുതി വർദ്ധനവുണ്ടാകും. ആ പണമെങ്കിലും നമ്മുടെ അത്യാവശ്യ മേഖലകളിൽ കൃത്യമായി വിനിയോഗിക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്.

അരിവില വർദ്ധനവിനെക്കുറിച്ച് പറയുമ്പോഴൊക്കെ തോമസ് മാഷും പഴയ റേഷൻ കാർഡും പറഞ്ഞ് നിങ്ങൾ സമയം കളയരുത്. കാരണം, ഇനിയുള്ള നാല്

കൊല്ലം നിങ്ങളാണ് ഭരിക്കേണ്ടത്. അതിനിടയിൽ ഭരണം മാറാൻ പോകുന്നില്ല. പഴയതുപോലെ റേഷൻ കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. 2 ലക്ഷം മെട്രിക് ടൺ അരിയുടെ കുറവുണ്ടെങ്കിൽ അതിന് സബ്സിഡി അനുവദിച്ച് ഈ നാട്ടിലെ പാവങ്ങൾക്ക് കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. അതിനെക്കുറിച്ച് ഈ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടില്ല. 100 കോടി രൂപ അപര്യാപ്തമാണ്. വരൾച്ചയെക്കുറിച്ച് ഇവിടെ ചർച്ചയുണ്ടായി. കഴിഞ്ഞ 5 കൊല്ലത്തിനിടയിൽ വരൾച്ചയുണ്ടായ സമയത്ത് ഞങ്ങൾ ജില്ലാ കളക്ടർമാർക്ക് ഒരു കത്ത് കൊടുത്തയച്ചാൽ 5 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് (വാട്ടർ ടാപ്പ് നന്നാക്കാൻ, ലൈൻ എക്സ്റ്റൻഷൻ) അപ്പോൾത്തന്നെ അനുമതി കൊടുക്കുമായിരുന്നു. ഇപ്പോഴും ഞങ്ങൾ ജില്ലാ കളക്ടർമാരെ വിളിക്കുന്നുണ്ട്. ഒന്നിനും ഫണ്ടില്ല. ഒരു ജില്ലയ്ക്ക് ഒരു കോടി രൂപയും 50 ലക്ഷം രൂപയുമൊക്കെ കൊടുത്താൽ എന്താണ് ചെയ്യാൻ കഴിയുന്നത്; അതൊക്കെ യാഥാർത്ഥ്യബോധത്തോടുകൂടി കാണണം. ഗവൺമെന്റുകൾ തുടർച്ചയാണ്. കഴിഞ്ഞ 5 വർഷം ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ വികസനത്തിന് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി നേതൃത്വം കൊടുത്തു. അത് നിങ്ങൾക്ക് പറയാതിരിക്കാൻ കഴിയില്ല. അടിസ്ഥാന സൗകര്യ വികസനത്തിന്റെയും സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതികളുടെയും കാര്യത്തിൽ കഴിഞ്ഞ 5 കൊല്ലം കേരളത്തിന്റെ സുവർണ്ണകാലമായിരുന്നു. അതിനുശേഷം വന്ന ഗവൺമെന്റ് വികസന രംഗത്ത് മുരടിപ്പും മാന്ദ്യവുമൊന്നുമുണ്ടാക്കാത്ത തരത്തിലുള്ള ബഡ്ജറ്റ് അവതരിപ്പിക്കണമായിരുന്നു. മറ്റ് ധനാഗമ മാർഗ്ഗങ്ങളും നികുതിയേതര വരുമാനമാർഗ്ഗങ്ങളും നമുക്കുണ്ടാക്കാമായിരുന്നു. അതിനെക്കുറിച്ചൊന്നും ചിന്തിക്കാതെ എല്ലാം കിഫ്ബിയിൽ കെട്ടിയിട്ടു എന്ന ആക്ഷേപമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. ഏതായാലും അടുത്ത വർഷവും ബഡ്ജറ്റിന്റെ ചർച്ചയുണ്ടാകും, നിങ്ങളും അവിടെയുണ്ടാകും, ഞങ്ങൾ ഇവിടെയുണ്ടാകും. അപ്പോൾ ബാക്കി കാര്യങ്ങൾ പറയാം. നിങ്ങൾ പഴി കേൾക്കേണ്ടി വരുമെന്ന കാര്യത്തിൽ തർക്കമില്ല.

എന്റെ മണ്ഡലത്തിലെ ചില കുടിവെള്ള പദ്ധതികൾക്കാവശ്യമായ പണം അനുവദിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് താത്വികമായ ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾക്ക് ഗുണം ചെയ്യുന്ന ഒന്നല്ല, കേവലം സാങ്കൽപ്പികമായിപ്പോയി, സ്വപ്നലോകത്തുള്ളതായിപ്പോയി എന്ന ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു ആരോഗ്യകരമായ അതൃപ്തി, സത്യസന്ധമായ വിയോജിപ്പ് എന്നിവ പുരോഗതിയുടെ ശുഭലക്ഷണങ്ങളാണെന്നാണ് മഹാത്മാഗാന്ധി പറഞ്ഞത്. പ്രതിപക്ഷത്തോടുള്ള എന്റെ വിയോജിപ്പ് ആരോഗ്യകരമായ എതിർപ്പും സത്യസന്ധമായ വിയോജിപ്പും അവിടെനിന്നും ഉണ്ടാകുന്നില്ല എന്നുള്ളതാണ്. ഇന്നത്തെ അവസ്ഥയിൽ ഇന്ത്യൻ

രാഷ്ട്രീയത്തിൽ കേരള നിയമസഭയിലുള്ള യു.ഡി.എഫ്-ഉം എൽ.ഡി.എഫ്.-ഉം സത്യസന്ധമായ വിയോജിപ്പും ആരോഗ്യകരമായ ഇടപെടലുമുണ്ടാക്കിയെടുക്കേണ്ടത് നമ്മുടെ മുഖ്യമന്ത്രിയും മന്ത്രിമാരും സർവ്വകക്ഷി സംഘവും കേന്ദ്രത്തിൽ ചെല്ലാമെന്ന് പറഞ്ഞിട്ട് കേന്ദ്രം നിരാകരിച്ച സന്ദർഭത്തിലായിരുന്നു. ഇത് ഇന്ത്യൻ രാഷ്ട്രീയത്തിനാവശ്യമാണ്. ഇന്ത്യയിൽ 5 സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിന്റെ വിധി 11-ാം തീയതി വരാൻ പോകുകയാണ്. മണിപ്പൂരിൽ ഗാന്ധിയൻ സത്യാഗ്രഹ രീതിയിൽ ഏറ്റവും കൂടുതൽ സത്യാഗ്രഹമനുഷ്ഠിച്ചത് ശ്രീമതി ഇറോം ശർമ്മിളയാണ്. അവരുടെ മണ്ഡലത്തിൽ വോട്ട് ചെയ്തതിനുശേഷം അവർ പ്രഖ്യാപിച്ചത് ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ ഞാൻ വോട്ട് ചെയ്തത് ഇടതുപക്ഷത്തിനാണ്, സി.പി.ഐ.-യ്ക്കാണ് എന്നാണ്. ഇടതുപക്ഷം ഇന്ത്യയിൽ ദുർബലമാണെങ്കിലും അതിന് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഭാവിയിലൊരു പ്രഭാതമുണ്ടാക്കാനും വെളിച്ചമുണ്ടാക്കാനും കഴിയുമെന്നും വർഗ്ഗീയതയുടെ ഇരുട്ടിൽ നിന്നും ഇന്ത്യയെ പുറത്ത് കൊണ്ടുവരാനുള്ള ശക്തിയുണ്ടെന്നും അവർപോലും പ്രഖ്യാപിക്കുമ്പോൾ തീർച്ചയായും അതെല്ലാം നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. പ്രതിപക്ഷം അവരുടെ റോൾ തീർച്ചയായും നിർവ്വഹിക്കണം. ഇവിടെ നിങ്ങൾ കുറച്ചുകൂടി ക്ഷമ കാണിക്കണം. ക്ഷമയെക്കുറിച്ച് ലോകത്തേറ്റവും കൂടുതൽ പറഞ്ഞയാൾ അന്ത്യപ്രവാചകനാണെന്നാണ് എനിക്ക് ലീഗുകാരോട് പറയാനുള്ളത്. മനസ്സിന്റെ ഏറ്റവും നല്ല വസ്തു ക്ഷമയാണെന്നാണ് അന്ത്യപ്രവാചകൻ പറഞ്ഞത്. ഇവിടെ സത്യത്തിൽ നിങ്ങൾക്കില്ലാത്തതും അതാണ്. നിങ്ങൾ കുറച്ചുകൂടി ക്ഷമാപൂർവ്വം കേന്ദ്രഗവൺമെന്റിന്റെ നോട്ട് പിൻവലിക്കലിലൂടെ, കേരളത്തിൽ വന്ന വരൾച്ചയിലൂടെ, അമേരിക്കയിൽ ട്രംപ് അധികാരത്തിൽ വന്നതിലൂടെ, നമ്മൾ ഇനി അനുഭവിക്കാൻ പോകുന്ന വ്യസനങ്ങളും സങ്കടങ്ങളും നിറഞ്ഞ ഒരു രാഷ്ട്രീയ അന്തരീക്ഷത്തിൽ നിന്ന് കേരളം പുറത്തുകടക്കാനുള്ള വഴിയാണ് നോക്കേണ്ടത്. ഒരു ഇരുട്ടറയിൽ നമ്മൾ പെട്ടുപോകുമ്പോൾ ഡോ. ടി. എം. തോമസ് ഐസക് ആണെങ്കിലും ഒരു വാതിൽ തുറന്നുതന്നാൽ അതിലൂടെ മാത്രമേ ഇറങ്ങാൻ പറ്റുകയുള്ളൂവെന്ന് നമ്മൾ വിശ്വസിക്കണം. നിങ്ങളുടെ പ്രസംഗത്തിൽ നിന്നും എനിക്ക് മനസ്സിലായത് നിങ്ങളാരും കിഫ്ബിയെ എതിർക്കുന്നില്ല. നിങ്ങളുടെ മനസ്സും ചുണ്ടും തമ്മിൽ വാക്കും അകവും തമ്മിലുള്ള അന്തരമുണ്ട്. പദ്ധതികൾ നടപ്പാക്കണം, മണ്ഡലങ്ങളിൽ അതിന്റെ ഐശ്വര്യമുണ്ടാകണം, അതിൽ ബോർഡ് വച്ച് നമുക്ക് നിൽക്കണം എന്നൊക്കെ നിങ്ങളുടെ മനസ്സിലുണ്ട്. പക്ഷേ ഇവിടെ പ്രതിപക്ഷത്തിന്റെ ദൗത്യം എതിർക്കുകയാണെന്നുള്ളതുകൊണ്ട് അത് നിർവ്വഹിക്കുകയാണ്. അങ്ങനെയല്ല വേണ്ടത്; നിങ്ങൾ സത്യസന്ധമായി എതിർക്കണം, ആശങ്കകൾ പങ്കുവയ്ക്കണം. പക്ഷേ ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയത്തിൽ അതിങ്ങനെയാകരുത്. കോൺഗ്രസ്സുകാരോട് എനിക്ക് പറയാനുള്ളത് പൗലോ കൊയ്ലോയുടെ ഒരു മനോഹരമായ കഥയാണ്. ലോകത്ത് ജീവിച്ചിരുന്ന ഏറ്റവും വലിയ ചിന്തകരിൽ ഒരാളാണ് പൗലൊ കൊയ്ലോ.

അദ്ദേഹത്തിന്റെ കഥയുടെ പേര് 'ജാലക കാഴ്ചകൾ' എന്നാണ്. ഒരു സ്ത്രീ എല്ലാ ദിവസവും രാവിലെ അയൽപക്കത്തെ വീട്ടിൽ കഴുകിയിട്ടിരിക്കുന്ന വസ്ത്രത്തിൽ അഴുക്കുണ്ട്, അഴുക്കുണ്ട് എന്ന് അയൽക്കാരെയും ഭർത്താവിനെയും വിളിച്ച് കാണിക്കും. ഒരു ദിവസം ആ സ്ത്രീ രാവിലെ എണീറ്റ് അയൽപക്കത്ത് കഴുകിയിട്ട വസ്ത്രങ്ങൾ നോക്കുമ്പോൾ അത് തിളങ്ങുന്നു. അത് തിളങ്ങുന്നത് കണ്ട് അവരെ ആരോ കഴുകാൻ പഠിപ്പിച്ചു, അത് നിങ്ങളായിരിക്കുമെന്നും കാരണം, നിങ്ങളോടാണ് ഞാൻ അഴുക്കുണ്ട്, അഴുക്കുണ്ട് എന്ന് പറഞ്ഞതെന്നും ഭർത്താവിനോട് പറഞ്ഞു. ഞാൻ കഴുകാൻ പഠിപ്പിച്ചതൊന്നുമല്ല, നീ എന്നും നോക്കുന്ന കണ്ണാടി ഒന്ന് വൃത്തിയാക്കി നോക്കിക്കാണുമെന്ന് ഭർത്താവ് പറഞ്ഞു. കണ്ണാടി വൃത്തിയാക്കിയ ആ കാഴ്ചപ്പാടോടുകൂടി ബഡ്ജറ്റിനെ നോക്കിയാൽ ഈ ബഡ്ജറ്റ് തിളക്കമുള്ളതായി കാണാം. അഴുക്കുള്ള നിങ്ങളുടെ കാഴ്ചപ്പാടും നിലപാടും ഒന്ന് തുടച്ചുവൃത്തിയാക്കിയാൽ ഈ ബഡ്ജറ്റ് തിളക്കമുള്ളതാകും. തിളക്കമുള്ള വഴിയിലൂടെ മാത്രമേ തിളക്കമുള്ള പ്രഭാതത്തിലേയ്ക്ക് എത്താൻ സാധിക്കൂ. ഓരോ ബഡ്ജറ്റും ഓരോരുത്തർ വായിക്കുമ്പോൾ തീർച്ചയായും ഓരോ തരത്തിലാണ് മനസ്സിലാക്കുന്നത്. ഒരു കുട്ടി അഷ്ടപദി വായിക്കുമ്പോൾ മനസ്സിലാക്കുന്നതല്ല ഒരു പ്രായമുള്ള ആൾ വായിക്കുമ്പോൾ മനസ്സിലാക്കുന്നത്; ഇത് രണ്ടും പോലെയല്ല ഒരു വൃദ്ധൻ വായിക്കുമ്പോൾ മനസ്സിലാക്കുന്നത് എന്ന് കുട്ടികൃഷ്ണമാരാർ പറഞ്ഞിട്ടുണ്ട്. ബഡ്ജറ്റും അങ്ങനെയാണ്. ഓരോന്നും വായിക്കുമ്പോൾ അവരവരുടെ കാഴ്ചപ്പാടനുസരിച്ചാണ് ഓരോ പുസ്തകവും മനസ്സിലാക്കുന്നത്. വായിക്കുമ്പോൾ ഓരോ പുസ്തകവും ഒരു പുതിയ കൃതിയാണ്. ഡോ. ടി. എം. തോമസ് ഐസക് വായിച്ചത് മുഴുവൻ വേറൊരാൾക്ക് മനസ്സിലാകണമെന്നില്ല. പക്ഷേ അതൊരു പുതിയ പുസ്തകമാണ്, പുതിയ കാഴ്ചപ്പാടാണ്. അത് പുതിയ തരത്തിൽ കേരളത്തിന്റെ വളർച്ചയെ മുന്നോട്ട് നയിക്കുന്നതിനുവേണ്ടിയുള്ള രേഖയാണ്. അതിനെ അങ്ങനെ മനസ്സിലാക്കിയാൽ മതി. അങ്ങനെ മനസ്സിലാക്കിയാൽ ഭാവിയിൽ ചിലതിനോട് യോജിക്കാം ചിലതിനോട് വിയോജിക്കാം. അതൊക്കെ ജനാധിപത്യത്തിൽ ആവശ്യമാണ്.

മുഖ്യമന്ത്രി ഹൈദരാബാദിൽ പ്രസംഗിക്കരുതെന്ന് അവിടത്തെ ഒരു ബി.ജെ.പി. എം.എൽ.എ. പറയുന്നു. മുഖ്യമന്ത്രി മധ്യപ്രദേശിൽ പ്രസംഗിക്കാൻ പാടില്ലെന്ന് അവിടെയൊരാൾ പ്രഖ്യാപിക്കുന്നു. സംസാര സ്വാതന്ത്ര്യത്തിന്റെ സാഹചര്യത്തിലേയ്ക്ക് പോകുമ്പോൾ നമ്മുടെ നാടിന്റെ മനോഭാവത്തിൽ ചിലരുടെ ഉള്ളിൽ ഫാസിസം എങ്ങനെയാണ് വളർന്നു നിൽക്കുന്നതെന്നും അവരുടെ ഉള്ളിലെ ഇരുട്ടിന്റെ ആഴം എത്രയാണെന്നും നമ്മൾ മനസ്സിലാക്കണം.

ലോകത്തുണ്ടാകുന്ന സംഭവങ്ങളിൽ കേരളത്തിന് നാളെ നിലനിൽപ്പുണ്ടാക ണമെങ്കിൽ വിദ്യാഭ്യാസ മേഖലയുടെ ചില മേഖലകളിൽ നാം ശ്രദ്ധിക്കണം.

വിദ്യാഭ്യാസ മേഖലയിലുണ്ടാകുന്ന ലോക നിലവാരമനുസരിച്ചേ നാളെ നമുക്ക് ലോകത്തോട് മത്സരിക്കാൻ കഴിയുന്നൊരു യൗവ്വനത്തെ സൃഷ്ടിക്കാൻ പറ്റൂ. അവിടെ ആദ്യം വേണ്ടത് എന്റെ കുട്ടി, ആ നാട്ടിലെ കുട്ടികൾ പഠിക്കുന്ന സ്കൂളിൽ പഠിക്കണമെന്നതാണ്. കേരളത്തിലെ അദ്ധ്യാപകരും രാഷ്ട്രീയ നേതൃത്വവും പൊതുസമൂഹവും അങ്ങനെ തീരുമാനിക്കണം. ഒപ്പം ആ സ്കൂളിന് ഞാനും ആ നാടും കാവലാകണം. സ്കൂളിന് കാവലാകണമെന്നുമാത്രമല്ല അതിന്റെ വളർച്ചയ്ക്ക് കൈത്താങ്ങാകണം. കേവലം സർക്കാർ കൊടുക്കുന്ന പണത്തിനപ്പുറം ആ നാടിന്റെ മുഴുവൻ ശേഖരവും നാടിന്റെ മുഴുവൻ കാവലും നാട്ടിലെ കുട്ടികളുടെ മുഴുവൻ കൂടലുമായി നമ്മുടെ സ്കൂളുകൾ മാറി, നാളെ അവർ ലോകനിലവാരത്തിലുള്ള കുട്ടികളാവണം. അതിന് കിഫ്ബിയിൽ നിന്നല്ല, എവിടെ നിന്ന് കടം വാങ്ങി എങ്ങനെ സംഭരിച്ചായാലും ആ നാട് നാളെ ലോക നിലവാരമുള്ള ഒരു യൗവ്വനത്തെ കേരളത്തിൽ സൃഷ്ടിക്കണം. അതിന് ഏത് വഴിയും സ്വീകരിക്കണം. നമ്മുടെ മൂല്യങ്ങളിലും നവോത്ഥാന നന്മകളിലും ചിലതെല്ലാം നഷ്ടപ്പെട്ടിട്ടുണ്ട്. അതിൽ എം.ടി.-യെന്ന രണ്ടക്ഷരത്തെ പിടിച്ചുനിർത്തുമ്പോൾ സത്യത്തിൽ അക്ഷരസ്നേഹിയായ, നവോത്ഥാനത്തിന്റെ നന്മയുൾക്കൊണ്ട മനുഷ്യനെ കൂടെ നിർത്താനുള്ള, അക്ഷരസ്നേഹിയായ ഒരു പ്രതീകത്തെ കേരളം മുമ്പിൽ നിർത്തുകയാണ്. ബഡ്ജറ്റിൽ അത്തരം രേഖകളും ആശയങ്ങളും പ്രകടിപ്പിച്ചതിനെ അങ്ങനെ വേണം കാണാൻ.

ഞാൻ രാമായണത്തിലൂടെ സഞ്ചരിക്കുകയല്ല, പക്ഷെ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയെ അതുമായൊന്ന് ബന്ധിപ്പിക്കേണ്ടതുണ്ട്. രാമായണത്തിൽ സീതയെ തട്ടിക്കൊണ്ടുപോകുമ്പോൾ, സീതയെ വേണമെങ്കിൽ നമ്മുടെ മതേതരത്വമായി, ഐശ്വര്യമായി വയ്ക്കാം. ഇന്നത്തെ അവസ്ഥയിൽ ദുരിതങ്ങൾ പരിഹരിക്കുന്ന അടുക്കളക്കാരിയായി എല്ലാ നന്മകളും ചേർന്ന വാത്മീകി ചമച്ചൊരു കഥാപാത്രമായി വയ്ക്കാം. തട്ടിക്കൊണ്ടുപോയ രാവണനെ വേണമെങ്കിൽ നമുക്ക് ശ്രീ. നരേന്ദ്ര മോദിയായി, ബി.ജെ.പി. ആയി വിലയിരുത്താം. സീതയെ വീണ്ടെടുക്കാൻ ആ കാലത്ത് ഒരു പാലം വേണമായിരുന്നു. അങ്ങനെ പാലം നിർമ്മിക്കാൻ ശ്രീരാമൻ ആലോചിച്ചപ്പോൾ ഒരു എഞ്ചിനീയറെ ആവശ്യമായി വരികയും എഞ്ചിനീയറെ കണ്ടെത്തുന്നതിന് കടലിന്റെ അധിപതിയായ വരുണനുമായി ബന്ധപ്പെടുകയും ചെയ്തു. അപ്പോൾ വരുണൻ പറഞ്ഞത്, കടലിൽ ഒരു പാലം കെട്ടണമെങ്കിൽ ഒരു എഞ്ചിനീയറേയുള്ളൂവെന്നും അത് വിശ്വകർമ്മാവിന്റെ മകനായ നളനാണെന്നുമാണ്. അങ്ങനെ നളനെ കണ്ടെത്തി. നളന്റെ പ്രത്യേകത, പ്രക്ഷുബ്ധമായ കടലിൽപോലും നളൻ ഏത് ഭാരമുള്ള വസ്തുവെടുത്തിട്ടാലും അത് താഴ്ന്നുപോകുകയില്ല. ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രത്യേകതയും അതാണ്. ഏത് ഭാരമുള്ള വസ്തുവെടുത്തിട്ടാലും പാഴായിപ്പോകുകയില്ല. ശ്രീരാമനെന്ന പിണറായി വിജയൻ കേരളത്തിന്റെ ഐശ്വര്യം വീണ്ടെടുത്ത് പാലം നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയ നളനാണ്

ഡോ. ടി. എം. തോമസ് ഐസക്. അദ്ദേഹം ഒരു പാലം കെട്ടുകയാണ്. ആ പാലം കെട്ടാൻ എല്ലാവരുടെയും സഹായം വേണം. ആദ്യത്തെ വർഷം എല്ലാം കഴഞ്ഞെന്നാണ് നിങ്ങൾ പറയുന്നത്. ആ പാലം കെട്ടിയപ്പോഴും ആദ്യത്തെ ദിവസം 14 യോജനയെ കെട്ടിയുള്ളൂ. രണ്ടാമത്തെ ദിവസം 20 യോജന കെട്ടി. മൂന്നാമത്തെ ദിവസം 21, പിന്നീട് 22, 23 അങ്ങനെയാണ് 100 യോജന കെട്ടിയത്. 5 വർഷംകൊണ്ട് ഡോ. ടി. എം. തോമസ് ഐസക്കും ആദ്യ വർഷം കെട്ടിയതിനെക്കാൾ കൂടുതൽ രണ്ടാമത്തെ വർഷവും അതിനേക്കാൾ കൂടുതൽ മൂന്നാമത്തെ വർഷവും അങ്ങനെ നാലഞ്ച് വർഷമെത്തുമ്പോൾ ഇത് പൂർത്തിയാകുകയും ചെയ്യും. ഇതെങ്ങനെ കൊടുത്തുതീർക്കുമെന്ന് ചോദിച്ചാൽ, എടുക്കുന്നത് നല്ലതിനാണെങ്കിൽ, ലക്ഷ്യം പവിത്രമാണെങ്കിൽ മാർഗ്ഗവും സാധൂകരിക്കപ്പെടും. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ലക്ഷ്യം പവിത്രമാണ്. അതുകൊണ്ട് മാർഗ്ഗം സാധൂകരിക്കപ്പെടും. ഞാൻ ഡോ. ടി. എം. തോമസ് ഐസക്കിന്റെ ശ്രമത്തെ മഹാത്മാഗാന്ധി പറഞ്ഞ ഒരു വാചകത്തോട് ചേർത്തുവയ്ക്കുകയാണ്. മഹാത്മാഗാന്ധി നല്ല കാര്യങ്ങളെക്കുറിച്ച്, സത്യസന്ധമായ കാര്യങ്ങളെക്കുറിച്ച് ഒരഭിപ്രായം പറഞ്ഞിട്ടുണ്ട്. ഞാൻ ആദ്യം പറഞ്ഞതും മഹാത്മാഗാന്ധിയെ ഉദ്ധരിച്ചാണ്. അത് നിങ്ങൾക്കുവേണ്ടിയാണ്. മഹാത്മാഗാന്ധി പറഞ്ഞത്, "നല്ല കാര്യങ്ങളാണെങ്കിൽ ചിലപ്പോൾ സമൂഹം നിങ്ങളെ ആദ്യം അവഗണിക്കും, പിന്നെ പരിഹസിക്കും, പിന്നെ നിങ്ങൾക്കെതിരെ പോരടിച്ചെന്നിരിക്കും, പക്ഷെ സത്യസന്ധമായി ഒടുവിൽ നിങ്ങൾ ജയിച്ചിരിക്കും." ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒടുവിൽ ജയിച്ചിരിക്കും. അത് കേരളത്തിന്റെയും നിങ്ങളുടെയും പ്രാർത്ഥനയാണ്. ആ പ്രാർത്ഥനയോടൊപ്പം ഇന്ന് നിങ്ങളുണ്ടാകുകയില്ല ഞാൻ ഉറപ്പിച്ചു പറയുന്നു നാളെ നിങ്ങളുണ്ടാകും, ഉണ്ടായേ പറ്റൂ. ഇന്ത്യൻ രാഷ്ട്രീയം നിങ്ങളെയും ഇടതുപക്ഷ ജനാധിപത്യ മുന്നണി മുമ്പോട്ടു വയ്ക്കുന്ന സത്യസന്ധമായ, പവിത്രമായ ലക്ഷ്യത്തിലേയ്ക്ക് കൊണ്ടെത്തിക്കുമെന്നത് ഉറപ്പാണ്.

കേരളത്തിലെ വലിയ ജില്ലകളിലൊന്നാണ് കൊല്ലം ജില്ല. ഈ ജില്ലയിൽ ആകെ ഒരു റവന്യൂ ഡിവിഷണൽ ഓഫീസേ ഉള്ളൂ. കൊല്ലം ജില്ലയുടെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് ഒരു റവന്യൂ ഡിവിഷണൽ ഓഫീസ് രൂപീകരിക്കണമെന്നുള്ളത് പൊതു ആവശ്യമാണ്, സാമൂഹ്യ ആവശ്യമാണ്. അതംഗീകരിക്കണം. താലൂക്ക് കേന്ദ്രീകരിച്ച് ചില പ്രഖ്യാപനങ്ങൾ വന്നത് ഏതടിസ്ഥാനത്തിലാണെന്ന് അറിയില്ല. പത്തിരുപത് വർഷം മുമ്പുള്ള ചില ആവശ്യങ്ങൾ-കൊല്ലം, കൊട്ടാരക്കര താലൂക്ക് വിഭജിക്കണമെന്നുൾപ്പെടെ നിലനിൽക്കുകയാണ്. അതിനെ സംബന്ധിച്ച് ധാരാളം റിപ്പോർട്ടുകളുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഇത്തരം ന്യായമായ കാര്യങ്ങളൊന്നും പരിഗണിച്ചിട്ടില്ല. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അത്തരം കാര്യങ്ങൾകൂടി പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ഒരു റവന്യൂ ഡിവിഷണൽ ഓഫീസിനും ഒരു താലൂക്കിനും വേണ്ടി ഇത്രയും ശക്തിയായി വാദിച്ച ശ്രീ. മുല്ലക്കര രത്നാകരൻ പിറകിലിരിരിക്കേണ്ട ആളല്ലായിരുന്നു, മുന്നിൽത്തന്നെ വരേണ്ടയാളായിരുന്നു എന്നാണ് എന്റെ പക്ഷം. പക്ഷെ വാദം ശരിയായിട്ടില്ല. കുറച്ചുകൂടി വാദം മൂത്താൽ അവിടെത്തന്നെ വന്നെത്തും. അതുകൊണ്ട് ഈ അഞ്ച് വർഷക്കാലത്തെ പാലം പൂർത്തിയാകുമ്പോൾ പാലത്തിന്റെ ഒരു മൂലയിൽ അങ്ങും വരട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്.

2016-ലെ ബഡ്ജറ്റിനകത്ത് വാഗ്ദാന ലംഘനങ്ങളുടെ ഒരു പരമ്പര തന്നെയുണ്ട്. എല്ലാ കാര്യങ്ങളും സമയക്കുറവുമൂലം പറയുന്നില്ല. 9 മാസം 9 ലംഘനം. "Elimination of Corruption, bringing more dealers to tax net..." , അങ്ങനെ തുടങ്ങി അവസാനം "...department will be established to cyber forensic unit within a year" തുടങ്ങിയ 9 ഉറപ്പുകൾ ഈ സഭയ്ക്ക് തന്നതാണ്. ആ 9 ഉറപ്പുകളിൽ ഒന്നും പാലിക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ ബഡ്ജറ്റിനെക്കുറിച്ച് വളരെ മനോഹരമായി സംസാരിക്കുന്ന സമയത്ത് എന്തുകൊണ്ട് ഇതുണ്ടായില്ല എന്നുകൂടി പറയണ്ടേ; ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയാണ് എന്റെ കയ്യിലുള്ളത്. ഈ പ്രകടന പത്രികയിൽ പറയുന്നത്, വിശപ്പില്ലാത്ത ഒരു കേരളമുണ്ടാക്കും, ഒരു നേരമെങ്കിലും ഭക്ഷണം കഴിക്കാത്ത ആളുകൾ ഈ കേരളത്തിലുണ്ടാവില്ല, അങ്ങനെ തുടങ്ങി കേരളത്തിന്റെ ഒരു സ്വന്തം ബാങ്ക് രൂപീകരിക്കുമെന്നാണ് പറയുന്നത്. സംസ്ഥാന-ജില്ലാ ബാങ്കുകളെ സഹകരിപ്പിച്ച് കേരളത്തിന്റെ സ്വന്തം ബാങ്ക് രൂപീകരിക്കുമെന്നാണ്. എല്ലാവർക്കും കുടിവെള്ളം, ഭക്ഷണം, വൈദ്യുതി, പാർപ്പിടം, സാമൂഹ്യസുരക്ഷ ഇവയൊക്കെയാണ് പറഞ്ഞിട്ടുള്ളത്. ഈ ബഡ്ജറ്റിൽ ഇതിന്റെ ഏത് ഭാഗത്ത് ചെല്ലത്തക്ക വിധത്തിലാണ് നടപടി യെടുത്തിട്ടുള്ളത്. ഞാനിതിന്റെ അലോക്കേഷൻസൊക്കെ നോക്കി. ബഡ്ജറ്റ് അലോക്കേഷനപ്പുറം കിഫ്ബിയിലേയ്ക്ക് പോയിട്ടുണ്ട്. " സർ, ഈ കിഫ്ബി എന്നുപറഞ്ഞാൽ എന്താണ്, സാന്താക്ലോസിനെപ്പോലെയാണോ" എന്നാണ് എന്നോടൊരു കുട്ടി ചോദിച്ചത്. കാണുന്നവർക്കെല്ലാം കൈകൊടുക്കും, എല്ലാവർക്കും കൈകൊടുത്ത് പോകുകയാണ്. ഇതിനൊരു റിയാലിറ്റിയില്ലേ, കിഫ്ബിയിൽ ചില പദ്ധതികൾ എല്ലായിടത്തും കൊടുത്തിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിലുമുണ്ട്. ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. ഇല്ലെന്ന് ആർക്കും പറയാൻ പറ്റില്ല. അപ്പുറത്തൊരു രാജ്യം ഇപ്പുറത്തൊരു രാജ്യമെന്ന് ആരെങ്കിലും അതിർത്തി തിരിച്ചുവച്ചിട്ടുണ്ടോ; അതൊന്നുമില്ല. നിങ്ങൾക്കൊരു പദ്ധതിയുണ്ടെങ്കിൽ ആ പദ്ധതി ഞങ്ങൾക്കുമുണ്ട്. ഞങ്ങളൊരു പദ്ധതി ആവശ്യപ്പെട്ടാൽ അതിലെ കറക്ഷൻ ഞങ്ങളാവശ്യപ്പെടും. ഇത് മെച്ചപ്പെട്ട രീതിയിൽ പോകണമെ ന്നുള്ളതുകൊണ്ടാണ് കറക്ഷൻ ആവശ്യപ്പെടുന്നത്. ഞങ്ങൾ അങ്ങോട്ട് ചാടിക്കയറാനുള്ള

വെപ്രാളത്തിൽ പറയുന്നതല്ല. ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക താൽപ്പര്യം പരിഗണിക്കാൻ ഗവൺമെന്റിന് കഴിയണ്ടേ; അങ്ങനെ ഈ ഗവൺമെന്റിന് കഴിയത്തക്ക വിധത്തിലുള്ള ഒരു പദ്ധതി ഞങ്ങൾ കാണുന്നില്ല; അതാണ് ഞങ്ങൾ വിമർശിക്കുന്നതിന്റെ പ്രധാന കാരണം.

5.50 ലക്ഷം കോടി വിദേശപണം എൻ.ആർ.ഐ.-കൾ കേരളത്തിലേയ്ക്ക് അയയ്ക്കുന്നുണ്ട്. കേരള മൈഗ്രേഷൻ സർവ്വേ 2014-ന്റെ അടിസ്ഥാനത്തിൽ അവരുടെ റെമിറ്റൻസ് 16 വർഷത്തേയ്ക്ക് 5.50 ലക്ഷം കോടി രൂപയാണ്. അവർക്കുവേണ്ടി ഫലപ്രദമായ എന്തെങ്കിലും പദ്ധതി ഇതിൽ പറഞ്ഞിട്ടുണ്ടോ; ഇപ്പോൾ പറയുന്നത്, വട്ടച്ചിട്ടി ഉണ്ടാക്കി അതിൽനിന്ന് ഒരംശം കിട്ടിയിട്ട്, അതിന്റെ അടിസ്ഥാനത്തിൽ കേരളം കെട്ടിപ്പടുക്കാമെന്നാണ്. 71,000 കോടി രൂപയാണ് ഒരു വർഷം പ്രവാസികൾ കേരളത്തിലേയ്ക്ക് അയയ്ക്കുന്നത്. അത്തരത്തിലുള്ള പ്രവാസികൾക്ക് ഫലപ്രദമായ എന്തെങ്കിലുമൊരു പദ്ധതി ആവിഷ്കരിക്കാൻ കഴിയുന്നുണ്ടോ; ഒരു പദ്ധതിയെക്കുറിച്ചും പറഞ്ഞിട്ടില്ല.

ജി.എസ്.ടി.-യിൽ നിന്ന് അധികവരുമാനം കിട്ടുമെന്ന് പറഞ്ഞു. ജി.എസ്.ടി. എഗ്രിമെന്റ് ഒപ്പിട്ടാൽ ജി.എസ്.ടി.-യിൽ നിന്ന് അധിക വരുമാനമുണ്ടാകുമെന്ന് എല്ലാവർക്കുമറിയാം. എന്നാൽ വരാൻപോകുന്ന ആ അധിക വരുമാനം ഏത് രൂപത്തിലാണ് ചെലവഴിക്കാൻ പോകുന്നതെന്നറിയണ്ടേ; അത് ഈ സഭയ്ക്ക് അറിയാനുള്ള അവകാശമില്ലേ? അതിനെ സംബന്ധിച്ചൊന്നും പറയുന്നില്ല. ഈ ബഡ്ജറ്റ് യാഥാർത്ഥ്യത്തിൽ നിന്നും വളരെ അകന്നുനിൽക്കുന്ന എന്നുള്ളതാണ് സത്യം.

സ്ത്രീ സുരക്ഷയെക്കുറിച്ച് പറഞ്ഞു. സ്ത്രീ സുരക്ഷ കേരളത്തിൽ തർക്ക വിഷയമാകാനുള്ള കാരണം അടുത്ത കാലത്തുണ്ടായ ചില സംഭവങ്ങളാണ്. കഴിഞ്ഞ എട്ട് മാസക്കാലമായി കേരളത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന നിഷ്ഠുര സംഭവങ്ങൾ കൊണ്ടാണ് കേരളത്തിലെ മാധ്യമങ്ങളും പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളും കേരളത്തെ സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുന്ന ജനങ്ങളും സ്ത്രീ സുരക്ഷയെക്കുറിച്ച് വിമർശിക്കുന്നത്. നമ്മുടെ കേരളം ഡിജിറ്റലാണ്. ഈ ഡിജിറ്റൽ കേരളത്തിൽ പുതിയൊരു സമീപനമെടുത്ത് സ്ത്രീ സുരക്ഷയ്ക്കു വേണ്ടിയുള്ള എന്ത് പദ്ധതിയാണ് ബഡ്ജറ്റിൽ വച്ചിട്ടുള്ളത്. 40,000 കോടി രൂപയെക്കുറിച്ചൊക്കെ പറയുമ്പോൾ സ്ത്രീ സുരക്ഷയെക്കുറിച്ച് ഡിജിറ്റൽ കേരളത്തിൽ എന്ത് പുതിയ പദ്ധതിയാണ് നടപ്പാക്കുന്നതെന്നതിനെ സംബന്ധിച്ച് കൃത്യമായി പറയേണ്ടതല്ലേ? അങ്ങനെ കാര്യമായൊന്നും പറഞ്ഞിട്ടില്ല.

ആറ് മാസത്തിനുള്ളിൽ പരിസ്ഥിതി സംബന്ധിച്ച് ഒരു ധവള പത്രമിറക്കുമെന്ന്

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞിരുന്നു. അതെവിടെയാണ്? ആറ് മാസം തികയാത്തതു കൊണ്ടാണോ; അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി ആരംഭിക്കുമെന്നാണ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞത്. നിങ്ങൾ അതിരപ്പിള്ളി പദ്ധതിക്ക് അനുകൂലമാണോ? ആണെങ്കിൽ ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങ് ഉത്തരം പറയൂ. അതിരപ്പിള്ളി പദ്ധതി നടപ്പാക്കുമെന്നു തന്നെയാണ് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി പറഞ്ഞിട്ടുള്ളത്. ഈ സർക്കാരിൽ കൂട്ടുകക്ഷികൾ തമ്മിൽ യോജിപ്പുണ്ടോ; ഒരു യോജിപ്പുമില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമവായത്തിൽ മാത്രമേ നടപ്പിലാക്കു എന്ന് ഇവിടെ ഉറപ്പു നൽകിയതാണ്. ഇതുസംബന്ധിച്ച് താങ്കളുടെ നിലപാടെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ചോദ്യം ചോദിച്ചതുകൊണ്ട് ഇപ്പോൾ വാദി പ്രതിയായി. ഞങ്ങളുടെ പരിപാടിയല്ലല്ലോ നിങ്ങൾ നടപ്പാക്കുന്നത്. നിങ്ങൾ നടപ്പാക്കുന്നത് നിങ്ങളുടെ പരിപാടിയല്ലേ. അതെന്താണ് എന്നുള്ളതല്ലേ എന്റെ ചോദ്യം. ഞങ്ങളുടെ പരിപാടി എന്താണെന്ന് പറയണമെങ്കിൽ ഞങ്ങളവിടെ എത്തണം. അതുവരെ ഞങ്ങൾ ഞങ്ങളുടെ പരിപാടിയുമായി ഇവിടെയിരിക്കും. അതവിടെ നിൽക്കട്ടെ. അതിരപ്പിള്ളി പദ്ധതി സംബന്ധിച്ച് നിങ്ങൾക്കെന്ത് യോജിപ്പാണുള്ളത്. എന്റെ സ്നേഹിതനാണ് ശ്രീ. കാനം രാജേന്ദ്രൻ. ഞങ്ങളൊരുമിച്ച് പഠിച്ചവരാണ്. ഈ കാര്യത്തിൽ അദ്ദേഹത്തെ കൺവിൻസ് ചെയ്യിക്കാൻ പറ്റുമോ; അദ്ദേഹത്തിനോട് ഈ കാര്യമൊന്ന് പറയാൻ പറ്റുമോ. പറ്റില്ല എന്നുള്ളത് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. നിങ്ങൾക്ക് ഇക്കാര്യത്തിൽ രണ്ടു നിലപാടാണുള്ളത്. നിങ്ങൾക്ക് ഇക്കാര്യത്തിലൊന്നും യോജിച്ച നിലപാടില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അതിരപ്പിള്ളി പദ്ധതിയെ സംബന്ധിച്ച് നിങ്ങൾക്കിടയിലും രണ്ട് നിലപാടല്ലേ ഉള്ളത്?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, യു.ഡി.എഫ്. കൂടി ചർച്ച ചെയ്ത ഒരു വിഷയമാണിത്. ഞാൻ അതിരപ്പിള്ളി സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കി ഓരോ പാർട്ടികൾക്കും കൊടുത്തു. ആ പാർട്ടികൾ ഉൾപ്പെടെ യു.ഡി.എഫ്. ഒരുമിച്ചിരുന്ന് ചർച്ച ചെയ്തു. പദ്ധതി വേണ്ട എന്നുതന്നെ ഞങ്ങൾ ഒരുമിച്ച് തീരുമാനിക്കുകയും ചെയ്തു.

ശ്രീ. എ. കെ. ബാലൻ: സർ, ഐ..എൻ.ടി.യു.സി. ഇന്നലെ പാസ്സാക്കിയ പ്രമേയത്തിൽ ആ പദ്ധതി വേണമെന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു കാരണവശാലും അതിരപ്പിള്ളി പദ്ധതി നടപ്പാക്കണ്ട എന്നുതന്നെയാണ് യു.ഡി.എഫ്. തീരുമാനം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിരപ്പിള്ളി പ്രശ്നം സംബന്ധിച്ച തർക്കം അവിടെ നിൽക്കട്ടെ. ഇവിടെ ബഡ്ജറ്റ് ചോർച്ചയെ സംബന്ധിച്ച് ചർച്ച വന്നപ്പോൾ ബഡ്ജറ്റ് ചോർന്നിട്ടില്ലെന്നും അതിലെ സാമ്പത്തികമായ ഭാഗങ്ങളൊന്നും പുറത്തുപോയിട്ടില്ലെന്നും പറഞ്ഞല്ലോ. ബോഷ് കമ്പനി ലിമിറ്റഡ്, ബാംഗ്ലൂർ ആണ് നെടുമ്പാശ്ശേരി എയർപോർട്ടിലെ സോളാർ പാനൽ ചെയ്തത്. കോൺട്രാക്റ്റെല്ലാം കറക്ടായിരുന്നു. നല്ല ഭംഗിയായി വർക്കും ചെയ്തു. അവർക്ക് വർക്ക്സ് കോൺട്രാക്ട് പതിനാലര ശതമാനമായിരുന്നു. അതിൽ ഡിസ്പ്യൂട്ടുണ്ട്. അതിനെക്കുറിച്ച് ഡോ. ടി. എം. തോമസ് ഐസക്കിനെതിരായി എനിക്ക് ആക്ഷേപമൊന്നുമില്ല. ആക്ഷേപമുണ്ടെങ്കിൽ ഞാൻ എഴുതിത്തരും. ഈ ഡിസ്പ്യൂട്ട് നിലനിൽക്കുമ്പോഴാണ് 2013 മുതൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി നമ്മൾ ആ ടാക്സ് വിത്ത്ഡ്രോ ചെയ്തതെന്നുള്ള യാഥാർത്ഥ്യം അങ്ങ് മറക്കാമോ; അതോടുകൂടി ഈ പതിനാലര ശതമാനം സംസ്ഥാന ഗവൺമെന്റിന് പോയി. അത് നമ്മുടെ ടാക്സ് ഡിപ്പാർട്ടുമെന്റ് തള്ളിക്കളഞ്ഞതാണ്. ഉത്തരവിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ആ ഉത്തരവിൽ പറയുന്നത് ശ്രീ ലാലപ്പൻ, ശ്രീ. സിയാവുദ്ദീൻ, ശ്രീ. ഗോപകുമാർ എന്നീ മൂന്നാളുകൾ ചേർന്നുള്ള, അവരുടെ അപ്പീൽ പെറ്റിഷൻ പരിശോധിച്ചിട്ട് അതിന്റെ അടിസ്ഥാനത്തിൽ തള്ളിക്കളഞ്ഞതാണെന്നാണ്. തള്ളിക്കളഞ്ഞതിനെ സംബന്ധിച്ച് ഞാൻ ആക്ഷേപമൊന്നും പറയുന്നില്ല. പക്ഷേ ഈ ഭാഗം ചോർന്നുപോയി എന്നുണ്ട്. ചോർച്ചയ്ക്കകത്ത് സാമ്പത്തിക ബാധ്യത ഒന്നുമില്ലേ, ഈ സംസ്ഥാനത്തിന് വല്ല നഷ്ടവുമുണ്ടായോ എന്ന് ചോദിച്ചുകൊണ്ടു പറയുന്നു സംസ്ഥാനത്തിന് നഷ്ടമുണ്ടായിട്ടുണ്ടെന്ന്. ആ ഭാഗം ചോർന്നുപോയിട്ടുണ്ട്. ചോർന്നുപോയി എന്നുള്ളതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഈ ബഡ്ജറ്റിന്റെ ചില രഹസ്യഭാഗങ്ങൾ ലീക്കേജുണ്ട് എന്നുള്ളത് അങ്ങ് ഓർക്കണമെന്ന് മാത്രമേ പറയുന്നുള്ളൂ. ഞാൻ അങ്ങയുടെ സൽബുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. ഞാൻ അതൊരു ആക്ഷേപമായിട്ട് പറയുന്നുമില്ല. പക്ഷേ ചോർന്നുപോയതിൽ മേൽപ്പറഞ്ഞ കാര്യവുമുണ്ട് എന്നുമാത്രം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇന്നലത്തെ ഒരു പ്രസംഗം ഞാൻ കേട്ടു. ഫാസിസ്റ്റുകളെ ഒറ്റയ്ക്ക് നേരിടാമെന്ന് ആരും കരുതേണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ശരിയാണ്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നാഷണൽ കൗൺസിൽ പാസ്സാക്കിയ ഒരു പ്രമേയം ഞാൻ വായിച്ചു. അതിൽ പറയുന്നത് ബിജെ.പി.-യെ എതിർക്കുന്നതിനുവേണ്ടി ബാക്കിയുള്ള ആളുകളുമായി ചേരണം. രണ്ട് മുഖ്യ ശത്രുവിനെ വച്ചുകൊണ്ട് ഒരു രാഷ്ട്രീയ പാർട്ടിക്ക് പോകാൻ പറ്റില്ല എന്നൊരു നിലപാട് അവരെടുത്തിട്ടുണ്ട്. അപ്പോൾ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് രണ്ട് മുഖ്യ ശത്രുക്കൾ

സാധ്യമല്ല. ഒരു ശത്രുവിനെ കാണണം. ഫാസിസ്റ്റിനെ കാണണം. അതുകൊണ്ട് ബി.ജെ.പി. വിരുദ്ധ ക്യാമ്പിൽ തന്നെ നിൽക്കണമെന്ന് ഭംഗ്യന്തരേണ അംഗീകരിച്ചുകൊണ്ടാണ് നിങ്ങളുടെ നാഷണൽ കൗൺസിലിന്റെ പ്രമേയം. അതേ സമയം ഒറ്റയ്ക്ക് ഫാസിസ്റ്റുകളെ നേരിടാൻ കഴിയില്ലെന്ന് മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞു. നിങ്ങൾ ഇത് പറയുമ്പോൾ ഫലത്തിൽ കേരളത്തിൽ ഫാസിസ്റ്റ് ശക്തികളെ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടിയാണെടുത്തുകൊണ്ടിരിക്കുന്നത്. ശ്രീ. എം. സ്വരാജ് ഇവിടെയുണ്ട്. അദ്ദേഹം ചീഫ് സെക്രട്ടറിക്ക് കൊടുത്ത കത്ത് ഞാൻ വായിച്ചു. ഇവിടെ ആളുകളെ ഭീഷണിപ്പെടുത്തുന്ന, ജനങ്ങളെ കൊല്ലുമെന്നു പറയുന്ന, തലയെടുക്കുമെന്നു പറയുന്ന ആളുകൾക്കെതിരെ സർക്കാർ കേസെടുക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. എം. എം. മണി കേസിൽ ഞങ്ങൾ ചെയ്തത് കറക്ടാണെന്ന് അങ്ങ് ഇപ്പോഴെങ്കിലും സമ്മതിച്ചതിൽ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. നമുക്ക് സമാധാനപരമായൊരു സാഹചര്യമാണ് വേണ്ടത്. ആ സമാധാനപരമായ സാഹചര്യത്തെ എതിർക്കുന്ന തിനുവേണ്ടി ആര് മുന്നോട്ടു വന്നാലും, ശ്രീ. എം. സ്വരാജിനെയും ഞങ്ങൾ സ്വാഗതം ചെയ്യാം, അവർക്കെതിരെ കേസെടുക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പക്ഷെ നിങ്ങൾ കേസെടുക്കുന്നില്ല. എന്തുകൊണ്ടാണ്; നിങ്ങൾ ഇവിടെ ബി.ജെ.പി.-യുടെ ഫാസിസ്റ്റ് നിലപാടിനെ ഭംഗ്യന്തരേണ സഹായിക്കുന്ന നിലപാടാണെടുക്കുന്നത്. ആ നിലപാടിൽ നിന്നും മാർക്സിസ്റ്റ് പാർട്ടിയിലെ നല്ലവർ പുറത്തു വരട്ടെ; അല്ലാത്തവർ അവിടെ നിൽക്കട്ടെ. ആ പാർട്ടിയിലെ നല്ല ആളുകൾ ഈ തെറ്റിനെതിരെ പ്രതികരിക്കാൻ വരണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതിന്റെ വെളിച്ചത്തിൽ ഒരൊറ്റ കാര്യം പറയാം. ഞങ്ങളും കൊന്നിട്ടുണ്ട് എന്നു പറഞ്ഞ ബഹുമാന്യനായ ശ്രീ. എം. എം. ഹസ്സന്റെ പേരിൽ അങ്ങേയ്ക്ക് കേസെടുക്കാൻ കഴിയാത്തത് ഈയവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്.

3.00 P.M]

ശ്രീ. ആർ. രാജേഷ് : സർ, ബഡ്ജറ്റിനെ പൂർണ്ണമായി അനുകൂലിക്കുന്നു. കേരള ചരിത്രത്തിലെ ഏറ്റവും മികച്ച ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബഡ്ജറ്റിന്റെ പ്രത്യേകത, ഹൃദയംകൊണ്ട് വിമർശിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ്. ശരീരംകൊണ്ടും വാക്കുകൾ കൊണ്ടും വിമർശനമുന്നയിക്കുന്നവർക്കുപോലും ഹൃദയം കൊണ്ട് ഈ ബഡ്ജറ്റിനെ വിമർശിക്കാൻ കഴിയില്ല. കേരളത്തിന്റെ പൂർണ്ണമായ വികസനത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട ഏറ്റവും ഉജ്ജ്വലമായൊരു ബഡ്ജറ്റാണിത്. ഇത് കേരളത്തിന്റെ ബഡ്ജറ്റാണ്. കേരളത്തിൽ കഴിഞ്ഞ കാലങ്ങളിൽ ബഡ്ജറ്റവതരിപ്പിക്കുമ്പോഴുള്ള സ്ഥിതിയെന്തായിരുന്നു? അതെല്ലാം ഏതെങ്കിലും

ചില പ്രത്യേക ജില്ലകളുടെ താൽപ്പര്യങ്ങൾ മാത്രമുണ്ടായിരുന്ന ബഡ്ജറ്റാണെങ്കിൽ, ഇപ്പോൾ ഏതെങ്കിലുമൊരു പ്രതിപക്ഷ അംഗത്തിന് അവരുടെ ജില്ലയ്ക്ക് പ്രത്യേകമായ പരിഗണന കിട്ടിയില്ലെന്നുള്ള വിമർശനമുന്നയിക്കേണ്ടിവന്നോ? ഇവിടെ എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും എന്റെ മണ്ഡലത്തിലും ഈ ബഡ്ജറ്റിന്റെ ഭാഗമായി അംഗീകാരം കിട്ടിയിട്ടുണ്ടെന്ന് പറഞ്ഞു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിനുവേണ്ടി തയ്യാറാക്കിയ ബഡ്ജറ്റാണിത്. സൂര്യനെ പാഴ്മുറം കൊണ്ടു തടുക്കാൻ ശ്രമിക്കുന്നതുപോലെയാണ് ചോർച്ചയെന്നൊക്കെ പറഞ്ഞ് ഈ ബഡ്ജറ്റിനെ വിമർശിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റ് ചോർന്നതുമായി ബന്ധപ്പെട്ട് വിമർശനമുന്നയിച്ചപ്പോൾ കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അന്ന് പറഞ്ഞത്, ഈ സഭാസമ്മേളനത്തിൽ ബഡ്ജറ്റ് രേഖകൾ ചോർന്നതായി പ്രതിപക്ഷം ആരോപണമുന്നയിച്ചിരിക്കുന്നു. ഇതുസംബന്ധിച്ച് സർക്കാർ വിശദമായ അന്വേഷണം നടത്തിവരികയാണ്. പ്രാഥമികമായ അന്വേഷണത്തിൽ ബഡ്ജറ്റ് രേഖകൾ ചോർന്നിട്ടില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളതെങ്കിലും കേരള സർക്കാരിന്റെ 2016-17-ലെ ഇടക്കാല സാമ്പത്തികരേഖയിലെ ഏതാനും പേജുകൾ കൈക്കലാക്കിയിരിക്കുന്നു എന്നാണ്. ആര് കൈക്കലാക്കി? അതീവ സുരക്ഷിതത്വമാണെന്ന് പറയുന്ന ഈ ബഡ്ജറ്റ് രേഖകൾ ആരാണ് കൈക്കലാക്കിയത്; ആരാണ് കൊടുത്തത്? സമാനമായ സംഭവങ്ങൾ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ടെന്ന് ഈയവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ ബഡ്ജറ്റിന്റെ ഭാഗമായ ഒരു രേഖയും ചോർന്നിട്ടില്ല. പത്രക്കാർക്കും മാധ്യമപ്രവർത്തകർക്കും നൽകുന്നതിനുള്ള ഹൈലൈറ്റ്സ്; അത് പുറത്തുപോയതു സംബന്ധിച്ച് അന്വേഷിക്കുമെന്ന് കേരളത്തിലെ മുഖ്യമന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്.

ബഡ്ജറ്റിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്നിലെ സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ട് വന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പിലെ മുദ്രാവാക്യം എല്ലാം ശരിയാക്കുമെന്നുള്ളതായിരുന്നു. എന്തുകൊണ്ടാണ് ഞങ്ങൾ അങ്ങനെയൊരു മുദ്രാവാക്യം വച്ചത്; എല്ലാം നിയമവിരുദ്ധമായി കൈകാര്യം ചെയ്യുന്ന ഒരു ഗവൺമെന്റ് കേരളം ഭരിക്കുമ്പോൾ, ആ കേരളത്തെ രക്ഷപ്പെടുത്തുവാനാണ് എല്ലാം ശരിയാക്കുമെന്ന മുദ്രാവാക്യം ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുവച്ചത്. യു.ഡി.എഫ്. സർക്കാരിന്റെ അവസാന കാലത്ത്, അവസാന ക്യാബിനറ്റ് എടുത്ത എല്ലാ തീരുമാനങ്ങളും നിയമ വിരുദ്ധമാണെന്ന നിലയിലേയ്ക്ക് സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ട് വന്നിരിക്കുകയാണ്. വരൾച്ചയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഇന്ന് ശ്രീ. ഷാഫി പറമ്പിൽ അടിയന്തര പ്രമേയം അവതരിപ്പിച്ചു. ഒരു ഗവൺമെന്റിന് സാദ്ധ്യമായത്, മനുഷ്യ സാദ്ധ്യമായതെല്ലാം ചെയ്യുമെന്ന് കേരള മുഖ്യമന്ത്രി നിയമസഭയിൽ

പ്രഖ്യാപിച്ചപ്പോൾ അതിനെ അംഗീകരിക്കാൻ യു.ഡി.എഫ്.-ന് കഴിഞ്ഞു. പക്ഷേ ഈ അടിയന്തര പ്രമേയം അവതരിപ്പിക്കാൻ നിങ്ങൾക്കെന്താണ് യോഗ്യത? കഴിഞ്ഞ അഞ്ച് വർഷക്കാലം ദുരന്തനിവാരണ പ്രവർത്തനങ്ങളിൽപ്പോലും കടുത്ത അനാസ്ഥയും അഴിമതിയും നടത്തിയ ഗവൺമെന്റായിരുന്നു യു.ഡി.എഫിന്റെ ഗവൺമെന്റെന്ന് സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ പറയുന്നു. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം വ്യാപകമായി ലംഘിക്കപ്പെട്ടു. വയലുകൾ, തണ്ണീർത്തടങ്ങൾ, ജലസ്രോതസ്സുകൾ എന്നിവ നിങ്ങൾക്കിഷ്ടമുള്ള ആളുകളുടെ പേരിൽ എഴുതിക്കൊടുത്തു. നികുതി സമാഹരണത്തിൽ ഗുരുതരമായ വീഴ്ചയുണ്ടായി, ബാർ ലൈസൻസ് അനുവദിച്ചതിൽ വൻക്രമക്കേടുണ്ടായി, ഹരിപ്പാട് മെഡിക്കൽ കോളേജിന് ഭൂമി അനുവദിച്ചതിൽ ചട്ട ലംഘനമുണ്ടായി, മെത്രാൻ കായൽ, നെൽവയൽ, റക്കിൻഡോ ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ഭൂമിയിൽ മാറ്റം വരുത്താൻ സർക്കാർ അനുമതി നൽകി. ഇതൊക്കെ സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ പറയുന്നതാണ്. സന്തോഷ് മാധവന് നിങ്ങൾ പറവൂരിൽ ഭൂമി കൊടുത്തു. ഈ നാടിന്റെ തണ്ണീർത്തടങ്ങൾ, നെൽവയലുകൾ, ജലസ്രോതസ്സുകൾ, കാർഷിക മേഖല തുടങ്ങിയവയെല്ലാം എഴുതി കൊടുത്ത് വരൾച്ചയുണ്ടാക്കി, ഈ ഭൂമി വിറ്റുതീർത്ത ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ കാലത്തെ യു.ഡി.എഫ്. ഗവൺമെന്റ്. ബിയർ-വൈൻ പാർലറുകൾ അനുവദിക്കുന്നതിൽ സുതാര്യത ഉറപ്പ് വരുത്തിയിരുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് പറഞ്ഞ് പോകുന്ന സി.ആന്റ് എ.ജി. റിപ്പോർട്ട് എടുത്തൊന്ന് വായിക്കണം. ഓഡിറ്റ് പാര തയ്യാറാക്കുന്നതിനുമുമ്പ് ഡ്രാഫ്റ്റ് പാര തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് അയയ്ക്കും. ഈ കാര്യത്തിനൊന്നും ഗവൺമെന്റ് മറുപടി കൊടുത്തിട്ടില്ല. ഹരിപ്പാട് മെഡിക്കൽ കോളേജ് സംബന്ധിച്ച് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചപ്പോൾ, 2016 സെപ്റ്റംബറിൽ താമസം കൂടാതെ വിവരങ്ങൾക്ക് മറുപടി നൽകാമെന്ന് പ്രസ്താവിച്ചു. 2016 ഒക്ടോബർ- ഇതുവരെ മറുപടി കൊടുത്തിട്ടില്ല എന്നാണ്. കോട്ടയം നഗരത്തിലെ മൊബിലിറ്റി ഹബ്ബിനെ കുറിച്ച് എഴുതിയിരിക്കുന്നത്, 2016 ജൂലൈ-നിർഗമന യോഗത്തിൽ ഈ കേസ് പരിശോധിക്കാമെന്ന് സർക്കാർ പ്രസ്താവിച്ചു; 2016 നവംബർ-കൂടുതൽ മറുപടിക്ക് പ്രതീക്ഷിക്കുന്നു. കോട്ടയത്തെ ഇടനാഴി സംബന്ധിച്ച കാര്യത്തിൽ പ്രത്യേക കേസ്സിന്മേലുള്ള ക്യാബിനറ്റ് തീരുമാനം ക്യാബിനറ്റ് ഉപസമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു. 2016 നവംബർ-ക്യാബിനറ്റ് ഉപസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടിയെടുക്കുന്നതാണ്. അതുപോലെതന്നെ മെത്രാൻ കായലിന്റെയും കടമക്കുടി പഞ്ചായത്തിന്റേയും സ്ഥിതി. മെഡിസിറ്റി-2016 മാർച്ചിൽ ഉത്തരവ് റദ്ദാക്കി. ഡ്രാഫ്റ്റ് പാരാ ഗവൺമെന്റിലേയ്ക്ക് കൊടുത്തപ്പോൾ ഗവൺമെന്റ് അതിന് മറുപടി കൊടുത്തിട്ടില്ല. ആ മറുപടി കൂടി നോക്കിമാത്രമേ

തീരുമാനമെടുക്കാൻ സാധിക്കൂ. നിങ്ങൾ മറുപടി കൊടുക്കാതിരുന്നിട്ട് ഇതിന്മേൽ ഞങ്ങളെ ആക്ഷേപിച്ചിട്ട് കാര്യമില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, സി. ആന്റ് എ.ജി. തയ്യാറാക്കിയിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച കാര്യമാണ് ബഹുമാന്യനായ ശ്രീ. ആർ. രാജേഷ് പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഡ്രാഫ്റ്റ് പാരാ നൽകിയതിന് മറുപടി കൊടുക്കാമെന്ന് പറഞ്ഞിട്ട് കൊടുത്തിട്ടില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, അങ്ങ് പറഞ്ഞ കാര്യങ്ങൾ നിങ്ങളുടെ സർക്കാരിന്റെ കാലത്ത് നടന്ന ക്രമക്കേടുകളായി സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. ഗവൺമെന്റ് ശരിയാണെന്നല്ല പറഞ്ഞിരിക്കുന്നത്. രണ്ട് കാര്യത്തിലും മറുപടി കൊടുക്കാൻ വൈകിയെന്ന ആക്ഷേപമാണ് അങ്ങ് ഉന്നയിക്കുന്നത്. ഇതൊരു ആക്ഷേപമല്ല. മറുപടിക്ക് പ്രസക്തിയില്ല. നാല് കാര്യങ്ങളും ചെയ്തിരിക്കുന്നത് ക്രമവിരുദ്ധമായിട്ടാണെന്ന് പറഞ്ഞിരിക്കുകയാണ്. 2016 മാർച്ച് മാസത്തിൽ ഉത്തരവ് റദ്ദാക്കിയെന്നാണ് അങ്ങ് പറയുന്നത്. വെറുതെ റദ്ദാക്കിയതല്ല, ശക്തമായ എതിർപ്പുവന്നപ്പോൾ ക്രമവിരുദ്ധമായ കാര്യങ്ങൾ നിങ്ങൾ റദ്ദാക്കി. അതിനകത്ത് എന്താണ് പ്രാധാന്യം; അതിൽ ഈ സർക്കാരിന് എന്താണ് പ്രത്യേകത?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇംഗ്ലീഷ് വെർഷനിൽ വേറെയാണ് വന്നിരിക്കുന്നത്. ഇവിടെ നിങ്ങൾ അതിന് മറുപടി കൊടുത്തിട്ടില്ല. ഇത് അതിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ളതാണ്.

ശ്രീ. ആർ. രാജേഷ് : സർ, സി. ആന്റ് എ. ജി. ഇക്കാര്യത്തിൽ വളരെ കൃത്യമായി ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. കോട്ടയത്തെ മൊബിലിറ്റി ഹബ്ബ്, മെത്രാൻ കായൽ, ഹരിപ്പാട് മെഡിക്കൽ കോളേജ് എന്നീ വിഷയങ്ങളിന്മേൽ തീരുമാനങ്ങളെടുത്ത ക്യാബിനറ്റ് തലവനായ അന്നത്തെ കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇത് പറയുമ്പോൾ അത്തരം ക്രമവിരുദ്ധമായ ഒരു കാര്യങ്ങളും ഞങ്ങൾ ചെയ്തിട്ടില്ലെന്ന് പറഞ്ഞിരുന്നെങ്കിൽ ഞാൻ അംഗീകരിക്കുമായിരുന്നു. ഇവിടെ അതല്ല പറഞ്ഞത്, ക്രമവിരുദ്ധമായി ഒരു കാര്യവും ചെയ്തിട്ടില്ലെന്ന് പറയുവാൻ അന്നത്തെ കേരള മുഖ്യമന്ത്രിക്ക് ആർജ്ജവമുണ്ടായില്ല; കേരളത്തിലെ ഗവൺമെന്റ് മറുപടി കൊടുത്തില്ലെന്ന് മാത്രമാണ് അദ്ദേഹം പറയുന്നത്. മറുപടി

കൊടുക്കുമ്പോൾ, അത് വളരെ സുതാര്യമായി ആ അഴിമതിയുടെ, ക്രമക്കേടിന്റെ, ചട്ടലംഘനത്തിന്റെ കഥകൾ കേരളീയ സമൂഹത്തിനുമുമ്പാകെ ബോദ്ധ്യപ്പെടുത്തും. അത് കാത്തിരിക്കുക, ഉപ്പുതിന്നവർ ആരായാലും വെള്ളം കുടിക്കും. എല്ലാ പഴയ കേസ്സുകളുടേയും വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല.

അത്തരത്തിലുള്ള ഒരു മോശപ്പെട്ട കാലത്തെക്കുറിച്ചാണ് ശ്രീ. എം. ടി. വാസുദേവൻ നായർ, അദ്ദേഹത്തിന്റെ 'രണ്ടാമൂഴം' എന്ന നോവലിൽ പറയുന്നത് യു.ഡി.എഫിന്റെ കഴിഞ്ഞ കാലത്തെക്കുറിച്ചാണോ എന്ന് അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. അദ്ദേഹം എഴുതിയതിൽ ആദ്യത്തെ പാരാഗ്രാഫ്, കടലിന് കറുത്ത നിറമായിരുന്നു. ഒരു കൊട്ടാരവും ഒരു മഹാനഗരവും വിഴുങ്ങിക്കഴിഞ്ഞിട്ടും വിശപ്പടങ്ങാത്തതുപോലെ അഴിമതിയുടെ തിരകൾ തലതല്ലി അലറുകയായിരുന്നു. പ്രളയം വിഴുങ്ങിയ, അഴിമതിയുടെ പ്രളയം വിഴുങ്ങിയതിന്റെയൊക്കെ ചവച്ചുതുപ്പിയ പ്രകൃതിയുടെ അവശിഷ്ടങ്ങൾ, ആയിരം മൃഗങ്ങളെ മേധം ചെയ്ത ഏതോ ബലിമണ്ഡപത്തിലെ ജീവൻ വെടിഞ്ഞ ശരീരങ്ങൾ നനഞ്ഞ മണലിൽ ചിതറിക്കിടക്കുകയാണ് എന്നാണ്. ആ കാലത്തെ മാറ്റാൻ എല്ലാം ശരിയാക്കും എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി, യു.ഡി.എഫ്. തകർത്ത കേരളത്തെ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികളാണ് ബഡ്ജറ്റിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നത്. ഇവിടെ ബഡ്ജറ്റിനകത്ത് സ്ത്രീ സുരക്ഷയ്ക്കുവേണ്ടി എന്തൊക്കെ ചെയ്തു എന്നാണ് ചോദിക്കുന്നത്; സ്ത്രീ സുരക്ഷയുടെ കാര്യം പറയാൻ നിങ്ങൾക്കെന്താണ് അവകാശം? രാമായണത്തിൽ ഒരു കഥയുണ്ട്, അത് ബഹുമാന്യയായ വീണാ ജോർജ്ജ് എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചു. എന്തുകൊണ്ടാണ് ഒരു യുവനടി ആക്രമിക്കപ്പെടുമ്പോൾ ഇവിടെ പരാതിപ്പെടാൻ തയ്യാറാകുന്നത്? ഒരു പരാതി ഉന്നയിച്ചാൽ അതിന് നടപടിയുണ്ടാകുമെന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ്. പരാതി പറയാൻ, ഞങ്ങൾക്ക് നേരെ അതിക്രമം നടന്നു എന്നു പറയാൻ സ്ത്രീകൾക്ക് ആർജ്ജവമുണ്ടാകുന്നു. ആ കരുത്താണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഇവിടെ കഴിഞ്ഞ 9 മാസക്കാലമായി പകർന്നുകൊടുത്തിട്ടുള്ളത്. രാമായണത്തിൽ പറയുന്നത്, രാമനും ലക്ഷ്മണനും കൂടി നടന്നു പോകുകയാണ്. അവർ ഒരുപാട് ദൂരം നടന്നു. അതിനിടയ്ക്ക് അവർക്ക് ക്ഷീണമുണ്ടാകുകയും ക്ഷീണം കാരണം വിശ്രമിക്കുകയും

ചെയ്തു. അങ്ങനെ വിശ്രമിക്കുമ്പോൾ രാമൻ അദ്ദേഹത്തിന്റെ വില്ല് അവിടെ കുത്തിനിർത്തി. കുറേ മണിക്കൂർ വിശ്രമിച്ചശേഷം രാമൻ എഴുന്നേറ്റ് ആ വില്ല് ഊരുമ്പോൾ അതിന്റെ ഏറ്റവും അടിയിൽ ഒരു തവളയെ കണ്ടു. ആ തവളയോട് രാമൻ ചോദിച്ചു, നിനക്ക് ഒന്നു പറയാമായിരുന്നില്ലേ? അപ്പോൾ തവള പറഞ്ഞത്, എന്റെ ചെറിയ പ്രായത്തിൽ അമ്മയും അച്ഛനും എന്നോട് പറയാറുണ്ട്, നിനക്ക് ആപത്ത് വരുമ്പോൾ നീ ദൈവത്തെ വിളിക്കണമെന്ന്. പക്ഷേ ഇവിടെ ഒരു ദൈവം എന്റെ ശിരസ്സിലേയ്ക്ക് വില്ല് കുത്തിയിറക്കുമ്പോൾ ഞാൻ ആരെയാണ് വിളിച്ചു കരയേണ്ടതെന്നാണ് തവള ചോദിച്ചത്. നിങ്ങളുടെ പാർട്ടി ഓഫീസിനകത്ത് രാധ കൊല ചെയ്യപ്പെട്ടപ്പോൾ, ഇവിടെ ഭരിച്ചിരുന്ന കോൺഗ്രസ്സ് പാർട്ടിയുടെ പാർട്ടി ഓഫീസായിരുന്നു അതെന്ന് തിരിച്ചറിയാൻ കോൺഗ്രസ്സ് പാർട്ടി തയ്യാറാകണം. ഒരു മന്ത്രിയുടെ ഓഫീസിനകത്താണ് അത് നടന്നത്. എങ്ങനെയാണ് സ്ത്രീകൾ പരാതി പറയുക? ഇവിടെ സ്ത്രീ സുരക്ഷയ്ക്കായി എന്തൊക്കെയുണ്ടെന്ന് ചോദിച്ചു, പിങ്ക് പട്രോൾ റൂമുകൾ, സ്വയം പ്രതിരോധ പരിശീലനം-12 കോടി രൂപ; സ്ത്രീകൾക്കെതിരായ അതിക്രമം തടയുന്നതിന്റെ ഭാഗമായ ബോധവൽക്കരണം - 34 കോടി രൂപ; ഷെൽട്ടർ ഹോംസ്, ഷോർട്ട് സ്റ്റേ ഹോംസ്, വൺ സ്റ്റെപ്പ് ക്രൈസിസ് സെന്റർ - 19.5 കോടി രൂപ; വനിതാ ബറ്റാലിയൻ- 50 ശതമാനത്തിലേയ്ക്ക് മാറ്റാൻ പോകുന്നു; താലൂക്കുതല വനിതാ സ്റ്റേഷൻ; ഇതൊക്കെ ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേൾക്കണം. എന്തായിരുന്നു സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് ഇടതുപക്ഷത്തിന്റെ ബഡ്ജറ്റിലുള്ളതെന്നാണ് അങ്ങ് ചോദിച്ചത്. വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്തുതല സന്ദർശനം, ലൈംഗിക അതിക്രമം നടത്തുന്നവരെയും സ്ഥിരം കേസ്സിലുണ്ടായിരുന്നവരെയും പബ്ലിക് രജിസ്റ്ററിലേയ്ക്ക് മാറ്റാൻ തീരുമാനിക്കുന്നു. ഇരകൾക്ക് എത്രയും പെട്ടെന്ന് സംരക്ഷണം കൊടുക്കാൻ - 5 കോടി രൂപ; വിദ്യാഭ്യാസ മേഖലയിൽ 141 സ്കൂളുകൾ പ്രതിപക്ഷ - ഭരണപക്ഷ വ്യത്യാസമില്ലാതെ കൊടുക്കാൻ തീരുമാനിച്ചു; 217 സ്കൂളുകൾക്ക് 3 കോടി രൂപ വീതം അനുവദിച്ചു. ബഹുമാന്യനായ മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രസംഗിച്ചപ്പോൾ പഴയ ഒരു സിനിമയിലെ ഡയലോഗാണ് ഞങ്ങൾക്ക് ഓർമ്മ വന്നത്. ഒന്നുകൂടി ഒച്ചയുണ്ടാക്കിയിരുന്നെങ്കിൽ, ഒന്നുകൂടി ഉറക്കെ പറഞ്ഞിരുന്നെങ്കിൽ എന്നതുപോലെ

അദ്ദേഹം പറയുകയാണ്, ഈ സ്കൂളുകളുടെ പേരെല്ലാം എന്തിനാണ് ബഡ്ജറ്റിനകത്ത് എഴുതി വച്ച് ഇത്തരത്തിൽ വിശാലമാക്കുന്നതെന്ന്. നിങ്ങളുടെ കാലത്തല്ല, ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് ഭരണപക്ഷ - പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലേയും ഓരോ സ്കൂൾ മികവിന്റെ കേന്ദ്രങ്ങളാക്കാൻ 5 കോടി രൂപ കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. 1000 കുട്ടികൾക്ക് മുകളിലുള്ള വിദ്യാലയങ്ങൾക്ക് 3 കോടി രൂപ കൊടുക്കാൻ തീരുമാനിക്കുകയാണ്. ഈ കാലത്ത് ഇടതുപക്ഷമാണ് ശരി. കയറിനും കശുവണ്ടിക്കും ടൂറിസത്തിനും ഐ.ടി.-ക്കും പ്രത്യേക പാക്കേജ് ഏർപ്പെടുത്തി. ഐ.ടി. മേഖലയ്ക്ക് 549 കോടി രൂപ അടങ്കൽ പ്രഖ്യാപിച്ചു. സമസ്ത മേഖലകളിലും ഒ.ഡി.എഫ്. പ്രഖ്യാപിക്കുന്ന സ്റ്റേറ്റായി കേരളത്തെ മാറ്റി. ഒരു ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി കൊടുത്ത, സമ്പൂർണ്ണമായി വൈദ്യുതീകരിച്ച സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ ഇടതുപക്ഷ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ആർ.എസ്.എസ്സ്.-നെതിരെ പ്രസംഗിക്കാൻ പോകുമ്പോൾ നിങ്ങളുടെ പഴയ മുഖ്യമന്ത്രി എന്തുകൊണ്ട് തടയുന്നില്ല; മതേതര നിലപാട് സ്വീകരിക്കാൻ ഇടതുപക്ഷത്തെ ഒഴിവാക്കിക്കൊണ്ട് കഴിയില്ലായെന്ന് കേരളത്തിൽനിന്നും അഖിലേന്ത്യാ നേതാവാകാൻ പോകുന്ന കുഞ്ഞാലിക്കുട്ടി സാഹിബിനുതന്നെ പറയേണ്ടിവരുന്നു. ആഗോളീകരണത്തിന്റെ കുത്തകകൾക്കെതിരെ, മുതലാളിത്തത്തിനെതിരെ, ആ മുതലാളിത്തത്തിന്റെ തീഷ്ണമായ കരങ്ങൾക്കെതിരെ, വർഗ്ഗീയതയ്ക്കെതിരെ, നിലപാട് സ്വീകരിക്കാൻ കഴിയുന്നത് ഇടതുപക്ഷത്തിനാണ്. അതുകൊണ്ടാണ് കേരളത്തിലെ മുഖ്യമന്ത്രി കേരളത്തിന് പുറത്തേയ്ക്ക് പോകുമ്പോൾ വർഗ്ഗീയവാദികൾ തടയാൻ ശ്രമിക്കുന്നത്. പക്ഷെ ഒരു വർഗ്ഗീയവാദികൾക്കും തടയാൻ കഴിയുന്നതല്ല കേരളത്തിലെ ഇടതുപക്ഷത്തേയും ഇടതുപക്ഷക്കരുത്തിനെയും. ഇടതുപക്ഷം കൂടുതൽ കരുത്തോടുകൂടി എല്ലാ മേഖലകളേയും സ്പർശിക്കുന്ന സാധാരണ മനുഷ്യന്റെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനായി മുന്നോട്ടുപോകുകയാണ്.

പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് കിട്ടാനുള്ള പണം ലഭ്യമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഓർഡർ......ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് 8-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.16-ന് പിരിഞ്ഞു.)

**അനുബന്ധം**

(അംഗപരിമിത സൗഹൃദ സംസ്ഥാനം സംബന്ധിച്ച നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 151-ന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നൽകിയ മറുപടിയിൽ സഭയുടെ മേശപ്പുറത്തുവച്ച ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.)

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 'അനുയാത്ര ക്യാമ്പയിൻ' എന്ന പേരിൽ സമഗ്രമായ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അംഗപരിമിതികൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ മുതൽ ഇവരുടെ സുസ്ഥിരമായ പുനരധിവാസം വരെയുള്ള ഒരു ജീവചക്ര സമീപനമാണ് അനുയാത്രാ പദ്ധതിയിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. സാമൂഹ്യനീതി വകുപ്പ് മറ്റ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാവും അനുയാത്രാ ക്യാമ്പയിൻ നടപ്പാക്കുന്നത്. ഈ രംഗത്ത് പ്രവർത്തിക്കുന്ന NISH, NIPMR, IMHANS, CDC, KSHPWC തുടങ്ങിയ സ്ഥാപനങ്ങൾ, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ എന്നിവയുടെയും ക്രിയാത്മകമായ പങ്കാളിത്തം അനുയാത്രാ പദ്ധതി നടത്തിപ്പിൽ ലഭ്യമാക്കുന്നതാണ്. Rights of Persons with Disabilities Act 2016-ന്റെ കീഴിൽ വരുന്ന വൈകല്യങ്ങൾകൂടി ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് അനുയാത്രാ ക്യാമ്പയിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിന്റെ ആദ്യപടിയായി കണ്ണൂർ ജില്ലയിലെ എല്ലാ പൊതുകെട്ടിടങ്ങളും ഭിന്നശേഷിക്കാർക്ക് അനായാസം ഉപയോഗിക്കാവുന്ന തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുകയും സംസ്ഥാനത്തെ ആദ്യ അംഗപരിമിത സൗഹൃദ ജില്ലയായി കണ്ണൂരിനെ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. വയനാട്, കോഴിക്കോട് എന്നീ ജില്ലകളിലെ പൊതു കെട്ടിടങ്ങൾ ബാരിയർ ഫ്രീ ആക്കുന്നതിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 40 എ, കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVIII എന്നിവയിൽ, അംഗപരിമിതരായ വ്യക്തികൾക്കായുള്ള പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന എല്ലാ സർക്കാർ കെട്ടിടങ്ങളിലും റാമ്പുകൾ, ടോയ്‌ലെറ്റുകൾ, പാർക്കിംഗ് സൗകര്യങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്. കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഇതനുസരിച്ച് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യവകുപ്പ് വഴി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. സ്ട്രെംഗ്തനിംഗ് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ യൂണിറ്റ്
2. സ്ട്രെംഗ്തനിംഗ് ഓഫ് ലിംബ് ഫിറ്റിംഗ് സെന്റർ
3. ചലനവൈകല്യമുള്ളവരുടെ ക്ഷേമനിധി സൊസൈറ്റി.
4. എൻ.എച്ച്.എം. മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതിയായ ആർ.ബി.എസ്.കെ.
5. ജില്ലാതലത്തിൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ
6. നാഷണൽ പ്രോഗ്രാം ഫോർ പ്രിവെൻഷൻ ഓഫ് ഡെഫ്നെസ്സ്
7. നാഷണൽ ബ്ലൈന്റ്നെസ് കൺട്രോൾ പ്രോഗ്രാം
8. നാഷണൽ ലെപ്രസി കൺട്രോൾ പ്രോഗ്രാം.

ഡബ്ല്യൂ.എസ്.എൽ.ഡി. (വെൽഫെയർ സൊസൈറ്റി ഫോർ ലോകോമോട്ടോർ ഡിസീസസ്) മുഖാന്തരം ജില്ലാതലത്തിൽ അംഗപരിമിതരുടെ ക്ഷേമത്തിനായി ക്യാമ്പുകൾ നടത്തുകയും അവർക്ക് ആവശ്യമായ കൃത്രിമ ഉപകരണങ്ങൾ വികലാംഗക്ഷേമ കോർപ്പറേഷൻ വഴി വിതരണം നടത്തിവരികയും ചെയ്യുന്നു.

(ബി) അനുയാത്രാ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം

   സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും അടുത്ത ഒരു വർഷത്തിനുള്ളിൽ സവിശേഷ തിരിച്ചറിയൽ കാർഡ് (Unique ID for Persons with Disabilities-UDID) നൽകുന്നതാണ്. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ്വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈനായാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ്വെയർ മുഖാന്തിരം ലഭ്യമാക്കുന്നതാണ്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനത്തിന് 5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതാണ്. ആദ്യ ഘട്ടമായി കേന്ദ്രഗവൺമെന്റ് നടപ്പാക്കുന്ന ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഈ വർഷം ദാരിദ്ര്യരേഖയ്ക്ക് താഴയുള്ള ഒരു ലക്ഷം പേരുടെ ഗുണഭോക്തൃവിഹിതം ഗവൺമെന്റ് അടയ്ക്കുന്നതാണ്. ഇതിനായി 3.57 കോടി രൂപ ചെലവഴിക്കുന്നതാണ്. തുടർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ ഇൻഷ്വറൻസ് പദ്ധതി കളുമായി ബന്ധപ്പെടുത്തി അർഹരായ മുഴുവൻ അംഗപരിമിതർക്കും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതാണ്.

3. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

അംഗപരിമിതികൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കും. ജന്മനായുള്ള വൈകല്യങ്ങൾക്ക് കാരണമാവുന്ന അവസ്ഥകളെ സംബന്ധിച്ചും വൈകല്യങ്ങൾക്ക് കാരണമായേക്കാവുന്ന ഘടകങ്ങളായ (Determinants of Disabilities) അനീമിയ, ചെറിയ പ്രായത്തിലുള്ള വിവാഹങ്ങൾ, താമസിച്ചുണ്ടാകുന്ന ഗർഭധാരണം, അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹം തുടങ്ങിയവയെ സംബന്ധിച്ചും പൊതുസമൂഹത്തിനായി ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കും. ഇതോടൊപ്പം വൈകല്യപ്രതിരോധത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള വിവാഹപൂർവ്വ കൗൺസിലിംഗുകൾ സാർവ്വത്രികമാക്കാനുള്ള പ്രവർത്തനങ്ങളും അനുയാത്ര പദ്ധതിയുടെ ഭാഗമായി ആരംഭിക്കും. ഗർഭധാരണ സമയം മുതൽ പ്രസവാനന്തരം വരെയുള്ള പരിചരണങ്ങൾ നൽകുമ്പോൾ വൈകല്യ പ്രതിരോധത്തിന് ഊന്നൽ നൽകുന്ന സമീപനം സ്വീകരിക്കാൻവേണ്ട നടപടികളും നടപ്പാക്കും. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, ആശാ വർക്കർമാർ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയായിരിക്കും ഈ പ്രവർത്തനങ്ങൾ നടപ്പാക്കുക. അപകടങ്ങൾമൂലമുണ്ടാകുന്ന ആർജ്ജിത വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കുന്നതാണ്. കൂടാതെ വൈകല്യപ്രതിരോധങ്ങളുടെ ഭാഗമായി എം.എം.ആർ. റൂബെല്ലാ രോഗങ്ങൾ പ്രതിരോധിക്കുന്നതിനുള്ള വാക്സിനുകൾ സൗജന്യമായി ലഭ്യമാക്കും.

4. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പൂർത്തീകരിക്കുന്നതാണ്. ഇതിനാവശ്യമായ സ്ഥലം ആരോഗ്യവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിലും നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കെട്ടിടനിർമ്മാണത്തിനായി 42 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

5. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം

പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതാണ്. ഈ സ്ഥാപനങ്ങൾക്ക് അധികമായി വേണ്ടിവരുന്ന ഉപകരണങ്ങൾ, ജീവനക്കാർ, പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കും. ഇതിനായി 20 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിലെത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലുള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിലാവും ഈ പദ്ധതിയുടെ ആദ്യഘട്ടം നടപ്പാക്കുക. ഇതിനായി പ്രതിവർഷം 5 കോടി രൂപ ചെലവ് വരും.

7. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ

പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലകളിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ആദ്യ യൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലാരംഭിക്കും. ഇതിനായി 19 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

8. സ്പെഷ്യൽ അംഗനവാടികൾ

പ്രീ-സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടുകൂടിയ സ്പെഷ്യൽ അംഗനവാടികൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതാണ്.

9. പ്രോജക്ട് ഓട്ടിസം

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും അനുബന്ധ സേവനങ്ങളും  ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതാണ്. ഈ കേന്ദ്രങ്ങളുടെ നടത്തിപ്പിന് പ്രതിവർഷം 2.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

10. കാതോരം

കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി സമഗ്ര ജീവചക്ര സമീപനം സ്വീകരിക്കുന്നതാണ്. ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കും. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ദ്ധ പരിശോധനയിലൂടെ കേൾവിവൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കും. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ദ്ധ വൈദ്യ സഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കും. ഒരു മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നതാണ്.  ഇതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന 'ശ്രുതിതരംഗം'

പദ്ധതി കാതോരവുമായി സംയോജിപ്പിക്കുന്നതാണ്. കോക്ലിയാർ ഇംപ്ലാന്റേഷനുശേഷമുള്ള പോസ്റ്റ് റീഹാബിലിറ്റേഷൻ തെറാപ്പികൾ NISH, മെഡിക്കൽ കോളേജുകൾ എന്നിവയിലൂടെ ലഭ്യമാക്കി കുഞ്ഞുങ്ങളുടെ ശ്രവണവൈകല്യം ഒഴിവാക്കുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഇതിനായി പ്രതിവർഷം 12 കോടി രൂപ പ്രതീക്ഷിക്കുന്നു.

11. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)

അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 28,000-ത്തോളം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുണ്ടെന്നാണ് കണക്ക്. 1000 കുട്ടികൾക്ക് ഒരു മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ എന്ന നിലയിൽ ഒരു ജില്ലയിൽ 2 വീതം 28 സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഒരു കേന്ദ്രത്തിന് ഏകദേശം 3.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആദ്യഘട്ടമായി എല്ലാ ജില്ലകളിലും ഓരോ കേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

12. ഹെൽപ്പ് ഡെസ്ക്

അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഫയൽ ഫോളോ അപ് ഉൾപ്പെടെയുള്ള ഇവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള പരാതി പരിഹാര സംവിധാനമായി പ്രവർത്തിക്കുന്നതിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതാണ്. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ഇതേ കേന്ദ്രത്തിലും ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ ഈ ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതിന് 34 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

13. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കി ശാക്തീകരിക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായം സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനും ലഭ്യമാക്കും.

14. കറക്ഷൻ സർജറികൾ

അംഗപരിമിതികൾ മറികടക്കാൻ ആവശ്യമായി വരുന്ന കറക്ഷൻ സർജറികൾ മെഡിക്കൽ കോളേജുകളുമായും ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുമായും സഹകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

15. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ്

മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗപരിമിതരോട് ആർദ്രതാ മനോഭാവം വളർത്തിയെടുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി 'സ്റ്റുഡന്റ് ഇനിഷ്യേറ്റീവ്' എന്ന പേരിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഈ വർഷം തന്നെ ഈ പദ്ധതി ആരംഭിക്കുന്നതാണ്.

16. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങളും അനുയാത്രയുടെ ഭാഗമായി നടത്തുന്നതാണ്.

17. വ്യക്തിഗത പരിപാലന പ്ലാൻ

അംഗപരിമിതർക്ക് ആവശ്യമായ വ്യക്തിഗത സേവനങ്ങൾ ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കുന്നതിനും (Individual Care Plan) അതനുസരിച്ച് സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കും.

18. ദേശീയ ശില്പശാല

അംഗപരിമിത മേഖലയിൽ ദേശീയതലത്തിൽ നടക്കുന്ന നൂതന മാതൃകകളും പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനും ദേശീയതലത്തിലുള്ള വിദഗ്ധ സ്ഥാപനങ്ങളുടെ സേവനങ്ങൾ സംസ്ഥാനത്തിന് ലഭ്യമാ

ക്കുന്നതിന് ഈ മേഖലയിൽ നടപ്പാക്കേണ്ട നൂതന ഇടപെടലുകൾ കണ്ടെത്തുന്നതിനുമായി ഒരു ദേശീയ ശില്പശാല 2017 ആഗസ്റ്റ് മാസം സംഘടിപ്പിക്കും.

19. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ധ കേന്ദ്രം

അംഗപരിമിതർക്കായി തൊഴിൽ പരിശീലനങ്ങൾ, ഇവർക്കനുയോജ്യമായ സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയുള്ള Assistive Device-കൾ തുടങ്ങിയവ WHO മാനദണ്ഡങ്ങൾപ്രകാരം ലഭ്യമാക്കുന്നതിനായി ഒരു വിദഗ്ധ കേന്ദ്രം അനുയാത്രാ ക്യാമ്പയിനിന്റെ ഭാഗമായി സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

20. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ

അനുയാത്രാ പദ്ധതി പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ, ബോധവത്ക്കരണ പരിപാടികൾ എന്നിവ നടപ്പാക്കും. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മാജിക് പരിശീലനം നൽകി ഇവരെ അനുയാത്രാ പദ്ധതി പ്രവർത്തനങ്ങളുടെ പ്രചാരകരായി (Ambassadors) മാറ്റാനുള്ള പരിശീലന പരിപാടി (എം പവർ) മാജിക് അക്കാദമിയുമായി സഹകരിച്ച് ആരംഭിച്ചിട്ടുണ്ട്. 2017 ജൂൺ മാസത്തിൽ ഇവരുടെ പരിശീലനം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.